# വിശാല കേരളം



# ASOKA WITH IRON.

## A BOON TO WOMEN FOLK.

Many a modest women put their lives to endless torture due to uterous complaints. Their vanity does not allow them to speak out why they suffer and how they suffer. Our "**ASOKA WITH IRON**" is an infallible remedy and lead them from worry to blessedness.

Sisters, do you suffer from irregular, painful, scanty or




excessive menstruation, suppression of monthly flow or Leucorrhœa with a host of other ailments? Our **'ASOKA WITH IRON'** juveniles your uterous and *REMOVES ALL OBSTRUCTIONS TO CONCEPTION* and induces healthy and vigorous births.

*Directions:- half to one ounce twice daily after meals.*

**THE**

**SWARAJYA MEDICAL HALL**

"അശോകാ വിത്ത് അയൺ"

**Dr. K. AIYAPPAN. L. R. C. H. P.**

**KUTHIATHODE.**

പരിഷ്കൃതകളായ സ്ത്രീകൾപോലും, അഭിമാനഭീക്ഷ മൂലം, ഉല്പാദനേന്ദ്രിയങ്ങളെ സാരമായി ബാധിക്കാറുള്ളതും, തന്മൂലം ഭാവിലോകത്തിന്റെ സൗഭാഗ്യത്തെ കളങ്കപ്പെടുത്തുന്നതുമായ ഗുഹ്യരോഗങ്ങൾ അവൎക്കുണ്ടെന്നു് മററുള്ളവരെ ധരിപ്പിക്കാറില്ലെന്നുള്ളതു് ആരുടേയും അനുകമ്പയെ അർഹിക്കുന്ന ഒരു പരമാൎത്ഥം മാത്രമാണ്.

അസ്ഥിസ്രാവം, മൂത്രച്ചുടിച്ചിൽ, ക്രമംതെററിയുള്ള ആൎത്തവം, ആൎത്തവകാലത്തു് വളരെക്കുറച്ചുമാത്രം രക്തം പോകുക, ചിലൎക്കു വളരെ കൂടുതൽ രക്തം സ്രവിക്കുക, വയററിൽ മുഴച്ചു കയററം, എരിച്ചിൽ, സംഭ്രമം ആദിയായ ദണ്ഡങ്ങൾ ഗുഹ്യരോഗത്തിന്റെ പരിണതഫലങ്ങളാണ്.

സൗഭാഗ്യദേവത പ്രസാദിച്ച ഗൃഹലക്ഷ്മിമാരെ വേണമെന്നാഗ്രഹിക്കുന്ന ഭൎത്താക്കന്മാർ ഞങ്ങളുടെ 'അശോകാ വിത്ത് അയൺ' ഒരു കുപ്പി വാങ്ങി നിങ്ങളുടെ ഭാൎയ്യമാൎക്കു കൊടുത്തു പരീക്ഷിച്ചുനോക്കുക. മേൽവിവരിച്ച രോഗങ്ങൾക്കു് ഉടനടി ഫലം സിദ്ധിക്കുമെന്നു മാത്രമല്ല, അതു് നിങ്ങളുടെ കുഡുംബത്തിനൊരു രക്ഷാകവചമായിരിക്കുകയും ചെയ്യും.

16 ഔൺസ് കുപ്പി 1-ക്കു് രൂ. 1—4—0 മാത്രം.

അപേക്ഷിക്കേണ്ടും മേൽവിലാസം:—

ഡാക്ടർ, കെ. അയ്യപ്പൻ *L. R. C. H. P.*

ദി സ്വരാജ്യ മെഡിക്കൽ ഹാൾ,

കുത്ത്യതോട്ട് A. O. & P. O.

തിരുവിതാംകൂർ.

with the best Compliments from the Edi[tor]
To, Mr. Kannan Janardhanan. Publis[her]

# വിശാലകേരളം

# VISALAKERALAM.

തുറവൂർ ലക്ഷ്മീനൃസിംഹവിലാസം വായനശാലയുടെ
ദശാബ്ദജൂബിലിസ്മാരകമായി
പ്രസിദ്ധപ്പെടുത്തുന്നത്.

## 1937 — 1113.

*"Learning is an addition beyond*
*Nobility of birth; honour of blood*
*Without the ornament of knowledge is*
*A glorious ignorance"*

J. SHIRLEY.




ശ്രീലക്ഷ്മീനൃസിംഹവിലാസം വായനശാല തുറവൂർ.

PUBLISHED BY:-
P. K. NEELAKANDA PANICKER,
PRESIDENT,
The Lekshmeenrusimha Vilasam Library & Reading Room,
THURAVOOR.

PRINTED AT THE S. G. PRESS, PARUR.

Price Re. 1. — വില ക. 1.

with the kind compliments from the Publisher
to Mr. Kesavan ...



Shertallay Taluk Co-operative Bank Building.

# പ്രസ്താവന.

തുറവൂർ ലക്ഷ്മീനൃസിംഹവിലാസം വായനശാലയുടെ പ്രസിദ്ധിയും അഭിവൃദ്ധിയും ലക്ഷ്യമാക്കി, 112 മകരം 24-ാംനു-യിലെ ദശാബ്ദജൂബിലി സ്മാരകമായി, കേരളത്തിലെ കേൾവികേട്ട പല സാഹിത്യകാരന്മാരുടേയും ഗദ്യപദ്യലേഖനങ്ങൾ ചേർത്ത് ഒരു വിശിഷ്ടഗ്രന്ഥം പ്രസിദ്ധീകരിക്കണമെന്നുള്ള ഞങ്ങളുടെ വിനീതമായ അഭിലാഷത്തിന്റെ ഫലമാണ് ഈ "വിശാലകേരളം." ഈ നവീനപരിശ്രമത്തിൽ വരാവുന്ന വിഷമതകൾ ഭയന്ന് ഈ സംരംഭത്തിൽനിന്നു പിന്തിരിയുവാനുള്ള ആലോചനാമദ്ധ്യേ എഴുപുന്ന, മംഗലമററത്തു പാറായിൽ ശ്രീമാൻ വി. ഉമ്മീസുതരകൻ അവർകൾ ബി. എ. ഉദാരമായ സഹായസഹകരണങ്ങൾ വാഗ്ദാനം ചെയ്തു ഞങ്ങളെ പ്രോത്സാഹിപ്പിച്ചില്ലെങ്കിൽ ഈ പ്രസിദ്ധീകരണം ഇപ്പോൾ പുറപ്പെടുവിക്കുവാൻ സാധിക്കുമായിരുന്നില്ല. ലേഖനങ്ങൾ ശേഖരിക്കുക, അവ പരിശോധിക്കുക, അച്ചടിപ്പിക്കുക തുടങ്ങി ഈ "വിശാലകേരള"ത്തിന്റെ മിക്ക ചുമതലകളും സ്വയം നിർവ്വഹിച്ചിട്ടുള്ളതു്, ശ്രീമാൻ ഉമ്മീസുതരകനവർകളാണെന്നു പ്രസ്താവിക്കുന്നതു് കേവലം പരമാർത്ഥം മാത്രമാകുന്നു. അദ്ദേഹത്തോടു ഞങ്ങൾക്കുള്ള കൃതജ്ഞത സീമാതീതമാണ്.

ഈ പ്രസിദ്ധീകരണത്തിന് കഴിവുള്ളിടത്തോളം നല്ല ലേഖനങ്ങൾ ലഭിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുകയും, അതിന്നുവേണ്ടി യത്നിക്കുകയും ചെയ്തു. അവ എത്രത്തോളം ഫലപ്രദമായിട്ടുണ്ടെന്നു നിർണ്ണയിക്കുവാനുള്ള ചുമതല ഉദാരമതികളായ വായനക്കാർക്കാണുള്ളതു്. ഈദൃശപ്രസിദ്ധീകരണങ്ങൾ സമർത്ഥമായും മനോഹരമായും യഥാകാലം സാധിക്കുന്നതിന് അനുകൂലമായ പല പരിതഃസ്ഥിതികളും അത്യന്താപേക്ഷിതമാണെന്ന് ഞങ്ങൾക്കു പഠിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും ഉൽകൃഷ്ടവും നിസ്വാർത്ഥവുമായ ഈ പരിശ്രമത്തിൽ—അതർഹിക്കുന്ന വിധം പൊതുജനങ്ങളിൽ നിന്നും ആത്മാർത്ഥമായ സഹായം ഞങ്ങൾ ആഗ്രഹിക്കുകയും പ്രതീക്ഷിക്കുകയും ചെയ്തുകൊള്ളുന്നു.

എല്ലാവിധ അഭിവൃദ്ധിയുടേയും നിദാനം വിജ്ഞാനമാണല്ലൊ. ഈ തത്വം അടിസ്ഥാനമാക്കി പ്രസ്തുതവായനശാല 102 മകരത്തിൽ ആരംഭിച്ചു. എന്നും, എവിടേയും പൊതുജനങ്ങളുടെ നിരന്തരമായ പരിലാളനങ്ങളാൽ അഭിവൃദ്ധിപ്പെട്ടുവരേണ്ട പൊതുസ്ഥാപനങ്ങളിൽ വായനശാലകൾ അഗ്രിമസ്ഥാനം അർഹിക്കുന്നുണ്ട്. ആ നിലയിൽ വളർന്ന് 112 മകരത്തിൽ പ്രസ്തുതവായനശാലയ്ക്കു പത്തു വയസ്സ് പൂർത്തിയായിരിക്കുന്നു. ഇനിയും അതിന്റെ നിലയും വിലയും അനുസരിച്ച് ഏററവും പരിഷ്കൃതമായും പ്രയോജനപ്രദമായും വളരുവാൻ അനുവദിക്കേണ്ടതും പൊതുജനങ്ങളുടെ കർത്തവ്യമാണ്. സ്വന്തമായി ഒരു നല്ല കെട്ടിടം സമ്പാദിക്കുവാൻ ഇതുവരെ സാധിച്ചിട്ടില്ല. ഈ കുറവ് പരിഹരിക്കുന്നതിന്നുകൂടി ഈ പ്രസിദ്ധീകരണം പ്രയോജനപ്പെടണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

"വിശാലകേരളം" ആഗ്രഹത്തിനും കഴിവിന്നും അനുസരിച്ചു നന്നായിട്ടുണ്ടെന്നു ഞങ്ങൾ അഭിമാനിക്കുന്നില്ല. പൊതുജനങ്ങളുടെ സഹായസഹകരണങ്ങൾ ഉണ്ടാകുമെങ്കിൽ കുറേക്കൂടി വലിയ തോതിൽ ഏററവും നവീനരീതിയിൽ മറെറാരു വിശിഷ്ടഗ്രന്ഥം കൂടി പ്രസിദ്ധീകരിക്കാമെന്നു വിശ്വസിക്കുന്നു. ഞങ്ങളുടെ വിനീതമായ അഭ്യർത്ഥന സദയം സ്വീകരിച്ച്, ലേഖനസഹായവും മററ് ആനുകൂല്യങ്ങളും ചെയ്തുതന്നിട്ടുള്ള എല്ലാ ഗുരുജനങ്ങളോടും സഖാക്കളോടും ഞങ്ങൾക്ക് ഹൃദയപൂർവ്വകമായ കൃതജ്ഞതയുണ്ട്. പ്രസിദ്ധീകരണത്തിന്നു സംഭവിച്ച അല്പ കാലതാമസം ഈ സ്ഥാപനത്തിന്റെ അഭ്യുദയകാംക്ഷികൾക്ക് ക്ഷന്തവ്യമാണല്ലൊ. വിശാലകേരളത്തിന്റെ അച്ചടിജോലികൾ ഇത്ര ഭംഗിയായും ആകർഷണീയമായും ചെയ്തുതന്നിട്ടുള്ള എസ്സ്. ജി. പ്രസ്സ് ഉടമസ്ഥന്മാരോടും, പരസ്യങ്ങൾ ചേർത്തു സഹായിച്ച പത്രപ്രവർത്തകന്മാരോടും, മററു സഹായങ്ങൾ ചെയ്തുതന്നിട്ടുള്ള എല്ലാ മഹതീമഹാന്മാരോടും ഞങ്ങൾക്കുള്ള അളവററ നന്ദി പ്രദർശിപ്പിച്ചുകൊണ്ട് ഈ പ്രബന്ധം പൊതുജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

ടി. വായനശാലാപ്രവർത്തകന്മാർ.

# വിഷയവിവരം.


1. മൺപാത്രങ്ങൾ (പദ്യം) ... (C)
2. സാഹിത്യധൎമ്മം ... വടക്കുംകൂർ രാജരാജവൎമ്മ രാജാ.
3. വിചാരവീചി (പദ്യം) ... വി. വി. കെ.
4. ഇന്ത്യയുടെ മതചരിത്രം ... വിദ്വാൻ സി. എസ്സ്. നായർ.
5. മറുപടിയില്ല! (പദ്യം) ... കുട്ടികൃഷ്ണമാരാര്.
6. ആദിത്യപൂജ (പദ്യം) ... ചങ്ങമ്പുഴ.
7. ഒരു സങ്കല്പസംഭാഷണം ... കെ. എൻ. ഗോപാലപിള്ള എം. എ.
8. പൂമാല (പദ്യം) ... മേലങ്ങത്.
9. അഹം ബ്രഹ്മാസ്മി അഥവാ അനൽഹക്ക് ... ആർ. കെ. കത്താ ബി. എ.
10. ആ സുന്ദരിയുടെ ഭർത്താവ് (ചെറുകഥ) ... തകഴി ശിവശങ്കരപ്പിള്ള.
11. സാഹിത്യം അഥവാ ശബ്ദാൎത്ഥസാഹചര്യം ... കെ. എൻ. എഴുത്തച്ഛൻ.
12. കവി (പദ്യം) ... വൈലോപ്പിള്ളിൽ ശ്രീധരമേനോൻ ബി. എ.
13. സംസ്കൃതത്തിൽനിന്നു വന്ന പ്രമാദങ്ങൾ ... ജോസഫ് മുണ്ടശ്ശേരി എം. എ.
14. സമുദായഘടനയും ധൎമ്മസ്ഥാപനങ്ങളും ... കെ. എ. ദാമോദരമേനോൻ ബി. എ., ബി. എൽ. & ഡി. ടി
15. സ്വാതന്ത്ര്യക്ഷേത്രം (പദ്യം) ... പാലാ നാരായണൻനായർ.
16. കഥകളി അഥവാ ആട്ടക്കഥ ... പറവൂർ കെ. ഗോപാലപിള്ള.
17. ഗായകബാലൻ (പദ്യം) ... പന്തളം കെ. പി. രാമൻപിള്ള ബി. എ.
18. ബലിപീഠത്തിൽ (ചെറുകഥ) ... മൂത്തിരിങ്ങോട്ട ഭവത്രാതൻ നമ്പൂതിരിപ്പാട്.
19. ഇവാൻ ബ്യൂണിൻ ... കെ. ഭാസ്കരൻനായർ ബി. എ.
20. റേഡിയോ (ആകാശവാണി) ... മാത്യു എം. കുഴിവേലി ബി. എ., എൽ. റി.
21. അപൂൎണ്ണത (പദ്യം) ... പാലാ എം. കെ. ഗോപാലൻനായർ.
22. കുമാരനാശാന്റെ കവിത ... വിദ്വാൻ കെ. ശങ്കരനെഴുത്തച്ഛൻ.
23. എന്റെ മാതൃകാശ്രോതാവ് ... ഇ. എം. കോവൂർ ബി. എ., ബി. എൽ.
24. പ്രതീക്ഷ (പദ്യം) ... കോട്ടൂർ നാരായണപിള്ള ബി. എ.
25. അശരീരിവാക്ക് (ചെറുകഥ) ... R. K. P.
26. കവിതയും തത്വചിന്തയും ... പാവുന്നയിൽ ഗോപാലൻനായർ,
27. മൌനത്തിൽ കവിത ... റ്റി. റ്റി. എബ്രഹാം എം. എ., ബി. എൽ.
28. പുരാതനകലകൾ ... പി. വി. ഉലഹന്നൻമാപ്പിള എം. എ.
29. വിളംബരം (പദ്യം) ... വിദ്വാൻ പലയക്കോട്ട നാരായണമേനോൻ.
30. കെട്ടുതാലിയുടെ ശിഷ്ടം (ചെറുകഥ) ... വിളാവത്തു ശങ്കരപ്പിള്ള.
31. പഞ്ചയജ്ഞങ്ങൾ ... തോട്ടയ്ക്കാട്ട ഭവാനിഅമ്മ.
32. കളിത്തോണിയിൽ (പദ്യം) ... ടി. എൻ. ഗോപിനാഥൻനായർ.
33. മിസ്റ്റിസിസം ... പാറായിൽ വി. ഉറമീസുതരകൻ ബി. എ.
34. ആരാമത്തിൽ (പദ്യം) ... വിദ്വാൻ കുറുമള്ളൂർ നാരായണപിള്ള.
35. സ്വധൎമ്മനിഷ്ഠ ... കണ്ണൻ ജനാർദ്ദനൻ.
36. അജവിലാപം (ചെറുകഥ) ... എൻ ജി. കത്താ, പാണാവള്ളി.
37. പടയ്ക്കൊരുങ്ങുക (പദ്യം) ... പരമേശ്വരൻ, ചൊവ്വര.
38. സ്പെയിൻയുദ്ധക്കളത്തിലെ ഇററലി ... ഡി. പത്മനാഭനുണ്ണി എം. എ.
39. ബ്രഹ്മസൃഷ്ടി ... മഹാകവി ഉള്ളൂർ.



" 'ശംഖുമുദ്ര'ചേർന്ന പുതുവിളംബരം പാഞ്ചജന്യ-
ശംഖനാദം പോലിവിടെ മുഴങ്ങികേൾപ്പൂ;

*　　　*　　　*　　　*

ജയിക്കട്ടെ ചിത്രക്ഷ്മജൻ വിജയവിളംബരത്താൽ
ജയക്കൊടി പറപ്പിച്ചു നീണാൾ സസുഖം."

K. JACOB THO... PUBLIC LIBRARY MANNARGHAT

വിശാലകേരളം

# മൺപാത്രങ്ങൾ.

## (C)

### I

### (വിഷാദാത്മകമായ ഒരു വീക്ഷണം)*

(1)

പ്രതിരോധവിമുഖരായ്, വില്ക്ക-
പ്പെട്ടമെന്നൊരോമൽ
പ്രതിമാത്രപ്രതീക്ഷയിൽ
നിമഗ്നരായി,
മൺപാത്രങ്ങൾ നമ്മൾ, വഴിവക്കിൽ,
നിരന്നി, കുലാല-
മന്ദിരത്തിൻവെളിയിലാ-
യൊതുങ്ങിനിൽപ്പൂ;
ചെമ്പൊൻകനൽക്കതിരണിഞ്ഞുട-
മേഘനിബിഡിത-
സമ്പന്നശ്രീ കളിയാടും
നഭസ്സിൻ കീഴിൽ!

(2)

ഭാഷയൊന്നുമില്ല നമുക്കെങ്കിലും,
നമുക്കൊരുഗ്ര-
ദേഷപൂർണ്ണമാംവെറുപ്പു
തോന്നുന്നുമേന്മേൽ;

### II

### (പ്രസാദാത്മകമായ ഒരു വീക്ഷണം)*

(1)

വഴിവക്കിൽ, കുലാലമന്ദിര-
ത്തിൻവെളിയിലായ്
വരിവരിയായിനിൽപ്പൂ
മൺപാത്രങ്ങൾ നാം.
രാവിലെതൊട്ടന്തിയോള,മരി--
കിൽക്കൂടിക്കടന്നു-
പോവുന്നവരോട്ട നമ്മെ-
വിലയ്ക്കുവാങ്ങാൻ,
ഭരിതാശ,മൊരുൽക്കണ്ഠ നിഴ-
ലിക്കും നോട്ടങ്ങളാ-
ലിരന്നുകൊണ്ടിങ്ങവരെ
നോക്കി നാം നിൽപ്പൂ!

(2)

ഒരോമനപ്പെൺകൊടിതൻ ശിര-
സ്സി,ലക്കമനീയ-
കരത്തണ്ടാർവലയത്തി-
ലമർന്നൊതുങ്ങി;

---

* (ഹരീന്ദ്രനാഥചതോപാദ്ധ്യായ)

* (എൽ. പ്രോസർപിയോ എസ്. ജെ.)

# വിശാലകേരളം

(തുടച്ച്)

അത്രപോലുമററ കുററമില്ലെ-
ങ്കിലെ,ന്തിനമ്മൾ ത-

ന്നാസ്തിക്യനിയമത്തിന്നു
വിരുദ്ധമായി,

ആത്തകൌതുകം നമുക്കിന്നോരോ-
രൂപംതന്നു, നമ്മെ

വാത്തെടുത്തോ,രക്കുലാല-
ചക്രത്തോടേററം!

(3)

സുന്ദരങ്ങൾതന്നെയാണിപ്പാത്ര-
മെല്ലാം—പക്ഷേ,യിന്ന-

സ്സൌന്ദര്യത്തിൽനിന്നുപോലും
വിമുക്തരായി,

ആകാരത്തിൻക്ഷുദ്രമായാട്ട-
നശക്തിതൻ, രൂക്ഷ-

മാകും, മുഷ്ടിയിങ്കൽനിന്നും
വഴുതിവീണ്ടും,

മണ്ണിൽവീണടിഞ്ഞലിഞ്ഞു, രക്ഷ
നേടാൻകഴിഞ്ഞെങ്കിൽ!-

നിർണ്ണയ,മതെത്രമാത്രം
കൊതിപ്പൂനമ്മൾ!!

(4)

മൺപാത്രങ്ങൾ നമ്മൾ ചില, രാസ്തി-
ക്യത്തിൽ മുഷിപ്പാന്ന

വെമ്പിവെമ്പിനിലത്തടി-
ഞ്ഞുടഞ്ഞീടുന്നു.

ദയനീയപദാർത്ഥങ്ങൾ!—പാത്ര-
കാരൻ, മൺപാത്രത്തിൻ

വിളറിയ മുഷിവുണ്ടോ
പരിഗണിപ്പൂ?......

(തുടച്ച്)

അല്ലെങ്കി,ലൊന്നവളുടെ ദാഹ-
മൊപ്പിയെടുക്കുവാൻ

മെല്ലെമെല്ലെ ചെഞ്ചുണ്ടിലേ-
യ്ക്കുയൻറപൊങ്ങി;

നില്ക്കൊൾവാൻ കഴിവതിൽ, പ്രണ-
യത്തിൻ മധുരിമ

തുളുമ്പിനിന്നീടു,മെന്തൊ-
രാകർഷകത്വം!

(3)

എത്രയെത്ര കോടികോടി വത്സ-
രങ്ങൾക്കപ്പുറം തൊ-

ട്ടത്ര കത്തിക്കാളുമൊരു-
നഭസ്സിൻ കീഴിൽ;

ഒളിമങ്ങി,യങ്ങി,ങ്ങൊരു രൂപ-
വുമില്ലാതെ, വെറും

കളിമൺകട്ടകളായി-
ക്കിടന്നു നമ്മൾ;

ഒരുദിനം പാത്രകാരനണ-
ഞ്ഞു, ഭംഗിയും, വാടാ--

പ്പെരുമയും, പേരും, നമു-
ക്കേകിയതോളം!

(4)

വരാനെന്താ,ണത്ഭുതമാം വെമ്പ-
ലി,ലേതാനും ചില-

തറിയാതെ നിലത്തുവീ-
ണുടഞ്ഞാൽതന്നെ?

ഒരുമിച്ചു, പുതുതായ് വാർത്തെടു-
ത്തിടാതിരിക്കുമോ

പരമകാരുണികമാം
നിയമമേകം?......



# സാഹിത്യധർമ്മം.

( വടക്കുംകൂർ രാജരാജവർമ്മരാജാ. )

മനുഷ്യർക്കു സാഹിത്യപഠനംകൊണ്ടു ലഭിക്കേണ്ട ഗുണങ്ങളെ ആത്മീയം ലൌകികം എന്നു രണ്ടുവിധം വിഭജിക്കാം. ഇവയിൽ ആദ്യത്തേതു പ്രധാനം. എന്തെന്നാൽ ഉഭയലോകങ്ങളിലും ശ്രേയസ്സിദ്ധിയ്ക്കു മൂലമായ ആത്മസംസ്കൃതി അതിനെ ആശ്രയിച്ചാണു സ്ഥിതിചെയ്യുന്നതു്.

ലോകത്തിൽ ഏതു വസ്തുവിനും പ്രാകൃതം എന്നും സംസ്കൃതം എന്നും രണ്ടു് അവസ്ഥകൾ ഉണ്ടു്. ജന്മനാ, അതായതു പ്രകൃത്യാ എങ്ങിനേയൊ അതുപോലെയിരിക്കുന്ന അവസ്ഥയാണു പ്രാകൃതം. പ്രാകൃതൻ പ്രാകൃതം എന്നെല്ലാം ലോകത്തിൽ വ്യവഹരിക്കാറുണ്ടല്ലൊ. യാതൊരു സംസ്കാരവും ഇല്ലാത്തവൻ അപരിഷ്കൃതൻ ജുഗുപ്സാവഹം എന്നെല്ലാം ഈ പദത്തിനു അർത്ഥം. പലവിധമുള്ള മലിനതകൾ തട്ടി അപ്രകാശമാനവും നിരുപയോഗവും ആയി ഭവിച്ചിരിക്കുന്ന സ്ഥിതിയിലാണു് ഒരു വസ്തുവിനെ പ്രാകൃതം എന്നു പറയുന്നതു്. വേണ്ടവിധം പരിശോധിച്ചു മലിനതകൾ എല്ലാം ദൂരീകരിച്ചു ശുചിത്വം വരുത്തുമ്പോൾ വസ്തുക്കൾക്കു് ഉജ്ജ്വലവും ശക്തിമത്തും ആയ സ്ഥിതിയുണ്ടാകുന്നു. ഈ ശോഭനാവസ്ഥയെ സംസ്കൃതം എന്നു പറയുന്നു. കാട്ടിൽനിന്നു കല്ലൊ മരമൊ വെട്ടിയെടുക്കുമ്പോൾ അവയ്ക്കുള്ള നിലയെ പ്രാകൃതത്തിനു ഉദാഹരിക്കാം. സമർത്ഥനായ ശില്പി, കേടുപിടിച്ച ഭാഗമെല്ലാം കളഞ്ഞു, കണക്കു് അനുസരിച്ചു ചെത്തി നന്നാക്കി പണിയുമ്പോൾ, അവ കെട്ടിടങ്ങൾക്കും മററും ഉപയോഗിക്കാവുന്ന ഉരുപ്പടിയായിബ്ഭവിക്കുന്നു. ഇതാണു സംസ്കൃതത്തിനു ഉദാഹരണം. പ്രാകൃതാവസ്ഥയിൽ ഏതു വസ്തുവും നിരുപയോഗവും ദുർബ്ബലവുമായി മാത്രമേ ഭവിക്കുകയുള്ളു. യഥാവിധി ചെയ്യുന്ന സംസ്കാരം ആണു വസ്തുക്കൾക്കു ഉപയോഗയോഗ്യതയും സ്വച്ഛതയും ജനിപ്പിക്കുന്നതു്.

ഇവിടെ പറഞ്ഞ രണ്ടു അവസ്ഥകളും ആത്മാവിനും ഉണ്ടു്. ജനിച്ച നിലയിൽ യാതൊരു ജ്ഞാനവും ലഭിക്കാതെ മൂഢവും അപരിഷ്കൃതവും ആയി സ്ഥിതിചെയ്യുന്ന ആത്മാവു പ്രാകൃതം. ഈ നിലയിൽ ഇരിക്കുന്ന ആത്മാവോടുകൂടിയവരെ മൃഗപ്രായന്മാരെന്നു പറയാം. വനങ്ങളിലും മലകളിലും കഴിഞ്ഞുകൂടുന്ന കിരാതന്മാരേയും മററും പ്രാകൃതന്മാരായി ഗണിക്കാം. വിദ്യാഭ്യാസംകൊണ്ടു ജ്ഞാനം സംഭവിച്ചു് ആത്മാവിനു സ്വച്ഛമായ പ്രകാശവും ശക്തിയും കൈവരുമ്പോൾ ഉണ്ടാകുന്ന അവസ്ഥയാണു സംസ്കൃതം. ഈ ശോഭനസ്ഥിതിയെ പ്രാപിക്കാതെ യാതൊരു ആത്മാവിനും ഉയരാവുന്നതല്ല. മനുഷ്യർ മൃഗത്വത്തിൽനിന്നു വേർപെട്ടു, ക്രമേണ ഉയർന്നുയർന്നു ഈശ്വരത്വം വരെയുള്ള അവസ്ഥകളെ പ്രാപിക്കുന്നതു് ആത്മസംസ്കാരം എന്ന ഗുണം ഒന്നുകൊണ്ടു മാത്രമാകുന്നു. സംസ്കാരപദത്തിനു ശുദ്ധിയെന്നു് അർത്ഥം. ഏതു വസ്തുവിന്റെയും യഥാർത്ഥശക്തി, അതിന്റെ ശുദ്ധിയെ ആശ്രയിച്ചിരിക്കുന്നു. അപ്പോൾ ആത്മാവിന്റെ സംസ്കാരം എന്നു പറഞ്ഞാൽ അതിന്റെ ശുദ്ധി അല്ലെങ്കിൽ ബലം എന്നു അർത്ഥം ഗ്രഹിക്കണം. ആത്മാവിനു ലഭിക്കുന്ന ഈ വിശുദ്ധാവസ്ഥയാണു വാസ്തവത്തിൽ ഈശ്വരത്വം. ആർക്കും ആത്മസംസ്കാരം പരമോന്നതനിലയിൽ കൈവരുത്തിയാൽ ഈ അവസ്ഥയെ (ഈശ്വരത്വത്തെ) പ്രാപിക്കാം. പുരാണേതിഹാസാദി സാഹിത്യങ്ങളിൽ പാത്രങ്ങളായി വർണ്ണിക്കപ്പെട്ടിരിക്കുന്ന അനേകം ഋഷീശ്വരന്മാർ ഈ അവസ്ഥയെ പ്രാപിച്ചിട്ടുള്ളവരാകുന്നു. ഈ ഈശ്വരപദപ്രാപ്തിയെത്തന്നെയാണു മുക്തി മോക്ഷം സിദ്ധി മുതലായ പദങ്ങളെകൊണ്ടു വ്യവഹരിച്ചുവരുന്നതു്.

ഇരുട്ടു് പ്രകാശംകൊണ്ടല്ലാതെ നീങ്ങുകയില്ലെന്നു് അനുഭവസിദ്ധമാകുന്നുവല്ലൊ. ഇതുപോലെ ജ്ഞാനംകൊണ്ടല്ലാതെ ആത്മാവിന്റെ മാലിന്യം വേ

രുപെടുകയില്ലെന്നും ദൃഢമായി പറയാം. ആത്മാവിന്റെ മലിനതയെന്നാൽ അതിൽ ചുററിപ്പററിപ്പിണഞ്ഞു് അതിനെ അസമർത്ഥവും അലസവും ആക്കിത്തീർക്കുന്ന തമസ്സെന്നു് അർത്ഥം ധരിക്കണം. സാധർമ്മ്യം നിമിത്തം, അജ്ഞാനത്തേയും തമസ്സിനേയും ഒന്നായിക്കല്പിച്ചു ചെയ്യുന്ന വ്യാവഹാരം ലോകത്തിൽ സാധാരണമാകുന്നു. ജന്മനാ എല്ലാവരുടേയും ഹൃദയത്തിൽ ഭയങ്കരമായ തമസ്സു ബാധിച്ചു നിലകൊള്ളുന്നുണ്ടു്. ഈ അജ്ഞാനതമസ്സിനെപ്പററി മഹാകവിയായ നീലകണ്ഠദീക്ഷിതർ ഒരു സന്ദർഭത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

യത്താമിസ്രേനരകകുഹരേയൽബഹിശ്ചക്രവാളാ-
ദ്യല്പാതാളേയദപിധരണൌവാഷ്പികീഷുക്ഷപാസു
ഗൂഢംഗാഢംതമഇതിസമസ്തം ചതച്ചിന്ത്യമാനം
നാസ്മാകാന്തഃകരണതമസോദാസഭാവേപിയോഗ്യം

സർവ്വലോകങ്ങളിലും സ്ഥിതിചെയ്യുന്ന തമസ്സുകൾ എല്ലാം ഒരുമിച്ചുകൂടിയാലും, മനുഷ്യഹൃദയത്തിൽ കുടികൊള്ളുന്ന ഇരുട്ടിന്റെ ദാസഭാവം വഹിയ്ക്കുവാൻ അവയ്ക്കു യോഗ്യതയില്ലെന്നാണു് ഇവിടെ കവി പറഞ്ഞിരിക്കുന്നതു്. വാസ്തവത്തിൽ ഇത്രക്കുമാത്രം ഭയങ്കരത്വം മനുഷ്യരുടെ മനസ്സിൽ ചുററിപ്പററിപ്പിണഞ്ഞുകിടക്കുന്ന കൂരിരുട്ടിനു് ഉണ്ടെന്നു സമ്മതിക്കണം. ഇരുട്ടത്തു സഞ്ചരിക്കുന്ന ഒരുത്തൻ 'ഉന്നതാനതക്ഷോണിവിഭാഗ'ങ്ങളെ തിരിച്ചറിയാതെ വഴിയിൽ കഷ്ടപ്പെടുവാൻ ഇടയാകുന്നു. അജ്ഞാനിയായ ഒരുവൻ, കൃത്യാകൃത്യബോധം ഇല്ലാതെ തോന്നിയതുചെയ്തു ജീവിതത്തെ അധഃപതിപ്പിക്കുന്നതും ഇതുപോലെതന്നെയാണു്. ഈ ദുസ്ഥിതിയിൽനിന്നു് ആത്മാവിനെ മോചിപ്പിക്കുന്നതിനു, സംസ്കൃതി ഒന്നിനു മാത്രമേ ബലമുള്ളു.

ആത്മാവിനു സംസ്കാരം ലഭിക്കുന്നതുവരെയുള്ള ഒരുവന്റെ മനുഷ്യത്വം വാസ്തവത്തിൽ നാമമാത്രമാകുന്നു. മനുഷ്യരുടെ ജീവിതം കേവലം തൃണവൃക്ഷപക്ഷ്യാദികളുടേതുപോലെയല്ലെന്നും അതിനു ചില വിശിഷ്ടങ്ങളായ ഉദ്ദേശങ്ങൾ ഉണ്ടെന്നും അറിഞ്ഞു്, അവയെ കൈവരുത്തുന്നതിനു വേണ്ട ശക്തി സമ്പാദിക്കുന്നതിനും, ഒടുവിൽ പ്രാപ്തപ്രാപ്തവ്യന്മാരായി ജന്മസാഫല്യം നേടുന്നതിനും കഴിയുമ്പോൾ മാത്രമേ മനുഷ്യർ ആ പേരിനു് അർഹന്മാരായിബ്ഭവിക്കുന്നുള്ളു. ഭസ്ത്രങ്ങൾ ശ്വസിക്കുന്നു. വൃക്ഷങ്ങൾ സ്ഥിതിചെയ്യുന്നുണ്ടു്. ഗ്രാമപശുക്കൾ ആഹാരാദികൾ നിർവ്വഹിച്ചു ജീവിക്കുന്നു. ഏതത്ഭിന്നമായ ഒന്നല്ല, ആത്മസംസ്കൃതി ലഭിക്കാത്ത മനുഷ്യന്റെ ജീവിതം. ഈ സ്ഥിതി സർവ്വഥാ ദുഖഭൂയിഷ്ഠമായ ഒന്നാണെന്നു പറയേണ്ടതില്ലല്ലോ. ആത്മസംസ്കാരം, ഈ ദുരവസ്ഥയിൽനിന്നു മോചിപ്പിച്ചു മനുഷ്യക്കു പരമോൽകൃഷ്ടമായ സുഖത്തെ അല്ലെങ്കിൽ ആനന്ദത്തെ പ്രദാനം ചെയ്യുന്നു.

ജീവികൾ എല്ലാം സുഖം ആഗ്രഹിച്ചു പ്രവർത്തിക്കുന്നു. മനുഷ്യരുടെ സ്ഥിതിയും ഇതിൽനിന്നും ഭിന്നമല്ല. മൃഗങ്ങൾ ആഹാരാദികൾകൊണ്ടു ലഭിക്കുന്ന സൌഖ്യത്തെ പരമമായി ഗണിക്കുന്നു. ആത്മസംസ്കാരം ലഭിക്കുന്നതുവരെയുള്ള ഒരു മനുഷ്യന്റെ സ്വഭാവവും ഇതുതന്നെ. മൃഗങ്ങൾ തൃണങ്ങൾതിന്നും ചോലവെള്ളം കുടിച്ചും മരച്ചുവട്ടിലൊ ഗുഹകളിലൊ കിടന്നും, ലഘുവായ പ്രയത്നംകൊണ്ടു സുഖം അനുഭവിച്ചു് അത്രമാത്രംകൊണ്ടു തൃപ്തിപ്പെടുന്നു. എന്നാൽ പരിഷ്കാരിയായ മനുഷ്യനൊ? ചതുർവ്വിധവിഭവങ്ങളോടുകൂടിയ ആഹാരം കഴിച്ചും വിചിത്രതരശില്പാലംകൃതങ്ങളായ മണിസൌധങ്ങളിൽ കുസുമാസ്തൃതങ്ങളായ ശയ്യകളിൽ കിടന്നും, അതായതു അത്രയധികം പ്രയത്നം ചെയ്തിട്ടു്, ആ, സുഖം, അനുഭവിക്കുന്നു. സുഖത്തെ സംബന്ധിച്ചിടത്തോളവും ഇവിടെ വിവരിച്ച മൃഗങ്ങളുടേയും സംസ്കാരശൂന്യരായ ജനങ്ങളുടേയും ആദർശം ഒന്നുപോലെ സ്ഥൂലവും ക്ഷുദ്രവും ആകുന്നു. ഐന്ദ്രിയമായ ഈ സുഖം തുച്ഛം എന്നു തള്ളി അതിനപ്പുറത്തു് അനശ്വരവും അപരിച്ഛേദ്യവും ആയ ആനന്ദം ഒന്നുണ്ടെന്നു കാണുന്നതിനും തല്ലബ്ധിക്കു ശ്രമിക്കുന്നതിനും സാധിക്കുന്നതോടുകൂടിയാണു മനുഷ്യരുടെ സുഖചിന്ത അതിന്റെ ബാലിശാവസ്ഥയെ വിട്ടു സംസ്കാരസരണിയെ അഭിമുഖീകരിച്ചു ഗതിചെയ്യുവാൻ തുടങ്ങുന്നതെന്നു പറയാം. ഏതാദൃശമായ ചിന്താവ്യാപാരത്തിന്റെ ഓരോ നിലകളിൽഉള്ള പുരോഗതിയെ പ്രകടിപ്പിക്കുന്നവയാണു വിവിധങ്ങളായ ശാസ്ത്രങ്ങൾ. അവയെല്ലാം മനുഷ്യരുടെ 'ഇഷ്ടാനിഷ്ടപ്രാപ്തി പരിഹാരോപായ'ങ്ങളെത്തന്നെ വിധിക്കുന്നു. ഈ ഇഷ്ടപ്രാപ്തിയും അനിഷ്ടപരിഹാരവും തന്നെയാണല്ലൊ ആത്മസംസ്കാരത്തിന്റെ പരമമായ പ്രയോജനവും.

സുഖങ്ങൾക്കു്, നശിക്കുന്നവയെന്നും അപ്രകാരമല്ലാത്തവയെന്നും രണ്ടു ഭേദങ്ങൾ ഉണ്ടു്. ബാല്യകാലത്തു കൂട്ടുകാരും ഒരുമിച്ചു മണ്ണിൽകിടന്നു പൊടിവാരിക്കളിക്കുന്നതിനും കളിപ്പാട്ടങ്ങൾ കണ്ടുകൊണ്ടിരി

കുന്നതിനും സുഖം തോന്നുന്നു. എന്നാൽ യൌവ്വനത്തോടുകൂടി ഈ സ്ഥിതി ഭേദപ്പെട്ടു കളത്രപുത്രാദിലാളനത്തിൽ ഏർപ്പെടുന്നു. അപ്പോൾ അതിലാണു സുഖം. ഈ സ്ഥിതിയെ അടിയോടെ മാററിമറിയ്ക്കുന്നതാണു വാർദ്ധക്യം. യൌവ്വനത്തിൽ രുചികരങ്ങളായി തോന്നിയ ആഹാരദ്രവ്യങ്ങളോടും, അപരിത്യാജ്യങ്ങളായി അനുഭവിച്ച വിനോദങ്ങളോടും വാർദ്ധക്യം വിരക്തി തോന്നിപ്പിക്കുന്നു. ഭവനത്തിന്റെ വല്ല മൂലകളിലും ഈശ്വരനാമവും ജപിച്ചുകൊണ്ടു കഴിഞ്ഞുകൂട്ടുന്നതിലാണ് അപ്പോൾ സന്തോഷം. ഒരു സന്ദർഭത്തിൽ സുഖം എന്നു തോന്നിയ 'സ്രക്ചന്ദനവനിതാദികൾ മറെറാരിക്കൽ അസുഖം. ഇതാണു സുഖത്തിന്റെ സ്വഭാവം. ഏതാദൃശങ്ങളായ സുഖങ്ങളും അവയിൽ തോന്നുന്ന പ്രീതിയും അല്പകാലം നിലനിന്ന് ഉത്തരക്ഷണത്തിൽ വിനശിക്കുന്നു. ഇതിൽനിന്ന് ഇവയെല്ലാറ്റിനും യഥാർത്ഥവും നിത്യവും ആയ ആനന്ദത്തെ ജനിപ്പിക്കുന്നതിനു ശക്തിയില്ലെന്നു ഗ്രഹിക്കാമല്ലോ. അതുകൊണ്ടാണു മനുഷ്യർക്ക് ഇവയിൽ സ്ഥിരമായ പ്രീതി നിലനിന്നു കാണാത്തതു്. ഇവയിൽനിന്നു എല്ലാം ഭിന്നമായി അത്യന്തം ശാശ്വതവും നിർവ്വികാരവും ആയി രണ്ടുവിധം സുഖം അല്ലെങ്കിൽ ആനന്ദം ഉണ്ട്. അവയിൽ ഒന്നാമത്തതു വേദാന്തശാസ്ത്രപ്രസിദ്ധമായ ബ്രഹ്മാനന്ദം. സാഹിത്യപരിശീലനം കൊണ്ടു ലഭിക്കുന്ന കാവ്യാനന്ദം രണ്ടാമത്തതു്. ഇവ സ്ഥൂലദൃഷ്ടിയിൽ ഭിന്നങ്ങളായി തോന്നിയാലും, സൂക്ഷ്മവിചിന്തനത്തിൽ ഒന്നുതന്നെയെന്നു തെളിയും.

ബ്രഹ്മാനന്ദം കാവ്യാനന്ദം എന്നിവയിൽ ആദ്യത്തതിനെ, സാധാരണ ലൌകികന്മാരെ സംബന്ധിച്ചിടത്തോളവും ഇല്ലാത്തതുപോലെയേ വിചാരിക്കുവാനുള്ളൂ. എന്തെന്നാൽ അവർക്ക് ആ അവസ്ഥ സുഗമമല്ല. ചിരപരിചിതങ്ങളും അതുകൊണ്ടുതന്നെ ഇഷ്ടങ്ങളായി ഭവിച്ചിരിക്കുന്നവയും ആയ ലോകവ്യാപാരങ്ങളെ പരിത്യജിക്കണം. അതുതന്നെയോ? നിശിതതരങ്ങളായ തപോയോഗസന്യാസാദിവൃത്തികളെ സ്വീകരിച്ചു വിജനപ്രിയനായി ആത്മധ്യാനനിരതനായി കഴിഞ്ഞുകൂടണം. ഇപ്രകാരം ദീർഘകാലം ജീവിതം നയിക്കുന്നവർക്ക് ഈ ജന്മത്തിലോ അഥവാ അനേകജന്മങ്ങൾക്കു ശേഷമോ ബ്രഹ്മസാക്ഷാൽകാരം സംഭവിച്ചേക്കാം! ഇത്രയ്ക്കു കർക്കശമായ ക്ലേശം നിസർഗ്ഗസിദ്ധമായിട്ടുള്ളതുകൊണ്ടു ബ്രഹ്മമാർഗ്ഗം സാധാരണക്കാർക്കു വിചാരിക്കുവാൻതന്നെ ഹിതമുള്ള ഒന്നല്ല. അതിൽക്കൂടി സഞ്ചരിക്കുവാൻ വേണ്ട നിപുണത നേടിയവർ ഏതു കാലത്തും ലോകത്തിൽ വളരെ വളരെ ചുരുങ്ങിയേയിരിക്കുകയുള്ളൂ. ഈ ലോകസ്വഭാവം നല്ലപോലെ അറിഞ്ഞിട്ടുതന്നെയാണു ശ്രീകൃഷ്ണഭഗവാൻ,

മനുഷ്യാണാം സഹസ്രേഷു
കശ്ചിദ്യതതിസിദ്ധയേ
യതതാമപിസിദ്ധാനാം
കശ്ചിന്മാംവേത്തിതത്ത്വതഃ

എന്നു ഗീതയിൽ അരുളിച്ചെയ്തിരിക്കുന്നതു്. "ഔപനിഷദജ്ഞാനോപശമ്യംപുനസ്തത്ത്വ വ്യക്തതയാസുദുർഗ്ഗമതരം" എന്നു മഹാനുഭാവനായ മേല്പുത്തൂർഭട്ടതിരി നാരായണീയത്തിൽ പറഞ്ഞിരിക്കുന്നതും ഒരു യഥാർത്ഥതത്ത്വമാകുന്നു. ഇതിൽനിന്നെല്ലാം ജ്ഞാനമാർഗ്ഗത്തിന് എത്ര കാർക്കശ്യമുണ്ടെന്നു ഗ്രഹിക്കാം. കർമ്മം സാംഖ്യം യോഗം എന്നിങ്ങനെ വേറെയും അനേകം മാർഗ്ഗങ്ങൾ ഈശ്വരപദപ്രാപ്തിക്ക് ഉതകുന്നവയായി കല്പിക്കപ്പെട്ടിട്ടുണ്ടല്ലോ. അവയ്ക്കും ഓരോവിധം ന്യൂനതകൾ ഉണ്ട്.

അഭ്യസ്യവേദമവധായചപൂർവ്വതന്ത്ര-
മാലക്ഷ്യശിഷ്ടചരിതാനിപൃഥഗ്വിധാനി
അദ്ധ്യാപനാദിഭിരവാപ്യധനംചഭൂരി
കർമ്മാണിമാതരലസാഃകഥമാചരേയുഃ

എന്ന പദ്യത്തിൽനിന്നു കർമ്മമാർഗ്ഗവും എളുപ്പം സഞ്ചരിക്കാവുന്ന ഒന്നല്ലെന്നു വിശദമാകും. സമുദ്രങ്ങൾ പോലെ അപാരങ്ങളാണു വേദങ്ങൾ. അവ പഠിക്കണം. കർമ്മമീമാംസയിലും വൈദുഷ്യം സമ്പാദിക്കേണ്ടതാകുന്നു. ഭിന്നരൂപങ്ങളായ ശിഷ്ടാചാരങ്ങളുടെ സ്വഭാവം മനസ്സിലാക്കേണ്ടതു മറെറാരു കാര്യം. ധനസമ്പാദനവും അത്യാവശ്യം; ഇത്രയുമെല്ലാം സാധിച്ചെങ്കിലല്ലാതെ യജ്ഞാദികർമ്മങ്ങൾ അനുഷ്ഠിക്കാവുന്നതല്ല. ഈവിധം ക്ലേശങ്ങൾ സഹിച്ചു കർമ്മമാർഗ്ഗത്തിൽക്കൂടി സഞ്ചരിച്ച് മുക്തിപദത്തെ പ്രാപിക്കുക എന്നകാര്യം 'അലസതാ വിലസിത' ന്മാരായ സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളവും സാധിക്കുന്ന ഒന്നല്ലെന്നു നിഃസംശയം കൂടാതെ പറയാം. സാംഖ്യസരണിയുടെ കഥ വിചാരിച്ചാൽ അതു ഇതിലുമധികം പരുങ്ങലാണെന്നു കാണാം.

പുംസഃക്ഷണാർദ്ധമപിസംസരണാക്ഷമസ്യ
സാംഖ്യാദയസ്സരണയോനവിശന്തികർണ്ണം,
സംഖ്യായഗാംഗസികതാഃ; സകലാശ്ചസൂക്ഷ്മാ
ഭൂതേക്ഷതിവാഗിവമഹാക്ഷുധയാർത്തിതസ്യ

എന്നു ഏതാദൃശമാർഗ്ഗങ്ങളുടെ വൈകല്യത്തെപ്പററി പറഞ്ഞിരിക്കുന്നതു യഥാർത്ഥം എന്നു സമ്മതിക്കണം. വിശപ്പു സഹിക്കാൻ പാടില്ലാതെ സങ്കടപ്പെടുന്ന ഒരുത്തനോടു് മണൽത്തരികൾ മുഴുവനും എണ്ണിത്തിട്ടംവരുത്തിയിട്ടു് ആഹാരം കഴിക്കുവാൻ ഉപദേശിക്കുന്നതു് എത്ര യുക്തമായിരിക്കും? അതിദുസ്സഹമായ സംസാരപീഡ അനുഭവിക്കുന്നവനോടു സാംഖ്യശാസ്ത്രം പഠിച്ചു് തദനുസരണം പ്രവർത്തിച്ചു മുക്തിനേടുവാൻ ശാസിക്കുന്നതും അതുപോലെ തന്നെ. ഈ കവിവാക്യം ഫലിതകല്പിതമാകുന്നു എങ്കിലും അതിൽ അന്തർഭവിച്ചിരിക്കുന്ന മാർമ്മികമായ തത്ത്വത്തെ നിഷേധിക്കാവുന്നതല്ല. ബ്രഹ്മചര്യം അനശനം ഇന്ദ്രിയസംയമനം മുതലായവകൊണ്ടു കണ്ടകിതമാണു യോഗമാർഗ്ഗം. 'വാതാംബുപർണ്ണാശന'ന്മാരായ 'വിശ്വാമിത്രപരാശരപ്രഭൃതികൾ'ക്കു കൂടി തങ്ങളുടെ ബ്രഹ്മചര്യത്തെ അഭംഗുരമായി സംരക്ഷിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ സ്ഥിതിക്കു ശാല്യന്നാദിഭുക്കുകളായ മനുഷ്യർ ഇക്കാര്യത്തിൽ എത്ര വിജയം കിട്ടുമെന്നു് ഊഹിച്ചറിയുകയാണു യുക്തം. ഇതിൽ നിന്നെല്ലാം സാധാരണ ജനങ്ങൾക്കു യോഗമാർഗ്ഗവും ദുർഗ്ഗമം എന്നു വന്നുകൂടുന്നു. ഇവിടെ വിവരിച്ച ജ്ഞാനാദിമാർഗ്ഗങ്ങളുടെ ക്ലേശം യാതൊന്നും സ്പർശിച്ചിട്ടില്ലാത്തതും ഏതുവിധക്കാർക്കും എളുപ്പം സുഖമായി സഞ്ചരിക്കാവുന്നതും ആയി ഒരു മാർഗ്ഗം ഉണ്ടു്. അതാണു സാഹിത്യം. കർമ്മം, സന്ന്യാസം, ഭക്തി, യോഗം, സാംഖ്യം മുതലായവ പോലെ കവിതയും ഈശ്വരപദപ്രാപ്തിക്കുള്ള ഒരു യോഗമാകുന്നു. 'കവീനാം കവിതൈവയോഗഃ, എന്നും മററു മഹാകവികൾ പറഞ്ഞിരിക്കുന്നതിൽനിന്നു ഈ രഹസ്യം മനസ്സിലാക്കാം. കർമ്മഭക്തി യോഗാദി സരണികളിൽക്കൂടി സഞ്ചരിക്കുന്നവർ ഒടുവിൽ ഏതു സ്ഥാനത്തു ചെന്നു ചേർന്നു് ഏതു് അവസ്ഥ അനുഭവിക്കുന്നുവോ സാഹിത്യയോഗമാർഗ്ഗസഞ്ചാരികളും അന്ത്യത്തിൽ അവിടെതന്നെ പ്രാപിച്ചു ആ സ്ഥിതിതന്നെ കൈക്കൊള്ളുന്നു. ഇതാണു സാഹിത്യത്തിൻെറ മേന്മ.

കാവ്യകാരൻ (വിദ്വാൻ) എന്ന അർത്ഥത്തിലാണല്ലോ സാധാരണമായി കവി എന്നപദം ഉപയോഗിച്ചുവരുന്നതു്. പൌരാണികന്മാർ ഈ പദത്തിനു കല്പിച്ചിരിക്കുന്ന അർത്ഥം തത്ത്വദർശി ബ്രഹ്മജ്ഞാനി എന്നെല്ലാമാകുന്നു. "തേനേ ബ്രഹ്മഹൃദായ ആദികവയേ" "നമഃപ്രമാണമൂലായകവയേ" ഇത്യാദി പ്രയോഗങ്ങൾ ഉദാഹരിക്കപ്പെടാം. ക്രാന്തദർശി, ചക്ഷുരാദീന്ദ്രിയനിരപേക്ഷമായ ജ്ഞാനത്തോടുകൂടിയവൻ എന്നിങ്ങനെ ആചാര്യന്മാർ ഈ പദം വ്യാഖ്യാനിച്ചിരിക്കുന്നു. ഈ മാഹാത്മ്യം ബ്രഹ്മജ്ഞാനികൾക്കു മാത്രമേ കൈവരുകയുള്ളു. അതുകൊണ്ടു കവിശബ്ദത്തിനു ഈ അർത്ഥം പറയുന്നതു് യുക്തംതന്നെ. തപോയോഗാദികളെക്കൊണ്ടു് ബ്രഹ്മസാക്ഷാൽകാരം ലഭിച്ചിരിക്കുന്നവരാകുന്നു യഥാർത്ഥകവികൾ. അതുകൊണ്ടാണു് അവർ ക്രാന്തദർശികളായി ഭവിക്കുന്നത്.

ജാനാതേയന്നചന്ദ്രാർക്കൌ
ജാനതേയന്നയോഗിനഃ
ജാനീതേയന്നഭർഗ്ഗോപി
തജ്ജാനാതിസ്വയംകവിഃ

എന്നു പറയുന്ന വിധം ദേവന്മാർക്കുകൂടി ലഭിക്കാത്ത ജ്ഞാനശക്തി കവികൾക്കു് ഉണ്ടാകുന്നതിനു ഇതുതന്നെ കാരണം. ഇപ്രകാരമുള്ളവരാണു കവികർമ്മാധികാരികൾ. "നാനൃഷിഃ കുരുതേ കാവ്യം" എന്ന അഭിജ്ഞോക്തിയുടെ സാരവും ഇവിടെ സ്മരിക്കേണ്ടതാകുന്നു. പൌരാണികന്മാരായ ശ്രീ വാല്മീകി, വ്യാസൻ മുതലായവർ ബ്രഹ്മജ്ഞാനികളായിരുന്നു. അതുകൊണ്ടാണു് അവർക്കു് സാഹിത്യലോകത്തിൽ സാർവ്വഭൌമത്വം ലഭിക്കുവാൻ ഇടയായതു്. ഒരു കവിയിൽ തപോയോഗാദിവൈഭവം എത്ര കുറഞ്ഞിരിക്കുമോ, അത്രയും അയാളുടെ കവിത്വത്തിനു ക്ഷീണവും മാലിന്യവും ബാധിച്ചിരിക്കും. ഈ സംഗതിക്കു് എവിടെയും ഉദാഹരണങ്ങൾ ധാരാളം കാണാം. യോഗാദികളെ കൊണ്ടു യഥാർത്ഥമായ ആത്മസാക്ഷാൽകാരം ലഭിച്ചിരിക്കുന്ന മഹാകവികളുടെ സംഖ്യ ലോകത്തിൽ എവിടെയും ഏതുകാലത്തും അത്യന്തം ചെറിയതായി മാത്രമേയിരിക്കുകയുള്ളു. അവരുടെ കാവ്യങ്ങളുടെ സംഖ്യയും അങ്ങിനെതന്നെ. അതാണു "ദ്വിത്രാ ഏവ കവയഃ ദ്വിത്രാണ്യേവ കാവ്യാനി" എന്നു സാരവേദിയായ ഒരു പണ്ഡിതൻ പറഞ്ഞിരിക്കുന്നതു്. ഏതാദൃശന്മാരായ മഹാന്മാർ, ഏതുകാലത്തും ലോകത്തിൻെറ നേതാക്കന്മാരും ആചാര്യന്മാരും ആയി ആരാധിക്കപ്പെട്ടുന്നവരും അവരുടെ കാവ്യങ്ങൾ ഹിമവദ്വിന്ധ്യഗംഗാദികളെപ്പോലെ അഭംഗുരമായ ഔന്നത്യശുദ്ധികളോടുകൂടി പരിലസിച്ചു ലോകാനുഗ്രഹം ചെയ്യുന്നവയും ആകുന്നു. രജസ്തമോ മലിനതകൾ അകന്നു സത്ത്വമയമായി ഭവിച്ച ശുദ്ധി തികഞ്ഞ ആത്മാവിൽ അല്ലാ-

തെ യഥാൎത്ഥമായ കവിത ഉണ്ടാകുകയില്ലെന്നാണ വിചാരിക്കേണ്ടതു്. ഇതാണ കവിതപത്തിൻെറ നിലയും വിലയും.

മനുഷ്യക്കെന്നപോലെ സാഹിത്യത്തിനും ചില ധമ്മങ്ങൾ ഉണ്ടു്. സ്വകൃത്യം അനുഷ്ഠിക്കുവാൻ സാമത്ഥ്യം ഇല്ലാത്ത മനുഷ്യൻ അധഃപതിച്ചു ജീവിതം വിഫലമാക്കുന്നു. ഇതുപോലെ ഒരു സാഹിത്യത്തിന്നു് അതിൻെറ ധമ്മം നിൎവഹിക്കുന്നതിനു ശക്തിയില്ലെങ്കിൽ, അതിൻെറ ജന്മവും നിഷ്ഫലംതന്നെ. ജനങ്ങൾക്കു രസാത്മകമായ ഉപദേശരീതികൊണ്ടു കൃത്യാകൃത്യബോധവും തദ്വാരാ ആത്മസംസ്കൃതിയും ജനിപ്പിക്കുക എന്നതു സാഹിത്യത്തിൻെറ പരമമായ ധമ്മമാകുന്നു. ശാസ്ത്രത്തിൻേറയും കാവ്യത്തിൻേറയും ധമ്മം ഒന്നുതന്നെയെങ്കിലും അവ സ്വീകരിക്കുന്ന മാൎഗ്ഗങ്ങൾക്കു വ്യത്യാസമുണ്ടു്.

കടുകൌഷധവച്ഛാസ്ത്ര-
മവിദ്യാവ്യാധിനാശനം
ആഹ്ലാദ്യമൃതവൽകാന്താ-
സമ്മിതംഹൃന്മലാപഹം.

എന്നു് ആചാൎയ്യന്മാർ പറയുന്നു. ഈ തത്വം നിഷേധിക്കാവുന്നതല്ല. എരിവും ചവൎപ്പും ചേൎന്ന ഔഷധത്തോടു് ആൎക്കും ഇഷ്ടം തോന്നുകയില്ല. എന്നാൽ മധുരപദാൎത്ഥങ്ങൾ ഉപയോഗിക്കുന്ന കാൎയ്യത്തിൽ എല്ലാവരും ഉത്സാഹികളായി കാണപ്പെടുന്നു. ശാസ്ത്രം ഔഷധവും കാവ്യം മധുരദ്രവ്യവും എന്നു് ഇവിടെ കവിഹൃദയം. 'അവിദ്യാവ്യാധിനാശന'ത്തിനു സമൎത്ഥങ്ങളായ ഔഷധങ്ങൾതന്നെയാണു് ഇവരണ്ടും. മരുന്നിൽ തോന്നുന്ന വിരക്തി, കാവ്യത്തിൽ അനുഭവപ്പെടുന്നില്ലെന്നു മാത്രമേ വ്യത്യാസമുള്ളൂ. ഇവിടെപ്പറഞ്ഞ ധമ്മത്തെ നിൎവ്വഹിക്കുന്നതിനുവേണ്ട സാമത്ഥ്യം ഒരു സാഹിത്യത്തിനു പൂൎണ്ണമായി ലഭിക്കണമെങ്കിൽ അതു മുൻപു പറഞ്ഞവിധം മാഹാത്മ്യം ഏറിയ മഹാന്മാരുടെ ഹൃദയത്തിൽനിന്നു നിൎഗ്ഗളിച്ചതായിരിക്കണം. വാല്മീകി വ്യാസൻ ഭാസൻ കാളിദാസൻ മുതലായ മഹാനുഭാവന്മാർ ഈ വൈഭവം തികച്ചും സമ്പാദിച്ചവരായിരുന്നു. അതുകൊണ്ടാണു് അവരുടെ സന്താനങ്ങളായ പുരാണേതിഹാസാദികൾക്കു് അവയുടെ ധമ്മത്തെ നിൎവ്വഹിക്കുന്ന കാൎയ്യത്തിൽ അന്യാദൃശമായ പാടവം കാണുന്നതു്.

ഔജസ്യം വ്യവഹാരാണാ-
മാൎജ്ജവം പരമംധിയാം
സ്വാതന്ത്ര്യമപിതന്ത്രേഷു
സൂതേ കാവ്യപരിശ്രമഃ

എന്ന കവിവാക്യത്തിൽ പറയുന്ന ഗുണങ്ങൾ അവരുടെ പ്രബന്ധങ്ങൾ പരിശീലിക്കുന്നവൎക്കു് ഉണ്ടാകുന്നു. ഭാരതീയരുടെ ഹൃദയം ഈ പൂൎവ്വസാഹിത്യസമ്പത്താണെന്നു പറഞ്ഞാൽ അല്പവും തെററു പററുകയില്ല. അത്രയ്ക്കു വിപുലവും അവിച്ഛേദ്യവും ആയ അധികാരശക്തി അതിനു ജനങ്ങളുടെ ജീവിതധമ്മങ്ങളോടും പില്ക്കാലത്തു സംഭവിച്ചിരിക്കുന്ന സാഹിത്യസമുദായത്തോടും നിലനിന്നു വരുന്നുണ്ടെന്നു അനിഷ്പ്രയാസം കാണാം. അതു് ആഢ്യദരിദ്രഭേദമില്ലാതെ ഏതു തരക്കാരായ ജനങ്ങളാലും ഭക്ത്യാദരപുരസ്സരം പൂജിക്കപ്പെട്ടുവരുന്നതിൻെറ സാരവും ഇതുതന്നെ. ഇതിൽനിന്നു സാഹിത്യത്തിനും ഒരു ധമ്മം ഉണ്ടെന്നും, അതിനെ നിൎവ്വഹിക്കുവാനുള്ള ശക്തിയാണു് അതിൻെറ ജീവൻ എന്നും വ്യക്തമാകുന്നുണ്ടല്ലോ.

മനുഷ്യർ ഗുണവാന്മാരെന്നും ഖലന്മാരെന്നും രണ്ടുതരക്കാരുണ്ടു്. അവരെ തിരിച്ചറിഞ്ഞു സജ്ജനങ്ങളുമായി സംസൎഗ്ഗം ചെയ്യണം. അതുകൊണ്ടു ശ്രേയസ്സു ലഭിക്കുന്നു. അങ്ങിനെയല്ലാതെ ഖലന്മാരുമായി സംസൎഗ്ഗം ചെയ്യുന്നതായാൽ വിവിധങ്ങളായ ആപത്തുകൾ സംഭവിക്കും. ഈ തത്വം ഗ്രന്ഥങ്ങൾക്കും ബാധകമാകുന്നു. ഉൽകൃഷ്ടം നികൃഷ്ടം എന്ന ഭേദം ഗ്രന്ഥങ്ങൾക്കും ഉണ്ടു്. അവയെ ബുദ്ധിപൂൎവ്വം തിരിച്ചറിഞ്ഞു സൽഗ്രന്ഥങ്ങളെ മാത്രമെ വായനയ്ക്കു് ഉപയോഗിക്കാവൂ. ഇങ്ങനെ ചെയ്യാതെ സാഹിത്യപരിശീലനംകൊണ്ടുള്ള യഥാർത്ഥ ഗുണങ്ങൾ കൈവരുകയില്ല. ക്ഷുദ്രങ്ങളായ ഗ്രന്ഥങ്ങൾ വായനക്കാരുടെ ബുദ്ധിയെ അസന്മാൎഗ്ഗങ്ങളിലേയ്ക്കു നയിച്ചു ജീവിതത്തെ ശോചനീയമായവിധം അധഃപതിപ്പിക്കുന്നു. വിശേഷിച്ചു ബാലവിദ്യാർത്ഥികളെ നികൃഷ്ടഗ്രന്ഥങ്ങളുടെ പരിശീലനത്തിൽനിന്നു് അകററി നിവൎത്തുന്ന കാൎയ്യത്തിൽ അവരുടെ ഗുരുജനങ്ങളും രക്ഷാകത്താക്കന്മാരും ശ്രദ്ധവയ്ക്കേണ്ടതാകുന്നു. ബാല്യത്തിൽ നികൃഷ്ടങ്ങളായ ഗ്രന്ഥങ്ങളോടും അവ കാണിച്ചുകൊടുക്കുന്ന ദുൎമ്മാൎഗ്ഗങ്ങളോടും ആസക്തി സംഭവിക്കുന്നതായാൽ പിന്നീടു് ആ ദുഷിച്ച മനഃസ്ഥിതിയെ മാററി നേരെയാക്കുന്നതിനു് അധികം ക്ലേശം നേരിടും. മിക്കവാറും എ

ല്ലാ ഭാഷകളിലും ദുർമ്മാർഗ്ഗപ്രതിപാദകങ്ങളായ ഗ്രന്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്. അവയെ സാങ്ക്റമിക രോഗംബാധിച്ചിരിക്കുന്ന രോഗികളുടെ സാമീപ്യം എന്ന പോലെ വർജ്ജിക്കേണ്ടതാകുന്നു. സൽഗ്രന്ഥങ്ങൾ ഗുരുജനങ്ങളുടെ സഹായത്തോടുകൂടി തിരഞ്ഞെടുക്കുകയും പഠിക്കുകയും ചെയ്യണം. സാഹിത്യപരിശീലനം കൊണ്ട് ഉണ്ടാകുന്ന ഉൽകൃഷ്ടഫലങ്ങൾ, അങ്ങനെ ചെയ്യുന്നതുകൊണ്ടല്ലാതെ അനുഭവഗോചരമാകുന്നതല്ല. ദുഷിച്ച ഗ്രന്ഥങ്ങൾ ആത്മാവിന്റെ ജന്മസിദ്ധങ്ങളായ ഗുണങ്ങളെ എല്ലാം നശിപ്പിച്ച്, അതിൽ പലവിധമുള്ള മലിനതകളെ സൃഷ്ടിച്ചു പോഷിപ്പിക്കുന്നു.

ഒരു ഗ്രന്ഥം ഉത്തമമെന്നോ അധമമെന്നോ പറയുന്നതിനു സർവ്വസാധാരണമായ ഒരു തോതു നിശ്ചയിക്കുവാൻ ക്ലേശമുണ്ട്. ഈ തോതിനെ സംബന്ധിച്ച സ്ഥൂലങ്ങളായ ചില സംഗതികൾ പറയുന്നതിനു മാത്രമേ നിവൃത്തിയുള്ളു. ഈശ്വരൻ ഭക്തി സ്നേഹം ധർമ്മം സന്മാർഗ്ഗം സമഭാവന പരോപകാരം മുതലായ ഗുണങ്ങളുടെ മാഹാത്മ്യത്തെ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളെ പൊതുവെ ഉത്തമങ്ങളായി ഗണിക്കാം. കാലദേശാദിഭേദമില്ലാതെ ഏതു സമുദായക്കാരും, ഈ ഗുണങ്ങളെ, ആത്മീയമായ ഉൽക്കർഷത്തിനു കൈക്കൊള്ളേണ്ടതാകുന്നു. മതം സമുദായം മുതലായവയിൽ ദ്വേഷബുദ്ധിയെ ജനിപ്പിക്കുന്ന ഗ്രന്ഥങ്ങളെ പരിത്യാജ്യങ്ങളായിത്തന്നെ വിചാരിക്കണം. സാഹിത്യപരിശ്രമത്തിന്റെ പ്രാരംഭദശയിൽ സദസദ്ഗ്രന്ഥങ്ങളെ വിവേചനം ചെയ്യുന്ന കാര്യത്തിൽ ഗുരുജനസഹായം ആവശ്യപ്പെടുന്നതാണു നന്ന് എന്നു ചുരുക്കിപ്പറഞ്ഞുകൊള്ളുന്നു.

ഹൃദയത്തിനു സംസ്കാരം രസികത്വം സൌന്ദര്യം വികാസം വിവേകജ്ഞാനം മുതലായ ഗുണങ്ങൾ സാഹിത്യസേവനംകൊണ്ടല്ലാതെ ലഭിക്കുകയില്ല. സർവ്വശാസ്ത്രങ്ങളിലും നൈപുണ്യം നേടിയാലും ശരി, ഒരുവനു സാഹിത്യത്തിൽ പ്രവേശനം ഇല്ലെങ്കിൽ അതു് ഒരു വലിയ ന്യൂനതയാകുന്നു. ഫലം ഏറിയ ഒരു ഭാരത്തിന്റെ വഹനമാണു വിദ്യാഭ്യാസം. ദീർഘകാലം ആ ചുമടു ചുമക്കുന്നതിനു, തക്കതായി കിട്ടുന്ന കൂലി സാഹിത്യാനന്ദമാകുന്നു. ഈ സൌഭാഗ്യം അനുഭവിക്കുവാൻ ഇടയാകാതെ കഴിഞ്ഞുകൂടുന്ന വിദ്വാന്മാർ വാസ്തവത്തിൽ കൂലിയില്ലാത്ത ചുമടു ചുമക്കുന്ന ഭേസിയവരാകുന്നു എന്നുപറയുന്നതിൽ തെററില്ല. ദുഃഖഭൂയിഷ്ഠമായ ലോകവ്യാപാരങ്ങളിൽനിന്ന് അല്പമെങ്കിലും വിശ്രമസുഖവും മാനസികമായ നിർവൃതിയും അനുഭവിക്കുവാൻ കാംക്ഷിക്കുന്നവർ കാവ്യലക്ഷ്മിയുടെ കടാക്ഷം ലഭിക്കുവാനാണു ശ്രമിക്കേണ്ടതു്.

---


# കേരളകേസരി.

## മലബാർതീരത്തിലെ ഏററവും പ്രചാരമുള്ള പ്രതിദിനപത്രം.

ഇൻഡ്യയിലേയും, വിദേശങ്ങളിലേയും ഏററവും പുതിയവാർത്തകൾക്ക് കേരളകേസരി വായിക്കുക.

സാഹിത്യം, ശാസ്ത്രം, ചരിത്രം, തത്വചിന്ത മുതലായവ സംബന്ധിച്ചുള്ള ഉജ്ജ്വലലേഖനങ്ങൾ എപ്പോഴുമുണ്ടായിരിക്കും.

സരസങ്ങളായ ചെറുകഥകളും, വിനോദലേഖനങ്ങളും കേരളകേസരിയിൽ മിക്കപ്പോഴും കാണും.

പരസ്യക്കാർക്ക് ഇതിനേക്കാൾ ഉത്തമമായ ഒരു പ്രസിദ്ധീകരണം കിട്ടാൻ പ്രയാസം.

കൂടുതൽ വിവരങ്ങൾക്കെഴുതുക:—

മാനേജർ, കേരളകേസരി, തിരുവനന്തപുരം.

# ചങ്ങമ്പുഴ കൃതികൾ.

## "രമണൻ."

[മനോഹരമായ ഒരു നൂതന നാടകീയ ഗാനകാവ്യം.]

രണ്ടാട്ടിടയന്മാരുടേയും ഒരു പ്രഭുകുമാരിയുടേയും ജീവിതങ്ങൾ വികാര
ജനകമാംവിധം ചിത്രീകരിച്ചിരിക്കുന്നു.

ഒന്നാംപതിപ്പ് എട്ടുമാസത്തിനകം തൊള്ളായിരം പ്രതികൾ ചിലവായിക്കഴിഞ്ഞു.
ഇനി കഷ്ടിച്ചു നൂറു പുസ്തകങ്ങൾ മാത്രമേ ശേഷിച്ചിട്ടുള്ളു.
**രണ്ടാംപതിപ്പിനെ കാത്തിരിക്കാതെ ഉടൻ അപേക്ഷിക്കുവിൻ!**

## "മദിരോത്സവം"

അച്ചടിച്ചുവരുന്നതേയുള്ളു. ആവശ്യപ്പെട്ടിരിക്കുന്നവർ അല്പംകൂടി ക്ഷമിക്കണമെന്നപേക്ഷ.
അതിനുമുമ്പ് മറ്റൊരു പുതിയ ഗ്രന്ഥം തയ്യാറായിവരുന്നു.

## "സങ്കല്പസുഷമ"

[ഭാവനാമധുരങ്ങളായ ഇരുപതിൽ പരം ഉൽകൃഷ്ടകവിതകൾ ഇതിൽ അടങ്ങിയിട്ടുണ്ട്.]
[ഒരുമാസത്തിനകം. അച്ചടിച്ചു തീരും.]

വില എട്ടണ മാത്രം.
ലൈബ്രറി പതിപ്പ് ഒരു രൂപാ

മലയാളത്തിലെ ഉൽകൃഷ്ടപത്രങ്ങളെല്ലാം ഒന്നുപോലെ മുക്തകണ്ഠം പ്രശംസിച്ചിട്ടുള്ള ഒരു ഗ്രന്ഥമാണ് **"രമണൻ"** എന്നു പറഞ്ഞറിയിക്കേണ്ടതായിട്ടില്ല. പല സാഹിത്യകാരന്മാരുടേയും 'ആസ്വാദനങ്ങൾ' പത്രദ്വാരാ പുറത്തുവന്നിട്ടുമുണ്ട്.

വില ഒരു രൂപാ.
ലൈബ്രറി പതിപ്പ് ഒന്നര രൂപാ.

## "ആരാധകൻ"

ഈ ഖണ്ഡകൃതിയും ഇനി കുറച്ചു പ്രതികളേ ശേഷിച്ചിട്ടുള്ളു.

വില നാലണ മാത്രം.



താഴെ കാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക:—

**ചങ്ങമ്പുഴ കൃഷ്ണപിള്ള,**
ഇടപ്പള്ളി,
തിരുവിതാംകൂർ.

# S. G. Press & Book Depot,

## N. PARUR, TRAVANCORE.

Printers, Publishers, Account Book Makers, Stationers,
Engravers & Rubber Stamp Makers.

**Proprietors:- KURIAN MATHAI & BROS:**

**RATES CHEAP**

*Printing of various descriptions in*
**English, Malayalam & Tamil.**
EXECUTION PROMPT; FINISH ATTRACTIVE

**WORK NEAT**

## எஸ். ஜி. பிரஸ் ஆன்ட் புஸதகசாலை.

இவ்விடத்தில் இங்கிலீஷ் மலையாளம், தமிழ் பாஷைகளில் உள்ள எம்மாதிரியான அச்சடிவேலைகளும் நன்றாகவும் தெளிவாகவும் ஆகஷிணீயமாகும் விதத்தில் செய்து கொடுக்கப்படும்.

வியாபாரிகளுக்கு தேவையுள்ள கணக்குபுஸ்தகங்களும், பரஸ்பரஸகாயஸங்கங்களுக்கு தேவையான ரிக்காட்டுகளும், மற்று ரசகரமான பல நோவல்களும் விர்பனைக்கு தயாராக இருக்கிறது

USE
ALWAYS

SHIVAJI

Account Books,
and
Note Books.

கூடாமல் வியாபாரிகளுக்கும் மற்றும் அவரவர்களுடைய விலாசத்தில் பிரண்டுசெய்து றூள்போட்டு எந்தவித பயிண்டிலும் எம்மாதிரியான அக்கவுண்டுபுக்குகளும் மற்று விதமான ரிக்காட்டுகளும் ஆடரின்படி திருப்திகரமான விதத்தில் குறிப்பிட்ட சமயத்திற்க்கு செய்து கொடுக்கப்படும்.

கூடுதல் விபரங்கள் தெரியவேணுமானால் விபரமாக எழுதி அனுப்பினால் பதில் அனுப்பப்படும்.

ഇവിടെ ഇംഗ്ലീഷ്, മലയാളം, തമിഴ് എന്നീ ഭാഷകളിലുള്ള എല്ലാവിധ അച്ചടിവേലകളും വളരെ വൃത്തിയായും ഭംഗിയായും ആകഷ്ണീയമായവിധത്തിൽ ആവശ്യാനുസരണം കൃത്യസമയത്ത് ചെയ്തുകിട്ടുന്നതാണ്.

കച്ചവടക്കാർക്കാവശ്യമുള്ള കണക്കുപുസ്തകങ്ങൾ, പരസ്പരസഹായസംഘങ്ങൾക്കാവശ്യമുള്ള പലതരം റിക്കാർട്ടുകൾ, സ്ക്കൂൾകുട്ടികൾക്കാവശ്യമുള്ള നോട്ടുബുക്കുകൾ, സ്ക്കൂൾറിക്കാർട്ടുകൾ മുതലായവയും വില്പനയ്ക്കു തയാറുണ്ട്.

മാനേജർ, എസ്സ്. ജി. പ്രസ്സ്, പറവൂർ—തിരുവിതാംകൂർ.

# വിചാരവീചി.

വി. വി. കെ.

കവിത:—

ആയിരമായിരമാനന്ദവീചിക-
ളാലോലനൎത്തനം ചെയ്തുവിളങ്ങിടും
ഭാവനതൻെറ മനോജ്ഞമന്ദാകിനീ
പാവനതീരമണലിൽക്കളിപ്പൂ ഞാൻ.

ചിന്ത:—

ഭൂതവും ഭാവിയും കൈകോൎത്തിണങ്ങുമ—
ച്ചേതോവിമോഹനസന്ധ്യയാം ജീവിതം.
പ്രേമകാവ്യങ്ങളോ; ചാരുഗാനങ്ങളൊ
സീമകാണാത്തതാണായതിൻവാസ്തവം.
പൊന്നുഷസ്സാദ്യംവരച്ചോരഹസ്സിൻെറ
സുന്ദരാകാരത്തെയന്തിമാച്ചീടിലും
അല്ലടൻ വീണ്ടും വരയ്ക്കും പകലിൻെറ
യല്പസദൃൃപമൊരേരാത്രികൊണ്ടു താൻ!
ജീവിതത്തിന്നും മൃതിക്കുമിടക്കിടെ
കൈവരും മാററവും ഭാവനാരമ്യമാം.


വാങ്ങുവിൻ! പരീക്ഷിപ്പിൻ!!

നല്ല മണവും ഗുണവും ഉള്ള "ഭാരതി" സോപ്പ് വാങ്ങുവിൻ!!!

കൂടാതെ ഞങ്ങളുടെ കമ്പനിയിൽ ഉള്ളതായ സ്വദേശി ബോറക്സ്, ഇന്ദ്രനീലം, സ്വദേശി സോപ്പ് മുതലായ പല ഇനം സോപ്പുകൾ മിതമായ വിലയ്ക്ക് ആൎക്കും എപ്പോഴും കൊടുപ്പാൻ തയ്യാർ.

ദി സ്വദേശി സോപ്പ് വർക്സ്,

മാനേജർ, നാരായണപിള്ള & Co., പൊന്നാംവെളി, പട്ടണക്കാട്.

# ഇന്ത്യയുടെ മതചരിത്രം.

(വിദ്വാൻ സി. എസ്സ്. നായർ.)

ഇന്ത്യാചരിത്രം ഇടമുറിയാതെ മുന്നോട്ടൊഴുകുന്ന ഗംഭീരമായ ഒരു മഹാ സരിത്താകുന്നു. അനുസ്യൂതമായ അതിന്റെ പ്രവാഹത്തിന്നു് ഇടയ്ക്കിടയ്ക്കുണ്ടായിട്ടുള്ള മാർഗ്ഗഭേദം ഉള്ളിലേയ്ക്കു തട്ടിയ പരിവർത്തനമൊന്നും ഉണ്ടാക്കിത്തീർത്തിട്ടില്ല. ചരിത്രകാരന്മാർ ഇന്ത്യാചരിത്രത്തെ ഹൈന്ദവാധിപത്യകാലഘട്ടമെന്നും, മുഹമ്മദീയാധിപത്യകാലഘട്ടമെന്നും ബ്രിട്ടീഷുഭരണകാലഘട്ടമെന്നും മററും പേരിട്ടു വേർതിരിച്ചിട്ടുണ്ടെങ്കിലും ഈ ഭിന്നാഭിന്നങ്ങളായ കാലഘട്ടങ്ങളിലെല്ലാം ഇന്ത്യയുടെ രക്തനാഡിയിൽക്കൂടെ ഒരേ ഒരു തരത്തിലുള്ള ജീവരക്തമാണു് ഒഴുകിക്കാണുന്നതു്. ബ്രിട്ടീഷുഭരണം ആരംഭിച്ചതു മുതൽക്കു ശക്തിയോടുകൂടി പ്രവഹിക്കുവാൻ തുടങ്ങിയ പാശ്ചാത്യപരിഷ്കാരത്തിന്റെ ഓളത്തിൽപ്പെട്ടിട്ടും ഇന്ത്യയുടെ ബാഹ്യരൂപത്തിനല്ലാതെ ആഭ്യന്തരപ്രകൃതിക്കു സാരമായ മാററമൊന്നും സംഭവിച്ചിട്ടില്ല. സയൻസ് എന്നു പറയുന്ന നവീന ശാസ്ത്രത്തിന്റെ വളർച്ചയോടുകൂടി പുതുതായി കണ്ടുപിടിക്കപ്പെട്ട നിർമ്മാണയന്ത്രങ്ങളെക്കൊണ്ടു പ്രാകൃതവസ്തുക്കളെ ഭോഗസാധനങ്ങളാക്കി മാററുന്ന വ്യവസായത്തിന്നുണ്ടായ അഭിവൃദ്ധി ലോകത്തിലൊട്ടാകെ ഉണ്ടാക്കിത്തീർത്ത പരിവർത്തനം ഇന്ത്യയേയും ഏറെക്കുറെ സ്പർശിക്കാതിരുന്നിട്ടില്ലെങ്കിലും അതോടൊപ്പം ഉത്ഭവിച്ചിട്ടുള്ള പുതിയ ചില വിഷമപ്രമേയങ്ങൾ ഇന്ത്യയെസ്സംബന്ധിച്ചിടത്തോളം, സമുദായമണ്ഡലത്തിൽ ഒരു അഗ്നിപർവ്വതത്തിന്റെ പൊട്ടിത്തെറിക്കൽ ഉണ്ടാക്കുവാൻതക്കവണ്ണം ഉഗ്രങ്ങളായി പരിണമിക്കുമെന്നു തോന്നുന്നില്ല. യൂറോപ്പിലും അമേരിക്കയിലും മുതിർന്നുവന്നിട്ടുള്ള മുതലാളിപ്രഭുത്വം അതിന്റെ തിരിച്ചടിയായിട്ടുള്ള തൊഴിലാളിപ്രക്ഷോപത്തോടു കൂട്ടിമുട്ടി നിലവിലുള്ള സമുദായഘടന പൊട്ടിത്തകർന്നു തെറിക്കുവാനുള്ള പാകത്തിലായിത്തുടങ്ങിയിരിക്കുന്നു. മുതലാളിപ്രഭുത്വത്തെ പുലർത്തിവരുന്ന സാമ്രാജ്യശക്തികൾ തമ്മിലിടഞ്ഞു് മുമ്പുണ്ടായതിലും ഭയങ്കരമായ ഒരു ലോകമഹായുദ്ധം ഉണ്ടാകുവാനുള്ള വട്ടങ്ങൾ ഇന്നു യൂറോപ്പിൽ എവിടെ നോക്കിയാലും കാണുന്നുണ്ടു്. ചിന്തകന്മാരെല്ലാം ദീർഘദർശനം ചെയ്തിട്ടുള്ള ആ മഹായുദ്ധവും, അതോടൊന്നിച്ചുണ്ടാകുന്ന സാമുദായികവിപ്ലവവും ഇന്ത്യയേയും സ്പർശിക്കാതെയിരിക്കയില്ല എന്നു തീർച്ചയാണു്. എങ്കിലും ഇന്ത്യയുടെ കഴിഞ്ഞേടത്തോളം ചരിത്രത്തെ മുൻനിർത്തി നോക്കുമ്പോൾ പുറമേനിന്നുണ്ടാകുന്നവയോ ഉള്ളിൽനിന്നുതന്നെ ഉണ്ടാകുന്നവയൊ ആയ ആഘാതങ്ങൾ എത്രതന്നെ ഉഗ്രങ്ങളായിരുന്നാലും ഇന്ത്യയുടെ സനാതനമായ സംസ്കാരം അവയുടെ ഊക്കിൽ തകർന്നു ചിന്നിപ്പോകാതെയിരിക്കുവാൻ തക്കവണ്ണം ശക്തിമത്തായിട്ടുള്ളതാണെന്നു കാണാം. വിജാതീയങ്ങളായ പലപല സംസ്കാരങ്ങളും ഭാരതീയ സംസ്കാരത്തോടുകൂട്ടിമുട്ടുകയും, ഒടുക്കം അതിനോടു സമരസപ്പെട്ടു ചേരുകയും ചെയ്തിട്ടുണ്ടു്. പുതുതായുണ്ടാകുന്ന ഏതു പരിതഃസ്ഥിതിയോടും ചെറുത്തുനില്പാനും, എല്ലാററിൽനിന്നും നല്ല ഭാഗം സ്വീകരിച്ചു തന്നിൽ ലയിപ്പിക്കുവാനും ഭാരതീയ സംസ്കാരത്തിനുള്ള വൈഭവം ഒന്നു വേറെതന്നെയാണു്. എത്ര നൂതനവും വിചിത്രവുമായ ആശയവും സിദ്ധാന്തവുമായാലും അവയെ ഉൾക്കൊള്ളാൻ തക്കവണ്ണം വിശാലതയും വിശ്വജനീനത്വവും അതിനുള്ളതുകൊണ്ടാണു് അതു് ഏതു വിജാതീയസംസ്കാരത്തോടും ഇണങ്ങിച്ചേരുവാൻ ശക്തമായി ഭവിക്കുന്നതു്. പലപല വിദേശീയാക്രമണങ്ങളും ഘോരകലാപങ്ങളുമായി ഏററു മുട്ടുവാനിടയായിട്ടും ഇന്ത്യയുടെ ധാരാവാഹിയായ പാരമ്പര്യസംസ്കാരവും ദേശീയമഹത്വവും കോട്ടംതട്ടാതെതന്നെ നിലനിന്നുവന്നിട്ടുണ്ടു്. ഗ്രീസ്സ്, റോം മുതലായ മററു രാജ്യങ്ങളുടെ പുരാതനപരിഷ്കാരം കൊള്ളിമീനെന്ന

വണ്ണം കണ്ണിമച്ചു മിഴിക്കുന്നതിനുമുമ്പെ മിന്നിപ്പൊലിഞ്ഞു മാഞ്ഞുപോയി! ഗ്രീസ്സും റോമും അവയുടെ അഭിമാനാവഹങ്ങളായ നേട്ടങ്ങളെ കാലത്തിൻെറ കലവറയിൽനിക്ഷേപിച്ചു. കാലമാകട്ടെ യാതൊരുപയോഗവുമില്ലാത്ത സാധനങ്ങളെന്നനിലയിൽ ഒട്ടും ബാക്കിവെയ്ക്കാതെ അവയെ നശിപ്പിച്ചുകളയുകയും ചെയ്തു! ബാബിലോണിയയുടെ ശില്പവിദ്യാപ്രഭാവം ഒരുകാലത്തു് അതിൻെറ പൊൻതാഴികക്കുടം ചൂടിയ മണിഗോപുരങ്ങളിലും, ഉജ്ജ്വലങ്ങളായ ശൃംഗാരമണ്ഡപങ്ങളിലും തലയുയർത്തിപ്പിടിച്ചുകൊണ്ടു നില്ക്കുകയായിരുന്നു. എന്നാൽ കാലത്തിൻെറ കഠോരമായ കരാഭിഘാതം അവയുടെ ഒരു പരമാണുവെപ്പോലും അവശേഷിപ്പിക്കുകയുണ്ടായില്ല. അസിറിയ എന്നൊരു രാജ്യം ഭൂപൃഷ്ഠത്തിലുണ്ടായിരുന്നു എന്നുള്ളതിലേയ്ക്കു പഴമ്പുരാണമല്ലാതെ മററു യാതൊരുലക്ഷ്യവും ഇപ്പോഴില്ല. ഈജിപ്ററിൻെറ പുരാതനപരിഷ്കാരത്തെപ്പററി പുരാണവസ്തുപര്യവേക്ഷകന്മാർക്കല്ലാതെ മററാക്കാണു് അറിവുള്ളതു്? ഓട്ടൊമാൻസാമ്രാജ്യത്തിൻെറ സമ്പത്സുഖഭോഗസമൃദ്ധിയും പ്രതാപലക്ഷ്മിയും എത്ര ക്ഷണത്തിൽ അസ്തമിച്ചുപോയി! ഇപ്പറഞ്ഞ മഹാരാജ്യങ്ങളുടെയെല്ലാം ഉദയാസ്തമയങ്ങൾക്കു സാക്ഷിയായിവത്തിച്ച ഇന്ത്യാരാജ്യം അന്നൊന്നപോലെ ഇന്നും സാവ്വജനീനമായ സനാതനധമ്മത്തിൽ അടിയുറച്ചുനില്ക്കുന്ന അതിൻെറ പരിഷ്കാരത്തെ പുലത്തിപ്പോരുന്നുണ്ടു്.

പരിഷ്കാരത്തിൻെറ പുലർകാലംമുതൽക്കെ യൂറോപ്പു് മഹത്വത്തിൻെറ മാനദണ്ഡമായ് സ്വീകരിച്ചിട്ടുള്ളതു ഭൌതികാഭിവൃദ്ധിയെയാണു്. യൂറോപ്പിലുള്ള ഓരോ രാഷ്ട്രവും സാധിക്കുന്നിടത്തോളം രാഷ്ട്രീയശക്തി സമ്പാദിച്ചു് ഭൌതികാഭിവൃദ്ധി കൈവരുത്തുവാൻ ഉത്സാഹിക്കുന്നു. ദുർബ്ബലരാജ്യങ്ങളെ കീഴടക്കി അവയുടെ ദേശീയവിഭവങ്ങളെ ചൂഷണംചെയ്തു, സാമ്പത്തികാഭിവൃദ്ധി സമ്പാദിക്കുവാൻ ഓരോരാജ്യവും ആഹോ പുരുഷികയോടുകൂടി വെമ്പുന്നതിനാൽ, യൂറോപ്പിൽ ഐക്യത്തിനും സമാധാനത്തിനും മാഗ്ഗമില്ലാതെയായിത്തീന്നിരിക്കുന്നു. യുക്തിയുക്തമായ കാൎയ്യകാരണബന്ധചിന്തയ്ക്കു സവ്വപ്രാധാന്യം നൽകുന്ന നവീന ശാസ്ത്രം (Science) പ്രത്യക്ഷമായ തെളിവില്ലാത്ത യാതൊരു സംഗതിയിലും വിശ്വസിക്കുവാൻ പാടില്ലെന്നു യൂറോപ്പിനെ പഠിപ്പിച്ചിരിക്കുന്നതിനാൽ മനുഷ്യത്വത്തിൽ നിന്നതീതമായിട്ടു വല്ലതും ഒന്നുണ്ടെന്നു വിശ്വസിക്കുവാൻ യൂറോപ്പിനു വയ്യാതെയായിരിക്കുന്നു

ഒരു രാജ്യത്തിൻെറ പരിഷ്കാരോല്ക്കഷത്തെ വിലമതിക്കുന്നതിൽ, ആ രാജ്യത്തെ ഭരണതന്ത്രസ്ഥാപനങ്ങൾക്കും ഭൌതികസാധനസമ്പത്തിക്കും ഉള്ളേടത്തോളം പ്രാധാന്യം മറെറാന്നിനും യൂറോപ്പു കല്പിക്കുന്നില്ല. മനുഷ്യൻെറ സൃഷ്ടിശക്തിയുടെ പ്രാഗത്ഭ്യം കാണിക്കുന്ന കലാവിദ്യയ്ക്കും അദ്ധ്യാത്മചിന്തയുടെ ആഴം അളക്കുന്ന തത്വദശനവിദ്യയ്ക്കും ഒരു രണ്ടാംസ്ഥാനമെ കല്പിച്ചുകൊടുക്കുന്നുള്ളു. യുക്തിചിന്തയിലും ഭൌതികശാസ്ത്രത്തിലും രാഷ്ട്രീയതന്ത്രത്തിലും ആണു യൂറോപ്പിൻെറ പ്രഗത്ഭത മുഴുവൻ പ്രകാശിപ്പിക്കപ്പെട്ടിട്ടുള്ളതു്. ഇന്ത്യയുടെ വൈദഗ്ദ്ധ്യം പ്രത്യക്ഷപ്പെട്ടിട്ടുള്ളതു് ആവകയൊന്നിലുമല്ല. പ്രകൃതിശക്തികളെക്കൊണ്ടു മനുഷ്യനു ദാസ്യപ്പണിയെടുപ്പിക്കുന്ന ഭൌതികശാസ്ത്രത്തിലൊ; പരരാഷ്ട്രങ്ങളെ ബകവ്രതംകൊണ്ടു ചൂഷണം ചെയ്യുന്ന രാജ്യതന്ത്രത്തിലോ ഇന്ത്യ വിജയക്കൊടി നാട്ടുകയുണ്ടായിട്ടില്ല. തത്വചിന്തയിലും തത്വജ്ഞാനത്തിലും, അദ്ധ്യാത്മവിഷയത്തിലും ആണു് ഇന്ത്യയുടെ നേട്ടങ്ങൾ തലയുയർത്തിപ്പിടിച്ചു നിൽക്കുന്നതു്.

ഇന്ത്യയെപ്പോലെ ഇത്ര ദീഘമായ മതചരിത്രം ഉള്ള ഒരു രാജ്യം ലോകത്തിൽ വേറെയില്ല. അതി ദീഘമായ ആ മതചരിത്രത്തിൻെറ വൈചിത്ര്യം ഇന്ത്യയുടെ സംസ്കാരികമായ പുരോയാത്രയുടെ ദൈഘ്യത്തെ അളന്നുകാണിക്കുന്നു. ആൎയ്യസംസ്കാരമാകുന്ന മൂലവൃക്ഷത്തിൽ പൊട്ടിപ്പൊടിച്ചുണ്ടായിട്ടുള്ള വൈദികമതം, ബുദ്ധമതം, ജൈനമതം, പാശുപതം, പാഞ്ചരാത്രം മുതലായ മതപ്രസ്ഥാനശാഖകളുടെ ബാഹുല്യം ഇന്ത്യയാൽ ഉപജ്ഞാതങ്ങളായ അദ്ധ്യാത്മസിദ്ധിമാഗ്ഗങ്ങളുടെ വൈവിദ്ധ്യത്തെ വെളിപ്പെടുത്തുന്നു. പരമപുരുഷാത്ഥമായി ഗണിക്കപ്പെടുന്ന മോക്ഷത്തിൻെറ സാധനത്തിനു ഭക്തി, കമ്മം, ജ്ഞാനം എന്നിങ്ങനെ മുഖ്യമായ് മൂന്നു മാർഗ്ഗങ്ങളെ ഇന്ത്യ വെട്ടിത്തെളിയിച്ചിരിക്കുന്നു. ഈ മാർഗ്ഗത്രയത്തിൽ ഓരോന്നിനും വെവ്വേറെ പല ശാഖാമാഗ്ഗങ്ങളും കാലാന്തരത്തിൽ ഉണ്ടായിട്ടുണ്ടു്. അവയിൽ ചിലതു് ആൎയ്യന്മാരുടേയും മററു ചിലതു് ദ്രാവിഡന്മാരുടേയും പ്രത്യേക നേട്ടങ്ങളാണു്. ആൎയ്യാവത്തത്തിൽ നിന്നു തെക്കോട്ടു കടന്ന ആൎയ്യന്മാരുടെ യാഗാതികമ്മപരമായ വൈദികചരിതം, ദ്രാവിഡന്മാരുടെ ഭക്തിപരമായ ലിംഗാരാധനമതത്തോടു കലന്നു ഗണ്യമായ വിധത്തിൽ രൂപാന്തരപ്പെടുകയും അതിൻെറ ഫലമായി ‘തന്ത്ര

മാൎഗ്ഗ'മെന്നും, 'ആഗമമാർഗ്ഗമെന്നും' രണ്ടു പുതിയ മതപ്രസ്ഥാനങ്ങൾ ഉത്ഭവിക്കുവാനിടയാവുകയും ചെയ്തു. ഇവയിൽ തന്ത്രമാൎഗ്ഗത്തിൻെറ ധാത്രീസ്ഥാനം ഉത്തരേന്ത്യയ്ക്കും, ആഗമമാൎഗ്ഗത്തിൻേറതു ദക്ഷിണേന്ത്യയ്ക്കുമാണെന്നു പറയാം. തന്ത്രമാൎഗ്ഗത്തിൽപ്പെട്ട പാശുപതവും, അതിൻെറ അവാന്തരഭേദങ്ങളായ ഗാണപത്യം, ശാക്തേയം, കാപാലികം മുതലായ പ്രസ്ഥാനങ്ങളും ഉത്തരേന്ത്യയിൽ ഉയൎന്നുവന്ന ശൈവമതത്തിൻെറ ശാഖകളാണു്. ശിവൻ, വിഷ്ണു, ദുൎഗ്ഗ, കാളി, ഗണപതി, സുബ്രഹ്മണ്യൻ മുതലായ ശൈവവൈഷ്ണവമൂൎത്തികളെ ലിംഗരൂപത്തിലും ബിംബരൂപത്തിലും പ്രതിഷ്ഠിച്ചു *പൂജിച്ചുവരുന്ന വിഗ്രഹാരാധനസമ്പ്രദായത്തെ ആഗമമാർഗ്ഗമെന്നു പറയുന്നു. തന്ത്രമാർഗ്ഗത്തിലെ ചില ചടങ്ങുകൾ ആഗമമാർഗ്ഗത്തിലും, ആഗമമാൎഗ്ഗത്തിലെ ചില ചടങ്ങുകൾ തന്ത്രമാർഗ്ഗത്തിലും ചേൎന്നു കാണുന്നതാണു്. തന്ത്രമാൎഗ്ഗത്തിനു് ആഗമമാൎഗ്ഗത്തിനുണ്ടായേടത്തോളമുള്ള പ്രചാരവും പ്രാധാന്യവും ഉണ്ടായിട്ടില്ല.

ശൈവമതം, ചരിത്രകാലാരംഭത്തിനു് വളരെ മുമ്പുമുതൽക്കേ ദാക്ഷിണാത്യരായ ദ്രാവിഡന്മാർ വിശ്വസിക്കുകയും അനുഷ്ഠിക്കുകയും ചെയ്തുവന്നിരുന്ന അതിപ്രാചീനമായ ഒരു മതമാണു്. വൈദികകാലത്തിനും മുമ്പുള്ള 'ശിലായുഗ' (Stnoe age) കാലത്തുതന്നെ ദ്രാവിഡന്മാർ ശിവനെ ലിംഗരൂപത്തിൽ ആരാധിച്ചു വന്നിരുന്നതായി, ദക്ഷിണേന്ത്യയിലെ പല ഭാഗങ്ങളിൽനിന്നും കണ്ടുകിട്ടിയിട്ടുള്ള പ്രാചീന വസ്തുക്കൾ പരിശോധിച്ചതിൽ വെളിപ്പെട്ടിട്ടുണ്ടു്. ശിവൻ ആൎയ്യന്മാരുടെ ദേവനല്ലെന്നും, ദാക്ഷിണാത്യരായ ദ്രാവിഡന്മാരുടെ ദേവനാണെന്നും, ശിവൻെറ 'ദക്ഷിണാമൂൎത്തി' എന്ന പേരിൽനിന്നുതന്നെ അതു വെളിപ്പെട്ടുന്നുണ്ടെന്നും ചരിത്രപണ്ഡിതന്മാർ സിദ്ധാന്തിക്കുന്നു. 'ശിവൻ' എന്ന പദം ചുവന്നവൻ എന്നൎത്ഥത്തിലുള്ള 'ചിവൻ' എന്ന ദ്രാവിഡഭാഷാപദത്തിൻെറ രൂപാന്തരമാണെന്നും, ശിവപദത്തിന്നു 'മംഗലം' എന്നും, 'മംഗലരൂപൻ' എന്നും ഉള്ള അൎത്ഥങ്ങൾ അനന്തരകാലത്തു് ആൎയ്യപണ്ഡിതന്മാർ കല്പിച്ചതാണെന്നും, ആൎയ്യന്മാർ വൈദികദേവനായ രുദ്രനെ ദ്രാവിഡദേവനായ ശിവനിൽ ലയിപ്പിച്ചു്, ശിവനെ മംഗലരൂപനായും അമംഗലരൂപനായും സങ്കല്പിച്ചാരാധിക്കുവാൻ തുടങ്ങിയപ്പോഴാണു് മേൽപ്പറഞ്ഞപ്രകാരം ശിവപദത്തിന്നു് അൎത്ഥവിപൎയ്യാസം വന്നതെന്നും, ചില ദ്രാവിഡപക്ഷപാതികൾ അഭിപ്രായപ്പെടുന്നുണ്ടു്. ഈ വക അഭിപ്രായങ്ങൾ എങ്ങിനെയിരുന്നാലും, ഇന്നു കാണുന്ന രൂപത്തിലുള്ള ശൈവമതം കേവലം ആൎയ്യന്മാരുടേയോ ദ്രാവിഡന്മാരുടേയോ മാത്രമായിട്ടുള്ള ഒരു സമ്പാദ്യമല്ല എന്നു തീർച്ചയാണു്. ശിവനേപ്പററിയുള്ള സങ്കല്പത്തിലും ശിവൻെറ പൂജാവിധിയിലും ആൎയ്യദ്രാവിഡസംസ്കാരങ്ങൾ രണ്ടിൻേറയും അംശങ്ങൾ സങ്കീൎണ്ണങ്ങളായിക്കാണുന്നുണ്ടു്.

പാഞ്ചരാത്രം അല്ലെങ്കിൽ വൈഷ്ണവമതം ആൎയ്യോപജ്ഞമാണെന്നും ദ്രാവിഡോപജ്ഞമാണെന്നും രണ്ടു വാദങ്ങളുള്ളതിൽ ഏതാണു ശരിയായിട്ടുള്ളതെന്നു നിൎണ്ണയിക്കുവാൻ ഇനിയും ചരിത്രാന്വേഷണം ആവശ്യമായിട്ടാണിരിക്കുന്നതു്. ക്രിസ്തുവിന്നു മുന്നൂറു സംവത്സരങ്ങൾക്കു മുമ്പുത്ഭവിച്ച ഒരു ഏകദൈവമതമാണു് വൈഷ്ണവമാർഗ്ഗമെന്നും ക്രിസ്തുവൎഷാരംഭത്തിനു ശേഷം ഗുപ്തരാജാക്കന്മാരുടെ വാഴ്ചക്കാലാമുതൽക്കു് അതു മേൽക്കുമേൽ വളൎന്നുകൊണ്ടുവന്നു എന്നും ചരിത്രത്തിൽനിന്നു കാണുന്നു. കനിഷ്കചക്രവൎത്തിയുടെ കാലത്തോടുകൂടി ബുദ്ധമതത്തിനു് ക്ഷയം നേരിടുകയും ഗുപ്തസാമ്രാജ്യത്തിൻെറ ഉത്ഥാനത്തോടുകൂടി ഹിന്ദുമതത്തിന്നു പുനൎജ്ജീവനം ഉണ്ടാവുകയും ചെയ്തതുമുതൽക്കാണു് വൈഷ്ണവമതം സൎവ്വത്ര പടൎന്നു പിടിക്കുവാൻ തുടങ്ങിയതു്. പുതുതായി സ്ഥാപിക്കപ്പെട്ട വൈഷ്ണവക്ഷേത്രങ്ങളും വൈഷ്ണവകഥകളെ പ്രപഞ്ചനം ചെയ്തുകൊണ്ടെഴുതപ്പെട്ട പുരാണാദിഗ്രന്ഥങ്ങളും വഴിയായി ക്രിയാകലാപജടിലമായ കൎമ്മകാണ്ഡത്തേക്കാളും, കൃച്ഛ്രമായ കൎമ്മസംന്യാസത്തേക്കാളും പ്രേമലക്ഷണമായ ഭക്തിയാണു മുക്തിക്കുള്ള സുഗമമാൎഗ്ഗമെന്നുള്ള ബോധം സാമാന്യജനങ്ങൾക്കിടയിൽ പ്രചരിച്ചതും ഇക്കാലത്താണു്.

ക്രിസ്തുവൎഷം 12-ാം ശതാബ്ദം മുതൽക്കു വൈഷ്ണവമാർഗ്ഗം, വടക്കേ ഇന്ത്യയിലും തെക്കേ ഇന്ത്യയിലും സംഘടിതമായ ഒരു പ്രത്യേക മതപ്രസ്ഥാനമായി വളൎന്നുകൊണ്ടു വന്നു. ചൈതന്യൻ, വല്ലഭാചാൎയ്യർ മുതലായ സിദ്ധവൎയ്യന്മാർ വടക്കേ ഇന്ത്യയിലും, രാമാനുജാചാൎയ്യർ, മദ്ധ്വാചാൎയ്യർ മുതലായ ആചാൎയ്യന്മാർ തെക്കെ ഇന്ത്യയിലും, സ്വാഭിപ്രായങ്ങൾക്കനുസരിച്ചുള്ള സിദ്ധാന്തങ്ങളും സമ്പ്രദായങ്ങളും സ്ഥാ

* പൂജ, പുഷ്പം മുതലായ സംസ്കൃതവാക്കുകൾക്കു് 'പൂ' എന്ന ദ്രാവിഡധാതുവാണു് മൂലം എന്നു ചില പണ്ഡിതന്മാർ സിദ്ധാന്തിക്കുന്നു.

പിച്ചു്, വൈഷ്ണവമതത്തെ പല ഭിന്നശാഖകളുമുള്ള ഒരു സംഘടിതമതമാക്കിത്തീർത്തു. ജയദേവൻ, ചൈതന്യൻ, ചണ്ഡിദാസൻ, വിദ്യാപതി, ഗരുഡദാസൻ, സൂർദാസ്, തുകാറാം, മീരാബായി, ധ്യാനേശ്വരൻ, ഏകനാഥൻ, വല്ലഭാചാര്യർ മുതലായവർ വൈഷ്ണവമതത്തെ ശ്രീകൃഷ്ണപരമാക്കിത്തീർത്തപ്പോൾ, തുളസീദാസൻ, രാമദാസൻ തുടങ്ങിയവർ അതിനെ ശ്രീരാമപരമാക്കിത്തീർക്കയാണു ചെയ്തതു്. ദക്ഷിണേന്ത്യയിലെ വൈഷ്ണവമതം വിഷ്ണുവിന്റെ ഏതെങ്കിലും അവതാരത്തെ പ്രത്യേകം അവലംബിക്കാതെ വിഷ്ണുവിനെത്തന്നെ കേന്ദ്രീകരിക്കുകയാണുണ്ടായതു്. ദാക്ഷിണാത്യരായ വൈഷ്ണവന്മാർ, രാമകൃഷ്ണാദ്യവതാരങ്ങളിൽ യാതൊരു ഭേദഭാവനയും കൂടാതെ പരബ്രഹ്മസ്വരൂപനായ ശ്രീമന്നാരായണനെ ഭജിച്ചുവരുന്നു. രാമായണവും ഭാഗവതവും അവക്കൊരുപോലെ 'വിശുദ്ധഗ്രന്ഥ'ങ്ങളാണ്.

ദക്ഷിണേന്ത്യയിൽ വൈഷ്ണവമതം രാമാനുജപ്രസ്ഥാനമെന്നും, മാധ്വപ്രസ്ഥാനമെന്നും രണ്ടു ഭിന്നശാഖകളായി വേർതിരിഞ്ഞു നിൽക്കുന്നു. രാമാനുജപ്രസ്ഥാനത്തെ വിശിഷ്ടാദ്വൈതമതം എന്നും, മാധ്വപ്രസ്ഥാനത്തെ ദ്വൈതമതമെന്നും പറയും. വിശിഷ്ടാദ്വൈതവൈഷ്ണവമതം യോഗദർശനത്തോടും ദ്വൈതവൈഷ്ണവമതം സാംഖ്യദർശനത്തോടുമാണു കൂടുതൽ ചാഞ്ഞുനില്ക്കുന്നതു്. അദ്വൈതമതസ്ഥാപകനായ ശങ്കരാചാര്യഭഗവൽപാദരേപ്പോലെ, വിശിഷ്ടാദ്വൈതമതസ്ഥാപകനായ രാമാനുജാചാര്യരും, ദ്വൈതമതസ്ഥാപകനായ മദ്ധ്വാചാര്യരും, ബ്രഹ്മസൂത്രം, ഉപനിഷത്തു്, ഗീത എന്നീ 'പ്രസ്ഥാനത്രയ'ത്തിനു ഭാഷ്യങ്ങൾ രചിച്ചിട്ടുണ്ടു്. രാമാനുജഭാഷ്യത്തിനും, മാധ്വഭാഷ്യത്തിനും, ശാങ്കരഭാഷ്യത്തിനുള്ളതുപോലെയുള്ള പ്രാധാന്യവും പ്രസിദ്ധിയും ഇല്ലെങ്കിലും, ചരിത്രത്തിലും തത്വശാസ്ത്രത്തിലും തല്പരന്മാരായിട്ടുള്ളവർക്കു് ഒരിക്കലും അവിഗണിക്കത്തക്കവയല്ല.

സാംഖ്യം, ന്യായം, വൈശേഷികം, യോഗം, പൂർവ്വമീമാംസ, ഉത്തരമീമാംസ (വേദാന്തം) എന്നീ ഷഡ്ദർശനങ്ങളിൽ പൂർവ്വോത്തരമീമാംസകൾക്കു രണ്ടിനും പ്രൗഢങ്ങളായ പല ഉപരിഗ്രന്ഥങ്ങളും കിട്ടിയിട്ടുള്ളതു ദക്ഷിണേന്ത്യയിൽനിന്നാണ്. ദക്ഷിണേന്ത്യയുടെ ദക്ഷിണഭാഗമായ കേരളത്തിൽ ക്രിസ്തുവർഷം നാലാം നൂററാണ്ടു മുതൽക്കു പൂർവ്വമീമാംസയും, ഒൻപതാം നൂററാണ്ടു മുതൽക്കു ഉത്തരമീമാംസയും പ്രചാരപ്പെട്ടുകൊണ്ടുവന്നതായും, അവയിൽ കേരളീയരായ പല മഹാവിദ്വാന്മാരും പല വിശിഷ്ടഗ്രന്ഥങ്ങളും നിർമ്മിച്ചിട്ടുള്ളതായും കാണുന്നുണ്ടു്. ശബരസ്വാമിഭാഷ്യത്തിനു ഭിന്നമാർഗ്ഗങ്ങളിൽ ഓരോ വ്യാഖ്യാനമുണ്ടാക്കി, പൂർവ്വമീമാംസയിൽ പ്രാഭാകരമതം എന്നും, ഭാട്ടമതമെന്നും രണ്ടു പ്രസ്ഥാനങ്ങൾ സൃഷ്ടിച്ചവരായ പ്രഭാകരഭട്ടരും, കുമാരിലഭട്ടരും, വിധിവിവേകം, വിഭ്രമവിവേകം, സ്ഫോടസിദ്ധി മുതലായ പല മഹാഗ്രന്ഥങ്ങളുടേയും കർത്താവും, ശങ്കരാചാര്യരുമായുണ്ടായ വാദത്തിൽ തോററു്, ഒടുവിൽ അദ്ദേഹത്തിന്റെ ശിഷ്യനായിത്തീർന്ന ആളുമായ മണ്ഡനമിശ്രരും കേരളീയന്മാരായിരുന്നു എന്നൊരു വാദം ഇപ്പോൾ പുറപ്പെട്ടു കഴിഞ്ഞിട്ടുണ്ടു്. ഈ വാദം ശരിയാണെന്നു തെളിയുന്ന പക്ഷം, ഉത്തരമീമാംസയ്ക്കെന്നതുപോലെ പൂർവ്വമീമാംസയ്ക്കും സർവ്വാത്മനാ ധാത്രീസ്ഥാനം വഹിക്കുന്നതു കേരളഭൂമിയാണെന്നു വരുന്നതാണ്. എന്നാൽ, ബാദരായണകൃതമായ ഉത്തരമീമാംസയെ ഉപബൃംഹണം ചെയ്തു്, അദ്വൈതമതം സ്ഥാപിക്കുകയും, കന്യാകുമാരിമുതൽ ഹിമാലയപ്രാന്തം വരെ സഞ്ചരിച്ചു ദിഗ്വിജയം ചെയ്തു് അദ്വൈതമതം പ്രചാരപ്പെടുത്തുകയും ചെയ്ത സാക്ഷാൽ ശങ്കരാചാര്യസ്വാമികളെക്കൂടി പാരദേശികനാക്കിത്തീർത്തു് വേദാന്തത്തിന്റെ വിളഭൂമി എന്നപേരു കേരളത്തിനു കിട്ടാതെ കഴിക്കുവാൻ ചില വൈദേശികപണ്ഡിതന്മാർ ശ്രമിക്കാതിരുന്നിട്ടില്ല. ആ സ്ഥിതിക്കു ജൈമിനീകൃതമായ പൂർവ്വമീമാംസയെ പ്രപഞ്ചനം ചെയ്തു ധർമ്മതത്വത്തെ പ്രകാശിപ്പിച്ചിട്ടുള്ളവരായ പ്രഭാകരഭട്ടപ്രഭൃതികൾ ഔത്തരാഹന്മാരായിരുന്നു എന്നുള്ള രൂഢമൂലമായ പ്രഥയെ ഇളക്കിമറിച്ചു്, അവർ കേരളീയരായിരുന്നു എന്നു സർവ്വസമ്മതമാംവണ്ണം സ്ഥാപിക്കുവാൻ നന്നാ ഞെരുക്കമുണ്ടു്. എന്നാൽ കേരളത്തിൽ, പൂർവ്വോത്തരമീമാംസകളിൽ രണ്ടിലും പ്രവീണന്മാരായ പല പണ്ഡിതന്മാരും പണ്ടുണ്ടായിരുന്നു എന്നു പാരദേശികന്മാർ തന്നെ സമ്മതിക്കാതിരുന്നിട്ടില്ല. ഉദ്ദണ്ഡശാസ്ത്രികളുടെ കോകിലസന്ദേശത്തിൽ:—

* 'കിഞ്ചിൽപൂർവ്വാരണഖളഭവിശ്രീമദദ്ധ്യക്ഷയേഥാ-
സ്തന്മീമാംസാദ്വയകുലഗുരോസ്സദ്മപുണ്യം മഹർഷേഃ
വിദ്വദ്വൃന്ദവിവദിതുമനസ്യാഗതേയത്രശശ്വ-
ദ്വ്യാഖ്യാശാലാവളഭിനിലയസ്ഥിഷ്ണുതകീരവൃന്ദഃ'

---

* ചൊൽപ്പൊങ്ങും രണ്ടുമീമാംസകൾക്കു കുലഗുരുവാമാമഹർഷീന്ദ്രർവാഴും
സദ്മം കാൺകല്പമൊന്നായതിനടയകിഴക്കേപ്പുറം പോർക്കളത്തിൽ;
ദർപ്പം കൂട്ടുന്ന വാദിപ്പടയവിടെവരുന്നാകിൽ വാദം നടത്താ-
നൊപ്പം വ്യാഖ്യാനശാലാവളഭിനിരയിൽനില്ക്കുന്ന കീരങ്ങളത്രേ.

(കേരളവ്യാസന്റെ തർജ്ജമ.)

എന്നിങ്ങനെ മഹാപണ്ഡിതനായ പയ്യൂർപ്പട്ടേരിയെ 'മീമാംസാദ്വയകുലഗുരു' എന്നു വാഴ്ത്തിയിട്ടുള്ളതു നോക്കുക. ഉദ്ദണ്ഡശാസ്ത്രിയുംകൂടെ സാമൂതിരിസദസ്സിലുണ്ടായിരുന്ന 'പതിനെട്ടരക്കവി'കളിൽ, ഒൻപതുപേർ മീമാംസാപാരംഗതന്മാരായ പയ്യൂർപട്ടേരിമാരായിരുന്നു. നാരായണീയം, പ്രക്രിയാസർവ്വസ്വം, മാനമേയോദയം, പാഞ്ചാലീസ്വയംവരം, രാജസൂയം മുതലായി വിവിധവിഷയങ്ങളായ നിരവധി ഗ്രന്ഥങ്ങളുടെ കർത്താവും, പ്രസിദ്ധഭക്തകവിയുമായിരുന്ന മേല്പത്തൂർ നാരായണഭട്ടതിരി, മേൽപറഞ്ഞ പയ്യൂർപട്ടേരിമാരുടെ ഭാഗിനേയനായിരുന്നു എന്നാണറിയുന്നതു്.

സമദർശിയായ അദ്വൈതവിദ്യയുടെ ജന്മഭൂമിയായ കേരളം ഭക്തിജ്ഞാനകർമ്മമാർഗ്ഗങ്ങൾ മൂന്നിനേയും പരസ്പരം കൂട്ടിയിണക്കുകയും, ശിവ വിഷ്ണു ഭേദംകൂടാതെ സർവ്വദേവന്മാരേയും ഏകമായ പരബ്രഹ്മത്തിന്റെ ഉപാധിഭേദം അനുസരിച്ചുള്ള ഭിന്നമൂർത്തികളായി ഗണിച്ചു് ഒരേനിലയിൽ ആരാധിക്കുകയും ചെയ്തുവന്നതിനാൽ, കേരളത്തിൽ ശൈവവൈഷ്ണവമതഭേദം ഉണ്ടാകുവാനിടയായില്ല. കേരളാധിപന്മാരായിരുന്ന പെരുമാക്കന്മാരിൽ കുലശേഖരപ്പെരുമാൾ വൈഷ്ണവരും, ഭാസ്കരരവിവർമ്മ ചേരമാൻപെരുമാൾ ശൈവരും ആയിരുന്നു എങ്കിലും, അവരുടെ വൈഷ്ണവശൈവമതപക്ഷപാതം സാമാന്യജനങ്ങളുടെ ഇടയിൽ സംക്രമിച്ചതിന്റെ ലക്ഷണമൊന്നും കാണുന്നില്ല. കുലശേഖരപ്പെരുമാൾ, പരദേശത്തുള്ള വൈഷ്ണവന്മാർ വിഷ്ണുവിന്റെ അംശാവതാരങ്ങളായി ഗണിച്ചാരാധിച്ചുവരുന്ന പന്തിരണ്ടു് ആൾവാരന്മാരിൽ ഏഴാമത്തെ ആൾവാർ (സിദ്ധൻ) ആണു്. വൈഷ്ണവന്മാരുടെ ചില ഐതിഹ്യങ്ങളിലും പാട്ടുകളിലും, 'ദിവ്യസൂരിചരിതം' എന്ന സംസ്കൃത ഗ്രന്ഥത്തിലും അദ്ദേഹത്തിന്റെ ചരിത്രങ്ങൾ വർണ്ണിക്കപ്പെട്ടിട്ടുണ്ടു്. ദ്രമിഡവൈഷ്ണവന്മാരുടെ 'വേദ'മായ 'നാലായിരപ്രബന്ധ'ത്തിൽ ചേർത്തിട്ടുള്ള 'പെരുമാൾ തിരുമൊഴി'യും, സംസ്കൃതത്തിലുള്ള 'മുകുന്ദമാല' എന്ന സ്തോത്രകൃതിയും കുലശേഖരപ്പെരുമാളുടെ വകയാണു്. തപതീസംവരണം, സുഭദ്രാധനഞ്ജയം മുതലായ സംസ്കൃതനാടകങ്ങളുടെ കർത്താവായിക്കാണുന്ന കുലശേഖരരും, വൈഷ്ണവസിദ്ധനായ ഈ കുലശേഖരരും ഒരാളാണെന്നും രണ്ടാളാണെന്നുമുള്ള വാദങ്ങളിൽ ഏതാണു ശരിയായിട്ടുള്ളതെന്നു പരിശോധിക്കുവാൻ തല്ക്കാലം തുനിയുന്നില്ല.

കുലശേഖരപ്പെരുമാളുടെ പിൻഗാമിയായ ഭാസ്കരരവിവർമ്മപ്പെരുമാൾ (ഇദ്ദേഹത്തെ ചേരമാൻപെരുമാളെന്നാണു സാധാരണ പറയാറുള്ളതു്). ദ്രമിഡശൈവന്മാർ വന്ദിച്ചുവരുന്ന അറുപത്തിമൂന്നു 'നായനാന്മാ'രിൽ ഒരാളാണു്. വൈഷ്ണവസിദ്ധന്മാരെ ആൾവാരന്മാർ എന്നു പറയുന്നതുപോലെ ശൈവസിദ്ധന്മാരെ നായനാന്മാർ എന്നു പറയുന്നു. കുലശേഖര ആൾവാരുടെ വൈഷ്ണവഗാനങ്ങൾ വൈഷ്ണവന്മാർക്കെന്നതുപോലെ ചേരമാൻപെരുമാൾനായനാരുടെ ശൈവഗാനങ്ങൾ ശൈവന്മാർക്കും വളരെ പ്രധാനപ്പെട്ടവയാണു്. ചേരമാൻപെരുമാൾനായനാർ ഒടുക്കത്തെ പെരുമാളായിരുന്നു എന്നാണു് ഐതിഹ്യം. ഇദ്ദേഹത്തിന്റെ പൂർവ്വികനായ കുലശേഖരപ്പെരുമാൾ വൈഷ്ണവമതത്തേയും, ഇദ്ദേഹം ശൈവമതത്തേയും പ്രചരിപ്പിക്കുവാൻവേണ്ടി ചെയ്തിട്ടുള്ള ശ്രമങ്ങൾ എന്തെല്ലാമായിരുന്നാലും അവയ്ക്കു ലക്ഷ്യങ്ങളായി വല്ലതും ഇന്നവശേഷിച്ചിട്ടുണ്ടെങ്കിൽ അതു് അങ്ങുമിങ്ങും കാണുന്ന ഏതാനും പുരാതനക്ഷേത്രങ്ങൾ മാത്രമാണു്. ഈ പെരുമാക്കന്മാരുടെ കാലങ്ങളിൽ ഇവിടെ തലയുയർത്തിപ്പിടിച്ച വൈഷ്ണവശൈവമതങ്ങൾ ഏറെക്കഴിയുംമുമ്പെ അതിശക്തിയോടുകൂടി ഉത്ഥാനം ചെയ്ത അദ്വൈതശാങ്കരമതത്തിൽ മുഴുകിച്ചേർന്നു ലയിച്ചുപോവുകയാണുണ്ടായതു്.

മലയാളദേശമൊഴിച്ചു, തെന്നിന്ത്യയുടെ മററുള്ള ഭാഗങ്ങളിൽ ശൈവവൈഷ്ണവമതങ്ങൾക്കു സുദീർഘമായ ഒരു ചരിത്രമാണുള്ളതു്. ക്രിസ്തുവർഷം ആറാംനൂററാണ്ടുമുതൽക്കു ദക്ഷിണേന്ത്യ ഭിന്നാഭിന്നങ്ങളായ പല മതപ്രസ്ഥാനങ്ങളുടേയും മത്സരരംഗമായിട്ടാണു വർത്തിച്ചിരുന്നതു്. ദക്ഷിണേന്ത്യയിൽ മുമ്പേതന്നെ കടന്നുകൂടി സ്ഥാനം ഉറപ്പിച്ചുകഴിഞ്ഞിട്ടുണ്ടായിരുന്ന ജൈനബുദ്ധമതങ്ങളും നവോത്ഥിതങ്ങളായ വൈഷ്ണവശൈവമതങ്ങളും തമ്മിൽ നടന്ന തീവ്രമായ ബലാബലപരീക്ഷയിൽ, ഒടുക്കം ജൈനബുദ്ധമതങ്ങൾ പരാജയപ്പെട്ടു. വൈഷ്ണവശൈവമതങ്ങളുടെ മർദ്ദനമേററു്, ബുദ്ധമതം തീരെ ക്ഷയിക്കുകയും, ജൈനമതം ചോളപാണ്ഡ്യദേശങ്ങൾ വിട്ടു കർണ്ണാടകദേശത്തിൽ കടന്നു് അഭയം പ്രാപിക്കുകയും ചെയ്തു. വൈഷ്ണവശൈവമതങ്ങൾതമ്മിലും ചില കാലങ്ങളിൽ ഘോരമായ ഘട്ടനമുണ്ടാകാതിരുന്നിട്ടില്ല. ചോളപാണ്ഡ്യരാജാക്കന്മാരുടെ സവിശേഷമായ സംരക്ഷണമുണ്ടായിരുന്നതുകൊണ്ടു ശൈവമതത്തിന്നു പ്രതിയോഗി

യായ വൈഷ്ണവമതത്തെ മട്ടിച്ചു മുന്നോട്ടു പോകുവാൻ സൌകൎയ്യം സിദ്ധിച്ചിരുന്നു. വൈഷ്ണവമതത്തിന്നു പല്ലവരാജാക്കന്മാരിൽ ചിലരുടെ സഹായം ചില പ്പോഴ് ലഭിച്ചിരുന്നു എന്നുള്ളതു പരമാൎത്ഥംതന്നെ. പക്ഷെ പല്ലവാധിപത്യം അസ്തമിച്ചു ചോളാധിപത്യം ഉദിച്ചുയൎന്നതോടുകൂടി അതിന്നു പല പ്രതികൂല ശക്തികളോടും മല്ലിടേണ്ടതായിട്ടു വന്നതായിക്കാണുന്നുണ്ട്. രണ്ടാംകുലോത്തുംഗചോളന്റെ കാലത്തു രാജദ്രോഹം നിമിത്തം രാമാനുജാചാൎയ്യർ നാട്ടിൽനിന്ന് ഒളിച്ചുപോയി കൎണ്ണാടകദേശത്തിൽ ചെന്ന്, ഹോയ്സലരാജാവായ ബിട്ടിദേവന്റെ രക്ഷയിൽ താമസിച്ചതായും, അതോടുകൂടി വൈഷ്ണവമതം തമിഴനാട്ടിൽനിന്നു കൎണ്ണാടകാന്ധ്രദേശങ്ങളിൽ കടന്ന് അഭയംപ്രാപിച്ചതായും ചരിത്രത്തിൽനിന്നറിയുന്നുണ്ട്. എന്നാൽ, വീരശൈവന്മാരായിരുന്ന ചോളരാജാക്കന്മാരുടെ മൎദ്ദനം വല്ലാതെയുണ്ടായിട്ടും, വൈഷ്ണവമതത്തിന്റെ ശക്തി മേൽക്കുമേൽ വൎദ്ധിച്ചുവരുകതന്നെയാണുണ്ടായതു്. ക്രിസ്തുവൎഷം ആറാം നൂററാണ്ടുമുതൽക്കു ഭാഗവതോത്തമന്മാരായ ആഴ്വാരന്മാരുടേയും, 12-ാം നൂററാണ്ടുമുതൽക്കു മഹാജ്ഞാനികളായ ആചാൎയ്യന്മാരുടേയും നേതൃത്വത്തിൽ വൈഷ്ണവമതം മേൽക്കുമേൽ വളൎന്നുകൊണ്ടുവന്നു. രാമാനുജൻമുതൽക്കുള്ള ആചാൎയ്യന്മാരുടെ കാലത്തു് അതു സമുദായപരിഷ്കാരോന്മുഖവും തത്വജ്ഞാനപരവുംകൂടിയായി പരിണമിക്കുകയുണ്ടായി. വൈഷ്ണവാചാൎയ്യന്മാരിൽ അഗ്രഗണ്യനായ രാമാനുജാചാൎയ്യർ ജാതിയുടെ ഉൽക്കൎഷാപകൎഷങ്ങളേയും ജാത്യാചാരങ്ങളേയും വകവയ്ക്കാതെ ഗുണകൎമ്മങ്ങളേക്കൊണ്ടു യോഗ്യന്മാരായിട്ടുള്ളവരെയെല്ലാം ആദരിക്കുകയും, എല്ലാ ജാതിക്കാരേയും ഒരുപോലെ വൈഷ്ണവസംസ്കാരം നൽകി ഉയൎത്തുകയും ചെയ്തതിനാൽ വൈഷ്ണവമതം തെക്കേ ഇന്ത്യയിൽ ഒരു സമുദായപരിഷ്കരണ പ്രസ്ഥാനംകൂടിയായിത്തീരുകയുണ്ടായി. രാമാനുജാചാൎയ്യരുടെ 'ശ്രീഭാഷ്യ' (ബ്രഹ്മസൂത്രഭാഷ്യ)വും ഗീതാഭാഷ്യവും, വേദാന്തസാരം, വേദാന്തസംഗ്രഹം, വേദാന്തദീപം മുതലായ മററു ഗ്രന്ഥങ്ങളും വേദാന്തദേശികാചാൎയ്യരുടെ വിവിധഗ്രന്ഥങ്ങളും വൈഷ്ണവമതത്തെ തത്വശാസ്ത്രസമ്പന്നമാക്കിത്തീൎക്കുകയും ചെയ്തിട്ടുണ്ട്. വടക്കേ ഇന്ത്യയിലെ വൈഷ്ണവമതത്തിന്ന് ഇതുപോലെ തത്വജ്ഞാനവിഷയത്തിൽ പറയത്തക്ക നേട്ടങ്ങളൊന്നും ഉണ്ടായിട്ടില്ല. ഔത്തരാഹന്മാരായ വൈഷ്ണവകവികളുടെ കീൎത്തനഗാനങ്ങൾ എത്രത്തോളം ആവേശജനകങ്ങളും അദ്ധ്യാത്മചിന്താപരങ്ങളുമായിരുന്നാലും അവയ്ക്കു തത്വശാസ്ത്രദൃഷ്ട്യാ യാതൊരു പ്രാധാന്യവുമില്ല. ബങ്കാളിൽ ചൈതന്യരും, ഗുജറാത്തിൽ വല്ലഭാചാൎയ്യരും, മഹാരാഷ്ട്രത്തിൽ ധ്യാനേശ്വരൻ മുതലായവരും വൈഷ്ണവമതത്തെ കേവലം ഭക്തിപരമായ ഒരു ഭജനപ്രസ്ഥാനത്തിന്റെ നിലയിൽ മാത്രമാണു പ്രചാരപ്പെടുത്തിയതു്. പരാഭക്തി മുഖേന ജീവാത്മാവിന്നുണ്ടാകുന്ന പരമാത്മൈക്യത്തെ സൂചിപ്പിക്കുന്ന ഭാഗവതത്തിലെ രാധാകൃഷ്ണസമാഗമത്തേയും, രാസക്രീഡയേയും കേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു ഭഗവത്ഭജനസമ്പ്രദായം ഏൎപ്പെടുത്തുകയാണ് അവർ മുഖ്യമായി ചെയ്തിട്ടുള്ളതു്. രാസക്രീഡയെ വിഷയീകരിച്ചുകൊണ്ടുള്ള ഈ ഭഗവൽഭജനസമ്പ്രദായം ബങ്കാളിൽ 'അഘോരി' എന്നും മററുമുള്ള പേരുകളിൽ വ്യഭിചാരത്തിനുള്ള ഒരു 'ലൈസൻസ്' എന്ന നിലയിൽ വല്ലാതെ ദുഷിക്കുകയും, വൈഷ്ണവമതത്തിന്ന് തീരാത്ത കളങ്കം ഉണ്ടാക്കിത്തീൎക്കുകയും ചെയ്തിരിക്കുന്നു. വടക്കേ ഇന്ത്യയിലെ ശൈവമതത്തിനും ഏതാണ്ട് ഇതുമാതിരിയുള്ള ഒരു അധഃപതനം ഉണ്ടാകാതെയിരുന്നിട്ടില്ല. ബങ്കാൾ, ആസാം, കാശ്മീർ മുതലായ പ്രദേശങ്ങളിൽ ശൈവമതം മൃഗബലിയും നരബലിയും നടത്തുന്ന ശാക്തേയം കാപാലികം എന്നീ തന്ത്രമാൎഗ്ഗങ്ങളായി രൂപാന്തരപ്പെട്ടു തുലോം ദുഷിച്ചുപോയി. വടക്കേ ഇന്ത്യയിൽ ഇങ്ങിനെ പാഞ്ചരാത്രം അല്ലെങ്കിൽ വൈഷ്ണവമതം സന്മാൎഗ്ഗഭ്രംശകരമായും, പാശുപതം അല്ലെങ്കിൽ ശൈവമതം ജന്തുഹിംസാപരമായും പരിണമിച്ച് ജനങ്ങളിൽ ധൎമ്മബോധവും ദൈവവിചാരവും ഉണൎത്തുവാൻ ശക്തിയില്ലാതെ അധഃപതിച്ചുപോവുകയാണുണ്ടായതു്.

ദക്ഷിണേന്ത്യയിൽ വൈഷ്ണവശൈവമതങ്ങൾ രണ്ടും, ആഭ്യന്തരമായി യാതൊരു അശുദ്ധിയും തട്ടാതെ ഇന്നും ശക്തിയോടുകൂടി ഉറച്ചു നില്ക്കുന്നുണ്ട്. മഠാധിപതികളുടെ യാഥാസ്ഥിതികത്വംകൊണ്ടും, മഠസ്വത്തുക്കളുടേയും ക്ഷേത്രസ്വത്തുക്കളുടേയും ദുൎഭരണംകൊണ്ടും മററും ബാഹ്യമായി ചില ദോഷങ്ങൾ അവയെ ബാധിച്ചിട്ടുണ്ടെന്നുള്ളതിന്നു സംശയമില്ല. രാമാനുജാനുയായികളായ വിശിഷ്ടാദ്വൈതിവൈഷ്ണവന്മാരും മാദ്ധ്വാനുയായികളായ ദ്വൈതിവൈഷ്ണവന്മാരും മാമൂൽനടപടികളെ മുറുകെപ്പിടിച്ചുകൊണ്ടിരിക്കുന്നവരാകയാൽ, അവരുടെ ഇടയിൽ കാലോചിതങ്ങളല്ലാ

ത്ത പല ആചാരങ്ങളും നിലനിന്ന പോരുവാൻ ഇട യായിട്ടുണ്ട്. ശൈവന്മാരുടെ ഇടയിൽ, വൈഷ്ണവ ന്മാരുടെ ഇടയിലുള്ളേടത്തോളം മാമൂൽപ്രതിപത്തി യും, മതാചാരപാരതന്ത്ര്യവും, മതസ്ഥാപനബഹുല തയും ഉള്ളതായിക്കാണുന്നില്ല.. ശൈവമതം തെ ന്നിന്ത്യയിൽ അബ്രാഹ്മണരുടെ ഒരു മതപ്രസ്ഥാന മെന്ന നിലയിലാണ് വൎത്തിക്കുന്നതു്. ശൈവമ തം ദ്രാവിഡോപജ്ഞമായ ഒരു മതപ്രസ്ഥാനമായ തുകൊണ്ടായിരിക്കണം അതു ബ്രാഹ്മണസമുദായത്തി നുള്ളിൽക്കടന്ന വ്യാപിക്കാതെയിരുന്നിട്ടുള്ളതെന്ന തോന്നുന്നു. അബ്രാഹ്മണരുടെ ഇടയിൽ, വീരശൈ വന്മാരായ 'ലിംഗായന'ജാതിക്കാരുടേയും ശൈവവെ ള്ളാളരുടേയും ഇടയിലാണ് അതിനെ ഊൎജ്ജിതരൂപ ത്തിൽ കാണുന്നതു്.

വൈഷ്ണവമതവും ശൈവമതവും ദ്രമിഡഭാ ഷയ്ക്കു വിശിഷ്ടമായ ഒരു സാഹിത്യസമ്പത്തു് സ മ്പാദിച്ചു കൊടുത്തിട്ടുണ്ട്. തമിഴ സാഹിത്യത്തി ന്റെ 'സുവൎണ്ണകാലം' എന്ന പറയുന്ന 'തമിഴ സംഘ' കാലത്താണ ഭക്തന്മാരും ജ്ഞാനികളുമായ പല വൈഷ്ണവശൈവകവികളും ജീവിച്ചിരുന്നിട്ടുള്ളതു്. പൊയ്ഗൈആൾവാർ, പൂതത്താൾവാർ, പേയാൾവാർ മുതലായ വൈഷ്ണവസിദ്ധന്മാരും, അപ്പാർ മാണിക്ക വാചകർ, തായുമാനവർ തുടങ്ങിയ ശൈവസിദ്ധന്മാരും പാടിയ ഭക്തിമധുരങ്ങളായ ഗാനകവിതകളും, അവ രുടെ വിജ്ഞാന നിക്ഷേപങ്ങളായ 'തിരുവായ്മൊഴി'ക ളും തമിഴസാഹിത്യമലർവാടിയിൽ വിടൎന്നു നിൽക്കു ന്ന വാടാമലരുകളാണ്. 'തിരുവായ്മൊഴി', 'തിരു വാചകം', 'തേവാരം' മുതലായ വൈഷ്ണവശൈവപ്ര ബന്ധങ്ങൾ തമിഴഭാഷയുടെ സാഹിത്യസമ്പത്തിൽ മികച്ചു നിൽക്കുന്നവയാണ്. കൊത്തുപണി, ശില്പവി ദ്യ, നൃത്തം, സംഗീതം മുതലായ മററു കലകൾക്കും വൈഷ്ണവശൈവമതങ്ങൾവഴിക്കു മഹത്തായ അഭിവൃ ദ്ധി ഉണ്ടായിട്ടുണ്ട്. ദക്ഷിണേന്ത്യയിലുള്ള വൈഷ്ണവ ശൈവക്ഷേത്രങ്ങൾ വെളിപ്പെടുത്തുന്ന ശില്പവൈദ ഗ്ദ്ധ്യവിലാസം വിസ്മയകരമായിട്ടുള്ളതാണ്.

വടക്കേ ഇന്ത്യയിൽ വൈഷ്ണവശൈവമത ങ്ങൾക്കുണ്ടായിട്ടുള്ള നേട്ടങ്ങൾ ഇത്തരത്തിലുള്ളവയല്ല. മനസ്സിൽ മൃദുലങ്ങളായ വികാരങ്ങളെ ഇളക്കി മറിക്കു ന്നവയും, ഉൽകൃഷ്ടങ്ങളായ ചിന്തകളെ ഉയൎത്തിവിടുക യും ചെയ്യുന്ന അത്യുത്തമങ്ങളായ അസംഖ്യം കീൎത്ത നകവനങ്ങൾ വൈഷ്ണവകവികളിൽനിന്ന് ബങ്കാളി, ഹിന്ദി മുതലായ ദേശീയഭാഷകൾക്കു സിദ്ധിച്ചിട്ടുണ്ടെ ന്നുള്ളതു പരമാൎത്ഥംതന്നെ. എന്നാൽ, ഉത്തരേന്ത്യ യുടെ ചരിത്രത്തിൽ ഭക്തിപരങ്ങളായ മതപ്രസ്ഥാന ങ്ങൾക്കുള്ള സ്ഥാനത്തിന്റെ പ്രാധാന്യം അതിനെ ആശ്രയിച്ചല്ല സ്ഥിതിചെയ്യുന്നതു്. ക്രിസ്തുവൎഷം ഏ ഴാംശതാബ്ദം മുതൽക്ക് ആൎയ്യാവൎത്തത്തിൽ ഹൈന്ദവ സാമ്രാജ്യശക്തി ക്രമത്തിൽ ക്ഷീണിച്ചു ക്ഷയം പ്രാപി ക്കുവാൻ തുടങ്ങിയതോടൊപ്പം കീഴ്പോട്ടുപോകുവാൻ തുടങ്ങിയ ഹിന്ദുസമുദായത്തെ വീൎയ്യജനകമായ ഒരു ന വചൈതന്യം നൽകി വീണ്ടും ഉയൎത്തിക്കൊണ്ടുവന്നതു് മേൽപ്പറഞ്ഞ മതപ്രസ്ഥാനങ്ങളാണ്. അതിനെ അ വലംബിച്ചാണ് അവയ്ക്കു ചരിത്രത്തിലുള്ള സ്ഥാന ത്തിന്റെ പ്രാധാന്യം സ്ഥിതിചെയ്യുന്നതും. മദ്ധ്യകാ ലാരംഭത്തോടുകൂടി ഹൈന്ദവരാഷ്ട്രശക്തി തീരെ തള ൎന്നു വീഴുകയും, മുഹമ്മദീയാധിപത്യശക്തി ഉയൎന്നുതുട ങ്ങുകയും ചെയ്തിരുന്നതായി ഇന്ത്യാചരിത്രം വായിച്ചി ട്ടുള്ളവൎക്കറിയാം. കൊടുങ്കാററടിപോലെ ഉണ്ടായ മുഹമ്മദീയാക്രമണത്തിൽ ഹിന്ദുക്കളുടെ രാഷ്ട്രീയശക്തി യും, മതസമുദായഘടനയും തകൎന്നു ചിന്നുകയും, ഹിന്ദു സ്ഥാനമാകെ കലങ്ങിമറിയുകയും ചെയ്തിരിക്കുകയായി രുന്നു. ഈ ഘട്ടത്തിലാണ് ആൎയ്യാവൎത്തത്തിന്റെ ത ണുത്തുതളൎന്ന രക്തനാഡികളിൽ ചൂടും ചൈതന്യവും ഉള്ള ഒരു പുതുരക്തം പായിക്കുവാൻ മുൻപറഞ്ഞ മതപ്രസ്ഥാനങ്ങൾ ആവിർഭവിച്ചതു്. അവയിൽ ശ്രീ കൃഷ്ണഭക്തിപരമായും, ശ്രീരാമഭക്തിപരമായും രണ്ടു ശാഖകളായിപ്പിരിഞ്ഞ വൈഷ്ണവമതപ്രസ്ഥാനമാണ് ഹിന്ദുസ്ഥാനത്തിൽ നീളെ പടൎന്നുപിടിക്കുകയും, ഹൈ ന്ദവജനതയെ മുഴുവൻ തട്ടിയുണൎത്തി ഉശിരു പിടിപ്പി ക്കുകയും ചെയ്തിട്ടുള്ളതു്. വൈഷ്ണവമതപ്രസ്ഥാന ത്തിന്റെ നേതാക്കന്മാരായിരുന്ന ചൈതന്യൻ, ച ണ്ഡീദാസൻ, വല്ലഭൻ, ധ്യാനേശ്വരൻ, ഏകനാഥൻ, തുളസീദാസൻ, തുകാറാം, രാമദാസൻ മുതലായ ദിവ്യ പുരുഷന്മാർ പുരാണേതിഹാസദർശനാദികളിലുള്ള മ തതത്വങ്ങളെ നാടോടിഭാഷയിൽ പ്രസംഗിച്ചു മനസ്സി ലാക്കി ജനങ്ങളെ മതകാൎയ്യാസക്തന്മാരാക്കിത്തീൎത്തു. ഭക്തിഭരിതങ്ങളായ അവരുടെ കീൎത്തനഗാനങ്ങളും, ഭ ക്തിജ്ഞാനജനകങ്ങളായ പുരാണകഥാപ്രസംഗങ്ങ ളും, സാധാരണജനങ്ങൾക്കു സമീപിക്കുവാൻ വയ്യാത്ത കൎമ്മകാണ്ഡത്തിന്റേയും മായാവാദത്തിന്റേയും പി ടിയിൽനിന്നു വേർപെടുത്തി മതത്തെ സാൎവ്വജനീനമാ ക്കിത്തീൎക്കുകയും ചെയ്തു.

# വിശാലകേരളം

ഹിന്ദുസ്ഥാനത്തിൽ പടർന്നുപിടിക്കുവാൻ തുടങ്ങിയ മുഹമ്മദീയാധിപത്യത്തെ ചെറുത്തു തട്ടത്തുനിർത്തുവാൻ ഉത്ഥാനം ചെയ്ത 'രാജസ്ഥാന'ത്തിനും മഹാരാഷ്ട്രത്തിനും വീര്യവും കെല്പും നൽകിയതു ഭക്തിപരമായ ഈ മതപ്രസ്ഥാനമാണ്. പ്രതാപസിംഹൻ മുതലായ വീര്യാഭിമാനശാലികളായ രാജപുത്രവീരന്മാരെ ജനിപ്പിച്ച രാജസ്ഥാനവും, ശിവാജിയെപ്പോലെയുള്ള കർമ്മവീരന്മാരുടെ ജന്മഭൂമിയായ മഹാരാഷ്ട്രവും ഈ മതപ്രസ്ഥാനത്തിൻെറ സൃഷ്ടികളാണ്. തുളസീദാസൻ, സൂർദാസ്, തുകാറാം, രാമദാസൻ തുടങ്ങിയ ദിവ്യപുരുഷന്മാർ ഹിന്ദുസ്ഥാനത്തിൽ പാകിയ ഭക്തിപ്രസ്ഥാനമാണ രാജസ്ഥാനത്തിൻേറയും മഹാരാഷ്ട്രത്തിൻേറയും രാഷ്ട്രീയചരിത്രത്തിന് അസ്ഥിഭാരമായി ഭവിച്ചിട്ടുള്ളതു്. രാജസ്ഥാനം കുറച്ചുകഴിഞ്ഞപ്പോൾ മുകിലാധിപത്യത്തിൻെറ മുമ്പിൽ മുട്ടുകുത്തിയെങ്കിലും, മഹാരാഷ്ട്രം മാത്രം പതറിച്ചകൂടാതെ തലയുയർത്തിക്കൊണ്ടുനിന്നതു് പ്രത്യക്ഷമായ് ശിവാജിയുടെ തന്ത്രശക്തിയും, പരോക്ഷമായ് രാമദാസൻെറ മന്ത്രശക്തിയും അവലംബമായി നിന്നിരുന്നതുകൊണ്ടാണ്.

ഇന്ത്യാചരിത്രത്തിൽനിന്ന് മതചരിത്രം നീക്കി നോക്കിയാൽ നികത്താൻ വയ്യാത്ത വമ്പിച്ച ഒരു വിടവു വായ്പിളർന്നുനിൽക്കുന്നതു കാണാം. മതം വെട്ടിത്തെളിയിച്ച മാർഗ്ഗങ്ങളിൽക്കൂടെയാണ് എപ്പോഴും ഇന്ത്യ മുന്നോട്ടുപോയിട്ടുള്ളതു്. മററുള്ള രാജ്യങ്ങൾ അവയുടെ പരിഷ്കാരത്തെ രാഷ്ട്രീയസൈനികശക്തികളുടെ സാഹായ്യത്തോടുകൂടിയാണ വിദേശങ്ങളിലേയ്ക്കു കടത്തിയിട്ടുള്ളതു്. ഇന്ത്യയാകട്ടെ, തൻെറ പരിഷ്കാരത്തെ സമാധാനത്തിൻെറ സന്ദേശവാഹിയായ മതത്തിൻെറ അകമ്പടിയോടുകൂടിയാണ് മറുനാടുകളിലേയ്ക്കയച്ചിട്ടുള്ളതു്. ടിബററ്, സയാം, ജാവ, ജപ്പാൻ, ചൈന, സിലോൺ മുതലായ അന്യരാജ്യങ്ങളിലേയ്ക്ക് സ്വമതങ്ങളെ അയച്ചുകൊടുത്ത ഇന്ത്യതന്നെ, സൌരാഷ്ട്രമതം, (പാഴ്സിമതം) ജൂതമതം, മുഹമ്മദ്ദമതം, ക്രിസ്തുമതം മുതലായ വൈദേശികമതങ്ങളെ ഇങ്ങോട്ടു സ്വീകരിക്കയും ചെയ്തിട്ടുണ്ട്. പുറമെ നിന്നു വന്ന മതങ്ങളെയെല്ലാം സഹിഷ്ണുതയോടുകൂടി സ്വീകരിച്ച ഇന്ത്യയിൽ ഇന്ന് മതഭേദങ്ങൾ ഉണ്ടാക്കിത്തീർത്തിട്ടുള്ള വിഷമതകൾ പലതുമുണ്ടെങ്കിലും, ഭിന്നഭിന്നങ്ങളായ ഈ മതങ്ങളെല്ലാം ഒരു ചരടിലിണക്കിക്കോർത്ത വിവിധപുഷ്പങ്ങളെപ്പോലെ പരഭാഗശോഭയോടുകൂടി സമരസപ്പെട്ടു നിൽക്കുന്ന ഒരു കാലം അത്രദൂരത്തൊന്നുമല്ല കിടക്കുന്നതു്. വളർന്നുവരുന്ന നാഷണലിസം നാട്ടുന്ന സ്വാതന്ത്ര്യകൊടിയുടെകീഴിൽ സർവ്വമതങ്ങളും സൌഭ്രാത്രത്തോടുകൂടി പരസ്പരം ആശ്ലേഷിച്ചു നില്ക്കുന്ന ആ കൺകുളിർപ്പിക്കുന്ന കാഴ്ച കാണ്മാൻ അധികകാലം കാത്തിരിക്കേണ്ടതില്ല.



## മലബാർമെയിൽ.

വാർത്താവിതരണത്തിലും, രാജ്യകാര്യം, സമുദായം, സാഹിത്യം മുതലായ വിഷയങ്ങളെക്കുറിച്ചുള്ള വിമർശങ്ങളിലും അഭംഗമായ നിഷ്പക്ഷതയും വിശാലതയും സ്വീകൃതനയമായി ദീക്ഷിച്ചുപോരുന്ന

**ഒരുത്തമസ്വതന്ത്രദിനപ്പത്രം.**

കൂടുതൽ വിവരത്തിന് അപേക്ഷിക്കുക:—

മാനേജർ,
മലബാർമെയിൽ,
എറണാകുളം.



# മറുപടിയില്ല!

കുട്ടികൃഷ്ണമാരാര്,
(അന്നനട.)

സ്വതസ്സ്വർഗ്ഗമം വഴിയിതി,പ്പൊഴോ,
മുതിന്നു ക്രൂരിരുൾ നിറഞ്ഞതുമത്രേ.
ഇളിച്ചുകാട്ടുന്നു വിയത്തു മിന്നലാ-
ലി,ടികളാൽപ്പേർത്തും കിടുകിടുപ്പിപ്പൂ.
നന്നത്തൊരു വെട്ടം കിടച്ചൊരീ മിന്നാ-
മിനുങ്ങുമെൻകണ്ണിലസൂയ ചേർക്കുന്നു;

വഴിയ്ക്കിഴയുന്ന ചെറുലതയുമെൻ
കഴൽകളിൽച്ചുററിക്കുടുക്കി വീഴ്ത്തുന്നു;
പതിയ്ക്കുവേ കെട്ടിപ്പിടിയ്ക്കുവാൻ കിട്ടു-
ന്നതോ, കൂർത്ത മുൾകൾ നിരന്ന പാഴ്മരം!
പല പാറക്കെട്ടിലടിച്ചെൻ കാല്ക്കളും
തലയുമയ്യയ്യോ, തകർന്നുപോകയായ്;
പല വഴിയ്ക്കുമല്ലോ, ചുടുചുടെയൂറ-
ന്നൊലിയ്ക്കുന്നു മമ ഹൃദയശോണിതം!

നിശീഥനിദ്രയാണ്ടടങ്ങിയോ കാററും?
ശ്വസിപ്പാനും മമ കഴിവില്ലെന്നാമോ?

“പുലരിതൻ പുതുകനകപ്പൂംകാവോ,
കുളിർമതിയുടെ തെളിമണിമച്ചോ
ഒരു നോക്കു കാണ്മാനിടയാകാതെ,യീ
നരകവക്ത്രത്തിന്നിരയാകുന്നു ഞാൻ;
വെളിച്ചം, ലോകമേ, വെളിച്ചം!”—എൻ നേത്ത
നിലവിളിയ്ക്കില്ലാ പ്രതിധ്വനിപോലും!

പകര, മിങ്ങൊരാൾ പിറകിൽ വന്നെന്നെ-,
പ്പകച്ചും പോംവണ്ണം പിടിച്ചുതള്ളുന്നു;
‘നടക്ക, മുന്നോട്ടേ നടക്ക, നില്ക്കുവാ-
നിടമില്ലിങ്ങൊ,ട്ടുമിടയുമില്ലതാൻ,
ചപലതയോരാതലസത കാട്ടാ-
തപജ്വരം വേഗാൽ നടക്ക മുന്നോട്ടേ!’

ഇതാരഹോ, വെറുംജിജീവിഷതാനോ,
നിതാന്തഗ്രദ്ധയാം നിയതിതന്നെയോ?—
പുരാകൃതം മമ ദുരിതപൂരമോ,
പുരുസുകൃതമോ?—തിരിവതില്ലൊട്ടും.
അതെല്ലെങ്കിലി,വയലഞ്ഞുപാറിടും
മതിയുടെ വിരിച്ചിറകുകളാമോ?

“എവിടെയ്ക്കാണിതു?” മറുപടി കേൾപ്പീ-
“ലി,നിയത്ര ദൂരം?” മറുപടി മൗനം.


**USE ALWAYS**

# NIRMALA Toilet Soap

FOR YOUR BATH

GOOD FOR HEALTH & BEAUTY


**Nirmala's lather is so safe and Velvetty**

*that it cannot irritate even the TENDEREST SKIN.*

*Apply to:-*

The National Soap Works,

*Ponnamvelly, Pattanacaud.*



# ആദിത്യപൂജ.

(ചങ്ങമ്പുഴ.)



(മി: ചങ്ങമ്പുഴ)

പൂതമാം ചൈതന്യത്തിൻ
പൊൻവിളക്കുമായെത്തും
ശ്രീതാവും നവജീവ
ദാതാവേ, സവിതാവേ!
അന്ധകാരത്തിങ്കൽ നി-
ന്നുണരും മായാലോകം
നിൻതിരുമുമ്പിൽ കൂപ്പു-
കൈയുമായ് നിൽപൂ, മൂകം.
കർമ്മസാക്ഷിയാം സ്വാമിൻ,
ഭഗവൻ, ഭവൽസ്പർശം
ബ്രഹ്മാണ്ഡത്തിനു പുതൻ
പുളകോൽഗമം ചേർപ്പൂ.

തുച്ഛമാം തൃണംപോലും
മുത്തണിത്തലപൊക്കി-
സ്വച്ഛന്ദം ദിവസ്പതേ,
നോക്കിനിൽക്കുന്നു നിന്നെ!
മലയും, കുന്നും, കാടും,
നിന്നിൽനിന്നുതിരുന്ന
മഹനീയാംശുക്കൾ തൻ
ഹേമകോടീരം ചൂടി;
ദൂരത്തു ദൂര,ത്തനാ-
ദ്യന്തമാ,മമേയമാം
താരകാപഥത്തിനെ-
യുമ്മവെച്ചതാ നിൽപൂ!
മരുഭാഗത്തോ, മഹാ
സാഗരം, ഗഭീരം, നിൻ
മഹിമാ, വോളം തല്ലി--
ത്തല്ലിനിന്നുൽഘോഷിപ്പൂ!
ജീവികൾ സമസ്തം നിൻ
വെളിച്ചം കുടിച്ചാത്മ-
ശ്രീ വിലാസത്താൽ നിന്നെ-
ക്കീർത്തിപ്പൂ, പേർത്തും പേർത്തും!
ജീവനം, വെളിച്ചവും,
ശാന്തിയു,മല്ലാതില്ല
ദേവ, നിൻ സമാഗമ-
മംഗള രംഗത്തിങ്കൽ!
മരണത്തണുപ്പിന്റെ
മാറാലയെല്ലാം മാററി
മഹിതജ്യോതിസ്സേ, നീ
ജീവിതം നീട്ടിക്കാട്ടി!

# വിശാലകേരളം

## II

ചിറകററങ്ങോ വീണു-
    പോയതാമിരുട്ടിന്റെ
ചിതയിൽ, തുമഞ്ഞിനാൽ
    കണ്ണുനീർക്കണംവീഴ്ത്തി;
നിൽക്കയാണാത്താദരം
    നിൻമുൻപിൽ, പ്രണാമത്തിൻ
നിസ്തുലോപഹാരവു-
    മേന്തിക്കൊണ്ടഷ്ടാശകൾ!

ശാശ്വതവിശ്വപ്രഭാ-
    സാരമേ, നിന്നാൽ, സുഖ-
ശാദ്വലസമൃദ്ധമാ-
    ണെന്നുമീ മരുഭൂമി!

പച്ചനീരാളം പുത-
    പ്പിച്ചു, നീ, വരളുന്ന
നെൽച്ചെടിപ്പാടങ്ങൾതൻ
    നഗ്നത മറയ്ക്കുന്നു.

മുകിൽമാലയാൽ നീല-
    മേലാപ്പു കെട്ടിത്തൂക്കി
മുകളിൽ, വർഷത്തിന്റെ
    പന്തൽ നീയൊരുക്കുന്നു.

ഹേമന്തത്തിനെക്കൊണ്ടു
    ചന്ദനക്കുളുർമയും
പൂമയവസന്തത്താൽ
    സുഷമാസമൃദ്ധിയും;

ശിശിരത്തിനെക്കൊണ്ടു
    പുളകപ്പൂമാലയും
നിശയെക്കൊണ്ടു നിത്യ-
    മാനന്ദസുഷുപ്തിയും;

ഗ്രീഷ്മത്താൽ, പ്രതാപവും,
    ശക്തിയും, ജഗത്തിന്നു
ഭീഷ്മതേജസ്സേ, ഭവാൻ
    സദയം ദാനം ചെയ്യു!

വിഗതാലസ്യം തേജോ-
    ഗോളങ്ങളെല്ലാം കാത്തു
ഭഗവൻ, ഭവാൻ മേന്മേൽ
    വിജയിച്ചരുളുന്നു!

അവിടുന്നുണർവിന്റെ
    കോവിലിൽ, ഞങ്ങൾക്കെല്ലാ-
മവിരാമോന്മേഷത്തിൻ
    നിർവൃതി കൊളുത്തുന്നു.

ഉറങ്ങില്ലുറങ്ങില്ല
    ഞങ്ങളിനിയും;— മുന്നോ-
ട്ടൊരുങ്ങിയിറങ്ങുക-
    യായിതാ, വീണ്ടും, ഞങ്ങൾ!

അകലെ, പ്പുരോഗതി,
    ഞങ്ങളെ, ച്ചിരിച്ചുംകൊ-
ണ്ടരികത്തേയ്ക്കു മാടി-
    വിളിപ്പു, വീണ്ടും വീണ്ടും.

ഇത്രനേരവും ഞങ്ങ-
    ളിരുളി, ലാലസ്യത്തിൻ
നിദ്രയിൽ, സ്വപ്നം കണ്ടു
    കിടന്നു ഗതബോധം.

അഭിനൂതന മാമീ-
    യുണർവിൻ, പ്രവൃത്തിതൻ
പ്രഭയിൽ. ചിറകാറ
    ചിന്തതൻ വികാസത്തിൽ;

വിദ്യുതാംശുക്കൾ പോലെ,
    മേൽക്കുമേ, ലുൽക്കർഷത്തിൻ
വിസ്തൃത വിഹായസ്സിൽ
    വിഹരിക്കട്ടേ ഞങ്ങൾ!

നിദ്രയു, മാലസ്യവു-
    മിരുളും, നശിപ്പിച്ച
ഭദ്രദീപമേ, ദിവ്യ-
    ചൈതന്യസ്വരൂപമേ!

സ്വാതന്ത്ര്യത്തിന്റെ സാക്ഷാൽ
    നേതാവേ, സവിതാവേ!
ശ്രീതാവും നവജീവ-
    ദാതാവേ, നമസ്കാരം!!......

# ഒരു സങ്കല്പ സംഭാഷണം

കേരളപാണിനിയും  കെ. രാമകൃഷ്ണപിള്ളയും

(കെ. എൻ. ഗോപാലകൃഷ്ണപിള്ള എം. ഏ.)



K. N. Gopalakrishna Pillai M. A.

കേരള:— അതേ നമ്മുടെ ഗദ്യസാഹിത്യത്തിനു ദൈനംദിനം അഭിവൃദ്ധി ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ മലയാളരാജ്യത്തിലുള്ള ഗദ്യരീതികളെ കൂട്ടിയിണക്കി സർവ്വജനസ്വീകാര്യമായ ഒരു രീതി നിർമ്മിക്കുന്നതത്രെ വൈഷമ്യം.

രാമകൃ:— ഈ വിഷയത്തെപ്പററി ഞാനും പലപ്പോഴും ചിന്തിച്ചു ക്ലേശിക്കാറുണ്ടു്. തെക്കൻതിരുവിതാംകൂർകാരനായ ഒരാൾ വടക്കേ മലബാറിൽ ചെന്നാൽ അവിടെയുള്ള ആളുകളുമായി സ്വഭാഷ സംസാരിക്കാൻ അയാൾക്കു സാധിക്കുമോ എന്നുള്ളതുതന്നെ സംശയമാണു്. എന്തെന്നാൽ ഈ ദേശങ്ങളിൽ നടപ്പുള്ള പദങ്ങൾക്കുതമ്മിൽ യാതൊരു ഐകരൂപ്യം കാണുന്നില്ല.

കേരള:— ദേശ്യപദങ്ങളുടെ കഥ പോകട്ടെ. സംസ്കൃതത്തിൽ പ്രാചീനകാലത്തുപോലും ഭാഷാഭേദം ഉണ്ടായിരുന്നതായി പതഞ്ജലി പ്രസ്താവിക്കുന്നുണ്ടല്ലോ. സാഹിത്യഭാഷക്കെങ്കിലും സാർവ്വത്രികമായ ഐകരൂപ്യം ഉണ്ടെങ്കിൽ മതിയായിരുന്നു. കേരളത്തിലെ വിവിധഭാഗങ്ങളിലുള്ള സംഭാഷണരീതിയുടെ താരതമ്യപഠനം എത്രയും രസകരമാണു്. * മാതുലപാദർ വടക്കൻരീതിയെപ്പററി എഴുതിയ ഒരു ശ്ലോകം കേട്ടിട്ടില്ലേ?

മോറങ്ങേറെ വിയക്കിണോ വിശറിണോ
 വീശപാളണോ വീശണോ
ഏർനേരായി വിശക്ക്ണതില്ലയൊ ഭവാൻ
 കത്തിക്ക്ണതെന്തിങ്ങനെ?
നാർണോന്റുണിന്നു ചോർണോഥകറിണോ
 കണ്ണ്യാങ്ങണോ കപ്പണോ?
കൂറോടിന്നു പറഞ്ഞതുകേൾപ്പതു മഴ്വൻ
 മാഴ്കാതെ നൽകീടുവാൻ.

രാമകൃ:— (സസ്മിതം) അതേ, അവർക്കു് അക്ഷരങ്ങൾ കൂട്ടിക്കുറക്കുന്നതിനാണു് ഉത്സാഹം! തെക്കരാകട്ടെ അക്ഷരങ്ങൾ ക്രമത്തിലധികം നീട്ടുന്നതിലും പ്രതിപത്തി കാണിച്ചുവരുന്നു. സി. വി. രാമൻപിള്ളയുടെ കൃതികളിലെ തെക്കൻതിരുവിതാംകൂറുകാരായ കഥാപാത്രങ്ങളുടെ സംഭാഷണരീതി നോക്കുക!

കേരള:— രാമൻപിള്ളയുടെ താദൃശപരിശ്രമം എത്രയും സ്തുത്യർഹമാണു്. അഴകൻപിള്ളയുടേയും മററും ഭാഷ വടക്കർക്കു വെറും നിരർത്ഥകമായിട്ടേ തോന്നുകയുള്ളു. എങ്കിലും ഭാഷാതാരതമ്യപഠനത്തിൽ പ്രതിപത്തിയുള്ളവർക്കു് ഇത്തരം കഥാപാത്രങ്ങളിൽ സന്തോഷം തോന്നും. സൂരിനമ്പൂരിപ്പാടിൻെറ സംഭാഷണരീതി തെക്കരേയും രസിപ്പിക്കുന്നുണ്ടല്ലോ.

* കേരളവർമ്മവലിയകോയിത്തമ്പുരാൻ.

രാമകൃ:— ശരിയാണ്. വടക്കൻദിക്കുകളിലെ ഗ്രാമ്യഭാഷപോലും തെക്കർ വലുതായ ക്ലേശം കൂടാതെ മനസ്സിലാക്കുന്നു. ആകപ്പാടെ നോക്കിയതിൽ കേരളത്തിലെ ഭാഷയെ നാലുതരമായി വിഭജിക്കാമെന്നു തോന്നുന്നു.

കേരള:— ഈ വിവരം രാമകൃഷ്ണപിള്ള മുൻപ് ഒരു ലേഖനത്തിൽ സൂചിപ്പിച്ചിരുന്നതു് എൻെറ ശ്രദ്ധയെ ആകർഷിക്കുന്നു. തിരുവനന്തപുരം രീതി, കോട്ടയം രീതി, തൃശ്ശൂർ രീതി, കോഴിക്കോടൻ രീതി ഇങ്ങനെയല്ലേ വിഭജനം? ഈ രീതികളെ കൂട്ടിയിണക്കുന്നതിനായിരിക്കണം നമ്മുടെ ശ്രമം.

രാമകൃ:— വാസ്തവമാണ്. അവിടുന്നു വടക്കൻദിക്കുകളിൽ മാത്രം നടപ്പുള്ള ചില പദങ്ങൾ മാളവികയിലും മററും പ്രയോഗിച്ചിട്ടുണ്ടല്ലോ:— "തോഴി! രജനികേ! ഈ അരമനയിൽ നടാടെയായി കയറുകയാണെങ്കിലും"—ഇത്യാദിഭാഗത്തിൽ കാണുന്ന 'നടാടെ' എന്ന പദം തെക്കൻദിക്കുകളിൽ തീരെ നടപ്പില്ല. ഇങ്ങനെ പരസ്പരബഹുമാനം പ്രദർശിപ്പിച്ചാൽ നമ്മുടെ ഭാഷയ്ക്കു പൂർവ്വാധികം ഐകരൂപ്യവും അഭിവൃദ്ധിയും ഉണ്ടാകും.

കേരള:— സംശയമില്ല, ഭാഷയിൽ ഇന്നു കണ്ടുവരുന്ന മറെറാരുദോഷം അപശബ്ദപ്രയോഗമാണ്. കെ. സി. കേശവപിള്ള പലപ്പോഴും ഇതിനെപ്പററി പ്രതിപാദിക്കാറുണ്ട്. പല ശബ്ദങ്ങളെപ്പററിയും ഞങ്ങളിരുവരും ചേർന്ന് ഒരുവിധം തൃപ്തികരമായ തീരുമാനം ചെയ്തിരുന്നു. തൽഫലമായി പ്രസിദ്ധം ചെയ്യപ്പെട്ടിട്ടുള്ള 'അപശബ്ദശോധിനി' ഈ വിഷയത്തിൽ അല്പമൊന്നു സഹായിച്ചിട്ടുണ്ട്.

രാമകൃ:— എന്നാൽ ആ ഗ്രന്ഥം തീരെ സമഗ്രമല്ല. പിന്നീടുണ്ടായ 'പ്രയോഗദീപിക' കുറേക്കൂടി സമ്പൂർണ്ണമായിട്ടുണ്ട്.

കേരള:— എന്നാൽ മലയാളഭാഷാപണ്ഡിതന്മാർക്ക്—വിശേഷിച്ചും സംസ്കൃതത്തിൽ വ്യുൽപത്തിദാർഢ്യമില്ലാത്തവർക്ക്—ആ ഗ്രന്ഥം എത്രത്തോളം ഉപകാരപ്രദമായിത്തീരുമെന്നുള്ളതാതാണ് സംശയം. നമ്മുടെ സംസ്കൃതപഠനം മലയാളഭാഷയ്ക്കു് ആപൽക്കരമായിത്തീരാൻ പാടില്ല. ചഞ്ചദ്ഫലനം, ഹൃദ്ഗതം ഇത്യാദികൾ ചഞ്ചൽഫലനം, ഹൃൽഗതം, എന്നെഴുതുന്നതിൽ യാതൊരു തെററുമില്ല. താത്പര്യം, സങ്ഗീതം, ബിമ്ബം, എന്നിങ്ങനെ സംസ്കൃതരീതിയെ അവലംബിച്ച് മലയാളഭാഷയെ അലങ്കോലമാക്കുന്നതു ശരിയല്ല.

രാമകൃ:— കൂടാതെ പാണിനികാത്യായനന്മാരെ അസ്ഥാനത്തും പ്രവേശിപ്പിച്ച് മലയാളികളെ വിഷമിപ്പിക്കുന്നതും സാഹസമല്ലേ? മലയാളഭാഷയെ സംസ്കൃതത്തിൻെറ ദാസ്യത്തിൽ പെടുത്തുന്ന ഈ ശ്രമത്തെ തടയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

കേരള:— ഞാനും ഇതിനനുകൂലനാണ്. തമിഴർ സംസ്കൃതത്തെ തീരെ അകററിനിറുത്തിയിരിക്കുന്നു. തെലുങ്കരും തങ്ങളുടെ ഭാഷാസ്വാതന്ത്ര്യത്തെ തടഞ്ഞിട്ടില്ല. ഹിന്ദിയിലെ ആധുനികസാഹിത്യത്തിൽ തുളസീദാസാദികളുടെ കൃതികളെ അപേക്ഷിച്ചു സംസ്കൃതപദപ്രയോഗം വിരളമായിട്ടേ കാണുന്നുള്ളു. ഇങ്ങനെയിരിക്കെ മലയാളഭാഷ തീരെ സ്വാശ്രയശക്തിയില്ലാതെ സകലതിലും സംസ്കൃതത്തെ പിൻതുടരുന്നതു കഷ്ടമാണ്. മലയാളകാര്യങ്ങളെപ്പററി പൊതുവെ അവജ്ഞയുള്ളവരും സംസ്കൃതപക്ഷപാതികളുമായ പണ്ഡിതന്മാരുടെ ആവിർഭാവമത്രേ ഈ ഭാഗ്യവിപര്യയത്തിനുള്ള കാരണം. സരസശിരോമണിയായ കുഞ്ചൻനമ്പ്യാർക്ക് 'കവിത'യില്ലെന്ന് ഒരു വിദ്വാൻ ഒരിക്കൽ പ്രസ്താവിച്ചിട്ടുണ്ട്: ശാന്തം പാപം!

രാമകൃ:— അങ്ങനെ വരാനിടയുണ്ട്. ഉണ്ണുനീലിസന്ദേശം മുതൽ ഇങ്ങോട്ടുള്ള വിശിഷ്ടകൃതികൾ നിരന്തരം പരിചയിച്ചുകൊണ്ടിരിക്കുന്നവർക്ക് മാത്രമേ നല്ല മണിപ്രവാളകവിത എഴുതുന്നതിനും ഭാഷാസാരസ്യം അനുഭവിക്കുന്നതിനും സാധിക്കയുള്ളു. സംസ്കൃതകാവ്യങ്ങളെ മാനദണ്ഡമാക്കി ഭാഷാകൃതികളെ പരിശോധിക്കുന്നതു ശരിയല്ലെന്നാണ് എൻെറ അഭിപ്രായം.

കേരള:— സംസ്കൃതപാണ്ഡിത്യവ്യാമോഹത്തിൽ പെട്ട് ഇക്കൂട്ടർ ഗദ്യസാഹിത്യത്തെ എത്ര കണ്ടു വഷളാക്കുന്നു എന്നു നോക്കുക! വാക്യങ്ങൾക്ക് ശിഥിലബന്ധം എന്ന ദോഷം ഉണ്ടാകുന്നതിനെ പററി അവർ കരുതുന്നില്ല.

രാമകൃ:— 'ഭാതിനീണ്ടജടയും–' എന്ന പദ്യം ഓക്കുന്നുണ്ടല്ലോ.

കേരള:— (സസ്മിതം) അക്കാര്യം ഞാൻ ആയിടക്കു തന്നെ ആശാനോടു പറഞ്ഞിരുന്നു. ദൂരാന്വയം ആശാൻെറ കവിതയിൽ പല ഭാഗങ്ങളിലും കാണുന്ന ഒരു ദോഷമാണെന്നു സമാധാനപ്പെടാം. എന്നാൽ ഗദ്യസാഹിത്യത്തിൽ അതെങ്ങനെ ക്ഷന്തവ്യമാകും?:— "ആ പരമഭാഗവതൻ ശ്രീകൃഷ്ണകീത്തനം ചെയ്യുകയാണ്. എൻെറ വാക്കുകളെക്കൊണ്ടു തന്നെ"—നോക്കുക. എത്ര അഭംഗിയായിരിക്കുന്നു!

രാമകൃ:— ആ ഗ്രന്ഥത്തിൽ ഈ മാതിരി ബന്ധശൈഥില്യമുള്ള പല വാക്യങ്ങളും കാണാം:— "വജ്ഞനാഭൻ ഇങ്ങനെ മൂന്നു വരങ്ങളും വാങ്ങി മദോന്മത്ത മകുടമണിയായിത്തീൎന്നു മൂന്നുലോകങ്ങളെയും മട്ടിച്ചുകൊണ്ടിരിക്കയാണ് ഇപ്പോൾ."

കേരള:— കഷ്ടം! ആ 'ഇപ്പോൾ' സ്ഥാനം പിഴക്കുക നിമിത്തം എത്ര കണ്ണാരുന്തുദമായിരിക്കുന്നു! ഇതാ മറെറാന്ന്:— 'ഒരിക്കലും തെററുന്നതല്ല–ആ ഋഷീശ്വരൻെറ അനുഗ്രഹവചനങ്ങൾ'–അതിലും രസകരമായ മറെറാന്നു നോക്കുക:—'അതിവിടെ കൊണ്ടുവന്നാൽ എനിക്കെന്തൊരു സമ്മാനമാണു പ്രിയസഖി തരിക'—ഭംഗിയായില്ലേ? സംസ്കൃതഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തുന്നതിലുള്ള വൈഷമ്യം, എന്നൊരു സമാധാനത്തിനു വകയുണ്ട്. എന്നാൽ സാമാന്യം സരളമധുരമായ ഗദ്യരീതി കേരളത്തിൽ നടപ്പായിട്ടുണ്ടെന്നുള്ള വിവരം നാം വിസ്മരിക്കാൻ പാടില്ല.

രാമകൃ:— ഈ മാതിരി കൃതികൾ പാഠപുസ്തകങ്ങളായിത്തീരുന്നതാണ് അതി കഷ്ടം! ഉള്ള സംഗതി പുറത്തു പറയുന്ന ഭാഷാഭിമാനികളുടെ എണ്ണവും തുലോം ചുരുങ്ങീട്ടുണ്ട്.

കേരള:— അതേ, പണ്ഡിതന്മാരിൽ പലരും 'അഹോരൂപമഹോസ്വരം' പാടി 'സലജ്ജോഹം' അഭിനയിക്കാനേ സമയമുള്ളു. പോരെങ്കിൽ പലരുടേയും നോട്ടം.

'ദീപസ്തംഭം മഹാശ്ചര്യം
നമുക്കും കിട്ടണം പണം.'

എന്നുള്ളതായിത്തീൎന്നു. എന്നാൽ ഋജുബുദ്ധികളും ഭാഷാഭക്തന്മാരുമായ ചുരുക്കം ചില സഹൃദയന്മാർ ഇക്കാലത്തും ഉണ്ട്.

രാമകൃ:— ക്ഷുദ്രകൃതികൾ ഏതുകാലത്തും ഉണ്ടാവുക സാധാരണമാണ്. എന്നാൽ അവ ക്രമേണ കാലയവനികയ്ക്കുള്ളിൽ മറഞ്ഞുകൊള്ളും.

കേരള:— എന്നാൽ അവ വിദ്യാൎത്ഥിലോകത്തിൽ വരുത്തുന്ന ദോഷങ്ങൾ അനേകമാണ്. അതു പോകട്ടെ. ഗദ്യരീതിയെ സംബന്ധിച്ചിടത്തോളം രാമകൃഷ്ണപിള്ളയുടെ 'ഗദ്യപദ്യടന'—ലേഖനത്തിൻെറ അവസാനഭാഗം ശ്രദ്ധേയമാണ്.

രാമകൃ:— ഇന്നും എൻെറ അഭിപ്രായം അതുതന്നെയാണ്. ഗദ്യം സംഗീതഗുണമുള്ളതാണെങ്കിൽ അതിൽ നമ്മുടെ മനസ്സ് രമിക്കും, സന്ദേഹമില്ല. അങ്ങനെയുള്ള സംഗീതഗദ്യത്തിൽനിന്നു മാത്രമെ നമുക്കു നിർവൃതിലഭിക്കയുള്ളു. അവയുടെ സംഗീതചൈതന്യം നമ്മെ പരബ്രഹ്മത്തിൽ ലയിപ്പിക്കട്ടെ.

കേരള:— ഈ വിഷയത്തിൽ ചുരുക്കം ചില ഗദ്യകാരന്മാരുടെ ശ്രദ്ധ പതിഞ്ഞു കാണുന്നതിൽ സന്തോഷിക്കേണ്ടിയിരിക്കുന്നു. സമയം അധികമായെന്നു തോന്നുന്നു. നമുക്കു തല്ക്കാലം പിരിയാം.

വിദ്യാൎത്ഥികൾക്ക് ആവശ്യമുള്ള സകല സ്റ്റേഷനറി സാമാനങ്ങളും നോട്ടുബുക്കുകളും ഇവിടെ മിതമായ വിലയ്ക്ക് എന്നും കിട്ടുന്നതാണ്.

എന്ന്,

കെ. ആർ. കരുണാകരൻനായർ,

നടയ്ക്കൽ കച്ചവടം, തുറവൂർ.

# പൂമാല.

(മേലങ്ങൻ)

(മധുരമൊഴി എന്ന മട്ട്.)

വിരിമലരിൻ വാഴ്ച നിലച്ചകാലം
ചൊരിവെയിലിൻചോരത്തിളപ്പുകാലം
തണലിലിളംതെന്നലിൻ താലവൃന്തം
മണലിന്മേൽ നൈദാഘലക്ഷ്മിയേ വീശി;
അലഞ്ഞെറി നീർത്തീടുന്ന പൊന്നലുക്കി—
ട്ടുലയനലപ്രോജ്ജ്വലയായ കാനൽ:
പകലുകളെക്കത്തിച്ചു കാററിലാക്കി
പുകകൾ തെറുത്തേററുന്ന വേനലിനെ,
കരിമുകിലിൻ കുമ്പിളും തീ ചൊരിഞ്ഞ
കടുവെയിലിൻ കാഠിന്യമേറലിനെ,
തിരുമുരളീമാധുരീനിർഝരിയി—
ലൊരുമടവാർ നീരാടിയ്ക്കുന്നനീളെ.
അവൾ വെയിലിൽ കായുമോ? തീയിലല്ലീ!
കവനകലാലക്ഷ്മി കിളിത്തുകാച്ചു!
വറുതിയിലെവാർമധുനിഷ്യന്ദത്തെ—
നറുമൊഴിയെ—നാദബ്രഹ്മാനന്ദത്തെ—
ചുഴലെയെഴും ചൂതങ്ങൾ ചൂടിയ്ക്കുന്നു.
നിഴലുകളിൽ ശ്യാമളമാതപത്രം.
പവിഴമുളയ്ക്കുള്ളിൽ കുരുത്തമുത്തി—
ലവിഷയചേതസ്സിന്റെ ചേൽതളിരാൽ
സുഷിരരവസുത്രവഗാനലീലാ—
തൃഷിതയവൾ തീയിനും തുള്ളതീർത്തു.

തനുവികാരത്തിന്റെ വിഭ്രമത്തിൽ
കനകലതാമഞ്ജരി ചാഞ്ഞുലഞ്ഞാൽ
തെളിമയിലായ് താനപ്പോളപ്പോളല്ലീ
പുളകസഹസ്രങ്ങൾക്കു പുഷ്പോത്സവം?
വളർമകരന്ദത്തിന്റെ വാരൊഴുക്കി—
ലിളയുടെ മാർത്തട്ടിലെ വേവകററി
പുലരുവതില്ലെത്രയോ ഗാനശ്രീക—
ളുലകിനു നട്ടുച്ചയിൽ ജ്യോത്സ്നയേററി?

* * * *

അവന്റെ പൂമാലയ്ക്കു വേണ്ടിയെത്ര
പവനിതുപോലാവേണുവിയില്ല?
അവന്റെ സിംഹാസനത്തിന്റെ മുമ്പി—
ലവളുടെ കൈയെത്ര പൂമൊട്ടായില്ല?
ഇനിയവളെ—പ്രേമത്തെ—മാററുരച്ചാൽ
കനിവുകരിംകല്ലിലേ കുമ്പെടുക്കൂ!
കടുതയിലേ കായ്ക്കാവൂ കാമുകന്റെ
പടുമുദുതാമുദചീകാവല്ലരികൾ!

* * * *

ഉയരെയതാനീരുന്നു നീപ്പുമാല—
വെയിലുകൾ തൻ കൈത്തൊഴിലായ മാല.
വിരിയുകയായ് മിന്നലിൻ പൊന്നിലയിൽ
വരിവരിയായ് വാനിലെച്ചെവലിയിൽ.

# അഹം ബ്രഹ്മാസ്മി അഥവാ അനൽഹക്ക്.

( ആർ. കെ. കർത്താ ബി. എ., കോട്ടയം. )



Mr. R. K. Kartha B. A.

സോഹം, തത്വമസി, അഹം ബ്രഹ്മാസ്മി, സർവ്വംഖല്വിദം ബ്രഹ്മഃ, ഏകം സത് വിപ്രാബഹുധാ വദന്തി എന്നിങ്ങനെ അദ്വൈതസിദ്ധാന്തത്തിന്റെ ഉച്ചകോടികളെ ഉപലക്ഷിക്കുന്നതും സ്രഷ്ടാവും സൃഷ്ടങ്ങളും തമ്മിലുള്ള പരമമായ അഭേദാവസ്ഥയെ അഭിവ്യഞ്ജിപ്പിക്കുന്നതുമായ സൂക്തിമൌക്തികങ്ങൾ ഹൈന്ദവതത്വശാസ്ത്രപയോധിയിൽ നിരവധി ശതകങ്ങളായിട്ടു സുലഭമാണ്. അദ്വൈതചിന്താസമ്പ്രദായത്തിന്റെ സാന്ദ്രമധുരങ്ങളും ഭാവനാമോഹനങ്ങളുമായ ശ്രേഷ്ഠഫലങ്ങൾ ഭാരതവർഷത്തിൽ അത്യധികമായി അനുഭവപ്പെട്ടിട്ടുമുണ്ട്. ഹൈന്ദവേതരമതങ്ങൾ 'തത്വമസി' മതത്തെ സഹിഷ്ണുതയോടെ വീക്ഷിക്കുന്നുണ്ടോ എന്ന കാര്യം വിവാദമുക്തമല്ല. ദൈവപുത്രനാണു താനെന്നു ഉദീരണം ചെയ്തതു്, കരുണാമൂർത്തിയായ ക്രിസ്തുദേവന്നു ഗ്രഹപ്പിഴയായി; 'ഞാൻ ദൈവമാണെ'ന്നു പറയുന്നവന്നു ഇസ്‌ലാമിൽ രക്ഷയൊന്നുമില്ലെന്നു തോന്നുന്നു. പക്ഷെ, ഇസ്ലാംങ്ങളിൽ ഒരു പ്രബലവിഭാഗമായ സൂഫികൾ 'അനൽഹക്ക്' എന്ന പ്രമാണവചനദ്വാരാ, അദ്വൈതവാദത്തിന്റെ മൗലികതത്വത്തെ അംഗീകരിക്കുന്നതായി കാണുന്നു. ഈ സിദ്ധാന്തത്തിന്റെ സ്ഥാപനാചാർയ്യനായ ഹുസൈൻ മൻസൂർ അൽഹലാജിന്റെ നാതിവിസ്തരമായ ഒരു ജീവചരിത്രം വീരസമാകാൻ വഴി കാണുന്നില്ല.

യാഥാസ്ഥിതികങ്ങളായ മതവിശ്വാസങ്ങളോട്ട് വിസ്മയനീയമായ ധീരതയോടെ ഏകനായി നിന്നു പടവെട്ടി, അനൽഹക്ക് സിദ്ധാന്തത്തെ സൂഫിമതവിശ്വാസവേദികയിൽ ഭദ്രമായി പ്രതിഷ്ഠിച്ച ഹുസൈൻമൻസൂർ, ഹിജ്റാക്കു ശേഷം മൂന്നാം ശതകത്തിൽ ജാതനായി. പരിവർത്തനവൈമുഖ്യം കൈക്കൊണ്ടു് മാമൂൽപ്രധാനമായ മതവിശ്വാസങ്ങളെ ദൃഢമായവലംബിച്ചു പ്രവർത്തിച്ചിരുന്ന സൂഫിസത്തിൽ ധീരോദാത്തമായ സമരത്തിന്റെയും അദ്വിതീയമായ ത്യാഗധാരണത്തിന്റെയും ഫലമായി പുഷ്കലങ്ങളായ പല പരിഷ്കാരങ്ങളും മൻസൂർ സാധിച്ചു; അദ്ദേഹം ആധ്യാത്മികമായ വിപുലസാദ്ധ്യതകൾക്കുള്ള പന്ഥാവു് ഉൽഘാടനം ചെയ്തു.

മൻസൂറിന്റെ ബാല്യകാലകഥയിൽ പ്രസ്താവ്യമായി അധികമൊന്നുമില്ല. ദൈവികചോദനയാൽ ത്രസിക്കുന്ന ഒരു ഹൃദയത്താൽ അദ്ദേഹം സവിശേഷമനുഗൃഹീതനായിരുന്നുവെന്നതു നിശ്ചയം തന്നെ. പതിന്നാലാമതു വയസ്സിൽ തന്നെ മൻസൂർ സർവ്വസംഗപരിത്യാഗിയായി ജഗദീശാന്വേഷണനിരതനായ ഒരു ഫക്കീറായി ദേശാടനമാരംഭിച്ചു. അഹോരാത്രം പ്രാർത്ഥനയിൽ ആമഗ്നനായി, കഠിനമായ വ്രതചര്യകളനുഷ്ഠിച്ചു് അക്കാലത്തു് ജീവിച്ചിരുന്ന മതാചാർയ്യന്മാരെയും സന്യാസികളെയും സന്ദർശിച്ചു് ആത്മശാന്തി നേടാനുത്സാഹിച്ച മൻസൂറിനു് ഈ ഉദ്യമത്തിൽ നിരാശയാണുണ്ടായതു്. മെക്കായിൽ, ഹസ്ര

ത്തു് ഉസ്മാൻെറ പുത്രനായ ഉമ്മറിൻെറ കൂടെ ഒരു വത്സരം വസിച്ച ശേഷം അദ്ദേഹം ബാഗ്ഡാഡിലേക്കു തിരിച്ചു.

ബാഗ്ഡാഡിൽ, അക്കാലത്തെ സൂഫി ആചാര്യപ്രമുഖനായ ജുന്നാഡ്ബാഗ്ഡാഡിയുടെ അന്തേവാസിയായി പാർത്തു്, മൻസൂർ ആധ്യാത്മികവിഷയങ്ങളഭ്യസിച്ചു. ഇതിനാലൊന്നും ആധ്യാത്മികവിജ്ഞാനാർജ്ജനതൃഷ്ണയ്ക്കു പ്രശമനം ലഭിയ്ക്കായ്കയാൽ, അദ്ദേഹം മെയ്ക്കായിലേക്ക് പ്രത്യാഗമിച്ചു. അഭിനവമായ ആദ്ധ്യാത്മികചോദനകളും വെളിപാടുകളും അനുഭവവിശേഷങ്ങളും ഹസ്തഗതമാകാൻ അധികതാമസം വേണ്ടിവന്നില്ല. ഭക്തൻെറ ആത്മാവും, അവൻെറ ആരാധനാപാത്രമായ ദൈവവും തമ്മിൽ യാതൊരു ഭേദഗണനയുമില്ലെന്നു് മൻസൂറിനു ബോധ്യമായി; അനൽഹക്ക്—ഞാൻ ദൈവമാകുന്നു—എന്നു് അദ്ദേഹം ഉൽഘോഷിച്ചു. ഈ സിദ്ധാന്തം, സൂഫികൾക്ക് വിപ്ലവകരമായി തോന്നി. സ്രഷ്ടാവും മനുഷ്യാത്മാവും തമ്മിലുള്ള ബന്ധത്തിൻെറ അതീവസമുൽകൃഷ്ടമായ ഭാവത്തെ ഇങ്ങനെ പ്രഖ്യാപനം ചെയ്കതു്, അനന്തമായ ക്ലേശങ്ങൾക്കും മർദ്ദനങ്ങൾക്കും മൻസൂറിനെ വിധേയനാക്കി.

കാഫർ എന്നും 'ദൈവദ്രോഹി'യെന്നും ആക്ഷിപ്തനായി മർദ്ദിതനായ മൻസൂർ ഖേദഭാരത്തോടെ ബാഗ്ഡാഡിലേക്കു തിരിച്ചു, തൻെറ ആധ്യാത്മികഗുരുവായ ജുന്നാദിൻെറ സവിധം പ്രാപിച്ചു. മൻസൂർ ആവേശത്തോടുകൂടി സ്വസിദ്ധാന്തത്തെ വിശദീകരിച്ചു കഴിഞ്ഞപ്പോൾ "താമസംവിനാ നിൻെറ ശരീരം തൂക്കിലിടപ്പെടുമെന്നു് ഞാനാശങ്കിക്കുന്നു" എന്നാണു് ഗുരുദേവൻ മറുപടി നൽകിയതു്.

ഭഗ്നോത്സാഹനായ മൻസൂർ, ആചാര്യനികടം വെടിഞ്ഞു സ്വസിദ്ധാന്തത്തെ പരസ്യമായി പ്രസംഗിച്ചു തുടങ്ങി. ശ്രോതാക്കൾക്ക് ഈ അഭിനവാദർശം ദുർഗ്രഹമായിരുന്നു. യാഥാസ്ഥിതികവർഗ്ഗവും പണ്ഡിതന്മാരും സംയോജിച്ചു്, മൻസൂറിനെ തൂക്കിക്കൊല്ലണമെന്നു കാലിഫിനു നിവേദനം സമർപ്പിച്ചു. കാലിഫ്, ജുന്നദിൻെറ അഭിപ്രായമാരാഞ്ഞതിൽ "ഭൗതികദൃഷ്ട്യാ മൻസൂർ വധ്യനാണെന്നും ആന്തരികവിഷയങ്ങളിൽ ദൈവമാണു് വിധി കല്പിക്കേണ്ട"തെന്നും അഭിപ്രായപ്പെട്ടു. കാലിഫ്, മൻസൂറിനെ ശിക്ഷിക്കുകയുണ്ടായില്ല.

മൻസൂർ, ററസ്റ്റാറിൽ ചെന്നു് ഒരു വത്സരം താമസിച്ചു. മൻസൂറിൻെറ പ്രഭാഷണങ്ങൾ അവിടത്തെ ജനങ്ങളെ പ്രബലമായി ആകർഷിക്കുകയാൽ, സംഭ്രാന്തരായിത്തീർന്ന പണ്ഡിതവർഗ്ഗം, പല അത്ഭുതകർമ്മങ്ങളും അദ്ദേഹത്തിലാരോപിച്ചു് അദ്ദേഹത്തെ വധിക്കണമെന്നു് പുനശ്ച കാലിഫിനോടപേക്ഷിച്ചു. ആത്മസുഹൃത്തുക്കൾകൂടെ ബദ്ധശത്രുക്കളായി പരിവർത്തനം ചെയ്കയാൽ, മൻസൂർ സ്ഥലംവിട്ടു. പ്രതിയോഗികളുടെ കഠോരമർദ്ദനത്തെ അവഗണിച്ചും മൻസൂർ സ്വസിദ്ധാന്തപ്രചരണം തുടർന്നു; മദ്ധ്യമാർഗ്ഗമവലംബിച്ചു്, പ്രതിബന്ധങ്ങളെ അപാരധീരതയോടെ തട്ടിത്തകർത്തുകൊണ്ടദ്ദേഹം മുന്നോട്ടു പോയി. ഏതായാലും, അമാനുഷപ്രഭാവത്തോടെ മൻസൂർ സ്വസന്ദേശം പ്രചരിപ്പിച്ചു.

ഇത്തരുണത്തിൽ, മൻസൂറിൻെറ അന്തരാത്മാവിൽ ജ്വലിച്ചുകൊണ്ടിരുന്ന ആധ്യാത്മികശിഖയ്ക്കു് ഗ്ലാനി തട്ടി; നിരാശയും നിസ്സഹായതാബോധവും താല്കാലികമായി അദ്ദേഹത്തെ ഗ്രസിച്ചു. മതാചാര്യന്മാരുടെ ജീവചരിത്രത്തിൽ ഈദൃശഗ്ലാനവേളകൾ അസുലഭമല്ലല്ലൊ. ഇതോടെ, മൻസൂർ ഒരു നയഭേദം വരിച്ചു. ഫക്കീർവേഷം പരിത്യജിച്ചു്, അദ്ദേഹം ഒരു സാധാരണൻെറ ജീവിതരീതി അംഗീകരിച്ചു് അഞ്ചു വർഷക്കാലം ദേശാടനം നടത്തി. ഇതിനു ശേഷം മൻസൂർ പേർഷ്യായിലേക്ക് പുറപ്പെട്ടു. ആദ്ധ്യാത്മികചോദനകൾക്കനുകൂലമായ പേർഷ്യയിലെ അന്തരീക്ഷത്തിൽ, നഷ്ടമായ ആധ്യാത്മികശക്തി പുനരാർജ്ജിച്ച മൻസൂർ കൂടെക്കൂടെ സമാധിസ്ഥനാകാറുണ്ടായിരുന്നു. ഇക്കാലത്താണു് അദ്ദേഹം അനർഘങ്ങളായ സ്വകൃതികളിലേറിയകൂറും രചിച്ചതു്.

പേർഷ്യായിൽ നിന്നു് മെക്കായിൽ തിരിച്ചെത്തി വീണ്ടും മതപ്രഭാഷണമാരംഭിച്ച മൻസൂറിനെ, ജാലവിദ്യക്കാരനെന്നു പറഞ്ഞു ജനങ്ങൾ മർദ്ദിച്ചു. മൻസൂർ, അടുത്തപടി ഇൻന്ത്യയിലേക്ക് പുറപ്പെട്ടു. ഇൻന്ത്യയിൽ അദ്ദേഹം വളരെ കുറച്ചു കാലമെ താമസിച്ചുള്ളുവെങ്കിലും അതിനിടയിൽ ചില മാന്ത്രികതന്ത്രങ്ങളും ജാലവിദ്യകളും അഭ്യസിച്ചതായി അഭ്യൂഹിക്കാം. ഇൻന്ത്യാ വിട്ടശേഷം, മൻസൂർ പല അത്ഭുതകർമ്മങ്ങളും പ്രവർത്തിക്കുകയുണ്ടായിട്ടുണ്ട്. "താങ്കൾ ദൈവമാണെന്നുപറയുന്നല്ലൊ; എന്നാൽ സ്വർഗ്ഗത്തിൽ നിന്നു കുറെ ആപ്പിൾപഴത്തെ ആവാഹിക്കുക" എ

ന്നൊരവസരത്തിൽ ശ്രോതാക്കൾ ആവശ്യപ്പെട്ടതനുസരിച്ച് മൻസൂർ കൈയ്യ് പൊക്കിയപ്പോൾ ഒന്നാംതരം ആപ്പിൾപഴങ്ങൾ പൊഴിഞ്ഞു വീണു. മൻസൂറിന്റെ പ്രശസ്തി ഇൻന്ത്യയിൽ സാവ്വത്രികമായിരുന്നു.

സ്വരാജ്യത്തു് തിരിച്ചെത്തിയ മൻസൂർ പൂവ്വാധികം സമരോത്സുകമായ നയപരിപാടികളവലംബിച്ചു; യാതൊരു നിയന്ത്രണവും വിനാ സ്വസിദ്ധാന്തങ്ങളെ ഉച്ചൈസ്തരം പ്രഖ്യാപനം ചെയ്തു. അജ്ഞലക്ഷങ്ങൾ പലപ്പോഴും മൻസൂറിനെ അനുഗമിച്ചെങ്കിലും, അദ്ദേഹത്തിന്റെ അതിസൂക്ഷ്മങ്ങളായ ആധ്യാത്മികസിദ്ധാന്തങ്ങൾ ഗ്രഹിക്കാനശക്തരായ അവർ, 'ദൈവവിദ്വേഷി'യാണദ്ദേഹമെന്ന് മുറവിളികൂട്ടി; മതഭ്രാന്തർ അദ്ദേഹത്തെ ദേഹോപദ്രവമേല്പിച്ചു. അൻപതു സ്ഥലങ്ങളിൽ വച്ചു്, ശ്രോതാക്കൾ അദ്ദേഹത്തെ പ്രഹരിച്ചു; അധികൃതമണ്ഡലവും ഈ മദ്ദനസംരംഭങ്ങളിൽ പങ്കെടുത്തു. ഇതേസമയം, മാന്ത്രികാകഷണത്താലെന്ന വിധം ജനങ്ങൾ ഇദ്ദേഹത്തെ അനുഗമിക്കുകയും ചെയ്തിരുന്നു. 4000 ജനങ്ങളാൽ അനുഗതനായ മൻസൂർ, മെക്കായിലെത്തി കാബാക്ഷേത്രകവാടത്തിങ്കൽ കൃച്ഛ്റമായ തപശ്ചയ്യകൾ അനുഷ്ഠിച്ചു; അദ്വൈതസിദ്ധാന്തത്തിന്റെ പരമസാരം അദ്ദേഹത്തിന് അനുഭവവേദ്യവുമായി; "സുഖദുഃഖങ്ങളിൽ അഭേദബുദ്ധി" അദ്ദേഹത്തിന് സ്വായത്തമായി.

ഈ തപശ്ചയ്യാനന്തരം പ്രവൃദ്ധമായ ഊജ്ജസ്വലതയോടെ മൻസൂർ, സ്വസിദ്ധാന്ത പ്രചരണം തുടൻ; പ്രതിയോഗികളുടെ മദ്ദനരൂക്ഷതയും ശതഗുണീഭവിച്ചു. ഗവർമെൻറ്, അദ്ദേഹത്തെ ബന്ധനസ്ഥനാക്കി. "ടൈഗ്രിസ്സ് നദിയുടെ തീരത്തിൽ 4 ദിവസത്തേക്ക് ഭക്ഷ്യപേയങ്ങളൊന്നും കൂടാതെ ഉഗ്രമായ സൂയ്യാതപവ്യമേററ്, മൻസൂർ കുരിശിൽ തൂങ്ങിക്കിടന്നു." യാതൊരു ദൌർബ്ബല്യപ്രകടനവും വിനാ, മൻസൂർ ഈ മഹാക്ലേശങ്ങളെല്ലാം സഹിച്ചു. ദൈവം, തന്നിൽക്കൂടെ (മൻസൂർ) സ്വയമാവിഷ്കരണം സാധിക്കുകയാണെന്നും, പൂവ്വകാലങ്ങളിലെ പ്രവാചകർ, ലോകത്തിൽ അവതരിക്കുമെന്നും, മൻസൂർ പ്രസംഗിച്ചു. മൻസൂറിന്റെ ഈ പ്രസ്താവനകളും, ഭാരതീയരുടെ 'അവതാര'സിദ്ധാന്തവും തമ്മിലുള്ള ഉൽബണമായ സാദൃശ്യം പഠനാർഹമാണ്. അനൽഹക്ക് സിദ്ധാന്തവും, അവതാരസിദ്ധാന്തവും തമ്മിലുള്ള വ്യത്യാസങ്ങളും ചിന്തനീയമാണ്. ഏകമായ ആ പരമശക്തിയുമായി അനുഭവത്തിൽ അഭേദബുദ്ധി പ്രാപിക്കുന്ന ആക്കും അനൽഹക്കെന്ന് പറയാം; പക്ഷെ, ഇങ്ങനെ അഭേദാവസ്ഥ നേടുന്ന ആൾ അവതാരമാണെന്നത്ഥമില്ല. മൻസൂർ, ആത്മാനുഭൂതിനേടിയ ദിവ്യനായിരുന്നു.

നാല്പത്തിയേഴ ഗ്രന്ഥങ്ങൾവഴിയായി മൻസൂർ, സ്വസിദ്ധാന്തങ്ങളെ വിശദീകരിച്ചു; ഈ ഗ്രന്ഥങ്ങളുടെ പ്രചാര നിരോധനാത്ഥമുള്ള ഗവർമെൻറിന്റെ യത്നങ്ങൾ വിഫലീഭവിക്കുകയാണുണ്ടായതു്. ബാഹ്യമായ പ്രതിഷേധങ്ങൾ നിരവധികമായിരുന്നെങ്കിലും, മൻസൂറിന്റെ സിദ്ധാന്തങ്ങൾ സാവ്വത്രികമായി പ്രചരിച്ചു ജനങ്ങളുടെ ഭാവനയെ ആകഷിച്ചുതുടങ്ങി. ചിന്തകന്മാരും കവികളും ഈ സിദ്ധാന്തങ്ങളാൽ സവിശേഷം ആകൃഷ്ടരായി. ഈ അവസ്ഥയിലും സവ്വതോമുഖമായ എതിപ്പും ശത്രുതയുമാണ് മൻസൂറിനെ സ്വാഗതം ചെയ്തതു്. മൻസൂറിന്റെ ഹൃദയം പൂണ്ണമായി ഗ്രഹിച്ചിരുന്ന രണ്ടു ശിഷ്യന്മാരിലൊരാളായ ഷിബ്ളി പോലും, മൻസൂറിനെ വധിക്കുന്നതു് സ്വധമ്മമാണെന്നു വിശ്വസിച്ചു. സമാധിയിൽനിന്നുണന്ന് മൻസൂർ പറഞ്ഞു:— ഷിബ്ളി! ശാന്തനാകുക. അതിപ്രധാനമായ ഒരു മഹാപ്രവത്തനത്തിലേപ്പെട്ടിരിക്കുന്ന എന്നെ ഇപ്പോൾ നീ ഹനിക്കുന്നതു് ഉചിതമല്ല." വിസ്മയസ്തബ്ധനായ ഷിബ്ളി, ഗുരുനിഹനോദ്യമത്തിൽനിന്ന് പിൻവാങ്ങി.

എതിപ്പിനു പ്രതിദിനം രൂക്ഷത വദ്ധിച്ചു. ഗവർമെൻറും പുരോഹിതവഗ്ഗവും മതഭ്രാന്തരായ ജനതാസാമാന്യവും ഗൌരവതരമായ നടപടികളംഗീകരിച്ചുതുടങ്ങി. മൻസൂറിന്റെ പ്രഭാഷണങ്ങൾ വദ്ധിച്ചു; അദ്ദേഹം അത്ഭുതകമ്മങ്ങൾ ധാരാളമായി പ്രവത്തിച്ചുതുടങ്ങി; പ്രതിപക്ഷികളെ വെല്ലുവിളിച്ചു. ഇപ്രാവശ്യം, കാലിഫും, മൻസൂറിനെതിരായി നടപടികൾ കയ്ക്കൊണ്ടു പ്രസംഗവേദികയിൽകയറി, അനൽഹക്ക് എന്നതിനു പകരം, ഹുവാൽഹക്ക് (അദ്ദേഹം ദൈവമാകുന്നു) എന്നു പ്രസംഗിച്ചാൽ ശിക്ഷിക്കാതെ വിടാമെന്നു മൻസൂറിനോടു നിദ്ദേശിച്ചു. ധീരനായ മൻസൂർ, പ്രസംഗമണ്ഡപത്തെ അധിരോഹണം ചെയ്തു് ഇങ്ങനെ പ്രസംഗിച്ചു:— "ഏകതത്വമാകുന്ന സാഗരത്തിലെ തരംഗങ്ങൾ നാനാവശത്തും അലയടിക്കുന്നു; അതിൽ എന്റെ വ്യക്തിത്വം സമ്പൂണ്ണമായും വിലയം ഗമിച്ചിരിക്കുന്നു. എനിക്കതിൽനിന്നു വേർപെടാൻ

സാധ്യമല്ല. താൻ മൻസൂറാണെന്ന വസ്തുത, മൻസൂർ വിസ്മരിച്ചിരിക്കുന്നു; മൻസൂർ ദൈവികസ്വഭാവം—പ്രകൃതി—നേടിയിരിക്കുന്നു. ഈ ഉത്തുംഗപദവി പരിത്യജിച്ച് മൻസൂർ എന്തിന് നിസ്സാരനായ ഭൌതികജീവിയാകണം?" മൻസൂറിൻെറ ഈ പ്രസംഗത്തിൻെറ അർത്ഥമെന്താണെന്നു വിധികർത്താക്കൾ ജുന്നദിനോടു ചോദിച്ചപ്പോൾ "അർത്ഥവിശദീകരണത്തിനുള്ള വേള ഇതല്ല; മൻസൂറിനെ വധിച്ച് അയാളെ കഷണം കഷണമായി മുറിക്കുക എന്നാണിതിൻെറ അർത്ഥം" എന്നു ജുന്നദ് മറുപടി നൽകി.

ഒരു മതാദ്ധ്യക്ഷനായ മഹമ്മദ്ദാവൂദ്, മൻസൂറിനെ പ്രഹരിച്ചു; കാലിഫിൻെറ മന്ത്രികൾ മൻസൂറിനെ കാരാഗൃഹത്തിലേക്കു നയിച്ചു.

മൻസൂർ, ഒരുവത്സരക്കാലം കാരാഗാരത്തിൽ കിടന്നു. ജയിൽകവാടത്തിൽ സന്നിഹിതരായ ജനസമൂഹത്തോട്, സ്വസിദ്ധാന്തത്തെപ്പററി അദ്ദേഹം പ്രസംഗിച്ചു. ഈ പതിവും നിരോധിതമായി.

ജയിലിൽവച്ച് മൻസൂർ, അത്ഭുതകർമ്മങ്ങൾ പ്രവർത്തിച്ചുതുടങ്ങി. മൂന്നുദിവസത്തേക്കു കാരാഗൃഹത്തിൽനിന്നദ്ദേഹമപ്രത്യക്ഷനായി; അധികൃതർ സംഭ്രാന്തരുമായി. വേറൊരവസരത്തിൽ, കൂട്ടുതടവുകാരിൽ പലരേയും മൻസൂർ ബന്ധനമുക്തരാക്കി. ഭീതിവശഗരായ ജയിലധികൃതർ, വിവരങ്ങളെല്ലാം കാലിഫിനെ അറിയിച്ചു. "മൻസൂറിനെ ഇനിയും ജയിലിൽ പാർപ്പിച്ചാൽ രാജ്യത്തു വലിയ കുഴപ്പമുണ്ടാകും; കഴിയും വേഗം അയാളെ വധിക്കട്ടെ; അനൽഹക്കെന്നുച്ചരിക്കുമ്പോളെക്കെ വടികൊണ്ടയാളെ അടിക്കുക"—ഇതായിരുന്നു കാലിഫിൻെറ മറുപടി.

ജയിൽമുറിയിൽനിന്നു പുറത്തുകൊണ്ടുവന്ന മൻസൂറിനെ, കാലിഫിൻെറ ഈ ഉത്തരവു വായിച്ചുകേൾപ്പിച്ചപ്പോൾ, സന്തോഷമദത്തോടെ 'അനൽഹക്ക്' എന്നദ്ദേഹം ആവർത്തിച്ചുരച്ചു; 300-ൽപരം അടികൾ മൻസൂറിനെ ഏല്പിച്ചു. മൻസൂർ, പ്രഹരവേദന അറിഞ്ഞതേ ഇല്ല. "മൻസൂറേ, ഭയപ്പെടരുത്" എന്നൊരുശബ്ദം, മൻസൂറിനെ പ്രഹരിച്ച ആൾ ശ്രവിച്ചു; അയാൾ ഭയവിത്രസ്തനായി.

തൂക്കുമരത്തിലേക്കു നീതനായ മൻസൂർ, അവിടെ സന്നിഹിതരായിരുന്ന ജനലക്ഷത്തോട് 'അനൽഹക്ക്' സിദ്ധാന്തത്തെപ്പററി സാവേശം പ്രസംഗിച്ചു. "ധീരന്മാരെ സംബന്ധിച്ചിടത്തോളം തൂക്കുമരത്തിലേക്കു നയിക്കപ്പെടുകയെന്നതു സ്വർഗ്ഗത്തിലേക്കാനയിക്കപ്പെടുകയാണ്" എന്നു പറഞ്ഞുകൊണ്ട്, മൻസൂർ ആ തൂക്കുമരത്തിനെ ചുംബിച്ചു, പടിഞ്ഞാറോട്ടുതിരിഞ്ഞു പ്രാർത്ഥിച്ചുകൊണ്ടിരിക്കവെ ചില ഹൃദയശൂന്യർ മൻസൂറിനെ കല്ലെറിഞ്ഞു; മൻസൂർ അചഞ്ചലനായി സ്ഥിതിചെയ്തു. അടുത്തപടി, മൻസൂറിൻെറ ഹസ്തങ്ങൾ ഛേദിക്കപ്പെട്ടു. "എൻെറ ഭൗതികഹസ്തച്ഛേദനം ലഘുസാദ്ധ്യമാണ്; പക്ഷെ ആത്മീയഹസ്തങ്ങൾ ആരാലും അച്ഛേദ്യമാണ്" എന്നക്ഷോഭ്യനായി മൻസൂർ പറഞ്ഞു. ഉത്തരക്ഷണത്തിൽ മൻസൂറിൻെറ കാലുകൾ മുറിച്ചു. "രക്തലോപത്താൽ എൻെറ മുഖം വിളറുന്നതു കണ്ട്, അതിൻകാരണം ഭയമാണെന്ന് ആളുകൾ തെററിദ്ധരിക്കാതിരിക്കാനായി" മൻസൂർ മുഖമാസകലാൽ രക്തം പൂശി. അടുത്തതായി മൻസൂറിൻെറ കണ്ണുകൾ ചുഴന്നെടുത്തപ്പോൾ ആൾക്കൂട്ടത്തിൽ ബഹളമുണ്ടായി; ചിലർ കരഞ്ഞു. അദ്ദേഹത്തിൻെറ നാക്ക് വലിച്ചു പിഴുതെടുക്കാൻ തുടങ്ങിയപ്പോൾ, "കുറച്ചു ക്ഷമിക്കുക, ഞാൻ കുറച്ചു സംസാരിച്ചുകൊള്ളട്ടെ" എന്ന് മൻസൂർ പറഞ്ഞു. ആകാശത്തെ ലക്ഷ്യമാക്കിക്കൊണ്ട് മൻസൂർ ഇങ്ങനെ പറഞ്ഞു:— "എന്നെ ഇങ്ങനെ ഹിംസിക്കുന്നവരുടെ ആനന്ദസൗഭാഗ്യങ്ങളെ, അല്ലയോ ദൈവമേ! അവിടുന്നു പിൻവലിക്കരുതെ. അങ്ങയുടെ സമീപത്തേക്കുള്ള എൻെറ മാർഗ്ഗദൈർഘ്യത്തെ അവർ ഹ്രസ്വീകരിച്ചിരിക്കുന്നു." ഇതിനുശേഷം, അദ്ദേഹത്തിൻെറ ശ്രോത്രങ്ങളും നാസികയും ഛേദിക്കപ്പെട്ടു. ഈ സമയത്ത് ഒരു സ്ത്രീ, മൻസൂറിനെ സമീപിച്ച് "ഭ്രാന്തനായ ഈ പാപിയെ കൊല്ലുക, കൊല്ലുക" എന്നട്ടഹസിച്ചുകൊണ്ട് ഒരു കല്ലെടുത്ത്, മൻസൂറിനെ ശക്തിയായി ഇടിച്ചു. ഇതിന് മൻസൂറിൻെറ മറുപടി, കൊറാനിലെ രണ്ടു വാക്യങ്ങളുടെ ഉദ്ധരണമായിരുന്നു. മൻസൂറിൻെറ നാക്കു പിഴുതെടുക്കപ്പെട്ടു. കാലിഫിൻെറ ഉത്തരവനുസരിച്ച് മൻസൂറിൻെറ ശിരസ്സ് ഛേദിക്കപ്പെട്ടു. പരമമായ ശാന്തിയോടും ആനന്ദത്തോടും, മൻസൂർ ഇഹലോകവാസം വെടിഞ്ഞു.

മൻസൂർ മരിച്ചപ്പോൾ, അന്തരീക്ഷവും തരുനികരവും സമുദ്രത്തിലെ തരംഗപരമ്പരയും "അനൽഹക്കെ"ന്ന മുദ്രാവാക്യത്തെ പ്രതിധ്വനിപ്പിച്ചതായി പറയപ്പെടുന്നു.

ചെറുകഥ.

# ആ സുന്ദരിയുടെ ഭർത്താവ്.

(തകഴി ശിവശങ്കരപ്പിള്ള)

യോഗസ്ഥലം മുതൽ വീടുവരെ ആ ദമ്പതികൾ ഒരുമിച്ചു കുതിരവണ്ടിയിൽ അരമണിക്കൂർ ദൂരം യാത്രചെയ്തു.. അവൾ എന്തൊക്കെയോ ലഘുചിത്തയായി ചിലച്ചുകൊണ്ടിരുന്നു; കുട്ടിയെപ്പോലെ ചപല ആയിരുന്നു. അയാൾ ഒരക്ഷരം ഉരിയാടിയില്ല.

അന്നത്തെപ്പോലെ ഒരു മഹാവിജയം അവൾക്ക് ഉണ്ടായിട്ടില്ല. ആ സായാഹ്നത്തിൽ സിദ്ധിച്ച ബഹുമതി അസൂയാർഹമായിരുന്നു. ആ ദിവ്യമായ സംഗീതമധുരിമയിൽ ഏവരും തന്നെത്താൻ മറന്നു; സദസ്സു കോൾമയിർകൊണ്ടു. വിശ്വവിഖ്യാതനായ ഒരു മഹാൻ അവളെ മുക്തകണ്ഠം സ്തുതിച്ചു

വണ്ടിയിൽ വച്ചു് ആ ഭർത്താവു് അവളുടെ ചാപല്യത്തെ രണ്ടുമൂന്നാവർത്തി സൂക്ഷിച്ചു. ആഹ്ലാദത്തിൽ മതിമറന്ന ആ സ്ത്രീ അതൊന്നും അറിഞ്ഞില്ല. അയാളുടെ കണ്ണുകളിൽ നിഴലാടിയിരുന്ന വിചാരമെന്തെന്ന് അവൾ കണ്ടില്ല. അയാളുടെ മൗനത്തിൻെറ സൂചനയും മനസ്സിലാക്കാൻ ആ സ്ത്രീക്കു് കഴിഞ്ഞില്ല.

"ഇതെന്തു്? ഉറക്കം തൂങ്ങുന്നോ?"

അവൾ അയാളുടെ കവിളിൽ വിരൽ ഊന്നിക്കൊണ്ടു് ചോദിച്ചു.

വീട്ടിലെത്തി. അവൾ ഉല്ലാസഭരിതയായിരുന്നു. വണ്ടിയിൽ നിന്നും ചാടിയിറങ്ങി അവൾ അകത്തേക്കുപോയി. അയാൾ നിരുന്മേഷനായി വരാന്തയിൽ ഒരു ഈസിച്ചെയറിൽ ഇരുന്നു. മുണ്ടുമാറിയിട്ടു് അവൾ മടങ്ങിവന്നു് അടുത്തു് ഒരു കസേരയിൽ ഇരുന്നു.

"ഈ മൗനം എന്തു്?"

അവൾ അയാളുടെ കരം എടുത്തു് മടിയിൽ വച്ചുകൊണ്ടു ചോദിച്ചു. എന്നിട്ടും അയാൾ മൗനം ഭഞ്ജിച്ചില്ല. അവൾ വീണ്ടും ചോദിച്ചു,

"ആ തോടി കീർത്തനം എങ്ങിനെയിരുന്നു? അതുഞാൻ പാടിയാൽ നന്നാവുകയില്ലെന്നല്ലേ പറഞ്ഞതു്?"

അവൾക്കു് ഒരു മറുപടിയും ലഭിച്ചില്ല.

വൃക്ഷങ്ങൾക്കു മുകളിൽ തെളിഞ്ഞ ചന്ദ്രൻ പ്രത്യക്ഷനായി. അയാളുടെ വിരലുകൾക്കിടയിൽ അവൾ വിരൽ കോർത്തു കളിച്ചുകൊണ്ടിരുന്നു.

"എന്തൊരു ചന്ദ്രിക! ഈ വിളക്കു അതിൻെറ സൗന്ദര്യത്തെ നശിപ്പിക്കുന്നു"

അവൾ മേശമേൽ ഇരുന്ന വിളക്കു് അണച്ചു. എന്നിട്ടു് അയാളിൽ കൺകോണു ചായ്ച്ചു് ഹൃദയഹാരിയായി ഒരു ചിരിചിരിച്ചു.

പ്രതിമപോലെ അയാൾ അപ്പൊഴും ഇരിക്കുന്നു!

"അദ്ധ്യക്ഷൻ എന്താണു കുറിച്ചു കൊടുത്തയച്ചതു്?" അയാൾ പെട്ടെന്നു ചോദിച്ചു. "അതോ—അയ്യോ—പിന്നെ—ഞാൻ മറന്നുപോയല്ലോ"

അയാൾ അവളുടെ മടിയിൽനിന്നും കൈ പെട്ടന്നു വലിച്ചെടുത്തു. ആ ബലം പ്രയോഗിക്കലിൽ അവൾ ഒന്നു നടുങ്ങി. അയാൾ അവളുടെ മുഖത്തു ഒരുക്ഷണം ദൃഷ്ടി ഉറപ്പിച്ചു. അവൾ പറഞ്ഞു.

"നഠഭൈരവികീർത്തനം പാടണമെന്നായിരുന്നു."

അവളുടെ ചാപല്യം പെട്ടെന്നു് ഒന്നു് ഒതുങ്ങിയതുപോലെ തോന്നി. ആ ചന്ദ്രനെ അവൾ സൂക്ഷിച്ചു നോക്കിക്കൊണ്ടിരുന്നു. ഇടക്കിടക്കു തീഷ്ണമായ വീക്ഷണങ്ങൾ അവളുടെ മുഖത്തു പതിച്ചിരുന്നു. ആ തെളിഞ്ഞ ചന്ദ്രികയിൽ അവളുടെ നെററിയിലെ അല്പം മാഞ്ഞു കോട്ടംതട്ടിയ ചാന്തുപൊട്ടും പൊൻകവി

ളിൽ കൂമ്പിയ ഒരു മുഖക്കുരുവുംകൂടി കാണാമായിരുന്നു. അവൾ വാർമുടിയിൽ ചൂടിയിരുന്ന പിച്ചിമാലയിൽ നിന്നും ഉന്മാദകമായ പരിമളം പ്രസരിച്ചിരുന്നു. അവളുടെ ഓമന്മിഴികൾ ചന്ദ്രികയേററു തിളങ്ങി. അവിടെ ജലം നിൽക്കുന്നുവെന്ന് അയാൾ സംശയിച്ചു.

"രമണി!"

ചില നിമിഷങ്ങൾ അവരുടെ മിഴികളിടഞ്ഞു. അവളുടെ ചെഞ്ചോരിച്ചുണ്ടുകളിൽ കരൾ കവരുന്ന ഒരു മന്ദഹാസം കളിയാടി.

"ഇതെന്തു കിറുക്കോ?"

അവളുടെ നെററി ചുളിഞ്ഞു.

"ആ കടലാസെവിടെ?" അയാൾ ചോദിച്ചു.

"അതുഞാൻ കീറിക്കളഞ്ഞു."

നിശ്ശബ്ദമായ അരമണിക്കൂർ നേരം കഴിഞ്ഞു. അവൾ എഴുന്നേററു പോയി.

*  *  *  *

യോഗറിപ്പോർട്ടിൻെറ കൂടെ അവളുടെ പടം ഒരു പത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. അവളെക്കുറിച്ചു കവനലോലുപമായ ഒരു ലേഖനം ഏതോ ഒരു കലാപ്രണയി എഴുതിയിരുന്നു. കേവലം ഒരു അഭിനന്ദനം മാത്രമായിരുന്നില്ല ആ ലേഖനം. ലേഖകൻെറ കലാവാസനയ്ക്കു്, അതിൻെറ അനന്തമായ അന്വേഷണത്തിൽ സൗന്ദര്യസാക്ഷാത്കാരമുണ്ടായതുപോലെയിരുന്നു. ഒരു വിശുദ്ധമണ്ഡലം, പരമാനന്ദതുന്ദിലമായ ഒരു അന്തരീക്ഷം അതു വായിക്കുന്നവൾക്ക് അനുഭൂതമായിരുന്നു. അവിടെ ആ കോകിലാലാപം മാത്രം പരന്നൊഴുകുന്നുണ്ടു്. ആ ലേഖനം കേവലം ഒരു നിരൂപണം ആയിരുന്നില്ല. ആ ഗാനമാധുരിയിൽ ലയിച്ചു ലേഖകൻെറ വ്യക്തിത്വം നശിച്ചതുപോലെയിരുന്നു. ലേഖനത്തിൽ വായനക്കാരൻെറ സൂക്ഷ്മദൃഷ്ടിക്കു് അവളുടെ സൗന്ദര്യം നിഴലാടിക്കാണാമായിരുന്നു.

രമണി ആ കവിതയിൽ ലയിച്ചു തന്നത്താൻ മറന്നു. അവളുടെ ഭർത്താവു് അവിടെയില്ലായിരുന്ന ആ തക്കത്തിൽ അവൾ അനേകം പ്രാവശ്യം അതു വായിച്ചു.

വയ്യിട്ടു അവളുടെ ഭർത്താവു വന്നപ്പോൾ അവൾ ഓടി അടുത്തുചെന്നു. അയാളുടെ ചുമലിൽ കൈ ഇട്ടുകൊണ്ടു അവൾ പറഞ്ഞു.

"ഇന്നത്തെ പത്രത്തിൽ—"

"മതി! എനിക്കു സൈ്വരം വേണം."

അയാളുടെ സ്വരം ഒരു ഇരമ്പൽപോലെയിരുന്നു. അവൾ നടുങ്ങി പിൻമാറി. വാടിയ മുഖത്തോടെ അവൾ ഭർത്തൃസന്നിധിയിൽനിന്നും നിഷ്ക്രമിച്ചു. അവളുടെ ഉൾക്കാമ്പു നീറി.

"രമണീ!"

രമണി വീണ്ടും അയാളുടെ മുമ്പിൽ വിനയപൂർവ്വം ആഗതയായി. ആയാൾക്കു് ഒന്നും പറയാനില്ല. വെറുതെ വിളിക്കുക ആയിരുന്നു എന്നു പറഞ്ഞു.

അന്നു ശയ്യാഗാരത്തിൽവച്ചു് അവൾ അയാളുടെ വക്ഷസ്സിൽ ശിരസ്സു ചേർത്തു് അനർഗ്ഗളം അശ്രു വാർത്തുകൊണ്ടു ചോദിച്ചു.

"എന്നെ വിശ്വാസമില്ല. ഈ അസ്വസ്ഥതക്കു സംഗതിയെന്തു്?"

അവളുടെ കരാംഗുലികൾ അയാളുടെ മാറ്വിടത്തിലെ നിബിഡമായ രോമരാജികൾക്കിടയിൽ മന്ദമന്ദം ചരിച്ചുകൊണ്ടിരുന്നു.

"എൻെറ രമണി! നീ ഇത്ര സുന്ദരി ആകണ്ടായിരുന്നു."

*  *  *  *

അടുത്തദിവസം അയൽക്കാരിയായ ഒരു മിത്രം രമണിയെ സന്ദർശിച്ചു.

"രമണി! നീ ഇത്ര നന്നായി ഒരിക്കലും പാടിയിട്ടില്ല" അവർ പറഞ്ഞു

"അതു് എനിക്കും തോന്നി."

"ആ ലേഖനം — " ആ സ്ത്രീ അർത്ഥവത്തായി ചിരിച്ചു; അതിലുപരി അവരുടെ നോട്ടം അർത്ഥവത്തായിരുന്നു.

"മാധവി! ആരാണതു്?"

"ആ എനിക്കറിഞ്ഞുകൂട."

മാധവി പഴയപോലെ അർത്ഥഗർഭമായി ചിരിച്ചു.

"അല്ല. ആരാ അതു്," രമണി വീണ്ടും ചോദിച്ചു. ലജ്ജയുടെ ലേശലേശം സ്ഫുരിക്കുന്ന ഒരു മധുര മന്ദഹാസം അവളുടെ വായ്മൂലകളിൽ കളിയാടി.

"സുന്ദരനായ ഒരു യുവാവ്. ഒരു വാസനാസമ്പന്നനായ കവി. നിൻെറ ഒരു ആരാധകൻ".

"ഓ! മാധവി! കളി പറയാതെ"

"പോ! കള്ളീ!"

രമണിയുടെ മുഖം അരുണമായി.

"മാധവി! ഞാൻ വിവാഹിതയാണ്"

"അതിന്ന ഞാനെന്തു പറഞ്ഞു?"

"ഒ! എനിക്കൊന്നും അറിയണ്ട."

"നീ അദ്ദേഹത്തെ അറിയുകയില്ലേ?"

"ഇല്ല നിന്നാണെ അറിയുകയില്ല."

"കള്ളി!—"

രമണി മാധവിയുടെ കൈക്കു പിടിച്ചു.

"മാധവി ഞാൻ സത്യമായി പറയുന്നു—"

"എൻെറ കൈ ഞെരിക്കാതെ!"

"നീ എന്താണിങ്ങനെ ചോദിക്കുന്നതു്? തെററിധരിക്കാതെ. ഞാൻ അദ്ദേഹത്തെ അറിയുകയില്ല. എൻെറ ജീവിതം നശിപ്പിക്കാതെ."

രമണിയുടെ കണ്ണുകൾ നിറഞ്ഞു.

"ആ ലേഖനം വായിച്ചാൽ, ദൃഢമായ ഒരു ബന്ധം ഉണ്ടെന്നു തോന്നിപ്പോകും."

"അയ്യോ! മാധവി!" രമണിയുടെ കണ്ണിൽ നിന്നും അശ്രുബിന്ദുക്കൾ അടന്നടന്നു വീണു. അവൾ മാധവിയുടെ വാ പൊത്തി.

"മാധവി എന്നെ നശിപ്പിക്കാതെ! എൻെറ ഭത്താവ് — നീ എൻെറ ആന്തരികമായ ജീവിതം — നീറിനീറിയുള്ള ജീവിതം — ഞാൻ നിന്നോടു പറഞ്ഞിട്ടില്ലേ, എനിക്കു പാക്കിൽ പോകുവാൻ കൂടി അനുവാദമില്ലെന്നു്. ഞാൻ പുരുഷന്മാരുമായി സംസാരിച്ചുകൂടാ. എനിക്കു വരുന്ന എഴുത്തുകൾ അദ്ദേഹത്തിനെ ഏല്പിക്കണം. സൂചിമുനയിൽ തങ്ങിനിൽക്കുന്ന ആ വിശ്വാസം—മാധവി! എന്നെ തുലയ്ക്കരുതെ! ആ വാൾ എൻെറ തലയിൽ വീഴാൻ — തലമുടിനാരിലാണ് അതു കെട്ടത്തൂക്കിയിട്ടിരിക്കുന്നതു്. ഇന്നലെയും പറഞ്ഞു നീ സുന്ദരിയാകണ്ടായിരുന്നു എന്നു്. ഞാൻ ആ കവിയെ അറിയുകയില്ല."

"എന്നാൽ രമണീ! ഇതു് തിരുവനന്തപുരത്തെ ഇന്നത്തെ സംസാരമാണ്."

"എൻെറ ദൈവമേ! അദ്ദേഹത്തിന്ന് അറിഞ്ഞുകൂടേ ഞാൻ ഭത്തൃമതി ആണെന്നു്."

*　　*　　*　　*

മാധവി പോയിക്കഴിഞ്ഞു രമണി വളരെ കരഞ്ഞു. ആ ലേഖനത്തിൻെറ രണ്ടു വരി വായിച്ചിട്ട് അവൾ അതു് ചുരുട്ടിക്കൂട്ടി വലിച്ചെറിഞ്ഞു.

*　　*　　*　　*

രണ്ടു ദിവസം കഴിഞ്ഞു് ഒരു സയാഹ്നത്തിൽ ഒരാൾ അവിടെ വന്നു. വാതിൽ മറഞ്ഞുനിന്നു ആ സന്ദർശകൻ ആരെന്നു് അവൾ നോക്കി. അതു് സുമുഖനായ ഒരു യുവാവായിരുന്നു. അയാളുടെ ജീവനുള്ള കണ്ണുകളിൽ ഒരു സംഭ്രമം നിഴലിച്ചിരുന്നു. യുവത്വം നിറഞ്ഞു തുടുതുടുത്ത ആ മുഖവും, കറുത്ത ചുരുണ്ട പുരികവും, ചൈതന്യമുള്ള കണ്ണുകളുമെല്ലാം അവ്യക്തങ്ങളായ ചില സ്മരണകളെ തട്ടിഉണത്തുന്നതുപോലെ രമണിക്കു തോന്നി. എവിടെ വച്ചോ ആ ആകഷകമായ മുഖം കണ്ടിട്ടുണ്ടോ എന്നവൾ സന്ദേഹിച്ചു. അവളുടെ കരൾ അകാരണമായി ദ്രുതതരം തുടിച്ചു. അവൾ ഭൃത്യനെ ആഗതൻെറ അടുക്കലേക്കു പറഞ്ഞയച്ചു.

"കലോത്സവത്തിന്നു ഞാൻ ക്ഷണിക്കാൻ വന്നതാണ്" അയാൾ പറഞ്ഞു.

തൊണ്ടയിൽ വെള്ളം വററിയിട്ടെന്നവണ്ണം അയാളുടെ സ്വരം ഇടറിയിരുന്നു. അയാളുടെ മുഖം ചുമന്നു.

പൊട്ടിത്തെറിക്കും എന്ന വിധം രമണിയുടെ കരൾ തുടിച്ചു.

ഒട്ടു നേരം കഴിഞ്ഞു് അയാൾ പറഞ്ഞു.

"എന്നെ ഒരുപക്ഷെ പറഞ്ഞാൽ അറിയുമായിരിക്കും."

അവരുടെ കണ്ണുകൾ തമ്മിൽ ഇടഞ്ഞു. യുവാവിൻെറ ശിരസ്സു പെട്ടെന്നു ആനമ്രമായി. അവൾ വാതലിനുള്ളിലേക്കു തലവലിച്ചു.

അവൾക്കു് ആൾ മനസ്സിലായി!

അവളുടെ ശരീരം ആലിലപോലെ വിറച്ചു. അവൾ പാവപോലെ നിൽക്കുകയാണ്. ഒട്ടുനേരം കഴിഞ്ഞു് അവൾ ഭൃത്യനെ വിളിച്ചു പറഞ്ഞു.

"നീ പുറത്തിരിക്കുന്ന ആളിനോട്ട് പറ അദ്ദേഹം ഇപ്പോൾ വരികയില്ലെന്ന്."

അവളുടെ ശബ്ദം ഇടറുന്നുണ്ടായിരുന്നു. ഭൃത്യൻ വിവരം പറഞ്ഞുകൊണ്ടിരിക്കുമ്പോൾ പുറത്തുപോയിരുന്ന അവളുടെ ഭർത്താവു് വന്നു. അയാൾ യുവാവിനെ നഖശിഖാന്തം ഒന്നു സൂക്ഷിച്ചു നോക്കിയിട്ട് അകത്തേക്കു പോയി.

അവൾ കട്ടിലിൽ നിന്നും എഴുന്നേററു. അയാൾ അവളെ തീഷ്ണമായി ഒരു നോട്ടം നോക്കി. അവളുടെ നെഞ്ചിടിപ്പ്, മനസ്സിലായതുപോലെ അയാൾ പറഞ്ഞു.

"നീ കരഞ്ഞു നിൻെറ മുഖം തുടുത്തിരിക്കുന്നു."

അവൾ ഒന്നും മറുപടി പറഞ്ഞില്ല. അയാൾ വീണ്ടും വരാന്തയിൽ വന്നു. ആ യുവാവു് എത്ര ശ്രമിച്ചിട്ടും അടക്കുവാൻ കഴിയാത്ത സംഭ്രമത്തോടെ പറഞ്ഞു.

"കലോത്സവത്തിനു ക്ഷണിക്കുവാൻ വന്നു."

ആ നിർഭാഗ്യനായ ഭർത്താവിൻെറ ഉള്ളിൽ അലതല്ലിയ വികാരങ്ങൾ വിവിധങ്ങളും ഉൽക്കടങ്ങളും ആയിരുന്നു. ഒരക്ഷരം പറയാൻ അയാൾക്കു കഴിഞ്ഞില്ല. യുവാവു യാത്രപറഞ്ഞു പോയി.

അയാളുടെ കണ്ണുകൾ നിറഞ്ഞു; അയാൾ പല്ലു കടിച്ചു; വിരലുകൾ കോർത്തു് കൈ തലയിൽ വച്ചു. അവസാനത്തിൽ അയാളുടെ മുഖം ക്രൂരമായി.

"രമണി"

ആ വിളി അത്യാപത്തിലെ അഭയാർത്ഥന പോലെയും ഉച്ചത്തിലും ആയിരുന്നു.

അവൾ അവിടെ വന്നു.

"നിങ്ങൾ എന്തെല്ലാമാണു സംസാരിച്ചതു്?"

അയാളുടെ കണ്ണിൽനിന്നും അഗ്നിസ്ഫുലിംഗങ്ങൾ പാറി.

"ഒന്നും സംസാരിച്ചില്ല." അവൾ കരഞ്ഞു.

അയാളുടെ നോട്ടം അവളെ ദഹിപ്പിച്ചു.

അവൾ തലകുനിച്ചുനിന്നു വിങ്ങിവിങ്ങിക്കരഞ്ഞു

"നീ കലോത്സവത്തിനു പൊയ്ക്കൂട".

ആ ആജ്ഞയുടെ വൻഭാരത്തിനു് അവളുടെ പിഞ്ചാത്മാവു വഴങ്ങി. വിനയപൂർവ്വകവും ബാഷ്പകലുഷവും ആയ ഒരു ചെറുശബ്ദം അതിനു മറുപടിയായി ഉണ്ടായി,

"ഇല്ല."

"വേണ്ട തേവിടിയാടണ്ട. പത്രത്തിൽ എൻെറ ഭാര്യയെക്കുറിച്ച് ആരും എഴുതണ്ട."

അവൾ ഒന്നു നടുങ്ങി. ഭർത്തൃമുഖത്തു തല ഉയർത്തി അവൾ നോക്കി.

രമണി!

"ഇനി ഇവിടെ പുരുഷന്മാരെ കണ്ടുപോകരുതു്. പോ!"

അങ്ങിനെ ആ രംഗം അവസാനിച്ചു.

* * * *

അടുത്ത ദിവസം ഒരു പ്രമാണം കൊണ്ടുവന്നു് അതിൽ ഒപ്പിടുവാൻ അയാൾ അവളോടു് ആജ്ഞാപിച്ചു. അവൾ നിശ്ശബ്ദയായി അതു ചെയ്തു കൊടുത്തു. ആ പത്രത്തിനു് അയയ്ക്കാനുള്ള നോട്ടീസ്സായിരുന്നു അതു്.

അവളുടെ കണ്ണുകൾ എപ്പോഴും നനഞ്ഞിരുന്നു. ആ മുഖം വാടിയ താമരപ്പൂപോലെയിരുന്നു. പ്രസന്നത പൊയ്പ്പോയി. ദീർഘനിശ്വാസത്താൽ തപ്തമായ ആ ജീവിതം ദാരുണമായിരുന്നു. ചിലപ്പോൾ അവൾ വാവിട്ടു കരയും. കലോത്സവം പൊടിപൊടിച്ചു നടക്കുന്നു. പല വലിയ ആളുകളും അവളെ അന്വേഷിച്ചു വന്നു.

സന്ധ്യാവേളകളിൽ അവൾ വീണ എടുത്തുവച്ചു പാടും. ആ ഗാനങ്ങൾ വിഷാദാത്മകങ്ങളായിരുന്നു. 'ഈ ജീവിതം ജീവിക്കത്തക്കതല്ല. ഇവിടെ സുഖമില്ല' എന്നായിരുന്നു ആ കററമററ ഗാനങ്ങളുടെ സന്ദേശം. അവ പലപ്പോഴും കണ്ണീരിൽ നനഞ്ഞതും ആയിരുന്നു.

അടുത്ത വീടുകളിൽ വിദ്യാർത്ഥികൾ താമസിച്ചിരുന്നു. സന്ധ്യക്കു് അവർ ഒരുമിച്ചു കൂടും. പാന്ഥന്മാർ റോഡിൽ നിന്നുപോകും. ഇങ്ങിനെ അവിടെ ഒരു ചെറിയ ജനക്കൂട്ടം പതിവായി ഉണ്ടായിരുന്നു.

അവളുടെ ഭർത്താവു് അവളെ വിളിച്ചു പറഞ്ഞു.

"ഇനി മേലാൽ നീ പാടിക്കൂട."

"ഇല്ല".

അവൾ പിന്നീട്ട പാടിയില്ല.

അന്നൊരു ദിവസം അവൾ അവളുടെ മനോഹരമായ തലമുടി ചീകികെട്ടി ഒരു മുല്ലമാല ചൂടി. അവൾ ഒരു ചാന്തുപൊട്ട തൊട്ടു. കാമുകനുവേണ്ടി ഒരുങ്ങി നിൽക്കുന്ന കാമുകിയെപ്പോലെ അവൾ അന്നു പ്രസന്ന ആയിരുന്നു. ആ ഭർത്താവു അവളെ ഒട്ടു നേരം സൂക്ഷിച്ചുനോക്കിയിട്ട പറഞ്ഞു.

"രമണീ! ആ മാല അങ്ങ എടുത്തു കളയൂ. നിന്റെ തലമുടിയെ നീ വളരെ ശുശ്രൂഷിക്കുന്നു. ഇന്നാൾ തല കോതുന്നതുകണ്ടപ്പോൾ തോന്നിയതാണു."

ഒരുക്ഷണം അവൾ സ്തംഭിച്ചു നിന്നുപോയി. അടുത്ത നിമിഷം അവൾ തലമുടി അഴിച്ചു ആ മാല എടുത്തു.

"ആ പൊട്ടു തുടച്ചുകളയൂ."

പുടകത്തുമ്പുകൊണ്ടു് അവൾ പൊട്ടുതുടച്ചു.

"നീ ഒരുങ്ങി നില്ക്കണ്ട."

"ഞാൻ ഒട്ടും ഒരുങ്ങിയിട്ടില്ലല്ലൊ."

"ഉം."

എന്നിട്ടും അവൾ ജീവിച്ചു പോന്നു. അവളുടെ കണ്ണുകൾ ഇന്നും സജീവവും ആകർഷകവും തന്നെ ആണു് എങ്കിലും, സൂക്ഷ്മനിരീക്ഷണത്തിൽ ഒരു കാപട്യം അവയുടെ ചലനത്തിൽ കാണുവാൻ കഴിയും. ആ നിഷ്കളങ്കത പൊയ്പ്പോയി. അവയുടെ സ്ഥാനത്തു രഹസ്യം കുടിയേറി. അവൾ ജീവിതം പഠിച്ചു. ചിലപ്പോൾ അങ്ങു് ദൂരത്തേക്കു് അവൾ നോക്കാറുണ്ടു്. ആ കണ്ണുകൾക്കു നവ്യമായ ഒരു പ്രകാശവും അപ്പോൾ ഉണ്ടാകാറുണ്ടു്. അവളുടെ മുഖം പൂർവ്വാധികം പ്രസന്നമാകും. അതു് ഒരു ക്ഷണനേരമേ നില്ക്കാറുള്ളു.

രമണി പിന്നീട്ട മാല ധരിച്ചിട്ടില്ല; പൊട്ടിട്ടില്ല; ആഭരണങ്ങൾ അണിഞ്ഞിട്ടില്ല. ഒരു ദിവസം അവൾ കളിയായി ചിരിച്ചുകൊണ്ടു ചോദിച്ചു.

"ഈ താലികൂടി ഞാൻ അഴിച്ചു് പെട്ടിയിൽ വച്ചേക്കട്ടോ?

പെട്ടിയിൽ അവളുടെ വിലയേറിയ സാരികളൊന്നും ഒരു ദിവസം കാണുവാനില്ലായിരുന്നു. അവൾ സസംഭ്രമം ഭർത്താവിനോട ചോദിച്ചു.

"എന്റെ സാരികൾ എവിടെ?"

"അവ ഞാനെടുത്തു."

"എന്നിട്ടെന്തുചെയ്തു?"

"ദഹിപ്പിച്ചു കളഞ്ഞു."

"എന്തിനു്?"

ഞാൻ പറഞ്ഞതിനു വിരുദ്ധമായി നീ ഒരു സാരി ഉടുത്തുകൊണ്ടു ഇന്നലെ സായാഹ്നത്തിൽ മട്ടുപ്പാവിൽ നിന്നു."

ഉപയോഗമില്ലാതെ ഇരുന്നു ജീർണ്ണിക്കേണ്ട എന്നു വിചാരിച്ചു് അവൾ ധരിച്ചുപോയി. അവളും സ്ത്രീയല്ലേ? പുറത്തു പോകുവാൻ അനുവാദമില്ല. വീട്ടിലെങ്കിലും അവ ഉടുത്തുകൂടെന്നു്!

അവളുടെ ചുണ്ടുകൾ ഒന്നു വക്രിച്ചു. അവൾ പറഞ്ഞു.

"ഞാൻ സാധാരണ വീട്ടുവേഷത്തിൽ നില്ക്കുന്നതാണു് കൊള്ളാവുന്നതെന്നു പറയാറുണ്ടു്."

"ആരു പറയാറുണ്ടു്"

അവൾ അയാളുടെ മുഖത്തു് തുറിച്ചു നോക്കി.

*  *  *  *

അവൾ വളരെ വാത്സല്യമായി സംരക്ഷിച്ചു പോന്ന തലമുടി, കുളികഴിഞ്ഞു് അഗ്രം കെട്ടി പിന്നിൽ ഇട്ടിരിക്കുക ആയിരുന്നു. അതു് അങ്ങിനെ തിങ്ങി ഇടതൂർന്നു ചുരുണ്ടു മുട്ടുകവിഞ്ഞു കിടന്നിരുന്നു. പുറത്തു പോയിരുന്ന അയാൾ പടികടന്നപ്പോൾ ആ കേശപ്രവാഹമാണു കണ്ടതു്. അയാൾ ഒട്ടുനേരം സൂക്ഷിച്ചു നോക്കി. അവൾ അതിനെ ലാളിക്കുന്നതു് അയാൾ കണ്ടിട്ടുണ്ടായിരുന്നു.

"രമണി!"

അവൾ തിരിഞ്ഞുനോക്കി.

"ഉം. ഒന്നുമില്ല."

*  *  *  *

അന്നു രാത്രിയിൽ അവൾ തലമുടിയിൽ ആരോ പിടിച്ചു വലിക്കുന്നു എന്നു തോന്നി ഉരുണ്ടെഴുന്നേററു. അയാൾ ഒരു ഘാതകനെപ്പോലെ കൈയ്യിൽ കത്രികയുമായി നില്ക്കുന്നു. മെത്തയിൽ ആ ഭാരമേറിയ തലമുടിക്കെട്ടു കിടക്കുന്നു. അവൾ തല തപ്പിനോക്കി.

"ഹോ! ദ്രോഹി!" അവൾ ആക്രോശിച്ചു. അയാളുടെ ഉരുകണ്ണുകൾ കൊലപാതകിയുടേതുപോലെ വട്ടം കറങ്ങിക്കൊണ്ടിരുന്നു. അവൾ പല്ലുകടിച്ചു നിന്നുതുള്ളി.

"അതു നിനക്ക് ആപത്താണു രമണി! ആ തലമുടി. അതു് ഇത്രസുന്ദരമെന്നു് ഞാൻ ഇന്നാണു കാണുന്നതു്. അതു് പലരേയും ആകർഷിക്കും."

അല്പനേരംനീണ്ടുനിന്ന സാന്ദ്രമായ ഒരു നിശബ്ദത.

"അതു ഇനിയും വളരും. ആ ഭാഗ്യവാൻ അന്നു് അതിൽ വിരലുകൾകോർത്തു കളിച്ചുകൊള്ളും"

അവൾ ഒന്നു പൊട്ടിച്ചിരിച്ചു. അവളുടെ മുഖത്തെ നിന്ദ ഒരുത്തനും വർണ്ണിക്കാവുന്നതല്ല. അവൾ അമറി —

"ഭ...ത്താ...വു്!!"


# "സർവീസ്"

നായർസർവീസ് സൊസൈററിയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധപ്പെടുത്തുന്ന പ്രതിവാരിക.

പരസ്യങ്ങൾക്കു് ഏററവും പററിയതു്.

ചുരുങ്ങിയ ചിലവ്. വലിയ പ്രയോജനം.

കേരളക്കരയിലെ എല്ലാ ഗ്രാമങ്ങളിലും പ്രചാരമുള്ളതും, പ്രൌഢലേഖനങ്ങൾ, ഒന്നാംതരം ചെറുകഥകൾ, കവിതാപംക്തി, വിജ്ഞാനശകലങ്ങൾ, സഹകരണവീഥി, സാഹിത്യപംക്തി, ജീവചരിത്രപംക്തി, നിരൂപണപംക്തി, കരയോഗറിപ്പോർട്ടുകൾ ഇവകളാൽ അലംകൃതവുമായ സർവീസ് വരുത്തി വായിക്കുവിൻ! വിജ്ഞാനകോശത്തെ സംപുഷ്ടമാക്കുവിൻ!!

വാർഷികവരിസംഖ്യ { അഞ്ചലിൽ നാലു രൂപാ മാത്രം / തപാലിൽ അഞ്ചു രൂപാ }

കൂടുതൽ വിവരത്തിന് താഴെകാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക:–

മാനേജർ,

സർവീസ്,

ചങ്ങനാശേരി.

# സാഹിത്യം അഥവാ ശബ്ദാർത്ഥസാഹചര്യം.

(കെ. എൻ. എഴുത്തച്ഛൻ.)

സഹിതശബ്ദത്തിൽനിന്നു ഭാവാർത്ഥത്തിൽ 'ഷ്യഞ്' എന്നൊരു പ്രത്യയം വെച്ചാണു സാഹിത്യപദം ഉണ്ടാകുന്നതു്. ചേർച്ച എന്നാണല്ലോ ഈ നിലക്കു് ആ ശബ്ദത്തിന്റെ അർത്ഥം. "രാമൻ കൃഷ്ണനോടുകൂടി പോകുന്നു" എന്നതിലും "പുസ്തകം മേശപ്പുറത്തിരിക്കുന്നു" എന്നതിലും ഇങ്ങിനെ സാഹിത്യപരമായ ഒരർത്ഥബോധമുണ്ടാകുന്നുണ്ടു്. എങ്കിലും സാഹിത്യപദം തൽഭിന്നമായ ഒരു സാങ്കേതികാർത്ഥത്തിൽ രൂഢമാണു്. പങ്കത്തിൽനിന്നു പല വസ്തുക്കളും ജനിക്കുന്നുണ്ടെങ്കിലും പങ്കജശബ്ദം താമരയിൽ രൂഢമാണല്ലോ. ഇതുപോലെ ഏതു രണ്ടു വസ്തുവിന്റെയും ചേർച്ചയെ സാഹിത്യപദംകൊണ്ടു വ്യപദേശിക്കാമെങ്കിലും ചമൽക്കാരമുള്ള ശബ്ദാർത്ഥങ്ങളുടെ രമണീയസംബന്ധത്തെ മാത്രമെ നാം ആ ശബ്ദംകൊണ്ടു സാധാരണ പറയാറുള്ളു. സംയോഗവിയോഗാദികൾ ഗുണങ്ങളാണെങ്കിലും സാഹിത്യം മേൽക്കാണിച്ച സാങ്കേതികാർത്ഥത്തിൽ ഗുണിവാചകമായിട്ടാണു് ഇരിക്കുന്നതു്. ഹൃദയത്തിന്നാനന്ദമുണ്ടാക്കുന്ന ശബ്ദാർത്ഥപ്രപഞ്ചമാണു സാഹിത്യം എന്ന നിർവ്വചനത്തെപ്പററി പൊതുവിൽ ആർക്കും അഭിപ്രായഭേദമുണ്ടാവാൻ വഴിയില്ല. ആനന്ദം ആത്മനിഷ്ഠമാകയാൽ തദ്ബോധങ്ങളായ ശബ്ദാർത്ഥങ്ങളെ തിരഞ്ഞെടുക്കുന്നതിൽ സാഹിത്യകാരനു് അനിയന്ത്രിതമായ സ്വാച്ഛന്ദ്യം അനുവദിക്കപ്പെട്ടിട്ടുണ്ടു്. പരപദംകൊണ്ടു വിശേഷണീയമാണിവിടെ ആത്മനിഷ്ഠത്വം. "സ്വകലാസൃഷ്ടിയിൽ ഇതരൻ അനുഭവിക്കുന്ന ആനന്ദമാണു കലാകാരനെ ശ്രേഷ്ഠനാക്കുന്നതു്" എന്നു പറയുന്നതിന്റെ അർത്ഥം ഇതാകുന്നു. ദുഃഖത്തിന്റെ ആത്യന്തികാഭാവമാണു മനുഷ്യന്റെ പരമലക്ഷ്യം; അതിന്റെ താല്ക്കാലികാഭാവമെങ്കിലും സാധിപ്പാൻ അവൻ നടത്തുന്ന കൃത്രിമസൃഷ്ടിയാണു കല. സാഹിത്യം കലകളുടെ ഉത്തമാംഗസ്ഥാനത്തു നില്ക്കുന്നു. അരിസ്റ്റോട്ടൽ സൂചിപ്പിക്കുംപോലെ തന്നേയും തന്റെ ലോകത്തേയും നടൻതന്നെ ചിത്രീകരിച്ചു് അതിൽനോക്കി സ്വപ്രതിബിംബംകാണുന്ന ഒരു കുട്ടിയെപ്പോലെ നിഷ്പന്ദനേത്രനായി ആനന്ദിക്കുകയാണു് കലാകാരൻ ചെയ്യുന്നതു്. "കവി സ്വന്തംശബ്ദത്തെ തിരഞ്ഞുകൊണ്ടു് കാടിലും കടലിലും നടക്കുകയാണെ"ന്നു മഹാകവി ടാഗോറിന്റെ വാക്യം എത്രയും അർത്ഥവത്താണെന്നു് ഈ തത്വത്തിൽനിന്നു വെളിപ്പെടുന്നു. കലയിൽക്കൂടിയുള്ള ആനന്ദത്തിന്റെ പ്രകാശനമാർഗ്ഗത്തെ നിർവ്വചിപ്പാനുള്ള പരിശ്രമം മാത്രമാണു് പ്രാചീനസംസ്കൃതാലംകാരികാചാര്യന്മാരുടെ വാദകോലാഹലങ്ങളിൽ നാം കാണുന്നതു്. സൗന്ദര്യത്തിന്റെ ഉപാധിവൈവിധ്യത്തോടുകൂടിയ യാഥാർത്ഥ്യങ്ങളെ ആരാഞ്ഞു അവ രസസ്ഫൂർത്തിക്കെങ്ങിനെ സഹായിക്കുന്നുവെന്നു് ആ ഗംഭീരാശയന്മാർ ദീർഘമായി ആലോചനനടത്തിയിരിക്കുന്നു. ഈവിഷയത്തിൽ ഇത്രയും അധികം പ്രയത്നം നടത്തിയവരും, ഉറച്ച അഭിപ്രായം സമ്പാദിച്ചവരും ലോകത്തിൽ മററവിടെയെങ്കിലും ഉണ്ടോ എന്നു സംശയവുമാണു്. സൂക്ഷ്മമായി പരിശോധിച്ചാൽ ആലങ്കാരികന്മാർ പരസ്പരം നടത്തുന്ന ഖണ്ഡനങ്ങളൊന്നുംതന്നെ മൗലികമായ തത്വത്തെ ആസ്പദിച്ചായിരുന്നില്ലെന്നു കാണാവുന്നതാകുന്നു.

"വാക്യം രസാത്മകം കാവ്യം" എന്ന വിശ്വനാഥകവിരാജന്റെ നിർവ്വചനം അദ്ദേഹത്തോടുകൂടി ആലങ്കാരികലോകത്തിൽ പുത്തനായുണ്ടായതല്ല. പക്ഷെ രസമെന്നപദത്തിന്റെ വ്യാപ്തി വളരെ വലുതാണു്. മനുഷ്യഹൃദയത്തിൽ അന്തർലയിച്ചുകിടക്കുന്ന ഭാവങ്ങളെ രതി, ഹാസം, ശോകം, ഇങ്ങിനെ ഒൻപതായി ചിന്തകന്മാർ വിഭജിച്ചു. ഈ ഭാവങ്ങളെല്ലാം സൂക്ഷ്മബീജങ്ങളാണു്; ഇവ ഓരോന്നും വളൎന്നുഫലിക്കുമ്പോൾ ശൃംഗാരം, ഹാസ്യം, കരുണം എന്നീരസങ്ങൾ ഉണ്ടാകുന്നു. വളരലും ഫലിക്കലും പോഷകപദാർത്ഥങ്ങളെ അവലംബിച്ചിരിക്കുന്നു. വിഭാവാനുഭാവാദികൾ ഈ പോഷകപദാർത്ഥങ്ങളുടെ നാനാമുഖമായ പ്രത്യേകതകളെ കാണിക്കുക മാത്രമേ ചെയ്യുന്നുള്ളു. പ്രാപഞ്ചികവിഷയങ്ങൾ നമ്മുടെ മനസ്സിൽ ഉണ്ടാക്കുന്ന വികാരങ്ങളുടെ വിപുലരൂപങ്ങളാണു് രസങ്ങൾ, രസസമുദ്ര

ത്തിൻെറ കൊച്ചലകളാണ് ഭാവങ്ങൾ. വാസനാവാസിതങ്ങളായ ഹൃദയങ്ങളിൽ ഇത്തരം രസാനുഭവമുണ്ടാക്കിത്തീർക്കുന്നതായിരിക്കണം കാവ്യം. ആത്മവിസ്മൃതിയുണ്ടാകുന്ന രസോന്മത്തതതന്നെയാണ് ആനന്ദലക്ഷണം. യുക്തിക്കനുസരിച്ചതും മനസ്സിലാക്കാൻ എളുപ്പമുള്ളതുമാണ് ഈ രസനിരൂപണമെന്ന് എടുത്തു പറയേണ്ടതില്ല. എന്നാൽ അലങ്കാരശാസ്ത്രരഹസ്യം മനസ്സിലാക്കാത്തവർ രസശബ്ദം അതിൻെറ ശരിയായ അർത്ഥത്തിലാണൊ ഉപയോഗിക്കുന്നതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ശ്രവ്യകാവ്യത്തിൽ വിഭാവാനുഭാവാദികൾ ശബ്ദോപകരണങ്ങളെക്കൊണ്ടാണു സാഹിത്യകാരൻ സമ്പാദിക്കുന്നത്. ചില അവ്യക്തഭാവനകളെ ഉള്ളിൽ പായിക്കുകമാത്രം ചെയ്യുന്ന കാവ്യം രസവത്താണെന്നു പറവാൻപാടില്ലെന്നു നാം മുകളിൽ കണ്ടുകഴിഞ്ഞു. സ്ഥായിയായി നില്ക്കുന്ന ഒരു വികാരത്തെ ചിത്രീകരിക്കാതെ മൂന്നൊ നാലൊ വരിയിൽ പുറത്തുവരുന്ന കവിത രസാത്മകമാണെന്നു പറയുകവയ്യെന്ന നിലവന്നപ്പോൾ, രസാസ്വാദനപര്യന്തം വികാരങ്ങളെ വളർത്തിക്കൊണ്ടുവരുവാൻ സമയംകിട്ടുന്ന കാവ്യങ്ങൾ എഴുതുവാൻ പ്രാചീനന്മാർ ആരംഭിച്ചു. പണ്ടത്തെ മഹാകാവ്യപ്രസ്ഥാനത്തിൻെറ യഥാർത്ഥ തത്വം ഇവിടേയാണു കിടക്കുന്നത്. പിൽകാലത്തു് ഇതു കുറെ ദുഷിച്ചുപോയി എന്നേയുള്ളു. സ്ഥായിയായ ഭാവം നീണ്ടുനില്ക്കും വിധം ചിത്രീകരിക്കാത്ത ചെറിയ ചില വരികളിൽ നിന്നും നാം ആനന്ദം അനുഭവിക്കാറുണ്ട്. അപ്പോൾ കാവ്യതത്വം അവയിൽ ഇല്ലെന്നുവരുന്നതിന്നു യുക്തിപോരാ. ഈ ദൃഷ്ടിവച്ചാണു വ്യാപ്തിസങ്കോചത്തിനുവേണ്ടി ധ്വനികാരൻ ധ്വനിയാണ് കാവ്യജീവിതമെന്നു പറഞ്ഞതു്. വ്യംഗ്യാർത്ഥം നമ്മെ ഏററവും അധികം ആനന്ദിപ്പിക്കുന്നു എന്ന കാര്യത്തിൽ സംശയമില്ല. രസംവ്യംഗ്യസ്വരൂപമാണെന്നതു നിസ്സംശയമാണ്. എന്തെന്നാൽ രസമുണ്ട് എന്ന പ്രസ്താവനകൊണ്ടു മാത്രം അതുണ്ടാകുന്നില്ലല്ലൊ. ഓരോ ശ്ലോകത്തിലും വ്യംഗ്യമുണ്ട്. അംഗിയായ കാവ്യത്തിൻെറ രസത്തിന്ന് ആ വ്യംഗ്യാർത്ഥങ്ങളിൽ മിക്കതും യോജിക്കുകയുമില്ല. എങ്കിൽ അതു രസമയമായ കാവ്യമായി വരുമോ? അതിനുത്തമകാവ്യതത്വം കിട്ടുമോ? ധ്വനികാരനും പ്രതിഷേധപരമായ ഉത്തരമാണിതിന്നു കൊടുക്കുന്നതു്.

"അനൗചിത്യാദൃതേ നാന്യ-
ദ്രസഭംഗസ്യകാരണം"

എന്നാദ്ദേഹം പറയുന്നു. രസതത്വം കാവ്യസാമാന്യലക്ഷണമാണെന്നു സിദ്ധവൽക്കരിച്ചുകൊണ്ടു് അതുണ്ടാവാനുള്ള മാർഗ്ഗം വ്യംഗ്യരീത്യാ ഉള്ള പ്രതിപാദനങ്ങൾ ഔചിത്യഭംഗം കൂടാതെ നടത്തുകയാണ് എന്ന് ആനന്ദവർദ്ധനദികൾ സിദ്ധാന്തിച്ചിരിക്കുന്നുവെന്നേഉള്ളു. വസ്തുവോ ഭാവമോ അലങ്കാരമോ എന്തുതന്നെ ധ്വനിച്ചാലും പരമ്പരയാ അതു് അംഗിയായ രസത്തെ പോഷിപ്പിക്കണമെന്നതു് എല്ലാവരും സമ്മതിക്കുന്നുണ്ട്. "ചമൽക്കാരജനകഭാവനാവിഷയാർത്ഥപ്രതിപാദകശബ്ദഃ കാവ്യം" എന്ന പണ്ഡിതരാജൻെറ നിർവ്വചനവും രസമയമായതാണ് കാവ്യം എന്ന തത്വത്തെ സിദ്ധവൽക്കരിച്ചുകൊണ്ടുള്ളതുതന്നെയാകുന്നു. ചമൽക്കാരത്തിൻെറ സ്വരൂപമെന്തു്?. വികാരത്തിൻേറയോ വിചാരത്തിൻേറയോ ഉദ്ദീപനം രീതിയെവാമനനും, ഗുണത്തെ ദണ്ഡിയും, വക്രോക്തിയെ കുന്തകനും കാവ്യജീവനായി കല്പിച്ചിട്ടുണ്ടെങ്കിലും അവരെല്ലാം തന്നെ വിഭിന്നോപാധികളെ മുഖ്യമാക്കി വ്യവഹരിക്കുകയാണെന്നും മൗലികമായ രസതത്വത്തിൽ ആർക്കും വിഭിന്നാഭിപ്രായമില്ലെന്നും സൂക്ഷ്മദൃഷ്ടികൾക്കു കാണാവുന്നതാണ്.

"തക്കസ്ഥലത്തു് തക്കനിലയിൽ തക്കപദങ്ങളെ ചേർക്കുന്നതാണ് കവിത" എന്ന് ആംഗ്ലേയചിന്തകനായ ക്രാംറിഡ്ജ് പറയുന്നുണ്ട്. ചമൽക്കാരജനകങ്ങളായ ശബ്ദാർത്ഥങ്ങൾ തിരഞ്ഞെടുത്തു് വേണ്ട ദിക്കിൽ വേണ്ടപോലെ ഉപയോഗിക്കുകയെന്നതിലും കവിഞ്ഞ ഒരു തത്വം കാവ്യകലയിൽ വേറെ ഇല്ലതന്നെ. വാസനാപരപര്യായമായ'ശക്തി'യെക്കഴിച്ചാൽ വ്യുൽപ്പത്തികൊണ്ടും തഴക്കം കൊണ്ടുമുള്ള നൈപുണ്യമാണു് സാഹിത്യകാരന്നത്യാവശ്യം. സർ വില്യം ടെംബിൾ പറയുംപോലെ "കാവ്യം പ്രതിഭാശക്തിയുടെ സന്താനമാണെന്നുവരികിലും, അതിന്നു പരിപുഷ്ടിയും അവയവസന്നിവേശത്താലുണ്ടാകുന്ന സൗന്ദര്യവും വരേണമെങ്കിൽ അഭ്യാസത്തിലുള്ള നിയന്ത്രണം കൂടാതെ കഴികയില്ല". രമണീയമായ ശബ്ദാർത്ഥസന്നിവേശത്തിൽ തനിക്കു പ്രാപ്തിയുണ്ടാക്കിത്തരണമെന്നു കവികുലചക്രവർത്തിയായ കാളിദാസർ പ്രാർത്ഥിക്കുന്നതു് നോക്കുക

"വാഗർത്ഥാ വിവസംപൃക്തൗ
വാഗർത്ഥ പ്രതിപത്തയേ
ജഗതഃ പിതരൗവന്ദേ
പാർവ്വതീ പരമേശ്വരൗ."

പദം പാർവ്വതിയും അർത്ഥം ശിവനുമാണെന്നത്രെ ആചാര്യമതം. ഹൈന്ദവമതത്തിലെ ശാക്തേത

യശാഖയിലുള്ള തത്വചിന്തകളോട്ട് ബന്ധമുള്ള ഒരാൾക്ക് ശബ്ദാൎത്ഥാദിപദങ്ങൾ വളരെ 'ഫലന'മുള്ളവയായിത്തോന്നും. ശബ്ദബ്രഹ്മം എന്നു നാം പലപ്പോഴും വ്യവഹരിക്കാറുണ്ടെങ്കിലും അതിൻെറ തത്വം അത്ര ചിന്തിക്കാറില്ല. ഉപനിഷത്തുകളിൽ ഒരു പ്രസ്താവനയുണ്ട്:- "പ്രജാപതിൎവ്വൈ ഇദമാസീൽ; തസ്യവാക് ദ്വിതീയാ ആസീൽ; വാഗ്വൈപരമംബ്രഹ്മ" ബ്രഹ്മം (പ്രജാപതി)ഒന്നാമതായുത്ഭവിച്ചു; അദ്ദേഹത്തിന്നു വാക്കു പത്നിയായി; വാക്കുതന്നെയാണ് പരബ്രഹ്മം. ക്രൂസ്ത്യൻബൈബിളിലെ"In the beginning was the Word and the Word was with the God and the Word was God"എന്ന പ്രസ്താവനയെ ഇതിനോടുകൂടി തട്ടിച്ചുനോക്കുക. ഇതിൽ നിന്നു പൗരസ്ത്യരും പാശ്ചാത്യരും ഒരുപോലെ വാക്ശബ്ദത്തിന്നു കുറേക്കൂടി ഗംഭീരമായ ഒരൎത്ഥം കല്പിച്ചിട്ടുണ്ടെന്നു വ്യക്തമാകുന്നു. ലോകം സ്പന്ദനാത്മകമാണ്; സ്പന്ദനത്തിലാണതു ജീവിക്കുന്നതും. എങ്കിലും അതിന് നിശ്ചലമായ ഒരു നില ആദ്യമുണ്ടാകാതിരിപ്പാൻ നിൎവ്വാഹമില്ല. എന്തെന്നാൽ ഇളകുന്നുവെന്ന പ്രസ്താവനതന്നെ പ്രാഥമികമായ ഒരു ഇളകായ്മയെ സൂചിപ്പിക്കുന്നുണ്ട്. കാരണരൂപമായ പരമാത്മസത്ത ഒരു ശാന്തമായ സമുദ്രംപോലെ കിടക്കുന്നു. അതിൽ തിരമാലകളുണ്ടാകുമ്പോൾ നാമരൂപാദികളോടുകൂടിയ പ്രപഞ്ചം ഉണ്ടാകുന്നുവെന്നാണു ശാക്തേയസിദ്ധാന്തം. പ്രപഞ്ചവും ആത്മാവും തമ്മിലുള്ള സത്യരൂപമായ ഐക്യം (Unity of Mind and Matter) ഇങ്ങിനെ ഓരോ ഭാവത്തിൻെറ പ്രകൃതിയേയും വികൃതിയേയും ആണു കുറിക്കുന്നതു്. പ്രകൃത്യവസ്ഥയെ പരമാത്മാവിലും വികൃത്യവസ്ഥയെ മായയിലും വേദാന്തികൾ ആരോപിച്ചിരിക്കുന്നു. സ്പന്ദനമയമായ ജഗൽസത്തയ്ക്കു 'വാക്' അല്ലെങ്കിൽ 'ശബ്ദം' എന്നൊരു സാങ്കേതികനാമധേയം പൂൎവ്വികന്മാർ കല്പിച്ചു. അങ്ങിനെ ബ്രഹ്മം സഗുണരൂപത്തിൽ ശബ്ദമയമെന്ന വ്യവഹാരവുംവന്നു. പ്രചലദവസ്ഥയിൽ ഉള്ള ശബ്ദത്തിൻെറ അചലാവസ്ഥയിലുള്ള പൂൎവ്വരൂപത്തിൽ അൎത്ഥമയത്വം ആരോപിക്കപ്പെട്ടു. ഇങ്ങിനെ ശിവൻെറ അപരഭാഗം ശക്തിയായിത്തീൎന്നു. പരസ്പരസാപേക്ഷമായ ഈ ബന്ധം അവക്ക് ഭാൎയ്യാഭൎത്തൃബന്ധവും ഉണ്ടാക്കിക്കൊടുത്തു. ശബ്ദാൎത്ഥങ്ങളുടെ ഈ പഴയ തത്വചരിത്രം തൽക്കാലം ഇവിടെ നില്ക്കട്ടെ.

നമുക്കു കാളിദാസപദ്യത്തെ പിന്തുടരുക. സാധാരണാൎത്ഥത്തിൽ ശബ്ദപ്രപഞ്ചത്തിൻെറ മധുരമായ സ്ഫുടരൂപമാണു സാഹിത്യം. ആഡംബരംകൊണ്ടു കറപിടിക്കാത്ത പ്രകൃതിസ്വരൂപത്തെയാണു പാൎവ്വതീശബ്ദത്തിൽക്കൂടി കവി നമുക്കു കാണിച്ചുതരുന്നതു്. പ്രകൃതിസുന്ദരമായ പദത്തെ ലോകോത്തരമായ അൎത്ഥത്തോടു യോജിപ്പിപ്പാൻ ഈശ്വരന്നു പരമവിശേഷണം കൊടുത്തിരിക്കുന്നു. അൎത്ഥമയമായ ജ്ഞാനമാണു പ്രപഞ്ചത്തിൻെറ യഥാൎത്ഥചക്രവൎത്തിയെന്ന് ഈശ്വരപദം ദ്യോതിപ്പിക്കുന്നു. പാൎവ്വതീപരമേശ്വരന്മാരുടെ ഐക്യം കഠിനതപസ്സുകൊണ്ടുണ്ടായതാണ്. ശബ്ദാൎത്ഥങ്ങളുടെ നിഷ്കൃഷ്ടപരീക്ഷയ്ക്കുശേഷം വരുത്തുന്ന ഐക്യം മാത്രമേ അഖണ്ഡമായി നില്ക്കുകയുള്ളുവെന്നു കാളിദാസൎക്കു കാണിപ്പാൻ ആഗ്രഹമുണ്ട്. പ്രത്യേകവ്യക്തിത്വം കാണാത്ത അലൗകികമായ ഐക്യം കാണിപ്പാൻ 'പിതരൗ' എന്ന ഏകശേഷരൂപംതന്നെ അദ്ദേഹം ഉപയോഗിച്ചതു നോക്കുക. പ്രതിപത്തിയ്ക്കു് ജ്ഞാനം, പ്രാപ്തി,പ്രവൃത്തി ഇങ്ങിനെ പല അൎത്ഥങ്ങളുമുണ്ട്. ശബ്ദങ്ങൾ തിരഞ്ഞെടുപ്പാനുള്ള അറിവുണ്ടാവാനും, അതിനെ പൂൎണ്ണമായി പ്രയോഗികമാക്കുന്നതിന്നു സാധിപ്പാനും കവി പ്രാൎത്ഥനനടത്തുകയാണ്. മധുരശബ്ദാൎത്ഥങ്ങൾ കൊണ്ടു സമഞ്ജസനിലയിൽ നിൎമ്മിക്കപ്പെടുന്നകാവ്യം ചലനരൂപമായ പ്രപഞ്ച (ജഗത്ത് എന്ന ശബ്ദം നോക്കുക) ത്തിലെ സുസ്ഥിരമായ ഏകപദാൎത്ഥമായിരിക്കുമെന്നു കവി കാണിക്കുന്നു. അനശ്വരമായ ദ്രവ്യപ്രേമത്തിൻെറ മാഹാത്മ്യം വാഴ്ത്തുന്ന പാൎവ്വതീപരമേശ്വരകഥകൊണ്ട് രാഗപങ്കിലമല്ലാത്ത ഒരു സംസ്കാരമാണ് ഭാരതവൎഷത്തിൻേറതു് എന്നുകൂടി ആക്കവികുലചക്രവൎത്തി വിളിച്ചുപറയുന്നുണ്ട്. ധ്വനിഗംഭീരങ്ങളായ ഇത്തരം പദ്യങ്ങളിൽ യഥാൎത്ഥസാഹിത്യം നാം കാണുന്നു. കാവ്യത്തെസംബന്ധിച്ച മേൽക്കാണിച്ച ആശയത്തെത്തന്നെ കാളിദാസർ കുമാരസംഭവത്തിലും ആവൎത്തിക്കുന്നുണ്ട്. ആറാം സൎഗ്ഗത്തിൽ സപ്തൎഷികൾ ഹിമവാനോടു പറയുന്നു:—

"തമൎത്ഥമിവ ഭാരത്യാ
സുതയായോക്തുമൎഹസി
അശോച്യാഹി പിതുഃകന്യാ
സൽഭൎത്തൃപ്രതിപാദിതാ."

# സംസ്കൃതത്തിൽനിന്നു വന്ന പ്രേമാദർശം.

(ജോസഫ് മുണ്ടശ്ശേരി എം. എ.)

ഭാരതീയ കവികളിൽ മിക്കപേരും പ്രേമത്തിന്റെ അപദാനങ്ങൾ കീർത്തിച്ചിട്ടുണ്ടു്. സംസ്കൃതത്തിലെ ഉൽകൃഷ്ടങ്ങളായ കാവ്യനാടകാദികൾ എല്ലാംതന്നെ പ്രേമത്തിന്റെ വൈജയന്തികളാണു്. എന്നാൽ അവയെപ്പററി ഒരാക്ഷേപം പറഞ്ഞുകേൾക്കാറുണ്ടു്. അവയിൽ മിക്കപ്പോഴും രജസ്വലമായ പ്രേമമേ വർണ്ണിതമായിട്ടുള്ളുവെന്നു. പാശ്ചാത്യന്മാർ മാത്രമേ ഇങ്ങനെ പറഞ്ഞിട്ടുള്ളുവെന്നു സമാധാനിക്കേണ്ടതില്ല. നോക്കുക:— “It cannot be denied that there is a tendency in the old time poets of Seasoning their poems con amore with what modern taste would consider to be indelicacies or andacities of expression. The elaborate description of love sports, such as we find in Bharavi, Magha, and their innumerable followers including the composers of later bhanas, is certainly embrassing and offensive to a refined taste.” ഭാരതീയമായ എന്തിനോടും കൂപ്പുകയ്യോടെ ബഹുമാനം കാണിക്കാറുള്ള പ്രഫസ്സർ എസ്. കേ. ഡേയുടെ(Dacca Universtiy Professor of Sanskrit and Crup. philolosy) അഭിപ്രായമാണു് ഇതു്. പ്രേമത്തിന്റെ രാജസാംശത്തെക്കുറിച്ചുള്ള കീർത്തനങ്ങൾ കേട്ടു് കേട്ടു് നമ്മുടെ സഹൃദയന്മാരുടെ കർണ്ണങ്ങൾ മടുത്തുപോയിട്ടുണ്ടു്. എന്താണിങ്ങനെ ഒരവസ്ഥക്കു കാരണം? പ്രേമം ഒരു നാണയമാണെങ്കിൽ അതിന്റെ ഒരുപുറം കാണുവാനെ നമ്മുടെ വിദ്വാന്മാൎക്കു കണ്ണുണ്ടായുള്ളു? ‘അതേ’എന്നു പറയാൻ പ്രയാസമുണ്ടു്. ശാകുന്തളവും ഉത്തരരാമചരിതവും മൃച്ഛകടികവും ഇരിക്കേ അങ്ങനെയൊരുത്തരം അനാസ്പദമായിരിക്കും.

ഭരതൻ തൊട്ടുണ്ടായിട്ടുള്ള രസവാദികളായ കാവ്യമീമാംസകന്മാരിൽ മിക്കപേരും രാജസമായ ശൃംഗാരത്തിന്റെ അപഗ്രഥനത്തിൽ ദത്താവധാനരായിരുന്നു. മററു രസങ്ങൾ അവർ വേണ്ടത്ര വിശകലനം ചെയ്തു കവികൾക്കു മാൎഗ്ഗദൎശനം ചെയ്യുക ഉണ്ടായില്ല. ശൃംഗാരത്തെ കണക്കിലധികം അപഗ്രഥിക്കുന്നതിനും അതിൽതന്നെ രാജസമായ വശത്തെ മുൻനിറുത്തുന്നതിനും അവരുടെ സാഹചര്യങ്ങൾ അവൎക്കു പ്രേരകമായിരുന്നിരിക്കണം. വാത്സ്യായനകൃതമായ കാമശാസ്ത്രം അവരുടെ നിർവചനങ്ങൾക്കു നല്ലൊരു ഊന്നുവടിയായി. ആലംബനോദ്ദീപനങ്ങളെ കാമശാസ്ത്രാനുസാരേണ വർണ്ണിക്കണമെന്നു വന്നതോടേ പ്രേമപ്രതിപാദനം സ്ത്രീ ശരീരത്തിന്റെ സസൂക്ഷ്മമായ കേശാദിപാദവിവരണം മാത്രമായി കലാശിച്ചു. :കാളിദാസാദികളൊഴിച്ചുള്ള ‘രണ്ടാംക്ലാസ്സ്’’കവികളെല്ലാം ആ സമ്പ്രദായത്തെ ശതകങ്ങളും സന്ദേശങ്ങളും മഹാകാവ്യങ്ങളും നാടകങ്ങളും കൊണ്ടു് ബഹുജനാദരണീയമാക്കിക്കൊണ്ടിരുന്നു. പ്രേമത്തിനു മറെറാരു വശമില്ലെന്നു മേല്പറഞ്ഞ കാവ്യമീമാംസകന്മാൎക്കോ കവികൾക്കോ അഭിപ്രായമുണ്ടായിരുന്നിരിക്കയില്ല. അവർ ആ ഭാഗത്തേക്കു നോക്കിയില്ലെന്നുമാത്രം. ‘സുഖിയ’ന്മാരായ രാജാക്കന്മാരുടേയും മററും രക്ഷാധികാരത്തിൽ കഴിഞ്ഞുകൂടിയ അവർ, തങ്ങൾക്കു അനുദിനമെന്നോണം അനുഭവപ്പെട്ട സംസ്കാരത്തിന്റെ വ്യാമർദ്ദത്തിൽ പെട്ടു കാവ്യരചനം നിർവ്വഹിച്ചതിൽ അവരെ പഴിക്കേണ്ടതില്ല.

ശൂദ്രകനും കാളിദാസനും ഭവഭൂതിയും സമകാലീനമായ ശൃംഗാരാദർശത്തിൽ നിന്നു വ്യതിചലിച്ചില്ലേ? ജഗന്നാഥപണ്ഡിതരെപ്പോലെയുള്ള സാഹിത്യമൎമ്മജ്ഞന്മാർ പ്രേമത്തിന്റെ സാത്വികാംശത്തെ സനിഷ്കൎഷം സിദ്ധാന്തിച്ചില്ലേ? എന്തുകൊണ്ടു് അവർ വെട്ടിത്തെളിയിച്ച വഴി മററുള്ളവർ അനുഗമിച്ചില്ല? ഇതൊരു പ്രമേയം തന്നെ; സംശയമില്ല. പക്ഷേ അതിനും കുറച്ചാലോചിച്ചാൽ സമാധാനം കണ്ടെത്താം. മാളവികാഗ്നിമിത്രവും മാലതീമാധവവും മററും പഴയ ചട്ടംകൊണ്ടു തന്നെ അളന്നു കുറിക്കാവുന്നവയായിരുന്നു. നവീനത്വം വളരെയൊന്നും അവയിൽകാണപ്പെ

ട്ടില്ല. എന്നാൽ ശാകുന്തളവും ഉത്തരരാമചരിതവും മററും സങ്കേതങ്ങളെ മിക്കവാറും ഇടിച്ചുതകർത്ത നിബന്ധനവിശേഷങ്ങളാണ്. അവ പുറത്തിറങ്ങിയപ്പോൾ പലരും അമ്പരന്നിട്ടുണ്ടായിരിക്കണം. അവയിലെ പ്രേമം വാത്സ്യായനപ്രോക്തമായ കാമത്തിൽ നിന്നു അനേകം നാഴിക ദൂരത്തു വർത്തിക്കുന്ന ഒന്നാണ്. പല സഹൃദയന്മാരും പണ്ഡിതന്മാരും ആ നാടകങ്ങൾ അന്നത്തെ മാനദണ്ഡത്തിൽ ഒതുങ്ങാത്തവയാണെന്നു മനസ്സിലാക്കിയിരിക്കണം. എന്നിരുന്നാലും അവ തങ്ങളേയും ഇതരന്മാരേയും സർവോപരി ആനന്ദപരവശരാക്കുകയാൽ അവർ അവയുടെ നേർക്കു് വാളെടുക്കുവാൻ ശക്തരായില്ല. 'ഒന്നാന്തരം കൃതികൾ' എന്ന് എല്ലാവരും തലകുലുക്കിസ്സമ്മതിച്ചു. പക്ഷെ ഒരു കാര്യം. കാളിദാസാദികളെപ്പോലെയുള്ള അസാധാരണന്മാർക്കേ അത്തരം ജാലവിദ്യകൾ സാധ്യമാവൂ എന്നൊരു തീർപ്പു് വിളംബംവിനാ ഉണ്ടായിരുന്നിരിക്കണം. അതുകൊണ്ടു്

അദ്വൈതം സുഖദുഃഖയോരനുഗതം സർവാസ്വ-
വസ്ഥാസുയ-
ദ്വിശ്രാമോ ഹൃദയസ്യ യത്രജരസാ യസ്മി-
ന്നഹാര്യോരസഃ
കാലേനാവരണാത്യയാത് പരിണതേയൽ-
സ്നേഹസാരേസ്ഥിതം
ഭദ്രംതസ്യസുമാനുഷസ്യ കഥമപ്യേകം
ഹിതൽപ്രാർത്ഥ്യതേ

എന്നു വർണ്ണിതമായ പ്രേമം അവിടെത്തന്നെ കിടന്നതേയുള്ളു. അനുകരണവ്യഗ്രന്മാർ പലവട്ടം യുദ്ധം ചെയ്യുന്നോക്കി. അവർക്കു വിജയം അപ്രാപ്യമായിത്തോന്നി. കുറെ പദ്യങ്ങൾ പകർത്താനല്ലാതെ, രസപ്രതിപാദനത്തിലും പാത്രനിർമ്മാണത്തിലും കഥാവിധാനത്തിലും അവർക്കു നേട്ടമൊന്നും ഉണ്ടായില്ല. അവരുടെ പ്രേമം പഴയ കാമത്തിൻെറ മറുതല കണ്ടതേയുള്ളു. കാവ്യമീമാംസകന്മാരിൽ ജഗന്നാഥപണ്ഡിതരും മററും ഉത്തരരാമചരിതാദികളിലെ പ്രേമം കണ്ടു് മതിമറന്ന്, തങ്ങളുടെ രസപ്രപഞ്ചനത്തിൽ അതിനെ ഉൾപ്പെടുത്തി. എന്നാൽ ആ സംഭവം നടന്നതു് സംസ്കൃതസാഹിത്യത്തിൻെറ അധഃപതനദശയിലാണ്. പത്തോ പതിനഞ്ചോ അലങ്കാരഗ്രന്ഥങ്ങളിൽ രാജസമായശൃംഗാരത്തിൻെറ പട്ടാഭിഷേകം നടക്കുകയും അതിനെ ആദരിക്കുമാറു് അനേകം കവിമല്ലന്മാർ പ്രവർത്തിക്കുകയും ചെയ്തിരിക്കെ ജഗന്നാഥപണ്ഡിതോക്തികളുണ്ടോ ഫലപ്പെടുവാൻ പോകുന്നു? കേൾക്കാൻ ആളില്ലെങ്കിൽ മികച്ച തത്വജ്ഞാനവും വനരോദനം തന്നെ.

സംസ്കൃതത്തിൻെറ ശരിപകർപ്പാകാൻ വെമ്പിയിരുന്നമലയാളത്തിലും രാജസമായ ശൃംഗാരം അഥവാ തനിക്കാമം തന്നെയാണു് വിജയക്കൊടി നാട്ടിയതു്. നാണവും മാനവും നോക്കാതെ സ്ത്രീശരീരത്തിൽ 'സർവേ' നടത്താൻ നോററിരുന്ന ചില കവികൾ നമുക്കുണ്ടായിരുന്നു. അവരെ വഴിപിഴപ്പിച്ചതു് മാഘാദികളുടെ ശൃംഗാരാദർശം അല്ലാതെ മറെറാന്നുമല്ല. ചിലർ ഐന്ദ്രിയമായ പ്രേമത്തെ പരിമിതമായും സരസമായും പ്രതിപാദിച്ചിട്ടുണ്ടു്. അവരുടെ കൃതികൾ എവിടെ വെച്ചു വായിച്ചാലും കുഴപ്പം നേരിടുകയില്ല. കാലാന്തരത്തിൽ നമ്മുടെ മഹാകവികളിൽ തന്നെ ചിലർ പ്രേമത്തിൻെറ സാത്വികവശങ്ങൾ ചിത്രീകരിക്കുവാനിടയായി. കുമാരമഹാകവിയുടെ 'നളി'നിയും മററും ആ പരിശ്രമത്തിൻെറ ഫലങ്ങളാണ്. അവ അത്യുൽകൃഷ്ടങ്ങളായിട്ടുണ്ടെന്നു സഹൃദയന്മാർ ഒട്ടു മുക്കാലും സമ്മതിക്കുന്നുണ്ടു്. എന്നിരുന്നാലും കുറെ വിദ്വാന്മാർ, അവയിലെ ശൃംഗാരം വിലക്ഷണ..മാണെന്നു് പറഞ്ഞു് പരിഹസിക്കുന്നില്ലെന്നില്ല. അവർ പ്രസ്തുതകാവ്യങ്ങളിലെ ശൃംഗാരത്തെ അഥവാ പ്രേമത്തെ പഴയ ചട്ടം വെച്ചളന്നു നോക്കിയിട്ടു് ഏതാണ്ടൊക്കെ തരക്കേടുകൾ കണ്ടിട്ടുണ്ടായിരിക്കണം. അതാണു് അവരുടെ ആക്ഷേപത്തിനു കാരണമെന്നു തോന്നുന്നു. ഇരുന്നുകൊള്ളട്ടെ. ദിവാകരനെപ്പോലെയുള്ള ഒരു നായകനിൽ അനുകൂലമായ രതിഭാവത്തിനു പ്രസക്തിയില്ലെന്നും തന്നിമിത്തം 'നളിനി'യെപ്പോലെയുള്ള കാവ്യങ്ങളിലെ ശൃംഗാരം ഏകാശ്രയവും, അതിനാൽ ശൃംഗാരാഭാസവുമാണെന്നുമാകുന്നു ഇവിടെ 'അന്യായഭാഗം വാദം'. യഥാർത്ഥത്തിൽ ദിവാകരൻേറയും നളിനിയുടേയും അന്തരാത്മാവുകൾക്കു് പരസ്പരം അനുകൂലമായ രതിഭാവമില്ലേ? അഥവാ രതിയെന്നു പറഞ്ഞാൽ ഇന്ദ്രിയമാത്രസമാഗമമെന്നാണോ അർത്ഥവിവക്ഷ? ഈ ചോദ്യങ്ങൾക്കു് സാവധാനം ഉത്തരം കണ്ടുപിടിച്ചാൽ പിന്നെ 'അന്യായഭാഗംവാദത്തി'ൻെറ അനാസ്പദത്വം താനേ വെളിപ്പെട്ടുകൊള്ളും. പോരെങ്കിൽ 'രസാഭാസ'ത്തെക്കുറിച്ചുള്ള ആചാര്യോക്തികൾ ഒന്നു പരിശോധിച്ചാൾ മ..ി. "ത..ാസാ അനൌചിത്യ

പ്രവത്തിതാഃ" എന്നുള്ള മമ്മടവചനത്തെ ബുദ്ധിമാന്മാരും സഹൃദയന്മാരുമായ വ്യാഖ്യാതാക്കന്മാർ എങ്ങനെയെല്ലാമാണ് മനസ്സിലാക്കിയിട്ടുള്ളതെന്ന് കണ്ടാൽ യാതൊരുവനും 'നളിനി'യിലെ ശൃംഗാരം വിലക്ഷണമായിപ്പോയെന്നു ജല്പിക്കുകയില്ല.

'നളിനി'യെപ്പോലെയുള്ള കാവ്യങ്ങളിലെ പ്രേമപ്രതിപാദനത്തെ അവജ്ഞയോടുകൂടി മാത്രം വീക്ഷിക്കുന്ന നമ്മുടെ പണ്ഡിതകേസരികൾ ഒരു കാര്യം ഓത്തിരുന്നാൽ കൊള്ളാം. ശാകുന്തളവും ഉത്തരരാമചരിതവും മൃച്ഛകടികവും ഒഴിച്ചുള്ള കാവ്യനാടകാദികളിൽ സവിസ്തരം വർണ്ണിതമായ രാജസപ്രേമത്തെ സംബന്ധിച്ച് സാഹിത്യമീമാംസാഗ്രന്ഥങ്ങളിൽ കാണുന്ന വിധികൾ മാത്രമേ, പ്രേമവിഷയകമായി എക്കാലത്തെ കവികളും ആദരിക്കേണ്ടതുള്ളവെന്ന് ആക്ഷേപം പറഞ്ഞുകൂടാ. ആചാരോക്തികളെ വിശാലബുദ്ധ്യാ വ്യാഖ്യാനിച്ച് പ്രേമത്തിൻെറ എല്ലാവശങ്ങളും അവയിൽ അടക്കുന്നതിനോ ആചാര്യപ്രോക്തങ്ങൾക്കുള്ള പോരായ്മകൾ സബഹുമാനം പരിഹരിക്കുന്നതിനോ വിദഗ്ദ്ധജനങ്ങൾ ഒരുങ്ങേണ്ടിയിരിക്കുന്നു. ശൃംഗാരത്തെപ്പററി പൂർവന്മാർ ചെയ്തിട്ടുള്ള പ്രസ്താവങ്ങൾ, അതിൻെറ രാജസമായ വശത്തെ പുരസ്കരിച്ചുള്ളവയാണെന്ന് സമ്മതിച്ചേ കഴിയൂ. ഈ വസ്തുത ഓത്തുവേണം, 'നളിനി'യിലെ പ്രേമവും മററും നിരൂപിക്കുവാൻ. വീണ്ടും പ്രൊഫസ്സർ ഡേയുടെ ഒരു വാക്യം ഉദ്ധരിച്ചുകൊള്ളട്ടെ:— "We cannot refuse to recognise the subtle power of analysis and insight which these attempts indicate; but speaking generally the analysis is more of the form than of the spirit, based on, what we should consider accidents rather than essentials."


# ധന്യനാണു ഞാൻ.

എന്നെപ്പോലുള്ള എളിയവക്കെല്ലാം ഉന്നതനില പ്രാപിക്കാൻ ഇത്ര വലിയ സൌകര്യം സുലഭമാണെന്നുള്ളതു ഞാൻ കാലേകൂട്ടി അറിയാത്തതും, മററുള്ളവർ ഇനിയും മനസ്സിലാക്കാത്തതും കഷ്ടംതന്നെ.

പഠിപ്പും പ്രയത്നവും കൊണ്ടേ ദാരിദ്ര്യം നീങ്ങുകയുള്ളു എന്ന് അറിഞ്ഞുതന്നെയാണു ഞാൻ അവിടത്തെ ആശ്രയിക്കാനിടയായതു്. കേവലം അജ്ഞനായിരുന്ന ഞാൻ സ്വഗൃഹത്തിൽ താമസിച്ച് ഇപ്പോൾ ഇംഗ്ലീഷ് നല്ലപോലെ കൈകാര്യം ചെയ്യാൻ പ്രാപ്തനായിത്തീന്നിരിക്കുന്നു. ഞാൻ തന്നിട്ടുള്ള ഫീസ് തുച്ഛം. എന്നാൽ എനിക്കു ലഭിച്ചിട്ടുള്ള സഹായം അളവററതു്.

ഇംഗ്ലീഷ് ലേശം അറിഞ്ഞുകൂടാത്തവക്ക് എ ബി സി മുതൽ ആരംഭിക്കാം. ഉന്നത പരീക്ഷ ജയിക്കാം. സ്ഥിരപ്രയത്നം ചെയ്യുന്ന എല്ലാ സാധുക്കൾക്കും ഇതു സാദ്ധ്യം തന്നെയാണ്. കുറച്ചു പഠിച്ചിട്ടുള്ളവർ ബാക്കി പഠിച്ചാൽ മതി. എല്ലാ സ്ത്രീപുരുഷന്മാക്കും സ്വന്തജോലികൾക്കിടയിലും ഇംഗ്ലീഷ് പഠിക്കാം. ഈ പഠിപ്പിനുള്ള ഫീസ് രൂപാ 15-ം ഒന്നിടവിട്ടുള്ള മൂന്നു തവണകളിലായി അടച്ചാൽ മതി. ഒരുമിച്ചടക്കുന്നവർ 10 രൂപാമാത്രം അടച്ചാൽ മതി. പിന്നീടുള്ള രണ്ടു വഷംകൊണ്ട് കേംബ്രിഡ്ജ് സീനിയർ ജയിക്കാം. ഈ പരീക്ഷ ജയിച്ചാൽ കാളേജിൽ പ്രവേശനം ലഭിക്കുമെന്നുള്ള വിവരം എല്ലാവക്കും അറിവുള്ളതാണല്ലൊ. പതിനൊൻപതു വഷമായി നടന്നുവരുന്ന ഈ സ്ഥാപനത്തിൽ അനേകായിരം വിദ്യാത്ഥികൾ ചേന്ന് ധന്യരായിട്ടുണ്ടെന്നുള്ളതും സുസ്മരണീയമായ ഒരു സംഗതിയാണ്. കൂടുതൽ വിവരത്തിനു മറുപടി സ്റ്റാമ്പുസഹിതം അപേക്ഷിക്കുക.

**ആർ. അച്ചുതൻതമ്പി ബി. ഏ.**

ഇംഗ്ലീഷ് കറസ്പാണ്ടൻസ് സ്കൂൾ,


പൈങ്കുളം.

P. O. തേങ്ങാപ്പട്ടണം. പുതുക്കാട് A. O.

S. തിരുവിതാംകൂർ.

# സമുദായഘടനയും ധർമ്മസ്ഥാപനങ്ങളും.

(കെ. എ. ദാമോദരമേനോൻ ബി. എ., ബി. എൽ. & ഡി. ടി.)



Mr. K. A. Damodara Menon.

മുതലാളിത്വത്തിൽ അധിഷ്ഠിതമായ ഇന്നത്തെ സാമ്പത്തികഘടനയുടെ ഒരു പ്രത്യേകതയാണ് ധർമ്മസ്ഥാപനങ്ങൾ. അനാഥാലയങ്ങളും ധർമ്മശാലകളും എത്രയുണ്ടായാലും മതിയാകാത്ത വിധത്തിലുള്ള ദാരിദ്ര്യവും, തൊഴിലില്ലായ്മയും, മററുതരം ദുരിതങ്ങളും ഇന്നു നിലവിലുള്ള സമുദായഘടന പ്രതിദിനം സൃഷ്ടിച്ചുവിടുന്നുണ്ട്. അതുകൊണ്ട് മനുഷ്യജന്മം അസഹനീയമാക്കുന്ന ഇത്തരം മാലിന്യങ്ങളെ ഇല്ലാതാക്കുവാൻ ഉദാരമതികളും പരോപകാരതല്പരരും ആയ ചില വ്യക്തികൾ ചെയ്യുന്ന ഭൂതദയാപരമായ ശ്രമങ്ങളെ നാം തീർച്ചയായും വിലമതിക്കേണ്ടതാണ്. അനന്തമായ മണലാരണ്യത്തിലെ അതിദുർല്ലഭങ്ങളായ പൂഞ്ചോലകളാണ് അവ. പക്ഷെ, അവയുടെ മാഹാത്മ്യത്തെ മുക്തകണ്ഠം വാഴ്ത്തുന്നതിൽ ഉത്സുകരായിരിക്കുന്ന നാം ഏതു ചിത്രത്തിനും ഒരു മറുവശമുണ്ടെന്ന കാര്യം വിസ്മരിച്ചുപോകുന്നു. ധർമ്മസ്ഥാപനങ്ങളെ വലയംചെയ്യുന്ന അനാശാസ്യമായ അന്തരീക്ഷത്തിലേക്ക് വായനക്കാരുടെ ശ്രദ്ധയെ ക്ഷണിക്കുകയാണ് ഈ ലേഖനംകൊണ്ടു ഞാൻ ഉദ്ദേശിക്കുന്നത്.

ഇന്നു നമ്മുടെ ഇടയിൽക്കാണുന്ന ദുരന്തദുരിതങ്ങളുടെ മൌലികകാരണം സാമ്പത്തികമായ ഉച്ചനീചത്വവും, അസമത്വവും ആണ്. സമുദായത്തിലെ ഭൂരിപക്ഷം വ്യക്തികളും നിത്യദാരിദ്ര്യം അനുഭവിക്കുകയും, അല്പം ചില ധനവാന്മാർ മാത്രം സുഖലോലുപരായി കഴിഞ്ഞുകൂട്ടുകയും ആണു ഇന്നു ചെയ്യുന്നത്. ദുസ്സഹവും വികൃതവും ആയ ഈ അനീതി സാമൂഹ്യജീവിതത്തെ ദൈനംദിനം മലിനപ്പെടുത്തുന്നു. ഈ ദുരവസ്ഥ മാറണമെങ്കിൽ മുതലാളിത്വം നശിക്കുകയും, സ്ഥിതിസമത്വം സ്ഥാപിതമാവുകയും വേണം. ധർമ്മസ്ഥാപനങ്ങൾ ഈ പരമാർത്ഥത്തെ മറച്ചുവയ്ക്കുകയാണു ചെയ്യുന്നത്. സമുദായഗാത്രത്തിലെ രോഗങ്ങൾക്ക് ഒരു മുറിവൈദ്യവുമായി അവ മുന്നോട്ടുവരുന്നു. രോഗകാരണം മനസ്സിലാക്കുകയോ, ശാശ്വതമായ രോഗശമനത്തിനു ശ്രമിക്കുകയോ ചെയ്യുന്നുമില്ല. യഥാർത്ഥത്തിൽ രോഗശക്തിവർദ്ധിപ്പിക്കുവാൻ മാത്രമേ ഈ മുറിവൈദ്യം പര്യാപ്തമായി ഭവിക്കുന്നുള്ളു. ഒരു സമുദായത്തിലെ ഭൂരിപക്ഷം ജനങ്ങളും നിർദ്ധനരും അനാഥരും ആയിരിക്കുമ്പോൾ അല്പം ചില വ്യക്തികൾക്കായി മാത്രം കുറെ അനാഥാലയങ്ങളും ധർമ്മശാലകളും സ്ഥാപിച്ച് ആ വിപുലമായ പ്രശ്നത്തിനു ഒരു പരിഹാരമുണ്ടാക്കിക്കളയാമെന്നു വിചാരിക്കുന്നതു് ഭോഷത്തമല്ലേ?


ചിലർക്കെങ്കിലും അതൊരു സഹായമല്ലേ? അത്രക്കെങ്കിലും അതു ഉപകാരപ്രദമാണല്ലോ? എന്നു ഒരു ചോദ്യത്തിനു അവകാശമുണ്ട്. അതി തുച്ഛമായ ഒരു ജനവിഭാഗത്തിനു ധർമ്മസ്ഥാപനങ്ങൾ പ്രയോ

ജനപ്പെട്ടുന്നുണ്ടെന്ന വേണമെങ്കിൽ സമ്മതിക്കാം. പക്ഷെ ആ പ്രയോജനം ഏതുതരത്തിൽ ഉള്ളതാണ്? അവ ഗുണത്തേക്കാൾ ദോഷമാണ് ചെയ്യുന്നതെന്ന പറഞ്ഞാൽക്കൂടി അതൊരതിശയോക്തി ആയിരിക്കയില്ല. ഇന്ന നമ്മുടെ ഇടയിൽ കാണുന്ന ദാരിദ്ര്യത്തിൻെറയും മററുതരം ദുരിതങ്ങളുടേയും മൌലികകാരണം മുതലാളിത്വമാണ്. ധമ്മസ്ഥാപനത്തിന് ധനസഹായം ചെയ്ത് അതിനെ പുലത്തിവരുന്നതും ഉദാരമതികളായ മുതലാളികളാണ്. അതായത്, മുതലാളിത്വം, ഒരു കൈകൊണ്ട് ഭയങ്കരവും നിന്ദ്യവും ആയ ചൂഷണം നടത്തുകയും അതിദാരുണമായ ദാരിദ്ര്യവും ദുരവസ്ഥയും സൃഷ്ടിക്കുകയും ചെയ്യുന്നു. മറെറക്കൈകൊണ്ട് ഈ ദുരിതങ്ങളുടെ നിവാരണാത്ഥം ചില സഹായങ്ങൾ ചെയ്യുന്നു. പക്ഷെ, ഈ സഹായങ്ങൾ കേവലം തുഛവും വിപുലവുമായ തോതിൽ വീക്ഷിക്കുമ്പോൾ ഉപയോഗശൂന്യവും ആണെന്താനും. തങ്ങൾ ചെയ്യുന്ന അനീതികളുടെ ഭയങ്കരതയെ ലോകദൃഷ്ടിയിൽ നിന്ന ഗോപനം ചെയ്യുന്നതിന്നും, നീതിനടത്തുവാനുള്ള അന്തക്കരണത്തിൻെറ പ്രചോദനങ്ങൾക്ക് ആത്മവഞ്ചനാപരമായ ഒരു സമാധാനം നൽകാനും മുതലാളികളെ സഹായിക്കമാത്രമാണ് ധമ്മസ്ഥാപനങ്ങൾ ചെയ്യുന്നത്. അവയ്ക്കു ഉദാരമായ സംഭാവന ചെയ്യുന്ന മുതലാളി പൊതുജനദൃഷ്ടിയിൽ സന്മാന്യനാണ്. അയാളുടെ ധനാഗമമാഗ്ഗം എന്തെന്നും, എങ്ങിനെയുള്ളതെന്നും, ആരും അന്വേഷിക്കാറില്ല. ഇതിൻെറ ഫലമെന്താണ്? തങ്ങൾ യാതൊരു അനീതിയും ചെയ്യുന്നില്ലെന്നുള്ള തെററിദ്ധാരണ മുതലാളിമാക്കുണ്ടാകുന്നു. ധമ്മസ്ഥാപനങ്ങളെപ്പോലെയുള്ള മുറിവൈദ്യംകൊണ്ട് സാമുദായികമായ ദുരിതങ്ങൾ തീൻകിട്ടുമെന്നുള്ള തെററിദ്ധാരണ പൊതുജനഹൃദയത്തിൽ അങ്കുരിക്കുന്നു. ഇങ്ങനെ, യഥാർത്ഥമായ പരിഹാരമാഗ്ഗങ്ങളെ തേടുവാനുള്ള ഔൽസുക്യവും പ്രേരണയും സമുദായമദ്ധ്യത്തിൽനിന്നും അസ്തമിക്കുന്നു.

ധമ്മസ്ഥാപനങ്ങളിൽ പ്രവത്തിയെടുക്കുന്നവരാണ് ആത്മവഞ്ചനക്ക് വിധേയരായ മറെറാരുകൂട്ടം ആളുകൾ. നിസ്വാത്ഥമായ സമുദായസേവനൌൽസുക്യമുള്ളവരാണ് അവരിൽ ഭൂരിപക്ഷവും. എന്നാൽ തങ്ങളുടെ ചുററും തിങ്ങിക്കാണുന്ന കഷ്ടതകളുടെ യഥാർത്ഥകാരണം എന്തെന്ന മനസ്സിലാക്കാതെ വഴിപിഴച്ച ധമ്മതല്പരതയിൽ വ്യാപൃതരായി അവർ ജീവിതം പാഴാക്കുന്നു. സാമൂഹ്യഘടനയെ ഉടച്ചു വാത്ത് സാമ്പത്തികമായ നീതി സ്ഥാപിക്കാൻ ആവശ്യമായ വിശാലവീക്ഷണവും ത്യാഗസന്നദ്ധതയും ഉണ്ടാകേണ്ട ആളുകളാണിവർ. പക്ഷെ അന്ധമായ പ്രവത്തനം അവരെ വിപ്ലവവിമുഖരും യാഥാത്ഥ്യത്തെ നേരിടാൻ അശക്തരും ആക്കുന്നു. തങ്ങൾക്ക് 'നല്ലപിള്ള'കളായി ജീവിക്കാൻ ഇത്തരം സ്ഥാപനങ്ങൾ വഴി നൽകുന്നതുകൊണ്ട്, ആത്മരക്ഷയ്ക്കായി മാത്രം അവർ അവയുടെ സ്തുതിപാഠകന്മാരായി ജീവിക്കുന്നു. ധമ്മസ്ഥാപനങ്ങൾ ഇല്ലാതായാൽ തങ്ങൾക്ക് തൊഴിൽ ഇല്ലെന്നാകും എന്നുള്ള ഒരു ഭയം അവരുടെ ഉപബോധമനസ്സിൽ കുടികൊള്ളുകയും അതു, അവരെ ആന്ധ്യത്തിൻെറ പാരമ്യത്തിലേക്ക് നയിക്കുകയും ചെയ്യുന്നു.

ധമ്മസ്ഥാപനങ്ങളിൽനിന്ന് സഹായം ലഭിക്കുന്ന സാധുക്കളുടെ കഥയാണ് ഇതിലേറെ പരിതാപകരം. തങ്ങൾക്കു ലഭിക്കുന്ന സഹായങ്ങൾ മററു ചിലരുടെ ഔദാൎയ്യത്തിൻെറ മാത്രം ഫലമാണെന്ന് അവർ വിശ്വസിക്കുന്നു. അതിൽ തങ്ങൾക്ക് നീതിപൂവ്വകമായ അവകാശം യാതൊന്നുമില്ലെന്ന അവർ ധരിക്കുന്നു. അതുകൊണ്ട് അവർ കേവലം യാചകരായി മാത്രം അവിടെ കഴിയുന്നു. ആത്മാഭിമാനമോ, ധൈൎയ്യമോ, അവകാശബോധമോ, അവരെ സ്പശിക്കപോലും ചെയ്യുന്നില്ല. ദയനീയമായ ഒരു അധമമനോഭാവമാണ് അവരിൽ വേരുറയ്ക്കുന്നത്.

സാമ്പത്തികമായ അവശതകൾ നീങ്ങി, മാനവസമുദായം സ്വാതന്ത്ര്യവും, സുന്ദരവും, നീതിപൂവ്വകവും, ആകണമെങ്കിൽ വിപ്ലവപരമായ ഒരു പരിവത്തനത്തിനായി നാം ശ്രമിക്കണം. ഔദാൎയ്യവും, ഭൂതദയയും, നീതിബോധവും ഉള്ള ആളുകൾ ധമ്മസ്ഥാപനമെന്ന മൂടുപടം കെട്ടി യാഥാത്ഥ്യത്തെ അഭിമുഖീകരിക്കാതിരിക്കുന്നതു് അക്ഷന്തവ്യമായ അപരാധമാണ്. മുതലാളിത്വപരമായ സമുദായഘടനയെ ഉടച്ചുവാക്കുകയാണ് വേണ്ടതു്. അപ്പോൾ ഇന്നു നാം കാണുന്ന ദുസ്സഹദുരിതങ്ങൾ ഒഴിഞ്ഞുമാറും ധമ്മസ്ഥാപനങ്ങളുടെ ആവശ്യകതതന്നെ അപ്പോൾ കാണുകയില്ല.

# സ്വാതന്ത്ര്യ  ക്ഷേത്രം.

പാലാ നാരായണൻനായർ.

(കാകളി)

സ്വാതന്ത്ര്യമണ്ഡപം മിന്നുന്നു, ഭാവിത-
ന്നോതോ വിദൂരമാം പാതയിലിപ്പൊഴും!
കാഹളം കേൾക്കുന്നു വീണ്ടുമഹിംസയാ-
മാഹവത്തിൻെറ കൊടികളുയരവെ.
ചെന്നിണം പൂശുവാൻ, മൃത്യുവിൻകാൽകളിൽ
ചെന്നണഞ്ഞീടുന്നു ധന്യഭടാഗ്രിമർ!

ധർമ്മപ്രബുദ്ധമാക്ഷേത്രമോ, നിർമ്മലം
കർമ്മപ്രയുക്തസന്ത്യാഗസുരഭിലം!!

## II

പാരതന്ത്ര്യത്തിൻെറ കൂരിരുൾക്കുള്ളിലും
പാരാതുദിച്ചു പൂഞ്ചന്ദ്രികാവീചികൾ!.....
വാനത്തു പാടിപ്പറന്നു പറവകൾ
വാത്സല്യമോടതു ദർശിച്ചു താരകൾ!
തേങ്ങിക്കരഞ്ഞ നിശകളിൽ നിന്നഴൽ-
നീങ്ങിക്കഴിഞ്ഞു, നിറഞ്ഞു, പരിമളം!......

ആനന്ദബാഷ്പമുതിർത്തു പരസ്പര-
മാലിംഗനം ചെയ്തു നിന്നു തൃണാങ്കുരം!!

## III

സത്യപ്രകാശമേ! നിൻ കിരണങ്ങളേ-
റ്റത്യന്തമോദമുണരാവൂ, ഭാരതം!
നിർവ്വാണദീപ്തിയിൽനിന്നുതിർന്നീടാവൂ,
നിർവ്വാദമെൻമാതൃഭൂവിന്നൊരുത്സവം!
കണ്ണീർപൊഴിയ്ക്കുയോതായേ! ഭവൽപൂർവ്വ-
പുണ്യദ്രുമം പൂത്തു പുഞ്ചിരിക്കുമ്പൊഴും?......

അംബികേ! നിൻമുന്നിലാനന്ദകന്ദള-
മന്നാന്നുയർന്നു വിടർന്നാവു, മഞ്ജുളം!!

## IV

ദേവി! നിൻ കോവിലിലർച്ചിച്ചിടാം ഞങ്ങൾ
ജീവിതത്തിൻെറ മധുരപുഷ്പാഞ്ജലി!
ഭീരുക്കളോ നമ്മൾ? ....പൂർവ്വിക ഹൃദ്രക്ത-
പൂരിതമാകും സമരാങ്കണങ്ങളിൽ.

*    *    *    *

മുക്തിയേറെറന്നും വിടരുമാറാവണം
മുററുമെൻ നാടിൻെറ മുഗ്ദ്ധഗുണഗണം!!!

**"Within man is the sould of the Holy, the wise silence, the universal Beauty, the Eternal One"**

***Emersom.***

# കഥകളി അഥവാ ആട്ടക്കഥ.

പറവൂർ കെ. ഗോപാലപിള്ള.

മലയാളദേശത്തിനു സ്വന്തമെന്നു പറയാവുന്ന ഏതാനും ചില വിനോദങ്ങളിൽ പ്രധാനമായതു കഥകളിയാകുന്നു. ഈ ദേശീയവിനോദത്തിന്റെ അന്തസ്സിനു ലോപംവരാതെ ഇതിനെ പരിഷ്കരിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലും മററും ദേശീയബോധത്താൽ ഉണർന്നെഴുന്നേററവരിൽ ചിലർ പരിശ്രമിച്ചുകാണുന്നതു് ആഹ്ലാദകരംതന്നെ. കഥകളിയുടെ സാഹിത്യത്തിലും, അതിന്റെ സംഗീതത്തിലും, അതിനെ രംഗത്തിൽ പ്രയോഗിക്കുന്ന സമ്പ്രദായത്തിലും വല്ല പരിഷ്കാരവും ചെയ്യാൻ ഒരുങ്ങുന്നതിനുമുമ്പായി ഈ നാട്യകലയുടെ ജീവനാഡിയെക്കുറിച്ചുള്ള വിചിന്തനം അനപേക്ഷണീയമാണു്. ഈ നിബന്ധനദ്വാരാ യഥാമതി ഞാനതിനു് ഉദ്യമിച്ചുകൊള്ളട്ടെ.

## 1. സംജ്ഞ.

രണ്ടു സംജ്ഞയാണു് ഇതിനു് ഏപ്പെട്ടിരിക്കുന്നതു്. ഒന്നു കഥകളി; മറെറാന്നു് ആട്ടക്കഥ. ചില ദിക്കിൽ ആട്ടം എന്നു മാത്രം പറയാവുണ്ടു്. മിക്കവാറും തിരുവഞ്ചിക്കുളത്തിനു തെക്കുള്ളവർ കഥകളിയെ ആട്ടമെന്നോ ആട്ടക്കഥയെന്നോ വിളിക്കാറില്ല. തിരുവല്ലാക്കു തെക്കുള്ളവർ ഇതിനെ ഒരിക്കലും കഥകളിയെന്നു വിളിക്കാറും ഇല്ല. ആട്ടമെന്നോ ആട്ടക്കഥയെന്നോ പറഞ്ഞാൽ തെക്കൻ തിരുവിതാംകൂറിൽപോലും കഥകളിക്കു പര്യായമായ പേരായിരിക്കും. പുരാണകഥകളെ എടുത്തു കളിയായി രൂപാന്തരപ്പെടുത്തിയതുകൊണ്ടാണു കഥകളിയെന്നു പറയുന്നതു്. ഇതിവൃത്തങ്ങളിൽ "ചേർച്ചപോൽ കൂട്ടുചേർത്തുള്ള കഥയും സ്വല്പമായിടാം" എന്നുള്ള പ്രമാണം കഥകളിനിർമ്മാതാക്കൾ സ്വീകരിച്ചിട്ടുണ്ടു്. രംഗത്തിൽ ആട്ടം അഥവാ നൃത്തംകൊണ്ടു മോടിപിടിപ്പിക്കുന്ന കഥയായതിനാൽ ആട്ടക്കഥയെന്നു പറയുന്നതും യുക്തംതന്നെ. കൂടിയാട്ടം, മോഹിനിയാട്ടം, കുറത്തിയാട്ടം മുതലായതു പ്രചുരപ്രചാരമായിരുന്ന കാലങ്ങളിൽ മററു ആട്ടങ്ങളിൽനിന്നും ഇതിനെ വേർതിരിക്കുവാൻ "ആട്ടം" എന്നു മാത്രമായോ "ആട്ടക്കഥ"യെന്നു മുഴുവനായോ വിളിച്ചിരിക്കാൻ ഇടയുണ്ടു്. വടക്കുള്ള കഥകളിക്കും തെക്കുള്ള ആട്ടക്കഥയ്ക്കും ഈഷൽവ്യത്യാസമുള്ളതു് ഈ ലേഖനത്തിന്റെ മറെറാരു ഭാഗത്തു ചിന്തിക്കേണ്ടിയിരിക്കുന്നതിനാൽ ഇപ്പോൾ ഇവിടം കടന്നുപോകുന്നു.

## 2. കാലവും ആഗമവും

ആട്ടക്കഥയുടെ ഉത്ഭവകാലം എന്നാണെന്നു നിർണ്ണയിക്കാൻ ചില ഊഹങ്ങളല്ലാതെ സിദ്ധാന്തം പ്രാപിച്ചിട്ടുള്ള ഉപപത്തികൾ ഒന്നും ഇല്ല. ചില നിരൂപകന്മാർ പറയുന്ന ഐതിഹ്യങ്ങളും ഇവിടെ അനുസന്ധേയങ്ങളാണു്. വടക്കു്, സാമൂതിരിപ്പാടിന്റെ അധികാരസീമയിൽപെട്ട രാജ്യത്തു കൃഷ്ണനാട്ടം എന്നു പേരുള്ള ഒരു ദേശീയവിനോദം നടപ്പുണ്ടായിരുന്നുവെന്നും, ആ വിനോദത്തെ കൊട്ടാരക്കര മഹീശൻ അഭിനയിച്ചുകാണുവാൻ തലസ്ഥാനത്തേക്കു ക്ഷണിച്ചുവെന്നും, ക്ഷണപ്രകാരം സാമൂതിരിപ്പാട്ടു് കൃഷ്ണനാട്ടം അയച്ചുകൊടുത്തില്ലെന്നും കൃഷ്ണനാട്ടത്തിനു പകരം, വാശികേറിയ രാജാവു രാമനാട്ടമെന്നു പേരുള്ള ഒരു നൂതനവിനോദം സൃഷ്ടിച്ചു എന്നും കാലാന്തരത്തിൽ ആ രാമനാട്ടത്തിൻേറയും കൃഷ്ണനാട്ടത്തിൻേറയും പരിഷ്കരിച്ച രൂപങ്ങളാണു കഥകളിയെന്നും മററുമാണു് ഐതിഹ്യത്തിന്റെ രത്നച്ചുരുക്കം.

കുഞ്ചൻനമ്പ്യാർ തുള്ളക്കഥയുണ്ടാക്കിയതിനെ സംബന്ധിച്ചും ഇതുപോലെ ഒരു ഐതിഹ്യം കേൾപ്പാനുണ്ടു്. മിഴാവുകൊട്ടുന്ന നമ്പ്യാർ ഉറക്കംതൂങ്ങിയതിനെ സംബന്ധിച്ചു വ്യംഗ്യഭാഷയിൽ ചാക്യാർ കൂത്തുസമയത്തു നമ്പ്യാരെ ആക്ഷേപിച്ചെന്നും, പിറേറദിവസം കുഞ്ചൻനമ്പ്യാർ ചാക്യാർകൂത്തിനു് ആളുകളെ വിടാതിരിക്കുവാൻ സ്വകപോലകല്പിതമായി തുള്ളൽ ഉണ്ടാക്കിത്തുടങ്ങിയെന്നുംമററും പറയുന്നതു കാലദേശികൾക്കും യുക്തിക്കും യോജിച്ചുകാണുന്നില്ല. ഇ

തുപോലെതന്നെയാണ് മേൽപ്പറഞ്ഞ ഐതിഹ്യത്തേക്കുറിച്ചും എനിക്കു തോന്നുന്നത്. ഒരു സംഗതിവശാൽ ജനിച്ച വാശിയിൽനിന്ന് ഒരു ദിവസംകൊണ്ടു ജനിച്ചു പൂർണ്ണവളർച്ചയെ പ്രാപിച്ചതാണ് കഥകളി, ഓട്ടംതുള്ളൽ മുതലായ ദേശീയവിനോദങ്ങൾ എന്നു പറയുന്നതിൽ ലോകചരിത്രഗതിയും യുക്തിയും തീരെ അനുകൂലിക്കുന്നില്ല.

തുള്ളക്കഥകൾ ആദ്യമായി ആരംഭിച്ചകാലത്തു പാഠകവും ചാക്യാർക്കൂത്തും മൗനക്കൂത്തും പ്രചുരപ്രചാരത്തിലായിരുന്നു. പുരാണകഥകൾ തന്മയത്വത്തോടുകൂടി പറയുന്നതിനിടക്ക്, രാജ്യതന്ത്രത്തിലും സമുദായഘടനയിലും സാന്മാർഗ്ഗികതത്വങ്ങളിലും അന്നത്തെ ജനങ്ങളുടെയിടയിൽ കണ്ടിരുന്ന വൈകല്യങ്ങളെ ഹാസ്യരസപ്രധാനമായ സ്വരത്തിലും ഭാഷയിലും ഭത്സിച്ചു ജനങ്ങളെ നേർവഴിയിൽ ആക്കുകയെന്ന വിശിഷ്ടകർമ്മവുംകൂടി കൂത്തിൽ നിർവ്വഹിക്കുമായിരുന്നു. കാലാന്തരംകൊണ്ട് അതിൻെറ ഉദ്ദേശത്തിനും അന്തരം സംഭവിച്ചിരിക്കണം. കൂത്തിലും പാഠകത്തിലും ഒരുകാലത്തു പ്രയോജനകരമായിരുന്ന ഹാസ്യരസം ആഭാസകരമായും അസഭ്യമായുംതീർന്നു. അക്കാലങ്ങളിൽ പാണ്ടിയിലുംമററും നടപ്പുണ്ടായിരുന്ന കഥാകാലക്ഷേപത്തിലെന്നതുപോലെ പാഠകത്തിലും കൂത്തിലും സംഗീതം തീരെ സംഘടിപ്പിച്ചിരുന്നില്ല. എന്നു തന്നെയല്ല ഇന്നയിന്ന ദിക്കുകളിൽവെച്ചു മാത്രമേ കൂത്തു പറയാവൂ എന്നുള്ള നിബന്ധനയുംമററും കൊണ്ട് അതു സാമാന്യലോകത്തിനു സുഖശ്രവമായിരുന്നില്ല. അക്കാലത്തു കഥകളിയും പ്രചാരത്തിൽവന്നു. സംഗതികളുടെ ബന്ധം ഇങ്ങിനെയിരിക്കുന്ന ഘട്ടത്തിൽ ജനസാമാന്യത്തിൻെറ കവിയെന്നു പേരെടുത്ത കുഞ്ചൻനമ്പ്യാർ ആവിർഭവിച്ചു. അദ്ദേഹം പലതിൽനിന്നും കാലോചിതമായവയെ സ്വീകരിച്ചു. അദ്ദേഹം സ്വീകരിച്ച പ്രസ്ഥാനത്തിൻെറ ഘടകങ്ങൾ താഴെ കാണുംവിധം തരംതിരിക്കാം.

(1) കഥ പറയുന്നതു ലളിതകോമളമായ പദ്യത്തിലാക്കി.

(2) അന്നു നടപ്പുണ്ടായിരുന്ന സംസ്കൃതവൃത്തവും ദ്രാവിഡവൃത്തവും അതിൽ കൂട്ടിച്ചേർത്തു. കഥകളിപ്പദങ്ങൾപോലെ ചൊല്ലിയാടാവുന്ന ഗീതങ്ങളേയും സ്വീകരിച്ചു.

(3) കൂത്തിലേയും പാഠകത്തിലേയും ഈണക്കത്തോടുകൂടിയ ശ്ലോകങ്ങളേയും ഗദ്യങ്ങളേയും തീരെ ഉപേക്ഷിച്ചു.

(4) നമ്മുടെയിടയിൽ കുറവന്മാരും വേലന്മാരും ശത്രുവെട്ടുകുന്നതിനുംമററും മന്ത്രവാദം ചെയ്യുമ്പോൾ അവർ കെട്ടുമാറുള്ള വേഷവിധാനം സ്വീകരിച്ചു.

(5) കഥകളിയിലെ തൗര്യത്രികത്തേയും മുദ്രകളേയും ഏതാനും ചില വേഷവിധാനങ്ങളേയും സ്വീകരിച്ചു.

(6) ചാക്യാർക്കൂത്തിലേയും പാഠകത്തിലേയും ഫലിതങ്ങൾ പദ്യത്തിലാക്കി.

ഇപ്രകാരമാണ് കാലാന്തരത്തിൽ ഓട്ടൻ, ശീതങ്കൻ, പറയൻ എന്നിപ്രകാരം മൂന്നുതരത്തിലുള്ള തുള്ളൽപ്രസ്ഥാനം ഉണ്ടായതു്. ഒരരങ്ങ് തുള്ളുന്നതിന് ഒരരങ്ങു കഥകളിയോളം ചിലവും ബുദ്ധിമുട്ടും ഇല്ലാതിരുന്നതുകൊണ്ട് ഇതു ജനതാമദ്ധ്യത്തിൽ അതിശീഘ്രം പ്രചരിക്കുകയും ചെയ്തു. ചുരുക്കിപ്പറയുന്നപക്ഷം മലയാളത്തിനു സ്വന്തമായുണ്ടായ ഹരികഥാകാലക്ഷേപപ്രസ്ഥാനമാണ് തുള്ളലെന്നു പറയാം.

ഏതാണ്ടിതുപോലെതന്നെയാണ് കഥകളിയുടേയും ആഗമമെന്നു പറയേണ്ടിയിരിക്കുന്നു. മന്ത്രശാസ്ത്രത്തിലും തന്ത്രശാസ്ത്രത്തിലും നാഗാരാധനയിലും യോഗാഭ്യാസങ്ങളിലും മർമ്മവിദ്യയിലും അതിചതുരന്മാരായ മലയാളികൾ വളരെകാലംകൊണ്ടു പരിഷ്കരിച്ച്, ആദ്യത്തെ ആട്ടക്കഥാകൃത്തായ കൊട്ടാരക്കര ഭൂപൻെറ കാലമായപ്പോഴേക്കും ഇന്നത്തെ കഥകളിയുടെ രൂപം പൂർണ്ണതയെ പ്രാപിച്ചു. കഥകളിയിലേയും തുള്ളലിലേയും വേഷങ്ങൾ എല്ലാം മലയാളരാജ്യത്തെ പൂർവ്വനിവാസികളായ ജാതിക്കാരുടെ വേഷവിധാനങ്ങളിൽനിന്നും അല്പാല്പം ഭേദഗതി ചെയ്തു സ്വീകരിച്ചതായിട്ടാണ് ഊഹിക്കേണ്ടതു്. കഥകളിയോ ഓട്ടംതുള്ളലോ കേട്ടിട്ടുപോലുമില്ലാത്ത മലയായിലേയും സിലോണിലേയും ചില ജാതിക്കാരുടെ ദേശീയവിനോദങ്ങളിൽ കെട്ടുമാറുള്ള വേഷം കഥകളിയിലേയും ഓട്ടംതുള്ളലിൻേറയും വേഷത്തോടു വളരെ സാദൃശ്യമുള്ളതായി സെൻറ് നിഹാൽസിംഗ് എന്ന സുപ്രസിദ്ധ എഴുത്തുകാരൻ ഒരിക്കൽ ടൈംസ് ആഫ് ഇൻഡ്യാ ആഴ്ചപ്പതിപ്പിൽ (Times of India Weekly) എഴുതിയിട്ടുള്ളതാ

യിഞാൻ ഓക്കുന്നു. ശീതങ്കൻ തുള്ളലിൻെറ വേഷത്തിലുള്ള ഒരു ചിത്രം സിലോണിലെ ഒരുതരം കളിക്കാരുടെ വേഷത്തിൽനിന്നും ഫോട്ടോഎടുത്തു അതേആഴ്ചപ്പതിപ്പിൻെറ മുഖചിത്രമായി ചേക്കുകയും ചെയ്തിരുന്നു. താഴെ പറയുന്ന ഭാഗങ്ങളിൽനിന്നും ഇതിന് കൂടുതൽ തെളിവു സംഗ്രഹിക്കാവുന്നതാണു. കഥകളിയുടെ പ്രാഗ്രൂപത്തിന് ഏകദേശം മലയാളരാജ്യത്തിൻെറ പഴക്കം കാണും. അതിൻെറ പരിഷ്ക്കാരം പരമകാഷ്ഠയെ പ്രാപിച്ചതു് കാത്തികതിരുനാൾ മഹാരാജാവിൻെറയോ കൊട്ടാരക്കരത്തമ്പുരാൻെറയോ കാലംമുതൽക്കായിക്കൊള്ളട്ടെ. ഇന്നു നാം കഥകളിയിൽ കാണുന്നവയെല്ലാംതന്നെ ഒരു നിമിഷംകൊണ്ടു് ഉണ്ടായവയല്ലെന്നും ഓരോരോ കാലത്തു് ഓരോരോ ഭാഗങ്ങൾ അതിൽ കൂട്ടിച്ചേത്തു് ഇന്നത്തെനിലയിൽ കൊണ്ടുവന്നതാണെന്നും വിചാരിക്കുവാനല്ല അധികം ന്യായം കാണുന്നതു?

### 3. രംഗം.

കഥകളിയുടെ ഉത്ഭവം മന്ത്രവാദസംപ്രദായത്തിൽനിന്നാണെന്നു പറയുന്നതിനു ലഭിച്ചിട്ടുള്ള ഒരു തെളിവു് അതിൻെറ രംഗവിധാനമാണു്. കേവലം നാലുകാലിന്മേൽ ഒരു പന്തൽമാത്രമേ കഥകളിക്കു് ആവശ്യമുള്ളു. ഈ പന്തൽ മന്ത്രവാദം ചെയ്യുമ്പോൾ മാന്ത്രികന്മാർ ഇടുമാറുള്ള പന്തലിൽനിന്നും വളരെ വ്യത്യാസപ്പെട്ടതല്ല. രംഗത്തിൻെറ മുൻപായി ഒരു വലിയ നിലവിളക്കു് കത്തണം. മന്ത്രവാദത്തിനും മുൻപിൽ നിലവിളക്കാണാവശ്യം. തറയിൽ നിന്നും രംഗം നാടകത്തിൻെറ മാതിരി പൊക്കമു് രണ്ടിനും ഇല്ല. ആസുരപ്രകൃതിക്കാരായ വേഷങ്ങൾ പ്രവേശിക്കുമ്പോൾ തിരശ്ശീനോട്ടം സമയത്തു് അലറുകയും വിശേഷാൽ രണ്ടോ മൂന്നോ പന്തംക്രുടി ജ്വലിപ്പിക്കുകയും അപ്പോൾ തെള്ളിയെറിയുകയും ചെയ്യണം. ഈ തെള്ളിപ്രയോഗവും അലച്ചയും അട്ടഹാസവും മററും ചിലതരം മന്ത്രവാദങ്ങളുടെ ചടങ്ങുകളാണു്. വേഷക്കാരെ രംഗത്തിൽനിന്നും മറയ്ക്കുന്ന തിരശ്ശീല ഇടക്കാലത്തു വന്നതായിരിക്കണം. എന്തുകൊണ്ടെന്നാൽ പുറപ്പാടു്, "മഞ്ജുതര", മതലായതു കഴിഞ്ഞു കളിയുടെ ഒട്ടു മദ്ധ്യഭാഗത്തു പ്രവേശിച്ചാൽ പിന്നെ തിരശ്ശീല ക്രുടിയേ കഴിയു എന്നില്ല. രംഗങ്ങളിൽ ചിലപ്പോൾ പ്രദശിപ്പിക്കാറുള്ള കുരുത്തോലത്തട്ടം (ബലിപ്പീഠം) (ദക്ഷയാഗം കഥയിൽ) നിണം അണിച്ചിൽ, (നരകാസുരവധത്തിൽ) ഇലഞ്ഞി, പാല മുതലായ വൃക്ഷങ്ങളുടെ കൊമ്പു രംഗത്തു നാട്ടൽ മുതലായവ. (കല്യാണസൗഗന്ധികം, തോരണയുദ്ധം മുതലായവയിൽ,) മന്ത്രവാദത്തിൻെറ വകകളാണു്. ചില ബലികൾക്കു്, മാന്ത്രികന്മാർ വാഴപ്പോള മിടഞ്ഞു് അതിൽ കുരുത്തോല വെട്ടിക്കുത്തി കോൽത്തിരിയും ചാത്തിയിട്ടാണു മന്ത്രവാദം ചെയ്യുന്നതു്. വേലന്മാർ ക്ഷുദ്രമെടുക്കുമ്പോൾ ഒരു കുലവാഴയും ഒരു പാലയുടെ ശിഖരവും ഒരുമിച്ചു സ്ഥാപിച്ചു് അതിൻെറ ചോട്ടിൽ ചില കമ്മങ്ങൾ ചെയ്യുന്നുണ്ടു്. ആട്ടത്തിലെ നിണമണിച്ചിൽ മന്ത്രവാദികളുടെ കുരുതിതന്നെ. "ചന്ദ്രോത്സവം" ഉത്ഭവിച്ച കാലത്തും ഉണ്ടായിരുന്നെന്നല്ലെ താഴെ പറയുന്ന ശ്ലോകംകൊണ്ടു കാണുന്നതു്.

"ചരമശിഖരിപീഠേ പാടലം നാളികേരം
ഭൃമണിവലയരൂപം വെച്ചവിച്ഛിന്നധാരം
ജഗതികരുതിതപ്പിച്ചീടിനാൻ മൂടൊഴിപ്പാൻ
അഖിലഭുവനഭാജാമന്തിയാം മന്ത്രവാദി"

യുദ്ധാഹ്വാനങ്ങളും യുദ്ധങ്ങളും മററും അഭിനയിക്കുന്നതു മന്ത്രവാദിയും പിണിയാളും തമ്മിലുള്ള ചോദ്യോത്തരങ്ങളും പ്രേതശുദ്ധി മുതലായതിലെ ആവാഹനങ്ങളുംപോലെ ഇരിക്കുന്നു.

### 4. വേഷം. (ഉടുത്തുകെട്ടു്)

ഇവിടെ ചുട്ടി, കിരീടം, ചാമരം, ഉടുത്തുകെട്ടു്, ആകൃതി ഇത്രയും സംഗതികളെപ്പററി ആലോചിക്കേണ്ടതുണ്ടു്. വേഷങ്ങൾതന്നെ കത്തി, താടി, പച്ച, സാധാരണ എന്നു തിരിച്ചിരിക്കുന്നു. ഇതിൽ താടി രണ്ടുതരമുണ്ടു്. ഒന്നു ചുവന്ന താടി, മററതു കറുത്ത താടി. പച്ച എന്നു പറയുന്നതു ശ്രീകൃഷ്ണൻ, അജ്ജുനൻ, ഭീമസേനൻ മുതലായവരുടെ വേഷമാകുന്നു. രാവണൻ, ദുര്യോധനൻ മുതലായതു കത്തിയാണു്. ദുശ്ശാസനൻേറതു ചുവന്ന താടിയും, കിരാതത്തിലെ കാട്ടാളൻേറതു കറുത്ത താടിയും ആകുന്നു. നാരദൻ, ബകവധത്തിലെ ആശാരി, കുചേലൻ മതലായതു് സാധാരണ വേഷം. ഉടുത്തുകെട്ടും, കിരീടവും, ചുട്ടിയും ഒന്നും ഇവക്കില്ല. ദക്ഷയാഗത്തിലെ വീരഭദ്രനും, ഭദ്രകാളിക്കും, പരമശിവനും ചില വ്യത്യാസങ്ങൾ ചില കഥകളിയോഗക്കാർ ചെയ്തുകണ്ടിട്ടുണ്ടു്. ദേവസ്ത്രീകളുടേയും, അസുരസ്ത്രീകളുടേയും, പൊതുവെ എല്ലാ സ്ത്രീകളുടേയും വേഷവിധാനം ഒരുപോലെയാകുന്നു.

ഈ സ്ത്രീവേഷം നങ്ങ്യാന്മാർ മൗനയൂത്തിനു കെട്ടുന്ന വേഷത്തോടു വളരെ സാമ്യമുള്ളതാണ്. ഗന്ധർവ്വൻപാട്ട് യക്ഷിപാട്ട് ഈ വകകൾ നടത്തുമ്പോൾ കന്യകമാർ കെട്ടാറുള്ള വേഷവും ഇതുപോലെതന്നെ.

ഇനി നമുക്ക് ആദ്യം ചുട്ടി എടുക്കാം. അരിമാവ്, കരിപ്പൊടി, പച്ചപ്പൊടി, മഞ്ഞപ്പൊടി മുതലായവ കളമെഴുതുന്നതിന് മന്ത്രവാദികൾ സ്വീകരിച്ചിട്ടുണ്ട്. കളമെഴുത്തിനും, ചക്രമെഴുത്തിനും ഉപയോഗിക്കുന്ന ഈ നിറങ്ങൾതന്നെയാണ മുഖത്തേക്കു ചുട്ടിക്കായി കഥകളിക്കാർ ഉപയോഗിക്കുന്നതു്. തീയ്യാട്ട്, മുടിയേററ്, സപ്പംതുള്ളൽ, യക്ഷിതുള്ളൽ, ഗന്ധർവ്വൻപാട്ട മുതലായി പണ്ടത്തെ മാന്ത്രികസംപ്രദായം കണ്ടിട്ടുള്ളവർക്ക് ഈ കഥകളിക്കാരുടെ വേഷം എവിടെനിന്നും പകർത്തിയതാണെന്ന് ഊഹിക്കാൻ ഒരു പ്രയാസവും ഇല്ല. സ്ത്രീവേഷങ്ങളുടെ കണ്ണെഴുത്തും പത്തിക്കീററും ഉടുപുടവയുടെ സംപ്രദായവും ഗന്ധർവ്വൻപാട്ടിലും സപ്പംപാട്ടിലും ഉള്ളതുപോലെതന്നെ. കിരാതൻെറ വേഷം മിക്കവാറും മലവാസികളുടേതുപോലെയാണ്. മനയോല, ഗന്ധകം, ചായില്യം, നീലം മുതലായവ ഉപയോഗിച്ച് പണ്ടുകാലങ്ങളിൽ മരത്തിലും ഇരുമ്പിലും വിവിധവർണ്ണത്തിൽ ചായമിടുവാൻ നമ്മുടെ പൂർവ്വന്മാർക്കു വശമായിരുന്നു. "നെട്ടൂർപെട്ടി" ഇപ്രകാരമുള്ള ഒരു ചായപ്പണിയാണ്. കടഞ്ഞ കട്ടിൽകാലുകളിലും ഇരുമ്പുകൊണ്ടുള്ള പണിത്തരങ്ങളിലും അവർ വിവിധങ്ങളായ ചായം ചേർത്തിരുന്നു. പരിശയുടെ മുഖം ഈ മാതിരി ചായംകൊണ്ടു ചിത്രീകരിച്ചതാണ്. വാളുറയും അപ്രകാരംതന്നെ. ക്ഷേത്രങ്ങളിലെ മനുഷ്യാകൃതിയിലുള്ള കൊത്തുവേലകളിലും പടയണികളിലും അന്നംകെട്ടിലും എല്ലാം ഈ കഥകളിവേഷത്തിൻെറ തനിഛായ കാണാം. ക്ഷേത്രഭിത്തികളെ അലങ്കരിച്ചിരിക്കുന്ന കരിങ്കൽസ്വരൂപങ്ങളുടെ മാതൃകയിലാണ വേഷവും ഉടുത്തുകെട്ടും എല്ലാം. കിരീടങ്ങളുടെ കെട്ടും മട്ടും ക്ഷേത്രഭിത്തികളിലെ രൂപങ്ങളിൽനിന്നും പകർത്തിയതാണ്. അക്കാലങ്ങളിൽ പ്രചുരപ്രചാരത്തിൽ ഇരുന്ന മുടിയേററിൻെറ വേഷക്കാരിൽനിന്നും കാളിയുടേയും ദാരികൻേറയും വേഷത്തിൽ പലതും സ്വീകരിച്ചിട്ടുണ്ട്.

വൈയ്ക്കത്തു ചിലകാലം നടത്താറുള്ള "വടക്കുപുറത്തു പാട്ടിൽ" അവർ നിലത്തൊരു ഭദ്രകാളിയുടെ (ഒരു ഭദ്രകാളിയുടേതല്ല കൊടുങ്ങല്ലൂർ ഭദ്രകാളിയുടെ) ഭീമമായ ചിത്രം ഉണ്ടാക്കും. അതിൻെറയും ദക്ഷയാഗത്തിലെ ഭദ്രകാളിയുടേയും തീയാട്ടിൽ തീയാട്ടുണ്ണിയുണ്ടാക്കുന്ന ഭദ്രകാളിയുടേയും രൂപത്തിനും വളരെ സാമ്യമുണ്ട്. ഉടുത്തുകെട്ടുസംപ്രദായം ഭദ്രകാളിക്ഷേത്രങ്ങളിലെ വെളിച്ചപ്പാടന്മാരുടെ ഉടുത്തുകെട്ടുപോലെയാണ്. ഈ വെളിച്ചപ്പാടന്മാർ മിക്കവാറും മന്ത്രവാദികളും ആയിരുന്നല്ലൊ. വടക്കേ മലബാറിൽ ആണ്ടുതോറും ഉണ്ടാകാറുള്ള തെയ്യംതുള്ളൽ (അഥവാ ദൈവംതുള്ളൽ) കഥകളിയുടെ ഒരു പ്രാകൃതരൂപമായിരുന്നിരിക്കണം.

## 5. കയ്യും മെയ്യും.

മെയ്യിനെപ്പററി അധികം ഉപന്യസിക്കാതെ കാര്യം മനസ്സിലാകുമെന്നു തോന്നുന്നു. മലയാളരാജ്യത്തിൽ അനാദികാലം മുതൽക്കേ നടപ്പിൽ ഇരിക്കുന്ന കച്ചകെട്ടും പയററും എങ്ങിനെയെന്ന് അറിയാൻ കഴിവുള്ളവർക്ക് അതിൻെറ പ്രാഥമികപാഠമായ കഥകളിയിലെ മെയ്യഭ്യാസത്തെപ്പററി അറിയാൻ പ്രയാസമില്ല. കയ്യാൻകളി, വടിതല്ല്, ചോടുകളി, പരിശമൊട്ടുകളി മുതലായവകളിൽനിന്നും എടുത്ത ചോടുകളാണ കഥകളിയിൽ അധികവും. മെയ്യെന്നു പറയുമ്പോൾ ചില ആസനങ്ങളുടെ കാര്യത്തെക്കുറിച്ചും പറയേണ്ടതുണ്ട്. പത്മാസനം, കൂർമ്മാസനം, മുതലായ പല ആസനങ്ങളിലും വേഷക്കാർ ഇരിക്കണം. എന്നാൽ അതാതു സന്ദർഭത്തിനു പററിയ രസം അഭിനയിക്കാൻ എളുപ്പമുണ്ട്. ഇതിനെക്കുറിച്ചു വിശദമായി മറെറാരുസ്ഥലത്തു ചിന്തിക്കാം. കയ്യിനെപ്പററിപ്പറയുമ്പോൾ മുദ്രകളെക്കുറിച്ചും മുദ്രകൾ കാണിക്കുമ്പോൾ കണ്ണിനെക്കുറിച്ചും പറയേണ്ടതുണ്ട്. ഇതധികവും താന്ത്രികമായിട്ടുള്ളതാണ്. ഏതാനും താന്ത്രികമുദ്രകളെ താഴെ ഉദ്ധരിച്ചുകാണിച്ചാൽ മുദ്രകളുടെ ആഗമം എവിടെനിന്നാണെന്ന് മനസ്സിലാക്കാൻ കഴിയും.

## 6. മുദ്ര.

"മോദനാൽസർവ്വദേവാനാം ദ്രവണാൽ
[പാപസന്തതേഃ
തസ്മാന്മുദ്രേതി സാഖ്യാതോ സർവ്വകാമാർത്ഥ
[ദായിനീ"

എന്നാണ് മുദ്രയുടെ നിഷ്പത്തിയെക്കുറിച്ചുള്ള അഭിജ്ഞമതം. അതായതു സർവ്വദേവന്മാരുടേയും പ്രസാദവും പാപരാശികളുടെ ദൂരീകരണവും ഉണ്ടാകകൊണ്ടു സർവ്വാഭീഷ്ടപ്രദാത്രിയായ ഇതിനെ മുദ്രയെന്നു പറ

യപ്പെടുന്നു എന്നാണു മേൽ എഴുതിയ ശ്ലോകത്തിന്റെ അൎത്ഥം. ദൈവികകൎമ്മങ്ങളെല്ലാം മുദ്രകൂടാതെ ചെയ്താൽ നിഷ്ഫലമാകുന്നു. താന്ത്രികമതപ്രകാരമുള്ള ഏതാനും ചില മുദ്രകളെ താഴെ കാണിക്കാം. അതു കഥകളിമുദ്രകളിൽ ഏതേതിനോടു് ഒത്തിരിക്കുന്നു എന്നു വിചിന്തനം ചെയ്യേണ്ടതാണു്.

1. അമൃതമുദ്ര അഥവാ ധേനുമുദ്രാ.

അതിനു പ്രമാണം:—

"ഹസ്തദ്വയെതദ്വധോവക്ത്രേ സമ്മുഖെ ച
[പരസ്പരം
വാമാംഗുലിർദക്ഷിണാനാമംഗുലീനാംചസന്ധിഷു
സംവേശ്യമധ്യമാഭ്യാംതുതൎജ്ജന്യാം ദ്വേ പ്ര-
[യോജയേൽ
കനിഷ്ഠദ്വേ അനാമാഭ്യാംയുഞ്ജ്യാൽ സാധേനു
[മുദ്രികാ"

അൎത്ഥം:— കൈകൾ കീഴ്മുഖമായി ചേൎത്തുപിടിച്ചുകൊണ്ടു്, നടുവിരൽ മറേറ നടുവിരലിന്റെ മുകളിൽ കൂടി കോൺതിരിച്ചു്, ഇടത്തെ ചൂണ്ടുവിരലിന്റെ അഗ്രഭാഗവുമായി ഘടിപ്പിച്ചു, പിന്നീടു് അണിവിരലുകളും ചെറുവിരലുകളും ഇതുപോലെതന്നെ സംഘടിപ്പിച്ചു് പിടിക്കുന്നതു ധേനുമുദ്ര അഥവാ അമൃതമുദ്ര എന്നറിയണം.

(2) ഹൃദയമുദ്ര; (3) ശിരമുദ്ര; (4) ശിഖമുദ്ര; (5) കവചമുദ്ര; (6) നേത്രമുദ്ര; (7) ദ്വിനേത്രമുദ്ര. (8) അസ്ത്രമുദ്ര.

ഇവകൾക്കു പ്രമാണം:—

"മുഷ്ടീവിനിൎഗ്ഗതാംഗുഷ്ഠൌ സംയുക്തോ
[ഹൃദിവിന്യസേൽ
നിസ്സൃജ്ജനീതാദ്യശൌതുശിരസ്യഥ ശിഖാതലേ
നിരംഗുഷ്ഠകനിഷ്ഠൌതുനിരംഗുഷ്ഠപ്രദേശിനീ
മുഷ്ടീപൃഥക്തുതൌസ്കന്ധഹൃദന്തം വൎമ്മ-
[ണീസ്മൃതൌ
തൎജ്ജന്യാദിത്രയംനേത്രം തലാസ്ഫോടോ
[സ്ത്രമീരിതം."

അൎത്ഥം:— (2) തള്ളവിരൽ തള്ളി ശേഷമുള്ളവ ചുരുട്ടിപ്പിടിച്ചു് ഹസ്തത്തെ ഹൃദയത്തിൽ ചേൎത്തുവെയ്ക്കുന്നതു് ഹൃദയമുദ്ര; (3) ചൂണ്ടുവിരലൊഴിച്ചു മറെറല്ലാം ചേൎത്തു ശിരസ്സിൽ തൊടുന്നതു ശിരമുദ്ര; (4) തള്ളവിരലും അണിവിരലും ഒഴിച്ചു് ശേഷം കൊണ്ടു ചുഴിസ്ഥാനത്തു് തലയിൽ പുറകോട്ടു കാണിക്കുന്നതു ശിഖമുദ്ര; (5) തള്ളവിരലും ചൂണ്ടാണിയും വിട്ടുള്ള വിരലുകൾ മടക്കി കൈകെട്ടുന്ന സമ്പ്രദായത്തിലാക്കി അന്യോന്യം കൈമുട്ടുകളുടെ മുകളിൽ സ്ഥാപിക്കുന്നതു കവചമുദ്ര; (6) ചൂണ്ടുവിരലും നടുവിരലും അണിവിരലുംകൂടി നേത്രങ്ങളിൽ ചേൎക്കുന്നതു നേത്രമുദ്ര; (7) അണിവിരലുംകൂടി തള്ളിയാൽ ദ്വിനേത്രമുദ്ര; (8) കൈകൾ രണ്ടിന്റേയും തള്ളവിരലുകളും നടുവിരലുകളും ചേൎത്തു ഞൊടിയുന്ന രീതിയിൽ കാട്ടുന്നതു് അസ്ത്രമുദ്ര; (9) ആവാഹനമുദ്ര; (10) സംസ്ഥാപനിമുദ്ര; (11) സന്നിധാപനമുദ്ര; (12) സംരോധിനീമുദ്ര;

ഇവയ്ക്കു പ്രമാണം:—

"ഹസ്താഭ്യാമഞ്ജലിംബദ്ധ്വാഽനാമികാ മൂല
[പൎവ്വണോഃ
അംഗുഷ്ഠൌ നിക്ഷിപേൽസേയം മുദ്രാത്വാവാ
[ഹനീമതാ
അധോമുഖീത്വിയംചേൽ സ്യാൽ സ്ഥാപനീ
[മുദ്രികാമതം
ഉച്ഛ്രിതാംഗുഷ്ഠമുഷ്ട്യൌസ്തുസംയോഗാൽ സ
[ന്നിധാപനീ
അന്തഃപ്രവേശിതാംഗുഷ്ഠൌ സൈവസം-
രോധിനീമതാ."

അൎത്ഥം.— (9) കൈകൾചേൎത്തു വിടൎത്തിപ്പിടിച്ചു് തന്തവിരലുകൾ അകത്തേയ്ക്കു മടക്കി അണിവിരലിന്റെ മുട്ടിൽ സംഘടിപ്പിച്ചു പിടിക്കുന്നതു് ആവാഹനമുദ്രയും, (10) ആവാഹനമുദ്രതന്നെ കൈമലൎത്തി കീഴ്പ്പോട്ടു കാട്ടുമ്പോൾ സംസ്ഥാപനീമുദ്രയും, (11) പെരുവിരലുകൾ മേൽപ്പോട്ടു നീട്ടി മററുള്ളവ ചുരുട്ടി കരങ്ങൾ രണ്ടും മുഖത്തോടുമുഖമായി പിടിക്കുന്നതു് സന്നിധാപനീമുദ്രയും, (12) ഈരീതിയിൽ തന്തവിരലുകൾ അകത്തേയ്ക്കു മടക്കിക്കാണിക്കുമ്പോൾ സംരോധിനീമുദ്രയും ആകുന്നു.

13. അവഗുണ്ഠനമുദ്ര.

പ്രമാണം:—

"സവ്യഹസ്തധൃതാമുഷ്ടിർദീൎഘാധോമുഖ
[തൎജ്ജനീ"
അവഗുണ്ഠനമുദ്രേയമഭിതോ ഭ്രാമിതാമതാ

അൎത്ഥം:— കീഴഗ്രമായി വലത്തെ ചൂണ്ടാണി നീട്ടി ചുരുട്ടിയ ഇടംകൈകൊണ്ടു പിടിച്ചു ചുററിക്കുന്നതു് അവഗുണ്ഠനമുദ്രയാകുന്നു.

14. അഞ്ജലിമുദ്ര.

പ്രമാണം:—

"അഞ്ജല്യഞ്ജലിമുദ്രാസ്യദ്വാസുദേവാഭിധാപ്യസൌ."

അർത്ഥം:— തൊഴുതുപിടിച്ചുനില്ക്കുന്നതിന്ന് അഞ്ജലിമുദ്ര എന്നു പറയുന്നു. ഇതിന്നു വാസുദേവമുദ്രയെന്നുംകൂടി പേരുണ്ട്.

ഇപ്രകാരം തന്തവിരലുകളുടെ അഗ്രം ചെറുവിരലുകളുടെ നടുക്കെട്ടുകളിൽ സ്പർശിച്ചുകാണിക്കുന്നതു് "ഗന്ധമുദ്ര"യെന്നും, പെരുവിരലുകളുടെ നടുക്കെട്ടുകളിൽ തർജ്ജനികൾ ചേർത്തുകാട്ടുന്നതു് "പുഷ്പമുദ്ര"യെന്നും, തന്തവിരലുകൾകൊണ്ടു് മൂണ്ടാണിയുടെ നടുക്കെട്ടു് തൊട്ടുകാണിക്കുന്നതു് "ദീപമുദ്ര"യെന്നും, ചെറുവിരലുകളുടെ മദ്ധ്യരേഖ സ്പർശിച്ചുകാണിക്കുന്നതു് "നൈവേദ്യമുദ്ര"യെന്നും മററും അനവധി മുദ്രകൾക്കു് പ്രമാണം കാണിക്കാനുണ്ടു്. അവയെല്ലാം വിസ്തരഭയത്താൽ ചുരുക്കുന്നു. ഉദാഹരണത്തിനുമുൻപു് ഉദ്ധരിച്ചതു പദ്യാംശങ്ങളുമാണ്. കൂടാതെ തന്ത്രത്തിൽ പഞ്ചപ്രാണാഹുതിമുദ്രകളായി പ്രാണോദാനാദികളായ അഞ്ചു മുദ്രകളും, ശംഖമുദ്ര, യോനിമുദ്ര, സംഹാരമുദ്ര, മുതലായ ഇതരമുദ്രകളും ജ്ഞേയങ്ങളാണ്. ഈവക മുദ്രകളെ സ്വീകരിച്ചുകൊണ്ടു് അവയിൽ ചിലതു പരിഷ്കരിച്ചും ചിലതു ചുരുക്കിയും ചിലതു കൂട്ടൽ ചേർത്തും മററും സ്വരൂപിപ്പിച്ചിട്ടുള്ളതാണ കഥകളിക്കാരുടെ മുദ്രകൾ എല്ലാം. എന്നാൽ മനോധർമ്മക്കാർ വ്യാക്ഷേപങ്ങളെ കാണിക്കുന്നതിന്നു സ്വകപോലകല്പിതങ്ങളായി മററു ചില മുദ്രകളും സ്വീകരിക്കാറുണ്ടു്. ആസുരപ്രകൃതിയുള്ള വേഷക്കാരുടെ "ഗോഗ്വായും" അലച്ചയും മൂളലും മററും മന്ത്രവാദത്തിൽ പിണിയാളുടെ തുള്ളലിൽനിന്നും സ്വീകരിച്ചുള്ളവയുമാകുന്നു. തലമുടി കണ്ണു് മുതലായവയുടെ കൈകൾ പരിഷ്കരിച്ച രൂപങ്ങളാകുന്നു.

മുദ്ര കാണിക്കുന്നതിലും പൊതുവെ അഭിനയത്തിലും കഥകളിയിൽ രണ്ടു സമ്പ്രദായം ഏപ്പെട്ടിട്ടുണ്ടു്. അതു കല്ലടിക്കോടൻ എന്നും കപ്ലിങ്ങാടൻ എന്നും പറയപ്പെടുന്നു. ആദ്യത്തേതിൽ കൈകളും മുദ്രയും എല്ലാം മാറുമുതൽ മുഖംവരെയുള്ള സ്ഥലങ്ങളെ വ്യാസമാക്കിയുണ്ടാക്കുന്ന വൃത്തത്തിൽനിന്നും വെളിയിൽ കാണിക്കരുതു് എന്നു നിർബ്ബന്ധമുണ്ടു്. മെയ്യഭ്യാസം അവർക്കു കുറയും. കപ്ലിങ്ങാടനു മെയ്യഭ്യാസം ഏറും. മുൻ പറഞ്ഞ നിർബ്ബന്ധമില്ല. ചുട്ടിയിലും ഈഷൽവ്യത്യാസങ്ങൾ ഉണ്ടു്. അവ അത്ര പ്രസ്താവ്യങ്ങളല്ല. തെക്കും വടക്കും ഉള്ള സമ്പ്രദായങ്ങൾ എന്നു് മുൻപേ സൂചിപ്പിച്ചതു് ഇതാണ്.

## 6. താളവും ചോട്ടം വാദ്യവും

ചോട്ടുകൾ അധികവും കായികാഭ്യാസത്തിലെ ചോട്ടുകൾ തന്നെയാണ് എങ്കിലും ഇതിന്നു സംഗീതശാസ്ത്രപ്രകാരമുള്ള പല താളങ്ങളും കലർത്തിയിരിക്കുന്നു. ഈ താളങ്ങൾ രസങ്ങളുടെ സ്ഥായീഭാവത്തിനു സഹായിക്കുന്നതാണ്. കാരികാതാളം, മർമ്മതാളം, ചമ്പതാളം, അടന്തതാളം, മുറിയടന്തതാളം, കുമ്മിയുടെ താളം ഇങ്ങിനെ പല താളങ്ങൾ ഉണ്ടു്. ഈ താളങ്ങളോട് സംഘടിപ്പിച്ചു് ചെണ്ടയേയും മദ്ദളത്തേയും ഉപയോഗിക്കുന്നു. എലത്താളവും ചേങ്കിലയും താളത്തിനുള്ളതും ചെണ്ടയും മദ്ദളവും വാദ്യത്തിനുള്ളതുമാണ്. യുദ്ധം, ദൂരാധ്വാനം, വധം, സംരോധം, ഭോജനം, സ്നാനം, സുരതം, അനുലേപനം, വസ്ത്രാക്ഷേപം ഈ മാതിരി നാടകത്തിൽ അഭിനയബാഹ്യങ്ങളും കഥകളിയിൽ അപരിഹരണീയങ്ങളുമാക്കിയിട്ടുള്ള ഘട്ടങ്ങൾ വരുമ്പോൾ ഗാനം നിറുത്തി താളമേളങ്ങളെ ഉചിതമായി വേഷക്കാർക്കു് അഭിനയത്തിനും ചോടിനും ആയി വിട്ടുകൊടുക്കുമാറുണ്ടു്. തീയാട്ടു്, പാന, സർപ്പംതുള്ളൽ മുതലായവയിലും ഈ വിധം ഒരുവക താളനിർബ്ബന്ധം സൂക്ഷിച്ചുനോക്കിയാൽ കാണാം. വടക്കുള്ള തെയ്യന്തുള്ളലിലും അതു കാണാം.

## 7. സംഗീതം.

ആട്ടക്കഥകൾ ആടിക്കാണാൻ കൊള്ളാവുന്ന വകകൾ എന്നും, പാടിക്കേൾക്കാൻ കൊള്ളാവുന്ന വകകൾ എന്നും സാമാന്യേന രണ്ടായി തരംതിരിക്കാവുന്നതാണ്. സംഗീതവും സാഹിത്യവും ഒരുപോലെ ഇണക്കിച്ചേർത്തിട്ടുള്ള ആട്ടക്കഥയിൽ നിർഭാഗ്യവശാൽ വളരെ കുറച്ചു മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളു. നളചരിതം ഉത്തരാസ്വയംബരം, കീചകവധം, ദക്ഷയാഗം, രാവണവിജയം, കിർമ്മീരവധം, ധ്രുവചരിതം മുതലായവ ഇതിൽ പ്രധാനങ്ങളാകുന്നു. ശേഷമുള്ളവ മിക്കതും സാഹിത്യ സംഗീതങ്ങളുടെ ഇണക്കംകൊണ്ടു ഹൃദ്യങ്ങളല്ലെങ്കിലും രംഗവിഭാഗം കഥാഗതി മുതലായവകൊണ്ടു് ആടിക്കാണാൻ മെച്ചമുള്ളവയാണ്. നല്ല മനോധർമ്മമുള്ളവരും വിദ്വാന്മാരുമായ നടന്മാർക്കു കവിതയെങ്ങിനെയിരുന്നാലും അതേപ്പററി

ഘടിക്കേണ്ട അവകാശമില്ല. ഏതു കഥയിലും അവസരോചിതം ഘടിപ്പിക്കാവുന്നതും മനോധർമ്മമെന്നോ പ്രയോഗസാമർത്ഥ്യപ്രകടനമെന്നോ, അഭിനയപാടവപ്രദർശനമെന്നോ ഗണിക്കാവുന്നതും ആയ ചില സംഗതികൾ സമർത്ഥന്മാരായ നടന്മാർ പഠിച്ചുവെയ്ക്കാറുണ്ട്. "കമലദളം" നിവാതകവചകാലകേയവധത്തിലെ "സ്വർഗ്ഗവർണ്ണന", "സലജ്ജോഹം" മുതലായവ ഇതിനു ദൃഷ്ടാന്തങ്ങളാകുന്നു.

സംഗീതവിഷയത്തിൽ ആട്ടക്കഥ സ്വീകരിച്ചിട്ടുള്ളതു് അഷ്ടപദിയെന്നു പ്രസിദ്ധമായ ഗീതാഗോവിന്ദത്തെയാണ്. ഇതു ജയദേവപ്രണീതമെന്നു പ്രസിദ്ധമാണ്. തന്നെയല്ല വംഗസാഹിത്യഭംസാഗാരത്തിലെ അനർഘങ്ങളായ വൈഷ്ണവഗീതങ്ങൾക്കും ഇത് അസ്ഥിഭാരമായി നില്ക്കുന്നുവെന്നാണ് സാഹിത്യത്തിലെ വിമർശകപടുക്കൾ സിദ്ധാന്തിക്കുന്നതു്. ഗീതാഗോവിന്ദത്തിന്റെ ആവിർഭാവം മലയാളരാജ്യത്തു് എന്നാണെന്നു പറവാൻ യാതൊരു ഉപപത്തിയും ലഭിക്കുന്നില്ല. ഏതായാലും ആട്ടക്കഥകളെ ഇന്നത്തേനിലയിൽ പരിഷ്ക്കരിക്കപ്പെട്ടപ്പോൾ സംഗീതസമ്പ്രദായം സ്വീകരിക്കുന്നതിനു് അതു് ഒരു അവലംബമായിരിക്കത്തക്കവിധം ഈ നാട്ടിലെ ക്ഷേത്രങ്ങളിലും മററും "കൊട്ടിപ്പാടിസ്സേവയ്ക്കു്" ഉപയോഗിക്കുക പതിവുണ്ടായിരുന്നുവെന്നൂഹിക്കാം. കൂടാതെ "മഞ്ജുതര"യെന്നു പറയപ്പെടുന്ന ആട്ടക്കഥയിലെ മുഖത്തിൽ പാടുന്നതിനു് അതിലെ "പ്രളയപയോധിജലേ" ഇത്യാദികളായ ഗാനങ്ങളെക്കൂടെ ഉപയോഗിക്കുമാറുണ്ട്. "മഞ്ജുതരകുഞ്ജം" എന്നതു തന്നെ അഷ്ടപദിയുമാണ്.

ഗാനം പൊന്നാനിക്കാരനും ശങ്കിടിക്കാരനും കൂടിപ്പാടണം. വേഷക്കാരൻ അതിന്റെ അർത്ഥം മനസ്സിലാക്കി ആടുകയും അഭിനയിക്കുകയും ചെയ്യണം. "ആ ശുശ്രൂക്ഷിണി" എന്നിത്യാദിഭാഗങ്ങൾ രാഗവിസ്താരത്തോടുകൂടി പാടുമ്പോൾ അനഭ്യസ്തനായ വേഷക്കാരൻ "ആശുവിനു്" കൈകാണിച്ചെന്നും ശ്രൂക്ഷിണി വന്നപ്പോൾ കൈ നിശ്ചയമില്ലാതെ രംഗത്തുനിന്നു് ഇളിഭ്യനായിയെന്നും പറയപ്പെടുന്ന ഐതിഹ്യം അകൃതക വിദ്വാന്മാരായ വേഷക്കാർക്കുള്ള ഒരു കൊട്ടാണ്. രാഗവും താളവും കൊടുത്തു ഗാനങ്ങൾ രചിക്കുമ്പോൾ സമർത്ഥന്മാരായ കവികൾ അതു് രസത്തിനു് ഒരു ഉത്തേജനമായിത്തീരാറുമുണ്ടോയെന്നു് ചിന്തിക്കേണ്ടതുണ്ടു്. ശൃംഗാരപദങ്ങൾക്കു പ്രായേണ നീലാംബരി, ആനന്ദഭൈരവി, കല്യാണി, കാമോദരി മുതലായ രാഗങ്ങളാണ് ഉപയോഗിച്ചിട്ടുള്ളതു്. സങ്കടനിവേദനങ്ങളിലും പ്രായേണ ദുഃഖവേളയിലും ദുഃഖഘണ്ടാരം തോടി, പാടി, നാഥനാമക്രിയ, സാവേരി എന്നീ രാഗങ്ങൾ പ്രയോഗിക്കുന്നുണ്ട്. യുദ്ധവേളയിൽ സാരംഗം എന്ന രാഗം പ്രായേണ കാണാം. പ്രഭാതകാലമാകുമ്പോൾ ഭൂപാളം, പുറനീർ, മുതലായതും വീരവാദത്തിങ്കൽ അഠാണ, ഭൈരവി എന്നീ രാഗങ്ങളും ഉപയോഗിക്കുന്നു. ഇതുകൂടാതെ കുമ്മി, സാരി, ദണ്ഡകം ഇവയും ഉപയോഗിക്കുമാറുണ്ട്. തിരുവാതിരകളിയിൽനിന്നും സ്വീകരിച്ചിട്ടുള്ളതാണു കുമ്മിയും സാരിയും. അതുകൊണ്ടു് ആവക പദങ്ങളെ ആട്ടക്കഥയിൽനിന്നും തിരുവാതിരക്കളിക്കാർ എടുത്തു പാടിക്കളിക്കാറുണ്ട്. വേറേയും പല പദങ്ങളേയും അവർ സ്വീകരിച്ചിട്ടുണ്ടെന്നു് ഇവിടെ പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. കഥകളിപ്പദങ്ങൾ പൊതുവേ സോപാനവഴിയാണ്. ഇതു് മററു സംഗീതങ്ങളെപ്പോലെപാടിഫലിപ്പിക്കാവുന്നതുമല്ല. എന്നാൽ മലയാളത്തിൽ പഴയപാട്ടുകളിൽ-അതായതു്. ശാസ്താംപാട്ടു്, കുറത്തിപ്പാട്ടു്, അമ്മാനപ്പാട്ടു്, ഊഞ്ഞാൽപ്പാട്ടു്, വേലൻപാട്ടു്, പുള്ളാൻപാട്ടു്, ക്രിയാറപ്പാട്ടു്, വഞ്ചിപ്പാട്ടു്, കിളിപ്പാട്ടു്, കൃഷ്ണപ്പാട്ടു് മുതലായവകളിൽ നിന്നും കഥകളിയിൽ ശീലുകൾ സ്വീകരിച്ചു കാണുന്നില്ല കുഞ്ചൻനമ്പ്യാർ അങ്ങിനെയല്ലാ ചെയ്തതു്. അദ്ദേഹം അന്നു നടപ്പുണ്ടായിരുന്ന ഒട്ടുമുക്കാലും പാട്ടുകളേയും, കഥകളിപ്പാട്ടുകളേയും സ്വീകരിച്ചുകാണുന്നു.

## 8. സാഹിത്യം.

സംസ്കൃതനാടകങ്ങളിലെ സാഹിത്യരസികത്വം ഒരു കഥകളിയിലും ഇല്ല. കഥകൾ സംസ്കൃതശ്ലോകത്തിൽ കഴിക്കുകയും സംഭവങ്ങൾ സംഭാഷണങ്ങൾ ക്രീഡകൾ, യുദ്ധാഹ്വാനങ്ങൾ ഇവ സംഗീതത്തിലാക്കിത്തീർക്കുകയുമാണു ചെയ്തിട്ടുള്ളതു്. കുറെ അധികസംഭവങ്ങളെ ഒരുമിച്ചു വർണ്ണിച്ചുതീർക്കേണ്ടിവരുമ്പോഴാണു ദണ്ഡകങ്ങൾ സൃഷ്ടിക്കുന്നതു്. ശ്ലോകത്തിലാകട്ടെ പദങ്ങളിലാകട്ടെ അപൂർവ്വം ചില കവിതകൾ ഒഴിച്ചാൽ ബാക്കിയിലും സാഹിത്യരസം കുറയുമെന്നു വേണം പറവാൻ. സാഹിത്യവിഷയത്തിൽ മികച്ചുനില്ക്കുന്നതു് ഉണ്ണായിവാര്യരുടേയും, ഇരയിമ്മൻതമ്പിയുടേയും വിദ്വാൻ കോയിത്തമ്പുരാന്റേയും, കോട്ടയത്തു രാജാവിന്റേയും കഥകളാകുന്നു. വൈയ്ക്കരമൂസ്സതിന്റെ ദുഃശ്ശാ

ധനവധവും, കേരളവർമ്മകോയിത്തമ്പുരാന്റെ ഏതാനും കഥകളും മുൻപറഞ്ഞ ഗണത്തിൽനിന്നും തള്ളിക്കളയാവുന്നതല്ല. ചുരുക്കത്തിൽ ദൃശ്യകാവ്യമായ ഇതിൽ ശ്രാവ്യകാവ്യത്തിലേതുപോലെയുള്ള സാഹിത്യരസം വേണ്ടാ എന്നുള്ളതും ഇവിടെ വിചിന്തനീയമാണ്. അധികം സാഹിത്യം കലർത്തി രചിച്ചിട്ടുള്ള കഥകൾ ആടുവാൻ ആട്ടക്കാർക്കും അല്പം മടിയുണ്ട്. ആട്ടക്കഥയിലെ മിക്ക ശ്ലോകങ്ങൾക്കും സംസ്കൃതചമ്പുപ്രബന്ധം മുതലായവയുടെ ഛായയാണുള്ളതു്.

## 9. ആട്ടക്കാരുടെ മൌനം.

ആട്ടക്കഥയിലെ വേഷക്കാരെയും അഭിനയത്തെയും രംഗത്തെയും സംഗീതത്തെയും മററും പരിഷ്കരിക്കാൻ വിചാരിക്കുന്നവർ പ്രഥമമായി വിചാരിക്കേണ്ടതു് അതിലെ മൌനാഭിനയത്തെക്കുറിച്ചാണ്. ഭാവരസങ്ങളെ മുഖത്തുണ്ടാക്കുവാനും, കൈകളെക്കൊണ്ട് അവ അഭിനയിക്കാനും, ചോടുകൊണ്ട് അതിനു ഉചിതമായ വിധം താളം ചവുട്ടാനും സാധിക്കുന്നതു മൌനംകൊണ്ടാണ്. മൌനത്തെ ഉപേക്ഷിച്ചു തുള്ളിത്തുടങ്ങിയ ഓട്ടംതുള്ളക്കാരനു ഭാവരസത്തിലും കൈയ്യിലും എത്ര കുറക്കേണ്ടിവന്നു? പക്ഷേ അതിനു സഹായമായതും അവരുടെ പാട്ടുതന്നെയെന്നു കരുതാം. അഭിനയത്തിന്റെ മനോഹാരിതയെ എത്രയും നല്ലപോലെ സ്പഷ്ടമാക്കുന്നതു കൈയ്യോ കാലോ സംസാരമോ അല്ല. പ്രത്യുത, മുഖവും കണ്ണുമാകുന്നു. അപാംഗം, ലജ്ജ, അധരപാനം, സംഭോഗാനന്തരമുള്ള നിർവൃതി, വാചാമഗോചരമായ സന്താപം ഇവകളെ ഒരു നടൻ രംഗത്തിൽ കാണിക്കുന്നു. അതിന്റെ തന്മയത്വംകൊണ്ടു രംഗസ്ഥിതരും രസിക്കുന്നു. പിൻപാട്ടുകാർ പാടുന്നതു രംഗസ്ഥിതർക്കു മാത്രം സഹായമാകുന്നു. തന്നെയല്ല അഭിനയക്കാർക്ക് സന്ദർഭത്തെയും സൂചിപ്പിക്കുന്നു എന്നു മാത്രം. പിന്നെയും ഒരു വൈഷമ്യമുണ്ട്. സംസാരിക്കാൻ പര്യാപ്തമായതല്ല വേഷക്കാരുടെ ചുട്ടി. വായതുറന്നാൽ ചുട്ടികൾ താഴെ വീണു് വേഷം ചീത്തയാകാൻ ഇടയാകുന്നു. ഈ മൌനസമ്പ്രദായം കഥകളിയിൽ ആദ്യം ഉണ്ടായിരുന്നിരിക്കയില്ല. ഇതു് മൌനക്കൂത്തിന്റെ അനുകരണമായിരിക്കാം.

പിന്നെ സീനുകൾ കാണിച്ച് ചിലർ രംഗത്തെ മോടി പിടിപ്പിക്കുന്നു. ഈവക പരിഷ്കാരംകൊണ്ടു് കഥകളി കഥകളിയല്ലാതെ ആയി പരിണമിക്കുകയാണു് ചെയ്യുന്നതു്. "കുളിപ്പിച്ചുകുളിപ്പിച്ചു കുട്ടിയെക്കൊന്നു" എന്നു പറഞ്ഞതുപോലെ സംഭവിക്കാതിരുന്നാൽ കൊള്ളാം. വൈകുണ്ഠവർണ്ണന, സ്വർഗ്ഗവർണ്ണന, ദ്വാരകാവർണ്ണന, ഇന്ദ്രപ്രസ്ഥവർണ്ണന ഇതുകൾക്കു് ഉചിതങ്ങളായ സീൻകൊടുത്തു് പ്രത്യക്ഷമാക്കുന്നതിനേക്കാൾ ഭേദം ഭാവനാവിശേഷംകൊണ്ടു് വേഷക്കാർ കാണിച്ചുതരുന്നതു് രംഗസ്ഥിതന്മാരായ കൃതവിദ്യന്മാർ കാണട്ടെയെന്നു വിചാരിച്ചു് സമാധാനിക്കുകയാണു്. അനഭ്യസ്തരോ ചുട്ടിവച്ച വേഷക്കാരന്റെ അലർച്ചകേട്ടും ഉണർന്നുകൊള്ളട്ടെ. മൌനത്തിന്റെ മാഹാത്മ്യത്തെക്കുറിച്ചും മൌനാഭിനയത്തിൽ രസിക്കാനുള്ള സൌകര്യത്തെക്കുറിച്ചും നടനവിദഗ്ദ്ധന്മാരുടെയിടയിൽ ഇപ്പോൾ വലിയ അഭിപ്രായവ്യത്യാസം ഉണ്ടായിട്ടുണ്ട്. സാധാരണ സിനിമയും ടാക്കിസിനിമയും തമ്മിലുള്ള സാദൃശ്യതാരതമ്യത്തിൽനിന്നുമാണു് ഇതു് അവർ വ്യക്തമാക്കിയിരിക്കുന്നതു്. രസാവിഷ്കരണവിഷയത്തിൽ ടാക്കിസിനിമാനടന്മാർ മൌനസിനിമാനടന്മാരെക്കാൾ വളരെ താഴെയാണെന്നുതന്നെയല്ല, ടാക്കിസിനിമാനടന്മാർ സംസാരംനിമിത്തം രസത്തെ വ്യഭിചരിപ്പിക്കുന്നുണ്ടെന്നുംകൂടി അഭിപ്രായപ്പെടുന്നു. ഇതേകാരണംകൊണ്ടു് ടാക്കിസിനിമ, പരിഷ്കൃതലോകത്തിൽ അനഭ്യസ്തവിദ്യന്മാരുടെ ഇടയിൽ മാത്രമേ പ്രസിദ്ധിപെററിട്ടുള്ളു. ഇതരന്മാർ ഇന്നും മൌനസിനിമയെതന്നെ ആശ്ലേഷിക്കുന്നു.

## 10. കഥകളിക്കാർക്കുള്ള പ്രയാസങ്ങൾ.

ഇന്നത്തെ കഥകളിക്കാർക്കും, അതിനെ തമിഴ് നാടകത്തിന്റെ സമ്പ്രദായത്തിലുള്ള രംഗവിധാനങ്ങളോടുകൂടി പരിഷ്കരിക്കാൻ വിചാരിച്ചവർക്കും വന്നുകൂടിയ പ്രയാസങ്ങളിൽ പ്രാഥമ്യമായിട്ടുള്ളതു് അതിന്റെ മൂലം മറന്നുകളഞ്ഞതാണു്. മർമ്മവിദ്യ, ഭരതശാസ്ത്രം, യോഗവിദ്യ, തന്ത്രം, മന്ത്രം ഇവകളിൽ കെട്ടിപ്പടുത്തിട്ടുള്ള കഥകളി അതിന്റെ തനി നിറത്തിൽ അലങ്കോലപ്പെട്ടതു്, മുൻപറഞ്ഞ സംഗതികളിൽ ഗുരുക്കന്മാർക്കും ശിഷ്യന്മാർക്കും വന്നുകൂടിയ അജ്ഞതതന്നെ. ഒരു ഉദാഹരണം പറയാം. ശൃംഗാരരസം അഭിനയിച്ചുകൊണ്ടിരിക്കുന്ന ഒരു നടനു പെട്ടെന്നു വീരരൌദ്രരസങ്ങൾ അഭിനയിക്കേണ്ട ഒരു ഘട്ടം ഉണ്ടായിയെന്നിരിക്കട്ടെ. ഇങ്ങിനെ വരുമ്പോൾ വേഷക്കാരൻ തന്റെ സത്വഭാവത്തിലും രസാനുഗുണ്യമായ മാററം വരുത്തണം. ഇതിനു പണ്ടുകാലങ്ങളിൽ "സൂചിക്കിരിക്കുക"

യെന്ന ഒരു അഭിനയം രംഗത്തിൽ കാണിക്കാറുണ്ടായിരുന്നു. ഇതൊരു യോഗാഭ്യാസമുറയാണ്. കാലു രണ്ടും കവച്ചുനിട്ടി ആസനം ഭൂമിയിൽ നല്ലപോലെ പതിപ്പിച്ച് ഇരുന്നു കണ്ണുതുറിച്ചു കീഴ്ചുണ്ടാക്കി പെട്ടെന്നു എഴുന്നേല്ക്കുകയാണിതിന്റെ സ്വഭാവം. വേഷക്കാരൻ അഭിനയിച്ചുകൊണ്ടിരുന്ന ശൃംഗാരരസം വിട്ടു രൗദ്രരസം അഭിനയിപ്പാൻ ഈ ആസനം വേഷക്കാരനെ സഹായിക്കുന്നു. പത്മാസനം, കൂർമ്മാസനം ഇവയും അനന്തശയനം ഇവയും ഈ ഇനത്തിൽ പെട്ടവയാണ്. വായുസ്തംഭം അറിയുന്നവൎക്കു മാത്രമേ ഇതു കാണിക്കാൻ സാധിക്കൂ. ഈവിധം പഠിച്ച നടന്മാരെ തിരഞ്ഞെടുക്കുന്നതിനും, അവരെ പ്രോത്സാഹിപ്പിക്കുന്നതിനും ധനം അത്യന്താപേക്ഷിതമാകുന്നു. പണ്ടുകാലങ്ങളിൽ കഥകളിയേയുംമററും പ്രോത്സാഹിപ്പിച്ച പ്രഭുക്കന്മാരും രാജാക്കന്മാരും വേറെ ലക്ഷ്യത്തിലേക്ക് തിരിഞ്ഞുപോയി. ഇന്നത്തെ കഥകളിക്കാർ ഉദരംഭരികളുമായി. ആ കാലാവിദ്യ കാലാന്തരത്തിൽ വൈരൂപ്യത്തെ പ്രാപിച്ചു. ചില സമൎത്ഥന്മാരായ നടന്മാർ അടുത്തകാലത്തു് ഉണ്ടായിട്ടുള്ളതിനെ ഞാൻ ഇവിടെ വിസ്തരിക്കുന്നില്ല. "വസിച്ചുകൊൾകെന്നസെതാങ്ങിവധിപ്പതരഗംവക്രാപാംഗീ" എന്നുള്ള നളചരിതത്തിലെ കാട്ടാളന്റെ പദം "തോളെത്താങ്ങിക്കോ" എന്ന താളത്തിൽ ഇരുപതുവിധം അഭിനയിച്ചിട്ടുള്ള വിദ്വാന്മാരായ നടന്മാരുടെ കഥയെവിടെ? വേഷംകെട്ടി രംഗത്തുവന്നുനിന്ന് ഉറക്കം തൂക്കംപോൾ പൊന്നാനിക്കാരന്റെ കോലിനാൽ തലക്കു കിട്ടുന്ന കൊട്ടുകൊണ്ടു് നിദ്രാഭംഗം വന്ന നടന്റെ തിരക്കുനോട്ടത്തിൽ ഉള്ള "പകപ്പ്" എവിടെ?

## 11. കഥകളിയുടെ പരിഷ്കാരം.

കഥകളിയെ ഒരു നാട്യകലയെന്ന പ്രസ്ഥാനത്തിൽ സ്വീകരിച്ചുകൊണ്ടു് അതിനെ പരിഷ്കരിക്കുന്നതിനുള്ള ആവേശത്തിരക്കിൽ "കഥയറിയാതെ ആട്ടം കാണുന്ന"വരോടു രണ്ടുവാക്കുകൂടിപ്പറഞ്ഞു് ഈ നിബന്ധത്തെ ഇവിടെ ഉപസംഹരിച്ചേക്കാം. "Realism in art" എന്ന വിഷയത്തെ പുരസ്കരിച്ചു ക്യാപ്ടൻ എ. ആർ. പൊതുവാൾ ബി. എ., എം. ഡി. നിൎവ്വഹിച്ചിരിക്കുന്ന ഒരു വിമൎശത്തിൽ പാശ്ചാത്യകലകളുടെ സ്വഭാവത്തെക്കുറിച്ചു പറഞ്ഞിട്ടുള്ളതു് ഇവിടെ ശ്രദ്ധേയമാണ്. അദ്ദേഹം പറയുന്നതിന്റെ ചുരുക്കം ഇതാണ്.

"പ്രകൃതിസാദൃശ്യത്തെ കലാവിദ്യകളുടെ ഒരു മുഖ്യധൎമ്മമായി ഗണിച്ചിരുന്നതു പാശ്ചാത്യരുടെ ഇടയിലാണ്. ഇവരുടെ സംസ്കാരം അതിന്നു അനുകൂലമായിരുന്നുവെങ്കിലും, അവരുടെ ഇടയിൽതന്നെ കലാനിൎമ്മിതിയിൽ പ്രകൃതി മാതൃകയായിരിക്കണമെന്നുള്ള സിദ്ധാന്തം എപ്പോഴും എല്ലായിടത്തും സാധുവായിരിക്കണം എന്നുള്ള അഭിപ്രായം ഉണ്ടായിരുന്നില്ല. ഭാരതീയരുടെ ഇടയിലാണെങ്കിൽ അങ്ങിനെ ഒരു ആദൎശം ഉണ്ടായിരുന്നുവെന്നതിനുപോലും ലക്ഷ്യങ്ങൾ അപൂൎവ്വമാണ്. പ്രകൃതി, മനുഷ്യസൃഷ്ടിയായ കലാവിദ്യക്ക് ഒരു സഹായമായല്ലാതെ ഒരു വിഘ്നമായോ ഒരതിൎത്തിയായൊ നില്ക്കുവാൻ പാടില്ലന്നാണ് അഭിജ്ഞമതം. കലാവിദ്യകളിൽ ഉണ്ടാകുന്നതും ഉണ്ടാക്കുന്നതുമായ മുഖ്യരസങ്ങൾ മനസ്സിന്റെ വിഭാവനയിൽനിന്നും ഉത്ഭവിക്കേണ്ടതാണ്."

"പ്രകൃതിയെപ്പകൎത്തുക" എന്ന രീതിയിൽ കലാവിദ്യകളെ അതിരിട്ടു ബന്ധിക്കുന്നതു ശരിയല്ല. പ്രകൃതിക്കു പുറമേകാണുന്ന സ്ഥോഭങ്ങൾക്ക് ഒരു അതിരുണ്ടു്. കലാവിദ്യകൾ പ്രപഞ്ചത്തിൽ അനന്തമായും അതിഗൂഢമായും, പ്രായേണ അസ്പഷ്ടമായും ഉള്ള പരിവേഷങ്ങളെ ശാശ്വതീകരിക്കാനാണ് ഉദ്യമിക്കുന്നതു്. ഭാരതീയരുടെ കലാവിദ്യകളുടെ ഉദ്ദേശം, അവരുടെ ആദ്ധ്യാത്മികസ്വത്തായ തത്വശാസ്ത്രങ്ങൾ പോലെ അനന്തതയിലേക്കു ചേരുവാനുള്ള വിവിധമാൎഗ്ഗങ്ങളെ സൃഷ്ടിക്കുക എന്നുള്ളതാണ്." മിസ്റ്റർ പൊതുവാളിന്റെ ഈ അഭിപ്രായം കഥകളി പരിഷ്കരിക്കാൻ ശ്രമിക്കുന്നവർ ശ്രദ്ധിക്കേണ്ടതാണ്.

"പ്രകൃതിയുടെ പകപ്പിനെ" ഇത്ര ഗാഢമായി ആശ്ലേഷിക്കുവാൻ പുറപ്പെടുന്ന നവീനൎക്കു ഗാനസമ്മിശ്രമായ നമ്മുടെ നാടകങ്ങളിലും, മനുഷ്യവേഷത്തോടു സാദൃശ്യമില്ലാത്ത കഥകളിപ്പാത്രങ്ങളോടും വെറുപ്പുണ്ടാകുവാനെ തരമുള്ളു. എന്നാൽ നാടകത്തിലെ പാട്ടും, കഥകളിയിലെ വേഷവും കേട്ടും കണ്ടും മനമുരുകി കരയുന്ന കാണികൾ ഉണ്ടെന്നുള്ളതും ഓൎക്കണം. എല്ലാം സ്ഥാനത്തായാൽ വിലതന്നെ. അവസരരഹിതമായ വാണികൾ, രതിസമയത്തിലെ രോദനശ്രവണം പോലെ ശാപാൎഹവുമാകുന്നു.

പുരാതനകാലംമുതൽക്ക് മലയാളികളുടെ ഇടയിൽ വളരെ പ്രചാരമുള്ള ഒരു അരംഗായിട്ടാണ് കഥകളി ഉയൎന്നുവന്നിട്ടുള്ളതു്. അതിന്റെ പരിഷ്കാരം പരമകാഷ്ഠയെ പ്രാപിച്ചിട്ടും വളരെക്കാലമായി. എന്നാൽ ആ വിദ്യയെ കൊള്ളാനും, കൊണ്ടാടാനും മല

യാളികൾക്ക പ്രാപ്തിയും, മനസ്സും ഇല്ലാതെ ആയതുമൂതൽ അതു് ഇതരപ്രവൃത്തികളിൽ പരിചയിക്കാത്ത "വേഷക്കാ"രുടെ വയററിൽപ്പിഴപ്പായിത്തീൎന്നു. പെട്ടിച്ചുമട്ടുകാരനും കഥകളിയിൽ ഒന്നാംകിട വേഷക്കാരനും ആദായത്തിൽ വലിയ വ്യത്യാസമില്ലെന്നു വന്നപ്പോൾ കലയുടെ ആന്തരതത്ത്വം അയയുകയും അതിന്റെ അകവും പുറവും ഒരുപോലെ ദൂഷിക്കുകയും ചെയ്തു.

നൂതനപരിഷ്കാരികൾ എന്നു പറഞ്ഞാൽ പാശ്ചാത്യപരിഷ്കാരഭാസ്കരന്റെ ഖരമരീചിയാൽ ഉദാത്തനസുഖം അനുഭവിച്ചു കഫം ക്ഷയിച്ചും രക്തം പ്രസരിച്ചും വെളിക്കുചാടുന്ന "സൎവ്വകലാശാലാസന്താനങ്ങൾ" കഥകളിയെ ഗോഗ്വാകളിയായി ആക്ഷേപിച്ചു്, പാഞ്ചാലിയുടെ വേഷം സാരിയുടുത്തതല്ലെന്നും, ദുശ്ശാസനൻ ഓപ്പൺകോട്ടിട്ടു കൃതാവും മേൽമീശയും നിറുത്തി ക്രാപ്പു് ചെയ്തവനല്ലെന്നും, ഹനുമാൻ മനുഷ്യരെപ്പോലെ നടക്കുന്നൊന്നും ജല്പിച്ചാൽ, അവരോടു തോറേറാടുകയല്ലാതെ കഥകളിഭക്തന്മാൎക്കു ഗതിയില്ല.


# ശ്രീ നരസിംഹവിലാസം ബുക്കുഡിപ്പൊ.

## A. O. തുറവൂർ. P. O. കുത്തിയതോട്.

(തിരുവിതാംകൂർ.)

ഇവിടെ എല്ലാത്തരം മലയാളപുസ്തകങ്ങളും വില്പാനുണ്ടു്.

വിലവിവരപ്പട്ടിക സൌജന്യമായി അയക്കപ്പെടും.

ഞങ്ങളുടെ പുസ്തകങ്ങൾക്ക മാററമായോ, ന്യായമായ കമ്മീഷൻ അനുവദിക്കുന്ന പക്ഷം വില്പനക്കായോ പുസ്തകങ്ങൾ സ്വീകരിക്കാൻ ഒരുക്കമുണ്ടു്. ഇടപാടുകളിൽ യാതൊരു തരത്തിലുള്ള കണിശക്കേടും വരുന്നതല്ല.

നല്ലപുസ്തകങ്ങളുടെ പകൎപ്പവകാശം വാങ്ങി അച്ചടിപ്പിച്ചു പ്രസിദ്ധീകരിക്കാനും തയ്യാറുണ്ടു്.

## ഞങ്ങളുടെ ചില പ്രസിദ്ധീകരണങ്ങൾ.

### ശ്രീനരസിംഹവിലാസം ഗ്രന്ഥാവലി.

| | | ക. | ണ. | സ |
|---|---|---|---|---|
| 1. | രസികൻകഥകൾ | 0 | 6 | 0 |
| 2. | ആത്മാവും മോക്ഷവും | 0 | 2 | 0 |
| 3. | ഗാനാഞ്ജലി | 0 | 2 | 0 |
| 4. | അമ്മായിഅമ്മ | 0 | 2 | 0 |
| 5. | സാരസ്വതചരിത്രം | 0 | 8 | 0 |
| 6. | കഥാകുസുമങ്ങൾ | 0 | 6 | 0 |
| 7. | വേദവ്യാസൻ | 0 | 3 | 0 |
| 8. | മലഞ്ചരിവിലെ ഭൂതം | 0 | 7 | 0 |
| 9. | അംബുജം | 0 | 2 | 0 |
| 10. | മാതൃകാക്ഷരമാല | 0 | 3 | 0 |

പത്തുംകൂടിയസെററിനു രണ്ടുരൂപാമാത്രം.

### സഹകരണഗ്രന്ഥാവലി.

| | | ക. | ണ. | സ. |
|---|---|---|---|---|
| 1. | സഹകരണദീപിക | 0 | 12 | 0 |
| 2. | വായ്പസഹായി | 0 | 2 | 0 |
| 3. | നമ്മുടെ സഹകരണ സംഘങ്ങൾ | 0 | 3 | 0 |
| 4 | സഹകരണപ്രവേശിക | 0 | 7 | 0 |

നാലുംകൂടിയസെററിനു് ഒരു രൂപാ രണ്ടണ.

### പ്രാഥമികപാഠശാലകൾക്ക പററിയവ.

| | |
|---|---|
| കണക്കുപാഠങ്ങൾ | 1ണ. |
| രാജ്യഭരണം (രണ്ടാംക്ലാസ്സ്) | 2ചക്രം. |
| ടി. (മൂന്നാംക്ലാസ്സ്) | 3ചക്രം. |
| കഥനപാഠങ്ങൾ ഒന്നാംഭാഗം | 2ചക്രം. |
| ടി. രണ്ടാംഭാഗം | 2ചക്രം. |
| ടി. മൂന്നാംഭാഗം | 2ചക്രം. |

കൂടുതൽ വിവരങ്ങൾ എഴുത്തുമൂലം അറിയാവുന്നതാകുന്നു.

മാനേജർ.



# ഗാ്യകബാലൻ.

(പന്തളം കെ. പി. രാമൻപിള്ള ബി. എ.)

പൊയ്ക്കഴിഞ്ഞല്ലോഗായകനവൻ
യുദ്ധഭൂവിലേക്കെപ്പൊഴേ–
മൃത്യുവിൻെറനിരയിലേകണ്ടു–
കിട്ടുകയുള്ളവനെമേൽ–!

തന്നരക്കെട്ടിൽ താതദത്തമാം
മിന്നാലൊത്തൊരുഖഡ്ഗവും,
തൻചുമലിൽ സമരഗാനങ്ങൾ
ചിന്നിടും കൊച്ചുവീണയും,
ഇത്രമാത്രമണിഞ്ഞിതേവിധം
പാട്ടുപാടിത്തിരിച്ചവൻ:—
"സംഗീതത്തിൻെറ ജന്മഭൂമിയേ!
നിന്നെ ലോകം ചതിക്കിലും,
ഖഡ്ഗമൊന്നുണ്ടുനിന്നാവകാശം
രക്ഷചെയ്യുതിന്നെപ്പൊഴും,
നിൻമഹിമപുകഴ്ത്തിടാനൊരു
നന്ദിയുള്ള വിപഞ്ചിയും—"

ഉഗ്രസംഗരവേദിയിൽ മുറി–
പെട്ടുവീണിതഗ്ഗായകൻ,
ജന്മഭൂവിൻപദത്തിലായ്ചെയ്യു
പൊൻനിണാച്ചനപൂജകൾ!

ശത്രുശൃംഖലായക്കരങ്ങളെ
കെട്ടുവാനെത്തും മുന്നമേ
ചൊല്ലിയപ്രൌഢമാനസൻ നിജ
വല്ലകിയൊടായീവിധം:—
"മഞ്ജുളേ! മഹൽപ്രേമഗാനത്തിൻ
മംഗളാത്മികേ! വെൽകനീ,
മഞ്ജുളേ! മഹൽധീരതയുടെ
നിമ്മലാത്മാവേ വെൽകനീ,
ശുദ്ധമാനസക്കാണു നിന്നുടെ
മുഗ്ദ്ധഗാനങ്ങളോമനേ!
വീരയോദ്ധാക്കുവേണ്ടിയാണുനിൻ
ധീരഗാനങ്ങളാകവേ!

ചാരുവാകും സ്വാതന്ത്ര്യതയുടെ
വീരഗാനങ്ങൾതാവകം,
മാനമറ്റൊരടിമതയിൽനീ
പാടുകയില്ലൊരിക്കലും—"

പ്രാണനെപ്പോലവൻ കരുതുമാ–
വീണശബ്ദിച്ചതില്ലമേൽ
ആയതിന്നുടെ തന്ത്രികളവ–
നാകമാനം തകക്കയാൽ!

(C)

"എത്രയെത്രമനോരാജ്യം പൂത്തു—
പൂത്തു ലസിക്കട്ടെ
എത്രയോമൽപ്രതീക്ഷകൾ
തളിരിടട്ടെ!—
കാലത്തിനുകനിവില്ല,നിന്നെ—
യുമെന്നെയു,മൊന്നു—
പോലതന്നൊങ്കിലു,മയ്യൊ
കബളിപ്പിക്കും.!"





ചെറുകഥ.

# ബലിപീഠത്തിൽ.

(മൂത്തിരിങ്ങോട്ട ഭവത്രാതൻ നമ്പൂതിരിപ്പാട്.)

അമിതപ്രഭാവനായ അറംഗസീബുചക്രവത്തി സർവ്വോൽക്കർഷേണ സാമ്രാജ്യം വാഴുന്ന കാലമാണ്. അദ്ദേഹം ഒരു ചക്രവത്തിയെന്ന പേരിനേക്കാൾ ഒരു മതപ്രചാരകനെന്ന പേരിനെയാണ് ആത്തിയോടുകൂടി കൊതിച്ചിരുന്നത്. അദ്ദേഹം തന്റെ വിചാരങ്ങളെക്കൊണ്ടു പഞ്ചാരപ്പായസം വെച്ചിട്ടുള്ളതെല്ലാം മതത്തിന്റെ വളച്ചയിലാണ്. അദ്ദേഹത്തിന്റെ ഉടവാൾ കലികൊണ്ടിട്ടുള്ളതു തന്റെ മതത്തോട് എതൃക്കുന്നവരുടെ കണ്ഠനാളം അരിയുവാൻ വേണ്ടിയാണ്. അടക്കളത്തിലിറങ്ങിയിട്ടുള്ളതു തന്റെ മതത്തിന്റെ മുമ്പിൽ തലകുനിക്കാത്തവരെ കീഴടക്കുവാൻ വേണ്ടിയാണ്. ചെന്നിണം ചൊരിഞ്ഞിട്ടുള്ളതു മതമഹാവൃക്ഷത്തെ നാരും തളിരുമൊത്തു കാണുവാൻ കൊതിച്ചാണ്. സാമ്രാജ്യത്തിന്റെ പാറിപ്പറക്കുന്ന പട്ടുകൊടിക്കൂറയുടെ പൂന്തണലിലേക്കാളധികം, മുററിത്തഴച്ച മതവല്ലരിയുടെ കുളുർനിഴലത്താണു അദ്ദേഹം സുഖവും സംതൃപ്തിയും കണ്ടിരുന്നത്.

അമിതമായ ആസക്തി പലപ്പോഴും അവിവേകത്തിന്റെ നിറം കലരാറുണ്ട്. അറംഗസീബിന്റെ അമിതവും ആദശ്വികലവുമായ മതാസക്തി തന്നെയാണു പിന്നീടദ്ദേഹത്തെ പിടിച്ചമത്തിയതു്.

രജപുത്രർ രണശ്ശൂരതയോടെ അദ്ദേഹത്തോടു യുദ്ധം ചെയ്തു; മഹാരാഷ്ട്രർ മഹിതോത്സാഹം പൂണ്ടു പടപൊരുതി; ശിഖർ ശക്തിയെല്ലാമെടുത്തെതിരാടി നോക്കി. എന്നിട്ടും അറംഗസീബ് ഏറിയകാലം അവരോടെല്ലാം ജയിച്ചുപോന്നു. രാജ്യലക്ഷ്മി ഒരു തികഞ്ഞ വ്യഭിചാരിണിയാണ്. അവളാരെയും ഇഷ്ടംപോലെ രമിക്കും. അതിലവൾ ജാതിയും മതവും നോക്കാറില്ല. അന്നവൾക്ക് അറംഗസീബാണ് അഭിരമ്യനായിത്തോന്നിയതു്. ആരാണവളോട് എതുചോദ്യം ചെയ്യുവാൻ?

ഇങ്ങിനെയിരിക്കുമ്പോഴാണ് ശിഖകുലഗുരുവായ തെജബഹദ്ദൂർ സ്ഥാനാരോഹണം ചെയ്തതു്. തന്റെ മുൻഗാമികളെപ്പോലെതന്നെ അന്നുമുതൽ അദ്ദേഹത്തിനും അറംഗസീബിനോട് എതിരിടേണ്ടിവന്നു. അദ്ദേഹം കുറേക്കാലം തല്ലിത്തടുത്തുനില്ക്കുകയും ചെയ്തു. എന്നാൽ അവസാനം അദ്ദേഹത്തിനും തീരെ പരാജയം പററി! തെജബഹദ്ദൂറിനെ താമസംകൂടാതെ തടവുപുള്ളിയാക്കി പിടിക്കുകയും ചെയ്തു. അങ്ങിനെയായിരുന്നു അന്നത്തെ വായുമണ്ഡലത്തിന്റെ വിധി. മനുഷ്യൻ ഊക്കെല്ലാമെടുത്ത് എത്രതന്നെ എങ്ങിനെതന്നെ മുന്നോട്ടു കുതിച്ചാലും പെട്ടെന്നു പിന്നോക്കംപിടിച്ചു മാററപ്പെടുന്ന ചില സന്ദർഭവിശേഷങ്ങളുണ്ടു്.

നന്നാരാവിലെയാണ്; നേരം ഒരുനാഴിക പുലന്നിട്ടേയുള്ളൂ. ബലവാനായ ബഹദ്ദൂർ കൂട്ടിലിട്ട ഒരു സിംഹത്തെപ്പോലെ അങ്ങോട്ടുമിങ്ങോട്ടും നടക്കുകയാണ്. ആരേയോ അക്ഷമതയോടെ പ്രതീക്ഷിക്കുന്നപോലെ ആ മുറിയിലേക്കുള്ള പ്രവേശനദ്വാരത്തിലേയ്ക്ക് അദ്ദേഹം ഇടയ്ക്കിടെ കണ്ണോടിക്കുന്നുണ്ടു്. ആരേയും കാണാഞ്ഞിട്ട് ആലോചിക്കുന്നമട്ടിൽ കുറച്ചിട ഒന്നു നില്ക്കും; പിന്നീടു കീശയിലുള്ള ഘടികാരത്തിൽ ഒന്നു നോക്കും; അവസാനം ഒരു ദിക്കിൽ ചെന്നിരിക്കും; രണ്ടുനിമിഷത്തിനുള്ളിൽ വീണ്ടും എഴുന്നേററു നടക്കുവാൻ തുടങ്ങുകയായി. അദ്ദേഹം പ്രതീക്ഷയുടെ അങ്ങേഅററത്തെ പടിയിലാണു നില്ക്കുന്നതു്. ഒരു കാററിളകിയാൽ, ഒരു പച്ചിലപാറന്നാൽ, അദ്ദേഹം പിടഞ്ഞെഴുന്നേൽക്കും; അല്ലെങ്കിൽ പൊട്ടുന്നനെ നില്ക്കും. പ്രതീക്ഷാസീമയുടെ അങ്ങേഅതിരുവരമ്പിലെത്തി പിന്നേയും നയിക്കേണ്ടിവരുന്ന ആ അഞ്ചാറു നിമിഷങ്ങൾ! അതു വിചാരിക്കവയ്യ!

ബന്ദിയായ ബഹദ്ദൂറിനെ ഇന്നാണു ഡൽഹിയിലേയ്ക്കു കൊണ്ടുപോകുന്നതു്. പുറപ്പെടുന്നതിനു

മുമ്പു തൻെറ പുത്രനെക്കണ്ടു് ഒന്നു യാത്ര പറയുവാന ദ്ദേഹത്തിനനുവാദം കിട്ടിയിട്ടുണ്ടു്. അദ്ദേഹമിപ്പോൾ പ്രിയപുത്രനായ ഗുരുഗോവിന്ദൻെറ ഓമനമുഖം സങ്കല്പിച്ചു വാഴ്കയാണു്.

അതിനിടയിൽ പതിനാറു വയസ്സുമാത്രം പ്രായമായ മകൻ അച്ഛൻെറ മുമ്പിൽ ആനയിക്കപ്പെട്ടു. എന്നാലും ഒരഞ്ചുമിനുട്ട നേരത്തേയ്ക്കു് അവർ രണ്ടു പേർക്കും വികാരവിക്ഷോഭത്തിൻെറ മിണ്ടുവാൻ പാടില്ലെന്ന നിരോധനാജ്ഞയ്ക്കു കീഴ്പെടേണ്ടിവന്നു. അവരുടെ തിളച്ചുമറിയുന്ന ചുടുരക്തം ഒന്നായി ശിരസ്സിലേയ്ക്കടിച്ചുകയറി; നാഡിസ്പന്ദനം വല്ലാതെ ഗതിവേഗം പൂണ്ടു. ഒടുവിൽ അച്ഛൻ തൻെറ അരയിൽത്തിരുകിയിരുന്ന തെളിവാളെടുത്തു മകൻെറ അരക്കെട്ടിൽത്തിരുകിക്കൊണ്ടു പണിപ്പെട്ടു് ഇങ്ങിനെ പറഞ്ഞൊപ്പിച്ചു. "ഉണ്ണീ! ഈ വാളുകൊണ്ടാണു നിൻെറ പിതാമഹന്മാർ പയററിൽ വിജയം നേടിയിട്ടുള്ളതു്. നീയും അവരെപ്പോലെ ഓരോ അടരിലും വിജയംപൂണ്ടുകൊണ്ടു വളരെക്കാലം ജീവിക്കുമാറാകും. ഞാനിതാ ഡൽഹിയിലേയ്ക്കു പോവുകയായി. അവിടെച്ചെന്നാലുടനെ ഒന്നുകിൽ മതംമാറണം; അല്ലെങ്കിൽ കഴുമരമേറണം. ഉവ്വ്! കഴുമരമേറുവാൻതന്നെ ഞാനുറച്ചിരിക്കുന്നു. എന്നാൽ ഒന്നു നീ ചെയ്യേണ്ടതുണ്ടു്. എൻെറ മരണാനന്തരം ശവം കാക്കയ്ക്കും കഴുകനും കടിച്ചുവലിക്കുവാനായി ആ കൊലസ്ഥലത്തു് ഇട്ടേക്കുമെന്നു തീച്ചയാണു്. അതെടുത്തു നീ വേണ്ടപോലെ സംസ്കരിക്കണം. ഇതൊന്നു മാത്രമാണു് എനിക്കു സാധിക്കേണ്ടുന്ന ആഗ്രഹം."

പശ്ചാകുലനായ പുത്രനു് ഒരക്ഷരവും മറുപടി പറയുവാൻ കഴിഞ്ഞില്ല. അച്ഛൻെറ അന്ത്യശാസനത്തെ ശിരസാ സ്വീകരിക്കുന്നമട്ടിൽ ഒന്നു തലകുനിക്കുവാനെ അയാൾക്കു കഴിഞ്ഞുള്ളു. അസ്സമയത്തു് ആ കുമാരൻെറ കവിൾത്തടങ്ങളിലൂടെ കണ്ണുനീർ ഇടമുറിയാതെ ഒലിക്കുവാൻ തുടങ്ങി. അതു കണ്ടു സഹിക്കുവാനാവാത്ത പിതാവു പുത്രനെ മാറോടണച്ചു് ഒട്ടുക്കത്തേതായി ഒന്നു കെട്ടിപ്പുണന്നു. സുധീരനായ സുതൻ അച്ഛൻെറ വിരിമാറ്റിൽ ഒരു പിഞ്ചുപൈതലിനേപ്പോലെ പററിക്കിടന്നു. ആ ഗംഭീരചിത്തൻെറ നിറഞ്ഞ കണ്ണുകളിൽനിന്നു രണ്ടു വെൺമുത്തുകൾ മകൻെറ മൂദ്ധാവിലേയ്ക്കു അടന്നു വീണു. സ്നേഹം യഥാത്ഥത്തിൽ പ്രത്യക്ഷപ്പെടുമ്പോഴാണല്ലോ മനുഷ്യൻ ഏററവുമധികം പരവശനാകുന്നതു്. അനുവദിക്കപ്പെട്ടസമയം കഴിഞ്ഞുവെന്നു് അതാ ഒരു ഭടൻ ഇടയിൽകടന്നു് ഓമ്മപ്പെടുത്തി. സ്നേഹൈകനിധികളായ ആ പിതൃപുത്രന്മാക്കു് എന്നന്നേയ്ക്കുമായി വിട്ടുപിരിയേണ്ടിവന്നു. മറയുന്നതുവരെ നെടുവീപ്പിട്ടുകൊണ്ടു അച്ഛൻ മകനെ കണ്ണിമയ്ക്കാതെ നോക്കിനിന്നു.

## II.

അഹസ്സു പകന്നിരിക്കുന്നു; നല്ലവണ്ണം പുലരുവാൻ അഞ്ചാറു നാഴികയേ കഴിയേണ്ടതുള്ളു. പതിവു തെററാത്ത പൂങ്കോഴികൾ ആദ്യത്തെതവണ കൂകിക്കഴിഞ്ഞിട്ടു കുറച്ചുനേരമായി. കിളികൾ ഒററക്കും തെററക്കും ഓരോന്നു ശബ്ദിക്കുവാൻ തുടങ്ങിയിരിക്കുന്നു. ആകാശത്തിൽ നക്ഷത്രങ്ങൾ മിക്കവാറും മാഞ്ഞിരിക്കുന്നു.

തെജബഹദൂർ ഡൽഹിയിൽ ഒരു തടവുമുറിയിലെ വൃത്തികെട്ട നിലത്തു കിടക്കുകയാണു്. അവിടയവിടെ കുന്നുകൂടിക്കിടക്കുന്ന പൊടിയൊ ചുമരുകളിൽ എട്ടുകാലി കെട്ടിയ വലകളോ അദ്ദേഹം കാണുന്നില്ല. അപ്പോഴപ്പോൾ പുറപ്പെട്ടുകൊണ്ടിരിക്കുന്ന ദുസ്സഹദുഗ്ഗന്ധം അശേഷം അറിയുന്നില്ല. മൂട്ടയും ഉറുമ്പും കടിക്കുന്നതും, ചിതലും പുഴുവും അരിക്കുന്നതും ചിന്താഗ്രസ്തനായ അദ്ദേഹം ഇതുവരെയും മനസ്സിലാക്കിയിട്ടില്ല. അദ്ദേഹത്തിൻെറ കണ്ണുകൾ വല്ലാതെ വീത്തും കലങ്ങിയുമിരിക്കുന്നു. മുഖകമലം വിളത്തും വാടിയും കാണപ്പെടുന്നു.

ആ തടവുപുള്ളി ഇതുവരെയായിട്ടും ഒട്ടും ഉറങ്ങിയിട്ടില്ല. ഉറക്കം വരുവാൻ അദ്ദേഹം ഉള്ളിൽത്തട്ടി ആഗ്രഹിച്ചു. കുറച്ചുനേരം കണ്ണടച്ചു കിടന്നുനോക്കും; പെട്ടെന്നു പിടഞ്ഞെഴുന്നേൽക്കുകയായി. പിന്നീടു ഒന്നിൽത്തന്നെ എളവില്ലാതെ ദൃഷ്ടികളുറപ്പിച്ചു് അസാരം നിൽക്കും; പിന്നേയും കണ്ണടച്ചു കിടന്നു നോക്കും. അദ്ദേഹമിങ്ങനെ കഴിയുകയാണു്. നേരം പുലന്നാൽ എതിരിടുവാനിരിക്കുന്ന ഭയങ്കരഭാവിയേയോത്തു ഞെട്ടിത്തെറിക്കുകയാണു്. ആഗാമിയായ ആപത്തിൻെറ അപകടം പിടിച്ച ആകാരം കണ്ടു് അകന്നുമാറുകയാണു്; അനുഭവിക്കാനുള്ള മരണത്തിൻെറ ആ പടുക്രൂരൻ പേമുഖംകണ്ടു പിന്നേയും പിന്നേയും പേടിക്കുകയാണു്. ജീവിതാശ! അതാരേയും കുത്തി വേദനിപ്പിക്കുന്നു—ഏതു തൻേറടത്തേയും അതു തൂക്കി നോക്കുന്നു—ഏതു ദൃഢനിശ്ചയത്തേയും അതു പിടിച്ചു കുലുക്കുന്നു.

ആ തടവുപുള്ളിയിൽ വികാരങ്ങൾ വല്ലാതെ തിരയടിച്ചു. വിചാരങ്ങൾ മീതെക്കുമീതെ കുന്നുകൂടി. ഓരോന്നിനോടും യുദ്ധംവെട്ടുവാനും ഓരോന്നിനേയും കീഴടക്കുവാനും അദ്ദേഹത്തിന്നാതിയായ ആഗ്രഹമുണ്ട്. പക്ഷെ ഒന്നിനോടെതിൎക്കുവാൻ പുറപ്പെട്ടാൽ മററെല്ലാം അതിന്റെ ഭാഗം ചേൎന്നു അദ്ദേഹത്തെ വളയുകയായി. ആകപ്പാടെ അദ്ദേഹം കലശലായി കഷ്ടപ്പെട്ടു. ചില സന്ദൎഭങ്ങളിൽ ഏതു ഗംഭീരാശയന്റെയും ജീവിതം ദയനീയമായിത്തീരുന്നു.

ഹൃദയത്തിന്റെ ഒരുവശം പുത്രവാത്സല്യം പിടിച്ചു വലിച്ചും, മറുവശം കുഡുംബത്തോടുള്ള കടമ മാന്തിയും തുടങ്ങി. വേറൊരുഭാഗം പ്രജകളുടെ പരാധീനത തിന്നുവാനാരംഭിച്ചു. അദ്ദേഹത്തിന്റെ ഹൃദയം വല്ലാതെ ചതഞ്ഞു. ചുടുചോര ചൊരിഞ്ഞു.

കഴുമരമേറി പ്രാണൻ വെടിയുക; അതദ്ദേഹത്തെ പേടിപ്പെടുത്തി; വെറും ജീവനുവേണ്ടി മതം മാറുക; അതിലദ്ദേഹം അറച്ചുതുപ്പി. ഈ രണ്ടിലൊന്നു ചെയ്യേ കഴിയൂ എന്ന ഘട്ടം ഇതാ എത്തിമുട്ടിയിരിക്കുന്നു. ഒന്നുറയ്ക്കുവാനാവാതെ അദ്ദേഹം കുറേനേരം കിടന്നു കുഴങ്ങി. അപ്പോഴേക്ക് അദ്ദേഹത്തിന്റെ വാടിയ വദനത്തിൽ ഒരു തെളിവു പുരണ്ടുകണ്ടു. കലങ്ങിയ കണ്ണുകളിൽ ഒരോജസ്സു പാഞ്ഞുകളിച്ചുതുടങ്ങി. കുറച്ചുകഴിഞ്ഞപ്പോൾ ആവേശത്തോടെന്നില്ലാതെ അദ്ദേഹം ഇങ്ങിനെ പിറുപിറുത്തു. "ഞാനുറച്ചു; കഴുകുമരമേറുവാൻതന്നെ ഞാനുറച്ചു."

അന്നു കാലത്തു ചക്രവൎത്തി ആറുമണിക്കുതന്നെ മന്ത്രിസദസ്സിൽ എത്തിച്ചേൎന്നു. അന്നങ്ങിനെ അത്ര രാവിലെ അദ്ദേഹം എത്തിച്ചേൎന്നതു ബഹദൂറിന്റെ മതമാററം കാണുവാനും കഴിപ്പിക്കുവാനുമായിരുന്നു. ഭടന്മാർ ബഹദൂറിനെ ചക്രവൎത്തിയുടെ മുമ്പിൽ കൊണ്ടുനിൎത്തി. ചക്രവൎത്തി ബഹദൂറിനെ നോക്കി സാവധാനത്തിൽ പറഞ്ഞു. "അങ്ങയ്ക്കു മതംമാറുവാനുള്ള എല്ലാ ഒരുക്കങ്ങളും ചെയ്തിട്ടുണ്ട്. ഇനിയും ഒട്ടും വൈകിക്കാതെ ആ ശുഭകൎമ്മം കഴിച്ചു ജീവനെ രക്ഷിച്ചോളൂ."

"ഇല്ല, മതംമാറുവാൻ ഞാൻ തീരെ ഒരുക്കമില്ല. ഒരു ശിഖൻ മരണത്തെ ഭയന്നു മതം മാറുമെന്നു വിചാരിച്ചതു് അങ്ങയുടെ ത്രൈലോക്യവിഡ്ഢിത്തം ൊതന്നയായിപ്പോയി" ബഹദൂർ തിരിച്ചടിച്ചു.

ക്രുദ്ധനായ അറംഗസീബ് ഇരിപ്പടത്തിൽനിന്നും ചാടിയെണീററു് അട്ടഹസിച്ചു. "ഈ മിനുട്ടിൽതന്നെ ഈ മതദ്രോഹിയെ കഴുവിലിടട്ടെ. ഈ താന്തോന്നിയുടെ ശവം കാക്കയ്ക്കും കഴുകനും തിന്നുവാനായി, പട്ടികളും കുറുക്കനും കടിച്ചുവലിക്കുവാനായി, വെറും നിലത്തു വലിച്ചിടുകയും ചെയ്യട്ടെ. അതാരും കൊണ്ടുപോകാതെ സൂക്ഷിക്കുകയും വേണം."

മൂഢമായ മതപ്രതിപത്തി! അതെന്തു കടുകയ്യുകൾ കാണിക്കുകയില്ല?

അന്നത്തെ പുലർകാലകുളിർകാററു് ബഹദൂറിനു പോകുവാനുള്ള വഴിയെല്ലാം അടിച്ചുവാരി. പുൽക്കൊടികൾ അതിൽ പനിനീർ തളിച്ചു. ചെങ്കതിരവൻ തങ്കപ്പട്ടുവിരിച്ചു. വൃക്ഷലതാദികൾ കുസുമാസ്തരണം ചെയ്തു.

അത്ര ക്രൂരന്മാരായ ആരാച്ചാരന്മാർ ബഹദൂറിനെ കൊലസ്ഥലത്തേയ്ക്കു കൊണ്ടുപോയി. കൊലപ്പറമ്പിൽ ആ നെടിയ കഴുമരം അറംഗസീബിന്റെ ദുൎയ്യശസ്തംഭമെന്നപോലെ കാണപ്പെട്ടു. കണ്ടവരും കേട്ടവരുമായി വലിയൊരു ജനക്കൂട്ടം അവിടെത്തടിച്ചുകൂടി. ആ ജനപ്പരപ്പിന്റെ നടുവിൽവെച്ചു ബഹദൂറിനെ പൈശാചികമാംവിധം കഴുവിലിട്ടു. എവിടേയും ഒന്നു് ഉയൎത്തിപ്പിടിക്കാവുന്ന അദ്ദേഹത്തിന്റെ ശിരസ്സു ഞൊടിയിടകൊണ്ടു് ഉടലോടു വേർപെട്ടു. അതോടുകൂടി ആ പൂതാത്മാവു് അതാ പരലോകത്തേയ്ക്കുൽക്രമിച്ചു.

## III.

തെമബഹദൂറിന്റെ ദാരുണമായ മരണം കഴിഞ്ഞ അന്നു സന്ധ്യയ്ക്കു്, അമൃതസരസ്സിൽനിന്നു ഡൽഹിയിലേക്കുപോകുന്ന പൊതുനിരത്തിൽക്കൂടി കുലീനനായ ഒരു കുമാരൻ കുതിച്ചുനടക്കുകയാണ്. ഏതോ ഒരു സഗൌരവസംഗതി മുന്നോട്ടു ശക്തിയിൽ പിടിച്ചുവലിക്കുന്നുണ്ടെന്നു് അയാളുടെ ഓരോ കാൽവെപ്പും പ്രത്യക്ഷപ്പെടുത്തി. ഒരു ഉൽക്കടവിചാരം അയാളുടെ ഉൾക്കടലിനെ ഓളം വെട്ടിക്കുന്നുണ്ടെന്നു നെടുവീൎപ്പുകൾ നിവൎന്നുപറഞ്ഞു. ഒരു കനത്തകാൎയ്യം ചെയ്തുതീൎക്കുവാനുണ്ടെന്നു് അയാളുടെ കലങ്ങിയ കണ്ണുകൾ കാണിച്ചുതന്നു. അടക്കുവാനാവാത്ത അരിശംകൊണ്ടിട്ടുണ്ടെന്നു വിറക്കുന്ന ചുണ്ടുകൾ വെളിപ്പെടുത്തി. ആ പോ

വുന്നതു തെജബഹദൂറിൻെറ പ്രിയപുത്രനായ ഗുരു ഗോവിന്ദനല്ലാതെ മററാരുമല്ല. അദ്ദേഹം അച്ഛൻെറ അന്ത്യശാസനത്തെ നിറവേററുവാൻവേണ്ടി ഡൽഹിയിലേക്കു പോവുകയാണ്.

അപ്പോഴേക്കു പിന്നാലെ വന്നുമുട്ടിയ ഒരു കുതിരവണ്ടിയുടെ കടകടശബ്ദം അയാളുടെ ഗതിവേഗത്തെ പെട്ടെന്നു പിടിച്ചുനിറുത്തി. ആളെ അറിഞ്ഞ വണ്ടിക്കാരൻ വണ്ടിയിൽനിന്നിറങ്ങി ഗോവിന്ദനെ സാദരം അഭിവാദ്യംചെയ്തു. അദ്ദേഹത്തിന് ആ വണ്ടിക്കാരനെ അങ്ങോട്ടും നല്ലവണ്ണം മനസ്സിലായി. വയോധികനായ ആ വണ്ടിക്കാരൻ അടുത്തകാലംവരെ തെജബഹദൂറിൻെറ വിശ്വസ്തനായ ഒരു കുതിരക്കാരനായിരുന്നു. അഞ്ചാറു കൊല്ലങ്ങൾക്കുമുമ്പുമാത്രമാണ് അയാൾ പ്രായാധിക്യംകാരണം ആ പണിയിൽനിന്നും പിരിഞ്ഞുപോയതു്. പിരിഞ്ഞുപോകുമ്പോൾ അയാൾക്കു സുഖമായി കഴിഞ്ഞുകൂട്ടുവാൻ വേണ്ട സ്വത്തു ബഹദൂർ കൊടുത്തിട്ടുമുണ്ട്. എന്നാലും തൻെറ കുലവൃത്തിയെ കൈവിടുവാനുള്ള സ്വതസിദ്ധമായ വൈമനസ്യംമൂലം അയാൾ ആ വാർദ്ധക്യദശയിലും വണ്ടി തെളിച്ചുപോരുകയാണ്.

ഗുരുഗോവിന്ദൻ ആ വൃദ്ധനെ പലതവണ കുട്ടിക്കളികൾക്കു കൂട്ടുപിടിച്ചിട്ടുണ്ട്. ബാലഹൃദയംപോലെതന്നെ നിഷ്കളങ്കതകൊണ്ടു മൂടിപ്പുതച്ചിട്ടാണല്ലൊ വൃദ്ധഹൃദയത്തിൻേറയും നില. മരംകൊണ്ടു കളിപ്പമ്പരം ചെത്തുവാനും പിലാവിലകൊണ്ടു പൂട്ടുകാളയെ ഉണ്ടാക്കുവാനും കണ്ണഞ്ചിരട്ടമേൽ കുന്നിക്കുരു പതിച്ചു കളിപ്പാട്ടം നിർമ്മിക്കുവാനും ആ വൃദ്ധനായാലേ ഗോവിന്ദനു സുഖമുള്ളു. അയാൾ ഗോവിന്ദനെ തൻെറ ചുളിവുകയറിയ ചുമലുകളിലേററി അവിടെയവിടെ അരുമിയും കൊഞ്ചിക്കൊണ്ടു നടക്കുമ്പോൾ അയാളുടെ കഷണ്ടിത്തലയിൽ രണ്ടുകൈകൊണ്ടും താളംപിടിക്കുന്നതു ഗോവിന്ദന് ഒരു രസമായിരുന്നു. അയാൾ അണ്ണാറക്കൊട്ടൻെറ കയ്യിൽനിന്നു തേന്മാമ്പഴം വാങ്ങികൊടുക്കും; കാക്കയുടെ കൊക്കിൽനിന്നു തൊണ്ടിപ്പഴം മേടിച്ചുകൊടുക്കും!

വൃദ്ധനായ ആ വണ്ടിക്കാരനും ഡൽഹിയിലേക്കുതന്നെയാണു പോയിരുന്നതു്. തൻെറ സ്വാമിയായ തെജബഹദൂറിൻെറ ദയനീയ വർത്തമാനം കേട്ട് അതിൻെറ സൂക്ഷ്മസ്വഭാവം ഗ്രഹിക്കുവാൻവേണ്ടിത്തന്നെയാണ് അയാളങ്ങോട്ടുപോകുന്നതും. ഒരുവിധം സാധിക്കുമെങ്കിൽ ബഹദൂറിൻെറ പാവനമൃതദേഹം കൊണ്ടുപോരേണമെന്ന് അതിയായ ഒരാശയും അയാൾക്കുണ്ടായിരുന്നു. അതിനുവേണ്ടിയാണു വണ്ടികൂടെ എടുത്തിട്ടുള്ളതു്.

വണ്ടിക്കാരനെക്കണ്ടപ്പോൾ ഗോവിന്ദനു വല്ലാത്തൊരു സന്തോഷവും സമാധാനവും തോന്നി. അദ്ദേഹം ആ വണ്ടിക്കാരനോടിങ്ങനെപറയുവാൻതുടങ്ങി. "അച്ഛൻെറ വർത്തമാനം അറിഞ്ഞിരിക്കുമെല്ലൊ. അച്ഛനെ ഡൽഹിയിലേയ്ക്കു കൊണ്ടുപോകുന്നതിനുമുമ്പു ഭാഗ്യവശാൽ എനിക്കൊന്നു കാണുവാൻ സാധിച്ചു. അപ്പോഴദ്ദേഹം, താൻ ഡൽഹിയിൽചെന്നാൽ മതം മാറേണ്ടിവരുമെന്നും അതിന്നൊരുങ്ങാത്തപക്ഷം കഴുമരമേറിയേ കഴിയൂ എന്നും എന്നാൽ കഴുമരമേറുവാൻ തന്നെത്താനുറച്ചിരിക്കുന്നുവെന്നും എന്നോടു പറയുകയുണ്ടായി. എന്നല്ല അദ്ദേഹത്തിൻെറ മൃതദേഹം അവർ കാക്കയ്ക്കും കഴുകനും തിന്നുവാനായി തുറന്നിട്ടേയ്ക്കുമെന്നും പറഞ്ഞു. അതെടുത്തു വേണ്ടപോലെ സംസ്കരിക്കണമെന്ന് ആജ്ഞാപിച്ചിട്ടുണ്ട്. ആ ആജ്ഞയെ ശിരസാവഹിക്കുവാൻ വേണ്ടി ഞാൻ ഡൽഹിയിലേയ്ക്കു പോവുകയാണ്."

"അടിയനും അങ്ങോട്ടുതന്നെയാണ് വിടകൊള്ളുന്നതു്." വണ്ടിക്കാരൻ വിനീതനായി അറിയിച്ചു. "അവിടെയ്ക്കുള്ള അതേ ആവശ്യംതന്നെയാണ് അടിയനുമുള്ളതു് ശത്രുക്കൾ നമ്മെ നായാടിനടക്കുന്ന ഈ സന്ദർഭത്തിൽ അവിടുന്നെഴുന്നള്ളുന്നതു് ആപൽക്കരമാണ്. എങ്ങിനെയെങ്കിലും കണ്ടുപിടിച്ചാൽ അവരവിടുത്തേയും കൊലപ്പെടുത്താതെ വിടുകയില്ല. അതുകൊണ്ട് ദയവുണ്ടായി അവിടന്നു മടങ്ങിയെഴുന്നള്ളണം. അടിയനെക്കൊണ്ട് ആ വിശിഷ്ടകൃത്യം ചെയ്യിച്ച് അടിയൻെറ എളിയ കയ്യുകൾക്ക് ഒന്നു പാപമോചനം ചെയ്യുവാൻ അനുവാദവും തരണം."

"വെറുതെ ഓരോന്നു തർക്കിച്ചുനില്ക്കുവാൻ എനിക്കു സമയമില്ല. എനിക്കു പോയേ കഴിയൂ എന്നും ഞാനതു ചെയ്തേ കഴിയൂ എന്നും തീർച്ചയാണ്." ഗോവിന്ദൻ ശഠിച്ചു.

"അടിയൻെറ പൊന്നുതിരുമേനിയല്ലേ, ഇങ്ങിനെ ശഠിച്ചാലോ? കുട്ടിക്കാലത്തെ ശാഠ്യം ഇനിയും വിടാഞ്ഞാലോ? ഡൽഹിക്കു പോകുവാൻ അവിടുത്തെ അടിയൻ അയക്കയില്ല.അടിയൻെറ ജീവനുള്ളകാലം

അതുസമ്മതിക്കയില്ല. കൂടിയേ കഴിയൂ എങ്കിൽ അടിയനെ കൊന്നിട്ട് അവിടുന്ന് എഴുന്നെള്ളിക്കോളൂ." വൃദ്ധൻ കണ്ണുനീരോടുകൂടി കാൽപിടിച്ചു.

ഗോവിന്ദൻെറ നിശ്ചയദാർഢ്യമെല്ലാം ആ വൃദ്ധൻെറ കണ്ണീരിൽ ഒലിച്ചുപോയി. എന്നാലും ഗോവിന്ദൻ പിന്നെയും പലതും പറഞ്ഞുനോക്കി. എന്തുപറഞ്ഞാലും വൃദ്ധന് ഒരേഒരു മറുപടിയേ ഉള്ളൂ. "അടിയനെ അതിനനുവദിക്കണം." ഒടുവിൽ അച്ഛൻെറ മൃതദേഹം കൊണ്ടുവരുവാൻ ആ വൃദ്ധന് അനുവാദം കൊടുക്കേണ്ടിവന്നു. അനുവാദം കിട്ടിയപ്പോൾ എൺപതുചെന്ന ആ വയസ്സന്നു പതിനാറാം വയസ്സുപോലെ യൗവ്വനം തോന്നി. അയാൾ സന്തോഷത്തിൻെറ വെണ്മണൽത്തിട്ടിൽ ഓടിക്കളിച്ചു; പവിത്രപ്രീതിയുടെ പട്ടുമെത്തയിൽ വീണുരുണ്ടു; ഉന്മേഷത്തിൻെറ ഓളങ്ങളിൽ ചാഞ്ചാടി. ആ വൃദ്ധൻ കൂട്ടുകാരനോടുകൂടി ഡൽഹിയിലേക്കും ഗുരുഗോവിന്ദൻ മനസ്സില്ലാതെ അമൃതസരസ്സിലേക്കും പോവുകയും ചെയ്തു.

## IV.

വണ്ടിക്കാരനും കൂട്ടാളിയും അർദ്ധരാത്രിക്കാണ ഡൽഹിയിലെത്തിയതു്. അനവധിനേരം കിടന്നു കരഞ്ഞു് അവസാനം അമ്മയുടെ മടിയിൽ മയങ്ങിക്കിടക്കുന്ന ഒരിളംപൈതലിനെപ്പോലെ പകൽ മുഴുവൻ പുലമ്പിക്കൊണ്ടിരുന്ന ആ പടക്കുററൻപട്ടണം ഹിമാലയത്തിൻെറ താഴ്വാരത്തിൽ നിശബ്ദം ഉറങ്ങിക്കിടക്കുകയാണ്. ഉറങ്ങുന്ന പട്ടണത്തിൻെറ നിശ്വാസം പോലെ നേരിയ ഒരു കാററുമാത്രം വീശുന്നുണ്ട്.

കഴുമരം നില്ക്കുന്ന ആ കൊലപ്പറമ്പിലേക്കാണ് അവർ നേരേചെന്നതു്. അവിടെയും ഒന്നുരണ്ടു കാവൽക്കാരുള്ളതു നിദ്രയുടെ മൃദുലകരങ്ങളിൽ കുഴഞ്ഞു വീണുകിടക്കുകയാണ്. വണ്ടിക്കാരനും കൂട്ടാളിയും അകലെനിന്നൊന്നു ചുമച്ചുനോക്കി. ഒരാളും ഉണർന്നുകണ്ടില്ല.

ബഹദൂറിൻെറ ശവം കിടക്കുന്നതു് അല്പം അകലെ നിന്നാൽത്തന്നെ കാണാമായിരുന്നു. കഷ്ടം! എന്തൊരു ദയനീയസ്ഥിതിയിലാണ് അതവിടെ കിടക്കുന്നതു്. പകുതിയിലേറെ പുറത്തു കാണത്തക്കവിധം ഒരു കീറത്തുണികൊണ്ടു് മൂടി അതതാ വെറും നിലത്തു വലിച്ചിട്ടിരിക്കുന്നു. മിക്കഭാഗവും കാക്കയും കഴുകനും തിന്നൊടുക്കിയിരിക്കുന്നു. രാത്രീഞ്ചരന്മാരായ കുറുക്കന്മാർ അപ്പോഴും കടിച്ചുവലിക്കുന്നുമുണ്ട്. എത്രവലിയ സ്ഥിതിയുള്ളവനും വിധിയുടെ അനുശാസനങ്ങൾക്കു് അടിമപ്പെടാതെ കഴികയില്ല!

അവർ പതുക്കെപ്പതുക്കെ ആ ശവത്തോടടുത്തു. ശോച്യമായ ആ കാഴ്ച ആ വൃദ്ധനെ ആകമയാന്നു് എടുത്തുമറിച്ചു. അയാൾ തേങ്ങിത്തേങ്ങി കരയുവാൻ തുടങ്ങി. വ്യാകുലചിത്തനായ വൃദ്ധൻ ആ മൃതദേഹത്തിൻെറ കാൽക്കൽചെന്നു് സാഷ്ടാംഗം നമസ്കരിച്ചു. അതിൻെറ കാലുകളെടുത്തു തൻെറ ശിരസ്സിലണിഞ്ഞുകൊണ്ടു് കുറേനേരം അനങ്ങാതെ അങ്ങിനെ കിടന്നു.

പിന്നീട് ആ ശവമെടുത്തു കുറച്ചകലെനിൽക്കുന്ന വണ്ടിയിൽക്കയററിവെച്ചു. ഇനിയും വല്ലതും ചെയ്തുതീർക്കുവാനുണ്ടോ എന്നു തിരിഞ്ഞുനോക്കുന്നമട്ടിൽ അവിടെയവിടെ ഒന്നു കണ്ണോടിച്ചു. ഒടുവിൽ കൂട്ടുകാരനോടിതു പറഞ്ഞുവെച്ചു. "ഇപ്പോഴിവിടെ ഒരു കാര്യംകൂടി ചെയ്യേണ്ടതുണ്ട്. പൊന്നുതിരുമേനിയുടെ മൃതദേഹം കിടന്നിരുന്ന സ്ഥലം ഇങ്ങിനെ ഒഴിച്ചിട്ടുകൂടാ. ആ വിടവിനെ മറെറാരു ശവംകൊണ്ടു നികത്തിയേ കഴിയൂ. കാവൽക്കാർ ഉണരുമ്പോൾ ആ സ്ഥലം ഒഴിഞ്ഞുകണ്ടാൽ അവർ ഉടനേ അന്വേഷണം തുടങ്ങും; വഴിമദ്ധ്യത്തിൽവെച്ചു നമ്മെ കണ്ടുപിടിക്കുകയും ചെയ്യും. മറെറാരു ശരീരം അവിടെ ഉണ്ടായാൽ യാതൊരു ശങ്കയുമില്ലാത്ത അവർ നിഷ്കൃഷ്ടിച്ചു നോക്കുകയില്ല. നീ താമസിക്കാതെ പുറപ്പെട്ടു് അവിടുത്തെ പാവന മൃതശരീരം യാതൊരു കേടും കൂടാതെ അവിടുത്തെ പ്രിയപുത്രൻെറ കൈയിൽ എല്പിച്ചുകൊടുക്കണം. എൻെറ ശവമെടുത്തു് ആ സ്ഥാനത്തു മൂടിയിടുകയും വേണം."

കൂട്ടുകാരനു തടുക്കുവാൻ കഴിയുന്നതിനുമുമ്പു് ആ വന്ദ്യവൃദ്ധൻെറ സുവിശാലമായ മാറിടത്തിൽ മൂർച്ചയുള്ള കഠാരി പിടിയോളം ആണ്ടിറങ്ങിക്കഴിഞ്ഞു. കാണുവാൻ വയ്യാത്ത രണ്ടുമൂന്നു പിടച്ചിലോടുകൂടി ആ വൃദ്ധശരീരം എന്നെന്നേയ്ക്കുമായി ഇളകാതെയായി. മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങൾ അനന്താകാശത്തിൽ ആ അപൂർവ്വാത്മത്യാഗത്തെ തങ്കലിപികളിൽ അതാ എഴുതിക്കഴിഞ്ഞു.

* * * * * *

വണ്ടിക്കാരൻെറ കുഡുംബം, ഗുരുഗോവിന്ദൻ കൊടുത്ത അനവധി സ്ഥാനമാനങ്ങളോടുകൂടി, ബങ്കാളിലെ കുബേരഗൃഹങ്ങളിലൊന്നായി ഇന്നു പ്രശോഭിക്കുന്നുണ്ട്.

# ഇവാൻ ബ്യൂണിൻ.

(കെ. ഭാസ്കരൻനായർ ബി. എ.)

"എന്റെ അഭിപ്രായത്തിൽ ഇന്നത്തെ റഷ്യയിലെ ഏററവും മഹാനായ സാഹിത്യകാരൻ ബ്യൂണിനാണ്" എന്നു മിക്സിംഗോക്കി ഒരിക്കൽ പറയുകയുണ്ടായി. ഈ മഹാന്റെ ജീവചരിത്രം മനസ്സിലാക്കുവാൻ റഷ്യൻ സാഹിത്യത്തെപ്പററി ചില സംഗതികൾ അറിയേണ്ടതുണ്ട്.

യൂറോപ്പിലുള്ളതിലേയ്ക്കു പ്രായം കുറഞ്ഞ സാഹിത്യം റഷ്യയുടേതാണെന്നു പറയാം. അതിന്റെ ചരിത്രം വളരെ വിസ്മയാവഹമാണ്. പത്തൊൻപതാംനൂററാണ്ടിനുമുമ്പു വിസ്തൃതമായ ആ മഹാരാജ്യത്തിനു പറയത്തക്ക സാഹിത്യമൊന്നും ഉണ്ടായിരുന്നില്ല. പക്ഷെ ആ ശതകത്തിന്റെ ആരംഭം മുതൽ ഒരുനൂറിൽപരം വർഷങ്ങൾകൊണ്ടു് റഷ്യ ലോകസാഹിത്യങ്ങളുടെ മുന്നണിയിലെത്തുകയുണ്ടായി. ശൂന്യതയിൽനിന്നു പൂർണ്ണതയിലേയ്ക്കുള്ള ഈ കുതിച്ചുചാട്ടം ലോകത്തിന്റെ സംസ്കാരചരിത്രത്തിൽ അദൃശ്യപൂർവ്വമാണ്. പൌരാണികം, മാദ്ധ്യമികം എന്നിങ്ങനെയുള്ള പർവ്വങ്ങളും പരിണാമദശകളും റഷ്യൻസാഹിത്യത്തിലില്ല. അതിന്റെ സാഹിത്യം മുഴുവനും ആധുനികമാണ്.

1855 മുതൽ 1881 വരെ റഷ്യയെ ഭരിച്ച അലക്സാണ്ടർ രണ്ടാമന്റെ കാലത്താണു റഷ്യൻസാഹിത്യം ഏററവും പുഷ്ടി പ്രാപിച്ചതു്. റൂഡിൻ, ഫാമിലിക്രോണിക്കിൾ, അന്നാകരണീന, ബ്രദേഴ്സ് കാരമസോവ്, എന്നീ വിശ്വവിഖ്യാതങ്ങളായ ആഖ്യായികകളെല്ലാം അക്കാലത്താണു പ്രസിദ്ധീകൃതങ്ങളായതു്. ഈ കൃതികൾകൊണ്ടുമാത്രം റഷ്യയുടെ നാമം ലോകചരിത്രത്തിൽ നിലനില്ക്കുമെന്നു പറയുന്നതിൽ അതിശയോക്തിയില്ല. പക്ഷെ 1880-നോടടുത്തപ്പോഴേയ്ക്കു് ഈ സുവർണ്ണകാലം അസ്തമിക്കയാണുണ്ടായതു്. ഡസ്റ്റവസ്കി 1881-ലും, തുർജ്ജനീവ് 1883-ലും നിര്യാതരായി. ടോൾസ്റ്റോയി സാഹിത്യപരിശ്രമങ്ങളിൽ നിന്നു വിരമിക്കുകയും ചെയ്തു. റഷ്യയ്ക്കു് ഉൽപ്രകാശമേകിയ സകലദീപങ്ങളും ഒരുമിച്ചു പൊലിയുന്നതുപോലെ തോന്നി. ആ ദിവ്യപുരുഷന്മാരുടെ കാലടിപ്പാടുകളെ പിൻതുടരുവാൻ ആരും ഉണ്ടായിരുന്നില്ല. സാഹിത്യത്തിന്റെ അവസാനവും ആരംഭംപോലെതന്നെ ദ്രുതമായിരിക്കുമോ എന്നു് എല്ലാവരും ഭയപ്പെട്ടുപോയി. ഈ നിരാശയിലും വിഷാദത്തിലും നിന്നു റഷ്യ കരയേറിയതു് ഇരുപതാം നൂററാണ്ടിന്റെ ആരംഭത്തിൽ മാത്രമാണ്. പൈതലിന്റെ അവ്യക്തവും അർത്ഥശൂന്യവുമായ കൊഞ്ചലുകൾ ക്രമേണ വ്യക്തവും അർത്ഥപൂർണ്ണവുമാകുന്നതുപോലെയുള്ള ഒരനുഭവം അക്കാലത്തു റഷ്യൻസാഹിത്യത്തിലുണ്ടായി. മന്ദമന്ദം വ്യക്തമായ ഈ ഭാവങ്ങളും ഭാഷണങ്ങളും ഓജസ്സു നിറഞ്ഞവയും പൂർവ്വതലമുറയെ അനുസ്മരിപ്പിക്കുന്നവയും ആയിരുന്നു. ഗോക്കി, ബ്യൂണിൻ, ആൻഡ്രിവ് എന്നിങ്ങനെ ചില നാമങ്ങൾ ഈ നൂററാണ്ടിന്റെ പ്രഭാതവേളയിൽ കേട്ടുതുടങ്ങിയിരുന്നു. നവീന റഷ്യയുമായി സാത്മ്യം പ്രാപിച്ചു്, ഒരു സാഹിത്യകാരനും ഒരുകാലത്തും ഒരുദേശത്തും ലഭിക്കാത്ത ബഹുമാനം നാട്ടുകാരിൽനിന്നു നിരന്തരം സമ്പാദിച്ചു്, ഈയ്യിടെ ദിവംഗതനായ മാക്സിംഗോക്കിയായിരുന്നു അന്നു് ആ യുവസാഹിത്യകാരന്മാരുടെ നായകത്വം വഹിച്ചതു്. അദ്ദേഹം വിപ്ലവകരങ്ങളായ കഥകളെഴുതുവാനായി 'സ്നാനി' (Znanie) എന്നൊരു സംഘം രൂപീകരിച്ചു. ബ്യൂണിൻ ആ സാഹിത്യസംഘത്തോടു നിഷ്പക്ഷപാതചിത്തനായി ചേർന്നിന്നെങ്കിലും അദ്ദേഹത്തിന്റെ ആശയഗതി അവരുടേതിൽ നിന്നു ഭിന്നമായിരുന്നു. അതു് റഷ്യയുടെ രാഷ്ട്രീയരംഗത്തിൽ ഓളം തല്ലിയ വിരുദ്ധതത്വങ്ങളിൽ ഒന്നിനോടും ബന്ധമുള്ളതായിരുന്നില്ല. ബ്യൂണിൻ ഗോക്കിയേയും ആൻഡ്രീവിനേയുംകാൾ മെച്ചമേറിയ ഒരു കലാകാരനാണെ

ന്നുള്ളതിനു സംശയമില്ല. സാഹിത്യപാരമ്പര്യത്തിൽ ചെഖോവ്, ഗോൺചരോവ്, തജ്ജനീവ്, എന്നിവരോടാണ് അദ്ദേഹത്തിനു രക്തബന്ധമുള്ളത്.

ഈ ഘട്ടത്തിൽ ബ്യൂണിൻെറ കവിതയ്ക്കുള്ള ഒരു പ്രത്യേകതയെപ്പററി പറയേണ്ടതുണ്ട്. ഈ കാവ്യസ്വഭാവത്തിന് ഇംഗ്ലീഷിൽ 'Classical' എന്നാണു പേരു കൊടുത്തിരിക്കുന്നത്. അതിനു തുല്യമായ ഒരു വാക്ക് മലയാളത്തിൽ കണ്ടുപിടിക്കുവാൻ വിഷമിക്കുന്നു. നമ്മുടെ സാഹിത്യത്തിൽ എഴുത്തച്ഛൻെറയും, ഇംഗ്ലീഷിൽ മിൽട്ടൻെറയും കവിതാരീതി ഇതിനുദാഹരണമാണ്. അവരുടെ കവിതയിൽ ആദ്യന്തം കാണുന്ന ആ കുലീനത, ശ്രേഷ്ഠമായ ആ സൗഷ്ഠവം, വെറും കളിയിലേയ്ക്കു് ഒരിക്കലും താഴാത്ത ആ പ്രൗഢവം, ചില കവികൾക്കുള്ള ഒരു പ്രത്യേകതയാണ്. അവരുടെ ചിരിയിൽപോലും ഉത്തുംഗമായ ഒരു ഗാംഭീര്യം അന്തർഭവിച്ചിരിക്കും. ഡാക്ടർ ആർനോൾഡ് പീക്കോക്ക്, ഈ കാവ്യരീതിയെപ്പററി ഗഹനമായ ഗവേഷണങ്ങൾ നടത്തിയിട്ടുണ്ട്. അത്, കവിതയ്ക്കു ചിരന്തനമായ ഒരു ഇതിഹാസസൗന്ദര്യം നൽകുമെന്നാണ് അദ്ദേഹം അനുമാനിക്കുന്നത്. സമകാലീനരായ റഷ്യൻ സാഹിത്യകാരന്മാരിൽ നിന്ന് ബ്യൂണിനെ വേർതിരിച്ചു നിർത്തുന്നത് അദ്ദേഹത്തിൻെറ കൃതികൾക്കുള്ള ഈ കുലീനതയാണ്.

ഇവാൻ അലക്സീവിഷ് ബ്യൂണിൻ 1870 ഒക്ടോബറിൽ മദ്ധ്യറഷ്യയിലുള്ള മൊറൊനേഷ് എന്ന സ്ഥലത്ത് പുരാതനമായ ഒരു പ്രഭുകുടുംബത്തിൽ ജനിച്ചു. 1852-ൽ ചരമഗതിപ്രാപിച്ച സുകോവ്സ്കി എന്ന പ്രസിദ്ധ കവി ആ കുടുംബത്തിലെ ഒരംഗമായിരുന്നു. വിത്തത്തിലും വിദ്യയിലുമുണ്ടായിരുന്ന പ്രാമാണ്യംകൊണ്ടു് ആ കുടുംബക്കാർ പൊതുജനങ്ങളുടെയിടയിൽ വളരെ ബഹുമാനിക്കപ്പെട്ടിരുന്നു. സ്വദേശത്തുതന്നെ പ്രാരംഭവിദ്യാഭ്യാസം കഴിഞ്ഞു ബ്യൂണിൻ മോസ്കോസർവ്വകലാശാലയിലേയ്ക്കു പോയി. അവിടെ ഒരു വിദ്യാർത്ഥിയായിരിക്കുമ്പോൾതന്നെ അദ്ദേഹം ധാരാളം കവിതകൾ എഴുതിത്തുടങ്ങി. ഇതെല്ലാം ചേർത്ത് 1891-ൽ അദ്ദേഹം തൻെറ ആദ്യത്തെ ഗ്രന്ഥം പ്രസിദ്ധപ്പെടുത്തി. അതിൽ തെളിഞ്ഞുകണ്ട വാസനാവിലാസം അദ്ദേഹത്തെ വളരെവേഗം കീർത്തിമാനാക്കി. 1903-ൽ റഷ്യയിലുള്ളതിൽവച്ച് ഏററവും കാമ്യമായ പുഷ്കിൻസമ്മാനം അദ്ദേഹത്തിനു നല്കപ്പെട്ടു. ബ്യൂണിന് ഇതു മഹത്തായ ഒരു പ്രോത്സാഹനമായിരുന്നു. അദ്ദേഹത്തിൻെറ കവിതാനദി അപൂർവ്വശക്തിയോടെ പ്രവഹിക്കുവാനും നവംനവങ്ങളായ പ്രതിഭാസങ്ങളെ ആവിഷ്കരിക്കുവാനും തുടങ്ങി. ഒന്നിനുപുറകേ ഒന്നായി സാഹിത്യത്തിലെ സകല ബഹുമതികളും അദ്ദേഹം കരസ്ഥമാക്കി. 1909-ൽ ബ്യൂണിൻ റഷ്യൻഅക്കാഡമിയിലെ ഒരംഗമായും അനന്തരം ഒരു "ചിരംജീവി" (Immortal)യായും തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തിൻെറ ആദ്യകൃതികളെല്ലാം 'സ്നാനി'സംഘംതന്നെയാണു പ്രസാധനംചെയ്തത്.

1892 മുതൽക്കുതന്നെ ബ്യൂണിൻ ഗദ്യത്തിൽ കഥകളുംമററും എഴുതുവാൻ തുടങ്ങിയിരുന്നെങ്കിലും അദ്ദേഹത്തെ പ്രധാനമായി ഒരു കവിയായിട്ടാണ് എല്ലാവരും ഗണിച്ചിരുന്നത്. എന്തെന്നാൽ ആ കഥകളിൽക്കൂടിയും സാധാരണ കവിതകളെ ലജ്ജിപ്പിക്കുന്ന മാധുര്യസൗന്ദര്യങ്ങൾ നിറഞ്ഞു തുളുമ്പിയിരുന്നു. വൃത്തബദ്ധങ്ങളല്ലാത്ത ഖണ്ഡകാവ്യങ്ങളായിട്ടാണ് അവ എണ്ണപ്പെട്ടത്. 1910-ൽ മഹാകാവ്യം അഥവാ ഇതിഹാസം (Poema) എന്നവിശേഷണത്തോടെ "വില്ലേജ്" (Village) എന്ന ആഖ്യായിക പ്രത്യക്ഷപ്പെട്ടു. "സുഖോദോൾ" (Sukhodol), "അയോൺ ദിവീപ്പർ" (Ioann the Weeper), "ദി വെൽ ഓഫ് ഡേസ്" (The Well of days), "ദി ജെൻററിൽമാൻ ഫ്രം സാൻഫ്രാൻസിസ് കോ" (The Gentelman from Sanfransisco.), എന്ന നാലു കൃതികൾ അടുത്ത ആറുവഷത്തിനുള്ളിൽ ഇതിനെ പിൻതുടന്നു. മഹായുദ്ധത്തിനുമുമ്പു ബ്യൂണിൻ, ഇററലി, അൾജിറിയാ, പാലസ്റ്റൈൻ, ഇൻഡ്യാ, സിലോൺ എന്നീ ദിക്കുകളിൽ വളരെ സഞ്ചരിക്കുകയുണ്ടായി. മേല്പറഞ്ഞ കൃതികൾ മിക്കതും ഈ സഞ്ചാരങ്ങൾക്കിടയിലാണ് എഴുതപ്പെട്ടത്.

റഷ്യയെ ഉടച്ചുവാത്ത മഹാവിപ്ലവം ലോകപ്രസിദ്ധനായ ഈ സാഹിത്യകാരൻെറ ജീവിതത്തിൽ ദുർഘടവും ദുസ്സഹവുമായ ഒരു ദശാസന്ധിയായിരുന്നു. അദ്ദേഹം പാവനമായി കരുതിയിരുന്ന സകലതും ആ കാട്ടുതീയുടെ പിംഗലജ്വാലകളിൽ വെന്തെരിഞ്ഞു. അവയുടെ ചിതാഭസ്മത്തിൽ നിന്ന് അത്യന്തഭീകരമായി ഉയർന്നുപൊങ്ങിയ ബോൾഷെവിക്ക്ശക്തിയെ ബ്യൂണിൻ എതിക്കുവാനൊരുമ്പെട്ടു. ധീരമെങ്കിലും നിസ്സഹായമായ ഈ ഉദ്യമംമൂലം അദ്ദേഹ

ത്തിന റഷ്യയിൽനിന്ന പലായനം ചെയ്യേണ്ടിവന്നു. മഹാവിപ്ലവത്തിനുശേഷം ഗോർക്കി സോവിയററിന്റെ സാഹിത്യദേവതയായി. പക്ഷെ ബ്യൂണിൻ പിന്നീട് റഷ്യയിൽ കടന്നില്ല.

അനന്തരകാലത്തു തന്റെ ഫ്രഞ്ചുപ്രസാധകനയച്ച ഒരു കത്തിൽ അദ്ദേഹം പരമരൂക്ഷമായ ഈ പരീക്ഷണഘട്ടത്തേയും, അതിന്റെ ഫലമായുണ്ടായ അനുഭവങ്ങളേയുംപററി പറയുന്നുണ്ട്. ഹൃദയക്ഷോഭമില്ലാതെ ആ കത്തു വായിക്കുവാൻ സാദ്ധ്യമല്ല. അതിൽനിന്ന്, ബോൾഷെവിക്ക് ചിത്രത്തിന്റെ ഏതുവശമെന്തെന്നു നമുക്കു മനസ്സിലാകുന്നതാണ്.

മൃഗീയവാസനകളുടെ അന്നത്തെ വിമോചനത്തിലുണ്ടായ നരമേധങ്ങളും, നിത്യപവിത്രങ്ങളായ ചാരിത്രബന്ധങ്ങളുടെ അവഹേളനങ്ങളും കാണുവാൻ കഴിയാതെ താൻ നിഷ്ക്രമിച്ചതും, അതിനുശേഷം വിദൂരദേശങ്ങളിൽ അലഞ്ഞുതിരിഞ്ഞു കഷ്ടപ്പാടുകളുടെ ആഴമളന്നതും, തന്റെ ചേതനയനുഭവിച്ച അറുതിയില്ലാത്ത യാതനകളും എല്ലാം അതിൽ മർമ്മഭേദകമായി സൂചിപ്പിച്ചിട്ടുണ്ട്. 1918, 19, എന്നീ വർഷങ്ങളിൽ ബ്യൂണിൻ പ്രാപഞ്ചികദുരിതങ്ങൾ മുഴുവനും അനുഭവിച്ചു. ആതങ്കസിന്ധുവിൽ നീന്തിനീന്തി അദ്ദേഹം ആദ്യം പാരീസിലാണ് അഭയംപ്രാപിച്ചത്. 1925-വരെ ബ്യൂണിൻ അവിടെത്തന്നെ താമസിച്ചു. അതിനുശേഷം അദ്ദേഹം പോളണ്ടിന്റെ ഒരൊഴിഞ്ഞ കോണിൽ സ്ഥാപിച്ച ഒരാശ്രമത്തിലാണ താമസിച്ചുവരുന്നത്. മഹായുദ്ധംകഴിഞ്ഞതിൽ പിന്നീട് ബ്യൂണിൻ വീണ്ടും സാഹിത്യപരിശ്രമം തുടങ്ങുകയുണ്ടായി. 1924-ൽ "ദി റോസ് ഓഫ് ജരിക്കോ" എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചു. പക്ഷെ അതു പൂർവ്വകൃതികളെപ്പോലെ കാവ്യകലയുടെ തുംഗമേഖലകളിൽ എത്തിയിട്ടില്ല. 1933-ൽ സ്വീഡിഷ് അക്കാഡമി ആ മഹാപുരുഷനെ നോബൽസമ്മാനം നൽകി ബഹുമാനിച്ചു. ആ ബിരുദത്തിന്റെ സാമ്പത്തികാംശം 1817-നു ശേഷം വിഗതഭാഗ്യനായ ആ സാഹിത്യകാരന്ന് ഒരു വലിയ അനുഗ്രഹംതന്നെ ആയിരുന്നു.

ഒരു കവിയെന്ന നിലയിൽ ബ്യൂണിൻ തികച്ചും യഥാസ്ഥിതികനാണ്. ആധുനിക റഷ്യൻകവിതയിലെ ചിഹ്നപ്രസ്ഥാനം (Symbolism) അദ്ദേഹത്തിനു രുചിച്ചിട്ടില്ല. അദ്ദേഹത്തിന്റെ കവിതകളെല്ലാം ബാഹ്യാത്മകവും പ്രകൃതിസൌന്ദര്യത്തെ അധികരിച്ചുള്ളതുമാണ്. 1907-വരെയുള്ള കവിതകൾ മൂന്നു വാല്യങ്ങളായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ രണ്ടാം വാല്യത്തിലാണ് അദ്ദേഹത്തിന്റെ 'സാപ്ലൻ' തുടങ്ങിയുള്ള ഏററവും നല്ല കവിതകൾ അടങ്ങിയിരിക്കുന്നത്. ഒരു ഗദ്യകാരനായിട്ടാണു ബ്യൂണിൻ അന്യരാജ്യങ്ങളിൽ അറിയപ്പെട്ടന്നതെങ്കിലും അദ്ദേഹം ഒട്ടും കുറഞ്ഞ കവിയല്ല. അദ്ദേഹത്തിന്റെ ഉജ്ജ്വലമോഹനങ്ങളായ ഗാനങ്ങൾ റഷ്യൻജനതയെ ഇന്നും കോൾമയിർക്കൊള്ളിക്കുന്നുണ്ട്.

ബ്യൂണിന്റെ ഗദ്യകൃതികൾ മിക്കതും ഈ കവിതകളേക്കാൾ കാവ്യഭംഗിയുള്ളവയും, സ്വാത്മകങ്ങളുമാണ്. ഗാനാത്മകമായ ഗദ്യം അദ്ദേഹത്തിന്റെ കൃതികളിൽ ധാരാളം കാണുവാൻ സാധിക്കും. അദ്ദേഹത്തിന്റെ ഈ രചനാരീതി വളരെ നേരത്തെ സഹൃദയന്മാരുടെ പ്രത്യേക ശ്രദ്ധയെ ആകർഷിച്ചിട്ടുണ്ട്. സംഭവപരമ്പരകൾ വിവരിച്ച്, തുടർച്ചയായി കഥ പറഞ്ഞുപോകുന്ന പതിവ് അദ്ദേഹത്തിനില്ല. ഗദ്യകൃതികളിലുള്ള കാവ്യഭംഗി വാക്കുകളുടേയും, വാചകങ്ങളുടേയും ഘടനാവൈചിത്ര്യംകൊണ്ടുളവാകുന്നതല്ല; വസ്തുക്കളിലും സന്ദർഭങ്ങളിലുമുള്ള ആന്തരസൌന്ദര്യത്തെയാണ് അദ്ദേഹം വെളിപ്പെടുത്തുന്നത്. "അന്റനോവ് ആപ്പിൾസ്" എന്ന കൃതിയിൽ ഒരുതരം ആപ്പിൾപഴങ്ങളുടെ സുഗന്ധം അദ്ദേഹത്തെ ഒരു ചിന്തയിൽനിന്നു മറെറാരുചിന്തയിലേയ്ക്കു നയിച്ചുനയിച്ചു ഒടുവിൽ നാശോന്മുഖമായ റഷ്യൻജീവിതത്തിന്റെ ഒരു സുകുമാരചിത്രത്തിൽ കലാശിക്കുന്നതായി കാണാം. വിചിത്രമായ ഈ കഥാവസ്തുവിന്ന് അദ്ദേഹത്തിന്റെ രചനാരീതി വളരെ യോജിക്കുന്നുണ്ട്.

'വില്ലേജ്' എന്ന നോവൽ റഷ്യൻസാഹിത്യത്തിലുള്ള ഏററവും നിശിതങ്ങളും നിർമ്മയൂഖങ്ങളുമായ ഗ്രന്ഥങ്ങളിലൊന്നാണെന്നു പറയപ്പെടുന്നു. അതു് റഷ്യൻ ജനതയുടെ ദാരിദ്ര്യത്തേയും സംസ്കാരശൂന്യതയേയും രൂക്ഷമായി ചിത്രീകരിക്കുന്ന ഒരു സാമുദായികാഖ്യായികയാണ്. അതിലെ ഇതിവൃത്തത്തിനു വളർച്ചയോ പരിണാമമോ യാതൊന്നുമില്ല. അതു് ഒരു ചിത്രംപോലെ നിശ്ചലമാണ്. റഷ്യൻജനതയേപ്പററിയുള്ള പരമാർത്ഥം നിർഭയം തുറന്നുപറഞ്ഞതു് ബ്യൂണിൻ മാത്രമാണെന്നു ഗോർക്കി ഒരിക്കൽ അഭിപ്രായപ്പെട്ടതു് ഈ ഗ്രന്ഥത്തെ അടി

സ്ഥാനമാക്കിയാണ്. ഇതൊക്കെയാണെങ്കിലും ആ ഗ്രന്ഥം അതിദീൎഘവും ക്ലാന്തബന്ധവുമാണെന്നുപറയാതെ നിവൃത്തിയില്ല. ഈ ദൂഷ്യം, ബ്യൂണിൻ, "സുഖോദോൾ" എന്ന തന്റെ അടുത്ത ആഖ്യായികയിൽ സമൎത്ഥമായി പരിഹരിച്ചു. അദ്ദേഹത്തിന്റെ ഏററവും നല്ലകൃതി ഇതാണെന്നുള്ളതിൽ ഭിന്നാഭിപ്രായമില്ല. ഇത്ര മനോഹരമായ ഒരു ഗദ്യകാവ്യവും, പൂൎണ്ണമായകലാസൃഷ്ടിയും, റഷ്യനെന്നല്ല മററു സാഹിത്യങ്ങളിൽപോലുമില്ലെന്നു പറയപ്പെടുന്നു. ക്രൂഷ്ച്ചേവ് എന്ന പ്രഭുകുഡുംബത്തിന്റെ ഭാഗ്യവിപൎയ്യയങ്ങളും അധഃപതനവുമാണ് അതിലെ കഥാവസ്തു. ഇതിലും കഥാരചനയോ, കാലക്രമേണയുള്ള ഇതിവൃത്തവികാസമോ കാണ്മാനില്ല. കേവലം 25,000 വാക്കുകൾ മാത്രമുള്ള ഈ ചെറുകൃതി മുഴുവനും വ്യംഗ്യമധുരമായ കവിതയാണ്. "ദി വെൽ ഓഫ് ഡേസ്" എന്ന കൃതിയും ഇതുപോലെ ആദ്യന്തമനോഹരമാണ്. റഷ്യയിലെ പ്രശാന്തരമണീയമായ ഒരു നാട്ടിൻപുറത്തു വളൎന്നുവരുന്ന കവിതാവാസനയുള്ള ഒരു ബാലന്റെ അനുഭവങ്ങളാണ് അതിൽ വിവരിക്കപ്പെട്ടിരിക്കുന്നതു്. അവ്യക്തങ്ങളും മൃദുലങ്ങളുമായ വികാരങ്ങളെ ഉളവാക്കുന്ന സന്ദൎഭങ്ങളും സംഭവങ്ങളും അതിൽ സുലഭമാണ്. അലക്സി അലക്സാൻഡ്രോവിച്ച് ആഴ്സനിവ് എന്ന കഥാനായകന്റെ ആത്മകഥയായിട്ടാണ് ആ ഗ്രന്ഥം എഴുതപ്പെട്ടിരിക്കുന്നതു്. മരണം, പ്രേമം, നിയതി, കാലം എന്നീ ദുരൂഹസത്തകളെപ്പററി പറയുന്ന സന്ദൎഭങ്ങളിൽ ഗ്രന്ഥകാരൻ ചിരന്തനവും ചിന്മാത്രവുമായ ഒരന്തരീക്ഷത്താൽ നമ്മെ ആവരണം ചെയ്യുന്നു. ആ അവസ്ഥയിൽ, ഒരു കുരുവിയുടെ ശബ്ദംപോലും, ശാശ്വതമായ ഏതോ ഒരു സത്യം ഉൾക്കൊള്ളുന്നതായി നമുക്കു തോന്നുന്നു. "വിസ്മൃതിയുടെ ശവകുടീരത്തിൽ മറഞ്ഞുകിടക്കുന്ന" ചില സംഭവങ്ങളെപ്പററി പറഞ്ഞുതുടങ്ങുന്ന കഥാനായകൻ ഒടുവിൽ "ഭൂതത്തിന്റെയും ഭാവിയുടേയും അസീമവിസ്തൃതിയ്ക്കിടയിലേയ്ക്കേറിയപ്പെടുന്ന തന്റെ ജീവിതം അജ്ഞേയഗംഭീരമായ ഈ പ്രപഞ്ചത്തിൽ" എന്താണെന്നും എന്തിനാണെന്നും വിസ്മയിക്കുന്നു. ഈ ചോദ്യത്തിനുത്തരം ആ ഗ്രന്ഥത്തിൽതന്നെ അടങ്ങിയിട്ടുണ്ട്. അതു വായിക്കുമ്പോൾ മനുഷ്യജീവിതം എന്തെന്നും എന്തിനെന്നും നമുക്കു മനസ്സിലാകും. പക്ഷെ ബ്യൂണിനെന്നല്ല ഒരു മഹാകവിയ്ക്കും അതു വ്യക്തമായ ഭാഷയിൽ പറയുവാൻ കഴിവില്ല. തനിക്കു ദൎശിക്കുവാൻ സാധിച്ച പരമസത്യത്തിന്റെ ഒരു കിരണമെങ്കിലും മററുള്ളവരെ കാണിക്കുവാൻ കവിയ്ക്കു കാവ്യമല്ലാതെ മററുപകരണമില്ലല്ലൊ.

"ദി ജൻറിൽമാൻ ഫ്രം സാൻഫ്രാൻസിസ്കോ." എന്ന ചെറുകഥ വളരെ പ്രസിദ്ധമാണ്. അതിന് അന്യരാജ്യങ്ങളിൽ ബ്യൂണിന്റെ മററു കൃതികളേക്കാൾ പ്രചാരം സിദ്ധിച്ചിട്ടുണ്ട്. അതിന്റെ ഏകാന്തസൗഷ്ഠവത്തിൽ മതിമയങ്ങിയ ചില നിരൂപകന്മാർ അതാണു ബ്യൂണിന്റെ ഉത്തമകൃതിയെന്നു പറയുന്നു. അതിൽ ഭിന്നാഭിപ്രായത്തിനു വകയുണ്ടെങ്കിലും, ആ ചെറുകഥയിലും ബ്യൂണിന്റെ പ്രതിഭാവിലാസം പൂൎണ്ണമായി പ്രതിഫലിക്കുന്നുണ്ടെന്നു പറയാതെ നിവൃത്തിയില്ല. പരിഷ്കാരത്തിന്റെ അന്തസ്സാരശൂന്യതയും, മരണത്തിന്റെ നിതാന്തസാന്നിദ്ധ്യവുമാണ് അതിലെ കഥാവസ്തു.

നോബൽസമ്മാനം ചിലപ്പോൾ അജ്ഞാതനും അനൎഹനുമായ ഒരു സാഹിത്യകാരനെ ലോകത്തിന്റെ ദൃഷ്ടിയിലേയ്ക്കു തള്ളിവിടുകയാണു ചെയ്യുന്നതെന്നു പറയാറുണ്ട്. ഇതു് ഒരുപക്ഷേ ശരിയായിരിക്കാം. എന്നാൽ ബ്യൂണിന്റെ കാൎയ്യത്തിൽ അതു ക്ഷണികപ്രഭങ്ങളായ ഉല്ക്കകളിൽനിന്നു നിത്യഭാസുരമായ ഒരു നക്ഷത്രത്തെ വേൎതിരിച്ചുകാണിക്കുന്ന ഒരു ദൂരദൎശിനിയായിരുന്നു എന്നുള്ളതിൽ സംശയമില്ല.

"The frontiers between sense and spirit
which are the devil's hunting—grounds"

*Coventry Patmore.*

# റേഡിയോ (ആകാശവാണി).

(മാത്യു എം. കുഴിവേലി ബി. എ., എൽ. ററി.)

ആധുനികകാലത്തെ അത്ഭുതകരമായ കണ്ടുപിടിത്തങ്ങളിൽ പ്രമുഖമായ ഒന്നാണു റേഡിയോ. അനേകായിരം മൈൽ അകലെനിന്നു പ്രക്ഷേപിക്കപ്പെടുന്ന സ്വരം തൽക്ഷണംതന്നെ സ്വീകരിച്ചു പ്രതിധ്വനിപ്പിച്ചു കേൾപ്പിക്കുകയെന്നുള്ളതു ശാസ്ത്രജ്ഞാനമില്ലാത്തവൎക്ക് എളുപ്പത്തിൽ വിശ്വസിക്കാവുന്നതുതന്നെയല്ല. ഈ അത്ഭുതകരമായ യന്ത്രത്തിന്റെ അഭിവൃദ്ധിയും ത്വരിതമായ പ്രചാരവും ലോകപുരോഗതിയേയും സംസ്കാരവൎദ്ധനവിനേയും നിസ്സീമമായി സഹായിക്കുമെന്നുള്ളതിനു സന്ദേഹമില്ല. വാണിജ്യം, വ്യവസായം, വിദ്യാഭ്യാസം മുതലായി മനുഷ്യരുടെ ബഹുവിധമായ വ്യാപാരങ്ങളിലും ഈ യന്ത്രശക്തിയുടെ സ്വാധീനം അനുദിനം അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു. വാനിൽനിന്നും ഗാനമാധുരിയാസ്വദിക്കുന്നതിനും അംബരവീഥികളിൽക്കൂടെ ആശയവിനിമയം ചെയ്യുന്നതിനും, ആകാശമാൎഗ്ഗേണ നമ്മുടെ പല ആവശ്യങ്ങളും സാധിക്കുന്നതിനും ഉപകരിക്കുന്ന വിസ്മയജനകമായ ഈ യന്ത്രം ഇദാനീന്തനലോകത്തിനു പ്രദാനം ചെയ്തതു മാൎക്കോണി എന്ന സുപ്രസിദ്ധനായ ശാസ്ത്രീയമാന്ത്രികനാണ്.

ശ്രുതിമധുരമായ സംഗീതമേളങ്ങളും, വിജ്ഞാനപ്രദമായ പ്രസംഗങ്ങളും, രസപ്രദമായ പ്രഭാഷണങ്ങളും, ഉപയോഗയോഗ്യമായ ലോകവാൎത്തകളും, അനുദിനം ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനായി അനവധി പ്രക്ഷേപണശാലകൾ ഉണ്ടായിക്കൊണ്ടിരിക്കുകയും, റേഡിയോയന്ത്രങ്ങൾക്കു വിദ്യുത്‌വേഗത്തിൽ പ്രചാരം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതുകൊണ്ട് അധികകാലവിളംബമെന്യേ ഇതു് മനുഷ്യരുടെ അനുദിനാനുഭവങ്ങളിൽ ഒന്നായിത്തീരാൻ ഇടയുണ്ട്. തിരുവിതാംകൂറിലും ഒരു പ്രക്ഷേപണശാലയേൎപ്പെടുത്തുന്ന കാൎയ്യം ഗൎഭസ്ഥിതമായി കഴിഞ്ഞിരിക്കുന്നതിനാൽ യഥാകാലം റേഡിയോസെററുകളുടെ സാൎവ്വത്രികമായ പ്രചാരം നമ്മുടെ നാട്ടിലും ഉണ്ടാകാതെയിരിക്കയില്ല.

ശബ്ദം തരംഗരൂപത്തിൽ അന്തരീക്ഷത്തിൽക്കൂടെ വ്യാപരിപ്പിക്കാമെന്നും, പ്രസ്തുത തരംഗങ്ങളെ സ്വീകരിച്ചു വീണ്ടും ശബ്ദമായി രൂപാന്തരപ്പെടുത്താമെന്നും ഉള്ള ശാസ്ത്രീയമായ രണ്ടു തത്വങ്ങളാണു കമ്പിയില്ലാദൂരശ്രവണിയന്ത്രങ്ങളുടേയും, റേഡിയോയന്ത്രങ്ങളുടേയും ഉത്ഭവത്തിനു നിദാനമായിട്ടുള്ളതു്. പ്രക്ഷേപണോപായങ്ങളേയും റേഡിയോമാൎഗ്ഗമായ സ്വീകരണത്തെയുംപററി സ്ഥൂലമായ ഒരു ജ്ഞാനം ലഭിക്കുന്നതിനു ശബ്ദത്തെയും വിദ്യുച്ഛക്തിയേയുംപററി ലഘുവായ ചില സാമാന്യസംഗതികൾ അറിഞ്ഞിരിക്കേണ്ടതു് അത്യാവശ്യമാണ്.

## ശബ്ദം എന്നാൽ എന്തു്?

വെളിച്ചം, ചൂടു് ഇവയേപ്പോലെ തരംഗരൂപത്തിൽ വ്യാപരിക്കുന്ന ഒരു പ്രകൃതിശക്തിവിശേഷമാണു ശബ്ദം. വീണയുടെ കമ്പികളെ മീട്ടുമ്പോൾ നമുക്കു സ്വനമാധുൎയ്യാനുഭൂതിയുണ്ടാകുന്നു. ഇതെങ്ങിനെയാണു? കമ്പികൾ ചലിക്കുമ്പോൾ വായുവിൽ ചില സ്പുരണങ്ങൾ ഉണ്ടാകുന്നു. പ്രസ്തുത സ്പുരണങ്ങൾ ശ്രോത്രമാൎഗ്ഗമായി മസ്തിഷ്കത്തിലെത്തുകയും അവിടെ നടക്കുന്ന പ്രതികരണവ്യാപാരഫലമായി നമുക്കു ശബ്ദപ്രതീതി ഉണ്ടാകയും ചെയ്യുന്നു. ശാസ്ത്രരീത്യാ, അപഗ്രഥിച്ചു് അന്വേഷിക്കുന്ന പക്ഷം ശബ്ദം വായുവിലെ ചില ചലനവിശേഷങ്ങൾമാത്രമാണെന്നു കാണാവുന്നതാണ്. ഇതിൽനിന്നും ഒരു പ്രധാന സംഗതി നമുക്കു ഗ്രഹിക്കുവാനുണ്ടു്. വായു ശൂന്യമായ ഒരിടത്തും യാതൊരു വിധമായ ശബ്ദവും ഉണ്ടായിരിക്കയില്ല എന്നുള്ളതാണ് അതു്.

ദൃഷ്ടിഗോചരമായ വസ്തുക്കൾക്കുള്ളതുപോലെ രൂപവും ആകൃതിയും ശബ്ദത്തിനും ഉണ്ടെന്നാണു ശാ

ന്ത്രജ്ഞന്മാർ പറയുന്നതു്. രൂപഗുണവും രൂപവ്യത്യാസവും മനുഷ്യരെസംബന്ധിച്ചിടത്തോളം മാത്രമുള്ള ഒരു പ്രത്യേകാനുഗ്രഹമായി ആരും ഗണിക്കേണ്ട. പല മനുഷ്യരുടേയും ആകൃതി പല തരത്തിൽ ഇരിക്കുന്നതുപോലെ പല ശബ്ദങ്ങളുടേയും ആകൃതി പലപ്രകാരത്തിലാണ്. 'ആ' എന്ന ശബ്ദം അന്തരീക്ഷത്തിൽക്കൂടെ വ്യാപരിക്കുന്ന തരംഗരൂപം 'ഇ' എന്ന ശബ്ദം വ്യാപരിക്കുന്ന തരംഗരൂപത്തിൽനിന്നു വ്യത്യസ്തമാണു്. ഏററവും ലഘുവായ ശബ്ദവ്യത്യാസങ്ങൾക്കുപോലും അവയുടെ സൂക്ഷ്മമായ രൂപഭേദങ്ങൾ ഉണ്ടായിക്കൊണ്ടാണിരിക്കുന്നതു്. ഈദൃശമായ രൂപഭേദങ്ങളെ രേഖപ്പെടുത്തിയിട്ടുള്ള 'പ്ലേററിൽ'നിന്നാണു സ്വനഗ്രാഹിയന്ത്രം ശബ്ദം പ്രതിധ്വനിപ്പിക്കുന്നതു്.

ഗ്രാമഫോൺയന്ത്രത്തിൻെറ പ്രവൎത്തനത്തിനു വിദ്യുത്സഹായം ആവശ്യമില്ല. റേഡിയോയിൽ വിദ്യുച്ഛക്തിപ്രയോഗം ആവശ്യമാണു്.

## വിദ്യുച്ഛക്തി.

ഇതു് ആശ്ചൎയ്യകരമായ ഒരു നിഗൂഢശക്തിയാണു്. ഇതു കണ്ടുപിടിച്ചവൎക്കും ഉപയോഗിക്കുന്നവൎക്കുംതന്നെ ഇതെന്താണെന്നു നല്ല രൂപമില്ല. അതിനാൽ ഇതിനെസംബന്ധിച്ചു കൂടുതൽ അന്വേഷണം ശാസ്ത്രജ്ഞാനമില്ലാത്തവരായ സാധാരണജനങ്ങൾക്കു പ്രയോജനരഹിതമായിരിക്കും. ഈ അൽഭുതശക്തിയും തരംഗരൂപത്തിലാണത്രെ പ്രസരിക്കുന്നതു്. ശബ്ദതരംഗങ്ങൾ വായുവിൽക്കൂടെമാത്രമേ പ്രസരിക്കയുള്ളു. വിദ്യുത്തരംഗങ്ങൾ 'ഈതർ' മണ്ഡലത്തിലാണു വ്യാപരിച്ചു വിഹരിക്കുന്നതു്.

## ഈതർ.

ഇതും ഒരു വിശേഷസാധനമാണു്. നമ്മുടെ പഞ്ചേന്ദ്രിയങ്ങൾക്കു് ഒന്നിനും ഗോചരമല്ലാത്ത ഒരു മായാശക്തിയാണിതു്. ഇതു് ലോകത്തിൽ എല്ലായിടത്തും ഉണ്ടെങ്കിലും ഒരിടത്തും നമുക്കു കാണാൻ സാധിക്കയുമില്ല. ഭൂമിയിലും, അന്തരീക്ഷത്തിലും. ആകാശത്തിലും, അതിനുപരിയും—ഈ പ്രപഞ്ചകടാഹത്തിലെവിടെയും—സാൎവ്വത്രികമായി, അഗാധമായി, അപരിമേയമായി, അദൃശ്യമായി, അസ്പൎശമായി അരൂപമായി ഒരു മഹാസമുദ്രംപോലെ വ്യാപിച്ചുകിടക്കുന്ന ഏതാണ്ടൊന്നാണു് ഈതർ. ജലത്തിൽ ഓളങ്ങൾ ഉണ്ടാകുന്നതുപോലെയും, വായുവിൽ ചലനങ്ങൾ വ്യാപരിക്കുന്നതുപോലെയും, ശബ്ദം, വെളിച്ചം, ചൂടു് മുതലായവ തരംഗരൂപത്തിൽ പ്രസരിക്കുന്നതുപോലെയും ഈതറിനും കല്ലോലരൂപമായ ഒരു അദൃശ്യചലനശക്തിയുണ്ടെന്നുള്ള കാൎയ്യം ആധുനികശാസ്ത്രജ്ഞന്മാർ മനസ്സിലാക്കിയിട്ടുണ്ടു്. പ്രകൃതിശക്തികളിൽ പലതിലും കാണുന്ന ഈ തരംഗചലനങ്ങൾ ഏതാണ്ടൊരു ചൈതന്യവിശേഷമെന്നു മാത്രമല്ലാതെ അവയെപ്പററി കൂടുതലായി ഒന്നും ശാസ്ത്രകോവിദന്മാൎക്കുതന്നെയും അറിവില്ല. അതുകൊണ്ടു് ഇവയെല്ലാം ഈശ്വരചൈതന്യവിശേഷങ്ങൾതന്നെയെന്നു സമാശ്വസിക്കുകയാണുത്തമം.

ഈതറിനെ സാൎവ്വത്രികമായി വ്യാപിച്ചിരിക്കുന്ന ഒരു ജലാശയത്തോടു് ഉപമിക്കുന്നതു് അതിലുണ്ടാകുന്ന ചലനസംഭവങ്ങൾ ഗ്രഹിക്കുവാൻ എളുപ്പമായ ഒരു മാൎഗ്ഗമാണു്. നിശ്ചലമായ ഒരു ജലാശയത്തിൽ ഒരു കല്ലെടുത്തിട്ടാൽ അതു് നിപതിക്കുന്ന കേന്ദ്രത്തിൽനിന്നു നാലുവശത്തേയ്ക്കും കല്ലോലമാലകൾ വ്യാപിക്കുമല്ലൊ. അതുപോലെ ഈതറിൽ ഒരു വിദ്യുത് സ്ഫുലിംഗനിപാതം ഉണ്ടായാൽ അദൃശ്യമായ തരംഗചൈതന്യങ്ങൾ നാലുപാടും വ്യാപരിച്ചുകൊണ്ടിരിക്കും. ഇപ്രകാരം ഒരു കേന്ദ്രത്തിൽനിന്നും നാലുവശത്തേയ്ക്കും വ്യാപരിച്ചുകൊണ്ടിരിക്കുന്നതിനാണു് ഇംഗ്ലീഷിൽ 'റേഡിയെററ്' (Radiate) എന്നു് പറയുന്നതു്. ഈ വാക്കിൽനിന്നാണു് 'റേഡിയോ' എന്ന പേരുണ്ടായതു്. ഈതറിൽക്കൂടെ വ്യാപരിക്കുന്ന തരംഗചലനങ്ങളെ സ്വീകരിച്ചു പ്രതിധ്വനിപ്പിക്കുന്ന യന്ത്രമാണു് റേഡിയോ.

ഈതറും വായുവും വിഭിന്നഗുണങ്ങളോടുകൂടിയ രണ്ടു വ്യത്യസ്തസാധനങ്ങളാണു്. ചൂടു മരക്കഷണത്തിൽ വ്യാപിക്കുന്നതിനേക്കാൾ വളരെ വേഗത്തിൽ ലോഹങ്ങളിൽ വ്യാപരിക്കുന്നതുപോലെ, തരംഗചലനങ്ങൾ വായുവിൽക്കൂടെ വ്യാപിക്കുന്നതിനേക്കാൾ അനേകസഹസ്രം മടങ്ങു വേഗത്തിലാണു് ഈതറിൽക്കൂടെ പ്രസരിക്കുന്നതു്. ഇടിവെട്ടുമ്പോൾ നാം ആദ്യമായി മിന്നൽ കാണുകയും പിന്നീടു നാദം ശ്രവിക്കയും ചെയ്യുന്നു. മിന്നലും നാദവും ഉണ്ടാകുന്നതു ഒരേസമയത്തുതന്നെയാണെങ്കിലും, വെളിച്ചത്തിൻെറ തരംഗങ്ങൾ കൂടുതൽ വേഗത്തിൽ പ്രസരിക്കുന്നതുകൊണ്ടു് ശബ്ദം നമ്മുടെ കാതുകളിൽ എത്തുന്നതിനുമുൻപേ മിന്ന

ൽ നമ്മുടെ കണ്ണുകളിൽ എത്തിക്കഴിയുന്നു. ഈതറിൽ ക്കൂടെ ചരിക്കുന്ന ചില തരംഗവ്യാപാരവിശേഷമാണു വെളിച്ചം. വായുവിൽക്കൂടെ ചരിക്കുന്ന തരംഗചലനമാണ് ശബ്ദം. തരംഗവ്യാപാരങ്ങളുടെ വേഗതയെ സംബന്ധിച്ചിടത്തോളം, വായുവും ഈതറുമായി കാളവണ്ടിയും മോട്ടോറും പോലെയുള്ള വ്യത്യാസമുണ്ട്. ഇടിവെട്ടുമ്പോൾ, മിന്നൽ മോട്ടോറിലും, ശബ്ദം കാളവണ്ടിയിലും സഞ്ചരിച്ചാണു നമ്മുടെ പക്കലേക്കു എത്തുന്നതു്. അതുകൊണ്ടു മിന്നൽ ആദ്യം എത്തുന്നതിൽ തെല്ലും അതിശയിക്കാനില്ല.

ഒരു നിമിഷത്തിൽ 8 പ്രാവശ്യം ഭൂമിയുംചുറ്റും ചരിക്കുന്നതിനു സാധിക്കുന്ന വിസ്മയനീയമായ ഗതിവേഗമാണു കമ്പിയില്ലാക്കമ്പിയിലും പ്രക്ഷേപണത്തിലും ഉപയോഗിക്കുന്ന വിദ്യുത് തരംഗങ്ങൾക്കുള്ളതു്. ഭൂമിശാസ്ത്രം പഠിപ്പിക്കുവാൻ ഉപയോഗിക്കുന്ന ഗ്ലോബിൻെറ ചുററും എട്ടുപ്രാവശ്യം കൈ ഓടിക്കുവാൻ ഒരു നിമിഷംകൊണ്ടു സാധിക്കയില്ല. ബ്രഹ്മാണ്ഡമായ നമ്മുടെ ഭൂമിയുടെ വലിപ്പം എത്ര കുറഞ്ഞുപോയിരിക്കുന്നു! അങ്ങേവീട്ടിലും ഇങ്ങേവീട്ടിലും ഇരുന്നു തമ്മിൽ സംസാരിക്കുന്നതുപോലെ ഭൂമിയിലും ഇതരഗോളങ്ങളിലും (അവിടെയും മനുഷ്യരുണ്ടായിരുന്നുഎങ്കിൽ) ഇരുന്നു സംസാരിക്കാമെന്ന സ്ഥിതിയിലായിരിക്കുന്നു. അജ്ഞന്മാർ ദൈവമില്ലെന്നു പറയുന്നതിൽ അതിശയിക്കാനുണ്ടോ.

## ബ്രോഡ്ക്കാസ്റ്റിംഗ് അഥവാ പ്രക്ഷേപണം.


കമ്പിയില്ലാക്കമ്പി, കമ്പിയില്ലാവിദൂരശ്രവണി, പ്രക്ഷേപണി ഇവയുടെയെല്ലാം സമാന്യതത്വങ്ങൾ പ്രായേണ ഒന്നുതന്നെയാണെങ്കിലും ഉദ്ദേശങ്ങളിൽ ഓരോന്നും വ്യത്യസ്ഥമാണ്. ആദ്യത്തേതു സന്ദേശങ്ങൾ അയക്കുന്നതിനും, രണ്ടാമത്തേതു നേരിട്ടു സംസാരിക്കുന്നതിനും, പ്രക്ഷേപിണി പ്രധാനമായി ജനങ്ങളെ വിനോദിപ്പിക്കുന്നതിനും ഉള്ള മാർഗ്ഗങ്ങളാണ്. കമ്പിയില്ലാക്കമ്പിയും, കമ്പിയില്ലാവിദൂരശ്രവണിയും രഹസ്യമായ വാർത്താവിനിമയത്തിനും, പ്രക്ഷേപിണി പരസ്യമായ പരിപാടികൾക്കും ആണ് ഉപയോഗിക്കുന്നതു്. പ്രക്ഷേപിണിയിൽ രഹസ്യമായ യാതൊരു വാർത്താവിനിമയവും ഉദ്ദേശിക്കുന്നില്ല. ഒരു റേഡിയോ യന്ത്രം വാങ്ങി വയ്ക്കുന്ന ഒരാൾക്കു യന്ത്രത്തിൻെറ ശക്തിക്കനുസരിച്ചു എവിടെനിന്നും പ്രക്ഷേപിക്കപ്പെടുന്ന പരിപാടികൾ യഥേഷ്ടം സ്വീകരിക്കാവുന്നതാണ്. ലോകത്തിലെ എല്ലാജനങ്ങളുടേയും വിജ്ഞാനാഭിവൃദ്ധിയും വിനോദാനുഭൂതിയും ആണു ബ്രോഡ്കാസ്റ്റിംഗിൻെറ പ്രധാനോദ്ദേശ്യം. സംഗീതങ്ങളും പ്രസംഗങ്ങളുമാണതിലെ പ്രധാനപരിപാടികൾ.

കമ്പിയില്ലാദൂരശ്രവണി (Wireless telephone) യിൽ രണ്ടു വ്യക്തികൾക്കു പരസ്പരം സംസാരിക്കുവാൻ സാധിക്കും. റേഡിയോയിൽ അതു സാധിക്കയില്ല. പ്രക്ഷേപിക്കപ്പെടുന്നതെല്ലാം കേട്ടു രസിക്കാൻ മാത്രമുള്ളതാണ് റേഡിയോ.

## ലണ്ടനിലെ ബി. ബി. സി.

ലോകത്തിലെ പ്രക്ഷേപണശാലകളിൽ ഏററവും പ്രധാനമായ ഒന്ന് ലണ്ടനിലെ B. B. C. എന്ന ബീജാക്ഷരങ്ങളാൽ അറിയപ്പെടുന്ന ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിംഗ് കോർപ്പറേഷനാണ്. 1922-ൽ സ്ഥാപിതമായ ഈ സ്റ്റേഷനിൽ വളരെ വിജയകരമായി പ്രക്ഷേപണം നടത്തിവരുന്നു. ലോകത്തിൻെറ പല ഭാഗങ്ങളിലും ഉള്ള രാജ്യക്കാരെ ഉദ്ദേശിച്ച് അവിടെ പ്രത്യേകമായ പല പരിപാടികളും പ്രക്ഷേപിക്കപ്പെടുന്നുണ്ട്. ഓരോ ദിവസവും ബ്രോഡ്കാസ്റ്റ് ചെയ്യുന്ന വിഷയവിവരങ്ങൾ മുൻകൂട്ടി പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുക പതിവാണ്. തന്മൂലം പ്രക്ഷേപണവിഷയങ്ങളെപ്പററി മുൻകൂട്ടിയറിഞ്ഞു റേഡിയോ ശ്രവിക്കുവാൻ സാധിക്കുന്നതാണ്. ഇൻഡ്യൻസമയം 9-15 ആകുമ്പോൾ ലണ്ടൻസമയം 4 മണിയേ ആകയുള്ളു. ഈ സമയവ്യത്യാസത്തിൻെറ കാരണം ഭൂമിയുടെ ഗോളാകൃതിയാണ്. ഇൻഡ്യയെ പ്രത്യേകം ഉദ്ദേശിച്ചുള്ള പ്രോഗ്രാം ലണ്ടനിൽനിന്ന് നാലു മണിക്കു പ്രക്ഷേപിച്ചുതുടങ്ങുന്നു. അതു നമുക്കു 9-15 മുതൽ കേൾക്കാം.

ഏകദേശം ചതുരാകൃതിയിൽ ഒരു ചെറിയ പെട്ടിപോലെയാണ് റേഡിയോയുടെ ആകൃതി. ഇതു പ്രവർത്തിക്കുന്നതിന് വിദ്യുച്ഛക്തിയാവശ്യമാകയാൽ രണ്ടു ബാററികൾ ഇതിനോടു ഘടിപ്പിക്കേണ്ടതുണ്ട്. അന്തരീക്ഷത്തിൽനിന്നും വിദ്യുത് തരംഗങ്ങളെ സ്വീകരിക്കുന്നതിന് ആകാശത്തിലേയ്ക്കു ഒരു കമ്പിയും ഉയർത്തിയിരിക്കണം. പ്രസ്തുത കമ്പിക്ക് ഇംഗ്ലീഷിൽ 'ഏറിയൽ' (Aerial) എന്നു പറയുന്നു. റേഡിയോയന്ത്രം പ്രവർത്തിപ്പിക്കുന്നതിനു ദീർഘമായ പരിശീലനം ഒന്നും ആവശ്യമില്ല. അല്പപരിചയംകൊണ്ട് ആർക്കും ഇതിനെ പ്രവർത്തിപ്പിക്കാൻ സാധിക്കുമെ



ന്നുള്ളതു് ഇതിൻെറ പ്രചാരത്തെ സാരമായി സഹായിച്ചിട്ടുണ്ട്.

റേഡിയോയന്ത്രങ്ങൾക്ക് ഇനിയും പല പരിഷ്കാരങ്ങളും ഉണ്ടാകാനുണ്ട്. പ്രക്ഷേപണരീതികളിലും, അതിനോടനുബന്ധിച്ച ശാസ്ത്രങ്ങളിലും ക്രമപ്രവൃദ്ധമായ പുരോഗതിയുണ്ടായിക്കൊണ്ടിരിക്കുന്നതിനാൽ വിളംബംവിനാ ഇന്നത്തേക്കാൾ പരിഷ്കൃതവും കാര്യക്ഷമവും ആയ റേഡിയോയന്ത്രങ്ങൾ പ്രചാരത്തിൽ വരുമെന്ന പ്രത്യാശിക്കാവുന്നതാണ്. ഇതിൻെറ മഹത്തായ പ്രയോജനവും, സുകരമായ പ്രവൎത്തനലാഘവവും പരിചിന്തിച്ചാൽ, ഇത്രയും ലോകോപകാരപ്രദവും അത്യത്ഭുതകരവും ആയ ഒരു കണ്ടുപിടിത്തം വേറെ ഉണ്ടായിട്ടില്ലെന്ന് അതിശയോക്തികൂടാതെ പ്രസ്താവിക്കാവുന്നതാണ്.


## "ആയുൎവ്വേദവൈദ്യശാല."

ഇവിടെ ആയുൎവ്വേദവിധിപ്രകാരമുള്ള എല്ലാ ഔഷധങ്ങളും മിതമായ വിലയ്ക്കു വില്ക്കുന്നതാണ്. അഗതികളായ രോഗികളെ പ്രതിഫലം കൂടാതെ പരിശോധിച്ചു ഔഷധങ്ങൾ കൊടുക്കപ്പെട്ടും. കാലത്തു് ഏഴുമണിമുതൽ വൈദ്യൻ വൈദ്യശാലയിൽതന്നെ ഉണ്ടായിരിക്കുന്നതാണ്.

അർശസ്, കുഷ്ഠം, വാതം, ഗർഭാശയസംബന്ധമായ രോഗങ്ങൾ (തീണ്ടാരി ഇല്ലാതിരിക്കുക, വയററിൽവേദന, ഋതുകാലങ്ങളിൽ രക്തം പോകാതിരിക്കുക, അധികമായ രക്തസ്രാവം, ഗർഭം ധരിക്കാതിരിക്കുക, പതിവായി ഗർഭം അലസുക, അസ്ഥിസ്രാവം മുതലായവ) പൂയസ്രാവം (പഴുപ്പുപോക്ക്), പ്രസവരക്ഷ, പറങ്കിപ്പുണ്ണ് (സിഫിലിസ്) മുതലായവകൾക്കു ഏററവും ഫലപ്രദങ്ങളായ ഔഷധങ്ങൾ എല്ലായ്പോഴുമുണ്ടായിരിക്കും. രോഗികളെ കാണിച്ചു ഔഷധങ്ങൾ വാങ്ങുന്നതുത്തമമായിരിക്കും. ദൂരസ്ഥന്മാരായ രോഗികൾ രോഗവിവരം വിശദമായി എഴുതി അയച്ചാൽ ഔഷധങ്ങൾ നിശ്ചയിച്ചു വി. പി.-യായി അയക്കാവുന്നതാണ്.

കെ. കൃഷ്ണവാരിയർ,

സൎക്കാർവൈദ്യൻ.

ഊരകം A. O., കുത്തിയതോട്ട് P. O.


*"Man is the meeting-point of various stages of Reality."*

*Rudolph Eucken.*

# അപൂൎണ്ണത.

(പാലാ എം. കെ. ഗോപാലൻനായർ.)

ഏണാങ്കബിംബത്തിനെഴുന്ന കാന്തി
വാഴ്ത്തുന്ന സാഹിത്യധുരന്ധരന്മാർ
എന്നാലതിൽത്തങ്ങുമിരുട്ട,തിൻ മാ–
റേററുന്ന തേററം വിഗണിച്ചിടുന്നു. 1.

തേജസ്സുമോജസ്സുമിളയ്ക്കുനൽകു–
മൎക്കൻ സദാവാനിൽ വിളങ്ങിനിന്നാൽ
പ്രശാന്തിതേടുന്നുദയാസ്തമങ്ങൾ
കണ്ടിട്ടുനാമെങ്ങിനെ കൺകുളിക്കും? 2.

ബാലാൎക്കരശ്മിപ്രകരങ്ങളേററു
വിടൎന്നിടും മഞ്ജുളപങ്കജങ്ങൾ
പുത്തൻമണത്തിൻ മണിഭൂഷചാൎത്താ–
തിരിപ്പതിൻദിവ്യരഹസ്യമെന്തോ? 3.

മനം മയക്കുന്ന സുഗന്ധവായ്പും
മാണിക്യമൊക്കും സുവിശേഷഭാസ്സും
നൽചെമ്പകപ്പൂക്കൾ വഹിപ്പു, പക്ഷേ,
നാളെപ്പുലൎച്ചക്കവയെങ്ങുപോകും. 4.

പോരിൻമദാൽവെൺനുരചിന്നിയേററം
കുതിച്ചുപാഞ്ഞെത്തുമലാഹയങ്ങൾ
ഇക്കൊച്ചുഭൂമണ്ഡലമാക്രമിക്കാ–
തേതശപാലൻ കടിഞാൺ പിടിപ്പൂ! 5.

മാനത്തുമിന്നും മഴവില്ലുമപ്പോൾ
ജലത്തിലുണ്ടാം കുമിളക്കുരുന്നും
മാത്രയ്ക്കുമാഞ്ഞീടിനമൂലമല്ലീ
മൎത്ത്യന്നുമേന്മേൽ പുളകം വളൎത്തീ. 6.

അനന്തമാമാഴിയിലങ്ങുമിങ്ങും
കാണുന്നു നാം കാഞ്ചനദീപജാലം
പ്രകൃത്യധീശാംബിക ചാൎത്തിടുന്ന
സാരിയ്ക്കെഴും ചിത്രസുമങ്ങൾപോലെ. 7.

മരുപ്രദേശങ്ങൾ വിരിച്ചിടുന്നാ
മനോജ്ഞവെള്ളക്കടലാസുതോറും
അപൂൎണ്ണതേ നിൻ മഹനീയഹസ്തം
വരച്ചിടുന്നൂ നവ ശാദ്വലങ്ങൾ. 8.

കരപ്രഭാവാൽ മദമത്തനായി
ലോകം മിരട്ടുന്ന നരേന്ദ്രസിംഹം
ദുഷ്കാലവ്യാധന്റെ വലയ്ക്കകത്തു
കേഴുന്നമാനിൻ വടിവെത്തിടുന്നു. 9.

ഒട്ടേറെ നൂററാണ്ടുകളായ് മനുഷ്യൻ
തിരഞ്ഞിടുന്നൂ ജഗദീശമെങ്ങും
ഫലം പലമട്ടി,ലതെന്തിനിന്നും
പ്രചണ്ഡവാതോച്ചലമന്തരീക്ഷം. 10.

നവീനശാസ്ത്രത്തികവോടു തോററു
മണ്ടുന്നപാടേ പ്രകൃതിപ്രഭാവം
എന്തായിരിക്കാം കഥ മൎത്ത്യഹസ്ത–
മമൃത്യുദേവയും വിജയിച്ചുവെങ്കിൽ! 11.

ദോഷം ഗുണത്തിൻവില കാട്ടിടുന്നാ
നന്മാററുരക്കല്ലുകൾ തന്നെയാവാം
അല്ലെങ്കിലെന്തീവിധിഗാഢതത്വ–
മിവററയെബ്ഭൂവിൽ നിരത്തിവെപ്പൂ!! 12.

*"To think well is to serve god in the interior court."*

Traherne.

# കുമാരനാശാൻെറ കവിത.

## (ചില ചിന്തകൾ.)

(വിദ്വാൻ കെ. ശങ്കരനെഴുത്തച്ഛൻ.)

മഹാകവി കുമാരനാശാൻെറ കൃതികൾ മലയാളപദ്യസാഹിത്യത്തിന്നുണ്ടായിട്ടുള്ള ആ മനോജ്ഞമായ പരിവൎത്തനത്തിൻെറ വിഭാതവേളയെയാണു ചിത്രീകരിയ്ക്കുന്നതു്. കഥാഘടനയിലും, വൎണ്ണനാരീതിയിലും, അലങ്കാരവൈചിത്ര്യത്തിലും,എന്നുവേണ്ട സാൎവ്വത്രികമായ ഒരു പുതുമയാണു് ആശാൻെറ കൃതികളിൽ കാണപ്പെടുന്നതു്. മദ്ധ്യകാലത്തു സംസ്കൃതസാഹിത്യത്തിലും അതിനെ അനുകരിച്ചു നവീനകാലത്തു മലയാളസാഹിത്യത്തിലും ഉണ്ടായിട്ടുള്ള കൃത്രിമങ്ങളായ കവനസമ്പ്രദായങ്ങളെ ഉപേക്ഷിച്ചു് ആശാനവർകൾ ഒരു പുതിയപ്രസ്ഥാനത്തിന്നു മാൎഗ്ഗപ്രദൎശനംചെയ്തു. മററൊരുപ്രകാരത്തിൽ പറകയാണെങ്കിൽ ആശാൻ മദ്ധ്യകാലങ്ങളിലെ കവനസമ്പ്രദായങ്ങളെ കവച്ചുകടന്നു് വാത്മീകി, വ്യാസൻ മുതലായ ലോകോത്തരന്മാരായ കവനകലാവല്ലഭന്മാരുടെ കാലടിപ്പാടുകളെ ആധുനികകാലത്തിൻെറ അഭിരുചിയ്ക്കൊത്തവണ്ണം കഴിയുന്നതും അനുസരിച്ചു സ്വതന്ത്രമായ ചിന്താഗതിയും, അഗാധമായ ആലോചനാശക്തിയും ആശാൻെറ ആശയഗതിയിലും പദപ്രയോഗങ്ങളിലും കാണാവുന്നതാണു്. പരിഷ്കാരത്തെയും സ്വാതന്ത്ര്യത്തേയും അദ്ദേഹം സ്വാഗതം ചെയ്തുവെങ്കിലും, അധഃപതനത്തിലേയ്ക്കു വഴികാണിയ്ക്കുന്ന നിരങ്കുശത്വം അദ്ദേഹത്തിന്നുണ്ടായിരുന്നില്ല. കുമാരനാശാൻെറ കാവ്യങ്ങളിലെ ഭാഷാരീതിയെപ്പററിയും രസഘടനയെപ്പററിയും സഹൃദയന്മാരായ സാഹിത്യരസികന്മാൎക്കും, ആലങ്കാരികന്മാൎക്കും എന്തൊക്കത്തന്നെ പറവാനുണ്ടായിരുന്നാലും മലയാളപദ്യസാഹിത്യത്തെ, അതിൻെറ ഇന്നത്തെ മാന്യാവസ്ഥയിലെത്തിച്ച കല്പനാസമ്പന്നനായ ഒരസാധാരണവ്യക്തിയെന്ന നിലയ്ക്കു കേരളക്കരയിൽ അദ്ദേഹം എന്നെന്നും സബഹുമാനം സ്മരിയ്ക്കപ്പെടുന്നതാണു്. അസൂയാലുക്കളായ ക്ഷുദ്രനിരൂപകന്മാൎക്കു കളങ്കപങ്കിലമാക്കുവാൻ സാധിക്കാത്തവിധം സമുന്നതമായ ഒരു സ്ഥാനത്തു് ഇന്നദ്ദേഹത്തിൻെറ സാഹിത്യം എത്തിക്കഴിഞ്ഞിരിക്കുന്നു. വള്ളത്തോളിൻെറ വിശേഷോത്തരമായ രചനാസൌഭാഗ്യത്തോടൊ, ഉള്ളൂരിൻെറ ഉല്ലേഖകല്ലോലിതമായ കവനവൈചിത്ര്യത്തോടൊ മല്ലടിച്ചു ജയിപ്പാൻ ആശാൻെറ കവിതകൾക്കു സാധിച്ചില്ലെന്നുവരാം; അതു സാധിയ്ക്കേണ്ട ആവശ്യവുമില്ല. അദ്ദേഹത്തിൻെറ കവിതകൾക്കുള്ള പ്രത്യേകതകൾ മററുചിലവയാണു്. ആ പ്രത്യേകതകൾ അദ്ദേഹത്തെ ഏററവും സമുന്നതമായ ഒരു സ്ഥാനത്തു്, ഏററവും ഒററപ്പെടുത്തി ഒരദ്ധ്യക്ഷൻെറ രൂപത്തിൽ നിൎത്തിക്കളയുന്നു. ആശാനു് ആരാധകന്മാർ വളരെയുണ്ടു്; എന്നാൽ അനുഗാമികളാരുമില്ല. ഏററവും മനോഹരമായതു് ഏററവും വേർതിരിഞ്ഞു നിൽക്കുന്നുവെന്ന അഭിയുക്തോക്തി വാസ്തവമായിരിക്കണം. വിളഞ്ഞ പാണ്ഡിത്യവും തികഞ്ഞ വാസനയുംകൂടി സമ്മേളിക്കുക, ഒരു മഹനീയ സംസ്കാരത്താലും തത്വജ്ഞാനത്താലും സംസ്കരിയ്ക്കപ്പെടുകയും ഒരു മഹാഗുരുവിൻെറ നേതൃത്വത്താൽ അനുഗൃഹീതനാവുകയും ചെയ്യുക! ഇത്തരം സൌഭാഗ്യങ്ങളൊന്നും അത്ര സുലഭങ്ങളല്ലല്ലൊ.

ആശാൻെറ "വീണപൂവും" "നളിനി"യും കേരളത്തിലെ സഹൃദയന്മാരെ ആകമാനം ഇളക്കിത്തീൎത്തു. വൃത്തനിബന്ധനയോടുകൂടിയ കേവലവാക്യം, ഏറിയപക്ഷം അതിൽ കുറച്ചു ഫലിതംകൂടിയുണ്ടായാൽ നല്ലകവിതയായി എന്ന അഭിപ്രായത്തിന്നു് അന്നു കേരളത്തിൽ നല്ലൊരു സ്ഥാനമുണ്ടായിരുന്നുവെന്നാണു തോന്നുന്നതു്. "വീണപൂവു്" "നളിനി" മുതലായ കവിതകളുടെ ആവിൎഭാവം, ഈ അഭിപ്രായത്തെ അടിപറിയത്തക്കവണ്ണം പിടിച്ചുകുലുക്കിയെന്നു

മാത്രമല്ല, സംസ്കൃതം ഇംഗ്ലീഷ് മുതലായ മൂതിന്ന് ഭാഷകളോടൊപ്പം, കൃതഹസ്തന്മാരെടുത്തു കൈകാര്യം ചെയ്യുന്നതായാൽ, മലയാളഭാഷയും എത്തിച്ചേരുമെന്ന് അവ ഉദാഹരിച്ചു. സ്വതന്ത്രകല്പനകളും പ്രസ്ഥാനങ്ങളും തന്റെ വർഗ്ഗത്തിന്നസാദ്ധ്യമാണെന്നു ധരിച്ചിട്ടുള്ള നമ്മുടെ അസൂയാലുവായ മലയാളി അവ ബംഗാളിയിൽനിന്നപഹരിക്കപ്പെട്ടവയാണെന്നു പറഞ്ഞുപരത്തി. ആശാന്റെ കവിതകൾ ഒരുതരം "കീറാമുട്ടി"ക്കവിതകളാണെന്നായി ചിലർ; അതെ, വാസ്തവത്തിൽ അവ "കീറാമുട്ടി"കൾതന്നെയായിരുന്നു. അതേവരെ ചിന്താശക്തിയെ വ്യാപരിപ്പിക്കാതെ പദ്യപാരായണംചെയ്തുവന്ന മലയാളിയ്ക്കു ധാത്വർത്ഥങ്ങൾ കൂടി നോക്കി പദപ്രയോജനം ചിന്തിക്കേണ്ടിവരിക, അലങ്കാരങ്ങളുടെ ഔചിത്യം മനസ്സിലാക്കേണ്ടിവരിക, ഇതൊക്കെ വലിയ ബുദ്ധിമുട്ടായിത്തോന്നി. പച്ചമലയാളത്തിൽ പൊതിഞ്ഞുവെപ്പാൻ കഴിയാത്ത ആശയങ്ങൾ; പോരെങ്കിൽ കവി,

"തന്നതില്ല പരനുള്ളു കാട്ടുവാ-
നൊന്നുമേ നരനുപായമീശ്വരൻ;
ഇന്നു ഭാഷയതപൂർണ്ണമിങ്ങഹോ!
വന്നുപോം പിഴയുമർത്ഥശങ്കയാൽ"

എന്നു തന്റെ അശക്തിയെ വിനീതമായി സമ്മതിയ്ക്കുന്ന ഒരാളുമായിരിയ്ക്കുക—അപ്പോൾ അവിടെ ഒരു "ദുരവഗാഹത്വം" വന്നുകൂടിയേ കഴിയൂ. ഈ വാസ്തവം സമ്മതിയ്ക്കത്തക്കതാണ്; കവിതയിൽ രചനാസൌഷ്ഠവത്തിനുള്ള സ്ഥാനവും സമ്മതിയ്ക്കത്തക്കതാണ്; എന്നിരുന്നാലും സംഗീതവും സാഹിത്യവും എവിടെവെച്ചാണു ഭേദിക്കുന്നതെന്നു നാം ആലോചിക്കേണ്ടതായിരിക്കുന്നു.

"കർണ്ണംഗതഃ ശുഷ്യതി കർണ്ണ ഏവ
സംഗീതകം സൈകത വാരിരീത്യാ
ആനന്ദയത്യന്തരനുപ്രവിശ്യ
സൂക്തിഃകവേരേവസുധാസഗന്ധാ"

എന്ന സംഗീതസാഹിത്യങ്ങളുടെ സ്വഭാവചിത്രണം സ്മരിക്കേണ്ടതാണ്; അതെ, സംഗീതം മണൽപ്പുറത്തുവീണ വെള്ളംപോലെ ചെവിയിൽപ്പെട്ട് അവിടെത്തന്നെ ലയിക്കുന്നു. എന്നാൽ ചിന്തിപ്പാൻ വകയുള്ള സാഹിത്യം ഹൃദയത്തിൽക്കടന്ന് അവിടെ വ്യാപരിച്ചു പരിവർത്തനങ്ങൾ വരുത്തുന്നു. ആശാന്റെ കവിതകളെപ്പോലെ വീണ്ടും വീണ്ടും വായിപ്പാൻ തോന്നിക്കുന്ന കവിതകൾ മലയാളസാഹിത്യത്തിൽ കുറച്ചേ ഉള്ളൂ. എഴുത്തച്ഛനെപ്പോലെതന്നെ അദ്ദേഹവും ആർഷസംസ്കാരത്തിന്റെ സന്ദേശവാഹകനും നമ്മെ ഇരുത്തി ചിന്തിപ്പിക്കുന്ന ആളുമാണ്.

അദ്ദേഹം ഒന്നാമതെഴുതിയതുതന്നെ ഒന്നാന്തരമായിരുന്നുവെങ്കിലും, കേരളം അന്നതിനെ സ്വീകരിച്ചില്ല. അദ്ദേഹം തിരസ്കരിയ്ക്കപ്പെട്ടു; വളരെ വൈകിയശേഷം മാത്രമാണ് ആശാൻ സുസമ്മതനായി സ്വീകരിയ്ക്കപ്പെട്ടതു്. "വീണപൂവി"നോടും "നളിനി"യോടും കിടപിടിപ്പാൻ ത്രാണിയുള്ള കവിതകൾ മലയാളത്തിലുണ്ടോ എന്നു സംശയിക്കുന്നു. ആശാന്റെ (Master piece) പ്രധാന കൃതിതന്നെ "നളിനി"യാണെന്നു ഞാൻ വിചാരിക്കുന്നു.

ആശാൻ ഒരു തത്വജ്ഞാനിയായ ആചാര്യനായിരിക്കുമ്പോൾത്തന്നെ ഒരു ശൃംഗാരരസികനായ മഹാകവിയുംകൂടിയായിരുന്നു. എന്നാൽ മാംസളശൃംഗാരത്തിന്ന് ആശാന്റെ കവിതയിൽ സ്ഥാനമനുവദിച്ചിട്ടില്ല. മിക്കവാറും സാത്വികപ്രേമത്തെത്തന്നെയാണ് ആശാൻ വർണ്ണിക്കുന്നതു്. "പരിശുദ്ധമായ അനുരാഗം അല്ലെങ്കിൽ "കലർപ്പില്ലാത്ത ശൃംഗാരം" എന്ന് "നളിനി"യിലെ പ്രേമത്തെ പണ്ഡിതരാജരാജൻ പ്രശംസിയ്ക്കുന്നു. വെണ്മണിശൃംഗാരത്തിന്റെ ദുർഗ്ഗന്ധം കേരളാന്തരീക്ഷത്തിൽ പ്രകടമായി വ്യാപിച്ചിരുന്ന കാലത്തായിരുന്നു "നളിനി"യിലെ പ്രേമസൗരഭ്യം പരക്കുവാൻ തുടങ്ങിയതു്. ഒരു വല്ലാത്ത വൈപരീത്യം! വെണ്മണിയുടെ കൃതികൾ ഏകാന്തതയിൽക്കൂടി വായിപ്പാൻ വയ്യാത്തവ; ആശാന്റേതാണെങ്കിൽ കുടുംബാംഗങ്ങൾക്കൊരുമിച്ചിരുന്നുകൂടി വായിച്ചു രസിയ്ക്കാവുന്നവ!

ആശാന്റെ സ്നേഹഗായകത്വം സുപ്രസിദ്ധമാണ്. എന്നാൽ അദ്ദേഹത്തിന്റെ ഗാനങ്ങൾ ഭോഗതൃഷ്ണയുടെ പ്രതിദ്ധ്വനികളല്ല; സാത്വികപ്രേമത്തിന്റെ മധുരാലാപങ്ങളാണ്. സ്ത്രീകളുടെ നഖശിഖാന്തമുള്ള അവയവങ്ങൾ യാതൊരു മര്യാദയും കൂടാതെ വർണ്ണിച്ചു വിടുന്നതു നമ്മുടെ പാരമ്പര്യസിദ്ധമായ ഒരു സമ്പ്രദായമാണല്ലൊ. കാളിദാസാദികൾ കൂടി ഈ മര്യാദയെ ശക്ത്യാനുസരണം സമാദരിച്ചിട്ടുണ്ടു്. ഈ പ്രസ്ഥാനത്തെ ഔചിത്യപൂർവ്വം സ്വീകരിയ്ക്കുന്നതു വിരസമായിക്കൊള്ളണമെന്നില്ല; പക്ഷെ ആശാൻ ഇതിലും ഒരു പുതിയ സമ്പ്രദായമാണംഗീക

രിച്ചിട്ടുള്ളതു്. "കരുണ"യിലൊഴിച്ചു് മററൊരിടത്തും അദ്ദേഹം തൻെറ നായികമാരുടെ അവയവങ്ങൾ വണ്ണിപ്പാൻ തുനിഞ്ഞിട്ടില്ല. കരുണയിലെ വേശ്യാവണ്ണനം അപരിഹാര്യമാണെന്നുള്ളതു് ആ കവിതയുടെ കഥാഗതിയെ പരിശോധിയ്ക്കുന്നവക്ക് അനായാസേന ബോധപ്പെടുകയും ചെയ്യും.

"നളിനി"യിൽ,

"സ്വാന്തനിഷ്ഠയതിനായ് കുളിച്ചു
നീർചിന്തുമീറനൊടു പൊയ്കതൻതടെ
ബന്ധുരാംഗരുചിതൂവിനിന്നുഷഃ—
സന്ധ്യപോലെയൊരു പാവനാംഗിയാൾ"

എന്നൊരു ചെറിയ വിവരണത്തോടുകൂടിയാണ് കവി നായികയെ വായനക്കാക്ക് പരിചയപ്പെടുത്തുന്നതു്. അതുകൊണ്ടു നാം തൃപ്തിപ്പെടുന്നതാണും. ആ ഉപമകൊണ്ടു കവിയ്ക്കു പലതും സാധിക്കുവാൻ കഴിയുന്നുണ്ടു്. "നളിനി"യിൽ നായികയുടെ ചിത്രം വരയ്ക്കുവാൻ കുറെയൊക്കെ സഹായിക്കുന്ന പദ്യങ്ങൾ ഉള്ളതു് ഇവയാണു്:-

"ധീരനായ യതിനോക്കി തനചിതൻ
ഭൂരിബാഷ്പപരിപാടലം മുഖം
പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ
ധാരയാന്ന പനിനീർ സുമോപമം"

* * * *

"പാരമാശു വിളറിക്കറുത്തുടൻ
ഭൂരിഖേദമഥമഞ്ഞളിച്ചഹോ
നാരിതൻ കവിൾ നിറംകലന്നു ഹാ!
സൂര്യരശ്മിതടവും പളുങ്കുപോൽ"

ആശാൻെറ ഈ വണ്ണനാസമ്പ്രദായം കാണുമ്പോൾ ആദികവി വാത്മീകിയുടെ വണ്ണനാരീതിയാണു് ഓമ്മ വരുന്നതു്. ഭാവചിത്രങ്ങളാണു രണ്ടാളും വരയ്ക്കുന്നതു്. മിയ്ക്കവാറും വിശേഷണങ്ങളുടെയും അലങ്കാരങ്ങളുടെയും സാമത്ഥ്യംകൊണ്ടു് അക്കാര്യം നിപുണമായി നിവ്വഹിയ്ക്കപ്പെടുകയും ചെയ്യുന്നു. മനുഷ്യൻെറ ബാഹ്യസൌന്ദര്യം മാത്രമല്ല, ആന്തരസൌന്ദയ്യവും ആകഷകമായിട്ടുള്ളതുതന്നെയാണു്.

ഇതേരീതിതന്നെ അദ്ദേഹം "ലീല"യിലും അനുവത്തിയ്ക്കുന്നു:—

"സകുതുകമഥമത്സരിച്ചുതാൻ
മികവൊടണിഞ്ഞിതു ശൈശവം മുതൽ
പ്രകൃതിയവളെയംഗകാന്തിയാൽ
സുകൃതിപിതാവു വിഭൂഷണങ്ങളാൽ"

"വിഭവം,മതുകണക്കെ വിദ്യ,യീ
സുഭഗത, ശോഭനയൌവനാഗമം
ശുഭഗുണയിവയിൽ ചരിയ്ക്കയാ-
യഭിമതവാപിയിൽമുഗ്ദ്ധഹംസിപോൽ"

ഇങ്ങിനെ മൊത്തത്തിൽ ലീലയുടെ സ്ഥിതി വിവരയ്ക്കുന്നതുകൂടാതെ അവയവങ്ങളൊന്നും വണ്ണിയ്ക്കുന്നതു് അവിടെയും കാണുന്നില്ല. നവവധുവായ സീതയുടെ വണ്ണനം മററൊരു പ്രകാരത്തിലാണദ്ദേഹം നിവ്വഹിയ്ക്കുന്നതു്;

"അവൾ നിൽക്കുന്നപോൽ നിൽക്കു-
മവളെപ്പോൽ നടന്നിടും
അവൾപോൽ ഭൂഷയണിയു-
മയോദ്ധ്യയിൽ നതാംഗിമാർ"

ഈ വണ്ണനം കൊണ്ടുതന്നെ, കുലീനവും പരിമിതവുമായ ഈ വിവരണം കൊണ്ടുതന്നെ. സീതയുടെ സൌന്ദയ്യാധിക്യത്തെ ചിത്രീകരിച്ചു കഴിഞ്ഞു. അയോദ്ധ്യയിലെ സ്ത്രീകൾ നിൽക്കുന്നതിലും നടക്കുന്നതിലും ആഭരണങ്ങളണിയുന്നതിലുമെല്ലാം സീതയെ മാതൃകയാക്കുന്നുവെങ്കിൽ അവൾ വലിയ സുന്ദരിയായിരിയ്ക്കണം; ആരാധനം അനുകരണത്തിലവസാനിയ്ക്കുന്നതു സ്വാഭാവികമാണല്ലൊ.

"ധ്രുവമിഹമാംസനിബദ്ധമല്ല രാഗം" എന്നു ബലമായി വാദിയ്ക്കുന്ന കവി, ബാഹ്യവണ്ണനകൾക്കു പ്രാധാന്യം കൊടുക്കാതെ മാനസികരഹസ്യങ്ങളെയും രാഗവൈഭവത്തെയും കുറിച്ചു് അവഗാഢമായി ചിന്തിച്ചുപോകുന്നതിലത്ഭുതമില്ല. സ്നേഹത്തിൻെറ മാഹാത്മ്യത്തെപ്പററി ആശാനെപ്പോലെ അഗാധമായി ചിന്തിയ്ക്കയും വിവരിയ്ക്കയുംചെയ്ത ഒരു കവി കേരളത്തിലുണ്ടായിട്ടില്ല. നളിനിയുടെ ആ ലോകോത്തരമായ അലൌകികപ്രേമം മാത്രമല്ല, ലീലയുടെ ലൌകികപ്രേമം കൂടി അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ "മാംസനിബദ്ധമല്ല"ാത്തതായിത്തീരുന്നു. ഒരു വേശ്യയുടെ പ്രേമത്തെപ്പററിപ്പോലും,

"കതിരവനുടെ ചെറുകിരണവും കാമ്യമല്ലി-
യതിമാത്രമിരുൾ തിങ്ങുമന്ധകൂപത്തിൽ?"

എന്നാണു് ആ പ്രേമഗായകൻ ചോദിയ്ക്കുന്നതു്; പ്രേമവിഷയകമായ ആശാൻെറ പ്രപഞ്ചനംതന്നെ വളരെ വിസ്തൃതമാണു്.

"അറികില്ലനുരാഗമേറയാ—
ളറിവോർ തെററിടുമൊക്കയൊക്കുകിൽ
നിറവേറുകയില്ല കാമിതം
കുറയും ഹാ! സഖിഭാഗ്യശാലികൾ"

എന്നു തുടങ്ങിയുള്ള ജീവിതരഹസ്യങ്ങളെ ചിത്രീകരിയ്ക്കുന്ന വർണ്ണനകൾ ആരെയാണു് ഇരുത്തി ആലോചിപ്പിക്കാത്തതു്!!

# എൻെറ മാതൃകാ ശ്രോതാവ്



(ഈ. എം. കോവൂർ ബി. ഏ., ബി. എൽ.)

നൂറിൽ നൂറുമാക്കും നിഷ്പ്രയാസം കരസ്ഥമാക്കുന്ന ഒരു ഒന്നാംതരം കേൾവിക്കാരനെ ഞാനീയിടെ കണ്ടുമുട്ടി. എററവും അപൂർവ്വമായ ഈ കണ്ടുപിടിത്തത്തിൽ എനിയ്ക്കുള്ള ആഹ്ലാദവും അഭിമാനവും ഈ ലേഖനംവഴി രേഖപ്പെടുത്തുവാനാണ് എൻെറ പുറപ്പാട്.

മാർക്കോണിയെ ആദരിക്കാമെങ്കിൽ, ലോയിഡ് ജോർജ്ജിനെ അഭിനന്ദിക്കാമെങ്കിൽ എൻെറ ഈ മാതൃകാകേൾവിക്കാരനെ എന്തുകൊണ്ടു സ്തുതിച്ചുകൂടെന്നാണ് എൻെറ ചോദ്യം. ശാസ്ത്രജ്ഞന്മാരെ, വാഗ്മികളെ, കായികാഭ്യാസപ്രവീണന്മാരെ, ഇവരെയൊക്കെ അഭിമാനിക്കാവുന്ന ലോകത്തിന് എന്തുകൊണ്ട് എൻെറ മാതൃകാശ്രോതാവിനെ അഭിനന്ദിച്ചുകൂടാ. ശ്രവണം ഒരു കലയത്രെ. അതിൽ വിദഗ്ദ്ധന്മാരായവരെ ആദരിച്ചേ മതിയാകയുള്ളൂ.

ചിലരോടു നമുക്കു സംസാരിക്കാൻ ഒരു പ്രത്യേക താല്പര്യവും ഉത്സാഹവുമുണ്ട്. നമ്മുടെ നല്ല നല്ല നേരംപോക്കുകളും, ശൈലികളും, അഭിനയങ്ങളും എല്ലാം ഉയന്നു പുഷ്ടിപ്പെടണമെങ്കിൽ അങ്ങനെയുള്ളവർ അടുത്തുണ്ടായിരിക്കണമെന്നുള്ളതു നിർബ്ബന്ധമാണ്. ചിലരെക്കാണുമ്പോൾ കഥകളും, വെടികളും, നമ്മിൽനിന്നു താനെ പൊട്ടിപ്പുറപ്പെട്ടുകൊള്ളും. അപ്പോൾ വാക്കുകൾക്കു പഞ്ഞമില്ല, ആശയങ്ങൾക്കു ദുർഭിക്ഷമില്ല, വർണ്ണനകൾക്കു ക്ഷാമവുമില്ല. അവരുടെ സാന്നിദ്ധ്യം നമ്മെ നമ്മുടെ വാചാലതയുടെ പാരമ്യത്തിൽ കൊണ്ടുചെന്നാക്കുകയും ചെയ്യുന്നു.

ഒരു നല്ല കേൾവിക്കാരൻ ഒരു അസുലഭവസ്തുതന്നെയാകുന്നു. ജീവിതയാത്രയിൽ അവനെ ഒരിക്കലൊ രണ്ടുപ്രാവശ്യമോ കണ്ടുമുട്ടിയെങ്കിലായി. മിക്കവരും അപൂർണ്ണശ്രോതാക്കളാണ്. യാതൊന്നും അങ്ങോട്ടു സംസാരിക്കുവാൻ ഇടതരാത്ത കൂട്ടരുമുണ്ട്. പക്ഷെ അവർ മിക്കപ്പോഴും പെൻഷ്യൻകാരൊ സ്ത്രീകളൊ ആയിരിക്കും.

എന്നോപ്പോലെ മററു പലക്കുമുള്ള ഒരു സുഖക്കേടു ഞാൻ സൂക്ഷിച്ചിട്ടുണ്ട്. നാലഞ്ചാളുകൾ കൂടിയിരിക്കുന്ന ഒരു ചെറുസംഘത്തിൽവച്ചു സംസാരിക്കാൻ തുടങ്ങിയാൽ അവരിൽ ഏതെങ്കിലുമൊരാളിൻെറ മുഖത്തുമാത്രം മിക്കവാറും മുഴുവൻ സമയവും നോക്കിക്കൊണ്ടു സംസാരിക്കയെന്നുള്ളതാണ് ഈ സുഖക്കേട്. അയാളിലാണ് നമ്മുടെ സംസാരം മുഴുവനും നാം പകരുവാൻ നോക്കുന്നതു്. ബാക്കിയുള്ളവർ ആ പരിശ്രമത്തിനുള്ള വെറും സാക്ഷികൾമാത്രം അയാളുടെ മുഖത്തെ ഭാവവ്യത്യാസങ്ങൾക്കനുസരിച്ചാണു നാം നമ്മുടെ കഥയുടെ നീളവും അലങ്കാരങ്ങളും എല്ലാം ക്രമീകരിക്കുന്നതു്. അയാളുടെ കണ്ണുകൾ എത്രമാത്രം വികസിക്കുന്നു എന്നു നോക്കിയാണ് നമ്മുടെ വർണ്ണനയുടെ പരിധി നാം നിർണ്ണയിക്കുന്നതു്. അയാൾ ചിരിച്ചാൽ നമ്മുടെ ഫലിതം കുറിക്കു കൊണ്ടു എന്നു നാം തീരുമാനിക്കുന്നു. അയാളുടെ മുഖത്തു ശോകച്ഛവി പരന്നാൽ നമ്മുടെ കഥയിലെ കരുണരസം ഫലിച്ചെന്നു നാം നിശ്ചയിക്കയായി. നമ്മുടെ വാചാലതയുടെ വിജയത്തിൻേറയൊ പരാജയത്തിൻേറയൊ മാനദണ്ഡം അയാളുടെ മുഖഭാവത്തിലുണ്ടാ

കുന്ന വ്യതിയാനങ്ങളാകുന്നു. ബാക്കിയുള്ളവർ എന്തുചെയ്തുകൊണ്ടിരുന്നാലും നമുക്കൊരു ചുക്കുമില്ല. അവരിലൊരാൾ മുറുക്കാൻ പൊതിയഴിക്കയായിരിക്കും; വേറൊരാൾ കോട്ടുവാവിടുകയായിരിക്കും. പക്ഷെ അതൊന്നും നമ്മെയൊ, നമ്മുടെ സംസാരത്തേയൊ ബാധിക്കയില്ല. കാരണം ഒരു നല്ല കേൾവിക്കാരനെ നമുക്കു പിടികിട്ടിപ്പോയി. ഒരു വല്ലാലിനേപ്പോലെ നമ്മുടെ സംഭാഷണം അയാളുടെ മുഖപക്ഷത്തിൽ ചെന്നു തൂങ്ങിക്കഴിഞ്ഞിരിക്കയാണു്.

അദ്ധ്യാപകന്മാരും പ്രാസംഗികന്മാരും ഈ പ്രത്യേകത സൂക്ഷിച്ചുകാണണം. ക്ലാസിൽ നിരവധി കുട്ടികളുണ്ടെങ്കിലും, താൻ പറയുന്നതു നല്ലതുപോലെ ശ്രദ്ധിച്ചു കേൾക്കുന്നുണ്ടെന്നു ബോദ്ധ്യമുള്ള ഒരു കുട്ടിയുടെ മുഖത്തായിരിക്കും അദ്ധ്യാപകന്റെ മിക്കവാറുമുള്ള ദൃഷ്ടി. അയാൾക്കു മനസ്സിലായിയെന്നു നിശ്ചയം വന്നെങ്കിൽ അടുത്ത പാഠത്തിലേക്കു കടക്കുകയായി. പ്രാസംഗികന്റേയും ഗതി ഇതുതന്നെ. പതിനായിരം ആൾ കൂടിയിരിക്കുന്ന മഹാസദസ്സിൽ ആ പ്രസംഗമഹാസാധു ഒരു മാതൃകാശ്രോതാവിനെ ആദിമുതലെ തെരഞ്ഞു തുടങ്ങും. ആ അപൂർവ്വ സിദ്ധൌഷധത്തെ ദർശിക്കുന്നതുവരെ പിണ്ഡംവച്ചു ശാന്തിലഭിക്കാത്ത ദുരാത്മാവുപോലെ അയാളുടെ ദൃഷ്ടികൾ ഉഴറി നടക്കുന്നതു കാണാം. പട്ടു സാൽവയും, കൈവാച്ചുകളും ധരിച്ചു് മുന്നണിയിൽ ഇരുന്നു വാപൊളിക്കുന്ന കഷണ്ടിത്തലയന്മാരിൽ അയാളുടെ ദൃഷ്ടികൾ പതിയുകയേയില്ല. മങ്ങിയ കണ്ണുകളോടുകൂടി ഇടക്കിടയ്ക്കു് ഉറങ്ങിയും അല്ലാത്തപ്പോൾ ചെവിയിൽ തുരുമ്പുകൾ കടത്തിയും കഴിച്ചുകൂട്ടുന്ന കൂട്ടരേയും അയാൾ ആദ്യമെതന്നെ ഉപേക്ഷിക്കുന്നു. സാരീബ്ലൗസ് പ്രദർശനത്തിനുമാത്രമായി എത്തിക്കൂടിയിരിക്കുന്ന കഥയില്ലാത്ത പെൺകുട്ടികളേയും അയാൾ നിരാശയോടുകൂടി വേഗത്തിൽ ഉപേക്ഷിക്കുന്നു. എന്നാൽ ഒടുവിൽ അയാളുടെ മുഖത്തെ മ്ലാനത പൊട്ടന്നനവെ അന്തർദ്ധാനം ചെയ്യുന്നു. കണ്ണുകൾ വികസിക്കുന്നു. ബഹുരസികൻ വാചകങ്ങൾ ഒന്നിനു പുറകെ ഒന്നായി തൃശ്ശൂർപൂരത്തിനു് ആനകളെന്നപോലെ രാജസലാസ്യത്തോടെ ബഹിർഗമിക്കുന്നു. അയാളുടെ ദൃഷ്ടികൾ ഒരദൃശ്യശൃംഖലയാലെന്നവണ്ണം ഒരു പ്രത്യേകസ്ഥാനത്തു ബന്ധിച്ചിട്ടുള്ളതുടനെ കാണാം. തൂണിനു സമീപം ഒരുവൻ ഇരിയ്ക്കുന്നുണ്ടു്. അവന്റെ ഉയന്ന നെറ്റിയും, വിടുന്ന നയനങ്ങളും, അവന്റെ കൂർമ്മബുദ്ധിയും ധാരണാശക്തിയും തമുക്കടിച്ചു പ്രസിദ്ധംചെയ്യുയാണു്. സ്ഥാനത്തിലുള്ള അവന്റെ തലകുലുക്കുകൾ, വിദൂരഫലിത സ്പർശനങ്ങൾകൂടി ഗ്രഹിക്കുന്നൊന്നു കാണിക്കുന്ന പുഞ്ചിരികൾ, ഗംഭീരാശയങ്ങൾ കേൾക്കുമ്പോഴത്തെ ഗൌരവമുഖഭാവം ഇതൊക്കെ അവനൊരു മാതൃകാശ്രോതാവാണെന്നു വിളിച്ചുപറയുകയാണു്. നമ്മുടെ പ്രാസംഗികൻ ചുററിനുമിരിക്കുന്ന ബഹുശതങ്ങളെ പാടെ വിസ്മരിക്കുന്നു. അയാളുടെ ഉജ്ജ്വലത്തായ പ്രസംഗം മുൻപറഞ്ഞ വിശാല ലലാടസ്ഥനുമായുള്ള ഒരു നർമ്മസംഭാഷണം മാത്രമായി രൂപാന്തരപ്പെടുന്നു. ഇങ്ങനെയാണു നല്ല കേൾവിക്കാർ പ്രാസംഗികന്മാരെ തങ്ങളുടെ ചൂണ്ടലിലിട്ടു കറക്കുന്നതു്.

മറന്നുപോയി. ക്ഷമിക്കണം. ഞാനീയിടെ കണ്ടുപിടിച്ച ആ മഹാഭാഗ്യവാൻ—ആ മാതൃകാശ്രോതാവ്—അയാളെപററി പറയാമെന്നുള്ള വാഗ്ദത്തത്തോടുകൂടിയാണെല്ലൊ ഈ ലേഖനം ആരംഭിച്ചതു്. ഇനിയും അതു മാററിവയ്ക്കുന്നില്ല. അയാൾ ആരെന്നും, എന്തെന്നുമൊക്കെ പറഞ്ഞാൽ ശ്വാസംമുട്ടലിനുതന്നെ ഇടയായേക്കും. ഒരു മാതൃകാശ്രോതാവിനെ ഒരിക്കലും ലഭിക്കുവാൻ ഇടയില്ലാത്ത ഒരു തുറയിൽനിന്നുമാണു് ആ മഹാത്മാവിനെ എനിയ്ക്കു ലഭിച്ചതു്. അതായതു തിരുവിതാംകൂർ പോലീസ്സു തുറയിൽനിന്നുതന്നെ. അവിടെയും ആൾ മോശക്കാരനാണെന്നു വിചാരിക്കേണ്ട. ആൾ ബി. എ. ബി. എല്ലാണു്. ഇരുപതോ ഇരുപത്തിരണ്ടോ കൊല്ലത്തെ സർവ്വീസ്സു നിക്ഷേപിച്ചിട്ടുള്ള ദേഹമാണു്. മലയാളിയാണു്. തമിഴസാഹിത്യത്തിൽ അനന്യസാധാരണമായ പാണ്ഡിത്യം ആർജ്ജിച്ചിട്ടുള്ള മഹാവിദ്വാനാണു്. നല്ല മുറുക്കുകാരനാണു്. ഉൽകൃഷ്ടകുടുംബജനാണു്. ഇദ്ദേഹമാണു് എന്റെ മാതൃകാശ്രോതാവു്.

ഇനിയും എപ്പോഴാണു് എന്റെ കണ്ടുപിടിത്തം നടന്നതെന്നും പറയേണ്ടിയിരിക്കുന്നല്ലൊ. മി......യും അയാളുമായി സംഭാഷണം നടന്നുകൊണ്ടിരിക്കുമ്പോളാണു് ഞാനീ മാതൃകാശ്രോതാവിന്റെ മാഹാത്മ്യം മനസ്സിലാക്കിയതു്. മി......യുടെ സംഭാഷണചതുരത പലക്കും അറിവുള്ളതാണു്. പക്ഷെ അതിന്റെ പാരമ്യാവസ്ഥ ഞാനന്നാണു കണ്ടതു്. ആ മാതൃകാശ്രോതാവിന്റെ മുമ്പിൽവച്ചു് എന്റെ സ്നേഹിതന്റെ ഫലിതംനിറഞ്ഞ പദങ്ങളും ആശയങ്ങളും കൊല്ലന്റെ കൂടത്തിന്റെ അടിയിൽനിന്നും തെറിച്ചു പാറുന്ന സ്ഫുരൽക്കണങ്ങൾപോലെ പാ

റിപ്പുറക്കുന്നതുകണ്ടു. കഥ നേരംപോക്കിലാറാടുന്ന ഒരു ഘട്ടത്തിലെത്തുമ്പോൾ ആ മാ: ശ്രോതാവിന്റെ മുഖം ഫലിതരസത്തിന്റെ നടനരംഗമായി തെളിഞ്ഞുജ്വലിക്കും. കഥയുടെ മട്ടുമാറി "ഇതൊന്നും മതിയാകാഞ്ഞിട്ടു്, ആ ദ്രോഹി പത്തുമാസം നിറഞ്ഞ ആ സ്ത്രീയുടെ വയററത്തു് ഒരു തൊഴിയുംവച്ചുകൊടുത്തു" എന്നു വക്താവു് നിമ്മീലനയനങ്ങളോടുകൂടി പറയുമ്പോൾ ആ മാ: ശ്രോതാവിന്റെ മുഖം കോപംകൊണ്ടു വിറയ്ക്കും; വെറുപ്പുകൊണ്ടു പുളയും; കഥ ശൃംഗാരത്തിലെത്തുമ്പോൾ ആ പോലീസുസന്നാഹി പതിനാറുവയസ്സുതികഞ്ഞു് അല്പനഗ്നയായി കുളക്കടവിൽ നില്ക്കുന്ന പെൺകുട്ടിയെപ്പോലെ ശൃംഗാരസങ്കോചം ഭാവിക്കും. വേണ്ടപ്പോൾ പുച്ഛരസം പ്രദർശിപ്പിക്കും. വേണ്ടപ്പോൾ കൈകൾകൊട്ടി മേശയിൽ തൊഴിച്ചു വാവിട്ടലറി പൊട്ടിച്ചിരിക്കും. സന്ദർഭോചിതമായി മൂളും, "ങ്ങേ" "വാസ്തവമോ?" "കള്ളം പറയാതെ" "ഒരിക്കലുമില്ല" എന്നൊക്കെയുള്ള പദങ്ങൾകൊണ്ടു കഥക്കാരനെ തവികൊണ്ടു, ചുട്ടപ്രഥമൻ എന്നപോലെ ഇളക്കിവിടും. അസ്ഥാനത്തൊരു ചോദ്യമില്ല. പദപ്രയോഗത്തിൽ വന്ന വ്യാകരണവൈകല്യത്തെക്കുറിച്ചു വ്യാഖ്യാനവും തെററുതിരുത്തലുമില്ല. ശകുനം മുടക്കുന്നതരത്തിലുള്ള സംശയവും സംശയനിവാരണങ്ങളുമില്ല. പോകാൻ തിടുക്കമില്ല. ഉദാസീനതയില്ല. അശ്രദ്ധയില്ല. നേരെമറിച്ചു സദാ ഉത്സാഹം, ജിജ്ഞാസ, സൂര്യപ്രകാശംപോലുള്ള പ്രസന്നത. ബുദ്ധികൂർമ്മത.

ഇതാണു ഞാൻ കണ്ടുപിടിച്ച മാതൃകാശ്രോതാവു്.

മഹാന്മാരുടേയും, വലിയ ആളുകളുടേയും സ്നേഹിതന്മാരെ സൂക്ഷിച്ചിട്ടുണ്ടോ. അവർ രസികൻ ശ്‌റോതാക്കളായിരിക്കുമെന്നുള്ളതു തീർച്ചയാണു്. നാമുക്കു പറവാനുള്ളതു ശ്രദ്ധയോടുകൂടി ശ്രവിക്കണമെന്നുള്ളതാണു് നമ്മുടെ സന്മനസ്സും, ആശിസ്സും, സ്നേഹവും, മൈത്രിയും സമ്പാദിപ്പാനുള്ള എളുപ്പവഴി. നമ്മുടെ ഫലിതങ്ങൾ കേട്ടു ചിരിക്കയെന്നുള്ളതാണു നമ്മെ പ്രീതിപ്പെടുത്തുവാനുള്ള ഒരു നല്ല മാർഗ്ഗം. അതുകൊണ്ടു ജീവിതത്തിൽ മുമ്പോട്ടു കയറണമെങ്കിൽ വലിയവന്മാരുടെ മൈത്രിയും രക്ഷാധികർത്തൃത്വവും വേണമെങ്കിൽ ശ്രവണവിദ്യ വശമാക്കണമെന്നാണു ഞാൻ സിദ്ധാന്തിക്കുന്നതു്.

സ്ത്രീസ്വഭാവത്തെപ്പററി ആലോചിച്ചാലും ശ്രവണവിദ്യയുടെ ആവശ്യകത മനസ്സിലാകും. പുരുഷന്മാരുടെ ഹൃദയത്തെ കവരുന്നതു്, അവരെ അടിമകളാക്കി തങ്ങളുടെ പാദസേവകന്മാരാക്കിത്തീർക്കുന്നതു്, ഇവയൊക്കെ സാധിക്കുന്നതു് ഏതു തരത്തിലുള്ള പെൺകുട്ടികളാണു്? നല്ല ശ്രോതാക്കൾ. തങ്ങളുടെ പൊങ്ങച്ചങ്ങളും വീരത്തങ്ങളും ആണങ്ങൾ നിർലജ്ജം പറയുമ്പോൾ സശ്രദ്ധം, ബുദ്ധികൂർമ്മതയോടുകൂടി കേട്ടുകൊണ്ടിരിക്കുന്ന രസികത്തികൾ. ഇവരാണു പുരുഷന്മാരുടെ കണ്ണിലുണ്ണികൾ. ഇവരാണു പുരുഷന്മാരുടെ ആരാധനാപാത്രങ്ങൾ. അല്ലാതെ കോടാങ്കിയുടെ കിടക്കപോലെ വായിൽ നാവിനു വിശ്രമം കൊടുക്കാതെ ചിലമ്പുന്ന സ്ത്രീകളല്ലെന്നുള്ളതു തീർച്ചയല്ലേ. അവരെക്കണ്ടാൽ ബുദ്ധിയുടെ ലേശമുള്ള പുരുഷന്മാർ ഓടിഒളിക്കും. ശാന്തസ്വഭാവികളായ പെൺകുട്ടികളുടെ വിജയരഹസ്യം ഇതിലാണു സ്ഥിതിചെയ്യുന്നതു്. അവരെ പുരുഷന്മാർ ആരാധിച്ചു് അവരുടെ പുറകെ നടക്കുന്നതും ഇതുകൊണ്ടുതന്നെയാണു്.

വിവാഹജീവിതം വിജയപ്രദമാക്കിയിട്ടുള്ള പല സ്ത്രീകളും കൈക്കൊണ്ടിട്ടുള്ള മാർഗ്ഗവും ഇതുതന്നെയാണു്. തങ്ങളുടെ ഭർത്താക്കന്മാർ പറയുന്ന കഥകളും വമ്പുകളും സന്തോഷത്തോടുകൂടി കേട്ടുകൊണ്ടിരിക്കുക. അവരെ തക്കസ്ഥാനങ്ങളിൽ അഭിനന്ദിക്കുക. അഹ്ലാദിപ്പിക്കുക. അങ്ങനെ അന്യഗൃഹങ്ങളിൽ പോയി കഥകൾ പറഞ്ഞു രസിക്കുവാനും, അവിടുന്നു പിന്നീടു മുമ്പോട്ടു ഗമിക്കാതെ ഇരിക്കുവാനും, സൂത്രത്തിലും, നയചതുരതയോടുകൂടിയും സൂക്ഷിക്ക. ഇതുതന്നെയാണു ശ്രവണവിദ്യ. ഇതുതന്നെയാണു വിജയവിദ്യ.

*"That tender and reverent listening at the feet of wisdom which is the true and acceptable idleness."*

Coventry Patmore.

# പ്രതീക്ഷ.

(കോട്ടൂർ നാരായണപിള്ള ബി. എ.)

(കാകളി.)


ജീവേശനെ കാത്തുകാത്തന്നുരാത്രിയി-
ലാവേശചിത്തയായ് ഞാനാവസിക്കവെ,
ചേലാന്നഹേമന്ത ചന്ദ്രികാധാരയി-
ലീലോകമാകെയലിഞ്ഞാന്നുറക്കമായ്.
ഏതോനിരഘാത്ഥഗംഭീരമൂകതാ-
പാതത്തിലാപതിച്ചീവിശ്വമാകവേ.
ശാന്തിതന്നോമനപ്പൂവനമൊക്കെയും
പൂത്തലതല്ലിപ്പരന്നു പരിമളം.

ഏതോ നിനാദം ശ്രവിച്ചു ഞാൻ നാഥനെ
ന്നോത്തക്കവാടം തുറന്നു നോക്കീടിനേൻ.
മാന്തളിർത്തൊത്തിനെയാഞ്ഞാഞ്ഞുപുൽകിയ
പൂന്തെന്നലാനന്ദരാഗാർദ്രലോലനായ്
ഓതുംസ്വകാര്യങ്ങളാണെന്നറിഞ്ഞു മൽ
ചേതനക്കൂടിയും ലജ്ജാവിവശമായ്.

നാഥൻെറ പാദവിന്യാസസമാനമാം
നാദംശ്രവിച്ചാത്തിയോടുററുനോക്കവെ,
പ്രാണേശസംഗമൌത്സുക്യമാന്നോടിട്ടും
പൂഞ്ചോലരാഗവിവശയായ്ത്തൂകിടും
പ്രേമാർദ്രഗാനങ്ങളാണെന്നറിഞ്ഞുമൽ
പ്രാണനും നൈരാശ്യതീയിലെരിഞ്ഞുപോയ്.

വീണതളിക്കുമമൃതനിലാവിലൊ-
രോമനഛായ ചലിച്ചതു നോക്കവേ,
വിശ്രുംതരുഛായമാത്രമാണെന്നറി-
ഞ്ഞാശാലതയും കരിഞ്ഞുപോയ് മാമകം.

അന്ധകാരത്തിലടിഞ്ഞു, മൂർഛിച്ചു ഞാൻ
തല്പത്തിൽവീണു വിവശയായക്ഷണം.



Kottoor Narayana Pillai B. A.

വീണ്ടുമെൻ നാഥൻെറ രാഗം തുളുമ്പിടും
വാക്സുധാബിന്ദുവെൻ കാതിലണയവെ,
പൊട്ടിക്കിളിത്തെൻ പ്രതീക്ഷകളൊക്കെയും
ദൃഷ്ടിചലിക്കാതെ സൂക്ഷിച്ചു സത്വരം,
മറെറാന്നുമല്ലായിരുന്നതെൻചിത്തത്തിൽ
മുററിമുഴങ്ങുന്ന സ്പന്ദനമെന്നിയേ.

# അശരീരിവാക്ക്.

(R. K. P.)

അന്നു ചിങ്ങമാസത്തിലെ ഉത്രാടമായിരുന്നു. തിരുവോണത്തിന്റെ പൊൻനിറം പടിവാതലിൽ വന്നു മുട്ടിത്തുടങ്ങി. ആഹ്ലാദഭരിതരായ കുട്ടികളുടെ പൂവിളിയും കളികളും എല്ലായിടവും മുഴങ്ങി. ഓണാഘോഷത്തിനുള്ള ഒരുക്കങ്ങൾ വീടുതോറും ആരംഭിച്ചു. ആകപ്പാടെ കേരളഭൂദേവിയെ പുളകംകൊള്ളിക്കുവാനായി വന്നടുത്ത ആ സുദിനത്തിനു സ്വാഗതംപറവാനുള്ള 'തകൃതി'യായ ശ്രമങ്ങളാണ് എവിടയും നടക്കുന്നതു്.

എന്നാൽ ആറേഴവയസ്സുപ്രായമുള്ള ഒരു പെൺകുട്ടി, ഒരു പുള്ളിപ്പാവാടയും പട്ടുബ്ളൗസും ധരിച്ച് ചീകിമിനുക്കി പിരിച്ചുകുത്തി പുറകോട്ടു വാല്യപോലെ നീട്ടിവച്ച തലമുടിയോടുകൂടിയ, വെളുത്തുകൊഴുത്തു സുകുമാരിയായ ഒരു കൊച്ചുപെൺകുട്ടി, അന്നത്തെ വിശേഷങ്ങളോടു യാതൊരു ബന്ധവുമില്ലാത്തമട്ടിൽ മുററത്തിന്റെ ഒരററത്തു് ഒരു മല്ലികച്ചെടി നട്ടു, പന്തിയാകാതെ പറിച്ചും, അതിന്റെ ചുവട്ടിൽ മണ്ണുവാരിവച്ച് അടിച്ചുമത്തിയുംകൊണ്ടു തനിച്ചിരിക്കുകയായിരുന്നു. ഓണത്തിന്റെ നാലുപാടും അലതല്ലുന്ന ആനന്ദം അല്പവും അവളിൽ കാണാനില്ല. ചുററും നടക്കുന്ന കോലാഹലങ്ങളെ അവൾ തിരിഞ്ഞുനോക്കുകകൂടി ചെയ്യുന്നില്ല. പക്ഷേ, ഓണത്തോടുള്ള വെറുപ്പോ, അന്നത്തെ വിശേഷങ്ങളിൽ പങ്കുകൊള്ളുവാനുള്ള കൗതുകക്കുറവോ, അല്ല ഇതിനു കാരണം. കുറച്ചു മുൻപ്, അവളും കൂട്ടുകൂടി കളിക്കാനും, പൂപറിക്കാനും ആയി ഇറങ്ങിയതാണ്. ആനന്ദത്തിന്റേയും, സൗഭാഗ്യത്തിന്റേയും, കേളീരംഗമായ ആ സുദിനത്തെ കൊണ്ടാടുവാൻ അവളും ഉത്സാഹസമേതം ഒരുമ്പെട്ടതാണ്. എന്നാൽ അവളുടെ കുരുന്നുഹൃദയം അപ്രതീക്ഷിതമായ ഒരു സംഭവത്താൽ ആഴത്തിൽ മുറിഞ്ഞു. അതിന്റെ വേദനയിൽ അവളുടെ സന്തോഷവും ഉത്സാഹവുമെല്ലാം കത്തിക്കാളുന്ന തീയിൽ ഉണക്കവിറകുപോലെ എരിഞ്ഞു. അവൾ വേഗത്തിൽ ചുട്ടനീറുന്ന മനസ്സോടും, മ്ലാനമുഖത്തോടുംകൂടി വീട്ടിലേക്കു മടങ്ങി. അചിരേണ അവൾ ആ മല്ലികനടുവാനും ആരംഭിച്ചു.

പെട്ടന്നു് "എടി, ഭാനു!" എന്ന ഒരു നീണ്ട വിളി വീട്ടിനുള്ളിൽ നിന്നും പുറപ്പെട്ടു. ഭാനുമതി അതു കേട്ടില്ല. ആ വിളി കുറേക്കൂടി ഉച്ചത്തിൽ ഒന്നുരണ്ടാവർത്തികൂടി അവിടെ മുഴങ്ങി. അവൾ തല ഉയർത്തി പതുക്കെ ഒന്നു നോക്കിയിട്ടു് അവിടെത്തന്നെയിരുന്നു.

ജാനകിയമ്മക്കു് അന്നു വലിയ ജോലിത്തിരക്കായിരുന്നു. ഓണത്തിനുള്ള ഒരുക്കങ്ങൾ ഒന്നുംതന്നെ ആയിട്ടില്ല. പാത്രങ്ങളൊന്നും തേച്ചുവച്ചിട്ടില്ല. ഉപ്പേരിവറുക്കാനും ഉപ്പിലിട്ടതുണ്ടാക്കാനും തുടങ്ങിയിട്ടില്ല. പുറത്തിരുന്ന പച്ചക്കറിസാമാനങ്ങളുടെനേരെ നോക്കുകകൂടി ചെയ്തിട്ടില്ല. ചുരുക്കത്തിൽ ഇടംവലം തിരിയാൻപോലും നേരമില്ലാതെ അവർ വിഷമിക്കുയായിരുന്നു. അപ്പൊഴാണ് ഉറക്കിക്കിടത്തിയിരുന്ന കൊച്ചുകുട്ടി ഉണർന്നു കരയാൻ തുടങ്ങിയതു്. ജാനകിയമ്മ കുഴങ്ങി. അവർ ഓടിച്ചെന്നു് കുട്ടിയെ എടുത്തിട്ടു മകൾ ഭാനുമതിയെ വിളിച്ചുതുടങ്ങി. പക്ഷേ അവളുടെ അനക്കംപോലും അട്ടഹാസങ്ങം കേട്ടില്ല. അവൾ പൂപറിക്കാൻ പോയതല്ലാതെ മടങ്ങിവന്നതോ മല്ലിക നടുവാൻ തുടങ്ങിയതോ അവർ അറിഞ്ഞിരുന്നില്ല. തന്റെ ആവർത്തിച്ചുള്ള വിളിയിലും വന്നുകാണാത്ത പുത്രി ദൂരെ എവിടേയോ ആയിരിക്കുമെന്നുകരുതി തന്നത്താൻ ശപിച്ചുകൊണ്ടു്, അവർ നിശ്ശബ്ദയായി.

കുറേക്കഴിഞ്ഞു് എന്തൊ കാര്യവശാൽ പുറത്തേക്കു വന്നപ്പോളാണ് അവർ മുററത്തിരുന്നിരുന്ന മ

കളെക്കണ്ടതു്. തൻെറ വീണ്ടുംവീണ്ടുമുള്ള അന്വേഷണത്തെ അല്പവും വകവയ്ക്കാതെ അവൾ അടുത്തുതന്നെ ഉണ്ടായിരുന്നു എന്നറിഞ്ഞപ്പോൾ അവക്കു ദ്വേഷ്യം വന്നു. അവർ "എടി! ഭാനു! അസത്തേ! നിൻെറ ധിക്കാരം. ഞാൻ ഈ വിളിയൊക്കെ വിളിച്ചിട്ടും, നീ കരിങ്കല്ലുപോലെ ഇവിടത്തന്നെ ഇരിക്കുകയായിരുന്നു; ഇല്ലേടീ?" എന്നു കയൎത്തുകൊണ്ടു് അങ്ങോട്ടുചെന്നു.

ഭാനുമതി അപ്പോഴും മിണ്ടിയില്ല. അവർ തുടൎന്നു പറഞ്ഞു.

"എടീ! നീ നോക്കിക്കൊ; ഇന്നു അച്ഛനിങ്ങോട്ടു വരട്ടെ. അല്ലെങ്കിൽ നിന്നെ വിളിച്ചാൽ വരാനും, പറഞ്ഞാൽ കേൾപ്പിക്കാനും പഠിപ്പിക്കാത്തതിനും കുററക്കാരി ഞാൻതന്നെയാണു്."

ഭാനുമതിയുടെ ആ മനോവേദന ഇനിയും മാറിയിരുന്നില്ല. അമ്മ, തനിക്കുപററിയ അസഹ്യമായ ആ അപമാനത്തിലും ലജ്ജയിലും, ഹാൎദ്ദമായി സഹതപിക്കുമെന്നും, തന്നെ മടിയിലിരുത്തി ലാളിച്ചു ദയാപുരസ്സരം സാന്ത്വനപ്പെടുത്തുമെന്നും ആയിരുന്നു സാധുവായ അവൾ വിചാരിച്ചിരുന്നതു്. എന്നാൽ അവർ അതു ചെയ്തില്ല. എന്നുതന്നെയല്ല അവർ, ആ ഭാവത്താലും, വാക്കുകളാലും അവളുടെ അന്തസ്താപത്തെ ഒന്നു കത്തിയിളക്കുകകൂടി ചെയ്തു. എന്നാലും അവൾ സ്വോദ്ദേശത്തിൽനിന്നു അണുവും വ്യതിചലിച്ചില്ല. അവൾ ഒരു നിശ്ചയദാൎഢ്യത്തോടുകൂടി അവിടെത്തന്നെ ഇരുന്നുകൊണ്ടു പറഞ്ഞു.

"അമ്മേ! അമ്മ എന്തൊക്കെപ്പറഞ്ഞാലും ഞാനിതു നട്ടുതീൎന്നിട്ടേ, ഇവിടെനിന്നും എണീക്കൂ. ഒരു മല്ലികനടാതെ ഇനി ഞാൻ ജീവിച്ചിരുന്നിട്ടു ഒരു കാൎയ്യവുമില്ല."

"എടീ! നാളെ ഓണമല്ലേ? ഇവിടെ എന്തൊക്കെ ജോലികളാണുള്ളതെന്നു നിനക്കറിയാമൊ? നിനക്ക് ഇങ്ങിനെ എപ്പോഴും കളിച്ചാൽ മതിയല്ലൊ."

"കളിയൊന്നുമല്ല. എനിക്കിനി—ഊണും—ഉറക്കവും—ഇതു കഴിഞ്ഞിട്ടേ ഉള്ളു. ഈ മല്ലിക പൂത്തിട്ടേ എനിക്കിനി ഓണവുമുള്ളു. അതു തീൎച്ചയാണു്."

"കുട്ടികളായാൽ കുറച്ചൊക്കെ ചൊല്ലുവിളി വേണം. അതില്ലാത്തവരെക്കൊണ്ടു ഒരു പ്രയോജനവുമില്ല."

"അമ്മേ! ഒരു മല്ലിക പൂക്കാത്ത വീട്ടിൽ ഓണം എത്തിനോക്കുകയില്ല. അവിടം മററുള്ളവരുടെ ആക്ഷേപത്തിനു പാത്രമായി നാണക്കേടിൽതന്നെ മുങ്ങിക്കിടക്കും."

"നല്ല നേരംപോക്കുതന്നെ. പെണ്ണിനു ഒരു വേലവേണ്ടേ? ഓണം അവളുടെ ഈ മല്ലികയിലാണു് ഇരിക്കുന്നതു പോലും. ഏടീ! ഇതു നിന്നോടാരുപറഞ്ഞു?"

"ആരും പറഞ്ഞതല്ല. ഓണം എല്ലാവൎക്കും ഒരു സന്തോഷദിവസമാണു്. എന്നാൽ കഷ്ടകാലത്തിനു എനിക്കതു നേരെ മറിച്ചായി?"

"ഭാന്തു! നീ എന്താണീപറയുന്നതു്. എനിക്കൊന്നും മനസ്സിലാകുന്നില്ല."

ഭാനുമതി അപ്പോഴേക്കും മല്ലികനടുകമാത്രമല്ല, അവളുടെ കൈവിരൽപ്പാടുകളുള്ള ഒരു തടംകൂടി അതിനു ചുററും എടുത്തുതീൎത്തു. ഉടനടി, ഈ ചോദ്യത്തിന് ഉത്തരം പറയാൻ നിൽക്കാതെ, അവൾ ഒരു മിന്നൽപിണർപോലെ ഓടി വീട്ടിനുള്ളിൽ മറഞ്ഞു. കേവലം നിരൎത്ഥകമായ ഒരു ബാലചാപല്യം എന്നതിൽകവിഞ്ഞു്, ഒന്നുംതന്നെ മകളുടെ ഈ പ്രവൎത്തിയിൽ ജാനകിയമ്മ കണ്ടില്ല. ക്ഷണനേരം അവൾ വെള്ളം തുളുമ്പിവീഴുന്ന ഒരു വലിയ കിണ്ടി രണ്ടു കൈകൊണ്ടും പിടിച്ചു് ആയാസത്തോടുകൂടി എടുത്തുകൊണ്ടുവരുന്നതു് കാണാറായി. അവൎക്ക് അതു തീരെ രസിച്ചില്ല. അവർ അതു ഭദ്രമായി അകത്തു വച്ചിരുന്നതായിരുന്നു. അവളുടെ കൈയിൽനിന്നും, അതു പിടിച്ചെടുക്കുവാനായി, അവർ മുന്നോട്ടു ചെന്നു. അവൾ യാദൃശ്ചികമായി കാലുതട്ടി വീണു. അവളുടെ തലയും മേലുമൊക്കെ നനഞ്ഞു. കിണ്ടിയുടെ വക്ക് ഒരു കല്ലിൽകൊണ്ടു് ഉടഞ്ഞു. ജാനകിയമ്മ കോപാധിക്യത്തോടുകൂടി അവളെ പിടിച്ചു ഒന്നുരണ്ടു കൊട്ടത്തു. അവൾ നട്ട മല്ലിക വലിച്ചുപറിച്ചു ദൂരെയെറിഞ്ഞു. എന്നിട്ടു കിണ്ടിയുമെടുത്തുകൊണ്ടു് അവിടെനിന്നും നടന്നു.

വാവിട്ടു നിലവിളിച്ചുകൊണ്ടു മുററത്തു നിന്നിരുന്ന ഭാനുമതിയെ പിന്നീടു കണ്ടില്ല. തൽക്കാലത്തെ ബദ്ധപ്പാടുകളാൽ ജാനകിയമ്മ അതിനെക്കുറിച്ചു് അന്വേഷിച്ചുമില്ല. നേരം സന്ധ്യയാകാറായി. അപ്പോഴും അദൃശ്യയായിരുന്ന മകളെ വിളിച്ചും അന്വേഷിച്ചുംകൊണ്ടു് അവർ പുരയ്ക്കു ചുററും നടന്നു. പക്ഷേ അവളെ അവിടെയെങ്ങും കാണാൻ കഴിഞ്ഞില്ല. ഒടുവിൽ വീട്ടിനുള്ളിൽ ആൾപ്പെരുമാററം കുറഞ്ഞ ഒരു മൂലയിൽ തൻെറ തകൎന്നുപോയ ആ പ്രിയപ്പെട്ട മനോരാജ്യത്തെക്കുറിച്ചു തേങ്ങിത്തേങ്ങിക്കരഞ്ഞുകൊണ്ടു്, അവൾ കമിഴ്ന്നുകിടക്കുന്നതു കാണാറായി.

അവളുടെ കണ്ണുനീരു തറയിൽ തടംകെട്ടിക്കിടന്നിരുന്നു. അവളുടെ മുഖം ചുവന്നും ദേഹം തളൎന്നും ഇരുന്നിരുന്നു. ജാനകിയമ്മയുടെ ഹൃദയം പശ്ചാത്താപംകൊണ്ടു വിവശമായി. അവർ പുത്രിയെ വാരിയെടുത്തു ചുംബിച്ചും, സമാധാനവാക്കുകൾ പറഞ്ഞും ആശ്വസിപ്പിക്കാൻ തുടങ്ങി.

താമസിയാതെ, പറിച്ചെറിഞ്ഞ ആ മല്ലിക അകൈതവമായ പുത്രീവാത്സല്യത്തിന്റെ വിജയപതാകപോലെ അതിന്റെ നിറഞ്ഞ തടത്തിൽ ഉയൎന്നു നിന്നു. ഭാനുമതിയുടെ കരച്ചിൽ ഒട്ടൊന്നു ശമിക്കയും ചെയ്തു. എങ്കിലും അവളുടെ ഹൃദയത്തിന്റെ ആദ്യത്തെ പുകച്ചിൽ ഇനിയും മാറിയില്ല. ജാനകിയമ്മ ആ സംഭവത്തെക്കുറിച്ചു പിന്നീടു ചോദിക്കയാകട്ടെ, അവൾ പറകയാകട്ടെ ഉണ്ടായതുമില്ല.

ഓണം യഥാവിധി കഴിഞ്ഞു. അതിന്റെ വിപുലമായ ആനന്ദ സാമഗ്രികൾ ഒന്നുംതന്നെ ഭാനുമതിയുടെ ദൂനഹൃദയത്തെ തണുപ്പിക്കാതെ മറഞ്ഞു. ലോകത്തിനു മുഴുവൻ സന്തോഷമണച്ച ആ സുദിനം അവളുടെ മാത്രം അന്തസ്താപത്തിനു കാരണമായിട്ടാണു തീൎന്നതു്. എങ്കിലും ദിവസേന വളരുവാൻ തുടങ്ങിയ മല്ലിക ഒരു സുന്ദരമായ പ്രകാശത്തെ അവളുടെ മുമ്പിൽ തെളിച്ചുവെച്ചു. അതിന്റെ മനോഹരതയെനോക്കി സമാധാനിച്ചുംകൊണ്ടു് അവൾ നാളുകളും കഴിച്ചു.

ഒരിക്കൽ ജാനകിയമ്മ അയൽപക്കത്തുള്ള ഒരു ചങ്ങാതിയുമൊന്നിച്ചു വിശേഷങ്ങളും പറഞ്ഞുകൊണ്ടിരിക്കയായിരുന്നു. അടുത്തൊരുദിവസം ഒരു ജ്യോത്സ്യൻ അപ്രതീക്ഷിതമായി അവിടെ എത്തിയതും, അയാൾ ഭാനുമതിയുടെ ഭാവിയെക്കുറിച്ചു ചെയ്തു ദീൎഘദൎശനങ്ങളും ആയിരുന്നു അവരുടെ സംസാര വിഷയം. ഭാനുമതി യൗവ്വനാരംഭത്തിനുമുമ്പുതന്നെ അസാമാന്യമായ ഭാഗ്യസമ്പത്തുകളോടുകൂടിയ ഒരു യുവാവിന്റെ പ്രേമത്തിനു പാത്രീഭവിക്കുമെന്നും അവൾ നാട്ടിനും വീട്ടിനും ഒരുപോലെ ശ്രേയാനിദാനമായി വളരെക്കാലം സുഖിച്ചിരിക്കുമെന്നും ആണു്, അയാൾ പറഞ്ഞിരുന്നതു്. കുറേദിവസമായി വരുന്നവരോടും, പോകുന്നവരോടുമൊക്കെ ഈ സംഭവത്തെക്കുറിച്ചു വൎണ്ണിക്കയായിരുന്നു ജാനകിയമ്മയുടെ പ്രധാനജോലി. അന്നും അവർ ജ്യോത്സ്യന്റെ വാക്കുകളുടെ വിശ്വാസയോഗ്യതയെയും, പുത്രിയുടെ ഭാവി സൌഭാഗ്യത്തെയും കുറിച്ചു് ആനന്ദമഗ്നയായി സമയം പോകുന്നതറിയാതെ വാഴുകയായിരുന്നു. പുറത്തെവിടെയോ കളിച്ചുകൊണ്ടിരുന്ന ഭാനുമതി, ഈ സമയം അവിടെവന്നു. അവളുടെ മുഖപ്രസന്നത കുറഞ്ഞും, ദേഹമൊക്കെ വിയൎപ്പുതുള്ളികൾ പൊടിഞ്ഞും ഇരുന്നു. അവൾ ഒരു ക്ഷീണസ്വരത്തിൽ "അമ്മേ! എനിക്കുപാടില്ല എന്റെ തല വേദനിക്കുന്നു. കൈയും, കാലും തളരുന്നു." എന്നു പറഞ്ഞുകൊണ്ടു് അവരുടെ മടിയിൽ കിടന്നു. ശക്തിയായ ഒരു പനി അവളെ ബാധിച്ചിരിക്കുന്നതായി ജാനകിയമ്മ കണ്ടു.

ഭാനുമതി കിടപ്പിലായിട്ടു കുറച്ചു ദിവസമേ ആയൊള്ളു. അവളുടെ സുഖക്കേടിൽ ഉദ്വേഗജനകമായ യാതൊന്നും ഉണ്ടായിരുന്നുമില്ല. എങ്കിലും ജാനകിയമ്മ പേരെടുത്ത വൈദ്യന്മാരെക്കൊണ്ടു മകളെ ശ്രദ്ധാപൂൎവ്വം ചികിത്സിപ്പിച്ചും അറിവുള്ളിടത്തോളം ദേവാലയങ്ങളിൽ വഴിപാടുകൾ നേൎന്നും, അവളുടെ അടുക്കൽനിന്നും മാറാതെ സമയം കഴിച്ചുവന്നു. പക്ഷെ ദൈവവിധി ആരു കണ്ടിരിക്കുന്നു?

ഒരു ദിവസം നേരം വെളുക്കാറായി. കിഴക്കു ദിക്കു വിളറിയും നക്ഷത്രങ്ങൾ മങ്ങിയും തുടങ്ങി. അൎദ്ധരാത്രി കഴിഞ്ഞു ഭാനുമതിയുടെ സുഖക്കേടു് അല്പമൊന്നു കൂടിയെങ്കിലും അതു ക്രമേണ കുറഞ്ഞു കുറേ നേരമായി അവൾ സ്വസ്ഥമായി മയങ്ങിക്കിടക്കുകയായിരുന്നു. ജാനകിയമ്മ കണ്ണടയ്ക്കാതെ അവളുടെ ശയ്യയിൽതന്നെ ഇരിപ്പുണ്ടായിരുന്നു! ഭാനുമതി പെട്ടെന്നു് "അമ്മേ! അമ്മേ!" എന്നു വിളിച്ചുകൊണ്ടു് ഉണൎന്നു. അവളുടെ കണ്ണുകളിൽ നവമായ ഒരു ജീവച്ഛക്തി സ്ഫുരിച്ചും, മുഖം ഹാൎദ്ദമായ ഒരു മന്ദസ്മിതം കൊണ്ടു് വികസിച്ചും ഇരുന്നു. അവൾ പറഞ്ഞു:—

"അമ്മേ! എന്റെ മല്ലിക പൂത്തു. അതിന്റെ പൂക്കളാൽ നമ്മുടെ മുററം മുഴുവൻ കുങ്കുമം വിരിച്ചതുപോലെ തോന്നുന്നു. ഹാ! അതിന്റെ ഭംഗി!"

അവളുടെ പനിപ്പിച്ചു് കേട്ടു പരിചയമുണ്ടായിരുന്ന ജാനകിയമ്മയ്ക്കു് ഇതിൽ വിശേഷവിധിയായിട്ടു് ഒന്നും തോന്നിയില്ല. അവർ മിണ്ടാതിരുന്നു. അവൾ തുടൎന്നു.

"അന്നു് ഓണപ്പൂപറിക്കാനായി ഞങ്ങളെല്ലാവരുംകൂടി മാലതിയുടെ വീട്ടിൽ ചെന്നതും, അവളുടെ മല്ലികയിൽ നിന്നു് എന്നെ മാത്രം ഒരൊററപൂവെങ്കിലും തൊടുവിക്കാതെ അവൾ ആക്ഷേപിച്ചു പുറത്തിറക്കിയതും ഞാൻ അമ്മയോടു പറഞ്ഞില്ലല്ലൊ. ക

ഷ്ടം! എനിക്കതു കഴിഞ്ഞില്ല. അമ്മേ! ആ സങ്കടം എനിക്ക് ഇപ്പോഴാണ് തീരുന്നതു്."

മാലതി, അയൽവീട്ടിലുള്ള അവളുടെ കൂട്ടുകാരിയായിരുന്നു. ഓണത്തിനു പൂപറിക്കാൻ പോയതും, മാലതിയാൽ പരാഭൂതയായി അവൾ വാശിയോടും വ്യസനത്തോടുംകൂടി മടങ്ങിവന്ന മല്ലിക നട്ടതുമെല്ലാംതന്നെ ജാനകിയമ്മ മറന്നുപോയിരുന്നു. അതിനാൽ ഭാനുമതി പറഞ്ഞതിൻെറ അർത്ഥം അവർക്ക് മനസ്സിലായില്ല. എങ്കിലും അവൾ ചോദിച്ചു.

"എന്താണു മാലതി നിന്നെമാത്രം സമ്മതിക്കാഞ്ഞതു്?"

'എന്തോ! എൻെറ കഷ്ടകാലത്താലായിരിക്കാം.'

'പോകട്ടെ. അതുസാരമില്ല. എൻെറ മകളുടെ മല്ലിക പൂക്കുമ്പോൾ പൂ, എത്രവേണമെങ്കിലും കിട്ടുമല്ലൊ'

'അല്ലാ! അതു പൂത്തില്ലേ? ഉവ്വല്ലൊ; ഞാൻ കണ്ടുവല്ലൊ.'

'ഇല്ല. പൂക്കാറായി വരുന്നതേയുള്ളു. നീ വല്ല സ്വപ്നമോ മററൊ കണ്ടതായിരിക്കാം'

അവൾ അല്പനേരം ആലോചനാമഗ്നയെന്നവിധം നിശ്ചലയായിക്കിടന്നു. അനന്തരം വീണ്ടും പറഞ്ഞു.

'അതേ. ശരിയാണു്. അതു പൂക്കാറായി വരുന്നതേയുള്ളു. എന്നാൽ അതു് ഉടനേപൂക്കും. അതിൻെറ പൂക്കളാൽ നമ്മുടെ മുററം നിറയും.'

'നിറയും.' അപ്പോൾ എൻെറ തങ്കത്തിനു ഇഷ്ടംപോലെ ചെയ്യാമല്ലൊ.'

'എന്നാൽ പൂ പറിക്കാൻ ഞാൻ മാലതിയേയും വിളിക്കും. അമ്മ അവരോട് പരിഭവിക്കരുതു്. അവരെപ്പോലെ ദുഷ്ടത നാമെന്തിനു ചെയ്യുന്നു.'

'ഇല്ല. അവരേയും വിളിക്കാം. ഇപ്പോൾ എൻെറ മകൾ ഒന്നു മിണ്ടാതെ ഉറങ്ങു.'

'പക്ഷേ അമ്മ ഒന്നുവേണം.'

'എന്താണു വേണ്ടതു്?'

'അമ്മ അതു ദിവസവും നോക്കണം. രണ്ടുനേരവും നനയ്ക്കണം. പ്രത്യേകം സൂക്ഷിക്കണം.'

'ഓ- ഹോ- അങ്ങിനെയാവാം.'

'അമ്മേ! അതിൻെറ ഇലകൾ ആരും പറിക്കാതെ, കൊമ്പുകൾ ആരും ഒടിക്കാതെ പ്രത്യേകം സൂക്ഷിക്കണേ!'

'അങ്ങിനെ ചെയ്യാം.'

'തീർച്ചയാണോ?'

'തീർച്ചതന്നെ.'

ഭാനുമതിയുടെ മുഖത്തു അഭൗമമായ ഒരു തേജസ്സു കളിയാടി. അവൾ തെല്ലിട നിഷ്പന്ദമായ നയനങ്ങളോടുകൂടി ജാനകിഅമ്മയെത്തന്നെ നോക്കിക്കൊണ്ടു കിടന്നു. ക്രമേണ അവൾ കണ്ണടച്ചു. ആ കണ്ണുകൾ പിന്നീടു തുറന്നിട്ടില്ല. കൂടുതലായി ഒന്നും തന്നെ അവൾ പറഞ്ഞുമില്ല. നിർഭാഗ്യവശാൽ ആ വാക്കുകൾ അവളുടെ അന്തിമാഭിലാഷമായിട്ടാണു കലാശിച്ചതു്. അല്പനേരത്തിനുള്ളിൽ ആ ശാലീനമായ അവളുടെ ജീവൻ ആ ശരീരപേടകത്തെ വിട്ടുപിരിഞ്ഞു. അവളുടെ ജഡം നിശ്ചലമായി കിടന്നു. ജാനകിയമ്മ കേവലം അപ്രതീക്ഷിതമായി കൊടുങ്കാററില്ലാത്ത ഒരു സമുദ്രക്ഷോഭത്തെ—സായാഹ്നമില്ലാത്ത ഒരു അസ്തമയത്തെ—നിദ്രാസ്പർശമില്ലാത്ത ഒരു ഭയങ്കര ദുസ്സ്വപ്നത്തെത്തന്നെ അഭിമുഖീകരിച്ചു.

മകളുടെ വിചാരിച്ചിരിക്കാത്ത മരണം, ജാനകിയമ്മയുടെ ഹൃദയത്തിന് ഒരു ഇടിത്തീയായി അനുഭവപ്പെട്ടു. അവരുടെ ജീവിതാശ അവസാനിച്ചു. അവരുടെ ആത്മാവിൽ നിസ്തബ്ധമായ ഒരു നിലവിളി നിൽക്കാതെ മുഴങ്ങി. മരണത്തെ സ്വയം വരിച്ച് ആ ഘോരമായ ദുർവ്വിധിയെ അവസാനിപ്പിക്കുവാൻ അവർ ഉറച്ചു. അതിനായി അവർ ശ്രമിക്കയും ചെയ്തു. പക്ഷെ അവൾക്ക് അതു കഴിഞ്ഞില്ല. തന്നിമിത്തം അവർ ജീവിച്ചു. അഥവാ അവൾക്കു ജീവിക്കേണ്ടിവന്നു. അവരുടെ ദിവസങ്ങളും, ഉദയാസ്തമയങ്ങളെക്കണ്ടും, വെയിലും മഴയുമേററും മുന്നോട്ടു കടന്നുപോയി.

*　　*　　*　　*

ഭാനുമതിയുടെ മല്ലിക ഒരു അനാഥശിശുവിൻെറ ദുരവസ്ഥയെ പ്രാപിച്ചു. അതിൻെറ അനുദിനമുള്ള വളർച്ചയെ കൗതുകത്തോടുകൂടി നോക്കുവാനോ, അതിനു സ്നേഹശുശ്രൂഷകൾ ചെയ്യുവാനോ, ആരുംതന്നെ ഉണ്ടായിരുന്നില്ല. എങ്കിലും പ്രകൃതിയുടെ സകരുണമായ കരങ്ങൾ അതിനെ സദയം തലോടി. ക്രമേണ അതു കൺകുളിരേകുന്ന പത്രപടലത്തോടും ശാഖോ

പശാഖകളോടും കൂടി വളൻ വലുതായി. കുറേനാൾ കൊണ്ടു്, അതു് ആകാശലക്ഷ്മിക്ക് ഒരു മോഹനമായ പച്ചക്കുടപിടിച്ചുനിന്നു. സന്ധ്യാകാലത്തെ സുരഭിലമായ മന്ദവായുവിൽ ആനന്ദനൃത്തംവച്ചും, മഞ്ഞുകാലത്തെ ഉദയത്തിൽ ഒരു വെൺമണിച്ചെണ്ടിൻെറ മഞ്ജുളത വഹിച്ചും, കാണികളെ അതു് മയക്കാൻ തുടങ്ങി.

ജാനകിയമ്മയുടെ ശോകചിന്തകൾ അതിൻെറ ദർശനത്തിൽ ഒന്നുജ്ജ്വലിക്കും. ഉൽക്കടമായ ചില പൂർവ്വസ്മരണകൾ അവരുടെ ഹൃദയദർപ്പണത്തിൽ പ്രതിഫലിക്കും. അവർ നനയുന്ന നയനങ്ങളോടുകൂടി അവിടെനിന്നും നടക്കുകയും ചെയ്യും. എന്നിരുന്നാലും, കാററത്തു അതിൻെറ കൊമ്പുകൾ കണക്കുവിട്ടുലഞ്ഞാൽ അവർ ഉൽകണ്ഠാകുലയാകും. വെയിലത്തു് അതിൻെറ ഇലകൾ വാടിയാലും അവരുടെ മനസ്സു വേദനിക്കും. ഇങ്ങിനെ ആ മല്ലിക അതിൻെറ സൌഭാഗ്യത്താലും, ദൗർഭാഗ്യത്താലും ഒരേവിധം അവരുടെ മനസ്സിനെ വശീകരിച്ചുകൊണ്ടുനിന്നു.

ഓണക്കാലം പതിവുപോലെ പിന്നെയും സമാഗതമായി. ഓണത്തുമ്പികൾ എങ്ങും പറന്നുനടന്നു. കുട്ടികൾ ആർത്തുവിളിച്ചും, കളിച്ചുംകൊണ്ടു പൂപറിച്ചു തുടങ്ങി. പൂച്ചെടികൾ ആഹ്ലാദപൂർവ്വം തങ്ങളുടെ ഓണക്കാഴ്ചകളെ പൊക്കിപ്പിടിച്ചുകൊണ്ടു് അവരെ മാടിവിളിച്ചു നിന്നു. ഭാനുമതിയുടെ മല്ലികയും ഈ ബഹളത്തിനിടയിൽ പൂത്തു. പക്ഷേ, അതുകണ്ടു കൃതാർത്ഥമാകുവാൻ, അതിൻെറ ഹാർദ്ദമായ ആ ദസ്സഹോപഹാരത്തെ അംഗീകരിച്ചു സന്തുഷ്ടിയടയുവാൻ ആരും തന്നെ ഉണ്ടായിരുന്നില്ല. ഏതൊരുവൾക്ക് അതിൻെറ പുഷ്പാഗമം ഒരു മഹോത്സവമായിത്തീരുമായിരുന്നുവോ, ഏതൊരുവളുടെ വ്രണിതഹൃദയത്തിനു ആ കാഴ്ച ഒരു പീയൂഷധാരയായി പരിണമിക്കുമായിരുന്നുവോ, ആ ഭാനുമതി അവളുടെ ആശാവിധുരമായ ഹൃദയത്തോടു കൂടി കണ്മറഞ്ഞ വിവരം അതു് അറിഞ്ഞില്ലായിരിക്കാം. അഥവാ, ആനന്ദപൂർണ്ണമായ അവളുടെ ആത്മാവു് അപ്രത്യക്ഷമായ ഏതോ ലോകാന്തരങ്ങളിൽ അതിനെത്തന്നെ നിർന്നിമേഷമായി നോക്കിക്കൊണ്ടു നിൽക്കുന്നുണ്ടാവാം.

ഏതായാലും അതും പൂങ്കുലകളെ താങ്ങിപ്പിടിച്ചുകൊണ്ടു് നിന്നു. അതിൻെറ പൂക്കൾ ആക്കും വേണ്ടാതെ മുക്കാലും, കാററത്തു കൊഴിഞ്ഞുവീണുകിടന്നു. ജാനകിയമ്മ അതുകണ്ടു. അയൽവീടുകളിൽ നിന്നും പൊങ്ങുന്ന ലീലാകോലാഹലം കേൾക്കുകയും ചെയ്തു. അവർ, കണ്ണും ചെവിയും ഒരുപോലെ വേദനിക്കുകയാൽ വേഗം വീട്ടിനുള്ളിൽ കടന്നു കതകടച്ചു കിടപ്പായി.

അടുത്തരണ ഒരുകൂട്ടം കുട്ടികളുടെ ഉറക്കെയുള്ള ചിരിയും സംസാരവും അടുത്തുകേട്ടു. ജാനകിയമ്മ വാതിൽ തുറന്നു പുറത്തേക്കുവന്നു. മാലതിയും കൂട്ടുകാരുംകൂടി, ആ പൂക്കൾ മുഴുവൻ പറിച്ചെടുത്തുകൊണ്ടു് പടികടക്കുന്നതു് അവർ കണ്ടു. അവരുടെ സിരാചക്രം ആകമാനം ഒന്നു ചലിച്ചു. അവർ ഉടനടി മറെറാന്നും ചിന്തിക്കാതെ, ഒരു വെട്ടുകത്തിയുമായി ഓടിച്ചെന്നു മുററത്തിനു് ഒരു മരതകച്ചെണ്ടായി നിന്നിരുന്ന ആ മല്ലികയുടെ കട വെട്ടിമുറിച്ചു. അതു ഒരു ദുഃഖമർമ്മരത്തോടുകൂടി നിലംപതിച്ചു.

"എന്നാൽ പൂപറിക്കാൻ ഞാൻ മാലതിയേയുംവിളിക്കും. അമ്മ അവളോടു പരിഭവിക്കരുതു്. അവളെപ്പോലെ ദുഷ്ടത നാം എന്തിനുചെയ്യുന്നു" എന്നൊരു "അശരീരിവാക്ക്" അടുത്ത നിമിഷം അവരുടെഹൃദയത്തിൽ മുഴങ്ങി. അതിൻെറ മാറെറാലി, ആ മല്ലികയുടെ ഇലകളാരും പറിക്കാതെ, കൊമ്പുകളാരും ഒടിക്കാതെ, പ്രത്യേകം സൂക്ഷിക്കണേ, എന്നുള്ള മകളുടെ അന്ത്യപ്രാർത്ഥന അവരെ സ്മരിപ്പിച്ചു. അവർ സ്തബ്ധയായി നിന്നു.

*"Sir, I oppose not rational to Spiritual, for Spiritual is most rational"*

Whichcote.

# കവിതയും തത്വചിന്തയും

## (അവയുടെ ആശ്ളേഷസന്ധി.)

(പാവുന്നയിൽ. ഗോപാലൻനായർ.)

കവിതയും തത്വചിന്തയും തമ്മിലുള്ള ബന്ധത്തെ പുരസ്കരിച്ചു ധാരാളം എഴുതപ്പെട്ടിട്ടുണ്ടു്. സാഹിത്യനിരൂപകന്മാർ ഈ വിഷയത്തിൽ, പൊതുവെ പറയുന്ന പക്ഷം, രണ്ടു കക്ഷികളായി തിരിഞ്ഞുനിന്നു വിഭിന്നങ്ങളായ അഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നു. ഇങ്ങനെ നോക്കുമ്പോൾ ഈ വിഷയം വലിയ പുതുമയുള്ളതായി തോന്നാൻ ഇടയില്ലെങ്കിലും, ഇതിൽ അചുംബിതങ്ങളായി ഇനിയും വല്ല വശങ്ങളും അവശേഷിച്ചു കിടപ്പുണ്ടോ എന്നു പരിശോധിക്കുന്നതു കൌതുകകരമായിരിക്കുമല്ലോ. കവികൾ ആന്തരമായി ഏതെങ്കിലും തത്വജ്ഞാനത്തെ അന്വേഷിക്കുന്നവരാണൊ? അഥവാ, തത്വചിന്തതന്നെ കുറെ അങ്ങോട്ടു ചെന്നു കഴിഞ്ഞാൽ ഉൽകൃഷ്ടകവിതയായി പരിണമിക്കുകയില്ലെ? ഇങ്ങനെ ചില പ്രശ്നങ്ങളെക്കുറിച്ചു മാത്രം ചുരുക്കമായി ചിന്തിക്കാം.

സത്യത്തിന്റെ ഉള്ളിലേയ്ക്കു കടന്നുള്ള ഒരു പര്യന്വേഷണം, കണ്ടുപിടിക്കപ്പെട്ടതെന്നു വിശ്വസിച്ചുപോരുന്ന സത്യങ്ങളെ ആസ്പദിച്ചുള്ള യുക്തിവിചാരം—ഈ നിലയിൽ തത്വചിന്തയെ പരിഗണിക്കുന്നപക്ഷം, അതിനു കവിതയുമായി വലിയ ഉടപ്പമില്ലെന്നു വരും. ഇങ്ങനെ നോക്കുകയാണെങ്കിൽ തോമസ് അക്വിനാസ്സിന്റെയൊ ശങ്കരാചാര്യരുടെയൊ കൃതികളിൽ കവിതയുടെ കണികപോലും കാണുകയില്ല; അവ വെറും ഇലകൊഴിഞ്ഞ കാനനങ്ങളാണു്. കുഞ്ചൻനമ്പ്യാരുടെ, എന്തിനു്, എഴുത്തച്ഛന്റെ കൃതികളിൽപോലും വൃത്തനിബന്ധനയും അവിടവിടെ ചിന്നിചിതറിക്കിടക്കുന്ന ചില അലങ്കാരങ്ങളും മാററി നിറുത്തിയാൽ, കവനകലാലക്ഷ്മി കളിയാടാത്ത ഭാഗങ്ങൾ ധാരാളം കാണാം. കേവലം ഗദ്യാത്മകമായ വസ്തുവിനു കാവ്യരൂപമായ ഒരു ആവരണം നൽകപ്പെട്ടിട്ടുള്ള ഭാഗങ്ങളാണു അങ്ങിനെയുള്ളവ. പ്രഗത്ഭങ്ങളായ തത്വചിന്തകളാൽ മാത്രം വ്യാകീർണ്ണമായ ലൂക്രേഷ്യസി (Lucretius) ന്റെ കൃതികളെ സംബന്ധിച്ചു് അദ്ദേഹം തന്നെ ഇപ്രകാരം പറയുകയുണ്ടായി:—"വൈദ്യന്മാർ അരോചകമായ മരുന്നുകൾ ശിശുക്കൾക്കു കൊടുക്കുമ്പോൾ, വായിൽ ആദ്യം തേൻ പുരട്ടുന്നതുപോലെ ............എന്റെ ഗഹനങ്ങളായ സിദ്ധാന്തങ്ങൾ കവിതാമധുവിൽ ചാലിച്ചുകൊണ്ടാണു ഞാൻ പ്രകാശിപ്പിക്കുന്നതു്."

എന്നാൽ, കവിത, തേൻപോലെയൊ വെണ്ണപോലെയൊ വല്ലതിന്മേലും പുരട്ടാവുന്ന ഒരു വസ്തു വല്ലെന്നു നാം ഓർക്കേണ്ടതുണ്ടു്. അതു, വസ്തുക്കളെ ഒളിഞ്ഞും തെളിഞ്ഞും ഉദ്ദീപ്തമാക്കിത്തീർക്കുന്ന ഒരു ദിവ്യജ്യോതിസ്സാകുന്നു. ആ ദീപനാളത്തിന്റെ കാന്തിപ്രസരത്തിൽക്കൂടിയാണു് നാം അപ്പോൾ വസ്തുക്കളെ ദർശിക്കുന്നതു്.

തത്വചിന്തയുടെ യുക്തിമാർഗ്ഗങ്ങളും പര്യവേക്ഷണരീതികളും ഏതാണ്ടു യാന്ത്രികമായിരിക്കുന്നതിനാൽ അതിനെ കവിതയുമായി കൂട്ടിയിണക്കുമ്പോൾ ഫലം അസുന്ദരവും കൃത്രിമവും ആയി ഭവിക്കുന്നതിനു എളുപ്പമുണ്ടു്. എന്നാൽ, തത്വജ്ഞാനത്തിന്റെ വീക്ഷണം, അഥവാ ദർശനം എല്ലായ്പ്പൊഴും മഹനീയമാണു്. പ്രപഞ്ചവിഷയകമായി അതു ഉത്ഭാവനം ചെയ്യുന്ന നിയതിക്രമം ചിലപ്പോൾ സുന്ദരവും, ചിലപ്പോൾ ശോകാത്മകവും, അല്ലെങ്കിൽ ഹാസ്യപ്രസക്തവുമായിരിക്കും. പ്രപഞ്ചത്തെക്കുറിച്ചുള്ള കവികളുടെ ദർശനവും ഇതുപോലെതന്നെയാണെന്നു അല്പം ചിന്തിച്ചാൽ അറിയാം.

തത്വചിന്തയിൽ, പര്യവേഷണങ്ങളും കാര്യകാര്യവിചിന്തനവും അതിന്റെ പരമമായ ലക്ഷ്യപ്രാപ്തിയിലേയ്ക്കുള്ള സോപാനങ്ങൾ മാത്രവും, തന്നിമി

ത്തം അവ ആനുഷംഗികങ്ങളുമാകുന്നു. തത്വചിന്താപരമായ സൂക്തിവിചാരം ചെന്നവസാനിക്കുന്നതു സൂസൂക്ഷ്മമായ അന്തഃസ്വഭാവഗ്രഹണ(Insight)ത്തിൽ—അതായതു, എല്ലാവസ്തുക്കളേയും, അവയുടെ അംഗാംഗിബന്ധത്തെ മുൻനിറുത്തിയും, ഓരോന്നിനും സ്വതവെയുള്ള മൂല്യങ്ങളെ പരിഗണിച്ചുംകൊണ്ടുള്ള ഒരു അവികലാവലോകനത്തിലാണല്ലൊ. അങ്ങിനെയുള്ള വിശാലവീക്ഷണം ഭാവനാമയമായിരിക്കുമെന്നുള്ളതിന്നു സംശയമില്ല. സ്വന്തം ഹൃദയത്തെ മെരുക്കുകയും മനസ്സിനെ വികസിപ്പിക്കുകയും ചെയ്യാത്ത യാതൊരുവനും ഇപ്രകാരമുള്ള ചിന്താപരകോടിയിൽ എത്തുവാൻ സാധിക്കുന്നതല്ല. ഏതാദൃശമായ ഒരു വീക്ഷണവൈശാല്യം സ്വായത്തമാകുന്ന നിമിഷത്തിൽ തത്വചിന്തകൻ ഒരു കവിയായി മാറുന്നു. തന്റെ സ്വനിയന്ത്രിതവും വികാരപരവശവുമായ ഭാവനയെ സമസ്തവസ്തുക്കളുടേയും നേക്ക്, അഥവാ, എല്ലാററിന്റെയും വെളിച്ചത്തിൽ ഏതെങ്കിലും ഒന്നിന്റെ നേക്കു തിരിച്ചു വിടുന്ന ക്ഷണത്തിൽ കവി, ഒരു തത്വചിന്തകനായിക്കഴിയും. ഇവിടെയാണു കവിതയുടേയും തത്വചിന്തയുടേയും ആശ്ലേഷസന്ധി സ്ഥിതിചെയ്യുന്നതു്.

എന്നാൽ, ഒരു തത്വചിന്തകൻ, ചില ദീപ്രനിമേഷങ്ങളിൽ കവിയായി പരിണമിക്കുമെങ്കിലും, കവി, തത്വചിന്തകനാകാൻ യത്നിക്കുന്ന, അഥവാ, ആയിതീരുന്ന നിമേഷങ്ങൾ അയാളുടെ ദുർഗ്ഗതിനിമേഷങ്ങളായും ബ്ഭവിയ്ക്കാറുണ്ടു്. തത്വചിന്ത സൂക്തിപ്രചുരവും ഫലനീയസ്സുമാണെങ്കിൽ, കവിത, ചിറകുവച്ചതും, മിന്നിമറയുന്നതും, നിഃവശിതവുമായിട്ടുള്ളതത്രെ! ഉദാഹരണമായി ഏതെങ്കിലും സുദീർഘമായ ഒരു കാവ്യത്തെ തന്നെ എടുക്കുക. അതിലെ ചില പ്രത്യേക അംശങ്ങൾ കൂടുതൽ മേന്മയുള്ളതാണെന്നു കാണാം. സ്വയമേവാഗതമായ ഏതാനും പദങ്ങളിൽ, കവി, ഹൃദയഹാരിയായ ഒരു സുകുമാരാശയത്തെ നിബന്ധിക്കുന്നു. അത്യുൽക്കടമായ ഒരു വികാരത്തിന്റെ—തുള്ളുമ്പുമെന്ന നിലയിൽ എത്തിട്ടുള്ള ഒരു നിറവിന്റെ മാത്രകളെ, അങ്ങനെ, കവി, ഭാഷയിൽ പകരുന്നു. അടുത്തനിമിഷത്തിൽ വികാരോൽക്കടത്വം ശമിക്കുന്നു; ഹൃദയവ്യഗ്രത വിനഷ്ടമാകുന്നു; ഫലം, മുമ്പുനിർമ്മിച്ചതിലും ഒരു പടി താഴെമാത്രം നില്ക്കുന്ന കീഴ്ത്തരം കവിതയുടെ ആവിർഭാവംതന്നെ ചിന്താനിർദ്ധാരിയ്ക്കു മാർഗ്ഗഭ്രംശം നേരിടുന്നു. അങ്ങിനെ അതു കേവലം പദ്യനിർമ്മാണമാകുന്ന മണൽത്തിട്ടിൽ അകപ്പെട്ടു വററി വരണ്ടുപോകുന്നു.

ഇങ്ങനെ നോക്കുമ്പോൾ, യഥാർത്ഥകവിത വളരെ വിരളപ്രായമായിട്ടെ കിട്ടുകയുള്ളു എന്നുവരുന്നു. പറന്നുപോകുന്ന ചില മനോവൃത്തികൾ, ക്ഷണികങ്ങളായ ചില പ്രതിഭാസങ്ങൾ—ഇങ്ങനെ ചില സത്തകൾ മാത്രമേ വികാരാവേശത്തോടുകൂടിയുള്ള പ്രതിപാദനത്തിനു യോഗ്യമായിട്ടുള്ളു എന്നാണൊ ഇതിൽനിന്നു ധരിക്കേണ്ടതു്? ജീവിതം, ചരിത്രം, സ്വഭാവം മുതലായവയുടെ സാകല്യേനയുള്ള പ്രതിപാദനം കവനകലയ്ക്കു വിഷയമാകാൻ പററിയവയല്ലെന്നുമാണൊ നാം മനസ്സിലാക്കേണ്ടതു്? അല്ലാ എന്നാണു് പറയേണ്ടിയിരിക്കുന്നതു്. ചില ചെറിയതും നിസ്സാരങ്ങളുമായ കാര്യങ്ങൾ മനോഹരങ്ങളായും, ചില വലിയ കാര്യങ്ങൾ രസശൂന്യങ്ങളും രൂപവിഹീനങ്ങളുമായും തോന്നുന്നുവെങ്കിൽ— ഒരു മഹാകാവ്യത്തിലേക്കാൾ ഒരു വരിയിൽ കൂടുതൽ കവിത്വം പ്രദർശിപ്പിക്കുവാൻ നമുക്കു കഴിയുന്നുവെങ്കിൽ, അതു നമ്മുടെ ശക്തിഹീനത, ഭാവനാവൈരള്യം, വ്യുല്പത്തിക്കുറവു മുതലായ കാരണങ്ങളാൽ മാത്രമാണെന്നാണു മനസ്സിലാക്കേണ്ടതു്.

ഈ വാസ്തവം വ്യക്തമാക്കുവാൻ വലിയ വിഷമമില്ല. രണ്ടോ നാലൊ അടികളിൽ കവിതാമധുവിനെ തഞ്ചി നിറുത്തുവാൻ കഴിയുന്ന ഒരു കവിയ്ക്കും, സദാ പുലമ്പികൊണ്ടിരിക്കുന്ന ഭാവനാശൂന്യനായ ഒരു സാധാരണക്കാരനും തമ്മിലുള്ള വ്യത്യാസമെന്താണു്? പരിമിതവാക്കുകളിൽ മാത്രം ആത്മപ്രകാശനം സാധിക്കുന്ന കവി, മുമ്പു പറഞ്ഞ സാധാരണക്കാരനോളം ചിന്തിക്കുന്നില്ലെന്നു വരുമോ? ചിന്തിക്കുന്നില്ല എന്നതിലല്ല, കവിയിൽ വികാരാനുഭൂതി മുന്നിട്ടുനിൽക്കുന്നു എന്നതിലാണു് ഈ വ്യത്യാസം കിടക്കുന്നതു്. ഒരു കവിയ്ക്കു കവിതാചോദനം സിദ്ധിക്കുന്ന മുഹൂർത്തത്തിനു, (Moment) അതു ക്ഷണഭംഗുരമാണെന്നിരിക്കിലും, ഒരു വിസ്തൃതി, ഒരു അഗാധത—വ്യാപകമായ ഒരു വ്യഞ്ജകത്വം ഉണ്ടായിരിക്കുന്നതാണു്. ഉൽക്കടത്വം, (Intensity)—അതു നൈമിഷികമാണെങ്കിൽ കൂടി—ബഹിഃപ്രകടിതമാക്കുവാൻ, മറെറാരുവിധം പറയുന്നതായാൽ, ഭാഷയിൽ പ്രതിഫലിപ്പിക്കുവാൻ കഴിഞ്ഞാൽ, ഒരു പൂർണ്ണതയും വ്യംജകവൃത്തിയും (Suggestive power) ഉൽക്കടമായ ആ നിമിഷത്തിൽ കേന്ദ്രീകൃതമായി ഭവിക്കുന്നു. ഐന്ദ്രിയമായ നമ്മുടെ അനുഭൂതികളെല്ലാം കാലസംബന്ധിയാകുന്നു. നാം ഉപജീവിക്കുന്നതു തന്നെ പാറിപ്പോകുന്ന നിമിഷങ്ങളിലാണെല്ലൊ. പാറിപ്പോകുന്ന ഈ നിമിഷങ്ങളിൽ

തന്നെയാണ കവിയും തത്വചിന്തകനും സംബന്ധരായിരിക്കുന്നതു്. ഇരുവരും ഈ നിമിഷത്തെയാണ് അനന്തമായ സ്വന്തം ഭാവനാചക്രവാളത്താൽ ധന്യമാക്കേണ്ടതു്. കാവ്യാനുഭൂതിയുണ്ടാകുന്ന ഒരു നിമിഷവും കേവലം ഉദാസീനമായ ഒരു നിമിഷവും തമ്മിൽ ഒരു വ്യത്യാസമുള്ളതു ആദ്യത്തേതിൽ കൂടുതൽ വീക്ഷണവ്യാപ്തിയുണ്ടെന്നുള്ളതുതന്നെ. അത്യന്തം കൃശമായ ചില വരികളിൽ പോലും, കവി. ചില മാന്ത്രികശക്തിയുള്ള പദങ്ങളുടെ വിനിവേശനത്താൽ, നാം അറിയാതെതന്നെ, നമ്മെ രസാനുഭൂതിയുടെ ഉച്ചകോടിയിൽ എത്തിക്കുന്നതു സൂക്ഷിക്കുക. ശൈലികളുടെയും അലംകാരങ്ങളുടെയും ചമൽക്കാരകാരകത്വം തന്നെ നമ്മുടെ ചിരകാലാനുഭവങ്ങളുടെ സങ്കീർണ്ണമായ പ്രവാഹങ്ങളെ, സംഭരിച്ച്, വിമുക്തമാക്കുന്നതിൽ നിന്നുണ്ടാകുന്നതല്ലേ? ഒരു മണിപ്രകാണ്ഡത്തിൽ സാഗരതരംഗങ്ങളിലെ വർണ്ണവൈവിധ്യം എപ്രകാരം പ്രതിബിംബിക്കുമോ, അതുപോലെ നമുക്കു കാവ്യരസാനുഭവം ഉണ്ടാകുമ്പോൾ ഹ്രസ്വമായതിൽ ഒരു അഭിവ്യാപ്തിയും അച്ഛമായതിൽ ഒരു അഗാധതയും നാം ദർശിക്കുന്നു. തത്വചിന്താപരമായ ഒരു സൂക്തം ഇങ്ങനെയുള്ള ഒരു മണിപ്രകാണ്ഡമല്ലെങ്കിൽ പിന്നെ എന്താണ്? നമ്മുടെ ശ്രദ്ധയെ വ്യാപരിപ്പിക്കുകയും നമ്മെ ഏകാഗ്രചിത്തരാക്കുകയും ചെയ്യുന്ന ചില കാര്യങ്ങളെ ധ്വനിപ്പിക്കുന്ന ഏതാനും വരികൾ കാവ്യഗുണം തികഞ്ഞതായി നാം പരിഗണിക്കുന്നു. അങ്ങനെയാണെങ്കിൽ നമുക്കു ഏതെങ്കിലും തരത്തിൽ ബന്ധമുള്ള കാര്യങ്ങളുടെ സാകല്യദ്യോതകമായുള്ള ഒരു ദർശനം (Vision) എത്രമേൽ കാവ്യമയമായിരിക്കുമെന്നു വിശേഷിച്ചു പറയണമെന്നില്ലല്ലോ. നിങ്ങളുടെ അനുഭവശകലങ്ങളിന്മേൽ വെളിച്ചം വീഴ്ത്തുക; അവയെ കേന്ദ്രീകരിക്കുക; നിങ്ങളുടെ വികാരങ്ങൾക്കു ഒരു വ്യാപ്തിയും അവഗാഹത്വവും നൽകുക—നിങ്ങളുടെ അനുഭൂതികളെ ഒരേ ലക്ഷ്യത്തിലേയ്ക്കു ഉന്മുഖീകരിക്കുക; അതിനെ ഒരു തത്വജ്ഞാനിയുടെ വിശ്വദർശനമാക്കുക. അപ്പോൾ അതു ഭാവനയുടെ തുംഗശൃംഗങ്ങളെ ചുംബിച്ചു കാവ്യപരിമളം പരത്തുന്നതായി കാണാം. ഇപ്രകാരം അനുഭൂതികൾക്കു രൂപാരോപം നൽകിക്കഴിഞ്ഞാലും, അവയെ ഒരു ചിന്താതന്തുവിൽ കോർത്തിണക്കി, അവയ്ക്കു വികാരനിർഭരവും ആവശ്യകാരിയുമായ ഒരു വാഗ്രൂപം നൽകുന്നതിലാണ് വൈഷമ്യം കിടക്കുന്നതു്.

അപ്പോൾ വസ്തുാംശങ്ങളുടെ അവ്യാപ്തികൊണ്ടോ സാന്ദ്രതകൊണ്ടോ അല്ലാ കവിത, കവിതയാകുന്നതു്; പ്രത്യുത, അതിന്റെ അഭിവ്യാപ്തികൊണ്ടും സർവ്വാശ്ലേഷിത്വംകൊണ്ടുമത്രെ. വസ്തുാംശം അധികമാവുകയും, അങ്ങിനെ കവിത ക്ലിഷ്ടവും അലഘുവുമായി തീരുന്നുവെങ്കിൽ, അതു കവിയുടെ ശക്തിഹീനതയെയാണ കുറിക്കുന്നതു്. കുറേക്കൂടി സൂക്ഷ്മമായ വീക്ഷണവിചക്ഷണതയും, കുറേക്കൂടി ഉൽഗ്രഥനസമർത്ഥമായ ഭാവനയും ഉണ്ടെങ്കിൽ, എത്ര വ്യാപകമായ വസ്തുവും കവിയ്ക്കു അനായാസഗ്രാഹ്യമായി ഭവിക്കുന്നു.

ജീവിതത്തിലെ പരമവും നാടകീയവുമായ ഒരു പരിവർത്തനസന്ധിയിൽ, നമ്മുടെ ജീവശക്തികളെല്ലാം ഒരു വർത്തമാനനിമിഷത്തിൽ സംഭൃതമാകുകയും, നമ്മുടെ അവബോധവും ചിന്താഗതികളും ആ വിചിത്രനിമിഷത്തിന്റെ നിഴൽ വീണു നിറംമാറുകയും ചെയ്യുന്നതുപോലെ, തത്വചിന്തകനായ കവി മനുഷ്യസമുദായത്തെ ആകമാനം ഒരു അഖണ്ഡപിണ്ഡമായി ദർശിക്കുന്നു. പ്രപഞ്ചത്തിൽ തനിക്കു ബന്ധമുള്ള സകലതിനേയും ഒരേആക്രന്ദനത്താൽ ആമന്ത്രണം ചെയ്യുകയും, അവയുടെയെല്ലാം അന്തർയ്യാമസത്തയെ അഭിവാദനം ചെയ്യുകയും ചെയ്യുമ്പോളാണ കവി, കവിപദത്തിന്റെ നോക്കെത്താത്ത ഉയരത്തിൽ പൊങ്ങിപ്പറക്കുന്നതു്. ജീവിതത്തെ മനസ്സിലാക്കുന്നതിലാണ ജീവിതസാധന അടങ്ങിയിരിക്കുന്നതു്. കാവ്യപ്രപഞ്ചത്തിന്റെ കൊടുമുടികളിൽ ദേവതകളുടെ ഭാഷയായിരിക്കും കേൾക്കപ്പെടുന്നതു്.

# മൌനത്തിൽ കവിത.

(ററി. ററി. എബ്രഹാം എം. ഏ, ബി. എൽ. കോട്ടയം)*

പാശ്ചാത്യരും പൌരസ്ത്യരുമായ കാവ്യമീമാംസകരുടേയും കലാവിമർശകരുടേയും നിർവ്വചനപാടവത്തെ വെല്ലുവിളിച്ചുകൊണ്ടും, എന്നാൽ സഹൃദയചിത്തത്തെ സർവ്വദാ അലൌകികമായ ആനന്ദവാപ്പിൽ ആമജ്ജനംചെയ്തുകൊണ്ടും, അങ്ങനെ സാന്ദ്രഗംഭീരമായും പ്രകൃതിമനോജ്ഞമായും ലാലസിക്കുന്ന ഒരു വിഷയമാണ് കവിത. കവിതയുടെ ഉല്പാദകഘടകങ്ങളെ വിശകലനംചെയ്തു പരീക്ഷിച്ച് ഒരു വഴിക്കും, ശ്രേഷ്ഠകവനാസ്വാദനം സഹൃദയചേതസ്സിൽ സ്ഥായിയായും അന്ത്യമായും അവശേഷിപ്പിക്കുന്ന നിരതിശയാനന്ദത്തെ അപഗ്രഥനംചെയ്തു വിമർശിച്ചു വേറൊരു വഴിക്കും കവിതാനിർവ്വചനാർത്ഥം ഇതഃപര്യന്തം ചെയ്തിട്ടുള്ള യത്നങ്ങൾ സാഫല്യദശയിലെത്തിയിട്ടില്ല. കവിത, ജീവിതവിമർശനമാണ്, വികാരശബളമായ ഹൃദയത്തിൽ സംജാതമാകുന്ന ക്ഷോഭങ്ങളെ പ്രശാന്തദശയിൽ അനുധ്യാനിച്ചു കലാസുഭഗമായ രൂപത്തിൽ പ്രകടിപ്പിക്കുന്ന മോഹനസങ്കല്പമാണ്, കലാപരമായ സൗന്ദര്യാവബോധത്തിന്റെയും മോഹനഭാവനയുടെയും സമീചീനസമ്മേളനമാണ് എന്നിങ്ങനെ പാശ്ചാത്യരായ സാഹിത്യവിമർശകരും, ദോഷവർജ്ജിതവും ഗുണാശ്ലിഷ്ടവും സാലംകാരവുമായ സാഹിതീപ്രകാശനമാണ്, നവനവോന്മേഷശാലിയായ പ്രതിഭയുടെ ഔചിത്യനിർഭരമായ ബഹിഃപ്രകടനമാണ്, രസാത്മകമായ വാക്യമാണ് എന്നീവിധം പൌരസ്ത്യസാഹിത്യാചാര്യന്മാരും കവിതയെ ബഹുമുഖമായി നിർവ്വചിക്കുവാനുദ്യമിച്ചിട്ടുണ്ട്. ഈ വിവരണങ്ങളിൽ ദൃശ്യമാകുന്ന ബാഹ്യവൈവിധ്യങ്ങളെ അതിലംഘിച്ചു സ്ഥായിയായി നിലകൊള്ളുന്ന ആ സാദൃശ്യം പ്രത്യേക പരിഗണനാർഹമാണ്. പ്രകാശനോപാധികൾ എന്തുതന്നെയായിരുന്നാലും കവനകലയുടെ പരമലക്ഷ്യം രസദായകത്വമായിരിക്കണമെന്നതിനെപ്പററി പക്ഷാന്തരമില്ല. "ബ്രഹ്മഏവരസഃ" എന്നിങ്ങനെ ഉപനിഷദ്പ്രകീർത്തിതമായ രസത്തിന്റെ സ്ഫുരണത്തിന് ഔചിത്യലോപംകൂടാതെ ഏതു സരണിയുമവലംബിക്കാനുള്ള സ്വാതന്ത്ര്യം കവിയ്ക്കു സ്വായത്തമാണ്. കാവ്യജീവനായ വികാരത്തിന്റെ ചമല്ക്കാരപൂർണ്ണമായ പ്രകടനത്തിനു, ഭാഷയും സാഹിത്യവും കവിയാൽ അവശ്യം അവലംബനീയമായിത്തീരുന്നു; ശബ്ദാർത്ഥാലങ്കാരങ്ങൾ യഥാവസരം പ്രയുക്തമാകുന്നു. ആംഗലവിമർശകർ "Intensity of Conception" എന്നു വ്യവഹരിക്കുന്ന ഭാവനാതീവ്രത, സമഞ്ജസമായ ഭാഷാശൈലീപാകമവലംബിക്കുമ്പോൾ ഉത്തമകവിത ആവിർഭവിക്കുന്നു. എന്നാൽ, അലങ്കാരങ്ങളുടെയും പദപ്രയോഗങ്ങളുടെയും അഭാവത്തിൽപോലും ചില ഘട്ടങ്ങളിൽ ഉൽകൃഷ്ടകവനത്തിന്റെ ഉച്ചശൃംഗങ്ങൾ ദൃശ്യമാകാറുണ്ടു. ചില ഘട്ടവിശേഷങ്ങളുടെയും അവസ്ഥാന്തരങ്ങളുടെയും അവതരണത്തിലും സംയോജനയിലും നിന്നാണ്, ഭാഷാപ്രയോഗമുക്തമായ ഈദൃശകവിതകൾ ഉത്ഭവിക്കുന്നതു്: ഇതിനെയാണു മൌനകവനമെന്നിവിടെ വിവക്ഷിക്കുന്നതു്.

മൌനകവിതാജീവൻ ധ്വനിയും വ്യംഗ്യവുമാണെന്നു തോന്നിയേക്കാം. മൌനകവനരംഗത്തു് ഇവയ്ക്കു രണ്ടിനും സ്ഥാനമുണ്ടെങ്കിലും, കാവ്യാത്മകമായ സന്ദർഭങ്ങളുടേയും അന്തരീക്ഷത്തിന്റെയും സംസൃഷ്ടിയിലാണു രസദായകത്വം സ്ഥിതിചെയ്യുന്നതു്. വികാരവിസ്ഫുരണത്തിനും രസസ്ഫൂർത്തീകരണത്തിനും വാക്കുകൾ അപ്രാപ്തങ്ങളാകുന്ന അവസരങ്ങൾ കാവ്യലോകത്തപൂർവ്വമല്ല. ഭിന്നവികാരങ്ങൾ രൂക്ഷാൽ രൂക്ഷതരമായി സംഘട്ടനം ചെയ്യുന്ന വേളകളിൽ മാനവഹൃദയം മഹത്തായ ഈ വികാരസമ്മർദ്ദത്തിന്റെ മുൻപിൽ നിസ്സഹായമായി നിന്നു ത്രസിക്കുന്നതിനല്ലാതെ, വികാരപ്രകടനപരമായ വർണ്ണനകൾക്കു സമർത്ഥമാകയില്ലെന്നതു് ഒരു മനഃശാസ്ത്രതത്വമാണ്. ഇതാണു മൌനകവിതയുടെ ജീവനും. പാരായണികൻ, ആയാമ്യതയേറുന്ന ഭാവനയാൽ സവിശേഷമനുഗൃഹീതനല്ലെങ്കിൽ ഇമ്മാതിരി ഘട്ടങ്ങൾ അവനെ നിർവ്വി

* ലേഖകൻ ഗവമ്മെന്റു ജോലിയിൽ പ്രവേശിക്കുന്നതിനുമുമ്പ് എഴുതിയതാണ് ഈ ഉപന്യാസം. [Ed.]

കാരതയിലാഴ്ത്തുകയേയുള്ളു. അത്യുഷ്ണളങ്ങളായ വികാരങ്ങൾ നിരന്തരകഠോരമായി സംഘർഷണം ചെയ്യുന്ന വേളകളിൽ, "അനൗചിത്യാദൃതേനാന്യത് രസഭംഗസ്യ കാരണം" എന്ന പരമതത്വമറിഞ്ഞാചരിക്കുന്ന കവി മൗനം ഭജിക്കുന്നു. ആ മൗനം ലോകസമ്മോഹകമായ കവിതയുമാണു്. ഉദാഹരിക്കാം. കേരളത്തിലെ സ്കാട്ട് എന്ന അപരാഭിധാനത്താൽ സുഖ്യാതനായ മി. സി. വി. യുടെ 'രാമരാജബഹദൂറി'ലെ പ്രധാന പ്രതിപാദ്യം, വഞ്ചിധർമ്മമർദ്ദനത്തിനായുള്ള ടിപ്പുസുൽത്താന്റെ ഭീമസംരംഭവും, തദ്ധ്വംസത്തെ രാജാകേശവദാസന്റെ നേതൃത്വത്തിൽ തിരുവിതാംകൂർ ഭഗ്നമാക്കുന്നതുമാണല്ലൊ. തിരുവിതാംകൂറിന്റെയും വഞ്ചിരാജവംശത്തിന്റേയും ചരിത്രത്തിൽ ആവിർഭവിച്ച അതിനിശിതമായ ഈ പരീക്ഷണഘട്ടം, തിരുവിതാംകൂറിനെ യാസകലാൽ വിത്രസ്തമാക്കിയ വൃത്താന്തം പ്രസ്തുത ആഖ്യായികയിൽ ചമല്ക്കാരപൂർവം വർണ്ണിതമായിട്ടുണ്ടു്. ടിപ്പുവിന്റെ അധൃഷ്യമായ സേനാവ്യൂഹത്തെ ഭഞ്ജിക്കുവാൻ, ദിവാൻജി തിരുവിതാംകൂർ സേനയെ നയിക്കുന്നു. തിരുവിതാംകൂറിന്റെ ഭാവി, കേശവദാസന്റെ ഈ സമരയാത്രാഫലത്തെ മാത്രമവലംബിച്ചു് നിലകൊള്ളുന്നു. യുദ്ധരംഗത്തേയ്ക്കു പുറപ്പെടുന്ന ദിവാൻജി, യഥാവിധി ശ്രീപത്മനാഭദർശനംചെയ്തു്, സ്വസ്വാമിദയാട്ടു യാത്രാനുമതി ചോദിക്കാൻ മഹാരാജസവിധം പ്രത്യക്ഷപ്പെടുന്നു. സുതീക്ഷ്ണങ്ങളായ ഭിന്നവികാരങ്ങൾ ഇതിലും ഉഗ്രതരമായി രണ്ടു മഹൽഹൃദയങ്ങളിൽ അലയടിക്കുന്ന ഒരു രംഗം സംഭാവനചെയ്യുക അസാധ്യമാണു്. രാജഭക്താഗ്രണിയായ ദിവാൻജിയുടേയും സ്വധർമ്മബോധമർദ്ദത്താൽ തരളാത്മാവായ മഹാരാജാവിന്റെയും ഹൃദയങ്ങളിൽ, ആ പരമമുഹൂർത്തത്തിൽ ഏതേതു വികാരങ്ങൾ ത്വരിതപ്രവർത്തനം ചെയ്തു കാണുകയില്ല! ഇവരുടെ ജിഹ്വാഞ്ചലങ്ങൾ പ്രവർത്തനനിവർത്തനമാചരിച്ചുകാണും, ദൃഢം. പ്രശാന്തഗംഭീരമായ ഈ ഘട്ടത്തെ "കേശവാ—അടിയൻ" എന്നീ രണ്ടു പദങ്ങൾ കൊണ്ടാണു്, മഹാ കവിയായ മി. സി. വി. ചിത്രണം ചെയ്യുന്നതു്. ഈ പദങ്ങൾ ഉച്ചരിച്ചതോടുകൂടി; ബോധരഹിതനായി നിലം പതിക്കുന്ന ദിവാനെ, കരുണാവരുണാലയമായ മഹാരാജാവു നിലം പതിക്കാതെ താങ്ങുന്നു; രംഗവുമവിടെയവസാനിക്കുന്നു. മേലുദ്ധരിച്ച രണ്ടു പദങ്ങൾ എത്രകണ്ടാലോചനാമൃതങ്ങളും കാവ്യമയങ്ങളുമാണെന്നു നോക്കുക. സന്ദർഭഗൗരവാധിക്യത്താൽ ആനന്ദാളിതാത്മാവായ മഹാരാജാവു്, 'കേശവാ' എന്ന ത്ര്യക്ഷരിയിൽ സ്ഥിതിഗതികളുടെ അത്ഭുതപൂർവമായ ഗൗരവപ്രകർഷത്തെയും രാജ്യരക്ഷ ദിവാനിൽ കേന്ദ്രീകൃതമായിരിക്കുന്നുവെന്നതിനെയും മററും നിഗ്രഹനം ചെയ്തിരിക്കുന്നു. ഈ ഭാഗം വർണ്ണിച്ചു വിശദമാക്കേണ്ടതല്ല; അതു് കേവലം അനുഭവൈകവേദ്യമാണു്. ദിവാൻജിയുടെ ഉത്തരവാദിത്വഗുരുത്വത്തെപ്പററി മഹാരാജാവു ഒരു ദീർഘപ്രഭാഷണവും ദിവാൻജി അതിനൊരു മറുപടിപ്രസംഗവും ചെയ്തിരുന്നെങ്കിൽ അതു സഹൃദയർക്കു് തുലോം ഉദ്വേഗജനകമായിരുന്നേനെ. ഇവിടത്തെ മൗനം, അർത്ഥഗർഭമായ ഒരു സുദീർഘപ്രഭാഷണമാണു്. ഇതിനേയാണു്, 'Heard melodies are sweet, those unheard are sweeter' (ശ്രുതഗീതം മധുരമാണു്; അശ്രുതഗീതം മധുരതരമാണു്) എന്നു കീററ്സ് വർണ്ണിച്ചിട്ടുള്ളതു്.

ഇതുപോലെ തന്നെ, ക്രിസ്തുഭഗവാനെ കുരിശിൽ തറയ്ക്കുന്ന ആ ഗംഭീരഘട്ടം, കാവ്യമധുരമാണെന്നു തോന്നാറുണ്ടു്. മനുഷ്യവർഗ്ഗത്തിന്റെ ദുർഭരക്ലേശത്തിലും ദുരിതസഞ്ചയത്തിലും ആർദ്രമതിയായി, അവരുടെ പാപപരിഹരണാർത്ഥം സ്വജീവനെ കുരിശിൽ ബലികഴിക്കുന്ന ദൈവതനുജന്റെ പാവനചരിതം ആപാദചൂഡം മധുരാൽ മധുരതരമാണു്; അതു ദിവ്യകവിതയാണു്. ഐഹികപ്രലോഭനങ്ങൾക്കു വശംവദനായി മുപ്പതു വെള്ളിക്കാശിനുവേണ്ടി, ലോകോദ്ധാരകനായ ഗുരുപാദരെ ഒററുകൊടുത്ത ആ ശിഷ്യാധമൻ, സ്വാത്മാവിന്റെ ഭീകരതാഡനമേററു ദീനനായി, ദൂനനായി, ഭ്രാന്തനായി അങ്ങനെ ഉഴലുന്നതും, തന്നെ നീചനീചമാംവിധം ഒററുകൊടുത്ത ആ ശിഷ്യനെപ്പോലും കാരുണ്യപീയൂഷം വർഷിക്കുന്ന മനോജ്ഞനേത്രങ്ങളാൽ ആ ജഗദ്ഗുരു വീക്ഷിക്കുന്നതും, ഉഗ്രമായ അമർഷം ന്യായമായി പ്രവഹിക്കേണ്ട ആ ദീപ്തനയനങ്ങൾ കരുണാപൂരം പ്രസരിക്കുന്നതു ഗുരുദ്രോഹിയായ ശിഷ്യന്റെ ശപ്തഹൃദയത്തെ വിദാരണം ചെയ്യുന്നതുമായ ആ രംഗം ഏകത്ര. ഇതാ മറെറാന്നു്. മൃഗീയമാംവിധം തന്നെ മർദ്ദിച്ചപമാനിച്ചു, മുൾക്കിരീടവുമണിയിച്ചു കുരിശിലേക്കാനയിക്കുന്ന ആ ഘാതകർക്കുവേണ്ടി ദൈവപുത്രൻ, സ്വപിതാവിനോടു പ്രാർത്ഥിക്കുന്നു. ലോകചരിത്രത്തിലെ ഏററവും മഹനീയമായ ഈ പ്രാർത്ഥന, ക്രിസ്തുഭഗവാന്റെ ഘാതകഹൃദയങ്ങളിൽ എന്തെന്തുവികാരങ്ങളെ ഉച്ചലിപ്പിച്ചെന്നു വർണ്ണിക്കുക, തുലോം അസാദ്ധ്യംതന്നെ. ആ വികാരങ്ങളെ വർണ്ണിക്കാതെ മൗനംഭജിച്ച സുവിശേഷക

ത്താക്കളുടെ അദ്വിതീയമായ ഔചിത്യബോധം നിതരാം പ്രശംസനീയമാണു. അവരുടെ കമ്മനൈഷ്ഠൃമാലോചിച്ചാൽ, അവക്ക് അനുഭാവം ലവലേശം പ്രതിക്ഷിക്കുവാൻ അവകാശമില്ലായിരുന്നിട്ടും, ലോകത്തിനുവേണ്ടി ഐഹികദുഷ്ട്യാ പരമയാതന അനുഭവിക്കുന്നവേളയിൽപോലും ക്രിസ്തുദേവൻ അവരെക്കൂടി പ്രാത്ഥനയിൽ അനുസ്മരിക്കുന്നു. കാരുണ്യക്കാതലായ ദേവന്റെ, വിശ്വസീമയെപ്പോലുമതിക്രമിക്കുന്ന ഈ പ്രേമപ്രകടനം, ആ പ്രേമമൂത്തിയെ കുരുശിലേക്കാനയിച്ച ഖലന്മാരുടെ ഹൃദയത്തിലുണ്ടാക്കിയ ഭിന്നസ്തോഭധ്വാനം ഭാവനാശക്തിയുള്ളവക്ക് ഇന്നും സുത്രാവ്യമാണു്. ഈ ഘട്ടങ്ങളിലൊക്കെയും, പ്രബന്ധകാരൻ തൂലികവെടിഞ്ഞു മൗനമുദ്രവരിക്കുന്നതുമൂലമുണ്ടാകുന്ന അതിമഹത്തായ കാവ്യശക്തി അനുഭവിച്ചറിയേണ്ടതാണു്.

ഭാഷാസഹായം വിനാ, അത്യന്തം ഹൃദ്യമായി ആശയപ്രകാശനവും വികാരവിജൃംഭണവും സാധിക്കുന്ന അഭിനയകലയിൽ സ്ഫടികസ്ഫുടം പ്രകടമാകുന്ന കാവ്യാത്മകത, ഭാവപ്രദ്യോതനത്തിനു കലാപരമായ മൗനത്തിനുള്ള മേദുരപ്രഭാവത്തെ സൂചിപ്പിക്കുന്നു. ഉൽകൃഷ്ടകാവ്യത്തിന്റെ ഒരു പ്രധാനലക്ഷണം, ആലോചനാമൃതത്വമാണെങ്കിൽ, കവിസങ്കേതങ്ങളുടെയും പദഡംബരത്തിന്റെയും ഹസ്താവലംബം കൂടാതെ വായനക്കാരിൽ മധുരവികാരങ്ങളെ അനുസ്യൂതമുല്ലാദിപ്പിക്കുന്ന ഘട്ടവിശേഷങ്ങളും സംഭവഗതിവിഗതികളും അന്യൂനമായ കവനതാണ്ഡവത്താൽ സമനുഗൃഹീതമാണു്.

വ്യംഗ്യവും ധ്വനിയും കാവ്യജീവനാണെന്നു വാദിക്കുന്നവരുടെസ്ത്ര്യക്കു, മൗനകവിത സവിശേഷം സമാദരണീയമാണെന്നു് പറയേണ്ടതില്ലല്ലൊ. മൂകഭാഷയിൽ മുഗ്ദ്ധമോഹനമായി കാവ്യാലാപം ചെയ്യുന്ന മഹാപ്രകൃതി, പല കവികൾക്കും കവനചോദന നൽകിയിട്ടുണ്ടു്. ഭാവനാസമ്പന്നരായ മഹാകവികൾക്കു് ഉത്തംഗാശയങ്ങളുടെയും തരംഗിതസ്തോഭങ്ങളുടെയും സഫലപ്രകടനത്തിനു, പലപ്പോഴും മൗനത്തിൽ വിലയം ഗമിക്കാതെ ഗതിയില്ലെന്നുവരും. മഹാപ്രബന്ധങ്ങളെയുമതിശയിക്കുന്ന ആ മൗനത്തിന്റെ സമ്പൂണ്ണമായ സ്വാരസ്യഗ്രഹണം, പാരായണികക്കു വികസ്വരമായ ഭാവനകൂടെ ഉണ്ടെങ്കിലെ സാദ്ധ്യമാകയുള്ളു എന്നതു കലാസ്വാദനപരാമർശിയായ ഒരു മൗലികതത്വമത്രെ.

---


മനക്കോടം കെ. കേശവൻവൈദ്യരുടെ

## മലേറിയാസിദ്ധൗഷധം

ഒരു വഷത്തിൽ കവിഞ്ഞ മലേറിയയ്ക്കു 2 പ്രാവശ്യവും പുതിയതായുള്ളതിനു ഒരു പ്രാവശ്യവും മാത്രം ഈ മരുന്നു കൊടുത്താൽ പൂണ്ണസുഖം വരും. ഇതിനെ പീരിമേട ടി. കെ. മാധവൻവൈദ്യരവർകൾ, പീരിമേട സി. വി. കുഞ്ഞുണ്ണിവൈദ്യരവർകൾ എന്നിവർ പരീക്ഷിച്ചതിൽ നൂററിനു നൂറും മേൽപ്രകാരം സുഖം വരുമെന്നു 'പരിവത്തന'ത്തിൽ അവരുടെ അനുഭവം രേഖപ്പെടുത്തിയിരുന്നതിനെ പൊതുജനങ്ങൾ അറിഞ്ഞിരിപ്പാൻ ഇടയുണ്ടല്ലൊ. വണ്ണനക്കൊരുങ്ങുന്നില്ല. പരീക്ഷിച്ചറിയുക.

ഒരു ഡസൻ ഗുളികക്കു് 1 രൂപാ 4 അണ. ബങ്കിച്ചാർജ്ജ് പുറമെ.

മനക്കോടം, കെ. കേശവൻവൈദ്യർ,
തുറവൂർ, ചേത്തല,
തിരുവിതാംകൂർ.

# പുരാതന കലകൾ.

(പി. വി. ഉലഹന്നൻ മാപ്പിള, എം. ഏ.)

പരിഷ്കാരമെന്നുപറയുന്നതു് ഒരുമാതിരി പുരോഗമനമാണെങ്കിലും, അതിന്റെ നിരാക്ഷേപമായ സമ്പ്രാപ്തിക്കു് ഒരുതരം പശ്ചാദ്ഗമനം അനുപേക്ഷണീയമാകുന്നു. ഈ വസ്തുത മനസ്സിലാക്കിയിട്ടുതന്നെയാണു് ഇന്നത്തെ സംസ്കൃതന്മാരൊക്കെ പണ്ടത്തെ പരിഷ്കാരികൾ നിവസിച്ചിരുന്ന ദേശങ്ങൾ തിരഞ്ഞും ചികഞ്ഞും അക്കാലത്തുണ്ടായിരുന്നവയുടെ ഉച്ഛിഷ്ടങ്ങൾ കണ്ടുപിടിച്ചു് അവയെ അമൂല്യനിധികളായി സൂക്ഷിച്ചുപോരുന്നതു്. പുരാണവസ്തുശാസ്ത്രത്തിന്റെ ശീഘ്രമായ അഭിവൃദ്ധിയോടുകൂടി ആധുനികന്മാർക്കു തെല്ലൊരു വിനയം കൈവന്നിട്ടുണ്ടു്. സഹസ്രാപസഹസ്രം സംവത്സരങ്ങൾക്കുമുമ്പു ജീവിച്ചിരുന്ന നമ്മുടെയൊക്കെ 'അപ്പൂപ്പന്മാർ' ചെയ്തിരിക്കുന്ന മഹാപരാക്രമങ്ങൾ കാണുമ്പോൾ നാമൊക്കെയിന്നു നക്ഷത്രമെണ്ണിപ്പോകുന്നു. ആ പരാക്രമങ്ങളെയാണു നാം പുരാതനകലാസംജ്ഞകൊണ്ടു വിവക്ഷിക്കുന്നതു്. ഒരു വൈമാനികവീക്ഷണത്തിന്റെ ഉപരിപ്ലവതയോടുകൂടിയിട്ടെങ്കിലും അവയില് ചിലതൊക്കെ കണ്ടുകളയാമെന്നു ഈ ലേഖനംകൊണ്ടു ഞാനുദ്ദേശിക്കുന്നുള്ളൂ. പ്രശ്നം ഇന്നത്തെ ഒരു നാട്ടുനടപ്പുമാണല്ലോ.

കലയെന്നുപറഞ്ഞാല് പലരും പലതാണു ധരിക്കുന്നതു്. ഒരു പച്ചമലയാളിയുടെ കലയ്ക്കു് കാലും തലയും വാലും വടിവുമുണ്ടെങ്കിലും ഇവിടത്തെ കലാസമൂഹത്തില് അതിനു സ്ഥാനമില്ല. എന്നാല് അതു് ഒരു കലാമാതൃകയാണുതാനും. വ്യാപകവും സർവ്വസാധാരണവുമായ അർത്ഥത്തില് പ്രകൃതിയില്നിന്നു ഭിന്നമായി നാം കാണുന്നതെല്ലാം കലാശബ്ദത്തില് അന്തർഭവിക്കുന്നു. മനുഷ്യബുദ്ധിക്കു് ഗ്രഹിപ്പാൻ സാധിച്ചിട്ടുള്ളവയെല്ലാം രണ്ടു മഹാവിഭാഗങ്ങളായി തിരിച്ചാല് അതിലൊന്നു പ്രകൃതിയും മറെറാന്നു കലയുമായിരിക്കും. ഈ ദൃശ്യപ്രപഞ്ചത്തിന്റെ എല്ലാ അംശങ്ങളും ഇവ രണ്ടിലുമായി നാം തരംതിരിക്കുന്നു. പ്രകൃതിയെ സംബന്ധിച്ചുള്ള നമ്മുടെ ജ്ഞാനം ക്ലിപ്തമല്ലാത്തതുപോലെ കലയെപ്പററിയുള്ള ബോധവും ഏറക്കുറെ പരിമിതമാണു്. നാം പലതും പഠിക്കയും, ചിന്തിക്കയും, പരിശ്രമിക്കയും ചെയ്യാറുണ്ടു്. ഇവയുടെയൊന്നും സഹായംകൂടാതെ, നമ്മിലോ ലോകത്തിലോ നാം ഉല്പാദിപ്പിക്കാതെ, നിലനില്ക്കുന്നതെല്ലാം പ്രകൃതിയും, നേരെ മറിച്ചു് ഇവയുടെ സഹായംകൊണ്ടു് നാം ഉല്പാദിപ്പിക്കുന്നതും താനെ നിലനില്ക്കാത്തതുമായതെല്ലാം കലയുമാകുന്നു.

മനുഷ്യേതരജീവികളുടെ പ്രവൃത്തികളെ സംബന്ധിച്ചുള്ള ഒരു നിരൂപണം ഇവിടെ ആവശ്യമത്രെ. വൃക്ഷങ്ങളിലും പാറക്കെട്ടുകളിലും കൂട്ടുണ്ടാക്കുന്ന തേനീച്ചകളും പക്ഷികളും നമ്മുടെ വിസ്മയത്തെ സമാർജ്ജിക്കുന്നുണ്ടു്. എന്നാല് ഓരോജാതി ജന്തുക്കൾക്കും ഓരോന്നല്ലാതെ ഒന്നിലധികം കലയില്ലെന്നും, ആ ഒരെണ്ണത്തിനുതന്നെ ആ ജാതിയില് ഒരു പ്രഥമോപജ്ഞാതാവില്ലെന്നുമുള്ളതു് ഒരു പ്രത്യേകതയാകുന്നു. നേരേമറിച്ചു് അപാരമായ കലാവൈവിധ്യത്താല് അനുഗൃഹീതനാകുന്നു മനുഷ്യൻ. ഈ കലാവൈചിത്ര്യം മനുഷ്യവർഗ്ഗത്തിനു് ജന്മസിദ്ധവും, പരിവർത്തനാതീതവുമല്ല. ഇതിന്റെ മഹത്വത്തിനു് അവൻ മാത്രമാണവകാശി. ഇങ്ങിനെ വ്യക്തിഗതമായ ഉപജ്ഞയുടെ ഫലമായിട്ടല്ലാതെ മനുഷ്യേതരജീവികളില് വാസനായത്തമായി കാണുന്ന നിർമ്മാണപാടവത്തെ പ്രകൃതി എന്ന വിഭാഗത്തിലാണുൾപ്പെടുത്തേണ്ടതെന്നും, തന്മൂലം ഒരു ചിലന്തിവലയോ തേൻകൂടോ ഒരു കലാംശമായി ഗണിക്കാൻ തരമില്ലെന്നു ഒരഭിപ്രായമുണ്ടു്. സൂക്ഷ്മമായാലോചിച്ചാല് ഇവയൊക്കെ

അവശേഷിതകലകളായി സങ്കല്പിക്കുവാൻ പാടില്ലതാനും. ഭാഷാശബ്ദംകൊണ്ടു പക്ഷിമൃഗാദികളുടെ ആശയപ്രകാശകമാർഗ്ഗങ്ങളെ നിർദ്ദേശിയ്ക്കാൻ നിവർത്തിയില്ലാത്തതുപോലെതന്നെ കലാപദംകൊണ്ടു് ഈമാതിരി നിർമ്മാണങ്ങളെ സൂചിപ്പിച്ചുകൂടാത്തതാകുന്നു. അവയെല്ലാം പ്രകൃതിയുടെ സുകൃതികളായി ഗണിക്കതന്നെയാണുത്തമം.

അതിനാല് ഏറ്റവും വ്യാപകവും വിസ്തൃതവുമായ അർത്ഥത്തില് കലാശബ്ദത്തിന്നു് ഒരു നിർവ്വചനം കല്പിക്കേണ്ടിയിരിക്കുന്നു. മനുഷ്യന്നു ചില ലക്ഷ്യങ്ങൾ ഉണ്ടാവാം. ഇങ്ങനെയുള്ള അന്തങ്ങൾക്കുവേണ്ടി മനുഷ്യൻ ക്രമാനുഗതവും ഏകരൂപവുമായ രീതികളില് ബുദ്ധിപുരസ്സരവും ഇച്ഛാപൂർവ്വകവും സാമർത്ഥ്യം പ്രദർശിപ്പിക്കുന്നതുകൊണ്ടത്രെ ഏതെങ്കിലും ഒരു പ്രവൃത്തിയെ കലയെന്നു നാം വ്യവച്ഛേദിക്കുന്നതു്. തങ്ങൾക്കു നേരത്തെ അറിയാവുന്ന ചില ലക്ഷ്യങ്ങൾ നേടുന്നതിന്നു നിയമിതങ്ങളായ ചില വ്യാപാരത്താലോ നൈപുണ്യത്താലോ മനുഷ്യർ പരിശ്രമിക്കുമ്പോൾ സഫലമായിത്തീരുന്ന ആ യത്നവിശേഷത്തെ നാം കലയെന്നു പറയുന്നു. ഇവിടത്തെ വിദിതലക്ഷ്യം വിനോദപ്രധാനമോ ഉപയോഗപ്രധാനമോ ആയിരിക്കാം. ആവശ്യപ്രധാനമായ കലകളില് ആഡംബരമോ വിനോദമോ, നേരെമറിച്ചു് ആഡംബരപ്രധാനമായ കലകളില് ആവശ്യമോ ഉപയോഗമോ ഉണ്ടായിരിക്കാവുന്നതത്രെ.

കലാസൂചകമായ പദത്തിന്റെ ആഗമം പരിശോധിക്കുന്നതു് ഈ അവസരത്തില് പ്രയോജനകരമായിരിക്കും. ഇംഗ്ലീഷിലുള്ള ആർട്ടു് "(Art)" ശബ്ദം ലത്തീൻഭാഷയില് നിന്നുണ്ടായിട്ടുള്ളതാണു്. അനേകസാധനങ്ങളെ ഒരുമിച്ചു ചേർക്കുക എന്നർത്ഥമുള്ള "അർ" ധാതുവില്നിന്നാകുന്നു ആ ഭാഷയില് ഈ പദം ഉത്ഭവിക്കുന്നതു്. സംസ്കൃതത്തിലെ "കലാ"ശബ്ദത്തിന്റെ അംശം, ഭാഗം എന്നൊക്കെയുള്ള ധാത്വർത്ഥം തന്നെയും ഈ ആശയത്തെ സൂചിപ്പിക്കുന്നു. ഗ്രീക്കുഭാഷയില് നിർമ്മാണോല്പാദനങ്ങളുടെ ആശയമാണിതിന്റെ ധാതുവില് അന്തർഭവിച്ചിരിക്കുന്നതു്. ഇങ്ങിനെ നോക്കിയാല് ഐന്ദയൌരോപഭാഷകളില് പ്രധാനപ്പെട്ടവയെല്ലാം നിർമ്മാണപരമോ ഉല്പാദകമോ ആയ ഒരുശക്തിയെയാണു് കലാസൂചകശബ്ദങ്ങളുടെ അർത്ഥമായി സങ്കല്പിച്ചിട്ടുള്ളതെന്നു കാണാം.

ശാസ്ത്രവും കലയും തമ്മിലുള്ള വ്യത്യാസം എന്താണെന്നന്വേഷിക്കുന്നതും ഇവിടെ അപ്രകൃതമായിരിക്കയില്ല. എന്തെങ്കിലും അറിയുന്നതു ശാസ്ത്രവും എന്തെങ്കിലും ചെയ്യുന്നതു കലയുമാണെന്നുപറഞ്ഞാല് അതു് ഇവയുടെ വ്യത്യാസത്തെ സൂചിപ്പിക്കുന്നതിന്നുള്ള ഒരു സംക്ഷിപ്തകഥനമായിരിക്കും. അറിയുന്നതിന്നുവേണ്ടി നാം എന്തെങ്കിലും ചെയ്യേണ്ടിവരുന്നതു ശാസ്ത്രാധീനമായ കലയും, പ്രവർത്തിക്കുന്നതിനായി നാമെന്തെങ്കിലും അറിയേണ്ടിവരുന്നതു കലാധീനമായ ശാസ്ത്രവുമത്രെ.

ഓരോ സമുദായത്തിന്നും കാലാനുകൂലമായ ആവശ്യങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. ഈ ആവശ്യങ്ങളാണു സമുദായാംഗങ്ങളായ വ്യക്തികളുടെ കല്പകശക്തിയെ ഉദ്ദീപിപ്പിച്ചുകൊണ്ടു കലകളുടെയും കലാവിഭാഗങ്ങളുടെയും ഉപജ്ഞയെ സിദ്ധവൽക്കരിച്ചിരിക്കുന്നതു്. ഇങ്ങനെയുള്ള കലാവിഭാഗങ്ങളോ കലകളോ സ്വാധീനമായിരുന്ന ആദിമസമുദായങ്ങളുടെ സങ്കല്പശക്തി ഉപജ്ഞയുടെ ചരിത്രത്തെ വിസ്മരിക്കയും ആ കണ്ടുപിടിത്തം ഒരു ദേവന്റെയോ വീരപുരുഷന്റെയോ പ്രത്യേകാനുഗ്രഹമോ ആവിഷ്കരണമോ ആയി പരിഗണിക്കയും ചെയ്തിട്ടുണ്ടു്. ഇതുകൊണ്ടത്രെ യവനന്മാർ കാർഷികകലകളെ ത്രിപ്റ്റൊളെമൂസിലും (Triptolemus), നൂല് നൂല്ക്കല് നാവികവിദ്യ എന്നീ കലകളെ അഥീനായിലും (Athena), സംഗീതകലയെ അപ്പോളോവിലും (Apollo) സമർപ്പിച്ചതു്. പരിഷ്കാരത്തിന്റെ ഓരോഘട്ടങ്ങളില് ഓരോ കലകൾക്കു പ്രാധാന്യം സങ്കല്പിച്ചിരുന്നതായി കാണുന്നു. ഗൃഹജോലികൾക്കും, ആഹാരം, വസ്ത്രം, വസതി മുതലായവയുടെ നിർമ്മാണത്തിന്നും അടിമകളെ ഏർപ്പെടുത്തിയിരുന്ന പ്രാചീനസമുദായക്കാരുടെയിടയില് ഇവയെല്ലാം കേവലം ദാസേയകലകളായിട്ടത്രെ ഗണിച്ചിരുന്നതു്. കാർഷികകലകളാവട്ടെ, അവ കൈകാര്യം ചെയ്തിരുന്ന ജനതതിയുടെ സാമൂഹ്യസ്ഥിതിയനുസരിച്ചു് ഉൽകൃഷ്ടമോ അപകൃഷ്ടമോ ആയി എണ്ണപ്പെട്ടിരുന്നു. ഒരു മാതിരി ജന്മികുടിയാൻ ബന്ധം നിലനിന്നിരുന്ന സമുദായങ്ങളില് കൃഷി അധമവും, സ്വതന്ത്രകർഷകന്മാരുടെ കീഴില് അതു് ഉത്തമവുമായിട്ടാണു വിചാരിക്കപ്പെട്ടിരുന്നതു്. അനസ്യൂതമായ യുദ്ധത്തില് ഏർപ്പെടുവാൻ നിർബന്ധിതരായിരുന്ന സമുദായക്കാരുടെയിടയില് ആയോധനകലയ്ക്കും, രാജ്യതന്ത്രകലയ്ക്കും മാത്രമേ ഔൽകൃഷ്ട്യം സങ്കല്പിച്ചിരുന്നുള്ളു.

ഇപ്പറഞ്ഞ കലകളെല്ലാംതന്നെ അസന്ദിഗ്ദ്ധങ്ങളായ ആവശ്യങ്ങളില് നിന്നുണ്ടാകുകയും, ജനസമുദായത്തിന് അവശ്യം ആവശ്യമായ ഓരോ പ്രയോജനങ്ങൾക്കു ഹേതുഭൂതമാകയും ചെയ്തിട്ടുള്ളവയത്രെ. പ്രശാന്തിധ്വംസകങ്ങളും നാശകാരികളുമായ യുദ്ധങ്ങളെ ഇക്കൂട്ടത്തില് ഗണിക്കാമോ എന്നൊരു ചോദ്യത്തിനിവിടെ വഴിയുണ്ട്. സാമ്രാജ്യവിസ്തൃതിക്കുവേണ്ടി നടത്തുന്ന യുദ്ധം ഈ ഇനത്തില് ഉൾപ്പെടുന്നില്ല. എന്നാല് സ്വരക്ഷാപരമായ അംശത്തെ സംബന്ധിച്ചിടത്തോളം യുദ്ധവും അസന്ദിഗ്ദ്ധമായ ആവശ്യത്തില് നിന്നു ജനിക്കുന്നതുതന്നെ. മൃഗയാകലയും മിക്കവാറും യുദ്ധംപോലെയുള്ളതാണ്. ആധുനികകാലത്ത് കേവലം വിനോദത്തിനുവേണ്ടി വലിയവർ നടത്തുന്ന വേട്ട, ഈ ഇനത്തിലുൾപ്പെടുന്നില്ല. ഇന്നത്തെ മിക്ക സമുദായക്കാരുടേയും പൂർവ്വന്മാർ ആഹാരാർത്ഥം നായാടികളായി നടന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. ആ പ്രാചീനകാലത്തെ അനുസ്മരിപ്പിച്ചുകൊണ്ട് വയലിലും വഴിയരികിലുമുള്ള മാളങ്ങളിലും കാട്ടുകളിലും നടന്ന് എലിയും, മുയലും മറ്റും പിടിക്കുന്നതിന് ചില പാരയുമായി കുടുംബസമേതം വേട്ടയാടുന്ന കൂട്ടക്കാരെ നാമിന്നും കാണുന്നുണ്ട്. ഇവരുടെയൊക്കെ നായാട്ടാകുന്നു അത്യാവശ്യജന്യമായ കലാവിശേഷം. എന്നാല് സ്പഷ്ടമായ ആവശ്യത്തിനുവേണ്ടിയല്ല, വിനോദത്തിനോ സുഖത്തിനോ വേണ്ടി മനുഷ്യർ പരിശീലിച്ചുപോരുന്ന കലകളും നിരവധിയാണ്. ശിലായുഗങ്ങളിലെ ഗുഹാവാസികളാണു നമുക്കെതെങ്കിലും വിവരം സിദ്ധിച്ചിട്ടുള്ളവരില് പുരാതനന്മാരായ മനുഷ്യർ. അവർ ജീവിതത്തിന് അത്യാവശ്യമായിരുന്ന കുന്തം കത്തി അമ്പു മുതലായവ കല്ലുകൊണ്ടുണ്ടാക്കിയിരുന്നു. ഈ ഉപയോഗജന്യമായ കലകൾക്കുപുറമെ ആഡംബരകലയിലും അവർ പിന്നോക്കമായിരുന്നില്ല. ആയുധപ്പിടികളില് അവർ മാൻ മുതലായ മൃഗങ്ങളുടെ ആകൃതി കൊത്തിയിരുന്നതു് ഈ വിനോദകലയുടെ പ്രകടനമാണല്ലോ. ഒരു പടികൂടി കടന്ന്, ഈ പിടികൾ തന്നെ ജന്തുക്കളുടെ പ്രാകൃതരൂപത്തില് അവർ നിർമ്മിച്ചിരുന്നു. ഇതില് ഒന്നാമത്തേതു കേവലം വിനോദത്തിനുവേണ്ടി മാത്രമുള്ള സാമർത്ഥ്യപ്രകടനത്തിനും, രണ്ടാമത്തേതു പ്രയോജനവിനോദങ്ങളെ സമ്മേളിപ്പിച്ചുള്ള നൈപുണ്യപ്രകടനത്തിനും ദൃഷ്ടാന്തങ്ങളായി സ്വീകരിക്കാം. വിനോദത്തിനുവേണ്ടിയുള്ള ആലേഖ്യം, പ്രതിമാകരണം, മുതലായി പ്രാകൃതവസ്തുക്കളുടെ അനുകരണത്തില് നിന്നുണ്ടാകുന്ന കലകളുടേയും, ആഹ്ലാദദായകമായ രീതിയില് ഉപയോഗപ്രദങ്ങളായ സാധനങ്ങളെയുണ്ടാക്കുന്നതിലടങ്ങിയിരിക്കുന്ന ശില്പവിദ്യയുടേയും, അതിന്റെ അംഗങ്ങളായ പാത്രനിർമ്മാണം, ഉപകരണനിർമ്മിതി മുതലായവയുടേയും ബീജാവാപമാണിവിടെ കാണുന്നതു്. നൃത്തകല മനുഷ്യരുടെ ശാരീരകചലനങ്ങളിലും, സംഗീതകല ശബ്ദത്തിലും അന്തർഭവിച്ചിരിക്കുന്നു. ചലനമോ ശബ്ദമോ മാത്രം പ്രകടിപ്പിച്ചു ശൂന്യപ്രായമാകുന്ന ഈ വിഭാഗത്തിനും, അനുകരണപരവും ആകാരപ്രദവുമായ ആദ്യവിഭാഗത്തിനും ഇടയ്ക്കു വാഗ്മിത്വത്തിന്റേയും നാടകത്തിന്റേയും ഒരു മദ്ധ്യസ്ഥിതവിഭാഗംകൂടിയുണ്ട്. ഇവയാകട്ടെ പ്രഭാഷിതപദങ്ങളിലും, അഭിനീതാംഗങ്ങളിലും കൂടിയുള്ള മാനുഷവികാരപ്രകടനത്തിലാണടങ്ങിയിരിക്കുന്നതു്. ലിഖിതങ്ങളായ വാക്കുകളില് അന്തർഭവിച്ചിരിക്കുന്നതും മാനുഷമായ ജീവിതാനുഭവങ്ങളുടെ സകല വസ്തുതകളും ഭാവനാപൂർവ്വം പ്രകടിപ്പിക്കുവാൻ കഴിയുന്നതും, വ്യാപകവുമായ കാവ്യകലയുമുണ്ട്. ഈ കലകളുടെയെല്ലാം അന്തം ഉപയോഗമല്ല, വിനോദമാകുന്നു; അഥവാ ഇവയില് ഉപയോഗത്തെക്കാൾ വിനോദത്തിനാകുന്നു പ്രാഥമ്യം; ചുരുങ്ങിയപക്ഷം ഇവയിലെല്ലാം വിനോദവും ഉപയോഗവും ഒരേ മാത്രയില് സമ്മേളിച്ചിരിക്കുന്നു. ആധുനികന്മാർ ഈമാതിരി വിനോദകലകളെയെല്ലാം സുകുമാരകലകൾ എന്ന ഒരു പ്രത്യേകസംജ്ഞയാല് ഉപയോഗപ്രദമൊ യാന്ത്രികമൊ ആയ കലകളില് നിന്നു വേർതിരിച്ചിട്ടുണ്ട്. ഇവക്കു മാത്രമെ കലയെന്ന സാമാന്യപദം ഉപയോഗിക്കാവൂ എന്നു പോലും ചിലർ ശഠിക്കാതിരിക്കുന്നില്ല. എന്നാല് കലാവിഭാഗത്തില് മനുഷ്യപ്രയത്നത്തില് നിന്നുണ്ടാകുന്ന വ്യാവസായികോല്പന്നങ്ങളും, യന്ത്രോല്പന്നങ്ങളുമെല്ലാമുൾപ്പെടുന്നുവെന്നു നാം നേരത്തെ കണ്ടുകഴിഞ്ഞുവല്ലൊ.

സുകുമാരകലകളെ സംബന്ധിച്ചു കുറച്ചുകൂടി ഗാഢമായ ഒരു ചിന്തനം ആവശ്യമാണ്. ഒന്നൊ അതിലധികമൊ ആളുകൾ സൌന്ദര്യവികാരത്താല് മററുള്ളവർക്കാനന്ദം കൊടുക്കുവാൻ ചാതുര്യത്തോടുകൂടി നിർമ്മിക്കുന്ന ഓരോ വസ്തുവും, കൌശലത്തോടുകൂടി നിർവ്വഹിക്കുന്ന ഓരോ പ്രവൃത്തിയും, സുകുമാരകലാവർഗ്ഗത്തിലുൾപ്പെടുന്നു. ഒന്നാമതായി കലാകൃത്തായ ഒരു വ്യക്തിയുടെ മനസ്സില് സൌന്ദര്യത്തിന്റെ ഒരു വികാരമൊ ആശയമൊ സംജാതമാകുന്നു. രണ്ടാമതു്

ഈ ആശയമൊ വികാരമൊ അയാൾ തനിച്ചൊ മററുള്ളവരെക്കൊണ്ടൊ ദൃശ്യമായ രീതിയില് പ്രവൃത്തിയില് വരുത്തുകയത്രെ ചെയ്യുന്നതു്. ഈ ദൃശ്യകലാകമ്മത്തില് നിന്നു കലാകാരൻെറ ഹൃദയജാതമായ സൌന്ദര്യവികാരമൊ ആശയമൊ ആസ്വദിക്കുവാൻ ശക്തരായ ജനതതി സമകാലങ്ങളിലൊ അനന്തരകാലങ്ങളിലൊ ഉണ്ടാകുന്നതത്രെ മൂന്നാമത്തെ അവസ്ഥ. ഈ മൂന്നു കൂട്ടങ്ങളും ഹൃദ്യകലാശബ്ദത്തില് അന്തർഭവിച്ചിട്ടുണ്ടു്. ഇതില് നിന്നും സുകുമാരകലാകമ്മങ്ങളെല്ലാം രണ്ടു വ്യക്തികളെ ആശ്രയിച്ചിരിക്കുന്നുവെന്നു സിദ്ധിക്കുന്നുണ്ടല്ലൊ. കാലകൃത്തും, കലാരസജ്ഞനഹി അഥവാ സൌന്ദര്യാസ്വാദകനുമത്രെ ഈ വ്യക്തിദ്വയം. ഈ കലാസ്വാദകന്മാരെയാണു ഗുണജ്ഞന്മാരെന്നൊ, കലാപരീക്ഷകന്മാർ അഥവാ നിരൂപകന്മാർ എന്നൊ പറയുന്നതു്. മററുള്ളവരില് കലാസ്വാദകമായ ഒരു ശക്തി നിലനിന്നിരുന്നില്ലെങ്കില് യാതൊരു കലാവൃത്തിയും ഉണ്ടാകുമായിരുന്നില്ല. മാത്രമല്ല, ഏതെങ്കിലുമൊരുകാലത്തുണ്ടായിട്ടുള്ള കലയുടെ പ്രത്യേകത അക്കാലത്തെ ജനതതിയുടെ അഭിരുചിയെ ആസ്പദമാക്കിയാണിരുന്നിട്ടുള്ളതും. കാലവും സ്ഥലവും മാറുന്നതനുസരിച്ചു കലാരീതികളും മാറിക്കൊണ്ടുതന്നെയിരിക്കുന്നു.

ഇപ്പറഞ്ഞതില് നിന്നും കലയും സന്മാൎഗ്ഗവും വിഭിന്നങ്ങളാണെന്നു ഗ്രഹിക്കേണ്ടതത്രെ. കല അതില്ത്തന്നെ സാന്മാൎഗ്ഗികമൊ ദൌൎമ്മാൎഗ്ഗികമൊ, സത്തൊ അസത്തൊ അല്ല. മനോഹരമായ ഒരു ചിത്രം നമ്മില് ഭക്തവിചാരങ്ങളെയൊ മലിനവിചാരങ്ങളേയൊ ജനിപ്പിച്ചുവെന്നുവരാം. ദുഷ്ടമായ ഒരു ചിത്രം ആ ചിത്രകൃത്തിൻെറയും അതാസ്വദിക്കുവാനുള്ള ജനതതിയുടേയും ദുഷ്ടവാസനയെ മാത്രമെ കാണിക്കുന്നുള്ളു. ആ മാതിരി കലകൾ അവശ്യം ക്ഷണഭംഗുരങ്ങളായിരിക്കും.

കലയുടെ ഉല്പത്തി, വിഭാഗങ്ങൾ, ശാസ്ത്രാദികളുമായുള്ള ബന്ധം മുതലായവയെ സംബന്ധിച്ചുള്ള ഒരു ചുരുങ്ങിയ വിവരണം ഇവിടെ സാധിച്ചുകഴിഞ്ഞു. പുരാതനജനസമുദായങ്ങളില് പ്രാമാണ്യമർഹിച്ചിരുന്നവരുടെയിടക്കു പ്രചരിച്ചിരുന്ന കലകളെ സംബന്ധിച്ചുള്ള ഒരു സംക്ഷിപ്തവിവരണമാണിവിടെ കത്തവ്യശിഷ്ടമായുള്ളതു്. നിതാന്തവിദൂരങ്ങളായ ഭൂതയുഗങ്ങളില് രാജ്യങ്ങളും സാമ്രാജ്യങ്ങളും വിസ്മയാവഹമായ അഭിവൃദ്ധിയെ പ്രാപിച്ച ശേഷം ഭൂമുഖത്തുനിന്നന്തർദ്ധാനം ചെയ്തിട്ടുണ്ടെന്നു ചരിത്രം ഘോഷിക്കുന്നു. അവരെസംബന്ധിച്ചു കാദാചിത്കമായുള്ള സൂചനകൾ വിശ്രുതലിഖിതങ്ങളിലും, മററും കാണുന്നുണ്ടെങ്കിലും ചരിത്രാന്വേഷികളുടെ, വിശിഷ്യ പുരാതനവസ്തുശാസ്ത്രകാരന്മാരുടെ നിസ്തന്ദ്രാദ്ധ്വാനഫലമായിപ്രാചീനസംസ്കാരാസ്പദങ്ങളായ ഭൂഭാഗങ്ങളില് നിന്നു് അവരുടെ കലാകമ്മങ്ങളുടെ അവശേഷങ്ങൾ കണ്ടെടുത്തിട്ടുണ്ടു്. ഇങ്ങിനെയുള്ള ഗവേഷണങ്ങളെ അധികരിച്ചു് പ്രാചീനകലാകമ്മങ്ങളെ ഒരു സിംഹാവലോകനംകൊണ്ടു കാണുകമാത്രമെ ഇവിടെ ചെയ്യിട്ടുള്ളു.

ബാബിലോണിയാ പുരാതനസാമ്രാജ്യങ്ങളില് അഗ്രഗണ്യമായ ഒന്നത്രെ. ടൈഗ്രീസ്, യൂഫ്രട്ടിസ് എന്നീ നദികളാല് സേചിതമായ സമൃദ്ധസമതലമാണിതു്. കല്ദായദേശം, ഷീനാർ, ബാബേല് എന്നീ പേരുകളാല് 'പഴയനിയമ'ത്തില് ഈ രാജ്യം അറിയപ്പെടുന്നു. ഇറാക്‌ അറബി എന്ന ഒരു അറേബ്യൻ സംസ്ഥാനമായിട്ടാണിന്നത്തെ അതിൻെറ ആസ്തിക്യം. സെമിററിക് വംശക്കാർ മുതലായ പല വർഗ്ഗക്കാർക്കും ഇവിടെ പ്രാബല്യം സിദ്ധിച്ചിരുന്നു. ബി. സി. 3800-ാമാണ്ടിടയ്ക്കു് ഉത്തരബാബിലോണിയായില് സെമിററിക്‌വംശജനായ അക്കാദിലെ സാർഗോൺ (Sargon of Akkad) ഭരിച്ചിരുന്നു.

ബാബിലോണിയൻ കലകളെ സംബന്ധിച്ചുള്ള പരിഗണനയില് അവിടത്തെ സാഹിത്യസംരംഭങ്ങളാണു നമ്മുടെ ദൃഷ്ടിയില് ഒന്നാമതായി വന്നുചേരുന്നതു്. കളിമൺതകിടുകളിലായിരുന്നു ഗ്രന്ഥങ്ങൾ ലേഖനം ചെയ്തിരുന്നതു്. ഇങ്ങനെയുള്ള പുസ്തകങ്ങൾ ശേഖരിച്ചുവച്ചിരുന്ന ഗ്രന്ഥാലയങ്ങൾ കണ്ടുകിട്ടിയിരിക്കുന്നു. ഈജിപ്‌റെറാഴിച്ചുള്ള അക്കാലത്തെ മററു രാജ്യക്കാരേക്കാളും അധികമായ സാമൂഹ്യജീവിതവിവരങ്ങൾ ഈ ഗ്രന്ഥങ്ങളില് നിന്നു നമുക്കു സിദ്ധിക്കുന്നുണ്ടു്. ഒരു ആൺകുട്ടി ജനിച്ചുകഴിഞ്ഞാല് സാക്ഷികളുടെ മുൻപില്‌വച്ചു് വേണ്ട സ്ഥാനമാനങ്ങളെല്ലാം നല്കി പുത്രനായി അംഗീകരിച്ചിരുന്നു. പ്രായപൂത്തി വന്നുകഴിഞ്ഞാല് ഈ യുവാവിനെ ഒരു സ്വാതന്ത്ര്യപൗരനായി അംഗീകരിക്കയായിരുന്നു പതിവു്. വിവാഹത്തിനും സ്ത്രീകൾക്കും അവരുടെ യിടയില് വലിയ സ്ഥാനമുണ്ടായിരുന്നു. വിവാഹമോചനവേളയില് സ്ത്രീധനം തിരിയെ കൊടുക്കയും, മാതൃത്വം പ്രാപിച്ച ഒരു സ്ത്രീയുടെ നേരെയുള്ള കററം കഠിനശിക്ഷയ്ക്കു പാത്രമാകയും ചെയ്തിരുന്നു. തൻെറ പേരില് വസ്തു സമ്പാദിക്കുന്നതിനും മററും അധികാരം

സിദ്ധിച്ചവളായിരുന്ന ഒരു മാതാവ്. സ്വതന്ത്രനായ പൌരന്ന വിദ്യാഭ്യാസം നിർബ്ബന്ധിതംതന്നെ. ഫലകലേഖനകല വിദ്യാഭ്യാസത്തിൻെറ ഒരു പ്രധാന വിഷയമായിരുന്നു. അടിമയുടെ ക്ഷേമത്തെ പുരസ്കരിച്ചുള്ള നിയമങ്ങളും ഇല്ലാതിരുന്നില്ല. താൻ ചെയ്ത ഉപദ്രവം മൂലം അവശനായിത്തീരുന്ന അടിമയെ പോററാൻ യജമാനൻ നിർബ്ബന്ധിതനായിരുന്നു. നഗരദ്വാരങ്ങളിലും, ദേവാലയദ്വാരങ്ങളിലുമാണു ന്യായാധിപന്മാർ കോടതികൂടി ന്യായം നടത്തിയിരുന്നതു്. പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാരെ "രാജാവിൻെറ ന്യായാധിപന്മാർ" എന്നു വിളിച്ചിരുന്നു. പിഴ, പൌരാവകാശധ്വംസനം, വധം ഇവയായിരുന്നു അന്നത്തെ ശിക്ഷകൾ. താലെന്തു മുതലായ വെള്ളി നാണയങ്ങളും ഡേറിയസ് (Darius) ചക്രവത്തി ഏർപ്പെടുത്തിയിരുന്നു.

പുരാതനമായ സാർഗല് (Sargal) നഗരത്തില് നടത്തിയ അന്വേഷണങ്ങളുടെ ഫലമായി മററനവധി കലാശാഖകളും കണ്ടുകിട്ടിയിട്ടുണ്ട്. ചിത്രം കൊത്തിയ വത്തുളങ്ങളും, (Cylinders), കലാകുശലതയുടെ മാതൃകകളായ ചില പ്രതിമകളും, ഇവയിൽ ഉൾപ്പെടുന്നു. ഇവയ്ക്കു് ബാബിലോണിയായിലെ ഇതരകലകളെക്കാൾ രീതിയിലും വിലയിലും മെച്ചമുണ്ട്. ഇവ അസീറിയായിലെ അന്തിമകലകളെ പോലും അതിശയിക്കുന്നവയത്രെ. നഗരത്തിലെ പ്രതിരാജനായ (Vice-roy) ഗുഡിയാ (Gudea) എന്ന പുരോഹിതപ്രമാണിയുടേതാണ് ഒരു പ്രതിമ. ഇതു് ഒത്തയാൾ വലിപ്പത്തില് കട്ടിയുള്ള 'ഡയോറയിററു' (diorite) കൊണ്ടുണ്ടാക്കിയതത്രെ. ബി. സി. 2700-ല് ഇദ്ദേഹം ദേവാലയം ഉദ്ധരിച്ചതിനെ സൂചിപ്പിക്കുന്ന ഒരു ലിഖിതം ഈ പ്രതിമയിന്മേലുണ്ട്. പൌരാണികവും കലാപരവുമായ അംശങ്ങളില് ഇതിനെക്കാൾ പ്രാധാന്യമർഹിക്കുന്നതു് ഒരുമാതിരി ചുവന്ന കല്ലില് (red porphyry) കൊത്തിയിട്ടുള്ള ഒരു ശിരസ്സാകുന്നു. ബാബിലോണിയായിലെ മുഖചര്യയുടെ പ്രത്യേകതകളെല്ലാം ഇതില് തെളിഞ്ഞുകാണാം. അനേകശതാബ്ദങ്ങളിലെ പരിശ്രമത്താൽ പരിണതമായ ഒരു കലാവിധാനമാണിതില് കാണുന്നതെന്നും, പരിപൂണ്ണങ്ങളായ ആയുധങ്ങളാണ് ഈ കൊത്തുപണികൾക്കുപയോഗിച്ചിരുന്നതെന്നും നമുക്കു ഗ്രഹിക്കാൻ വിഷമമില്ല.

നമ്മുടെ കലാകുതുകിയായ ശ്രദ്ധയെ ആകർഷിക്കുന്ന മറെറാരുരാജ്യം ഭൂമദ്ധ്യസ്ഥസമുദ്രത്തിലെ Mediterranean Sea) ഒരു വലിയ ദ്വീപാകുന്ന ക്രീററു് (Crete) ആണ്. ഇതു് യൂറോപ്പിൻെറ ഏററം തെക്കെഭാഗമായി വിചാരിക്കപ്പെടുന്നു. ഇതിനു കിഴക്കുപടിഞ്ഞാറ് 155-മൈല് നീളവും, ഏഴുമുതൽ 35-വരെ മൈല് വീതിയുമാണുള്ളതു്. ഇന്നു് ഈ രാജ്യത്തു പ്രാധാന്യമുള്ള പട്ടണങ്ങളൊന്നുമില്ലെങ്കിലും ഹോമർ എന്ന യവനകവിയുടെ കാലത്തു് ഇവിടെ നൂറിലധികം നഗരങ്ങളുണ്ടായിരുന്നതായി കാണുന്നു. ഇവയില് പലതിൻേറയും അവശേഷങ്ങൾ, പത്തൊൻപതാംനൂററാണ്ടിലെ ഖനനങ്ങളുടെ ഫലമായികണ്ടുപിടിച്ചിട്ടുണ്ട്. ഈ പുരാതനരാജ്യത്തിലെ പരിഷ്കാരത്തിൻെറ സുവൎണ്ണദശ ബി. സി. മൂവായിരത്തിനും രണ്ടായിരത്തിനും മദ്ധ്യേയായിരുന്നു. യവനചരിത്രം ആരംഭിക്കുന്നതിനു വളരെ മുമ്പുതന്നെ മെഡിററേനിയൻെറ കിഴക്കൻവക്കുകളില് വ്യാപിച്ച പരിഷ്കാരയുഗമത്രേ ഇതു്.

ഇവിടത്തെ ലേഖനകലയാണ് ഏററം വിസ്മയാവഹം. ചിത്രലിപികളും, രേഖാലിപികളും (hieroglyphic & linear) അവർക്കറിയാമായിരുന്നു. ഫിനീഷ്യൻസ് അക്ഷരമാല കണ്ടുപിടിച്ചില്ല, അറിയപ്പെട്ടിരുന്നതിനെ രൂപാന്തരപ്പെടുത്തുകമാത്രമേചെയ്തുള്ളവെന്ന വസ്തുതയെ ഇതു സ്ഥിരീകരിക്കുകയത്രെ ചെയ്യുന്നതു്. ക്നാസ്സസ് (Cnossus) എന്ന പുരാതനതലസ്ഥാനം 1834-ല് പുരാണവസ്തു ശാസ്ത്രജ്ഞന്മാരുടെ പരിശ്രമഫലമായി കണ്ടുപിടിച്ചു. എന്താണെന്നു മനസ്സിലാക്കാൻ പാടില്ലാത്ത ലിപികളില് ലേഖനം ചെയ്തിരിക്കുന്ന ചില തകിടുകൾ ഇവിടെനിന്നു സിദ്ധിച്ചിട്ടുണ്ട്. 1905-ല് ഇവിടെ ഒരു കൊട്ടാരം കുഴിച്ചെടുക്കുകയുണ്ടായി. ഇതിൻെറ തറ ചതുരാകൃതിയില് ആറേക്കർ വിസ്താരമുള്ളതാകുന്നു. പടുത്ത നടുമുററം, ശാലകൾ, ഉപശാലകൾ, ഓരോന്നിലേയ്ക്കും കടക്കുന്നതിനുള്ള വഴികൾ, സഭാശാല, കുളിമുറികൾ, ഒന്നിലധികം നിലകൾ ഇവയെല്ലാം ഈ കൊട്ടാരത്തിലുള്ളവയത്രെ. സഭാശാലയില് ശിമച്ചുണ്ണാമ്പുകൊണ്ടുണ്ടാക്കിയ ഒരു സിംഹാസനം കാണുന്നു. മേൽക്കൂടില് വീഴുന്ന വെള്ളം ഒരു കല്ക്കുഴല് മാർഗ്ഗം നയിച്ചു് ഓവുകളെല്ലാം പ്രക്ഷാളനം ചെയ്തിരുന്നു. മൺകുഴലുകളാണ് അഴുക്കായ വെള്ളം പുറത്തുകളയാൻ ഘടിപ്പിച്ചിരിക്കുന്നതു്. ഭിത്തികളെല്ലാം ആലേഖ്യങ്ങളാല് അലംകൃതങ്ങളായിരിക്കുന്നു. ചുമരുകളില് വരച്ചിരിക്കുന്ന ഈ ചിത്രങ്ങളെല്ലാം ഉൽകൃഷ്ടവും വാസ്തവികവുമായ കലാകൌശലത്തെ കാണിക്കുന്നവതന്നെ. ഇ

വയില് പലതിലും വൃഷഭങ്ങളും വൃഷഭയുദ്ധങ്ങളുമത്രെ ചിത്രീകരിച്ചിരിക്കുന്നതു്. ഒരു ചിത്രം ഒത്തയാൾ വലിപ്പത്തിലുള്ള സ്ത്രീകളുടെ ഘോഷയാത്രയെ കാണിക്കുന്നു. അരക്കെട്ടില് മുറുക്കിയ നട്ടക്കെട്ടും, തെറിച്ചുവീഴുന്ന പാവാടയും എല്ലാം ചേർന്നുള്ള അവരുടെ വേഷം മിക്കവാറും ആധുനിക വേഷത്തിനു തുല്യമെന്നു പറയാം. ഇതു് പുരാതന യവനവേഷത്തില് നിന്നു ഭിന്നവുമാണു്. കമനീയമായ ചിത്രകർമ്മങ്ങൾ ചെയ്തിട്ടുള്ള മൺഭരണികളും, കല്ഭരണികളും കാണുന്നവ എണ്ണയും ധാന്യങ്ങളും സൂക്ഷിക്കുന്നവയായിരിക്കണം. ആരാധനാസ്ഥാനങ്ങളില് സ്തംഭം, പ്രാവു് ഇരട്ടവായ് ത്തലക്കോടാലികൾ, സർപ്പങ്ങൾ ഇവയുടെ ആകൃതികൾ കൊത്തിയിട്ടുള്ള ഒരു ദേവീവിഗ്രഹം കാണുന്നതിനാല് ഈ "അംബാദേവി"(mother goddess) യെ അവർ ആരാധിച്ചിരുന്നതായി ഊഹിക്കാം. ക്രീററിലേ കവടിപ്പണികളും, പതിപ്പുവേലകളും കലാവൈദഗ്ദ്ധ്യത്തിൻെറ മകുടഭൂഷണങ്ങളത്രെ. പൊൻതകിടും ദന്തവുമുപയോഗിച്ചു പണുതിരിക്കുന്നതും, ദ്യൂതത്തിനുപയോഗിക്കുന്നതുമായ ഒരു മേശമേല് നീലക്കവിടിയിലും വെള്ളിയിലും സ്ഫടികഫലങ്ങൾ പടുത്തിരിക്കുന്ന കാഴ്ച മനോഹരമെന്നേ പറയേണ്ടു. പാത്രനിർമ്മിതിയില് അവിശേഷിതമായ പരിപൂർണ്ണതതന്നെ അവർ പ്രാപിച്ചിരുന്നു. വിവിധവർണ്ണങ്ങളിലുള്ള ചിത്രങ്ങൾ പാത്രങ്ങളുടെ വെളുത്തതോ കറുത്തതോ ആയ ഉപരിതലങ്ങളില് വരച്ചിരുന്നു. പുഷ്പങ്ങൾ, വെള്ളത്തിലേ ചെടികൾ, ജലജന്തുക്കൾ ഇവയെല്ലാമാണീചിത്രങ്ങളുടെ വിഷയങ്ങൾ. രാജ്യത്തിൻെറ ഇതരഭാഗങ്ങളില് നിന്നു നിരവധി കലാകർമ്മങ്ങൾ കണ്ടുകിട്ടിയിട്ടുണ്ടു്. ഈ കലാകേളീരംഗത്തെ വല്ല കടല്ക്കള്ളന്മാരുടേയും ആക്രമണമായിരിക്കണം നശിപ്പിച്ചു കളഞ്ഞതു്.

പ്രാചീനശിലായുഗമർത്ത്യൎക്കു് മെഡിററേനിയൻ തീരങ്ങളിലുണ്ടായിരുന്ന അന്തിമവസതി നൈല് നദീതീരങ്ങളായിരിയ്ക്കണം. ഈജിപ്ററിലെ അനുസ്യൂതമായ പരിഷ്കാരത്തിൻെറ പ്രാരംഭം ബി. സി. ഏഴായിരാമാണ്ടോടോ, എണ്ണായിരാമാണ്ടോടോ കൂടി ആരംഭിക്കുന്നു. ലിഖിതരേഖകൾ 5000-ാമാണ്ടോടു കൂടിയേ തുടങ്ങുന്നുള്ളു. ഇവയ്ക്കു മദ്ധ്യേയുള്ള കാലം നൂതനശിലാമർത്ത്യൻെറതായിരിക്കാം. അവർ തീക്കല്ലുകൊണ്ടുണ്ടാക്കിയിട്ടുള്ള കത്തികൾ മറേറതുകാലത്തും സ്ഥലത്തുമുള്ള കത്തികളെ അതിശയിക്കുന്നവയത്രെ. ക്രമേണ അവർ ചെമ്പു്, പൊന്നു്, വെള്ളി, ഈയം ഇവകൊണ്ടുള്ള സാധനങ്ങൾ ഉപയോഗിക്കുവാൻ തുടങ്ങി. അവർ ധരിച്ചിരുന്ന മസൃണശിലാഭരണങ്ങളും നമുക്കജ്ഞാതമല്ല. അൻപതുമറുപതും തണ്ടുകൾവെച്ച പത്തേമാരികൾ അവരുടെ കച്ചവടാഭിവൃദ്ധിയെ കാണിക്കുന്നു. ചെങ്കടലില് നിന്നുവന്ന അക്രമികളായ പര്യടനസംഘക്കാർ (ബി. സി. 5000) ചിത്രലിപികൾ ഏൎപ്പെടുത്തി. ഇവരാണു് നൈല് നദീതീരദേശങ്ങളെ ഏകീഭവിപ്പിച്ചു രാജവംശചരിത്രം പ്രാദുർഭവിപ്പിച്ചതു്.

ഈജിപ്ററിലേ ശില്പകല ലോകപ്രസിദ്ധമാകുന്നു. യൂഫ്രട്ടീസ്, ടൈഗ്രീസ് നദികളുടെ സമതലങ്ങളിലാണു മനുഷ്യജാതിയുടെ പ്രാചീനതമങ്ങളും ബലിഷ്ഠങ്ങളുമായ ഗൃഹങ്ങൾ പണുതിട്ടുള്ളതെന്നത്രെ ആധുനികചരിത്രാന്വേഷികൾ സ്ഥാപിച്ചിട്ടുള്ളതു്. എന്നാല് ഈജിപ്ററിലേ നൈല്വാഹിനീതടങ്ങളിലാകുന്നു അതിപ്രാചീനശില്പങ്ങളുടെ അവശേഷം നമുക്കു ലഭിച്ചിട്ടുള്ളതു്. ബി. സി. 4000-ാമാണ്ടിടയ്ക്കായിരിയ്ക്കണം ഇവയുടെ നിർമ്മിതി. ഇക്കാലത്തു സാമ്രാജ്യത്തിൻെറ തലസ്ഥാനം മെംഫീസ് പട്ടണമായിരുന്നിരിക്കാം. അതിൻെറ ചുററുമത്രെ പുരാതനശവകുടീരങ്ങൾ. ഇവ ഓരോ രാജാവിൻെറയും ശവസംസ്കാരത്തിനുവേണ്ടി നിർമ്മിക്കപ്പെട്ടവയാണു്. കല്ലു്, ഇഷ്ടിക ഇവകൊണ്ടു ചതുരത്തറയില മേലോട്ടു കൂർച്ചത്തിലവസാനിക്കത്തക്കവണ്ണമത്രെ ഇവ പണുതിരിക്കുന്നതു്. ഏററം വലുതിൻെറ ഉയരം 480-അടിയും, അതിൻെറ തറവീതി 760-അടിയുമാണെന്നു പറഞ്ഞാല് ഇവയുടെ ഭീമാകൃതി ഊഹ്യമാണല്ലോ. ഈ പ്രേതാലയങ്ങളില് പ്രസ്താവ്യമായ ശില്പസൌകമാര്യം കാണുന്നില്ല. 2775-ാമാണ്ടോടുകൂടി വിവിധസ്തംഭഭൂഷിതങ്ങളായ ശവകുടീരങ്ങൾ കട്ടിയുള്ള പാറയില് കൊത്തിയെടുത്തിട്ടുള്ളവ വളരെ മനോഹരങ്ങൾ തന്നെ. എന്നാല് ബി. സി. 1700-ാമാണ്ടോടുകൂടിയേ ഈജിപ്ററിലേ കലാസുവർണ്ണദശ സമാഗതമാകുന്നുള്ളു. അക്കാലത്തെ ദേവസദനങ്ങളില് ചിലതു മുഴുവനായി പാറയില് കൊത്തിയെടുത്തവയും, ചിലതു സാധാരണരീതിയില് പണികഴിച്ചിട്ടുള്ളവയും, വേറെ ചിലതു് ഈ രണ്ടു സമ്പ്രദായങ്ങളും സമ്മേളിപ്പിച്ചുണ്ടാക്കിയിട്ടുള്ളവയുമത്രെ. പല വിധത്തിലുള്ള സ്തംഭങ്ങൾ അവർ ഉപയോഗിച്ചിരുന്നുവെങ്കിലും വളവുകൾക്കു അവരുടെ ശില്പത്തില് സ്ഥാനമുണ്ടായിരുന്നില്ല. കണ്ണാ

ക്കിലെ (Karnak) വലിയ ദേവഭവനം ഈജിപ്റ്ററിലേ ശില്പനൈപുണ്യത്തിന്റെ മകുടഭൂഷയായി സ്ഥിതി ചെയ്യുന്നു. യവനന്മാർ ഈജിപ്റ്ററു കീഴടക്കുന്നതിനു മുൻപു നാണയങ്ങൾ വളരെ വിരളമായേ ഉണ്ടായിരുന്നുള്ളു. പ്രതിമകളും, കൊത്തുപണികളും, ചിത്രലിപികളും പ്രേതാലയകാലം മുതല് ഉണ്ടായിരുന്നു. സുപ്രസിദ്ധമായ "മരിച്ചവരുടെ പുസ്തകം" (Book of the Dead) 19-ാം രാജവംശത്തിന്റെ വാഴ്ചയില് (1365-1250) ഉണ്ടായതായി വിചാരിയ്ക്കാം. ഈ കാലഘട്ടത്തിലുണ്ടായിട്ടുള്ള ചുമർച്ചിത്രങ്ങൾ ഉത്തമങ്ങളത്രെ. ആദിമചൈത്യങ്ങളില്ത്തന്നെ മണിമാലകൾ കാണുന്നുണ്ട്. ആഭരണനിർമ്മാണകലയ്ക്കു് ഈജിപ്റ്ററില് വലിയ സ്ഥാനമുണ്ടായിരുന്നു. ചരിത്രാരംഭകാലം മുതലേ വർണ്ണസ്ഫടികം നിർമ്മിക്കുന്നതില് സമർത്ഥന്മാരായിരുന്നു ഇവർ. നിരവധി മൺപാത്രങ്ങളുടെ അവശേഷങ്ങൾ ഈജിപ്റ്ററില് നിന്നു ലഭിച്ചിട്ടുണ്ട്.

പ്രാചീനശതകങ്ങളില് പ്രാമാണികന്മാരായിത്തീർന്നിരുന്ന മറെറാരു സമുദായക്കാരത്രെ ഹിററൈറ്റ്സ് (Hittites) ഇവരുടെ ഉദ്ഭവം ഇന്നും സുനിശ്ചിതമല്ല. അർമേനിയാ, എഷ്യാമൈനറിന്റെ പശ്ചിമദേശങ്ങൾ, പാലസ്റ്റൈൻ എന്നീ ഭൂഭാഗങ്ങളിലെല്ലാമാണവർ വസിച്ചിരുന്നതു്. അവർ വെളുത്ത സുറിയാനിക്കാരൊ (White syrians) സിറോ കപ്പദോച്ചിയൻസോ (Syro-Cappadocians) ആയിരിക്കാം. ബോഘാസ്കൂി (Boghaz keui) എന്ന ഒരു ഹിററൈററ് നഗരം മാത്രമേ ഇപ്പോൾ കൂലങ്കഷമായ ഗവേഷണത്തിനു വിഷയീഭവിച്ചിട്ടുള്ളു. പതിന്നാലടി ഉയരമുള്ള ഒരു കോട്ട നഗരത്തിനു ചുററും കെട്ടിയിരുന്നു. പലമാതിരി ലിഖിതങ്ങളും കൊത്തുപണികളും കണ്ടുകിട്ടിയിട്ടുണ്ട്. ബാബിലോണിയൻ ഭാഷയിലും ഹിററൈററ് ഭാഷയിലുമുള്ള ശിലാഫലകങ്ങൾ ലിഖിതങ്ങളിലുൾപ്പെടുന്നു. ഈജിപ്റ്ററിലേ റാമെസിസ് ദ്വിതീയനുമായി (Ramesis II) ഇവർ നടത്തിയ ഉടമ്പടിയാണു ചിത്രലിപികളില് എഴുതിയിട്ടുള്ള ഒരു തകിട്. ബാബിലോണിയായിലെ കച്ചവടക്കാരെ സംബന്ധിച്ചുള്ള ഫലകലിഖിതങ്ങൾ ഈ പട്ടണത്തിനക്കാലത്തുണ്ടായിരുന്ന വാണിജ്യാഭിവൃദ്ധിയെ കാണിക്കുന്നവയത്രെ. ബാബിലോണിയായിലെ പ്രഥമരാജവംശത്തിന്റെ വാഴ്ചയിലായിരുന്നു ഈ വ്യാപാരമൈത്രി നിലനിന്നിരുന്നതു്. നഗരപ്രാന്തത്തിലുള്ള ഒരു പാറയില് അറുപതിലധികം ആളുകളടങ്ങിയ രണ്ടു ഘോഷയാത്രയെ സൂചിപ്പിക്കുന്ന ഒരു കൊത്തുപണി കണ്ടുകിട്ടിയിരിക്കുന്നു. ഇവിടെനിന്നു ലഭിച്ചിട്ടുള്ള കലാവശേഷങ്ങളില് പാത്രങ്ങളും, സിംഹപ്രതിമകളും കെട്ടിടങ്ങളും ഉൾപ്പെടുന്നു. ചില നിലയനങ്ങളിലെ തൂണുകൾ ചിറകുള്ള സിംഹത്താന്മാരുടെ പുറത്താണു സ്ഥാപിച്ചിരിക്കുന്നതു്. ഇവിടത്തെ കൊത്തുപണി അസീരിയാ, ബാബിലോണിയാ എന്നീ ദേശങ്ങളിലേതില്നിന്നു ഭിന്നവും ഒരു പ്രത്യേക രീതിയിലുള്ളതുമത്രെ. ചിത്രങ്ങളുടെ മുഖച്ഛായ സെമിററിക്‌വംശജരുടേതല്ല. നീളം കുറഞ്ഞു തടിച്ചതും, കട്ടിയുള്ള അസ്ഥികളോടുകൂടിയതും, പിന്നോട്ടു ചാഞ്ഞ ഫാലവും, നീണ്ട മൂക്കും, തടിച്ച ചൊടിയും, കുറിയ താടിയും (താടിമീശയല്ല) ഉള്ള പരന്ന തലയോട്ടുകൂടിയതുമായ മനുഷ്യരൂപങ്ങളാണു് ഈ ചിത്രങ്ങളില് കാണുന്നതു്. പുരുഷന്മാർ തലമുടി പിന്നോട്ടു വാലുപോലെ കെട്ടിയിട്ടിരുന്നു. ഒരു ചെറിയ ചട്ടയ്ക്കുമുകളില് ധരിക്കുന്ന നീണ്ട പുറങ്കുപ്പായം, പൊക്കമുള്ള കൂമ്പൻതൊപ്പി, നീണ്ട് അഗ്രം മേലോട്ടു വളഞ്ഞ ചെരിപ്പു് ഇവയെല്ലാമായിരുന്നു അന്നത്തേ പുരുഷന്മാരുടെ വേഷവിധാനങ്ങൾ. സ്ത്രീകൾ നെററിയും, തലയും പാദംവരെയുള്ള ദേഹവും ആച്ഛാദനം ചെയ്യത്തക്ക ഒരു വലിയ മൂടുപടം ധരിച്ചിരുന്നു. ബാബിലോണിയായിലെപ്പോലുള്ള സ്വാതന്ത്ര്യം ഇവിടെയും സ്ത്രീകൾക്കുണ്ടായിരുന്നുവത്രെ. ചില പ്രതിമകളില് നിന്നും ബാബിലോണിയായിലെ ഇഷ്ടാർ (Istar) ദേവിയെത്തന്നെയാണിവരും ആരാധിച്ചിരുന്നതെന്നൂഹിക്കാം. അറുപതോളം ലിഖിതങ്ങൾ ഇപ്പോൾ വായിച്ചു മനസ്സിലാക്കാൻ പാടില്ലാത്തവയായി ലഭിച്ചിട്ടുണ്ട്.

അസീരിയൻ കലകളെപ്പററിയാണു് അടുത്തു പ്രസ്താവിക്കുവാനുള്ളതു്. ടൈഗ്രീസ് യൂഫ്രട്ടീസ് നദികൾക്കു കിഴക്ക്, തെക്കുവടക്കു് 280 മയില് നീളത്തിലും കിഴക്കുപടിഞ്ഞാറു് 150 മയില് വീതിയിലും കിടന്നിരുന്ന അസീരിയാദേശമാണു് ഇന്നത്തെ മെസോപ്പൊട്ടേമിയൻ സമതലത്തിന്റെ വടക്കുഭാഗം. നിനിവേപ്പട്ടണത്തിന്റെ ചുററിലുംനിന്നാണു് ഇവിടത്തേ കലാകർമ്മങ്ങളില് പലതും കഴിച്ചെടുത്തിരിക്കുന്നതു്. സെമിററിക് വംശക്കാരായിരുന്നു ഇവിടത്തെ നിവാസികൾ. ഇവരുടെ ഭാഷ സെമിററിക്‌ഭാഷയുടെ വടക്കൻ വിഭാഗത്തോടു ബന്ധമുള്ളതായിരുന്നു. അസുർബാനിപാൾ എന്ന അസീരിയൻ ചക്രവർത്തിയുടെ അ

രമനയില് നിന്നു കണ്ടുകിട്ടിയിട്ടുള്ള ഒരു ഗ്രന്ഥാലയം ഇതിനിടെ ലോകപ്രസിദ്ധിയെ സമ്പാദിച്ചുകഴിഞ്ഞിട്ടുള്ളതാണ്'. വിദ്യാഭ്യാസപ്രചരണത്തില് പുസ്തകാലയങ്ങൾക്കുള്ള പ്രധാന്യത്തെപ്പറ്റി ആധുനികലോകം പ്രസംഗിക്കാൻ തുടങ്ങിയതുതന്നെ തുച്ഛലാം അദ്വാചീനമായ ഒരു കാലത്താകുന്നുവെന്നോർക്കുമ്പോഴാണ് ഇതിന്റെ മാഹാത്മ്യം നാം കൂടുതലായി മനസ്സിലാക്കുന്നത്. കളിമണ്ണുകൊണ്ടുണ്ടാക്കി ചുട്ട തകിടുകളിലാണു ഗ്രന്ഥങ്ങൾ എഴുതപ്പെട്ടിട്ടുള്ളതു്'. ഇവയില് പലതും ഇന്നു "ബ്രിട്ടീഷ് മ്യൂസിയ"ത്തില് സൂക്ഷിച്ചിരിക്കുന്നു. പലതിലും ആസുർബാനിപ്പാളിന്റെ പേരെഴുതിയിട്ടുണ്ട്. എന്നാല് ഇദ്ദേഹത്തിന്റെ പിതാവും ബി. സി. 669-ല് കാലധൎമ്മം പ്രാപിച്ചയാളുമായ എസ്സാർഹാഡൻ (Esar Haddon) എന്ന രാജാവിന്റെ കാലത്തായിരിക്കണം ഇവ സംഭൃതങ്ങളായതു്'. പഴയപ്രതികളെപ്പററി ഇവയില് കാണുന്ന സൂചനകൾകൊണ്ടും, സമാനഫലകങ്ങൾ ബാബിലോണിയായില് നിന്നു ലഭിച്ചിട്ടുള്ളതിനാലും ഇവ പ്രാചീന ഗ്രന്ഥഫലകങ്ങളില് നിന്നു പകൎത്തിയവയാണെന്നൂഹിക്കാം. ഇങ്ങനെ അസീരിയായ്ക്കു തനിച്ച് ഒരു ഗ്രന്ഥശേഖരമുണ്ടാക്കിയതിന് ഒരു പ്രത്യേകോദ്ദേശം ഇല്ലാതില്ല. അസീരിയായിലേ യുവാക്കന്മാരെ ബാബിലോണിയായിലയച്ചു വിദ്യാഭ്യാസം ചെയ്യിച്ചാല് അവരില് അപകടകരമായ രാഷ്ട്രീയാഭിപ്രായങ്ങളും, അസീരിയാധിപന്മാരോടു വിരോധവും സംജാതമായി എന്നുവരാം. അതിനാല അവരെ സ്വരാജ്യത്തുതന്നെ വിദ്യാഭ്യാസംചെയ്യിയ്ക്കേണ്ടതു രാജ്യതന്ത്രദൃഷ്ട്യാ അത്യാവശ്യമായിരുന്നു. അക്കേഡിയൻ, സുമേറിയൻ മുതലായ പ്രാചീനഭാഷകളെപ്പററിയും, കണക്കുശാസ്ത്രം, അതിന്റെ പട്ടികകൾ, ചെടികൾ ജന്തുക്കൾ ഇവയുടെ പട്ടികകളടങ്ങിയ പാഠപുസ്തകങ്ങൾ, ഭൂമിശാസ്ത്രഗ്രന്ഥങ്ങൾ ഇവയെല്ലാം ഈ കൂട്ടത്തില് കാണുന്നതുകൊണ്ടു വിദ്യാഭ്യാസത്തിന് അവരുടെയിടയില് സിദ്ധിച്ചിരുന്ന നാനോന്മുഖാഭിവൃദ്ധി ഊഹ്യമാണല്ലോ. ഐതിഹാസികവും, പദ്യരൂപവുമായ സാഹിത്യം അടങ്ങിയിട്ടുള്ള തകിടുകളും ധാരാളമാണ്. കല്ദായവീരനായ ഗിസ്ഡുബാറിന്റെ (Gizdhubar) ജീവിതത്തെ പരാമൎശിച്ചുള്ള കാവ്യോപാഖ്യാനങ്ങൾ 1872-ല് കുഴിച്ചെടുത്ത ഫലകങ്ങളില് കാണുന്നു. ഈ ഗ്രന്ഥാവലിയിലുള്ള 11-ാമത്തേ ഫലകശേഖരത്തില് പ്രളയകഥ വിവരിച്ചിട്ടുണ്ട്. ഹീബ്രൂബൈബിൾ പാഠത്തോടിതിനു വളരെസാമ്യവുമുണ്ടു. പാപത്തിന്റെ ശിക്ഷയായി പ്രളയമുണ്ടായി എന്നും, പെട്ടകംപണിതതു സമാസ് നപ്പിസ്തി (Samas-Napisti-ജീവിക്കുന്ന സൂൎയ്യൻ എന്നൎത്ഥം) എന്നയാളായിരുന്നുവെന്നും, പെട്ടകമുറച്ചതു നിസ്സിർ (Nizir)പൎവ്വതത്തിന്മേലായിരുന്നുവെന്നും, മഴ ഏഴുദിവസത്തേയ്ക്കു വൎഷിച്ചുവെന്നും മററുമാണിതിലേ പ്രസ്താവങ്ങൾ. ഏതോ പ്രാചീനോപാഖ്യാനങ്ങളില് നിന്നു സ്വീകരിച്ചു സ്ഥാലികമായ വസ്തുതകളോടു കലൎത്തിയതിനാലായിരിക്കാം കഥാഗതിയില് വ്യത്യാസങ്ങൾ കടന്നുകൂടിയതു്. "ഉല്പത്തിപുസ്തക"ത്തോടു വളരെ സാമ്യമുള്ളവണ്ണം ലോകോല്പത്തിയെ സംബന്ധിച്ചുള്ള കഥകളും, ഹൃദ്യമായ ഒരു ശൈലിയില് വിരചിതമായ സങ്കീൎത്തനങ്ങളും അടങ്ങിയിരിക്കുന്ന ഗ്രന്ഥഫലകങ്ങളും ലഭിച്ചിട്ടുണ്ട്.

അസീരിയാക്കാരുടെ ശില്പവിദ്യയില് കൊട്ടാരങ്ങളും, ദേവസത്മങ്ങളും ഉൾപ്പെടുന്നു. അസീരിയൻ യുഗംതന്നെയും അരമനകളുടെ ഒരു യുഗമായിരുന്നുവെന്നു പറയാം. സ്തംഭങ്ങൾ വളരെ ചുരുക്കമായേ ഇവരുടെ ശില്പകൎമ്മങ്ങളില് കാണുന്നുള്ളു; വളവുകൾ ഉപയോഗിച്ചിരുന്നുതാനും. ററൊവളവിനുപററിയ വീതിമാത്രം സ്വീകരിച്ചിരുന്നതിനാല് കെട്ടിടങ്ങൾ നീളംകൂടി വീതികുറഞ്ഞവയായിരുന്നു. ജറൂസലേം ദേവാലയം അസീരിയൻ ശില്പത്തെ അനുകരിച്ചു പണുതതായിരിക്കാമെന്നു ബൈബിൾ വൎണ്ണനകളില് നിന്നനുമിക്കാം.

കൊത്തുപണിയില് പൌരസ്ത്യരായ മറെറാരുജാതിയും ഇവരെ അതിശയിക്കുന്നില്ല. അമാനുഷവും ഭീകരവുമായ സത്വങ്ങളും, മനുഷ്യരും, ജന്തുക്കളും ഇതിന്റെ വിഷയങ്ങളായിരുന്നു. അക്കാലത്തേ കലാവിലാസമെന്നു വിശ്വസിക്കാൻ പാടില്ലാത്തവിധത്തില് സൂക്ഷ്മം, പ്രസാദം, ചൈതന്യം ഈ ഗുണങ്ങളാലനുഗൃഹീതമായ കൊത്തുപണികളാണവിടെ കാണുന്നതു്.

പശ്ചിമേഷ്യയിലേ വിസ്തൃതരാജ്യമായ പേഷ്യയില് ആൎയ്യന്മാർ കുടിയേറിപ്പാൎത്തതു ബി. സി. 1700-ാമാണ്ടോടു കൂടിയായിരിക്കണം. അവെസ്റ്റാ എന്ന പ്രസിദ്ധമതഗ്രന്ഥമുൾപ്പെട്ട ഒരു വിപുലസാഹിത്യം ഇവൎക്കുണ്ട്. അസീരിയാക്കാരുടെ തോരണങ്ങളെ അനുകരിച്ചിട്ടുണ്ടെങ്കിലും പൊതുവേ പാരസീകശില്പം അസീരിയൻ ശില്പത്തെക്കാൾ ഉൽകൃഷ്ടമത്രെ. ക്സെർക്സിസ് ചക്രവൎത്തിയുടെ കൊട്ടാരവും അതിലുള്ള വിശാലമായ ശാലയും പ്രാചീനശില്പവിദ്യാവിസ്മയങ്ങളിലൊന്നാകുന്നു. 65-അടി ഉയരമുള്ളവയും, ചുററും

ചാലുകൊത്തിയിട്ടുള്ളവയും, ഈജിപ്ററിലേതുപോലെ ജന്തുക്കളുടെതല, താമര മുതലായവ തലയ്ക്കലുള്ളവയുമാണ് ഇതിലെ സ്തംഭങ്ങൾ. ബഹിസ്റ്റൺപട്ടണത്തില് നിന്നു ലഭിച്ചിട്ടുള്ള ഡേറിയസിൻെറ ശിലാശാസനങ്ങളാണ ചിത്രലിപികളിലുള്ള ലിഖിതങ്ങൾ മനസ്സിലാക്കുവാൻ വേണ്ട മാർഗ്ഗങ്ങൾ ഉപദേശിച്ചതു്. കൊത്തുപണി, കവടിപ്പണി, ചായപ്പണി ഇവയിലെല്ലാം പാരസീകർ നിപുണന്മാരായിരുന്നു. പാരസീകകലകൾ യവനകലയ്ക്കും റോമൻകലയ്ക്കും മാർഗ്ഗോപദേശം ചെയ്തിട്ടുണ്ടു്.

ബി. സി. 2200-ാമാണ്ടോടുകൂടി പരിഷ്കൃതരായിത്തീർന്നിരുന്ന ചൈനാക്കാരും കലകളില് വിദഗ്ദ്ധന്മാരായിരുന്നു. പട്ടുമുതലായ വസ്ത്രങ്ങളിന്മേലുള്ള ചിത്രത്തയ്യല്, കവടിപ്പണി മുതലായവയെല്ലാം ചൈനാക്കാർക്കു നേരത്തേ വശഗമായിരുന്നു. അവരുടെയിടയില് അതിപ്രാചീനമായ ഒരു കലയായിരുന്നു ചിത്രമെഴുത്തു്. ക്രിസ്തുവിനനേകനൂററാണ്ടുകൾക്കുമുമ്പേതന്നെ പിഞ്ഞാണമണ്ണുകൊണ്ടുള്ള പാത്രനിർമ്മിതി അവർ വശമാക്കിയിരുന്നു. ഇളക്കിയെടുക്കാവുന്ന അച്ചുകളുപയോഗിച്ചു പുസ്തകമടിക്കുന്ന സമ്പ്രദായം പാശ്ചാത്യർ അച്ചടിവിദ്യ കണ്ടുപിടിക്കുന്നതിനു വളരെമുമ്പുതന്നെ ചൈനാക്കാർക്കു് ഉപജ്ഞാതമായിരുന്നുവെന്നുമാത്രമല്ല, അങ്ങനെ അക്കാലങ്ങളിലടിച്ച പുസ്തകത്തിൻെറ പ്രതികൾ ഇന്നും അവശേഷിക്കയും ചെയ്തിട്ടുണ്ടു്. ക്രിസ്തുവിനു അനേകശതങ്ങൾക്കു മുമ്പുതന്നെ അവർ കടലാസുകണ്ടുപിടിച്ചിരുന്നു. വിപുലമായ ഒരു സാഹിത്യം ചൈനാക്കാർക്കുണ്ടു്. ശില്പവിദ്യയില് മാത്രമാണവർ പിന്നോക്കം നിന്നിരുന്നതു്. ചൈനയിലെ കെട്ടിടങ്ങളെല്ലാം ഒരുമാതിരി കൂടാരങ്ങളുടെ ഛായയുള്ളവയത്രെ.

യവനകലയെപ്പററിയാണു് അടുത്തു ചിന്തിക്കുവാനുള്ളതു്. ഗദ്യപദ്യസമ്പൂർണ്ണമായ വിശിഷ്ടസാഹിത്യത്തിലും, സരൂപവും സചിത്രവുമായ കലാവിധാനത്തിലുമത്രെ യവനന്മാർ അവരുടെ ആശയവിശേഷത്തെ പ്രകടിപ്പിച്ചിട്ടുള്ളതു്. ഇതില് രണ്ടാമത്തേ ഇനത്തില് അവർ മനുഷ്യജാതിയുടെ ഏററം വലിയ ഉപദേഷ്ടാക്കളായിത്തന്നെയിരിക്കുന്നു. യവനന്മാരുടെ കരകൌശലഫലങ്ങൾ സംഭരിക്കാൻ തുടങ്ങിയതു് ക്രിസ്ത്വബ്ദം പതിനഞ്ചാംനൂററാണ്ടോടുകൂടിയത്രെ. യവനസാഹിത്യം അതിൻെറ സകലശാഖകളിലും ബാഹ്യശക്തികൾക്കധീനമാകാതെ സ്വതന്ത്രമായി വളർന്നിട്ടുള്ളതാണു്. മഹാകാവ്യങ്ങൾ, കീർത്തനകാവ്യങ്ങൾ, ശുഭാന്തനാടകങ്ങൾ, ദുരന്തനാടകങ്ങൾ, ഗദ്യസാഹിത്യം ഇത്രയുമാണതിൻെറ പ്രധാനശാഖകൾ. യവനന്മാർക്കു് ഇതരകലാശാഖകളിലുള്ള പ്രത്യേകത, (നിയന്ത്രിതമായ സൌകുമാര്യവും തേജസ്സും) അവരുടെ സാഹിത്യത്തിലും കാണാവുന്നതത്രെ. യവനശില്പികളുടെ പ്രധാനശ്രമം ദേവഭവനങ്ങൾ നിർമ്മിക്കുന്നതിലായിരുന്നു. ഹീബ്രൂസ് മുതലായ ജനങ്ങളുടെ ദേവാലയങ്ങളെപ്പോലെ, ഇവയും മിക്കവാറും കുന്നിൻപുറങ്ങളിലാണ പണിതിരുന്നതു്. മോഹനങ്ങളായ സ്തംഭങ്ങൾ യവനശില്പത്തിൻെറ ഒരു പ്രധാന വിശേഷമത്രെ. ദേവാലയങ്ങളില് പതിവായി ബലികളോ ഇതരകർമ്മങ്ങളോ ഉണ്ടായിരുന്നില്ല. ജനവ്യൂഹം ഒരേസമയത്തിവയില് സമ്മേളിച്ചിരുന്നുമില്ല. അങ്ങനെ കൂടത്തക്ക സൌകര്യം അവയിലില്ലായിരുന്നതാനും. ഒരുവൻ തനിച്ചോ ഒരു കുടുംബത്തിലെ അംഗങ്ങൾ ഒരുമിച്ചോ മാത്രമേ ഈ ദേവമന്ദിരങ്ങളില് പ്രവേശിച്ചിരുന്നുള്ളു. ഉത്സവങ്ങളും ഘോഷയാത്രകളും വെളിമ്പ്രദേശങ്ങളിലും തെരുവീഥികളിലുമാണ നടത്തിയിരുന്നതു്. ദേവസദനങ്ങൾക്കുള്ളില് അതിവിശിഷ്ടങ്ങളായ കൊത്തുപണികളുണ്ടായിരുന്നു. മാനുഷവും ദൈവികവുമായവയുടെ ഒരു വിശിഷ്ടസമ്മിശ്രതയാണു് അവരുടെ പ്രതിമാകരണത്തില് പ്രതിഫലിക്കുന്നതു്. അവർ ദേവന്മാരില് നിന്നു ആവിഷ്കരണം അർത്ഥിച്ചിരുന്നുവെങ്കിലും പ്രതിമാകാരൻെറ മാതൃകകൾ ഗ്രീസിലെ കായികാഭ്യാസശാലകളില് തന്നെയായിരുന്നു. കളരികളില് യവനന്മാർ നഗ്നന്മാരായിട്ടാണു് കായികാഭ്യാസങ്ങൾ നടത്തിയിരുന്നതു്. ഇന്നത്തെ ചില "ശീമക്കാരുടെ" വേഷാഭാസങ്ങൾ കണ്ടാല് ഈ വേഷശൂന്യതതന്നെ ഇന്നും ഭേദമെന്നു തോന്നിപ്പോകാറുണ്ടു്. അതെങ്ങനെയുമിരിക്കട്ടെ. ഈ അഭ്യാസശാലകളില് പ്രതിമാകൃത്തുകൾക്കു്, യുവയവനന്മാരെ വ്യായാമവേളയില് ആപാദചൂഡം നിരീക്ഷിച്ചു് അവസ്ഥാന്തരങ്ങളില് മാംസപേശികൾക്കും നാഡികൾക്കുമുള്ള ഗതിവിഗതികൾ പഠിക്കുന്നതിനും, അങ്ങനെ പ്രതിമാനിർമ്മിതിയെ സ്വാഭാവികതയുടെ പരമകാഷ്ഠയിലേയ്ക്കുയർത്തുന്നതിനും സാധിച്ചിട്ടുണ്ടു്. യവനന്മാരുടെയിടയില് ശാരീരകസംസ്കാരത്തിൻെറ അത്യുച്ചിയില് സമ്പ്രാപ്തമായ മനുഷ്യശരീരത്തിൻെറ പരിപൂർണ്ണതതന്നെയാണ ലോകവിസ്മയത്തിനും യവനമഹത്വത്തിനും നിദാനീഭൂതങ്ങളായ പ്രതിമാതല്ലജങ്ങളെ നിർമ്മിച്ചിട്ടുള്ളതു്. ഏകദേശം ബി. സി.

450-ല് ജനിച്ച ഫീഡിയസി (Phedias)ൻേറയും അനുയായികളുടേയും പ്രതിമകൾക്കുള്ള പ്രശാന്തഗാംഭീര്യം ഏതാണ്ടമാനുഷം തന്നെയാകുന്നു. (Praxiteles) പ്രാക്സൈറ്റലെസ് തൻെറ പ്രതിമകളെ കൂടുതല് മാനുഷങ്ങളാക്കി. അയാൾ കൊത്തിയിട്ടുള്ള വീനസ് പ്രതിമ വികാരോദ്ദീപകസൌന്ദര്യത്തിൻെറ മൂത്തിതന്നെയാണ്. പ്രാചീന യവനാലേഖ്യങ്ങൾ ഒന്നും തന്നെ ഇപ്പോൾ ഇല്ലാതെയാണിരിക്കുന്നതു്. എന്നാല് അതിവിശിഷ്ടങ്ങളായ ആലേഖ്യങ്ങൾ വിവിധരീതികളില് കലശങ്ങളുടേയും, പാത്രങ്ങളുടേയും ഉപരിതലത്തില് കാണാൻ കഴിയുന്നതത്രെ. പൌരസ്ത്യകലകളില് നിന്നാണ് യവനകലകൾ സംജാതമായിട്ടുള്ളതെങ്കിലും, പരകീയമായ കലയെ അവർ സ്വന്തമായ സൌകുമാര്യബോധവും ആദർശബോധവും കലത്തി സ്വകീയമാക്കിത്തീർത്തുവെന്നു സമ്മതിച്ചേതീരൂ. പൌരസ്ത്യകല പൊതുവേ മാനുഷരൂപത്തെ വിരൂപമാക്കി വൈലക്ഷണ്യത്തിലേക്ക് അധഃപതിക്കുമ്പോൾ യവനകല വസ്തുതയെ ഉന്നമിപ്പിക്കയും സൌന്ദര്യത്തിലും മഹത്വത്തിലും ഉയത്തുകയും ചെയ്യുന്നു.

റോമ്മാക്കാരുടെ ആധിപത്യം മെഡിററേനിയനില് സംസ്ഥാപിതമായതോടുകൂടി മാത്രമേ ജാതീയമായ ഒരു കല അവർക്കുണ്ടായി എന്നു പറയുവാൻ തരമുള്ളു. അതുവരെ റോമില് കാണുന്ന കലാകർമ്മങ്ങളെല്ലാം ഗ്രീക്കുകാരുടേതത്രെ. യവനകലാകാരന്മാരെ ദേവാലയാലങ്കരണത്തിനും മററും റോമിലേക്കു കൊണ്ടുവരികയായിരുന്നു പതിവു്. യവനകലകളെ മാതൃകകളാക്കി നിർമ്മിച്ചിട്ടുള്ള റോമൻകലകളില് പലതിലും 'ഐത്താലിക'മായ ഒരു വാസ്തവികതയും പ്രത്യംഗാവധാനതയും ദൃശ്യമാകുന്നു. റോമില് ഒരോകാലത്തുണ്ടായിട്ടുള്ള കലാപ്രസാഹനങ്ങളില് ചിലതു യവനകലാനുകരണത്തിലും, ചിലതു സ്വതന്ത്രകലാനിർമ്മിതിയിലുമായിരുന്നുവെന്നു പറയാം. ഏതായാലും യവനറോമൻ സംസ്കാരങ്ങളുടെ ഒരു സമ്മിശ്രതയാണു റോമൻകലകളില് പൊതുവേ കാണാനുള്ളതു്. പാശ്ചാത്യക്രിസ്തീയകലയാണു റോമൻകലയുടേയും തദ്വാരാ ശ്രേഷ്ഠ (Classical) കലയുടേയും യഥാർത്ഥസന്താനം.

റോമ്മാസാമ്രാജ്യത്തിലെ വലിയ ദേവാലയങ്ങളെല്ലാം യവനമാതൃകകളനുസരിച്ചു പണിതിട്ടുള്ളവയത്രെ. റോമൻശില്പികളുടെ പ്രത്യേകസമ്പാദ്യങ്ങൾ അവർക്കു പ്രത്യേകമായുള്ള വളവില്വം (arch) വളമച്ചിലും, കുംഭഗോപുര (dome) ത്തിലുമാണിരിക്കുന്നതു്. ഇററാലിയൻ നിലയനങ്ങൾ പലതും മണ്ഡലാകൃതിയിലുള്ളവയാകുന്നു. ഹാഡ്രിയാൻെറ (Hadrian) സർവ്വദേവമണ്ഡപം (Pantheon) വിശിഷ്ടമായ ഒരു ശില്പമത്രെ. ഇതിൻെറ ഉള്ളിലെ ഓരോ ഭാഗങ്ങൾക്കുമുള്ള യോജിപ്പു് അതിസൂക്ഷ്മമാണെന്നു പറഞ്ഞേതീരൂ. കാലാന്തരത്തില് ക്രിസ്തീയദേവാലയനിർമ്മാണത്തിനു വിസ്തൃതതരങ്ങളായ ശില്പപദ്ധതികൾ ഉപജ്ഞാതങ്ങളായി.

റോമൻപ്രജാപ്രഭുത്വത്തിൻെറ അന്തിമഘട്ടങ്ങളില് കൊത്തുപണി മിക്കവാറും പ്രതിമാനിർമ്മാണത്തിലാണടങ്ങിയിരുന്നതു്. 1863-ല് കണ്ടുകിട്ടിയ അഗസ്റ്റസ് ചക്രവത്തിയുടെ പ്രതിമ അദ്ദേഹത്തിൻെറ കാലത്തെ രൂപനിർമ്മാണത്തിനു മകുടോദാഹരണമത്രെ. ഒരു സൈന്യാധിപൻ പടയാളികളോടു പ്രസംഗിക്കുന്ന വിധത്തിലാണീപ്രതിമ കൊത്തിയിരിക്കുന്നതു്. ആദർശവുമായി യഥാർത്ഥത്തെ സംയോജിപ്പിച്ചിരിക്കുന്നതു് ഇതില് കാണാം. നിഷ്പാദുകനും കിരീടഹീനനുമായി കാണപ്പെടുന്നുവെന്നു മാത്രമല്ല, പ്രേമദേവതയായ വീനസിൻെറ വംശത്തില് നിന്നുള്ള ഉൽപത്തിയെ കാണിക്കുന്നതിന്നു് ഒരു കോമളബാലൻെറ പ്രതിമയും അദ്ദേഹത്തിൻെറ പാർശ്വത്തില് കൊത്തിയിരിക്കുന്നു. റോമൻ വിശ്വാസത്തില് പെട്ട മററനവധി ദേവതകളുടെ രൂപങ്ങളും ഈ പ്രതിമയില് കൊത്തിയിട്ടുണ്ടു്. കലയുടെ സാമാന്യമായ മോടിയിലെന്നതിനേക്കാൾ അലങ്കരണത്തിൻെറ വിശേഷാംശങ്ങളിലത്രെ റോമൻ കലാകൃത്തിൻെറ ശ്രദ്ധ കൂടുതൽ പതിഞ്ഞിരുന്നതു്. ബി. സി. 13-ാമാണ്ടോടുകൂടിയായിരിക്കാം ഇതിൻെറ നിർമ്മാണം. ക്രിസ്തുമതത്തിൻെറ പ്രാരംഭദശയില് പ്രതിമാകരണത്തിനു വലിയ സ്ഥാനമുണ്ടായിരുന്നില്ല. വിഗ്രഹാരാധനയുടെ നേരായ ഭയമിട്ടാണ് ഈ കലയോടു് ഇങ്ങനെയൊരു വൈമുഖ്യമുണ്ടാകാനിടയായതു്. കാലാന്തരത്തില് ഇററലി മുതലായ ദേശങ്ങളില് കൊത്തുപണിക്കുണ്ടായിട്ടുള്ള അഭിവൃദ്ധിയും നാനാമുഖത്വവും അവർണ്ണനീയംതന്നെ.

വണ്ണവിധാനത്തോടുകൂടിയ കലകളില് പ്രാചീനന്മാരായ മററെല്ലാവരേയും പോലെ റോമ്മാക്കാരും തൽപരന്മാരായിരുന്നു. അക്കാലത്തെ വിശിഷ്ടാലേഖ്യങ്ങൾ അതേ രൂപത്തില് നമുക്കു ലഭിക്കാതെയാണിരിക്കുന്നതു്. അഗസ്റ്റസ് ചക്രവത്തിയുടെ കാലത്തോടുകൂടി ആരാമങ്ങൾ, കുന്നുകൾ, സരസ്സുകൾ മുതലാ

യ ഭൂഭാഗചിത്രങ്ങൾ (Landscape) അലങ്കാരത്തിനുപയോഗിച്ചുതുടങ്ങി. റോമൻഛായാപടനിർമ്മിതിയെപ്പററി തുച്ഛമായ അറിവേ നമുക്കുള്ളു. ഉരുക്കിയ അരക്കിച്ച് നിറങ്ങൾ കലത്തി ചൂടിന്റെ സഹായത്താല് ചിത്രലേഖനം നടത്തിയിരുന്നു.

ചിത്രമെഴുത്തിനോടു സാമ്യമുള്ള പതിച്ചുപണിയില് (mosaic) റോമ്മാക്കാർ അസാമാന്യനൈപുണ്യം പ്രദശിപ്പിച്ചിട്ടുണ്ട്. വിവിധവൎണ്ണോജ്ജ്വലങ്ങളായ കട്ടകൾ പതിച്ചു ഭിത്തികളിലും മുറികളിലെ തറകളിലും രമ്യങ്ങളായ ചിത്രങ്ങൾ അവർ നിർമ്മിച്ചിരുന്നു. നൈല്നദിയിലെ ഭൂഭാഗങ്ങളെ പ്രദശിപ്പിക്കുന്ന ചിത്രങ്ങൾ, ഈ കലാംശത്തില് റോമ്മാക്കാർക്ക് അലക്സാണ്ഡ്റ്യൻ മാതൃകകൾ വഴികാട്ടികളായിരുന്നുവെന്ന തത്വത്തെ വിശദമാക്കുന്നു.

റോമ്മാസാമ്രാജ്യത്തിന്റെ സ്ഥാപനം പുരാതനലോകത്തിന് ഒരു രാഷ്ട്രീയമായ ഐക്യത്തെ പ്രദാനം ചെയ്യുകയും, അവിടത്തെ ഭരണാധികാരികളുടെ അംഗീകരണം ക്രിസ്തുമതത്തിന് ഒരു സാൎവ്വലൌകികമതമായുള്ള വിജയം ക്ഷിപ്രസാദ്ധ്യമാക്കുകയും ചെയ്തതുപോലെ, ചക്രവൎത്തിമാരുടെ കീഴിലുള്ള രാഷ്ട്രീയവിഭാഗങ്ങൾക്കു പരസ്പരമുണ്ടായ സംസർഗ്ഗസ്വൈരതയാല് സാധിച്ച ഒരു യവനറോമൻ രാഷ്ട്രാവിർഭാവം അക്കാലത്തെ കലകളില് പ്രത്യക്ഷീഭവിക്കുന്ന സംസ്കാരൈക്യത്തെ പ്രദാനം ചെയ്തുവെന്നും പറയാം. ഇന്നു ശേഷിക്കുന്ന പുരാതന ക്രിസ്തീയകലകൾ റോമിലുള്ള ഭൂഗർഭാലയങ്ങളിലെ ചിത്രങ്ങളത്രെ. അവ മിക്കവാറും സ്വൎഗ്ഗം, സ്വൎഗ്ഗവാസികൾ മുതലായവയെ സൂചിപ്പിക്കുന്നവയും സാങ്കേതികനൈപുണ്യം കുറഞ്ഞവയുമാകുന്നു. സഭ, വിജയപൂർണ്ണയായതോടുകൂടി മാത്രമേ രമണീയങ്ങളായ ദേവാലയങ്ങളുടെ ഭിത്തികളില് പരിശുദ്ധചരിത്രങ്ങൾ ഉത്തമകലാരൂപത്തില് പ്രകടിപ്പിക്കുവാൻ അവർക്കു കഴിഞ്ഞുള്ളു.

P. JACOB THOMAS MEMORIAL
PUBLIC LIBRARY


# സാരഥി സോപ്പ്.

## ചന്ദ്രികാസുന്ദരമായ ദേഹകാന്തി നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ—

മണവും ഗുണവും ഏറുന്ന രജിസ്റ്റേഡ് 'സാരഥി' സോപ്പ് ഉപയോഗിക്കുക. അതു ശരീരത്തിന് ആരോഗ്യവും വസ്ത്രങ്ങൾക്കു കുളൎമയും നൽകും. ഉപയോഗിച്ചിട്ടില്ലാത്തവർ ഒരിക്കൽ പരീക്ഷിക്കുക.




ഞങ്ങളുടെ രജിസ്റ്റേഡ് ട്രേഡ് മാൎക്ക് നോക്കി വാങ്ങുവിൻ.

മാനേജർ,
കെ. ഭാസ്കരൻ,
സാരഥി സോപ്പ് വർക്ക്സ്,
&
കമ്പനി,
മുട്ടംബസാർ, ചേർത്തല.

# വിളംബരം.

(വിദ്വാൻ, പലയക്കോട്ട് നാരായണമേനോൻ)

(നതോന്നത)

വഞ്ചിനാടേ, വിശ്രുതമാണല്ലെങ്കിലും ത്വച്ചരിതം
സഞ്ചിതധർമ്മസമ്പത്തിൻസാത്വികതയാൽ:
അഞ്ചിതമായ് വിശേഷിച്ചുമിന്നൊരു
[നവാദ്ധ്യായത്തിൻ—
കാഞ്ചനലിപികളാലത, പൂർണ്ണമട്ടിൽ.

പ്രജാഹിതം നിജഹിതമായുള്ളവർ പണ്ടുപണ്ടേ
പ്രജാഗരൽപ്രഥ പൂണ്ട തവ നാഥന്മാർ:
ഒററരാത്രിമതിയവക്കരികുലം കുളമാക്കാൻ;
ഒററവാക്കുമതിയാരും വഴിമാറുവാൻ;
തൻകുലദൈവത്തെയവരൊന്നു കൈ
[ക്കൂപ്പിയാൽപോരു—
മുങ്കുവിട്ടു തിരിഞ്ഞോട്ടുമേതുരിപുവും;
അത്രശക്തി,യത്രഭക്തി നേടിയവർ നാട്ടുകാരെ—
പ്പുത്രനിർവ്വിശേഷം കാത്തതിന്നും പ്രസിദ്ധം.
അവരുടെ പൂർണ്ണപുണ്യപരിപാകഫലമായി—
ട്ടവതീർണ്ണനിന്നുവാഴും പൊന്നുതമ്പുരാൻ,
ധർമ്മസ്ഥാപനാർത്ഥം ദൈവമവതരിച്ചതാണെന്നു
സമ്മതിക്കാവുന്നകർമ്മമൊന്നുചെയ്കയാൽ
വേണാടേ നീ വിജയിപ്പു ചരിത്രാതീതവിഖ്യാതി—
പ്പൂണാരമണിഞ്ഞു ധരാമാതൃകയായി.

പൌരോഹിത്യം കൈയ്യേറിയ ഹൈന്ദവ
[സമുദായത്തിൽ
തിരാബാധകളാമനാചാരങ്ങൾ മൂലം,
എത്രമാത്രമകന്നില്ല സഹോദരരത്രതമ്മി—;
ലെത്രത്തോളമേറ്റില്ല,സ്ഥവിശ്വാസവിഷം;
എല്ലാവർക്കുമുള്ള ദൈവം ചിലർക്കുമാത്രമെന്നായ്—
ക്കല്ലറയിൽ, കൽബ്ഭിത്തിതന്നുള്ളിൽ, ബദ്ധനായ്;
സഹോദരന്മാർത്തമ്മിൽ തൊട്ടുകൂടാ തീണ്ടിക്കൂടാ;
മഹാബദ്ധമിശ്ചരനു'മയിത്തം'പോലും!
എന്തിനേറെ, മതത്തിൻെറ പേരിൽ ഭ്രാന്തുകാട്ടിക്കാട്ടി-

'ബ്ഭ്രാന്താലയ'മായിത്തീർന്നു കേരളാവനി!
ഇന്നിലയ്ക്കൊരവസാനം പ്രതീക്ഷിച്ചു കേരളീയ—
രന്നുമിന്നുമായിനോക്കി പല കയ്യുകൾ.
നക്ഷത്രങ്ങൾ പുറപ്പെട്ടാലൊഴിയുമോ കൂരിരുട്ടു.
നക്ഷത്രേശൻ തെളിയുകതാൻ വേണമല്ലോ.

വേണാടിനിബ്ഭാഗ്യമെത്തീ രാജാവവിടത്തിലിതാ
ചേണെഴും പ്രകാശാമൃതം പൊഴിച്ചിട്ടുന്നു.
'ശംഖുമുദ്ര'ചേർന്ന പുതുവിളംബരം പാഞ്ചജന്യ—
ശംഖനാദംപോലവിടെ മുഴങ്ങിക്കേൾപ്പൂ.
മറയോനും പറയനുമെന്നുവേണ്ട ഭൂമിയിലെ—
പ്പിറവിയെല്ലാമൊന്നെന്ന ഗീതാസന്ദേശം,
ഉൾക്കൊള്ളുമീവിളംബരം പുതിയൊരുണർവ്വു നല്കി—
യിക്കേരളഹൃദയത്തെ വികസിപ്പിപ്പൂ.

പാലസ്റ്റീനില,നീതിതന്നിരുട്ടത്തു, തെളിയിച്ചു
ശ്രീലമാകും പ്രേമദീപം യേശുമഹേശൻ;
അറേബിയാമരുഭൂവില—ധർമ്മഘർമ്മതാപത്തിൽ—
കുറേമുൻപു നബിദേവൻ സുധപൊഴിച്ചു;
അനാചാരാന്ധ്യവിലാണ്ട ഹിന്ദുസമുദായത്തെയി—
ന്നായാസമുദ്ധരിപ്പു വഞ്ചീശ്വരനും.

പൌരോഹിത്യം പരുങ്ങുന്നു; മാമൂൽനിന്നു
[വിറയ്ക്കുന്നു;
വേരാടിപ്പോയ് ജാതിയ്ക്കും താങ്ങില്ലാത്തമട്ടിൽ.
പെരുമ്പടപ്പും നെടിയിരിപ്പും താങ്ങുണ്ടന്നായിവ
വെറുതെയാണാശ്വസിപ്പത,തും നാസ്തിയാം.
സഹോദരിമാടഭൂമി വെമ്പിട്ടുന്നു ജ്യേഷ്ഠത്തിയെ
സഹകരിയ്ക്കുവാൻ നാഥനുമതിയ്ക്കായി
പ്രണയകലഹമൊന്നു വേണ്ടിവരാം പക്ഷേ, കൂടെ—
ത്തുണനിൽപ്പാൻ മലബാറും തയ്യാറുണ്ടല്ലോ.

*　　*　　*　　*　　*

ജയിയ്ക്കട്ടേ ചിത്രർക്ഷജൻ വിജയവിളംബരത്താൽ
ജയക്കൊടി പാറിച്ചു നീണാൾ സസുഖം!!

ചെറുകഥ.

# കെട്ടുതാലിയുടെ ശിഷ്ടം.

(വിളാവത്തു ശങ്കരപ്പിള്ള)

ഡാക്ടർ രമേശൻെറ പൊക്കവും വണ്ണവും പരസ്പരം മത്സരിക്കുകയാണ്. അതുപോലെ ശരീരത്തിൻെറ വണ്ണവും കൊഴുപ്പും തമ്മിലും. കരിവീരന്മാൎക്കു കൊമ്പുപോലെ, നീളമേറിയതും ഇടതൂൎന്നു വളൎന്നിരുന്നതും ആയ മേൽമീശ അയാളുടെ മുഖത്തിനു അഴകും ക്രൌൎയ്യവും വളൎത്തിയിരുന്നു. അതിൻെറ ഒരു ചലനത്താൽ ഭൃത്യജനങ്ങൾ നടുങ്ങും. രോഗികളുടെ പണപ്പെട്ടി തുറപ്പിക്കാനും, അല്ലങ്കിൽ അവരുടെ ഹൃദയം ദാരുണമായി വ്രണപ്പെടുത്താനും അതിനുള്ള ശക്തി അത്ഭുതകരമായിരുന്നു. 'വല്ലഭനു പുല്ലുമായുധം' എന്നുണ്ടല്ലൊ? ഔദ്യോഗികമായ ഔദ്ധത്യവും, മുതലാളിത്തത്തിൻെറ മൂഷ്ക്കും കൂടി മൂൎത്തീകരിച്ച കരാളവിഗ്രഹനായിരുന്നു ഡാക്ടർ രമേശൻ. ആ തടിയൻ കെട്ടിടവും, ഇഷ്ടികവിരിച്ച തറയും തകരും വിധം 'ബ്യൂട്ട്സ്സുകൊണ്ടു 'തടപിട' എന്നു ചവുട്ടി ഞെരിച്ചു, ഉദ്ധതനിധി ഉലാത്തുകയാണ്. അയാളുടെ വീക്ഷണം ആകും തീക്ഷ്ണശരപ്രയോഗമായിരുന്നു. വാതായനത്തിൻെറ സമീപത്തു ചെന്നു, വാരണവീരനെപ്പോലെ വട്ടം തിരിഞ്ഞൊന്നുനോക്കി.

"എടാ; നീ, പോയില്ലെ?"

എന്നൊരു ചോദ്യംചെയ്തു. അതാ ഒരു പാവം ആ മുററത്തു പതുങ്ങി നില്ക്കുന്നു. മെലിഞ്ഞ ദേഹം; മലിനമായ വേഷം. ഡാക്ടരും, വേലക്കാരനും തമ്മിൽ ഗജവും അജവും പോലെ അന്തരമുണ്ടായിരുന്നു. രമേശനിൽ സൌഭാഗ്യവും, സമ്പത്തും, സൌന്ദൎയ്യവും വിളയാടുന്നു. ആ വേലക്കാരനാകട്ടെ, നിൎഭാഗ്യം, ദാരിദ്ര്യം, വൈരൂപ്യം ഇവയുടെ നൃത്തരംഗമാണ്. കുന്നും കുഴിയും പോലെ, വെളിച്ചവും ഇരുട്ടും പോലെ, പ്രകൃതി, മനുഷ്യരിലും കാണിക്കുന്ന ഉച്ചനീചത്വങ്ങൾക്കു ഇതിലധികം ഉദാഹരണങ്ങളില്ല. രമേശൻ ധനികന്മാൎക്കു ഒന്നാംതരം ഡാക്ടരാണ്. സാധുക്കൾക്കു സംഹാരമൂൎത്തിയും. കൂലിക്കാരൻെറ ഭാൎയ്യക്കു പ്രസവാരിഷ്ടതയാണ്. സുഖക്കേടു തുടങ്ങി, ദിവസങ്ങൾ നാലഞ്ചു കഴിഞ്ഞു. അതുമുതൽ ഉഴക്കരിയുടെ ആഹാരം കഴിക്കാനൊ, ഒരു നാഴിക ഉറങ്ങുന്നതിനൊ അവനു സാധിച്ചിട്ടില്ല. ഡാക്ടരെ കുടിലിലേക്കു കൊണ്ടുപോകുന്നതിനായി അവൻ കാത്തു നില്ക്കുകയാണ്. ഉണങ്ങി വരണ്ട കണ്ഠത്തിൽനിന്നും ഇഴഞ്ഞു വലിഞ്ഞ വാക്കുകൾ ഇങ്ങനെ പുറപ്പെട്ടു:— "ഇല്ല! യ-ജ-മാ-ന-നെ"

"എടാ; നീ, പോയി '25 കൊണ്ടുവാ. അല്ലാതെ ഈ നാറക്കുടിലുകളിൽ കേറിഇറങ്ങാൻ എനിക്കു പ്രയാസം"

ഇതിനു വേലക്കാരൻ വിനീതമായി ഇങ്ങനെ അറിയിച്ചു:—

"പൊന്നേമാനനെ! 'തെങ്ങിനും കവുങ്ങിനും ഒപ്പം തളപ്പു കെട്ടല്ലെ!' ഞാനൊരു കൂലിക്കാരൻ. വീട്ടുകാരത്തി കിടപ്പായിട്ടു ഇന്നു നാലഞ്ചായി. ഞാൻ പണിക്കും പോവാറില്ല!"

"അതാണു ഞാനും പറഞ്ഞതു്. അല്ലങ്കിൽ '100' ൽ കുറച്ചു ഒരു പ്രസവക്കേസിനു ഞാൻ പോകാറില്ല."

ഒരു തള്ളയുടേയും കൊച്ചിൻെറയും ജീവൻ യജമാനൻെറ കയ്യിലാണ്! ഇങ്ങടൊ അങ്ങടൊ......

ദൈവത്തിനറിയാം...........................

എമാനൻ രക്ഷിക്ക-ണം.........................

ആ തപ്തഹൃദയം തകൎന്നു് ഇങ്ങനെ തുണ്ടുവാചകങ്ങൾ ഉതിൎന്നു. ആ 'ഉപരിപഠനക്കാരൻ' തൻെറ റിസ്ററുവാച്ചുനോക്കി 'കരുണാഗീതം പൊഴിച്ചു:—

എൻെറ ഇന്നത്തെ ഡ്യൂട്ടി കഴിഞ്ഞു. പോ–ഗേററിനു വെളിയിൽ!"

ചഞ്ചലഹൃദയനായ കൂലിക്കാരൻ അവിടെ നിന്നു. സംഹാരമൂൎത്തിയുടെ നന്ദികേശ്വരൻ—ഭൃത്യൻ തന്റെ ചൂണ്ടുവിരൽകൊണ്ടു ഊൎജ്ജിതമായ ആജ്ഞ വേലക്കാരനു നൽകി. വേലക്കാരൻ വേപഥുഗാത്രനായി വെളിയിൽ കടന്നുപോയി. കൂലിക്കാരന്റെ കളത്രം സൂതികാലയത്തിൽ പ്രസവവേദനകൊണ്ടു നട്ടം തിരിയുന്നു! നക്ഷത്രമെണ്ണുന്നു! അംഗം തളൎന്നുവീഴുന്നു! അവന്റെ അഗതികളായ സ്വജനങ്ങൾ ഡാക്ടരുടെ ആഗമനത്തെ ഉററുനോക്കിയിരിക്കയാണ്. ഒരു മാത്ര വൈകുന്നതു ആക്കം പരമസങ്കടമായിരുന്നു. നിരാശനായ അവൻ തിരിച്ചുവന്നു ഇങ്ങനെ ജല്പിച്ചു:—

"പണം കൊടുക്കാതെ ഏമാനൻ വരുല്ല. 'ഉമ്മിതിന്നു തവിടുനേടി'. വെച്ചിരുന്ന നെല്ലും ചക്രവും വഴിവാടിനും മന്ത്രവാദത്തിനും ചെലവാക്കി. ഇനി ഞാൻ എന്തുകാട്ടും!"

ഇതുകേട്ടപ്പോൾ "മനുഷ്യരാലായതൊക്കെ ഞാൻ നോക്കി. ഇനി ദൈവത്തിന്റെ കയ്യിലാ. ഞാനിങ്ങനെ ഒരു പേററിനു കൂടീട്ടില്ല.!" എന്നു സൂതികമ്മണി കയ്യൊഴിച്ചു. ചിലർ നാസികയിൽ വിരൽ വെച്ചു. മററു ചിലർ നെടുവീൎപ്പുകൊണ്ടു. ഭൎത്താവിന്റെ ധൎമ്മസങ്കടം അപ്പോഴും ധൎമ്മപത്നി ഗ്രഹിച്ചു. അവൾ തന്റെ കെട്ടുതാലി പറിച്ചു അടുത്തു നിന്നിരുന്ന സ്ത്രീയുടെ കയ്യിൽ കൊടുത്തു പറകയാണ്. "ഇതു കടുത്തകയ്യാണ്. ജീവനെ രക്ഷിക്കാനാണ്. ഇതു വിററു ഡാക്കിട്ടൎക്കു കൊടുക്കാൻപറ!"

വേലക്കാരന്റെ കയ്യിൽ താലി മിന്നൽപോലെ പതിച്ചു. അവന്റെ ഹൃദയത്തിൽ ഇടിമുഴക്കമുണ്ടായി. അവൻ സ്തംഭിച്ചുനിന്നു. അല്പം കഴിഞ്ഞു താലിയും മടിയിൽ വെച്ചു അവൻ കമ്പോളത്തിലേയ്ക്കു ഒരു ഭ്രാന്തനേപ്പോലെ പാഞ്ഞു. സ്വൎണ്ണവ്യാപാരി അതിനു മൂന്നുരൂപാ വില നിശ്ചയിച്ചു. പൊൻതാലിക്കു പകരം കുറെ ഇയ്യത്തുട്ടുകളും, ചെമ്പുനാണയങ്ങളും അവനുലഭിച്ചു. അതു പൊതിഞ്ഞു മടിയിലാക്കി, അതിവേഗത്തിൽ അവൻ ഡാക്ടരുടെ ബംഗ്ലാവിലേയ്ക്കു തിരിച്ചു. പോകുമ്പോൾ ആ പരമസാധു വിചാരിക്കുകയാണ്:—

"മൂന്നുരൂപാ കൊടുക്കുമ്പോൾ ഏജമാനൻ വരാതിരിക്കുന്നതല്ല. ഓ! മൂന്നുരൂപ എത്രനാളു വേല എടുത്താൽ ഒണ്ടാകും! ഏജമാനൻ വരാതിരിക്കുന്നതല്ല!"

സമയം രാത്രി പതിനൊന്നുമണിയായിരുന്നു. വേലക്കാരൻ ഡാക്ടരുടെ ബംഗ്ലാവിന്റെ ഗേററുകടന്നു. ഒരു റാന്തൽവിളക്കു സംസ്കാരം നൽകാത്ത വിദ്യാഭ്യാസംപോലെ, അന്ധകാരത്തെ അകററുന്നതിനു അപൎയ്യാപ്തമായി മങ്ങി മങ്ങി കത്തിക്കൊണ്ടിരുന്നു. മതിശ്ശൂന്യനായ ഒരു ഭൃത്യൻ മിക്കവാറും നഗ്നനായി വരാന്തയിൽ കിടന്നു കുംഭകൎണ്ണസേവ ചെയ്യുന്നുണ്ടു്. അവന്റെ കിടപ്പുകണ്ടു ദീപം ലജ്ജിച്ചു മങ്ങിയതാകാം. വേലക്കാരൻ ഭൃത്യനെ സാവധാനത്തിൽ വിളിച്ചു. ഭൃത്യനാകട്ടെ സ്വപ്നാടനം ചെയ്കയാണ്.

വേല:— യജമാനനെ ഒന്നു വിളിക്കു

ഭൃത്യ:— ആ—ഹും—

വേല:— വേഗമാകട്ടെ

ഭൃത്യൻ:— നീ കൊണ്ടുപൊയ്ക്കോ.

വേല:— എനിക്കൊന്നും വേണ്ട. യജമാനനെ കാണണം.

ഭൃത്യ:— യജമാനനെ കാണണ്ട. കൊച്ചമ്മയും അറിയണ്ട. എടീ; നീ ഇതുകൊണ്ടു പൊയ്ക്കോ

വേല:— എന്നെ 'എടീ'! എന്നു വിളിക്കുന്നതെന്തു്?

ഭൃത്യ:— നീ; എന്റെ അമ്മിണിയാണ്.

വേല:— ഞാൻ തന്റെ ആരുമല്ല.

ഭൃത്യ:— അല്ലേടീ! തങ്കം!

വേല:— അല്ലെടൊ!

"എന്നൊ എടോ!" എന്നൊ? ഇപ്രകാരം കുപിതനായി ഒന്നുപ്രഹരിച്ചു. അടി നിലത്തുകൊണ്ടു. ഭൃത്യനു അത്യധികം വേദനയുണ്ടായി. അപ്പോൾ ഉണൎന്നു. സ്വബോധമുണ്ടായി വേലക്കാരൻ കാൎയ്യങ്ങൾ പറഞ്ഞു. പൂമുഖത്തു തൂക്കിയിരുന്ന മണി ഡാക്ടരെ ഉണൎത്തുന്നതിനായി ഭൃത്യൻ അടിച്ചു. "ണാം—ണ്ണാം. ണാം—ണ്ണാം." അതു ഇങ്ങനെ മുഴങ്ങി. കുറച്ചുകഴിഞ്ഞു. "ഹും" ആരതാ—വാതിൽ തുറന്നു. ഉറക്കച്ചടപ്പോടും, വിളറിയ മുഖഭാവത്തോടുംകൂടി ഡാക്ടർ വെളിയിൽവന്നു എന്തടാ എന്നു ചോദ്യമായി. "നേരത്തെ ഇവിടെവന്ന വേലക്കാരൻ വിളിച്ചിട്ടാണ്." ഭൃത്യൻ ഈവിധം അറിയിച്ചു. ഡാക്ടർ "ഹും" ഒന്നുമൂളി. വേലക്കാരൻ വെമ്പലോടും, വിറയലോടും ഡാക്ടരുടെ മുമ്പിൽ ചെന്നു. ആ പൊതി കയ്യിൽ കൊടുത്തു. ഡാക്ടർ അതു വിടുത്തി, കോഴി നെല്ലു തിരയുന്നതുപോലെ

'കിള്ളിത്തെരഞ്ഞു'തുടങ്ങി. അയാൾ സഗൌരവം ചോദിച്ചു. "എടാ; ഇതിൽ വെള്ളിരൂപയും, നോട്ടും ഒന്നുമില്ലല്ലൊ?" വേലക്കാരൻ വിനീതനായി അക്ഷരം വിഴുങ്ങി അറിയിക്കുകയാണ്:—

"മൂന്നുരൂപയുക്ക—ചി—ല്ല—റ"

അവൻ ഭഹിച്ചുപോകത്തക്കവിധം കനൽക്കണ്ണുരുട്ടി ആ സംഹാരരുദ്രൻ, ആലിലപോലെ വിറക്കുന്ന കൂലിക്കാരനെനോക്കി ഘനസ്വനത്തിൽ ഇങ്ങനെ ഗർജ്ജിച്ചു.

"ഹാ! നിൻെറ 'മൂന്നല്ലവ'—ഫോ! പുറത്തു!"

അതുകൊണ്ടും കോപം സഹിക്കാത്തതിനാൽ നാണയങ്ങൾ വേലക്കാരൻെറ മുഖത്തു വലിച്ചെറിഞ്ഞു. "തെണ്ടിയെ അടിച്ചു വെളിയിൽ കടത്തു്!" ഭൃത്യനു ഇപ്രകാരം കല്പനകൊടുത്തു, കതകുമടച്ചു, ഡാക്ടർപോയി കിടന്നു. നാണയങ്ങൾ എല്ലാം പെറുക്കി എടുക്കുന്നതിനു സൌകര്യം കൊടുക്കാതെ ഭൃത്യൻ വേലക്കാരനെ തള്ളിവെളിയിലാക്കി ഗേററും അടച്ചുപൂട്ടി. കൂലിക്കാരനെ പുറത്തുകടത്തി, തിരിച്ചുവന്ന ഭൃത്യൻ വിളക്കുതെളിച്ചു, അവിടെ പരിശോധിച്ചതിൻെറ ഫലമായി അവനു ആറണലഭിച്ചു. അവൻ ഇങ്ങനെ ആത്മഗതം ചെയ്തു:—"എനിക്കു നന്നായതു ഇതാണ്. ഞാൻ യജമാനൻെറകൂടെ രാത്രി ബുദ്ധിമുട്ടിപ്പോയാലും എനിക്കു അഭ്രഹം ഒന്നും തരുന്നതല്ല. കഴിഞ്ഞതവണ ഒരു പ്രസവകേസിനു ഞാൻകൂടെ പോയി. എനിക്കായിട്ടു ആ വീട്ടുകാരൻ രണ്ടുരൂപ യജമാനനെ ഏല്പിച്ചു. അതിൽ ഒരു പൈപോലും എനിക്കുതന്നില്ല. ഇതു അതിലും എത്രനന്നായി!"

ഹതഭാഗ്യവാനായ വേലക്കാരൻ ഇതികർത്തവ്യതാമൂഢനായി. അവൻെറ പരിതാപകരമായ നില വിവരിക്കാവുന്നതല്ല. പ്രാണപ്രേയസി പ്രസവവേദനയാലും, പ്രാണഭീതിയാലും നട്ടംതിരിയുന്നു. അവൾ ഡാക്ടരെ പ്രതീക്ഷിച്ചു മാത്രകൾ എണ്ണുകയാണ്. ഇനിയും 'ഡാക്ടർ വരുന്നില്ല' എന്നു അറിയുമ്പോൾ അപാരദുഃഖത്താൽ അവൾ 'ആധിഎടുത്തു മരിക്കും! അതു് അവനു നിശ്ചയമാണ്. കൂലിക്കാരൻ എങ്ങിനെ കുടിലിൽ ചെല്ലും? ഏതുവിധം ഈ വിവരം അറിയിക്കും? അശരണനായ അവൻ, ഹൃദയം തകർന്നു, ഹസ്തങ്ങൾ വക്ഷസ്സിൽ വെച്ചു, സ്തബ്ധനായി ആകാശത്തേക്കു നോക്കി. അങ്ങുമിങ്ങും നിന്ന ചില താരകങ്ങൾ അവനെ ഉററുനോക്കുകയും, നെടുവീർപ്പുകൊള്ളുകയും ചെയ്യുന്നുണ്ടായിരുന്നു. രാപ്പാടിപക്ഷികൾ പാടുന്നില്ല. വൃക്ഷലതാദികൾ ചലിക്കുന്നില്ല. തൈജസകീടങ്ങൾ ശോഭിക്കുന്നില്ല. മാരുതദേവനും സഞ്ചരിക്കുന്നില്ല. ഹാ! പ്രകൃതി ഒരു ദാരുണരംഗത്തിൻെറ ചിത്രമായി നീലാംബരത്തിൽ കാളമേഘങ്ങളായ കറുത്ത കർട്ടൻ നിവർത്തിക്കഴിഞ്ഞു. കൂലിക്കാരൻെറ ജീവിതനാടകത്തിലെ ഭീകരമായ ഭാവിരംഗത്തിൻെറ സൂചനയാകാം ഇതു്.

അടുത്ത പ്രഭാതത്തിൽ വേലക്കാരൻ രണ്ടു പോലീസുകാരുടെ പിടിയിൽ അകപ്പെട്ടു.

"എടാ; നീയല്ലെ ഇന്നലെ രാത്രി ഡാക്ടരുടെ ബംഗ്ലാവിൽ വന്നതു്?"

"അതെ."

അവൻ പറഞ്ഞു.

പൊല്ലീസ്സിൻെറ ഭാവം പകർന്നു. അവരുടെ മനുഷ്യത്വം മറഞ്ഞു പൈശാചികത്വം മുഖത്തു പ്രത്യക്ഷപ്പെട്ടു.

"പാതിരസമയത്തു നീ എന്തിന്ന് അവിടെ പോയി?"

"എൻെറ വീട്ടുകാരിക്കു പേററുനോമ്പരമായിട്ടു യജമാനനെ വിളി......................."

അവൻ അതു പൂർത്തിയാക്കിയില്ല. "തായൊളി! നുണപറയുന്നു!" എന്നു ഗർജ്ജിച്ചുകൊണ്ടു് അവരിൽ ഒരു 'ചാണ്ടരൻ' ചാടിക്കുതിച്ചുവന്നു അവൻെറ പിടലിയിൽ ഒന്നു പ്രഹരിച്ചു.

"നീ; മോഷണം ചെയ്ത ഡാക്ടരുടെ കാറിൻെറ സാമാനങ്ങളെവിടെ? പറ!"

എന്നു മറേറമല്ലൻെറ ചോദ്യവും, കൂലിക്കാരൻെറ കൈക്കുപിടിച്ചു ചുററിച്ചു ഒരു 'പമ്പരം കറക്ക'വും ഒരുമിച്ചു കഴിഞ്ഞു. അവൻ തലചുററി വീണു.

"പൊന്നേമാനനെ! ഞാൻ കണ്ടതും കേട്ടതുമല്ലെ!"

ഈ സത്യവാചകത്തിൻെറ ധ്വനി നാദബ്രഹ്മത്തിൽചെന്നു ലയിച്ചതല്ലാതെ അവരുടെ കർണ്ണങ്ങളിൽ സ്പർശിച്ചില്ല.

"എണീരടാ; അവിടന്നു! സാമാനം ആർക്കു വിററു ഏതു ഡ്രൈവർക്കു പറ!"

എന്നുചോദിച്ചു പാദംകൊണ്ടുള്ള പ്രഹരമായി. പ്രേയസിയുടെ പ്രസവവേദനയും ആസന്നമരണാവസ്ഥയും ചിന്തിച്ചു അവൻെറ ഹൃദയം സന്താപാഗ്നിയിൽ എരിയുന്നു! പുറമെ പൊല്ലീസിൻെറ നിഷ്ഠൂരമർദ്ദനം!

"നടക്കെടാ; സ്റ്റേഷനിലേക്കു നട്ടു്! ഞങ്ങളുടെ 'കുട്ടംബത്തു്' ചെന്നാലെ നീ ഉള്ളതു പറയൂ! നടക്കു്! യജമനന്റെ മുമ്പിലേക്കു്. നിന്നെ അദ്ദേഹത്തിനു മൂക്കിൽ വലിക്കാനില്ല!"

"എന്റെ പൊന്നെമാനമ്മാരെ; എന്നെ വിട്ടു്. ഞാൻ ഒരു കള്ളനല്ല: എന്റെ വീട്ടുകാരത്തിപേററു് നൊമ്പരം എടുത്തു മരിക്കാൻ പോണു. എന്നെ ഇന്നാത്തേക്കു വിട്ടു്. നാളെ ഞാൻ പോന്നോളാം. ഇന്നാത്തേക്കു എന്നെ വിട്ടു്:"

എന്നു ക്രലിക്കാരൻ :അഭയം പറയുന്നു.

"എടാ; പെണ്ണുങ്ങളൊന്നും പെററുകൂടാ. അതാണു 'സന്താനനിയന്ത്രണം'. ഒരു മദാമ്മ പറഞ്ഞിരിക്കുന്നതു്. പിടിച്ച കള്ളനെ വെറുതെ വിട്ടയക്കുന്നതു് ഞങ്ങളുടെ കാരണവന്മാൎക്കും കുറച്ചിലാണു്. നടക്കു്."

"യജമാനനെ ഞാൻ അവളെ ജീവനോടെ ഒന്നു കാണട്ടെ. എന്നെ ഇന്നാത്തേക്കു വിട്ടു്;"

"ഇത്രയും നാളും കണ്ടതു മതി. ഇനി കാണണ്ട" നടക്കു്;

കൂലിക്കാരൻ രണ്ടുരൂപയും ചില്ലറ എടുത്തു അവരുടെ മുമ്പിൽ വെച്ചു അപേക്ഷിച്ചു. അവർ തമ്മിൽ ചിലതു മന്ത്രിച്ചു.

"എടാ; നീ മോഷണക്കേസ്സിൽ പ്രതിയാണു്. അന്വേഷിക്കുമ്പോൾ കാണണം. ഇന്നാത്തേക്കു പോ—"

കൂലിക്കാരനു വിടുതൽ ലഭിച്ചു.

തന്റെ അഗതിയായ കുഞ്ഞിനെ നിഷ്ഠുരലോകം മട്ടിക്കുമെന്നു ഭയന്നിട്ടാകാം കൂലിക്കാരന്റെ ഭാൎയ്യ പ്രസവിച്ചില്ല. തന്റെ ഭൎത്താവിന്റെ ക്ലേശങ്ങൾ കണ്ടു സഹിക്കുന്നതിനു കെല്പില്ലാത്തതിനാലാകാം അവൾ ജീവിതം ത്യജിച്ചതു്. **"കെട്ടുതാലിയുടെ ശിഷ്ടം"** പത്തണ ഉണ്ടായിരുന്നതു കൂലിക്കാരനു തന്റെ കളത്രത്തിന്റെ മൃതദേഹം മറച്ചു മറവു ചെയ്യാനുള്ള കോടിവസ്ത്രം വാങ്ങുന്നതിനു ഉപകാരപ്പെട്ടു!


# THE ART OF SPEECH

*IN FULL SENSE.*

My art will speak to them in volumes, the all in all, the ins and outs—ill-meant or well-meant. Submit to the public our great men in their skimming hues.

Pressmen, will you please by my cartoons and caricatures to gain your journal a wide publicity.

T. G. Vasoo,

ENGRAVING ARTIST,

KUTHIATHODE (A. O. & P.O.)

N. TRAVANCORE.

# പഞ്ചയജ്ഞങ്ങൾ.

(തോട്ടക്കാട്ട് ഭവാനി അമ്മ)

നാമെല്ലാവരും പ്രതിദിനം അവശ്യം അനുഷ്ഠിക്കേണ്ടതും എന്നാൽ അവയെപ്പററിയുള്ള സൂക്ഷ്മജ്ഞാനമില്ലാത്തതുകൊണ്ടും, അവയുടെ അനന്തമായ ഗുണങ്ങൾ എന്തെല്ലാമെന്നറിവില്ലാത്തതുകൊണ്ടും മിക്കവരും അനുഷ്ഠിക്കാത്തതും, നമ്മുടെ ദിനകൃത്യങ്ങളിൽ വെച്ച് ഏററവും പ്രധാനമായ സ്ഥാനത്തെ അർഹിക്കുന്നവയും ആണു പഞ്ചയജ്ഞങ്ങൾ.

അവ (1) ബ്രഹ്മയജ്ഞം (2) ദേവയജ്ഞം (3) ബലിവിശ്വദേവയജ്ഞം (4) പിതൃയജ്ഞം (5) അതിഥിയജ്ഞം എന്നിവയാണ്. ഇവയിൽ ഓരോന്നിനേയുംപ്പററി ചുരുക്കമായിട്ടെങ്കിലും വിശദമായ ഒരു ജ്ഞാനം ഉണ്ടായിരിക്കേണ്ടതാണ്.

1. 'ബ്രഹ്മയജ്ഞം—സന്ധ്യോപാസന'. ഇതിനു മുഖവുരയായി ചില പ്രാരംഭകർമ്മങ്ങൾ ഉണ്ട്. അപ്രധാനമായ പ്രാരംഭകർമ്മങ്ങളിൽ ഒന്ന് 'സ്നാന'മാണ്. സന്ധ്യോപാസനയുടെ ഒരു പ്രാരംഭകർമ്മമായി അത്ര നിർബന്ധമില്ലാത്തതാണെങ്കിലും, ശരീരശുദ്ധിയേയും, ആരോഗ്യത്തേയും പ്രദാനം ചെയ്യുവാൻ പര്യാപ്തമായ ഒരു സംഗതിയാകയാൽ നാമെല്ലാവരും പ്രഥമഭക്ഷണത്തിനുമുമ്പ് സ്നാനം ചെയ്യേണ്ടതാണ്.

"അദ്ഭിർഗാത്രാണി ശുദ്ധ്യന്തിമനഃസത്യേന-
[ശുദ്ധ്യതി
വിദ്യാതപോഭ്യാം ഭൂതാത്മാ, ബുദ്ധിർജ്ഞാനേന-
[ശുദ്ധ്യതി"

ജലം ദേഹത്തേയും, സത്യം മനസ്സിനേയും, വിദ്യയും തപോനിഷ്ഠയും ആത്മാവിനേയും, ജ്ഞാനം ബുദ്ധിയേയും ശുദ്ധീകരിക്കുന്നുവെന്നു 'മനുസ്മൃതി'യിൽ പറഞ്ഞിരിക്കുന്നു.

'ആചമന'മാണു പ്രാരംഭകർമ്മങ്ങളിൽ വേറൊന്ന്. ഇതും അത്യാജ്യമായി കരുതപ്പെടുന്നില്ല. അവരവരുടെ ഉള്ളം കൈയ്യിൽ കൊള്ളുന്നത്ര ജലം എടുത്ത്, അതിന്റെ മദ്ധ്യത്തിലും കീഴ്ഭാഗത്തുമായി ചുണ്ടുകൾ ചേർത്ത് സാവധാനത്തിൽ ആ ജലത്തെ പാനം ചെയ്യുന്നതിനാണ് 'ആചമന'മെന്നു പറയുന്നത്. തൊണ്ടയുടെ അവസാനഭാഗംവരെ എത്തുവാൻ മാത്രമുള്ള ജലം ഉണ്ടായിരിക്കണമെന്നാണു നിശ്ചയം. ഇതിന്റെ ഉദ്ദേശം തൊണ്ടയ്ക്കു വരൾച്ചയോ കിറുകിറുപ്പോ ഉണ്ടെങ്കിൽ നീക്കുവാനാണ്. 'മാർജ്ജന'മെന്നതാണു മൂന്നാമത്തെ കർമ്മം. നടുവിരലിന്റേയും മൂണ്ടാണിവിരലിന്റേയും അഗ്രങ്ങൾകൊണ്ടു മുഖത്തും മററു സ്ഥലങ്ങളിലും ജലസേചനം ചെയ്യുന്നതിനാണ് 'മാർജ്ജനം' എന്നുപറയുന്നത്. ഇതിന്റെ ഉദ്ദേശം മന്ദിപ്പുണ്ടെങ്കിൽ നീക്കം ചെയ്യുന്നതിനാണ്. മന്ദിപ്പില്ലാത്തപക്ഷവും ജലം കിട്ടുവാൻ തരമില്ലാത്തപക്ഷവും ഇതു കൂടാതെ കഴിക്കാവുന്നതാണ്.

അത്യാവശ്യവും അത്യാജ്യവുമായ ചില പ്രധാനകർമ്മങ്ങൾ 'സന്ധ്യോപാസന'യെ പല പതനങ്ങളായി തിരിക്കുന്നു. 1. 'പ്രാണായാമ'മാണ് ഇതിൽ ഒന്നാമതായ കർമ്മം. ശ്വാസസംയമനത്തിന്നാണ് 'പ്രാണായാമ'മെന്നു പറയുന്നത്. "ഈ അഭ്യാസം സകലമാലിന്യങ്ങളേയും നീക്കി ആത്മാവിനെ ക്രമേണ പരിശുദ്ധമാക്കുന്നു. ആത്മാവിനു പൂർണ്ണ ഉദ്ധാരണം കിട്ടുന്നതുവരെ ആത്മജ്ഞാനം തുടരെത്തുടരെ വർദ്ധിക്കുന്നു"എന്ന് 'പതഞ്ജലി' യോഗശാസ്ത്രത്തിൽ പറഞ്ഞിരിക്കുന്നു. "ഒരു സുവർണ്ണകാരൻ മലിനമായ സുവർണ്ണത്തെ ശക്തിയോടെ ഊതി ഊതി ശുദ്ധീകരിക്കുന്നതുപോലെ പ്രാണായാമം മനസ്സിന്റേയും ഇന്ദ്രിയങ്ങളുടേയും സകലമാലിന്യങ്ങളേയും ദഹിപ്പിക്കുന്നു" എന്നു മനുസ്മൃതിയിലും പറഞ്ഞിരിക്കുന്നു.

പ്രാണായാമരീതി—ഛർദ്ദിക്കുന്ന അവസരത്തിൽ ഉദരസ്ഥിതമായിട്ടുള്ള സകലസാധനങ്ങളും ശക്തിയോടെ ബഹിഷ്കരിക്കപ്പെടുന്നതുപോലെ, ശ്വാസവും ശക്തിയായി ബഹിഷ്കരിക്കപ്പെട്ടു കഴിയുന്നതും സമയം ഉൾക്കൊള്ളാതിരിക്കപ്പെടേണ്ടതാണ്. അസ്വാസ്ഥ്യം തോന്നിത്തുടങ്ങുമ്പോൾമാത്രമേ സാവധാനമായി വീണ്ടും ഉൾക്കൊള്ളുവാൻ പാടുള്ളു. ഈ അഭ്യാ

സം ഓരോരുത്തരുടേയും ശക്തിക്കനുസരിച്ച് ആവ ത്തിക്കേണ്ടതാണ്. പ്രാണായാമാഭ്യാസാവസരത്തിൽ ഓം' എന്ന മന്ത്രത്തെ ധ്യാനിക്കേണം. തന്മൂലം മ നസ്സ് പരിശുദ്ധമായിത്തീരുകയും, ഏകാഗ്രതയെ ല ഭിക്കയും ചെയ്യുന്നു.

ശക്തിയും ഉന്മേഷവും വദ്ധിക്കുന്നതോടുകൂടി ബുദ്ധിക്ക് ഉണവു് ലഭിക്കുകയും തൽഫലമായി ഏതു ഗ്രഢവും അഗാധവുമായ വിഷയവും സുഗ്രാഹ്യമായി ത്തീരുകയും ചെയ്യുന്നു. അതു് മനുഷ്യശരീരത്തിലുള്ള ഉൽപാദകബീജത്തെ സുരക്ഷിതവും പരിശുദ്ധവുമാക്കു കയും തദ്വാരാ ആത്മസംയമനം, മനഃശക്തി, കായി കബലം, ഉന്മേഷം, ബുദ്ധികൂമ്മത മുതലായ ഗുണങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. സ്ത്രീപുരുഷഭേദമെന്യേ സ കലരും പ്രാണായാമത്തെ അഭ്യസിക്കേണ്ടതാണ്.

2. പ്രാണായാമാനന്തരം 'അഘമശ്നം' ആ ചരിക്കേണം. പശ്ചാത്താപവും, പാപത്തെപററി യുള്ള ചിന്തയിൽ നിന്നുപോലും സുദൂരം സ്ഥിതിചെയ്യു വാനുള്ള അത്യാശയുമാണിതു്.

3. മൂന്നാമതായി 'മാനസപ്രക്രമണം' എന്ന അഭ്യാസമാണ്. മനസ്സിനെ ഷഡ്ഭാഗംങ്ങളിലേയ്ക്കും പ്രവത്തിപ്പിച്ച്, പൂവ്വ, പശ്ചിമ, ഉത്തര-ദക്ഷിണാ ഊദ്ധ്വ- അധോഭാഗങ്ങളിലേക്കു നയിച്ച് ഓരോഭാഗ ത്തും ഈശ്വരസാന്നിദ്ധ്യത്തെ അനുഭവിക്കുക എന്ന താണ് ഇതു്.

4. 'ഉപസ്ഥാന'മാണു പിന്നീടുള്ള കമ്മം. ഈ ശ്വരൻ സകല ജ്യോതിസ്സിന്റേയും, ജീവന്റേയും, ജ്ഞാനത്തിന്റേയും ഉൽപത്തിസ്ഥാനമാണെന്നുള്ള വ സ്തുതയെ ഗ്രഹിക്കുകയെന്നതാണ് ഇതിന്റെ ഉദ്ദേശം.

5. 'സ്തുതി'—എന്ന ഒടുവിലത്തെ ചടങ്ങിൽ പ്ര ശംസയും, പ്രാത്ഥനയും, സാക്ഷാൽക്കരവും അടങ്ങി യിരിക്കുന്നു.

ദിനകൃത്യങ്ങളിൽ രണ്ടാമത്തേതാണു 'ദേവയ ജ്ഞം'. 'അഗ്നിഹോത്രം' എന്നുപറയുന്നതുതന്നെയാ ണിതു്. ആരോഗ്യസംരക്ഷണാവശ്യങ്ങളിലേക്കായി ശുദ്ധിചെയ്ത വെണ്ണയും മററു സുഗന്ധദ്രവ്യങ്ങളും അ ഗ്നിയിൽ ഇട്ടു ഹോമിയ്ക്കയും ഈശ്വരചൈതന്ന്യവും ജ്ഞാനവും ഉള്ളവരോടുകൂടി സഹവസിക്കയും അവ രെ ശുശ്രൂഷിയ്ക്കയും ചെയ്യുകയാണ് ഇതിലെ കൃത്യ ങ്ങൾ.

പ്രാണായാമവും അഗ്നിഹോത്രവും ദിവസ ത്തിൽ രണ്ടുതവണ ഉദയാസ്തമനസമയങ്ങളിൽ നിവ്വ ഹിക്കേണ്ടതാണ്. ഇരുപത്തിനാലു മണിക്കൂറിനകം ഇങ്ങിനെ രണ്ടു പ്രാവശ്യം മാത്രമേ ദിനരാത്രികൾ ത മ്മിൽ കൂടിച്ചേരുന്നുള്ളു. അഗ്നിഹോത്രം ചെയ്യേണ്ട തു സൂര്യോദയത്തിനുടനെ ശേഷവും സൂര്യാസ്തമയ ത്തിനുടനെ മുമ്പുമാകുന്നു.

ഹോമം ചെയ്യുകയെന്നതു സകല മനുഷ്യരുടേ യും ധമ്മമാണ്. അതിന്റെ ആവശ്യങ്ങൾ ഇന്ന തെന്നറിയുമ്പോൾ ഈ വസ്തുത മനസ്സിലാകുന്നതാണ്.

അശുദ്ധവായുവും മലിനജലവും രോഗജനക മാണെന്നും, തൽഫലമായി നിസ്സീമമായ വേദനയും സങ്കടവും അനുഭവിക്കേണ്ടിവരുമെന്നും, നേരേമറിച്ച് ശുദ്ധവായുവും നിമ്മലജലവും ആരോഗ്യകരമാണെ ന്നും തൽഫലമായി അനന്തമായ സന്തോഷം അനുഭ വിക്കാവുന്നതാണെന്നും സകലക്കും ഒരുപോലെ അറി യാവുന്ന ഒരു സംഗതിയാണല്ലൊ. ഹോമംകൊണ്ടു സാധിക്കുന്നതു പ്രധാനമായി വായു ശുചീകരണം ത ന്നെയാണ്. ചന്ദനം, നെയ്യ്, മുതലായ ദ്രവ്യങ്ങൾ അഗ്നിയിലിട്ടു നശിപ്പിക്കുന്നതിലും നല്ലതു ചന്ദനം ദേ ഹത്തിൽ പൂശുകയും, നെയ്യ് ഭക്ഷിക്കുകയും അല്ലേ എന്നു് അറിവില്ലായ്മകൊണ്ടു വിചാരിക്കുന്ന പലരും ഉ ണ്ടു്. എന്നാൽ "ലോകത്തിൽ യാതൊന്നും തന്നെ ന ശിക്കുന്നില്ല." എന്നുള്ള വസ്തുത പ്രകൃതിശാസ്ത്രത്തിലെ പ്രധാന മൂലതത്വങ്ങളിൽ ഒന്നാണെന്നുള്ള കാര്യം അ വർ അറിഞ്ഞിട്ടേ ഇല്ല. നാം ഹോമസ്ഥലത്തുനിന്നും കു റച്ചകലെയായി നിന്നാൽപോലും ഹോമാവസരത്തിൽ വായുവിൽ ഒരു സുഗന്ധം വ്യാപിക്കുന്നതു നമുക്കനു ഭവമാകുന്നു. അഗ്നിയിൽ ക്ഷിപ്തമാകുന്ന ഏതൊരു സുഗന്ധദ്രവ്യവും നശിക്കുന്നില്ലെന്നും, നേരെമറിച്ച സൂ ക്ഷ്മീകൃതമായിത്തീന്ന്, ഹോമമുറിയിൽ മുഴുവൻ നിറ ഞ്ഞു്, വായുവിൽ വ്യപിച്ചു ദൂരപ്രദേശത്തിൽ പോലും എത്തി മലിനവായുവെല്ലാം ശുദ്ധീകരിക്കുകയാണു ചെ യ്യുന്നതെന്നും ഇതിൽ നിന്നും തെളിയുന്നില്ലെ? ഇങ്ങി നെയാണെങ്കിൽ, കുങ്കുമം, കസ്തൂരി, കർപ്പൂരം, സുഗ ന്ധപുഷ്പങ്ങൾ, അത്തർ മുതലായ വാസനദ്രവ്യങ്ങൾ ഗൃഹങ്ങളിൽ ഉണ്ടായിരുന്നാൽപോരെ എന്നു ചോദി ക്കുന്നവരും ഉണ്ടു്. അത്തരം സൌരഭ്യത്തിന്നു ഗൃ ഹത്തിലുള്ള മലിനവായുവിനെ ശുദ്ധീകരിക്കുവാനുള്ള വിശ്ലേഷണശക്തി ഇല്ല. വായുവിലെ മലിനതകളെ ശിഥിലീകരിച്ച് അവയെ അവയുടെ ഘടകാണുക്കളാ

ക്കി മാററുവാനുള്ള ആ ശക്തി അഗ്നിക്കുമാത്രമേ ഉള്ളു. ഈ ഘടകാണുക്കൾ എത്രയും ലാഘവപ്പെട്ടുന്നതുകൊണ്ട് അതിവേഗത്തിൽ ഗേഹത്തിൽ നിന്നു ബഹിഷ്കൃതമാകുകയും തൽസ്ഥാനത്തു പുതിയതായ ശുദ്ധവായു വന്നു നിറയുകയും ചെയ്യുന്നു.

ഹോമാവസരത്തിൽ മന്ത്രോച്ചാരണം അത്യാവശ്യമാണോ എന്നും ചിലർ സംശയിച്ചേക്കാം. എന്നാൽ അതിൻെറ മുഖ്യോദ്ദേശം ഹോമത്തിൻെറ ആവശ്യങ്ങളെ മനസ്സിലാക്കുന്നതിനും, വേദസൂത്രങ്ങളെ മനഃപാഠമാക്കുന്നതിനും, തദ്വാരാ വേദാദ്ധ്യയനം സുകരമാക്കുന്നതിന്നും വേദം നിലനിത്തുന്നതിന്നുമാണെന്നതു നിസ്സംശയമാണ്.

ഓരോ മനുഷ്യനും തൻെറ ദേഹത്തിൽനിന്നും ബഹിഷ്ക്കരിക്കപ്പെട്ടുന്ന മലിനപദാത്ഥങ്ങളാൽ വായുവിനേയും ജലത്തേയും മലിനപ്പെട്ടുത്തി തദ്വാരാ സഹജീവികൾക്ക് എത്രമാത്രം വ്യഥയാണ് ഉണ്ടാക്കുവാൻ ഇടയാകുന്നതെന്നും, ഈ പാപത്തിനുള്ള പ്രായശ്ചിത്തം വായു ശുചീകരണത്തിന്നും ജലശുദ്ധീകരണത്തിന്നും പയ്യാപ്തമായ ഹോമാനുഷ്ഠാനം മാത്രമാണെന്നും ഉള്ള തത്വം ഓക്കുമ്പോൾ ഹോമത്തെ അനുഷ്ഠിക്കാതിരിക്കുന്നതു് ഒരു പാപമാണെന്നുള്ള കാര്യത്തിൽ വല്ല തക്കവും ഉണ്ടോ? നെയ്യ് മുതലായ ഹോമദ്രവ്യങ്ങൾ ഭക്ഷിക്കുന്ന കാര്യമാണെങ്കിൽ, അതു ഭക്ഷിക്കുന്നതുകൊണ്ടു, ഭക്ഷിക്കുന്ന ആ വ്യക്തിക്കുമാത്രമേ അതുകൊണ്ടുള്ള ഗുണം ലഭിക്കുകയുള്ളുവെന്നത് നിസ്സംശയമാണ്. എന്നാൽ അതേപദാത്ഥംതന്നെ ഹോമിക്കുന്നതായിരുന്നാൽ, അസംഖ്യം ജനങ്ങൾക്കു ഗുണകരമായിത്തീരുമല്ലോ. പാൽ, നെയ്യ് മുതലായ പോഷകപദാത്ഥങ്ങൾ ഭക്ഷിക്കേണ്ടതു ദേഹവളച്ചക്ക് അത്യാവശ്യം തന്നെയാണ്. എന്നാൽ ഹോമാവസരങ്ങളിൽ ഭക്ഷണാവശ്യത്തിലേയ്ക്കായി വിനിയോഗിക്കുന്നതിൽ അധികം പദാത്ഥങ്ങൾ ഹോമിക്കുവാനായി ഉപയോഗിക്കണമെന്നാണ് ഈ പറഞ്ഞതിൻെറ സാരം. അതുകൊണ്ടു ദിനംപ്രതി ഹോമം ചെയ്യേണ്ടതു നമ്മുടെ അപേക്ഷണീയമായ ഒരു കത്തവ്യമാകുന്നു.

ഭാരതമാതാവിൻെറ 'സുവണ്ണദശ'യിൽ, ഋഷികളും, യോഗികളും, രാജകുമാരന്മാരും, രാജകുമാരികളും, രാജാക്കന്മാരും, രാജ്ഞികളും, ഇതരജനങ്ങളും തങ്ങളുടെ സമയവും ധനവും അധികംഭാഗവും ഹോമാനുഷ്ഠാനത്തിന്നും ഹോമാനുഷ്ഠാനത്തിൽ നിരതന്മാരെ സഹായിക്കുന്നതിനും ചിലവഴിച്ചിരുന്നു. ഈ സമ്പ്രദായം നിലനിന്നിരുന്നകാലത്തോളം ഭാരതം രോഗവർജ്ജിതവും ഭാരതീയർ ക്ഷേമയുക്തരും ആയിരുന്നു. ഇതേസമ്പ്രദായം വീണ്ടും പ്രചാരത്തിൽ വരുന്നകാലത്തു മാത്രമേ ആ 'സുവണ്ണദശ'യെ ഒരിക്കൽക്കൂടി പ്രാപിക്കുവാനുള്ള ഭാഗ്യം ഭാരതമാതാവിന്നു ലഭിക്കുകയുള്ളു.

ദിനകൃത്യങ്ങളിൽ മൂന്നാമത്തേതാണ് 'പിതൃയജ്ഞം'. ജ്ഞാനികളേയും, സൽഗുരുക്കളേയും, വിദ്വാന്മാരേയും, മാതാപിതാക്കളേയും, വൃദ്ധന്മാരേയും, മഹാന്മാരേയും, മഹഷികളേയും, ശുശ്രൂഷിക്കുകയാണ് ഇതിലെ ധമ്മം. 'വിശ്വദേവയജ്ഞം' നാലാമത്തേകൃത്യമാണ്. ഇതിൽ മൂന്നു കാര്യങ്ങളാണ് അടങ്ങിയിരിക്കുന്നതു് ഒന്നാമതായി പാകശാലയിലെ വായു ശുചീകരണവും, രണ്ടാമതായി അതിഥിഭോജനവും മൂന്നാമതായി ഭൂതദയയും. എങ്ങിനെയെന്നാൽ, സകല ഭക്ഷണങ്ങളും പാകം ചെയ്തതിനുശേഷം ഗൃഹസ്ഥൻ അവയിൽനിന്നെല്ലാം അല്പാല്പമെടുത്തു് അഗ്നിയിൽ ആഹുതി ചെയ്യുകയാണ് ഒന്നാമതായി വേണ്ടത്. തന്മൂലം പാചകസ്ഥലത്തുള്ള വായു പരിശുദ്ധമായിത്തീരുന്നു. അതിനുശേഷം ഗൃഹത്തിൽ ആഗതനായിരിക്കുന്ന അതിഥിക്കു സുഖമായും തൃപ്തിയായും ഭക്ഷണം കൊടുക്കണം. പിന്നീടു ചെയ്യേണ്ടതു, പക്ഷിമൃഗാദികൾക്കു, മക്ഷികീടാദികൾക്കും, ദാരിദ്ര്യപീഡിതക്കും സമുദായബഹിഷ്കൃതക്കും, മഹാരോഗികൾക്കും മററുമാണെന്നു സങ്കല്പിച്ചു് അല്പം ഭക്ഷണപദാത്ഥങ്ങൾ താഴെ വിളമ്പുകയാണ്. ഈ ഭക്ഷണത്തെ പിന്നീടു വിശന്നുവരുന്നവക്കോ, ദുഃഖിതന്മാക്കോ, രോഗികൾക്കോ, പക്ഷിമൃഗാദികൾക്കോ കൊടുക്കേണ്ടതുമാണ്. ഇതു ചെയ്യുന്നതു നാം അറിയാതെ ഇതരജീവികൾക്കു ചെയ്തിട്ടുണ്ടാകാവുന്ന ദോഷപരിഹാരാത്ഥമാണ്.

പഞ്ചയജ്ഞങ്ങളിൽ ഒടുവിലത്തേതെങ്കിലും, മുൻപറഞ്ഞ നാലുയജ്ഞങ്ങളിലും ഒട്ടുംതന്നെ കുറവില്ലാത്ത പ്രാധാന്യത്തെ അർഹിക്കുന്ന ഒന്നാണ് 'അതിഥിയജ്ഞം'. അതിഥിയെന്നു പറയുന്നതു ഗൃഹത്തിൽ ആഗതനായിരിക്കുന്ന ഗുണവാനും, പരോപകാരതല്പരനും, വിദ്വാനും സത്യവാനും, തപോനിഷ്ഠയോടുകൂടിയവനും ആയ വ്യക്തിയെ ആണ്. അതിഥിയ്ക്കു് ഒന്നാമതായി പാദക്ഷാളനത്തിന്നും, തദനന്തരം പാനത്തിന്നും ശുദ്ധജലത്തെ കൊടുക്കേണം. പിന്നെ ആദരവോടുകൂടി അതിഥിക്കായി ആശ്വാസകരമായ ഒരു ഇരിപ്പിടം നൽകേണം. പിന്നീടു വളരെ

ശുചിയുള്ളതായ ഭക്ഷ്യപേയങ്ങളേയും, വസ്ത്രാദിഅലങ്കാരങ്ങളേയും നൽകി അതിഥിയെ സോത്സാഹം ശുശ്രൂഷിച്ച് അതിഥിക്കു പരിപൂർണ്ണസുഖം തോന്നത്തക്കവിധത്തിൽ പെരുമാറണം. എന്നാൽ ദുർമ്മാർഗ്ഗചാരികളേയും, ദുരാചാരനിരതന്മാരേയും, മററു ദുർജ്ജനങ്ങളേയും ഒരു വന്ദനശബ്ദത്താൽപോലും പൂജിക്കുവാനു പാടുള്ളതുമല്ല. ഈ വിധക്കാരെ പൂജിക്കുന്നതായാൽ അവർ അപരിമിതമായി വർദ്ധിക്കുകയും, ലോകത്തിൽ പാപത്തേയും, ദുശ്ചരിതത്തേയും വർദ്ധിപ്പിക്കയും തങ്ങൾക്കുതന്നെ അധോഗതി വരുത്തുന്നതിന്നു പുറമെ, അവരവരുടെ അനുയായികൾക്കും നാശകാരണമായിത്തീരുകയും ചെയ്യും.

ചുരുക്കിപ്പറയുന്നതായാൽ പഞ്ചയജ്ഞങ്ങൾകൊണ്ടു സാദ്ധ്യമാകുന്ന ഗുണങ്ങൾ സീമാതീതമാണ്. ‘ബ്രഹ്മയജ്ഞ’ത്താൽ ജ്ഞാനസമ്പാദനവും, മനഃപരിഷ്കാരവും, സദാചാരനിരതയും, സഭ്യതയും ലഭിക്കുന്നു.

‘ദേവയജ്ഞം’ വായുവിനേയും, ജലത്തേയും, ശുദ്ധീകരിച്ചു ലോകസുഖത്തെ ഉളവാക്കുന്നു.

‘പിതൃയജ്ഞ’ദ്വാരാ മാതാപിതാക്കളേയും ജ്ഞാനികളേയും മററു മഹാന്മാരേയും ശുശ്രൂഷിക്കുവാനും അവരിൽ നിന്ന് അറിവും ബുദ്ധിയും വികസിക്കുവാനും ഇടയാകുന്നു. തൽഫലമായി, കൃത്യാകൃത്യബോധവും കൃത്യാനുഷ്ഠാനത്താൽ ആനന്ദവുമുണ്ടാകുന്നു. ഇതിന്നും പുറമേ, നമുക്കുവേണ്ടി നമ്മുടെ ബാല്യദശയിൽ വളരെ പ്രയത്നിച്ചിട്ടുള്ളവരെ ശുശ്രൂഷിക്കുന്നതിനാൽ ഈ യജ്ഞാനുഷ്ഠാനത്താൽ കൃതഘ്നതാപാപത്തിൽ നിന്നും നാം മുക്തരായിത്തീരുകയും ചെയ്യുന്നു.

“വിശ്വദേവയജ്ഞം” അനുഷ്ഠിക്കുന്നതുകൊണ്ടു പാചകശാലയിലെ വായു ശുചിയായിത്തീരുവാനും നമുക്കു രോഗികളോടും ദരിദ്രന്മാരോടും ജീവിതനിർവ്വഹണത്തിന്നു നമ്മെ ആശ്രയിക്കുന്നവരും വളരെ ഉപകാരികളും വിശ്വസ്തന്മാരുമായ പക്ഷിമൃഗാദികളോടും നമുക്കുള്ള കടമ നിർവ്വഹിക്കുന്നതിന്നും നമ്മുടെ ജീവിതയാത്രയിൽ നാം അറിയാതെ ഇതരജീവജാലങ്ങളോടു ചെയ്തിട്ടുണ്ടായേക്കാവുന്ന സകല വിധ ദ്രോഹങ്ങൾക്കും ഒരു പ്രായശ്ചിത്തം ചെയ്യുന്നതിന്നും ഇടയായിത്തീരുന്നു.

“അതിഥിയജ്ഞം”കൊണ്ട് ഗുണവന്മാരും ജ്ഞാനികളും മഹാന്മാരുമായിട്ടുള്ളവരോടു സഹവാസത്തിന്നും തദ്വാരാ വിവിധവിഷയങ്ങളെ സംബന്ധിച്ചു പരിജ്ഞാനം ലഭിക്കുന്നതിന്നും ബുദ്ധിക്കും മനസ്സിന്നും പൂർണ്ണവികാസം വരുന്നതിന്നും സംഗതിയാകുന്നു.

ഇങ്ങിനെയെല്ലാമിരിക്കെ പഞ്ചയജ്ഞാനുഷ്ഠാനം ദിനകൃത്യങ്ങളിൽ മുഖ്യമായ ഒരു സംഗതിയായി സ്വീകരിക്കേണ്ടതു് അവരവരുടേയും ലോകത്തിന്റേയും പുരോഗതിക്കും ക്ഷേമത്തിനും അത്യന്താപേക്ഷിതമാണെന്ന് ഏവരും ധരിക്കേണ്ടതും തദനുസാരം പ്രവൃത്തിക്കേണ്ടതുമാകുന്നു.


**NOTICE.**

പ്രഹസനങ്ങൾക്ക് ആവശ്യമായ ഡ്രസ്സ് ഉപകരണങ്ങൾ മിതമായ വാടക്ക് കൊടുക്കുവാൻ തയാറുണ്ട്. ആവശ്യക്കാർ കൂടുതൽ വിവരങ്ങൾക്കു താഴെ കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക.

സെക്രട്ടറി,
നടനകലാമണ്ഡലം,
തൃശൂർ.

# കളിത്തോണിയിൽ.

(ടി. എൻ. ഗോപീനാഥൻ നായർ.)



വരമരവിയരുണമയകിരണതതിതൂകുന്ന
പരമരമണീയമാം സായാഹ്നസന്ധ്യയിൽ;
കളകളനിനാദം തുളുമ്പും തടിനിയിൽ
കനകമയകല്ലോലമാടുന്ന വഞ്ചിയിൽ,
ഒരുമധുരഗാനത്തിനൊപ്പം മനോജ്ഞയാ-
മൊരുയുവതിനായികയായ് ലാലസിക്കുന്നിതാ!

പരിമൃദുലനവലളിതമാന്തളിർസ്സാരിയാ-
ലലയിളകിടുന്നൊരപ്പൂമെയ്യുതങ്ങനെ!
ഒരുവിധമൊരശ്രദ്ധമട്ടിൽബന്ധിച്ചൊരാ-
പ്പുരികുഴലിൽ മാലതീമാലയൊന്നങ്ങനെ!
അളകനിരയലയിളകുമക്കൊച്ചുനെററിയിൽ
തെളുതെളെവിളങ്ങും തിലകമൊന്നങ്ങനെ!
അരുണകിരണാഭമാം പൂങ്കവിൾ രണ്ടിലും
ചിരി നരയിടുന്നൊരച്ചുഴിയിണകളങ്ങനെ!
തിരകളിലലഞ്ഞു കളിക്കുമത്തോണിയിൽ
തരുണിയൊരുതങ്കക്കിനാവുപോൽ ഭ്രമവിനാൾ.

മണിവളകൾ കളകളരവംപെയ്യുമാറു,നൽ
കരലതകളാലവൾ മെല്ലെത്തുഴയവെ;
അലസതയൊടാവിധം പോകുമത്തോണിതൻ
പ്രതിഫലനമേകും പുളകം തിരകളിൽ.

* * * * *

കനകകുസുമാംഗി,യെൻ ചിത്തക്കളിത്തോണി
തവവിഹരണാർത്ഥം തരുന്നേൻ നിനക്കു ഞാൻ!



C

"ഒരുകാലത്തോമനരത്നംമഴ—
വില്ലുവിട്ടത്തിയോ—
രരിമപ്പൂങ്കവിൾത്തട്ടം
വിളത്തുപോയി!
തരുണിമയുടെ പച്ചദിവ—
സങ്ങൾ മുഴവനും
ചിറകടിച്ചുടി,ച്ചെങ്ങോ
പറന്നുപോയി!"

# മിസ്റ്റിസിസം.

## (ചില പ്രാഥമികതത്വങ്ങൾ.)

(പാറായിൽ, വി. ഉറമീസ് തരകൻ.)

മനുഷ്യവംശത്തിൽ സാംസ്കാരികമായി ഉൽക്കർഷം പ്രാപിച്ചിട്ടുള്ള ശാഖകൾക്കു ഒരു പ്രത്യേകത കാണുമാറുണ്ടു്. പലപ്പോഴും പ്രതികൂലങ്ങളായ പരിതസ്ഥിതികളുടെ മദ്ധ്യത്തിൽ, അതു, വിചിത്രതരവും നിശ്ചരിതവുമായ ഒരു ജാതി പുരുഷമാതൃകയെ സൃഷ്ടിയ്ക്കുന്നു. സാധാരണ മനുഷ്യരുടെ പ്രത്യക്ഷപ്രപഞ്ചത്തിൽ അവിശ്വസിച്ചുകൊണ്ടു്, അതിൽ അതൃപ്തരായി, സാക്ഷാത്തായ യാഥാർത്ഥ്യത്തെ അന്വേഷിക്കുന്നവരാണു് ഇവർ. ഇത്തരക്കാരെ ഏതുകാലത്തും എവിടെയും കാണാൻ കഴിയും. കേവലമാത്രാവസ്ഥയിലുള്ള സത്യത്തോടു ഇവർക്കുള്ള ഉൽക്കടമായ തൃഷ്ണയെ ഉപശമിപ്പിക്കുവാൻ പര്യാപ്തമായ ഒരു സംസ്ഥിതിയെ ആരായുക എന്നതാണു്—ആദ്ധ്യാത്മികമായ ഒരു നിരന്തരാന്വേഷണമാണു് അവരുടെ ജീവിതത്തെ ഗ്രസിച്ചിരിക്കുന്ന ഏക ആവേശം. ജീവിതത്തിന്റെ പരമമായ ഉദ്ദേശ്യം ഈ അവിരാമമായ അന്വേഷണത്തിൽ മാത്രമാണു് അവർ കണ്ടെത്തുന്നതു്. ഈ ഉദ്ദേശസാദ്ധ്യത്തിനായി എന്തു ത്യാഗവും എന്തു ക്ലേശവും സഹിക്കുവാൻ അവർ സന്നദ്ധരാണു്. ഭിന്നദേശങ്ങളിലും ഭിന്നകാലങ്ങളിലും ജീവിച്ചിരുന്ന ഇവരുടെ ഉദ്ദേശ്യം, മാർഗ്ഗങ്ങൾ, തത്വങ്ങൾ മുതലായവയ്ക്കു അത്ഭുതാവഹമായ ഒരു ഐകരൂപ്യം കാണുന്നുണ്ടു്. മനുഷ്യാത്മാവിന്റെ കഴിവുകളേയും, അതിൽനിന്നു നിസ്സരിച്ചുകൊണ്ടിരിക്കുന്ന ചൈതന്യവിശേഷങ്ങളേയും, ഇന്ദ്രിയസീമയ്ക്കപ്പുറത്തു സ്ഥിതിചെയ്യുന്ന അജ്ഞാതലോകത്തിനോടു് അതിനുള്ള ബന്ധത്തേയും കുറച്ചു വിചിന്തിക്കുമ്പോൾ, മുകളിൽ പറഞ്ഞ നിരീഹന്മാരുടെ അനുഭവസാക്ഷ്യങ്ങളെ നിസ്സാരങ്ങളാക്കി തള്ളിക്കളയുവാൻ പാടില്ലാത്ത വിധം, അവ അത്രയ്ക്കു പൊന്തിനില്ക്കുന്നു.



P. V. HORMESE THARAKAN B. A.

ജീവിതദശയിൽ ഒരിക്കലെങ്കിലും സത്യം എന്ന സംജ്ഞയാൽ അറിയപ്പെടുന്ന, നേരിയ മൂടുപടമിട്ട, ആ ആത്യന്തികവും സദ്ഭൂതാത്മകവുമായ ദിവ്യസത്തയോടു പ്രണയബദ്ധരാകാത്തവരായി ആരും തന്നെ ഉണ്ടായിരിക്കുകയില്ല. പലർക്കും ഇതു ക്ഷണികമായ ഒരു വികാരം മാത്രമായിരുന്നിരിക്കാം. ദുഷ്പ്രാപമെന്നുകണ്ടു് അവർ ഇതിനെ സന്ത്യജിച്ചു് കൂടുതൽ പ്രയോഗികമായ കാര്യങ്ങളിലേയ്ക്കു തിരിഞ്ഞിട്ടുണ്ടാവാം. എന്നാൽ ആയുഷ്കാലം മുഴുവൻ സത്യപ്രേമികളായി കഴിയുന്നവരുമുണ്ടു്. അവരുടെ പ്രണയസമ്പ്രദായത്തിലും, പ്രേമവസ്തുവിനെപ്പററിയുള്ള ദർശന

ത്തിലും അവർ തമ്മിൽ വലിയ അന്തരം ഉണ്ടാകാതിരിക്കുകയില്ല. ചിലർ സത്യത്തെ, ഇററാലിയൻ മഹാകവി 'ഡാൻെറ', ബിയാററ്റസിനെ കണ്ടതുപോലെ—ആരാദ്ധ്യമെങ്കിലും അസ്പൃശ്യമായതും, ഈ ലോകത്തിലുള്ളതെങ്കിലും പരലോകത്തെ വികിരണം ചെയ്യുന്നതുമായ, ഒരു സ്വരൂപമായി കാണുന്നു. മററു ചിലക്ക് അദൃശ്യയായ ഒരു ആഭിചാരണിയായിട്ടാണ് അവൾ പ്രത്യക്ഷപ്പെടുന്നതു്. ചിലർ അതിനെ, പരീക്ഷണനിരീക്ഷണങ്ങൾക്കായി ഉപയോഗപ്പെടുത്തുന്ന സ്ഫടികപാത്ര (test-tube) ത്തിൽ കണ്ടുകിട്ടിയെന്നു ഭ്രമിക്കുന്നു. വേറെ ചിലക്കു, കവികളുടെ സ്വപ്നദർശനങ്ങളിലാണ്, അവൾ കിളുത്തു പൊങ്ങുന്നതു്. ചിലർ ബലിപീഠത്തിലും, മററുചില കടന്ന ഔപയോഗികവാദികൾ ഒരുപക്ഷെ കറിച്ചട്ടിയിലും സത്യത്തെ കണ്ടെന്നുവരാം. അവസാനമായി തത്വജ്ഞാനിയായ സംശയാത്മകൻ, തൻെറ പ്രിയതമ ഒരു ദിക്കിലും ഇല്ലെന്നുതന്നെ ദൃഢമായി വിശ്വസിച്ചുകൊണ്ടു് വിഫലമായ പ്രേമപ്രകടനങ്ങളിൽ നിന്നും വിരമിക്കുന്നു.

എന്നാൽ ഇവരിൽ ആരും തന്നെ മൂടുപടം നീക്കി സത്യത്തിൻെറ പ്രിയദർശനമായ വദനം അഭിമുഖമായി കണ്ടുവെന്നു പറയുന്നില്ല. ഇവക്കെല്ലാം തോൽവി പററിയ ദിക്കിൽ മിസ്റ്റിക്കുകൾ മാത്രം—അവർ നൽകുന്ന അനിഷേധ്യമായ തെളിവുകളെ വിശ്വസിക്കാമെങ്കിൽ—പരിപൂർണ്ണമായ വിജയം കൈവരിച്ചിരിക്കുന്നതായി കാണാം. ഭൌതികവസ്തുക്കളിൽ കുടുങ്ങിക്കിടക്കുന്ന മനുഷ്യാത്മാവിനു കേവലസത്യവുമായി—ഈശ്വരസത്തയുമായി പൂർണ്ണതാദാത്മ്യം സമ്പാദിക്കാമെന്നു അവർ ഉൽഘോഷിക്കുന്നു. മനുഷ്യൻെറ ചിരന്തനമായ അന്വേഷണത്തിൻെറ ലക്ഷ്യം ഈ നിഗൂഢസത്യമാണെന്നും അതിനാൽ അജ്ഞാതങ്ങളായ ചില ഭൂഭാഗങ്ങളുടെ ഉപജ്ഞാതാക്കൾക്കു നൽകപ്പെടുന്ന ആദരവും ബഹുമാനവും ആത്മലോകഗവേഷകന്മാരായ മിസ്റ്റിക്കുകളും സമർഹിക്കുന്നുണ്ടെന്നും അവർ നമ്മെ അനുസ്മരിപ്പിച്ചുകൊണ്ടിരിക്കുന്നു.

നമ്മുടെ ചിരപരിചിതമായ ചിന്താസരണിയിൽ നിന്നും വളരെ അകന്നുനിൽക്കുന്നതും, മിക്കവാറും ദുർഗ്രഹങ്ങളുമായ ഈദൃശകാര്യങ്ങൾ ശരിയാംവണ്ണം ഗ്രഹിക്കണമെങ്കിൽ മാനസികമായി ഒരു നിലം ഒരുക്കൽ ആവശ്യമാകുന്നു: നമ്മുടെ യുക്തിബുദ്ധിയെ പ്രഥമതഃ കീഴ്പ്പെടുത്തേണ്ടിയിരിക്കുന്നു. ഒരു ശുദ്ധീകരണപദ്ധതിതന്നെയാണ് ഇവിടെ വിജ്ഞാനകവാടമായി വത്തിക്കുന്നതു്. സകലമുൻവിധികളും പാക്ഷികമായ സങ്കല്പങ്ങളും കൈവെടിഞ്ഞു്, ദൃശ്യപ്രപഞ്ചത്തെ ചോദ്യം കൂടാതെ സ്വീകരിക്കുന്ന മനസ്ഥിതി മാററിവച്ചു്, ശാസ്ത്രം മാത്രമേ യഥാത്ഥമായിട്ടുള്ളുവെന്നും തത്വജ്ഞാനം മിഥ്യയാണെന്നുമുള്ള ബോധത്തെ പരിത്യജിച്ചു്, നമ്മുടെ മനസ്സിനെ ശുഭ്രസുന്ദരമാക്കിയാൽ മാത്രമേ മിസ്റ്റിക്കിൻെറ ചിത്രം അതിൽ സുദൃഢമായി പതിയുകയുള്ളു. സിദ്ധന്മാർ, സ്വപ്നദർശികൾ, കവികൾ മുതലായവരുടെ ഭൂമികയെ വിമർശിക്കുന്നതിനു മുമ്പ്, നാം "തീററിയും തിമർപ്പും" മായി കഴിഞ്ഞുകൂടുന്ന ഐഹികലോകം തന്നെ അത്ര തഥ്യമാണോയെന്നു ഒന്നു പരിശോധിക്കേണ്ടതായിട്ടുണ്ടു്.

പ്രപഞ്ചവിഷയകമായ ഈ വിചാരണ തത്വശാസ്ത്രത്തിൻെറ പരിധിയിൽ പെടുന്നതാണു്. എന്നിരിക്കിലും, തത്വശാസ്ത്രസാമ്രാജ്യത്തിൻെറ അതിത്തിപ്രദേശങ്ങളെ പിന്നിട്ടു പോയാലല്ലാതെ നേർവഴിയിൽ ചെന്നുചേരുകയില്ല. അതിനാൽ ചില മൌലികതത്വങ്ങളെത്തന്നെ ആദ്യമായി നമുക്കു പരിശോധിക്കുക. മനസ്സിൻെറ ഘടകങ്ങളായ ബോധഭാവേച്ഛകൾക്കു നിദാനമായി പ്രജ്ഞായുക്തമായ 'ഒരു സമഷ്ടി'(Ego)യെ സ്വതഃസ്പഷ്ടമായ ഒരു തത്വമായി സ്വീകരിക്കാം. 'അഹം', അല്ലെങ്കിൽ 'ഞാൻ' എന്ന സംജ്ഞയാൽ നിദ്ദിഷ്ടമായ ഈ സ്വാത്മാസ്തിത്വത്തെ തത്വവേദികൾ പൊതുവെ സമ്മതിച്ചുതരുന്നുണ്ടു്. ശരീരനിബദ്ധമായ ഈ എന്തോ ഒന്നിനു ചില സന്ദേശങ്ങളും അനുഭൂതികളും അനവരതമെന്നോണം ലഭിച്ചുകൊണ്ടിരിക്കുന്നു. പഞ്ചേന്ദ്രിയങ്ങൾ മാഗ്ഗേണ ഉണ്ടായിക്കൊണ്ടിരിക്കുന്ന അനുഭൂതികൾ തന്നെ ദൃഷ്ടാന്തം.

ഈ അനുഭൂതികളുടെയെല്ലാം അത്ഥമെന്തു്? ബാഹ്യലോകത്തിൻെറ സ്വഭാവത്തെയാണു അവ സൂചിപ്പിക്കുന്നതെന്നായിരിക്കും സാമാന്യേനയുള്ള ഉത്തരം. ബാഹ്യപ്രപഞ്ചത്തിൻെറ സ്വരൂപജ്ഞാനത്തിനു ഇന്ദ്രിയങ്ങൾ മാത്രമാണല്ലോ നമുക്കു അവലംബമായി നില്ക്കുന്നതു്. ഇന്ദ്രിയദ്വാരാ നാനാവഴിക്കും അനുസ്യൂതമായി അപ്രതിരോദ്ധ്യമായി നമ്മിലേക്കു പ്രവഹിച്ചുകൊണ്ടിരിക്കുന്ന സന്ദേശശതങ്ങളിൽ നിന്നുമാണു സാധാരണക്കാർ അവരുടെ 'ഐന്ദ്രിയലോക'ത്തെ സൃഷ്ടിക്കുന്നതു്. വിവിധങ്ങളായ ഇന്ദ്രിയനിവേദന (Sensations) ങ്ങളിൽനിന്നും കൊള്ളേണ്ടതു കൊണ്ടും തള്ളേണ്ടതു തള്ളിയും, എല്ലാററിനേയും സമുചിതമായി സംഘടിപ്പിച്ചു, നാം ഒരു ആശയവിശേഷത്തെ—

അന്ത്യനുഭൂതി (Concept) യെ നിമ്മിക്കുന്നു. ഈ അന്ത്യനുഭൂതികളുടെ സംഘാതത്തെ നാം നമ്മുടെ ബാഹ്യലോകമെന്നു വ്യവഹരിക്കുന്നു. നമുക്കു ലഭിച്ചുകൊണ്ടിരിക്കുന്ന അനുഭൂതിവിശേഷങ്ങളെ നാം കണ്ണുമടച്ചു, അജ്ഞാതപ്രപഞ്ചത്തിൽ ആരോപിക്കുന്നു. തത്വജ്ഞനായ ഹ്യൂമി (Hume) നോടൊപ്പം "ധാരണകളിലും സങ്കൽപങ്ങളിലുമാണു 'യാഥാത്ഥ്യം' അധിഷ്ഠിതമായിരിക്കുന്നതു്" എന്നു നമുക്കും പറയാറാകുന്നു.

ഇവിടെ അൽപമൊന്നു ചുഴിഞ്ഞു ചിന്തിക്കേണ്ടതുണ്ട്. പ്രഥമദൃഷ്ടിക്കു യഥാത്ഥമെന്നു തോന്നിക്കുന്ന ബഹിർസ്ഥിതമായ ഈ സ്ഥൂലലോകം, വാസ്തവികലോകമാണോ, അതോ, സ്വാത്മോപലബ്ധം ഫലമായ അതിൻെറ കേവലം ഒരു ചിത്രമാണോ? ഒടുവിൽ പറഞ്ഞതാണു സത്യമെന്നു തെളിയിക്കാൻ വലിയ വിഷമമില്ല. അതു ഒരു കലാസൃഷ്ടിയാണെന്നു പറയാമെന്നല്ലാതെ, ഒരു ശാസ്ത്രസത്യമായി ഗണിക്കപ്പെടാവുന്നതല്ല. മഹത്തായ എല്ലാ കലാസൃഷ്ടികൾക്കും സഹജമായുള്ള, നിഗൂഢമായ വ്യഞ്ജകത്വം അതിനും ഉണ്ടെന്നു സമ്മതിക്കാം; പക്ഷെ, യാഥാത്ഥ്യത്തോടു് അതിനുള്ള ബന്ധം കേവലം ചിഹ്നാത്മകവും ദൂരനീതവുമാണെന്നുള്ള കാര്യം ഓക്കേണ്ടതാകുന്നു. ഇന്ദ്രിയങ്ങളെ, അഥവാ ജ്ഞാനഗ്രഹണമാഗ്ഗങ്ങളെ നമ്മുടേതിൽനിന്നു ഭിന്നമായ ഒരു രീതിയിൽ സൃഷ്ടിച്ചിരുന്നാൽ മേൽപ്പറഞ്ഞ ചിഹ്നങ്ങൾക്കും അനുഭൂതികൾക്കും എന്തു് അത്ഥമാണുണ്ടാവുക? എക്കാട്ട് (Eckhart) പറയുന്നുണ്ട്:- "നമ്മുടെ ആത്മപ്രഭാവം സൃഷ്ടവസ്തുക്കളുമായി ഏററുമുട്ടുമ്പോൾ അതു ചില ചിത്രങ്ങളേയും പ്രതിച്ഛായകളേയും സ്വീകരിക്കുകയും നിമ്മിക്കുകയും ചെയ്യുന്നു. ഇതുപ്രകാരമാണു സൃഷ്ടവസ്തുക്കളെക്കുറിച്ചുള്ള ജ്ഞാനം നമുക്കുണ്ടാകുന്നതു. സൃഷ്ടവസ്തുക്കൾക്കു് ആത്മാവിനോടു് ഇതിലും അടുത്തുവരുന്നതിനു സാധ്യമല്ല. അതുപോലെതന്നെ ആത്മാവിനു സൃഷ്ടങ്ങളെ സമീപിക്കുന്നതിനും സ്വയം നിമ്മിതങ്ങളായ ഛായകൾ വഴിയല്ലാതെ കഴിയുന്നതല്ല." ജഗത്തിൻെറ പരാൽപരമായ സത്തയുടെ സ്വഭാവത്തെ നിണ്ണയിക്കുന്നതിനു ഇന്ദ്രിയങ്ങളുടെ സാക്ഷ്യം ഒട്ടും വിശ്വസനീയമല്ലെന്നു് ഇത്രയുംകൊണ്ടു സിദ്ധിക്കുന്നുണ്ടല്ലോ. ഇന്ദ്രിയങ്ങൾ ഉപയോഗപ്രദങ്ങളായ ദാസന്മാരായിരിക്കാം; അവ ഒരിക്കലും കൊള്ളാവുന്ന മാഗ്ഗദശികളല്ല. ഇന്ദ്രിയഗതമായ തെളിവുകൾ യഥാർത്ഥസത്യാന്വേഷികളെ പിന്തിരിപ്പിക്കുന്നതിനു പര്യാപ്തങ്ങളുമല്ല.

സപ്രജ്ഞനായ വ്യക്തി ഒരു ടെലഗ്രാഫ് കമ്പിയുടെ സ്വീകരണാഗ്രത്തിൽ ഇരിക്കുന്നതായി സങ്കല്പിക്കാം. ബാഹ്യലോകവുമായി സമ്പക്കം ചെയ്യുന്നതിനുള്ള ഏകമാഗ്ഗം അപ്പോൾ അതുമാത്രമായിരിക്കും. സ്വീകരണയന്ത്രം ചില സന്ദേശങ്ങളെ രേഖപ്പെടുത്തുന്നു. ഈ യന്ത്രത്തെ മാത്രം സമാശ്രയിക്കുന്ന കാലത്തോളം, കമ്പിയുടെ മറെറത്തലയ്ക്കൽ ഇരിക്കുന്നതു ആരാണെന്നൊ, അഥവാ അവിടത്തെ യാഥാത്ഥ്യം എന്താണെന്നൊ അറിയുന്നില്ല; അറിയുവാൻ കഴിയുന്നില്ല. സന്ദേശങ്ങൾ സന്ദേശാല്പത്തിയെ സുവിശദമാക്കുന്നില്ല. എന്നാൽ, സ്വീകരണയന്ത്രത്തിനും തനിക്കും അപ്പുറത്തു എന്തൊ ഒന്നുണ്ടെന്നു സന്ദേശസമ്പാദകൻ വിചാരിക്കുന്നതിൽ തെററില്ല. ടെലഗ്രാഫ് യന്ത്രത്തിൻെറ ഘടനാവൈചിത്ര്യം സന്ദേശങ്ങളെ ചിലപ്പോൾ വികലമാക്കിയെന്നും വരാം. കുത്തും വരയുമായും, വണ്ണവും രൂപവുമായും ആവാഹിക്കപ്പെടുന്ന സന്ദേശങ്ങൾ വളരെ വ്യത്യസ്തമായ തരത്തിലായിരിക്കും ചിലപ്പോൾ സ്വീകരിക്കപ്പെടുന്നതു്. സൂക്ഷ്മങ്ങളായ ചില പ്രചലനങ്ങൾ രേഖപ്പെടുത്താതെ വിട്ടുപോയിയെന്നും, കൂട്ടി കുഴച്ചുകളഞ്ഞുവെന്നും വരാം. അങ്ങിനെ സന്ദേശത്തിൻെറ ചില അംശങ്ങൾ എല്ലായ്പ്പോഴും നഷ്ടപ്പെട്ടു പോകുന്നു. മററു വിധത്തിൽ പറകയാണെങ്കിൽ, നമുക്കു തുലോം അജ്ഞേയമായ ചില വശങ്ങൾ ലോകത്തിനു് ഉണ്ട് എന്നു സാരം.

ഇങ്ങനെ ചിന്തിക്കുമ്പോൾ, നമ്മുടെ ബൌദ്ധികജ്ഞാനം നമ്മുടെ വ്യക്തിത്വത്തിൻെറ അതിത്തിയെ കടന്നു പോകുന്നില്ലെന്നു കാണാം. നമ്മുടെ പര്യവേഷണങ്ങളുടെ പരമാവധി ലോകത്തിൻെറ രണ്ടു അററങ്ങളുമല്ലെന്നും, ഇന്ദ്രിയനിവേദനങ്ങളിൽ ഏപ്പെട്ടിരിക്കുന്ന നമ്മുടെ സിരാപടലങ്ങളുടെ അഗ്രങ്ങളാണെന്നും വരുന്നു. സ്വീകരണയന്ത്രങ്ങളോടുകൂടി ബന്ധനസ്ഥരായി കിടക്കുകയാണു നാം. കമ്പികൾ എവിടെ ചെന്നവസാനിക്കുന്നുവെന്നറിയുവാൻ ഒന്നു നടന്നുനോക്കാമെന്നുവച്ചാൽ അക്കാര്യം നടപ്പില്ല. വല്ല ദുർദ്ദേവതയും നേരമ്പോക്കിനു വേണ്ടി നമ്മുടെ സിരാചക്രത്തെ ആകമാനം ഒന്നു പിടിച്ചു കുലുക്കിവിട്ടാൽ, പ്രപഞ്ചം ആ ക്ഷണത്തിൽ നമുക്കു രൂപാന്തരപ്പെട്ടു കാണമാറാകും. നമ്മുടെ ഇന്ദ്രിയങ്ങൾ ഓരോന്നും താന്താങ്ങൾക്കുള്ള കമ്മക്ഷമതയെ അന്യോന്യം കൈമാറുന്ന പക്ഷം, ബാഹ്യലോകത്തിൽ ഉണ്ടാകാവുന്ന വി

ചിത്രമായ അവസ്ഥാന്തരത്തെപ്പററി ആലോചിക്കുന്നതു പ്രയോജനകരമായിരിക്കുമെന്നു പ്രസിദ്ധമനശ്ശാസ്ത്രജ്ഞനായ വില്ല്യംജെയിംസ് പറയുകയുണ്ടായി. ഉദാഹരണത്തിന്ന്, നിറങ്ങളെ കേൾക്കുകയും ശബ്ദങ്ങളെ കാണുകയും ചെയ്യാമെന്നുവന്നാൽ സംഗതികൾ ആകപ്പാടെ തകിടം മറിയുകയില്ലെ? എന്നാൽ ഏതാദൃശാനുഭൂതികൾ മിസ്റ്റിക്കുകൾക്കു അസുലഭമല്ല. സെയിൻറുമാർട്ടിൻ ഏററുപറയുന്നു:- "ശബ്ദായമാനമായ പുഷ്പങ്ങളെ ഞാൻ കേൾക്കുകയും, പ്രകാശമാനമായ ഗീതങ്ങളെ ഞാൻ കാണുകയും ചെയ്തു." കേവലം ഭ്രാന്തജല്പനങ്ങളായി തോന്നിയേക്കാവുന്ന മിസ്റ്റിക്കുകളുടെ ഈ മാതിരി പ്രസ്താവങ്ങൾ, അത്രതന്നെ നിരാലംബങ്ങളല്ലെന്നു മുകളിൽ സൂചിപ്പിച്ച തത്വങ്ങൾ തെളിയിക്കുന്നുണ്ട്. ബോധപൂർവ്വകമായ ചില അപൂർവ്വനിമിഷങ്ങളിൽ ഇന്ദ്രിയങ്ങൾക്കു പരസ്പരം സംയോജന സംഭവിച്ച്, ഏകയോഗമായ അവധാരണത്തിൽ അവ ഏർപ്പെട്ടുമെന്നുള്ളതു മനഃശാസ്ത്രസമ്മതമായ ഒരു പരമാർത്ഥവുമത്രെ.

സംഗീതമെന്നു നാം പറയുന്നതു ശ്രോത്രേന്ദ്രിയത്താൽ വ്യാഖ്യാനിക്കപ്പെടുന്ന അന്തരീക്ഷത്തിലെ ചില ചലനവിശേഷങ്ങളും, വർണ്ണം എന്നതു മററുചില ചലനവിശേഷങ്ങളോടുള്ള നയനേന്ദ്രിയത്തിന്റെ പ്രതികരണവുമാണെന്നുള്ള തത്വം ഓർമ്മിച്ചാൽ മുൻപറഞ്ഞ വാസ്തവങ്ങളിൽ സംഭ്രാന്തിജനകമായി ഒന്നുമില്ലെന്നു മനസ്സിലാകും. മുകളിൽ പറഞ്ഞതുപോലെ ഇന്ദ്രിയധർമ്മങ്ങൾക്കു ഭംശം നേരിടുന്നപക്ഷം, ബാഹ്യലോകം പഴയ സന്ദേശങ്ങളെത്തന്നെ പ്രക്ഷേപിച്ചുകൊണ്ടിരിക്കുമെങ്കിലും, നാം അവയെ വ്യത്യസ്തമായ രീതിയിലായിരിക്കും വ്യാഖ്യാനിക്കുന്നത്. അപ്പോഴും സൌന്ദര്യം നമുക്കു ദർശിയ്ക്കുവാൻ സാധിക്കും; പക്ഷെ, അതിന്റെ ഭാഷ ഒന്നുവേറെ ആയിരിക്കുമെന്നേയുള്ളു. കുയിലിന്റെ "കുഹൂ കുഹൂ നിനാദം" അപ്പോൾ, വർണ്ണശബളമായ ഒരു മോഹന ദൃശ്യമായി അനുഭവപ്പെടും! ഭൂമീദേവിയുടെ "പച്ചപ്പട്ടുടയാട" അപ്പോൾ, ശ്രോത്രമനോഹരമായ ഒരു മധുര രാഗാലാപമായി തോന്നിക്കും! പ്രേയസിയുടെ മൃദുകരസ്പർശം, നമ്മുടെ നാസാരന്ധ്രങ്ങളിൽ പനിനീർ പൂക്കളുടെ സുഗന്ധമായിരിയ്ക്കും കോരിയിടുന്നത്!! നമ്മുടെ അവയവങ്ങളുടെ ഘടനയിൽ എത്ര നിസ്സാരമായ ഒരു മാററം മതി ഇങ്ങിനെയുള്ള ഒരു നൂതനലോകത്തിലേക്കു നമ്മെ എടുത്തെറിയുവാൻ എന്നു ധരിച്ചാൽ, മിസ്റ്റിക്കുകൾ ഈശ്വരനെ "കൊഴിയാത്ത പൂവ്" എന്നോ "മൌനസംഗീതനാള"മെന്നോ ഉൽപ്രേക്ഷിക്കുന്നതിൽ, ഒരുപക്ഷെ, നാം പുച്ഛം നടിക്കുകയില്ല. ഇന്ദ്രിയഗോചരമായ ലോകം മാത്രമാണു കേവലയാഥാർത്ഥ്യത്തിന്റെ അളവുകോലെന്നും നാം ഭ്രമിക്കുകയില്ല. സാമാന്യബുദ്ധി (Common sense) യുടെ ലോകം, ഏതായാലും കേവലം ആശയാത്മകമായ ഒരു ലോകമാകുന്നു. അതു ഒരു ബാഹ്യപ്രപഞ്ചത്തെ പ്രതിനിധീകരിക്കുന്നുണ്ടായിരിക്കാം. പക്ഷെ അതു മനുഷ്യമനസ്സിന്റെ പ്രവർത്തനത്തെ ദ്യോതിപ്പിക്കുന്നുവെന്നുള്ളതു സംശയരഹിതമാകുന്നു. അതിന്റെ നിർമ്മാണകർമ്മം മനുഷ്യമനസ്സിലാണു നടന്നിട്ടുള്ളതു്.

അപ്പോൾ, കേവലമാത്രാവസ്ഥയിലുള്ള സത്യത്തെ കണ്ടെത്തുവാൻ മിസ്റ്റിക് അല്ലാത്ത സാധാരണക്കാർക്ക് സാദ്ധ്യമല്ലെന്നു തെളിയുന്നു. യാഥാർത്ഥ്യത്തെ സമ്പൂർണ്ണമായി അറിയുന്നതിനൊ, നിസ്സാരമായ ഒരു വസ്തുവിന്റെപോലും അസ്തിത്വത്തെ തെളിയിയ്ക്കുന്നതിനൊ നമുക്കു ആവതില്ല. ഈ അപൂർണ്ണതയെ നന്നായി ഗ്രഹിച്ച്, സാധാരണന്മാരുടെ മിഥ്യാലോകത്തിൽ അസംതൃപ്തരായി ഉഴറുന്ന ചില വ്യക്തികൾ അങ്ങിങ്ങായി ഉദിച്ചുയരാറുണ്ട്. ജ്ഞാനതൃഷ്ണാകുലരായ ഇവർ, തങ്ങളുടെ ടെലഗ്രാഫ് കമ്പിയുടെ അങ്ങേത്തലക്കൽ ഇരിക്കുന്ന വസ്തുവിനെക്കുറിച്ചു ചില സങ്കല്പചിത്രങ്ങൾ വരക്കാറുണ്ട്. അവർ സ്വീയമായ ഓരോ 'പ്രപഞ്ചവിജ്ഞാനീയ'ത്തെ നിർമ്മിക്കുന്നു; ചില ജ്ഞാനലവസിദ്ധാന്തങ്ങളെ (Theory of knowledge) കണ്ടുപിടിക്കുന്നു. ഏതോ അജ്ഞേയസത്ത ഇക്കാണായ സമസ്തവസ്തുക്കൾക്കും താങ്ങായി നിൽക്കുന്നുണ്ടെന്നുള്ള ബോധം അവരെ അസ്വസ്ഥരാക്കുന്നു. ഈ "മായാമയച്ഛായകൾ"ക്കു ആലംബനമായി ഒരു പശ്ചാത്തലം കണ്ടുപിടിക്കുന്നതിൽ അവർ ദത്തമനസ്കരായി ഭവിക്കുന്നു.

അവരുടെ ചിന്താഫലങ്ങൾ വിവിധങ്ങളും വിഭിന്നങ്ങളുമാകുന്നു. പാശ്ചാത്യരും പൌരസ്ത്യരുമായ വൈജ്ഞാനികന്മാർ ഈ വിഷയത്തിൽ ചിന്ത ചെലുത്തിയിട്ടുണ്ട്: മനുഷ്യന്റെ മേധാശക്തിയുടെ സമുജ്ജ്വലങ്ങളായ നേട്ടങ്ങൾ ഏതാദൃശവിചിന്തനങ്ങളിൽ അടങ്ങിയിരിക്കുന്നു. അദ്ധ്യാത്മചിന്തയുടെ തുംഗമേഖലകളിൽ ഭാരതീയ ചിന്തകന്മാരുടെ കാലടിപ്പാടുകൾ തെളിഞ്ഞു കാണാം. അവരുടെ ശ്രേഷ്ഠചിന്തകളുടെ സാരാംശം പാശ്ചാത്യവിപശ്ചിത്തുക്കളുടെ

പ്രബന്ധങ്ങളിലും കാണാവുന്നതാകയാൽ, അവയെ അനുസരിച്ചു പ്രധാനപ്പെട്ട ചില വാദങ്ങളെ ഇവിടെ പരിശോധിക്കുക.

## II

A. പ്രപഞ്ചസൽഭാവത്തെ വ്യാഖ്യാനിച്ചുകൊണ്ടുണ്ടായിട്ടുള്ള സിദ്ധാന്തങ്ങളിൽ സർവ്വസാധാരമായ അംഗീകാരം ലഭിച്ചിട്ടുള്ളതു "നാച്ചുറലിസം", അല്ലെങ്കിൽ "റിയാലിസം" എന്നു ഇംഗ്ലീഷിൽ അറിയപ്പെടുന്ന ഭൌതികവാദത്തിനാണ്. നാം സ്ഥൂലനേത്രങ്ങൾകൊണ്ടു കാണുന്ന ലോകം വാസ്തവികമാണെന്നും, ഭൌതികവസ്തുക്കൾക്കു നിരാപേക്ഷകമായ ഒരു സത്തയുണ്ടെന്നും ഈ വാദം പ്രബോധിപ്പിക്കുന്നു. ഭൌതികശാസ്ത്രത്തിന്റെ എന്നപോലെ, അനഭ്യസ്തവിദ്യന്റെയും വീക്ഷണകോണം ഇപ്പറഞ്ഞതുതന്നെയാണ്. ഇന്ദ്രിയലബ്ധമായ ധാരണകളുടെ സമവായം തന്നെ ജ്ഞാനത്തിന്റെ ബീജം; സൂക്ഷ്മവീക്ഷണത്തിന്റെ വ്യവസിതരൂപത്തിലുള്ള ഫലം തന്നെ ജ്ഞാനം.

ഇന്ദ്രിയാതീതമായിട്ടെന്തെങ്കിലുമുണ്ടെങ്കിൽ, അവയെ അറിയാൻ കഴിയാത്ത കാലത്തോളം ഭൌതികവാദം മാമൂൽ പ്രിയന്മാരുടെ ഊന്നുവടിയായിരിക്കും. പക്ഷെ അതു, സത്യോന്മുഖമായ നമ്മുടെ തൃഷ്ണയെ തെല്ലും ശമിപ്പിക്കുന്നില്ല. "എല്ലാം ഭദ്രമാണ്; വരു, ഈ മേശയ്ക്കു ചുറവുമിരുന്നു സുഖമായി നമുക്ക് ഊണു കഴിക്കാം." എന്നിങ്ങനെ ഭൌതികവാദം അചഞ്ചലമായ ആത്മവിശ്വാസത്തോടുകൂടി നമ്മെ ക്ഷണിക്കുന്നു. എന്നാൽ നിർഭാഗ്യമെ! ചോറും കറിയും, എന്നു വേണ്ട, മേശയും കസേരയും ഒന്നും ഭൌതികവാദപരിധിക്കുള്ളിൽ ഒതുങ്ങുന്നില്ല! ഓരോ പദാൎത്ഥങ്ങളേയും സൂക്ഷ്മമായി നിരീക്ഷിക്കുമ്പോൾ, അവയിൽ അമേയമായ ചില അത്ഭുതങ്ങളും രഹസ്യങ്ങളും ഒളിഞ്ഞിരിക്കുന്നതായി വെളിപ്പെടുന്നു. മേശയും കസേരയുമെല്ലാം, തങ്ങൾ കേവലം മായികങ്ങളാണെന്നു ഉച്ചൈസ്തരം വിളിച്ചുപറയുന്നു!

"ഞാൻ ഒരു ചുവന്ന കല്ലുകാണുന്നു" എന്നു പറഞ്ഞാൽ, കാഴ്ച നൽകുന്നതിൽ വ്യാപരിക്കുന്ന ഇന്ദ്രിയത്തിനു ചില ബാഹ്യപ്രേരണകൾ സിദ്ധിച്ചുവെന്നും, തദ്വാരാ എന്റെ മനസ്സിൽ 'ചുവന്ന കല്ല്' എന്നൊരാശയം അഥവാ പ്രതീതി ഉണ്ടായെന്നും മാത്രമാണു വിവക്ഷ. 'ചുവന്ന കല്ല്' എന്ന പ്രതീതിയെ ഭൂതാത്മകമായ ഒരു പദാർത്ഥമായി ഞാൻ കരുതി, കൂടുതൽ നിരീക്ഷണപരീക്ഷണങ്ങളാൽ പ്രസ്തുത ചിത്രത്തെ സംപുഷ്ടമാക്കുന്നു. എന്റെ മനസ്സിൽ നിന്നു അന്യമായ എന്തൊരു സത്തയാണു, ഞാൻ കല്ലെന്നു വിളിക്കുന്ന, ഭാവചിത്രത്തെ എന്നിൽ ഉല്പാദിപ്പിച്ചതെന്നു ഞാൻ അറിയുന്നില്ല. അറിയുവാൻ സാദ്ധ്യവുമല്ല. ഒരു ഇന്ദ്രിയത്തിൽ നിന്നു ലഭിക്കുന്ന അറിവിനെ മറെറാരു ഇന്ദ്രിയത്തിൽ നിന്നു കിട്ടുന്ന അറിവുമായി താരതമ്യപ്പെടുത്തുകയൊ, അതിനാൽ ഉപോൽബലപ്പെടുത്തുകയൊ ആവാം. കല്ലിനെ തൊട്ടുനോക്കി എന്റെ അനുമാനത്തെ സിദ്ധവൽക്കരിക്കാം. അപ്പോൾ എന്റെ അംഗുലീയാഗ്രങ്ങളിലെ ചില സിരകൾ മസ്തിഷ്കകേന്ദ്രങ്ങളിലേക്കു ചില നിവേദനങ്ങൾ അയക്കുകയും, അങ്ങിനെ കല്ലിന്റെ പൃഥക്ഭാവത്തേയും കാഠിന്യത്തേയും കുറിച്ചു എനിക്കു ബോധ്യം വരുകയും ചെയ്യുന്നു. അങ്ങനെ ഞാൻ തന്നെ എന്റെ മനസ്സിൽ 'ചുവന്ന കല്ലി'നെ രൂപണം ചെയ്തു, ആ സങ്കല്പത്തെ ഉൽക്ഷേപിച്ചുകൊണ്ട്, 'ചുവന്ന കല്ല്' എന്നു ഞാൻ തന്നെ അതിനു നാമകരണം ചെയ്യുന്നു. ഈ ധാരണകൾ ശരിയാണോയെന്നു ശാസ്ത്രത്തിനോടു ചോദിച്ചാൽ: ഭൌതികലോകം യഥാൎത്ഥമാണെങ്കിലും, പൃഥക്ഭാവം, വൎണ്ണപ്രതീതി മുതലായ ആശയങ്ങൾ വെറും തോന്നലാണെന്നു തന്നെ മറുപടിപറയും. അവ പാദാൎത്ഥസംപൃക്തങ്ങളല്ല; കല്പിതങ്ങളാകുന്നുവെന്നു ചുരുക്കം.

ഇനിയും, ആ കല്ലിൻകഷണം ഒന്നിനു ചുറവും ഒന്നായി പരിഭ്രമണം ചെയ്തുകൊണ്ടിരിക്കുന്ന പരായുതം പരമാണുക്കളുടെ ഒരു സംഘാതം മാത്രമല്ലെ എന്നും ആലോചിയ്ക്കേണ്ടതുണ്ട്. പരമാണുവിനേക്കാൾ ചെറുതായി സങ്കോചിക്കുവാൻ നമുക്കു കഴിഞ്ഞെങ്കിൽ, തുള്ളിച്ചാടി നടക്കുന്ന ഓരോ പരമാണുവും ഓരോ ഗോളമായും, കല്ലിൻകഷണം തന്നെ ഒരു ബ്രഹ്മാണ്ഡകടാഹമായും നമുക്കു തോന്നുകയില്ലെ? മാത്രമല്ല, പദാൎത്ഥത്തിന്റെ ഒടുവിലത്തെ അടുക്കുവരെ ചുഴിഞ്ഞുചെല്ലാത്തതായാൽ. അതിൽ ഗ്രാഹ്യമായി ഒന്നുമില്ലെന്നും, അതു് എന്തോ ചില ശക്തിവിശേഷങ്ങളുടെ ആഭാസമാണെന്നും കാണ്മാൻ കഴിയും. നിറത്തിന്റെ കാൎയ്യത്തിലാണെങ്കിൽ അസ്തമയസമയത്തു പ്രസ്തുത കല്ലു മറെറാരു നിറപ്പകിട്ടുകാട്ടിയെന്നു വരാം. നയനേന്ദ്രിയത്തിനു സംഭവിക്കുന്ന ഏതെങ്കിലും വൈകല്യം ചുവന്ന കല്ലിനെ മഞ്ഞക്കല്ലായി മാററിയേക്കും. ഇന്ദ്രിയഗോചരമായ വിഷയം തന്നെ ഭാവനാ

സൃഷ്ടമാണെന്നും വരാവുന്നതാണ്. എന്തെന്നാൽ, സ്വപ്നാവസ്ഥകളിലുണ്ടാകാറുള്ള ദർശനങ്ങളിലും ഈ മാതിരി ഗുണങ്ങൾ ആരോപിക്കപ്പെടാറുണ്ടല്ലോ.

ഇതും കൂടാതെ, പ്രകൃതിപ്രതിഭാസങ്ങളുടെ യഥാർത്ഥവും അയഥാർത്ഥവുമായ വശങ്ങളെ വ്യാവർത്തിപ്പിക്കുവാൻ ഉതകിയ മാനദണ്ഡങ്ങൾ ഇല്ലെന്നുതന്നെ പറയണം. അധികം ആളുകളും ലോകത്തെ ഇപ്രകാരമാണു ദർശിക്കുന്നത്—അതുകൊണ്ട് അതുതന്നെയാണു യാഥാർത്ഥ്യത്തെ അളന്നു കുറിക്കുന്നതിനുള്ള തോത്, എന്നുള്ള വാദം നിലക്കുകയില്ല. നമ്മുടെ അയൽക്കാരുടെ മായാബോധങ്ങളിൽ പങ്കുകൊള്ളുന്നതിലാണു സുബുദ്ധി (Sanity) കിടക്കുന്നത് എന്നു പറയാമെങ്കിലും, ആ ഭാഗഭാക്ത്വംതന്നെ അന്യൂനമല്ലെന്നു സ്പഷ്ടമാണ്. ഒരു പുതിയ വീക്ഷണകോടിയെ അവലംബിച്ചാൽ, കുറേക്കൂടി ജ്ഞാനം സമാർജ്ജിച്ചാൽ നമ്മുടെ ദൃശ്യങ്ങളും തദനുരോധേന വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും. ഹെറാക്ലിററസ് (Heraclietus) പറയുകയുണ്ടായി:— "മനസംസ്കാരം ലഭിച്ചിട്ടില്ലാത്തവരെ കണ്ണും കാതുമെല്ലാം നിരുപയോഗമായ സാക്ഷികളാ"ണെന്ന്. "മനഃസംസ്കാരം" ലഭിച്ചിട്ടുള്ളവർ തന്നെയും ഓരോ പ്രത്യേകചിത്തവൃത്തിയിലൂടെയാണു ബാഹ്യപ്രപഞ്ചത്തെ അഭിവീക്ഷിക്കുന്നത്. അന്തരീക്ഷത്തിൽ അങ്ങിങ്ങായി കാണപ്പെടുന്ന "വെൺമുകിൽതുണ്ടു"കളെ, കവി, "ആരാലിറങ്ങിവരും ചില 'മാലാക'മാരാ"യി കാണുന്നു; കപ്പൽക്കാരാവട്ടെ, അതിനെ ആഗാമിയായ കൊടുങ്കാററിൻെറ വിദൂരശകുനങ്ങളായി എണ്ണുന്നു. നക്ഷത്രങ്ങൾ വിരിഞ്ഞുനിൽക്കുന്ന അസീമവിസ്തൃതമായ നീലാകാശത്തെ, ജ്യോതിശാസ്ത്രജ്ഞൻ, അനന്തകോടിബ്രഹ്മാണ്ഡകടാഹങ്ങളുടെ ഒരു നൃത്തമണ്ഡപമായി തൻെറ ദൂരദർശിനിയിൽകൂടി കാണുമ്പോൾ, അതു "നീലാഭാംബരത്താമരത്തടാക"മല്ലെയെന്നും മററും, കവി സംശയിക്കുന്നു. കലാകാരനും, ഭിഷഗ്വരനും, ഈശ്വരവിശ്വാസിയും യുക്തിവാദിയും, വിഷാദാത്മകനും പ്രസാദാത്മകനും എല്ലാം വാസ്തവത്തിൽ ചിന്തയിൽ മാത്രമല്ല, ദർശനത്തിലും വിഭിന്നലോകങ്ങളിലാണു ഉപജീവിക്കുന്നത്. പ്രൊഫസർ ജെയിംസിൻെറ ശൈലിയിൽ, "ഓരോരുത്തനും പ്രപഞ്ചത്തെ ഓരോ ദിക്കിൽ വെട്ടി മുറിക്കുന്നു." ജി. കെ. ചെസ്റ്റർട്ടൻ ഒരിക്കൽ പറഞ്ഞതുപോലെ, നമ്മിൽ പലരും ഭാഷയെ ആശയപ്രകാശനത്തിനല്ല, ആശയഗോപനത്തിനായി ഉപയോഗപ്പെടുത്തുന്നതിനാൽ—നമ്മുടെ സാധാരണ ഭാഷ കേവലം ഉപചാരപരമായതിനാൽ, നമ്മൾ ഓരോരുത്തരുടേയും ഏകാന്തവിചിത്രമായ ലോകം അന്യോന്യം അറിയുവാൻ കഴിയുന്നില്ലെന്നു മാത്രം! ചിലപ്പോൾ പൊട്ടുന്നനവെ, വാചാലധീരനും സത്യമാത്രസമാരാധകനുമായ ഒരു വിശിഷ്ട കലാകാരൻ "ഞാൻ കണ്ടതു പറയും", എന്നു കൃതപ്രതിജ്ഞനായി ആവിർഭവിക്കുന്നു. അപ്പോൾ, തങ്ങളുടെ കൃത്രിമലോകങ്ങളിൽ മൂടിപ്പുതച്ചു മയങ്ങിക്കിടക്കുന്ന മററുള്ളവർ—അയാൾ ഒന്നുകിൽ ഭ്രാന്തനാണെന്നോ, അഥവാ ഏററിയാൽ ഒരു ഭാവനാമാത്രോപജീവിയാണെന്നോ തമ്മിൽതമ്മിൽ മന്ത്രിക്കുന്നു!

നാം ഓരോരുത്തരും സ്വയം നിർമ്മിക്കുന്ന വിചിത്രമായ ഈ ദൃശലോകങ്ങൾ സുസ്ഥിരങ്ങളാണോ എന്നാലോചിച്ചാൽ, അങ്ങനെയല്ലെന്നു കാണാം. നാം വളരുംതോറും നമ്മുടെ ഐന്ദ്രിയലോകങ്ങളുടെ കേടുപാടുകൾ തീർത്തും, അവയെ കൂടുതൽ സമ്പൂർണ്ണമാക്കിയുംകൊണ്ടാണിരിക്കുന്നത്. ഇങ്ങിനെ പണിക്കുററം തീരാത്ത അനേകം ലോകങ്ങൾ ഉണ്ടാകുന്നതിനു ദ്രഷ്ടാക്കളുടെ സാന്നിദ്ധ്യം, കൂടിയേതീരു. കേവലയാഥാർത്ഥ്യം എന്നൊന്നുണ്ടെങ്കിൽ, അതു് എല്ലാവർക്കും ഒന്നുതന്നെയായിരിക്കണമല്ലോ. അതിനു അനുപാധികമായ ഒരു സത്ത ഉണ്ടായിരിക്കണമല്ലോ.

ഇങ്ങനെ പറയുന്നതുകൊണ്ടു നമ്മുടെ നിത്യപരിചിതമായ ലോകത്തെ കൈവെടിഞ്ഞു ബുദ്ധിപരമായ ശൂന്യതാവാദികളോടു കൂട്ടുപിടിക്കണമെന്നു ധരിക്കരുത്. നമ്മുടെ മനസ്സു് അച്ഛമായ ഒരു ദർപ്പണമാണെന്നും, അതിൽ കാണപ്പെടുന്ന രേഖകൾ—ജ്ഞാനമെന്നു ശാസ്ത്രജ്ഞൻ ഇതിനെ വിളിക്കുന്നു—അജ്ഞേയമായ കേവലയാഥാർത്ഥ്യത്തിൻെറ ഔപചാരികവും ആപേക്ഷികവുമായ ചിഹ്നങ്ങൾ മാത്രമാണെന്നും വരുത്തുന്നതിനാണ് ഇത്രയും പറഞ്ഞതു്. ഈ ഭാഗം സമ്മതിക്കുന്ന പക്ഷം, നമ്മളിൽ ചുരുക്കം ചിലർ അവരുടെ മനോഫലകങ്ങളിൽ വിനിർമ്മിക്കുന്ന ചില ചിത്രങ്ങളുടെ—അവ എത്രതന്നെ അസാധാരണങ്ങളും അലഘ്യസാധ്യങ്ങളുമായിരുന്നാലും—സത്യവത്വത്തെ നിഷേധിക്കുവാൻ സാധിക്കാതെ വരുന്നു. നമ്മുടെ ഐന്ദ്രിയപരിധിക്കുള്ളിൽ പെടാത്തതും, തന്നിമിത്തം നമ്മുടെ ലോകത്തിൽനിന്നു ഭിന്നവുമായ ഒരു ചിത്രം അവർ വരക്കുന്നുവെന്നേ വിചാരിക്കേണ്ടതുള്ളു. ചിത്രങ്ങൾ വിവിധങ്ങളാണെന്നിരിക്കിലും, പ്രേക്ഷകന്മാർക്ക് പ്രപഞ്ചം നാനാപ്രകാരത്തിൽ പ്രത്യക്ഷപ്പെടുന്നുവെ

ങ്കിലും, അവയുടെ ഉള്ളിൽ ഒരു ഏകത്വം സ്ഥിതിചെയ്യുന്നുണ്ടെന്നും, അനേകങ്ങളായ അഭിവ്യക്തികളെ പ്രതിനിധീകരിക്കുന്ന ഒരു പ്രപഞ്ചാതീതസത്ത (Trans-cendental Object) അവയെ കോർത്തിണക്കുന്നുണ്ടെന്നും ഈദൃശചിത്രങ്ങൾ തെളിയിക്കുന്നു. ഇന്ദ്രിയാനുഭൂതികളിൽനിന്നു യാതൊരു പ്രോത്സാഹവും ലഭിക്കാതിരുന്നിട്ടും മനുഷ്യന്റെ ദുർദാന്തമായ തൃഷ്ണക്കു വിഷയമായിരിക്കുന്ന ഈ ഏകത്വത്തിന്റെ—സർവ്വാശ്ലേഷിതമായ ഈ കേവലത്വത്തിന്റെ സ്വഭാവം എന്തായിരിക്കാം?

B. ഈ പ്രശ്നത്തെ അഭിമുഖീകരിച്ചുകൊണ്ടാണു രണ്ടാമത്തെ സിദ്ധാന്തത്തിന്റെ പോക്ക്. "Idealism" എന്നു ഇംഗ്ലീഷിൽ അറിയപ്പെടുന്ന ഈ ആദർശാത്മകത്വം ഭൗതികലോകത്തിന്റെ പദാർത്ഥബഹുലവും യന്ത്രസദൃശവുമായ കൃത്രിമത്വത്തിൽനിന്നും തത്വജ്ഞാനത്തിന്റെ സുവിശാലവും നിർമ്മലപേശലവുമായ അന്തരീക്ഷത്തിലേക്കു പോരുന്നതിനു നമ്മെ മാടിവിളിക്കുന്നു. ഭൗതികവാദിയുടെ പ്രപഞ്ചം ഇന്ദ്രിയഗതമായ സാക്ഷ്യങ്ങളിന്മേൽ പടുത്തിരിക്കുകയാണെങ്കിൽ, ചിന്താരീതിയുടെ സൂക്ഷ്മാവലോകനത്തിലാണ് ആദർശവാദിയുടെ ലോകം അടിയുറച്ചിരിക്കുന്നതു്. രണ്ടുകാര്യങ്ങളെക്കുറിച്ചു മാത്രമേ നമുക്കു നിശ്ചയമുള്ളു: ഒന്നു ബോധപൂർവ്വകമായ മനസ്സ്; മറ്റേതു ഈ മനസ്സിൽ നടക്കുന്ന ചിന്ത. പ്രപഞ്ചശബ്ദം നമ്മുടെ ചിന്താസമുദായത്തിന്റെ അപരപര്യായം മാത്രം. ചിന്തിക്കേണ്ടതിനെക്കുറിച്ചെല്ലാം നാം ചിന്തച്ചെന്നോ, നമ്മുടെ ചിന്തകൾതന്നെ വേണ്ടവിധത്തിലാണു സംഘടിപ്പിച്ചിരുന്നതെന്നോ വരുകയില്ല. ചിന്താവേളയിൽതന്നെ കർത്തൃനിഷ്ഠമായ ചില കാരണങ്ങളാൽ ചിന്തകളിൽ വൈകൃത്യം സംഭവിച്ചെന്നും വരാം. നാം തുണ്ടുതുണ്ടായി പെറുക്കിയെടുക്കുന്ന ഈ ചിന്തകളുടെ എല്ലാം മൂലമായി അവികലവും അഖണ്ഡവുമായ ഒരു സത്ത, അഥവാ ബൃഹദ്ചിന്ത സ്ഥിതിചെയ്യുന്നു. പ്രാതിഭാസികലോകം (Phenominal world) അതിന്റെ നിഴലുകൾ, അഥവാ ദിക്കാലാത്മകമായ ബാഹ്യസ്ഫുരങ്ങൾ മാത്രം! ഇതാണ് ആദർശവാദത്തിന്റെ സ്വരൂപം.

ഈ സിദ്ധാന്ത*പ്രകാരം നാമെല്ലാം ജീവിക്കുന്ന ലോകം അതിന്റെ സൃഷ്ടികർത്താവിന്റെ ഒരു സങ്കല്പം (Idea) അഥവാ സ്വപ്നം മാത്രമാകുന്നു. നാം ഓരോരുത്തരും ആ സ്വപ്നത്തിന്റെ അംശങ്ങൾതന്നെ. സകല ജീവസ്ഫുരണങ്ങളും, സകല പ്രതിഭാസങ്ങളും ഒരു പ്രകൃത്യതീതസത്തയുടെ—ഒരു ചിന്മാത്രചിന്തകന്റെ ചലനാത്മകമായ ചിന്തയുടെ വിവിധങ്ങളായ രൂപഭേദങ്ങളും പ്രസ്ഫുരണങ്ങളുമത്രെ. ഈ വക തത്വങ്ങൾ ഉപനിഷദാദിഗ്രന്ഥങ്ങളിൽ കാണാവുന്നതാണ്. നോക്കുക:-

"യഥോർണ്ണനാഭിഃ സൃജതേ ഗൃഹ്ണതേ ച
യഥാ പൃഥിവ്യാമോഷധയഃ സംഭവന്തി
യഥാ സതഃ പുരുഷാൽ കേശലോമാനി
തഥാക്ഷരാൽ സംഭവതീഹ വിശ്വം."

ഈ ആത്യന്തികസത്തയെത്തന്നെയാണു നമ്മുടെ പഞ്ചേന്ദ്രിയങ്ങൾ സ്ഥലം, കാലം, പദാർത്ഥം ഈ മൂന്നു് ഉപാധികളിൽക്കൂടി പലതരത്തിൽ വ്യാഖ്യാനിക്കുന്നതും നമ്മുടെ മനസ്സു രൂപപ്പെടുത്തുന്നതും. സ്ഥലം, കാലം, പദാർത്ഥം മുതലായതു നാം ഇവിടെ പറയുന്ന സങ്കല്പസത്തയുടെ അംശങ്ങളാണെന്നു പറഞ്ഞുകൂടാ. അവ സങ്കല്പസത്തയെ ചിത്രീകരിക്കുവാൻ നാം ഉപയോഗപ്പെടുത്തുന്ന കടലാസും തൂലികയും മാത്രമാണ്. നമ്മുടെ ദർശനം—പ്രപഞ്ചത്തെ കുറിച്ചുള്ള നമ്മുടെ സങ്കല്പം—ആനാദ്യന്ത സങ്കല്പ (Eternal Idea) ത്തോടു് എത്രമാത്രം അടുക്കുന്നുവോ, അത്രയ്ക്കു യാഥാർത്ഥ്യത്തോടു സമീപിക്കുകയാണു ചെയ്യുന്നതു്. എന്തെന്നാൽ ആദർശവാദിയുടെ യാഥാർത്ഥ്യം ഈശ്വരചിന്തയല്ലാതെ മറ്റൊന്നുമല്ല. മായാമയമായ ഈ ലോകത്തിലെ സകലതും ഈശ്വരസങ്കല്പത്തിന്റെ അവ്യക്തസൂചനകളും, പ്രകൃതി എന്നു നാം പറയുന്നതു് ഈ സൂചനങ്ങളിൽനിന്നും നാം സ്വരൂപിക്കുന്ന ചില മായാബോധങ്ങളുടെ സമുച്ചയവും മാത്രമാകുന്നു.

ആദർശവാദത്തിൽ ഒരു സംഗതി പ്രത്യേകം ശ്രദ്ധേയമായിരിക്കുന്നുണ്ടു്. അതായതു്, മനുഷ്യന്റെ ഭവിതവ്യതകളെ നിയന്ത്രിക്കുന്നതു് ഇന്ദ്രിയലോകത്തിലെ സംഭവങ്ങളല്ലെന്നും, നേരെമറിച്ചു മാനസികഭൂമികയിൽ മാത്രം സ്ഥിതിചെയ്യുന്ന ചില 'ആദർശ'ങ്ങളാണെന്നുമുള്ളതുതന്നെ. ജീവിതത്തിലെ ഏററവും ഉൽകടവും മഹനീയവുമായ നിമിഷങ്ങളിൽ, മനുഷ്യൻ ആദ്ധ്യാത്മികസ്വാതന്ത്ര്യത്തിലേയ്ക്കുയരുമ്പോൾ, ഈദൃശമൂല്യങ്ങൾ മാത്രമെ യഥാർത്ഥമായിട്ടുള്ളുവെന്നു് അവനു ബോദ്ധ്യപ്പെടുന്നു. ഇതിനുവേണ്ടിയും ഇതുനിമി

* ആദർശവാദം പലപ്രകാരത്തിലുണ്ടു്. (1) Subjective 2) Objective(3) Transcendental (Kantian) (4) Absoiute (Hegelian) (5) Immanental of Prof. Euken മുതലായവ ഇതിൽObjective Idealism മാത്രമെ ഇവിടെ പ്രധാനമായി പരാമർശിക്കപ്പെടുന്നുള്ളു.

ത്തവുമാണു് അവൻ ജീവിക്കുന്നതിനും, വേലചെയ്യുന്നതിനും മരിക്കുന്നതിനുതന്നെയും സന്നദ്ധനായി കാണപ്പെടുന്നതു്. പ്രേമം, മതം, ജീവകാരുണ്യം കീർത്തി–ഇവയെല്ലാം അദ്ധ്യാത്മലോകത്തിലേതാകുന്നു. അതുകൊണ്ടു് അവ യാഥാർത്ഥ്യത്തോടു കൂടുതൽ സാദൃശ്യം വഹിക്കുന്നു. മനുഷ്യൻ ഈ വസ്തുത ഗ്രഹിച്ചുകൊണ്ടു് ഈവക മൂല്യങ്ങളോടു—ചിരന്തനമായ ചൈതന്യനിലയനങ്ങളോടെന്നപോലെ, ആദരപൂർവ്വം തല കുനിക്കുന്നു.

ഈശ്വരസത്തയെക്കുറിച്ചു മനുഷ്യബുദ്ധിക്കു കണ്ടുപിടിക്കുവാൻ കഴിഞ്ഞിട്ടുള്ളതിൽവച്ചു് ഏററവും മഹനീയമായ സിദ്ധാന്തം ആദർശാത്മകത്വത്തിൽ അന്തർഭവിച്ചിട്ടുണ്ടെന്നു പറയാം. നിശ്ചയമായും ഉണ്ടു് എന്നു താൻ പറയുന്ന ആ കേവലയാഥാർത്ഥ്യത്തോടു് ഐക്യം സമ്പാദിക്കേണ്ടതു് എങ്ങനെയെന്നു് ആദർശവാദിയോടു ചോദിക്കുമ്പോളാണു് അയാളുടെ സിദ്ധാന്തത്തിൻെറ പൊള്ളത്തരം വെളിവാകുന്നതു്. അയാളുടെ സിദ്ധാന്തം നക്ഷത്രലോകത്തിൻെറ ഒരു പടം മാത്രമാണെന്നും, ആ ലോകത്തിലേക്കു കയറുവാനുള്ള പടവുകളല്ലെന്നും തെളിയുന്നു. ആദർശവാദത്തിൻെറ ഈ അപര്യാപ്തതക്കുള്ള കാരണം, മതവും തത്വശാസ്ത്രവും തമ്മിലുള്ള അന്തരത്തെ സൂചിപ്പിക്കുന്നതിനായി സെയിൻറ്ജെറോം ഉദ്ധരിക്കുന്ന ഒരു വാചകത്തിൽ നോക്കിയാൽ കാണാം. "മനുഷ്യൻെറ ആത്മാവു ശിരസ്സിലാണെന്നു പ്ലേറേറാ സങ്കല്പിക്കുന്നു; ക്രിസ്തു അതിനെ ഹൃദയത്തിൽ ആരോപിക്കുന്നു." അതായതു്, ആദർശവാദം ബുദ്ധിക്കു് അമിതമായ പ്രാധാന്യം കൊടുക്കുന്നു; വികാരതരളിതമായ ഹൃദയത്തിൻെറ തുളഞ്ഞുകയറുന്ന നോട്ടത്തെക്കാൾ പ്രവർത്ത്യുന്മുഖമായ മസ്തിഷ്കത്തിൻെറ കരണ്ടുതീററിയെ അതു കൂടുതലായി വിശ്വസിക്കുന്നു. അതു മനുഷ്യൻെറ കൌതുകത്തെ ഉണർത്തുന്നുണ്ടു്; പക്ഷെ, അതിൻെറ കർമ്മപദ്ധതിയിൽ അവനെ സഹകരിപ്പിക്കുന്നില്ല. അതു വിഭാവന ചെയ്യുന്ന നവ്യവും ഭവ്യവുമായ ലോകത്തിലേക്കു് അവനെ ഉന്തിവിടുന്നില്ല. അങ്ങിനെ സർവ്വപ്രധാനമായ കാര്യം അതിൻെറ പിടിയിൽനിന്നും വിഴുതിപ്പോകുന്നു. മനുഷ്യൻെറ ജനനത്തെ ആവരണം ചെയ്തുകൊണ്ടു നിൽക്കുന്ന രഹസ്യത്തിനു ശരീരശാസ്ത്രജ്ഞൻെറ വെട്ടിമുറിക്കലിനോടു് എത്ര ബന്ധമുണ്ടോ, അത്രബന്ധമേ ആദർശവാദിയുടെ പ്രസ്താവങ്ങൾക്കു കേവലയാഥാർത്ഥ്യത്തോടുമുള്ളു.

C. ഇനിയും ഒരു സിദ്ധാന്തം കൂടി പരിശോധിക്കേണ്ടതായിട്ടുണ്ടു്. നാം ഇതിനകം നിരൂപിച്ച ആദർശവാദത്തിനോടും ഭൌതികവാദത്തിനോടും മൌലികമായി വിയോജിച്ചുനില്ക്കുന്ന "സംശയാത്മകത്വം" (Philosophical Scepticism) എന്ന ഈ സിദ്ധാന്തം, നമ്മുടെ ചിന്താവിഷയമായ ഗഹനപ്രശ്നത്തോടു മറെറാരു മനോഭാവമാണു കൈകൊണ്ടിരിക്കുന്നതു്. ഇവരുടെ അഭിപ്രായത്തിൽ പ്രപഞ്ചം ഒരു പ്രഹേളികയേയല്ല. നമ്മുടെ മനസ്സിൽ കുടികൊള്ളുന്ന ഓരോ ചിത്രങ്ങൾക്കും പ്രതിരൂപമായി ബാഹ്യലോകത്തിൽ ഓരോ പദാർത്ഥം സ്ഥിതിചെയ്യുന്നുണ്ടെന്നാണല്ലൊ സാധാരണമായി വിശ്വസിച്ചുവരുന്നതു്; മാനസികചിത്രം ഭൌതികപദാർത്ഥത്തിൻെറ അപൂർണ്ണമെങ്കിലും, സമുചിതമായ ഒരു പ്രതിച്ഛായയാണത്രെ.

"രാമൻ" എന്നു നാം വിളിക്കുന്ന ഇന്ദ്രിയലബ്ധമായ ചില അനുഭൂതിവിശേഷങ്ങളുടെ സമുദായം, നമ്മുടെ പ്രാതിഭാസികലോകത്തിലും വാസ്തവികലോകത്തിലും ഒരുപോലെ സൽഭാവമുള്ള എന്തൊ ഒന്നിനെ സൂചിപ്പിക്കുന്നു. നമ്മുടെ സങ്കല്പജമായ രാമൻെറ പുറകിൽ—'എക്സ്റേ'യിൽ വെളിപ്പെടുന്ന വ്യത്യസ്തനായ മറെറാരു രാമൻെറ പുറകിലെന്നപോലെ, ഒരു അഭൌമമായ, അഥവാ പ്ലേറേറാവിൻെറ ശൈലിയിൽ ഒരു ആദർശപരമായ രാമൻ ഉണ്ടു് എന്നു് ആദർശവാദി ശഠിക്കുന്നു. ഈ ആദർശപരമായ രാമൻെറ ഗുണങ്ങൾ അജ്ഞാതമാണെങ്കിലും, അതിൻെറ സൽഭാവം നമ്മുടെ ഉപജ്ഞയെ ഒട്ടുംതന്നെ അപേക്ഷിക്കുന്നില്ല. ഈ സിദ്ധാന്തത്തെയാണു സംശയാത്മകൻ വെല്ലുവിളിക്കുന്നതു്.

ദൃശ്യപ്രപഞ്ചം മനസ്സിനുള്ളിൽ സ്ഥിതിചെയ്യുന്ന ഒരു ആശയമാണെന്നു സമ്മതിക്കാം. പക്ഷെ, മനസ്സു് ഇല്ലെന്നു വരുന്നപക്ഷം, പ്രപഞ്ചമെന്നു നാം വ്യവഹരിക്കുന്ന ആശയവും ഇല്ലാതാകും. സംശയാതീതമെന്നു പറയുവാൻ വല്ലതുമുണ്ടെങ്കിൽ അതു നമ്മുടെ അനുഭൂതികൾ—പ്രജ്ഞാവസ്ഥ മാത്രമാകുന്നു. ഈ പ്രജ്ഞാസീമയ്ക്കപ്പുറത്തു് എന്തുണ്ടെന്നോ, എന്തുണ്ടായിരിക്കുമെന്നോ ഊഹിക്കുവാൻ നമുക്കു് അധികാരമില്ല. ഇങ്ങിനെ നോക്കുമ്പോൾ യാഥാർത്ഥ്യമെന്നു പറയുന്നതു് ഒരു നിരർത്ഥകമായ ചിത്രം—ഒരു അപ്രാർത്ഥിതമായ ചിന്താസമവായം മാത്രമായിത്തീരുന്നു. ബാഹ്യലോകത്തിൽനിന്നു പൂർണ്ണമായി വിശ്ലേഷിച്ചുനിൽക്കുന്ന മനസ്സിനു്, അതിൽനിന്നു വ്യതിരിക്തമായി എ

ന്തെങ്കിലും ഉണ്ടെന്ന് എങ്ങനെ ഊഹിക്കാം? ഉണ്ടോ എന്നാന്വേഷിച്ചുകൊണ്ടുള്ള തത്വചിന്തയുടെ പുറപ്പാടു വെറും വട്ടംകറങ്ങലാകുന്നു.

അധികരണനിഷ്ഠം (Subjective) എന്നു പറയാവുന്ന ഈ ചിന്താസമ്പ്രദായത്തിനു അനുയായികൾ ധാരാളമുണ്ട്. മിസ്റ്റിക് തത്വചിന്തയിലും പ്രസ്തുത സിദ്ധാന്തത്തിന്റെ ലാഞ്ഛനകൾ കടന്നുകൂടിയിട്ടുണ്ട്. 'സൂഫിസ'ത്തിലും ഹൈന്ദവവേദാദികളിലെ മായാവാദത്തിലും ഇതിന്റെ വകഭേദങ്ങൾ കാണാം. പ്രതീതിക്കു പുറകിൽ യാഥാർത്ഥ്യമില്ല; മൂടുപടത്തിനുള്ളിൽ ദർശനീയമായിട്ടൊന്നുമില്ല. അങ്ങനെ മനുഷ്യൻ—ബോധയുക്തമായ എന്തോ ഒരു വസ്തു കേവലം ശൂന്യതയിൽ, സ്വന്തം ആത്മവൃത്തികളെ മാത്രം നോക്കി കാണ്മാൻ പ്രാപ്തനായി നിലകൊള്ളുന്നു!

ഇങ്ങനെയാണെങ്കിലും, സംശയാത്മകവാദത്തിൽ നിന്നും ചില പ്രധാനപ്പെട്ടകാര്യങ്ങൾ നമുക്കു ഗ്രഹിക്കുവാനുണ്ട്. കടിഞ്ഞാൺ അയച്ചുവിട്ടാൽ, മനുഷ്യന്റെ യുക്തിവിചാരം ചെന്നെത്തുന്നതു എവിടെയാണെന്നു പ്രസ്തുത സിദ്ധാന്തം കാട്ടിതരുന്നു. അതുതികച്ചും യുക്തിയുക്തമാണെന്നു സമ്മതിച്ചേ തീരു. അനുഭവങ്ങളെ മാത്രം വിശ്വസിക്കുവാൻ സന്നദ്ധരായിട്ടുള്ളവർ ഭൗതികവാദികളും മൂലരൂപമായ ഒരു പരാശക്തിയിൽ അല്പമെങ്കിലും പ്രകൃത്യാ വിശ്വാസമുള്ളവർ ആദർശവാദികളുമായി ഭവിക്കാം. ബുദ്ധിയെ മാത്രം മുൻനിർത്തി വാസനയ്ക്കോ വികാരത്തിനൊ യാതൊന്നും കീഴ്പെടുത്താത്ത കടുത്ത യുക്തിവാദി ഏതെങ്കിലും രൂപത്തിലുള്ള സംശയാത്മകതത്വജ്ഞാനത്തെ ശരണം ഗമിക്കുന്നു. വെറും ശൂന്യതാവാദത്തിൽ ചെന്നകപ്പെടാതിരിക്കണമെങ്കിൽ, മനുഷ്യനു സ്വതസിദ്ധമായ— "യുക്തിയ്ക്കു മുകളിൽ നില്ക്കുന്നതും സകല ചിന്തകൾക്കും അതീതവുമായ"— അദ്ധ്യാത്മപ്രവണതകളിൽ വിശ്വസിക്കാതെ ഗത്യന്തരമില്ല. നമ്മുടെ ഈ ലോകം തുലോം അജ്ഞാതവും അജ്ഞേയവുമായ ഒന്നാണെന്നു ഏതു തത്വചിന്തകനും സമ്മതിച്ചേ കഴിയൂ.

ബാഹ്യലോകത്തിൽ നിന്നു അനസ്യൂതമായി നമ്മുടെ ജീവിതത്തിലേക്കു പ്രവഹിച്ചുകൊണ്ടിരിക്കുന്ന ആശയങ്ങളുടെയും ചിത്രങ്ങളുടെയും സത്യവത്വത്തെ നമുക്കു പരീക്ഷിച്ചറിയാൻ നിവൃത്തിയില്ലെങ്കിലും, അവയുടെ അപ്രതിരോദ്ധ്യമായ വ്യാമർദ്ദത്തിനു നാം കീഴ്പെട്ടേ തീരൂ. നമ്മുടെ അന്തഃസൃഷ്ടമായ ലോകത്തിനു ബഹിഃസ്ഥിതമായ ഒരു പ്രതിദ്വന്ദം ഉണ്ടെന്നുള്ള സങ്കല്പത്തിലല്ലാതെ ഒരു സാധാരണക്കാരനു ജീവിക്കുവാൻ സാധ്യമല്ല. പ്രകൃതിപ്രതിഭാസങ്ങളെ അതേപടി സ്വീകരിച്ചുകൊണ്ട്, അവയിൽ നിന്നും ഗ്രഹിതങ്ങളായ "പ്രകൃതിനിയമ"ങ്ങളിൽ നാം വിശ്വസിക്കുന്നു. ഒരു തരത്തിൽ പറഞ്ഞാൽ ഇതും ഒരു വക 'അന്ധവിശ്വാസം' തന്നെ.

## III

നാം ഇതുവരെ പരിശോധിച്ച സിദ്ധാന്തങ്ങൾ ഒന്നും തന്നെ നമ്മുടെ ഉള്ളിലുള്ള നിതാന്തജിജ്ഞാസുവും പരിഭ്രാന്തനുമായ ശാശ്വതകിശോരന്റെ, "എന്തിന്?", "എന്തിന്?" എന്നുള്ള നിലവിളിയെ ശമിപ്പിക്കുവാൻ പോരുന്നതല്ലെന്നു കണ്ടുവല്ലൊ. തത്വചിന്തയുടെ നിസ്തന്ദ്രവും നിർഭീകവുമായ ആക്രമണങ്ങൾക്കു ശേഷവും പരമമായ സത്ത അപ്രാപ്യമായി ബഹുദൂരത്തിൽ സ്ഥിതി ചെയ്യുന്നതേയുള്ളു! എന്നാൽ നമ്മുടെ ആശയങ്ങൾക്കും വാസനകൾക്കും, അനുഭൂതികളുടെ മായികസ്വഭാവത്തിനും പരമമായ ഒരു പ്രയോജനം സാധിപ്പാനുണ്ടെന്നു ശാസ്ത്രം പറയുന്നുണ്ട്. അതായതു, ജീവസന്ധാരണ (Preservation of life) വും, തന്മാർഗ്ഗേണ പ്രപഞ്ചസന്ധാരണ (Cosmic Idea) വും. ഈ പരിണാമസൂത്രണത്തിൽ (Evolutionary Scheme) നമ്മുടെ ഓരോ അനുഭവങ്ങൾക്കും സ്ഥാനവും പ്രയോജനവും ഉള്ളതായിട്ടാണു ശാസ്ത്രദൃഷ്ടിയിൽ കാണുന്നതു്. പഞ്ചേന്ദ്രിയങ്ങൾ വഴി ലഭിക്കുന്ന ജ്ഞാനം ആഹാരസമ്പാദനം, വംശവൃദ്ധി, സന്തത്യുല്പാദനം, ശത്രുസംഹാരം മുതലായി ജീവസംരക്ഷണത്തിനു സഹായിക്കുകയാണത്രെ ചെയ്യുന്നതു്. ജീവച്ഛക്തിയെ കെടുത്തിക്കളയുന്നതിനു സഹായിച്ചേക്കാവുന്ന ബോധങ്ങൾ—ജീവിതത്തിന്റെ അനിശ്ചിതാവസ്ഥ, മരണത്തിന്റെ കയ്യേററം മുതലായതു മനുഷ്യനിൽ നിന്നും മറച്ചു വയ്ക്കുന്നതിലും പ്രകൃതി ശ്രദ്ധിച്ചിരിക്കുന്നു!

സൂക്ഷ്മമായി ചിന്തിക്കുംപക്ഷത്തിൽ മേൽപറഞ്ഞ സാമാന്യനിയമങ്ങൾക്കും അപവാദങ്ങൾ ഉണ്ടെന്നു കാണാം. "ജീവേച്ഛ (Will-to-live) യാൽ മാത്രം പ്രേരിതനായി, സ്വന്തം ജീവസന്ധാരണത്തിനുതകിയ സാമഗ്രികൾ സമ്പാദിക്കുന്നതിൽ മനുഷ്യൻ എപ്പോൾ അസംതൃപ്തി പ്രദർശിപ്പിക്കുന്നുവോ, ആ ക്ഷണത്തിൽ പരിണാമതത്വം ലംഘിക്കപ്പെട്ടുകഴിഞ്ഞു." എന്നിങ്ങനെ റേസ്ജാക്ക് (Recejac) പറഞ്ഞിട്ടുണ്ട്. 'മനുഷ്യൻ ആയുധം നിർമ്മിക്കുന്ന ഒരു ജീവി'യാണെന്നു

പ്രായോജനികതത്വചിന്തകന്മാർ പറഞ്ഞിട്ടുണ്ട്; പക്ഷെ, അവനെ ചിത്രം നിർമ്മിക്കുന്ന (Vision-making) ഒരു ജീവി എന്നു വിളിക്കുന്നതായിരിക്കും കുറേക്കൂടി ശരിയായിരിക്കുക! ക്ഷുത്പിപാസകളെക്കാൾ അവനെ ഭരിക്കുന്നതു ചില ആകാംക്ഷകൾ—ചില സ്വപ്നങ്ങൾ ആണെന്നും, അപ്രായോഗികവും ചിലപ്പോൾ പ്രമാദജടിലവുമായ ആദർശങ്ങളാണ് അവന്റെ വഴി തെളിക്കുന്നതെന്നുമുള്ളതു നിസ്സംശയമാകുന്നു. കേവലം ഭൌതികമായ ഒരു പരിപൂർണ്ണതയൊ ബുദ്ധിപരമായ ആധിപത്യമൊ അല്ല, അവന്റെ ലക്ഷ്യമെന്നും, പ്രയോജനപരതത്വത്തെക്കാൾ ജീവസ്സായ ഏതൊ യഥാർത്ഥ്യമാണു അവനു മാർഗ്ഗപ്രദർശനം ചെയ്യുന്നതെന്നുമല്ലെ മുൻ സൂചിപ്പിച്ച സ്വപ്നങ്ങൾ വിളിച്ചുപറയുന്നതു്? പരിണാമസിദ്ധാന്തത്തിന്, ആദ്ധ്യാത്മികവും കലാപരവുമായ അനുഭവങ്ങൾക്കു ശരിയായ സമാധാനം പറവാൻ സാധിക്കണമെങ്കിൽ, അതിനെ ഒരു മാനസികാടിസ്ഥാനത്തിന്മേൽ പുനഃ പ്രതിഷ്ഠിക്കേണ്ടതാണെന്നു ഇതിൽ നിന്നെല്ലാം തെളിയുന്നു.

വെറും സാധാരണക്കാരന്റെ ജീവിതത്തിൽ പോലും സംഭവിക്കുന്ന പരിമൃദുലങ്ങളായ ചില അനുഭവവിശേഷങ്ങൾ—തീവ്രവും അവിസ്മരണീയവുമായ ചില വികാരങ്ങൾ എന്താണെന്നു ശാസ്ത്രത്തിന് ഇനിയും ഒരു എത്തുംപിടിയും കിട്ടിയിട്ടില്ല. ഈ മാതിരി അനുഭൂതികളും പ്രതീതികളും, തദനുബന്ധകങ്ങളായ ഉന്നമ്രവികാരങ്ങളും പരിണാമസിദ്ധാന്തപ്രകാരമുള്ള "ജീവികാസമ്പാദനത്തിനും സന്താനോല്പാദനത്തിനും" എങ്ങനെ പ്രയോജനപ്പെടുന്നുവെന്നു സ്പഷ്ടമാകുന്നില്ല. സ്വഭാവരൂപവൽകരണത്തിൽ അവയ്ക്കു് അകന്ന കയ്യ് ഉണ്ടെന്നു വേണമെങ്കിൽ വളച്ചുകെട്ടി പറയാം. എന്നാൽ, "ജീവിതമത്സര"ത്തിൽ, ഇവ, ആ 'സ്വഭാവ'ത്തെ തിരിച്ചു വിടുന്നതിൽ ഒരു പങ്കും എടുക്കുന്നില്ല. ലോകത്തെ മുഴുവൻ ശക്തി തന്ത്രം (Physics) രസതന്ത്രം (Chemistry) തുടങ്ങിയ ശാസ്ത്രങ്ങളുടെ വലയത്തിനുള്ളിൽ ഒതുക്കിനിറുത്തുവാൻ ശ്രമിക്കുന്നവർ ഈ മാതിരി കാര്യങ്ങളുടെ നേരെ കണ്ണു ചിമ്മിയാൽ മതിയാകയില്ല. നിഷ്പക്ഷമായി നോക്കുമ്പോൾ കേവലം ശാസ്ത്രാസ്ഥിതമായ ലോകത്തിൽ ഇപ്പറഞ്ഞതെല്ലാം അസ്ഥാനത്താണെന്നു കാണാം. പ്രകൃതിയുടെ അനുല്ലംഘ്യങ്ങളും സുന്ദരങ്ങളുമായ നിയമങ്ങളെ അവർതന്നെ എതിർക്കുന്നുവെന്നു വരുമോ? ഇവ വെറും മായാബാധകളാണെന്നു പറഞ്ഞു തള്ളിയാൽ, എല്ലാം മായതന്നെയല്ലെ എന്നു തട്ടത്തു പറയാവുന്നതാണ്.

ഏതാദൃശങ്ങളായ അനുഭൂതികളിൽ പൊന്തിച്ചു നില്ക്കുന്നതു മതം, വേദന, സൌന്ദര്യം ഈ മൂന്നിനോടും സംബന്ധിച്ചുള്ളവയാകുന്നു. ഇവ മൂന്നും സംസ്കാരമൃദുലങ്ങളായ ഹൃദയങ്ങളിൽ രഹസ്യാസ്പദമായ ഒരു അധികാരം ചെലുത്തുന്നുണ്ട്. ഭൌതികവാദം ശരിയാണെങ്കിൽ ഇവയ്ക്കൊന്നിനും ഇടമില്ല; മനുഷ്യസമുദായത്തിലെ പ്രകൃഷ്ടമനസ്സുകൾ ഇവയോടു എന്നും ബഹുമാനപുരസ്സരമായ ഒരു മനോഭാവമാണു കൈക്കൊണ്ടിട്ടുള്ളതു്. നമുക്കു നോക്കുക.

1. മതപരമായ വികാരത്തിന്റെ സാർവ്വജനീനതയെക്കുറിച്ചൊ യുക്തിയ്ക്കതീതമായ അതിന്റെ നിലയെക്കുറിച്ചൊ വിശേഷിച്ചൊന്നും പറയേണ്ടതായിട്ടില്ല. ഇന്ദ്രിയാതീതമായുള്ളതു പ്രധാനവും യഥാതഥവുമാണെന്നും, അതു മനുഷ്യന്റെ അന്തരിന്ദ്രിയങ്ങൾക്ക് അനുഭവിച്ചറിയുവാൻ കഴിയുമെന്നുമുള്ള ബോധം മനുഷ്യവർഗ്ഗത്തിൽ വേരുറച്ചിട്ടുള്ളതാകുന്നു. നമ്മുടെ ജീവിതതത്വങ്ങളിൽ ഒന്നായ 'വിശ്വാസ'ത്തെ മുറുകെ പിടിച്ചുകൊണ്ട്, ജീവിതേച്ഛയെത്തന്നെ ചിലപ്പോൾ അതു ചെറുത്തുനിൽക്കുന്നതായി കാണാം. ഭൌതികജീവിതത്തിലെ താല്പര്യങ്ങളെ ശാശ്വതജീവിതത്തിന്റെ പീഠത്തിൽ ബലികഴിക്കുന്നതായും കാണാം. പ്രാകൃതമനുഷ്യരുടെയിടയിൽ ഔപയോഗികാവസ്ഥയിൽ സ്ഥിതിചെയ്യുന്ന മതം, സംസ്കാരത്തിന്റെ പുരോയാത്രക്കനുസരിച്ചു ഒരു ആദ്ധ്യാത്മികസ്വരൂപം സ്വീകരിക്കുന്നു. അതു മന്ത്രവാദത്തിൽ തുടങ്ങി കേവലസ്നേഹത്തിൽ അവസാനിക്കുന്നു. ഇത്ര ശക്തിമത്തും സാർവ്വത്രികവുമായ മതവാസനയെ കേവലം ഭൌതികതത്വപ്രകാശത്തിൽ എങ്ങിനെ വിവരിക്കാം?

2. രണ്ടാമതായി ദുരിതപ്രശ്നം (The problem of suffering) തന്നെ എടുക്കുക. പ്രകൃതിനിയമങ്ങളുടെ നിർദ്ദയമായ പ്രവർത്തനത്താലും, മനുഷ്യന്റെ ക്രൂരത, ദുര, അനീതി മുതലായ കാരണങ്ങളാലും ലോകത്തിൽ കാണപ്പെടുന്ന മാനസികവും ശാരീരികവുമായ ദുരിതങ്ങൾക്കു കണക്കുണ്ടൊ? ഇവിടെ ഭൌതികവാദി ചില ന്യായങ്ങൾ പൊക്കിക്കൊണ്ടുവരും. ശേഷിയുള്ളതു ശേഷിക്കണം. (Survival of the fittest) എന്ന പ്രകൃതിനിയമത്തിന്റെ പ്രയോഗത്തിൽ ലഘുവായ പീഡനങ്ങളും ദുരിതങ്ങളും അനിവാര്യമാണെന്നും, അവ ജീവികളുടെ നിലനില്പിനു സഹായകങ്ങളാണെന്നും പറയാറുണ്ട്. രോഗഗ്രസ്ഥരായുള്ളവരുടെ ക്ലേശഭൂയിഷ്ഠമായ ഇഴഞ്ഞുവലിഞ്ഞുള്ള ജീവിതം, നിര

പരാധികൾക്കു അനഘമായി ലഭിക്കുന്ന നിഷ്ഠൂരമർദ്ദനം, ചിരവിരഹികളുടെ തപ്താശ്രു, നിരാശാജർജ്ജരിതമായ മരണങ്ങൾ—ഇവയെ ഭൗതികവാദി ഏതു പട്ടികയിൽ പെടുത്തുമെന്നറിഞ്ഞില്ല! മനുഷ്യൻ പരിഷ്കാരശ്രേണിയിൽ ഉയരുന്തോറുമാണു, അവനുവേണ്ടി ഒരുക്കിയിരിക്കുന്ന ദുരിതാനുഭവങ്ങളുടെ തീവ്രതയും കരാളതയും അവനു കൂടുതലായി അനുഭവപ്പെടുന്നതെന്നും ഇവിടെ ഓർമ്മിക്കണം. തുലോം വിചിത്രവും അർത്ഥവത്തുമായ മറെറാരു സംഗതികൂടി ഇവിടെ അറിയേണ്ടതുണ്ടു്. ചില അസാധാരണ വ്യക്തികൾ ദുരിതങ്ങളേയും സങ്കടങ്ങളേയും സന്തോഷത്തോടും കൌതുകത്തോടുംകൂടി ആശ്ലേഷിക്കുന്നു! അവർ അതിനെ സനാതനരഹസ്യങ്ങളുടെ ഒരു "അദ്ധ്യാത്മവിദ്യാലയ"മായും, ആനന്ദസാമ്രാജ്യത്തിന്റെ കവാടമായും പരിഗണിക്കുന്നു! പീഡനോപകരണങ്ങൾ എന്തിനാണെന്നല്ല, അവ വ്യക്തിയെ വേദനിപ്പിക്കുന്നതു എന്തുകൊണ്ടാണെന്നാണു ചോദ്യം. പരിണാമതത്വത്തിനു ഇവിടെ ഒന്നും പറയാനില്ല. വേദന മാനസികമാണു്; അല്പം 'ക്ലോറോഫോം' പ്രയോഗിച്ചാൽ വേദന നശിക്കും. പൂർണ്ണബോധാവസ്ഥ സന്തോഷത്തിനും സന്താപത്തിനും ഒരുപോലെ വിധേയമാകുന്നതിന്റെ രഹസ്യമെന്തു്? നമ്മുടെ പ്രധാനപ്പെട്ട പല ധർമ്മങ്ങളും ബോധാവസ്ഥയ്ക്കു വെളിയിൽ കിടക്കുമ്പോൾ, ദുഃഖത്തിന്റെ നേരിയ കാററുവീശലിൽ നമ്മുടെ പ്രജ്ഞ ആമൂലശിഖരം ഉലഞ്ഞുപോകുന്നതെന്തുകൊണ്ടു്? പരിണാമപഥത്തിൽക്കൂടിയുള്ള പുരോഗമനത്തിൽ എതിർശക്തികളോടു നിരന്തരം മല്ലടിച്ചു്, മനുഷ്യന്റെ ഹൃദയം മരവിച്ചുപോകേണ്ടതിനു പകരം മൃദുതരമായി വരുന്നതു വിചിത്രമായിരിക്കുന്നില്ലേ? ഇററിററു വീഴുന്ന പ്രപഞ്ചബാഷ്പത്തെ തന്റെ കൈക്കുമ്പിളിൽ ഏററുവാങ്ങുന്നതിനു വിറയാർന്ന കരങ്ങൾ അവൻ എന്തിനു് ഉയർത്തുന്നു? മർദ്ദിതരും പീഡിതരുമായ സഹജീവികളുടെ ദുർന്നിവാരമായ ക്ലേശവാസ്പിൽ തുല്യദുഃഖിതനായി, അവന്റെ അനുകമ്പാമസൃണമായ ഹൃദയം എന്തിനു വെമ്പൽ കൊള്ളുന്നു?

എങ്ങിനെ നോക്കിയാലും ദുഃഖം അല്ലെങ്കിൽ വേദന മനുഷ്യാത്മാവും ജഗത്തും തമ്മിലുള്ള പൊരുത്തമില്ലായ്മയെയാണു കുറിക്കുന്നതു്. ഈ നിരപ്പുകേടു പരിഹരിക്കുന്നതിനു, ഒന്നുകിൽ ആത്മാവിനെ ഇന്ദ്രിയലോകത്തിനു് അനുകൂലമാക്കി മനഃപൂർവ്വം പരിവർത്തിപ്പിക്കണം; അല്ലെങ്കിൽ, ആത്മസാരൂപ്യമുള്ള മറെറാരു ലോകത്തിലേയ്ക്കു പിന്തിരിയണം. പ്രസാദാത്മകൻ, ദുഃഖത്തേയും സങ്കടങ്ങളേയും "സുഖദുർഗ്ഗമേറുവാൻ" നമ്മെ "ഉന്തിവിടുന്ന" ഒരു കൈയായും, "അറിവോതിടുന്ന സൽഗുരു"വായും കാണുന്നു. ജീവിതനിരീക്ഷണത്തിൽനിന്നും വ്യഥ, പ്രേമത്തിന്റെ മറെറ പകുതിയാണെന്നു അവൻ മനസ്സിലാക്കുന്നു. പരമാത്മ സങ്കേതത്തിലേയ്ക്കു പറന്നെത്തുന്നതിനുള്ള ചിറകുകളായി അവൻ ഇവയെ കണക്കാക്കുന്നു.

"ഭുവനൈകശില്പി" "മിഴിനീരിൽ മുക്കി" നമ്മുടെ മാറെറാറുകയാണെന്നു വിശ്വസിച്ചുകൊണ്ടു് തന്റെ സിദ്ധാന്തത്തെ പരീക്ഷിച്ചറിയുവാൻതന്നെ നിശ്ചയിക്കുന്നു. ഭൗതികസുഖാനുഭോഗങ്ങളിൽ പരാങ്മുഖനായി, ദുരിതങ്ങളെ മുകർന്നുകൊണ്ടു് ഒരു ഉഗ്രതപസ്വിയായി അവൻ രൂപാന്തരപ്പെടുന്നു. ഇതു് ഒരു വക ഭീരുത്വവും രോഗലക്ഷണവുമാണെന്നു ഭൗതികവാദി വിധി എഴുതുന്നു!

അങ്ങിനെ ഒരു ഭാഗത്തു നികൃഷ്ടരേയും ഭീരുക്കളേയും, മറുഭാഗത്തു വീരന്മാരേയും സിദ്ധന്മാരേയും പകുത്തിട്ടുകൊണ്ടു സൃഷ്ടിജാലങ്ങളുടെ നടുവിൽക്കൂടി തുളഞ്ഞുകയറുന്ന ഈ വേദനാകുഠാരത്തെ വിവരിക്കുവാൻ ഭൗതികതത്വജ്ഞാനത്തിനു ഇനിയും കഴിഞ്ഞിട്ടില്ല.

3. ഇതുപോലെതന്നെ സംഗീതം, സാഹിത്യം, സൌന്ദര്യം, താളം, ഭക്തി മുതലായവയും ഭൗതികദൃഷ്ടിയിൽ അവ്യാഖ്യേയങ്ങളായി സ്ഥിതിചെയ്യുന്നു. ചെടികളുടെ ബീജവിതരണത്തിനു സഹായകമായി പ്രകൃതിയാൽ ഏർപ്പെടുത്തപ്പെട്ടിരിയ്ക്കുന്ന അണ്ഡകോശോപരിസ്ഥിതമായ ദലസമൂഹത്തെ—സൌകര്യത്തെ മുൻനിറുത്തി നാം ഇതിനെ 'പൂവു്' എന്നു വിളിക്കുന്നു—കാണുമ്പോൾ ചില പ്രത്യേക വ്യക്തികൾ വികാരപരവശരായി, "ഉൽപ്പന്നമായതു നശിയ്ക്കും അണുക്കൾ നിൽക്കും" എന്നു തുടങ്ങിയ ഗംഭീരചിന്തകൾക്കു വിധേയരാകുന്നു! മന്ദാനിലാന്ദോളിതമായ ജലവിഭാഗം "തൻതിരകളാൽ താളംപിടിച്ചു പാടിപ്പാടി" കിടക്കുന്നതായി ചില മൃദുഹൃദയന്മാർക്കു് അനുഭവപ്പെടുന്നു. ഇതെല്ലാം എങ്ങിനെ എന്തുകൊണ്ടു് എന്നു ചോദിച്ചാൽ 'മറുപടിയില്ല'. പദാർത്ഥാന്തസ്ഥമായ സൌന്ദര്യത്തെ പിഴിഞ്ഞെടുക്കുന്ന യന്ത്രവിശേഷമേതെന്നു "കാർത്തിരക്കാലുഴലുന്ന ലോക"ർക്കു ഒരു പിടിയും കിട്ടുന്നില്ല! ഉൽകൃഷ്ടകവിത നമ്മെ ബ്രഹ്മാനന്ദത്തിൽ ലയിപ്പിക്കുന്നതും, ആരോഹണാവരോഹണരീതിയിൽ സംഘടിപ്പിച്ചിട്ടുള്ള ശബ്ദജാലം നമ്മെ നിർവ്വാണപദ

ത്തിൽ എത്തിക്കുന്നതും എങ്ങനെയെന്നു നിഷ്കൃഷ്ടമായി പറയുവാൻ നമുക്കു സാധിക്കുന്നില്ല. സൗന്ദര്യശാസ്ത്രത്തെ അധികരിച്ചുണ്ടായിട്ടുള്ള നീണ്ടു മുഷിപ്പനായ അനേകം പ്രപഞ്ചനങ്ങൾക്കു ശേഷവും മൂടൽമഞ്ഞു മാറുന്നില്ല! മന്ദാക്ഷലോലുപനായ സൌന്ദര്യരൂപിണി അവളുടെ ഹൃദയരഹസ്യത്തെ മാറത്തടുക്കിപ്പിടിച്ചുകൊണ്ടു നമ്മുടെ പിടിയിൽനിന്നും കുതറിക്കളയുന്നു! അവളുടെ പ്രേമലേഖനങ്ങൾ നമുക്കു ചിലപ്പോൾ ലഭിക്കുന്നു; അതിലെ സന്ദേശസാരം തെല്ലും മനസ്സിലാക്കാതെതന്നെ നാം മറുപടിയും കൊടുക്കുന്നു; അഥവാ കൊടുക്കാൻ നിർബന്ധിതരാകുന്നു!

## IV

ഇതാ, ഇവിടെയാണു മിസ്റ്റിക്കൽ (mystical) എന്നു സാധാരണ വിളിക്കാറുള്ള ആ പ്രത്യേക ചിത്തവൃത്തി—ആ വിചിത്രവീക്ഷണകോടി നമുക്കു ദൃശ്യമാകുന്നതു്. ഇവിടെ, തത്വജ്ഞാനം കാണിച്ചുതന്ന വിസ്താരമേറിയതും അന്ധവുമായ മാർഗ്ഗങ്ങൾക്കു പകരം ചില പ്രത്യേക വ്യക്തികൾ, ഇടുങ്ങിയതും ഋജുവുമായ ചില പാഥകൾ ഈശ്വരസന്നിധിയിലേക്കു പോകുന്നതായി കണ്ടുപിടിക്കുന്നു. മതം, വേദന, സൌന്ദര്യം മുതലായതുകളിൽക്കൂടി ദിവ്യസത്തയുടെ ചേലാഞ്ചലത്തിൽ സ്പർശിക്കുന്നതായി അവർ പറയുന്നു. ഒരു അതീന്ദ്രിയലോകവുമായി, ചില ഗൂഢമാർഗ്ഗങ്ങളിൽക്കൂടി, അവർ വാർത്താവിനിമയം ചെയ്യുന്നു. "അദ്ധ്യാത്മതത്വത്തെ ഇന്ദ്രിയങ്ങൾ മുഖേന അറിയുന്നതു തന്നെയാണു സൌന്ദര്യം" എന്നു ഹേഗൽ (Hegel) പറയുന്നുണ്ടു്. റുഡോൾഫ് യൂക്കൻ (Rudolph Eucken) ഇങ്ങനെ പറയുന്നു:— "ധർമ്മം, സൌന്ദര്യം, സത്യം ഇവയിലൂടെ സനാതന ചൈതന്യം സ്വയം വെളിപ്പെടുത്തുന്നു. അവ സുദൃഢവും സത്തായുക്തവുമായ ഒരു ലോകത്തിന്റെ അംശങ്ങളാകുന്നു." ഇവിടെ പാഞ്ചഭൗതികമായ ലോകത്തിന്റെ മൂടുപടം അല്പാല്പം പിന്നോക്കം നീക്കപ്പെടുന്നു; സൌന്ദര്യസത്ത പതുക്കെ എത്തിനോക്കുന്നു. ചില ഭക്തയോഗികൾ—മിസ്റ്റിക്കുകൾ—തങ്ങളുടെ ശരീരകാരാഗാരത്തിന്റെ ഇരുമ്പഴികളിൽക്കൂടി അതിനെ വ്യക്തമായൊ അവ്യക്തമായൊ ദർശിക്കുന്നു.

"സൌന്ദര്യശാസ്ത്രത്തിലേയ്ക്കു ചുഴിഞ്ഞുചെല്ലുന്നതായാൽ, അതിലെ തത്വങ്ങൾ, ജ്ഞാതവും ജ്ഞേയവും തമ്മിലുള്ള ആദർശപരമായ താദാത്മ്യഭാവത്തിലാണ് ഉറച്ചിരിക്കുന്നതെന്നു കാണാം. ഒരു പ്രത്യേക ദിക്കിൽ ഈ ഐക്യഭാവം സമ്പൂർണ്ണതയെ പ്രാപിക്കുന്നു. അപ്പോഴാണു വികാരവിജൃംഭണം ഉണ്ടാവുന്നതു്. സുന്ദരവസ്തു അപ്പോൾ സാത്വികമായി മാറുന്നു. ക്ഷണികമായ ഈ ക്രാന്തദർശനവേളയിൽ നിത്യസത്തയുമായി സമ്പർക്കം ലഭിച്ചു്, മിസ്റ്റിക് അവസ്ഥയിൽ, ബ്രഹ്മസാക്ഷാൽക്കാരം സംഭവിക്കുന്നു. പരിപൂർണ്ണമായ ഭൗതികനിസ്സംഗത അനുഭവപ്പെടുന്ന ഈ അവസ്ഥ മിസ്റ്റിക്കിന്റെ 'തുരീയാവസ്ഥ'യിൽ നിന്നു ഭിന്നമല്ല." എന്നിങ്ങനെയാണു റേസ്ജാക്ക് (Racejac) മേൽ സൂചിപ്പിച്ച തത്വങ്ങളെ വിവരിക്കുന്നതു്. സർവ്വാത്മകമായ ഈ ശാശ്വതസത്യത്തെ—നാനാത്വത്തിലുള്ള ഈ ഏകത്വത്തെ കുറിച്ചാണു സെയിൻറ് അഗസ്റ്റിൻ ഇങ്ങനെ ആക്രോശിക്കുന്നതു്:— "അത്ര പഴയതും അത്ര പുതിയതുമായ ഒ! സൌന്ദര്യമെ! നിന്നെ പ്രേമിക്കുവാൻ ഞാൻ ഇത്ര വൈകിപ്പോയല്ലൊ." ഈ അർത്ഥത്തിൽ തന്നെയാണു "സൌന്ദര്യം സത്യവും, സത്യം സൌന്ദര്യവു"മാകുന്നതു്.

സൌന്ദര്യബോധം ഒരു സുഖാനുഭൂതി എന്ന നിലയിൽ നിന്നു് ഒരു ഉഗ്രവികാരം എന്ന നിലയിൽ എത്തുമ്പോൾ, ആ ആനന്ദത്തിൽ ഒരു ഭയത്തിന്റെയും അത്ഭുതത്തിന്റെയും കലർപ്പുണ്ടാവാറുണ്ടു്. ആ സമയത്തു പ്രപഞ്ചം മുഴുവൻ ഒരു പുതിയ ചൈതന്യം—ഒരു പുതിയ കാന്തി നിറഞ്ഞു തുളുമ്പുന്നതായി അനുഭവപ്പെടുന്നു. പ്രജ്ഞ, ഉന്മിഷത്താകുന്ന ഇങ്ങനെയുള്ള തീക്ഷ്ണഘട്ടങ്ങളിൽ നിസ്സാരങ്ങളായ പുൽക്കൊടിയും മഞ്ഞുതുള്ളിയും കൂടി ഗംഭീരങ്ങളായ തത്വങ്ങളെ ഉൾക്കൊള്ളുന്നതായി തോന്നിക്കുന്നു. ദ്രഷ്ടാവു പൊടുന്നനവെ മഹാ രഹസ്യങ്ങളുടെ ശ്രീകോവിലിലേയ്ക്കു് ആനയിക്കപ്പെടുന്നു! ഇപ്രകാരമുള്ള അവസരങ്ങളിലാണു യഥാർത്ഥസത്യാന്വേഷിക്കു അവഗണിക്കുവാൻ പാടില്ലാത്ത ഒരു പുതിയ ഉപാധിയുടെ സാന്നിദ്ധ്യം അനുഭവപ്പെടുന്നതു്.

ഈ നിബന്ധനത്തിന്റെ പ്രാരംഭത്തിൽ സൂചിപ്പിച്ച ആ സാഹസികന്മാർ—മിസ്റ്റിക്കുകൾ പറയുന്നു! "ഞങ്ങൾ മനുഷ്യർ തന്നെയെങ്കിലും, വനാന്തരങ്ങളിലും സീമയററ ശൂന്യാകാശത്തിലും വിഹരിക്കുന്നവരെങ്കിലും, ഞങ്ങൾക്കൊരു വാസനയുണ്ടു്. എല്ലായ്പോഴും വീട്ടിലേയ്ക്കു മടങ്ങുവാൻ. ഞങ്ങൾ അന്വേഷിക്കുന്നു—അദൃശ്യമായ ഒരു സുന്ദരനഗരത്തെ. അന്വേഷിക്കുന്നതിനുള്ള ഈ സന്നദ്ധത തന്നെ, ചെറുതെങ്കിലും, ഒരു നേട്ടമാണു; സംശയമില്ല." (Royce)

# വിശാലകേരളം

ജീവിതശൈലത്തിൻെറ അധിക്യതയിൽ എത്തിയിട്ടുള്ളവർക്ക്, വാസ്തവത്തിൽ, ഈ നഗരം അത്ര അദൃശ്യമാണെന്നു പറഞ്ഞുകൂടാ. മിസ്റ്റിക്കുകൾ അതു വ്യക്തമായി കാണുന്നുവെന്നു അവർ നൽകുന്ന വിവരണങ്ങളിൽ നിന്നു മനസ്സിലാക്കാം. "തീൎത്ഥകനായ മനുഷ്യ"ൻെറ പരമലക്ഷ്യമായ ഈ സൌന്ദൎയ്യനികേതത്തിൽ നിന്നു അവനു സദാ സന്ദേശങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നു. സ്ഥലകാലാതീതമായ ഈദൃശസന്ദേശങ്ങളെയാണു നാം സൌന്ദൎയ്യരൂപത്തിലും പ്രേമരൂപത്തിലും മററും അദ്ധ്യവസായം ചെയ്യുന്നതു്. സത്യത്തെ ആരാഞ്ഞുകൊണ്ടു ഭിന്നമാൎഗ്ഗങ്ങളിൽ കൂടിയുള്ള മനുഷ്യൻെറ ചിന്തകളിൽ ഏററവും സഫലമായിട്ടുള്ളതു മിസ്റ്റിക് ചിന്താപദ്ധതിയാണെന്നു പറയാം. സനാതനസത്തയെ അറിയുന്നതിനു മാത്രമല്ല, പ്രാപിക്കുന്നതിനും അതിൽ കഴിവുണ്ട്. മിസ്റ്റിക്കിൻെറ സായൂജ്യസാധകമായ അനുഷ്ഠാനങ്ങൾ യുക്തിയിലല്ല, ജീവിതത്തിലാണു് അടിയുറച്ചു നിൽന്നതു്. സനാതനചൈതന്യത്തിൻെറ ഒരു 'വിസ്ഫുലിംഗം' ജീവാത്മാവിൽ കൂടി കൊള്ളുന്നുണ്ടെന്നും, ആത്മബ്രഹ്മൈക്യദശയിൽ ഈ വിസ്ഫുലിംഗം ആ സനാതനവഹ്നികുണ്ഡത്തിൽ എരിഞ്ഞൊടുങ്ങുന്നുവെന്നുമത്രെ മിസ്റ്റിക്കിൻെറ വിശ്വാസം. അവർ ഹൎഷോന്മത്തരായി ഉൽഘോഷിക്കുന്നു:— "അഹൊ! ആസ്വദിച്ചറിയുക! ഞങ്ങളുടെ ശാസ്ത്രം പരീക്ഷണങ്ങൾക്കു വിധേയമാണു്. ഞങ്ങൾ സ്വീകരിക്കുന്ന ഉപായത്തെയല്ലാതെ ഞങ്ങളുടെ ഉപേയത്തെ പറഞ്ഞു മനസ്സിലാക്കുവാൻ സാധ്യമല്ല. ഇന്ദ്രിയങ്ങളിൽ നിങ്ങൾക്കുള്ള അബദ്ധമായ വിശ്വാസത്തെ കൈവെടിയുക. അവയുടെ വിലക്ഷണമായ ഭാഷയെയും വിട്ടൊഴിയുക; തത്വജ്ഞാനം വല്ലതും നിങ്ങളെ പഠിപ്പിച്ചിട്ടുണ്ടെങ്കിൽ, അതു നിങ്ങളെ തളച്ചിരിക്കുന്ന കയറിൻെറ നീളം മാത്രം! അതിനപ്പുറത്തു സ്ഥിതി ചെയ്യുന്ന ശ്യാമളകോമളമായ പുൽത്തകിടി നിങ്ങൾക്കു അനഭിഗമ്യമാണെന്നുള്ളതും മാത്രം! പല ആദൎശവാദികളും ഈ കയറു പൊട്ടിക്കുന്നതിനുള്ള ശ്രമത്തിനിടയിൽ, തങ്ങൾ സ്വതന്ത്രരായി എന്നു ഭ്രമിച്ചിട്ടുണ്ടു്. അവരെല്ലാം ഇന്ദ്രിയപരിമിതമായ വലയത്തിനുള്ളിൽ വട്ടം കറങ്ങുകയായിരുന്നു! എന്നാൽ, ഞങ്ങളുടെ ഈ ചെറിയ സംഘത്തിൽ പെട്ടവർ മാത്രം കഴുത്തിലെ കെട്ടുകെട്ടഴിച്ചു്, കടമ്പ ചാടി ഇതാ മേച്ചിൽസ്ഥലത്തെത്തിയിരിക്കുന്നു. ഞങ്ങൾ നിങ്ങളോടു ഉള്ളതു മുഴുവൻ തുറന്നു പറയാം. ഞങ്ങളുടെ ഉപകരണങ്ങൾ, നിഷ്കപടത, നേട്ടങ്ങൾ ഇവയെല്ലാം നിങ്ങൾ പരിശോധിക്കുക. ഞങ്ങൾ കണ്ടതും അനുഭവിച്ചതും നിങ്ങൾക്കും സാധിക്കുമെന്നു ഉറപ്പു നൽകാൻ നിവൃത്തിയില്ല; എന്തെന്നാൽ ഇക്കാൎയ്യത്തിൽ ഓരോരുത്തനും സ്വയം പരിശ്രമിച്ചു കഴിയൂ. പക്ഷെ, ഞങ്ങളുടെ അനുഭവങ്ങൾ അസംഭാവ്യമൊ, അസാധുവൊ ആണെന്നു തെളിയിക്കാമെങ്കിൽ—വരു, കാണട്ടെ! ........" (Coventry Patmore)

സത്യാധിഷ്ഠിതമായ സൌന്ദൎയ്യസത്തയുടെ ഉപാസകന്മാരാണു മിസ്റ്റിക്കുകൾ. യമനിയമാദി ആത്മീയസാധനകൊണ്ടു ജിതേന്ദ്രിയന്മാരായി തീൎന്നിട്ടുള്ള അവധൂതന്മാർ ഭക്തിമാൎഗ്ഗത്തിൽക്കൂടി സഞ്ചരിച്ചു് ഒരു പ്രത്യേക സ്ഥാനത്തു് എത്തുമ്പോൾ, അവർ, പരമാത്മാവിൽ, സമുദ്രത്തിൽ വെള്ളത്തുള്ളി എന്നപോലെ, ലയിക്കുന്നു.

"ഓം സാകസ്മൈ പരമപ്രേമരൂപാ,
അമൃതസ്വരൂപാചാ"

എന്നാണു ഈശ്വരഭക്തിയെക്കുറിച്ചു പ്രസിദ്ധഗായകമിസ്റ്റിക്കായ നാരദൻ പറയുന്നതു്. ഈശ്വരങ്കൽ ലയിച്ചാലുള്ള ഫലത്തെ വിവരിക്കുന്നതു നോക്കുക:—

"തൽപ്രാപ്യത ദേവാവലോകയതി, തദേവശൃണോതി, തദേവഭാഷയതി, തദേവചിന്തയതി."

ഈ അഭേദാവസ്ഥയിലുണ്ടാകുന്ന മധുരാനുഭവങ്ങളുടെ ശാന്തസുന്ദരമായ ചിത്രീകരണമാണു മിസ്റ്റിക്കവിതകളിൽകാണുന്നതു്. നോക്കുക:— "The Babe sucking its mother's breast, and the Lover returning after twenty year's separation, to his home and food in the same bosom, are the types and princes of mystics"; "അമ്മയുടെ മാൎവ്വിടത്തിൽ മുലപ്പാൽ നുകൎന്നുകൊണ്ടു കിടക്കുന്ന ശിശുവും, ദീൎഘനാളത്തെ വിരഹത്തിനുശേഷം നായികയെ പ്രാപിക്കുന്ന കാമുകനും മിസ്റ്റിക്കുകളുടെ സജീവമാതൃകകളാകുന്നു." ഇതേസമ്പ്രദായത്തിലുള്ള മിസ്റ്റിക്ചിന്ത താഴെ കാണുന്ന സംസ്കൃതശ്ലോകത്തിൽ ആവൎത്തിച്ചിരിക്കുന്നതു നോക്കുക:—

"അജാതപക്ഷാ ഇവ മാതരം ഖഗാ
സ്തന്യം യഥാവത്സതരാഃ ക്ഷുധാൎത്താഃ
പ്രിയം പ്രിയേവ വ്യുഷിതാം വിഷണ്ണാ
മനോരവിന്ദാക്ഷ ദിദൃക്ഷതേത്വാം"

മിസ്റ്റിക് പഥത്തിൽ നാം കാൽ വച്ചതേയുള്ളു. പക്ഷെ, ഇവിടെ വച്ചു ലേഖകനു വിടവാങ്ങേ

ണ്ടിയിരിക്കുന്നു. ത്രിലോകം വിപുലമായ പ്രകൃതത്തിന്റെ ഒരു കോണുപോലും സ്പർശിക്കുവാൻ കഴിഞ്ഞിട്ടില്ല. സച്ചിദാനന്ദപ്രഭയിൽ കുളിച്ചുനിൽക്കുന്ന മിസ്റ്റിക് സൌധത്തിന്റെ അംബരചുംബിയായ കനകസ്തൂപികകൾ അതാ, അങ്ങു, ദൂരെ മിന്നിതിളങ്ങുന്നു. മനോഹരമായ ആ സൌധത്തിന്റെ ഉള്ളിൽ കടന്നു പരിശോധിച്ചാൽ കൊള്ളാമെന്നു ഒരു ഔത്സുക്യം ഈ ലേഖനം വായിക്കുന്നവരിൽ ജനിപ്പിക്കുവാൻ സാധിച്ചിട്ടുണ്ടെങ്കിൽ ലേഖകൻ കൃതാർത്ഥനാണ്.

മിസ്റ്റിസിസം എന്ന തലക്കെട്ടിൽ വല്ലതും കുറെ എഴുതിതള്ളി, ഒടുവിൽ, മലയാളത്തിലെ മിസ്റ്റിക് കവികളുടെ മേൽ ചാടി വീണു അവരെ കുറെ ഏറെ ശകാരിച്ച്, അങ്ങനെ ഒരു കലാശക്കോട്ട കത്തിച്ച് അടങ്ങുന്ന പതിവു കാണാറുണ്ട്. എന്നാൽ ഈ മാതിരിയുള്ള നിരൂപണങ്ങളിൽ ചിലതു, ശകാരങ്ങളെ സാധൂകരിപ്പാൻ മാത്രം അത്രയ്ക്കു സുസമർത്ഥങ്ങളോ ദോഷവിമുക്തങ്ങളോ ആയിട്ടല്ല കാണപ്പെടുന്നതെന്നും പറയണം. ഏതായാലും മിസ്റ്റിസിസത്തിന്റെ പ്രാഥമികതത്വങ്ങളെ കുറിച്ചു നടത്തിയ ഈ ലഘുവിചിന്തനം മിസ്റ്റിക്സാഹിത്യത്തിലേക്കു കടക്കുവാൻ ഈ ലേഖകനു ധൈര്യം നൽകുന്നില്ല.

മാംസഗന്ധിയായ കുറെ ശൃംഗാരവും ചിതറിക്കിടക്കുന്ന കുറെ സ്വപ്നദർശനങ്ങളും ഭാഷാദ്രാവകത്തിൽ അരച്ചുകലക്കി, മൂന്നു നാലു "ഓമന" വിളി മേല്പൊടിയും ചേർത്തു കൊടുത്താൽ അതു മധുരമായ മിസ്റ്റിക് കവിതയാണെന്നു കരുതി കണ്ണുമടച്ചു വലിച്ചുകുടിച്ചു കൊള്ളുമെന്നു വിചാരിക്കുന്നതു കുറെ സാഹസം തന്നെയാണ്. അനുവാചകന്മാരുടെ രസനാഗ്രത്തിലെ സ്വാദേദികളായ ഗ്രന്ഥികൾ (taste-buds) അത്രയ്ക്കൊന്നും മരവിച്ചുപോയിട്ടുണ്ടെന്നു--രോഗബാധിതമായിട്ടുണ്ടെന്നു വിചാരിക്കരുതല്ലൊ. "മിസ്റ്റിക്കാവ്യങ്ങൾ മിസ്റ്റിസത്തിന്റെ ദിവ്യാനുഭവങ്ങളെ സാക്ഷാൽക്കരിച്ചവരിൽനിന്നെ ഉണ്ടാവുകയുള്ളു. അതു കാമമല്ല; പ്രേമമാണ്; അവ്യക്തശ്രവണമല്ല, വ്യക്താനുഭവമാണ്." "ഈശ്വരവിഷയകമായ രതി അഥവാ ഭക്തിയാണു മിസ്റ്റിസിസത്തിലെ പ്രതിപാദ്യവസ്തു." അപ്പോൾ നിരന്തരമായ പ്രേമസാധനകൊണ്ടു ഹൃദയത്തിലെ കറ കളഞ്ഞു യൌഗികാവസ്ഥ പ്രാപിച്ചിട്ടുള്ളവരിൽ നിന്നു മാത്രമേ യഥാർത്ഥമിസ്റ്റിക്കവിത പുറപ്പെടുകയുള്ളുവെന്നു വരുന്നു. "പ്രേമസൌന്ദര്യങ്ങളുടെ അധിഷ്ഠാനമെന്നു വിശ്വസിക്കപ്പെടുന്ന സനാതനചൈതന്യത്തോടുള്ള സായൂജ്യസമ്പാദനപരമായ ഇച്ഛ" യോടുകൂടി മുമ്പോട്ടുപോകുമ്പോൾ ഏററവും എളിയ ഒരു കലാകാരനും ചിലപ്പോൾ മിസ്റ്റിക് സാധാരണമായ ക്രാന്തദർശിത്വം--ചില സുന്ദരപ്രേരണകൾ ലഭിച്ചുവെന്നു വരാം. അങ്ങനെയുണ്ടാകുന്ന അസുലഭനിമിഷങ്ങളെ കയ്യോടെ കടന്നു പിടിച്ചു കലാസുഭഗമായ രീതിയിൽ അവയെ ശാശ്വതീകരിക്കണം. അതുമല്ലെങ്കിൽ മിസ്റ്റിക്തത്വശാസ്ത്രത്തിലും മിസ്റ്റിക്സാഹിത്യസമുദായത്തിലും അവഗാഹനം ചെയ്തു, അവയുടെ പ്രത്യേകസങ്കേതങ്ങളെ മനസ്സിലാക്കി, അനുസന്ധാനബലംകൊണ്ടു് അവയുടെ സൌന്ദര്യം ആസ്വദിച്ച് അനുകരണൈകമായിട്ടെങ്കിലും മിസ്റ്റിക് കാവ്യനിർമ്മാണത്തിനു ഒരുമ്പെടണം. ഇതൊന്നും കൂടാതെ ചുമ്മാ "ഓമന" വിളി തുടന്നാൽ, അത്തരം കവിതകളെ ഓമനിക്കുവാൻ ആളുണ്ടാവില്ലന്നുള്ളതോ പോകട്ടെ, വല്ല കുസൃതിക്കാരും ഇടക്കുകയറി "എന്താടൊ, "പച്ചപിരാന്താ" എന്നിങ്ങനെ കയർത്താൽ, ഒന്നു പറഞ്ഞുനിൽക്കുവാൻ കൂടി സാധിക്കാതെ പോകുമെന്നുള്ളതു കഷ്ടമല്ലെ?

"Mystic Poetry" എന്ന ഇംഗ്ലീഷുവാക്കിനു "ഗൂഢാർത്ഥകവിത" എന്ന അതിവ്യാപകവും നിർഭാഗ്യകരവുമായ നിർവ്വചനം പല ചെറുതരം കവികളെയും വഴി തെററിച്ചിട്ടുണ്ടെന്നു തോന്നുന്നു. മിസ്റ്റിക്കവിത, കേവലം "മിസ്റ്റീറിയസ്" (Mysterious) കവിതയല്ലെന്നു അവരിൽ ചിലർ ഇനിയും മനസ്സിലാക്കേണ്ടതായിട്ടാണിരിക്കുന്നതു്. മലയാളത്തിൽ യഥാർത്ഥമിസ്റ്റിക്കവി എന്നു പറയുവാൻ ആധുനികന്മാരിൽ ആരുംതന്നെ ഉണ്ടെന്നു തോന്നുന്നില്ല. എന്നാൽ സുന്ദരങ്ങളായ മിസ്റ്റിക് ആശയങ്ങൾ അടങ്ങിയ അപൂർവ്വം ചില കവിതകൾ ഭാഷയിൽ ഉണ്ടായിട്ടുള്ളതു, ധീരതേജസ്സുകളായ തനി, മിസ്റ്റിക് കവികളുടെ 'നാളെ'ത്തെ ഉദയത്തിന്റെ 'ഇന്ന'ത്തെ 'മഞ്ഞിയ കിരണ'ങ്ങളാവാം.

ഈ ലേഖനം എഴുതുന്നതിനു പല ഗ്രന്ഥങ്ങളും ഉപകരിച്ചിട്ടുണ്ട്. മിസ്സ് എവലിൻ അണ്ടർഹിൽ (Miss Evelin Underhill)-ന്റെ "മിസ്റ്റിസിസം" എന്ന ഗ്രന്ഥത്തോടുള്ള കടപ്പാടിനെ പ്രത്യേകം എടുത്തു പറഞ്ഞുകൊള്ളുന്നു.

)0(

# ആരാമത്തിൽ :—

( ഓമനക്കുട്ടൻ )

(വിദ്വാൻ, കരുമല്ലൂർ, നാരായണപിള്ള.)

അന്തിവാനിലെപ്പൊൻകതിരുകൾ
പന്തിയായ് നോക്കി നിൽക്കവേ,
ശീതളാമലവാടിയിൽ മന്ദ—
മാരുതൻ ചേർന്നു ലാത്തവേ,
കോൾമയിർക്കൊണ്ടു ഭൂമിയെ മൂട—
കോമളചന്ദ്ര രശ്മികൾ
ബാഷ്പപൂരിതമായിട്ടും ചൂടു—
വേർപ്പെഴുന്ന കപോലത്തേ
പ്രേമപൂർണ്ണനാം നായകനേറ്റപ്പാ—
ലോമൽച്ചുംബനം ചെയ്കയായ്!!.....

കുങ്കുമാർദ്രമാം പൂങ്കവിളിലാ—
വെൺകതിരുകൾ ചിന്തവേ,
ചന്തമാർന്നൊരു കാന്തി വീശിയാ—
പ്പൊൻതളിരുകൾ നിൽക്കയായ്......!!!

* * * *

ഓമൽ ചൊല്ലിനാൾ പ്രേമപൂർണ്ണനാ—
ക്കോമളനോടു മന്ദമായ്!
"ഈ വസന്തമെൻ തോഴ! നമ്മളേ—
പ്പൂവണിയിക്കയല്ലയോ?"
"കേവലമൊരു വണ്ടാണു;—ഞാനെൻ
പാവനേ!—അവനോതിനാൻ."

കാനനസുമജാലങ്ങളൂട—
നാനനം താഴ്ത്തി മന്ദമായ്
താരുണ്യത്തിൻെറ തൃക്കഴൽ ചുംബി—
ച്ചോരുധന്യരേ വാഴ്ത്തിനാർ!!—

* * * *

കേളിലോലനായ് പൂവനങ്ങളി—
ലാളുമുത്സാഹാൽ മന്ദമായ്,
പൂവണിമൂടു വല്ലികൾ പുൽകി—
യാവനത്തിലെവിടെയോ
ചൂളമിട്ടുടൻ കള്ളലാക്കൊടേ
പോയ്മറഞ്ഞു സമീരണൻ.

പച്ചിലച്ചാർത്തിൻ മർമ്മരങ്ങളിൽ—,
സ്വച്ഛസംഗീതച്ഛായയിൽ—
കേൾക്കയായൊരു ഗാനമീവിധം
പൂങ്കുയിലുകൾ പാടുംപോൽ.

"ഞാനൊരു ഭൃംഗരാജനായ് ചില—
ഗാനമോമനേ, പാടിടാം"—.

"പൈങ്കിളികൾ പകർത്തിടും മുൻപു
ഞാനതേറെറാന്നു പാടിടാം"!! ... ...

---

*"We are the superiors of the brutes in that we can hand down our knowledge"*

Sir William Ramsay.



# സ്വധൎമ്മനിഷ്ഠ.

## ഒരു പുരാവൃത്തം.

(കണ്ണൻ ജനാൎദ്ദനൻ)

പണ്ടൊരുനാൾ കൌശികൻ എന്ന പേരായ ഒരു താപസൻ അങ്ങൊരു വൃക്ഷമൂലത്തിൽ വിശ്രമിക്കയായിരുന്നു. അപ്പോൾ ആ മരത്തിൻെറ മുകളിൽനിന്നു് ഒരു വെള്ളിൽക്കിളി പുരീഷം വിസൎജ്ജിക്കയും, അതു് ആ തപസ്വിയുടെ ശിരസ്സിൽ വീഴുകയും ചെയ്തു. ഉടനെ ഏററവും ക്രുദ്ധനായ്ത്തീൎന്ന ആ വിപ്രൻ ചൊടിച്ചുകൊണ്ടു് ആ പക്ഷിയെ ഒന്നു നോക്കി, മനസാ ശപിച്ചു. ശാപഗ്രസ്തനായ ആ പക്ഷി തൽക്ഷണം ചത്തു വീണുപോയ്. ചേഷ്ടയററുകിടക്കുന്ന ആ പാവപ്പെട്ട വലാകയെ കണ്ടപ്പോൾ കൌശികൻ കരുണയാൽ സന്തപ്തനായ്ത്തീൎന്നു. രോഷരാഗങ്ങളാൽ പ്രേരിതനായി താൻ അക്കാൎയ്യം ചെയ്തുപോയല്ലോ എന്നു് അദ്ദേഹം പശ്ചാത്തപിക്കമാറായി.

അതുകഴിഞ്ഞു് ആ ബ്രാഹ്മണൻ ഭിക്ഷയ്ക്കായി ഗ്രാമത്തിലേക്കുപോയി. ശുചിത്വമുള്ള കുടുംബത്തെ അന്വേഷിച്ചുനടന്നു് ആദ്യം കണ്ടതിൽ അദ്ദേഹം ചെന്നുകേറി, "ഭിക്ഷതന്നാലും" എന്നു യാചിച്ചു. താൻ പാത്രങ്ങൾ കഴുകിക്കഴിയുന്നതുവരെ നില്ക്കുക എന്നു് അപ്പോൾ അകത്തുനിന്നു ഗൃഹനായിക വിളിച്ചുപറകയാൽ കൌശികൻ അങ്ങിനെചെയ്തു.

ഈ സമയത്തു് ആ സ്ത്രീയുടെ ഭൎത്താവു തുലോം വിശന്നുവലഞ്ഞുകൊണ്ടു് അവിടെവന്നു. ഭൎത്താവിനെ കണ്ടപ്പോൾ ആ സാധ്വിക്കു ബ്രാഹ്മണന്നു ഭിക്ഷ കൊടുക്കുവാനല്ലാ തിടുക്കമുണ്ടായതു്. അവൾ ഭൎത്താവിന്നു കാലും മുഖവും കഴുകിച്ചു് ആസനസ്ഥനാക്കി വണക്കത്തോടെ പരിചരിച്ചു. എന്നിട്ടു്, അവൾ മാധുൎയ്യം കൂടിയ ഭക്ഷ്യഭോജ്യങ്ങളാൽ ഭൎത്താവിനെ തുഷ്ടനാക്കിയതിൽപ്പിന്നെ, ആ ഉച്ഛിഷ്ടം പതിവുപോലെ ഭുജിച്ചു.

തൻെറ ഭൎത്താവിനെ സദാ ദൈവമെന്നു കരുതുന്നവളാണവൾ. ഭൎത്താവിൻെറ മതത്തെ അവൾ സൎവ്വാത്മനാ അനുസരിച്ചുനില്ക്കുന്നു. അവളുടെ കൎമ്മമാവട്ടെ, മനസ്സാവട്ടെ, വാക്കാവട്ടെ, ഭൎത്താവിനെവിട്ടു മറെറാന്നിൽ ചെല്ലാറില്ലാ. അവളുടെ സൎവ്വഭാവങ്ങളും ഭൎത്തൃശുശ്രൂഷയിലാണു് ഉൾപ്പെട്ടിരിക്കുന്നതു്. ശുചിയും, സുവൃത്തയും, കുശലയും, കുടുംബപ്രിയയുമായ അവൾ ഭൎത്താവിൻെറ ഹിതത്തെ സൎവ്വഥാ അനുവൎത്തിക്കുന്നു. ശ്വശ്രുവിനേയും, അതിഥികൾ, ഭൃത്യന്മാർ എന്നിവരേയും വേണ്ടുംപോലെ കൊണ്ടാടുന്നതിൽ ജിതേന്ദ്രിയയായ അവൾക്കു് ഒരിക്കലും തെററുപററാറില്ലാ.

അങ്ങിനെയുള്ള ആ സതീരത്നം പതിയെ ശുശ്രൂഷിക്കുന്നതിന്നിടയ്ക്കു് ഭിക്ഷകാംക്ഷിച്ചുകൊണ്ടു കാത്തുനില്ക്കുന്ന ആ ബ്രാഹ്മണനെ ഓൎത്തു. യാചകനെ അത്രയും താമസിപ്പിക്കേണ്ടിവന്നതിൽ ലജ്ജിച്ചുകൊണ്ടു് അവൾ ഉടനെ ഭിക്ഷയെടുത്തു പുറത്തുവന്നു.

കൌശികൻ:— "എടോ, വരാംഗനെ, നില്ക്കുക എന്നുപറഞ്ഞു് എന്നെ വിട്ടയയ്ക്കാതെ, എന്തുകൊണ്ടാണു നീ ഇത്രയും താമസിപ്പിച്ചതു്?"

തേജസ്സാൽ ജ്വലിക്കുംപോലെ ക്രോധസന്തപ്തനായ ആ താപസനെ ആ പതിവ്രത പരിചോടെ സാന്ത്വനംചെയ്തു:—

"അങ്ങു് പൊറുത്താലും! ഭൎത്താവാണെൻെറ പരദൈവതം. വിശന്നു വലഞ്ഞുവന്ന അദ്ദേഹത്തെ ശുശ്രൂഷിക്കേണ്ടിവരികകൊണ്ടാണു് എനിക്കു് ഇത്രയും താമസം നേരിട്ടതു്."

കൌശികൻ:— "ശ്രേഷ്ഠന്മാർ ബ്രാഹ്മണരായിരിക്കെ, നീ ഭൎത്താവിന്നാണു ശ്രേഷ്ഠത്വം കൊടുത്തിരിക്കുന്നതു്. നീ ഗാൎഹസ്ഥ്യധൎമ്മത്തിൽ വൎത്തിക്കുന്നവളായിരുന്നിട്ടും, ബ്രാഹ്മണരെ അപമാനിക്കുന്നുവോ?"

സ്ത്രീ:— അല്ലയോ, ബ്രഹ്മഷേ, ഞാൻ ആ വലാകയല്ലാ. അങ്ങു് ഈ ദ്വേഷ്യത്തെ അടക്കിയാലും!

ക്രദ്ധനായി ഇങ്ങിനേ ചൊടിച്ചു നോക്കുന്നതുകൊണ്ട് അങ്ങേക്ക് എന്നെ എന്തുചെയ്യാൻ കഴിയും? ദേവതുല്യന്മാരും മനസ്വികളുമായ വിപ്രന്മാരെ ഒരിക്കലും നിന്ദിക്കുന്നവളല്ലാ ഞാൻ. വിപ്രന്മാക്കുള്ള തേജസ്സും, ആ ധീമാന്മാക്കുള്ള മഹാഭാഗത്വവും എനിക്കറിയാം. അവരുടെ ക്രോധം മഹാഘോരമാണ്. അവരുടെ പ്രസാദം അതിവിപുലവുമാണ്. പുണ്യശീലനായ ഭവാൻ എന്റെ ഈ അതിക്രമത്തെ ക്ഷമിച്ചാലും! പതിശുശ്രൂഷാധമ്മത്തെയാണ ഞാൻ സവ്വോപരിയായി കൈക്കൊണ്ടിരിക്കുന്നതു്. സവ്വദൈവതങ്ങളിലും വെച്ചു പരദൈവതമാണ് എനിക്കു ഭത്താവു്. അദ്ദേഹത്തിനുവേണ്ടിയാണ് എന്റെ ജീവിതം. എന്റെ ധമ്മത്തിൽ അദ്ദേഹത്തിന്നായ്ക്കൊണ്ടുള്ള കമ്മങ്ങളല്ലാതെ മറെറാന്നുമില്ല. അങ്ങു് ആ വലാഹയെ ദഹിപ്പിച്ചതു ഞാൻ ഇവിടെ ഇരുന്നുതന്നെ അറിഞ്ഞതിൽനിന്നു ഭത്തൃശുശ്രൂഷാമഹത്വം എത്രത്തോളമുണ്ടെന്നു് അങ്ങേക്കു നിണ്ണയിക്കാമല്ലോ. അങ്ങു വൃഥാ ക്രോധിക്കരുതു്. ക്രോധമെന്നതു് മനുഷ്യന്റെ സ്വന്തം ശരീരത്തിൽത്തന്നെ സ്ഥിതിചെയ്യുന്ന ഘോരശത്രുവാണ്. ക്രോധത്തേയും മോഹത്തേയും ത്യജിച്ചവരെയാണ ബ്രാഹ്മണരെന്നു പറയുന്നതു്. സത്യം പറയുകയും, ഗുരുജനത്തെ സന്തോഷിപ്പിക്കയും, ഹിംസയേററാലും ഹിംസിക്കാതിരിക്കയും ചെയ്യുന്നവനാണ ബ്രാഹ്മണൻ. കാമക്രോധങ്ങൾക്ക് അധീനനാവാതെ, ജിതേന്ദ്രിയനായി, ശുചിയായി, സ്വാദ്ധ്യായനിരതനായി വത്തിക്കുന്ന ധമ്മപരനേ ബ്രാഹ്മണനെന്നു വിളിക്കുന്നു. സവ്വധമ്മങ്ങളേയും ഗ്രഹിച്ച് അതിന്മണ്ണം പ്രവത്തിക്കയും, തന്നേപ്പോലെ സവ്വരേയും കാണുകയും ചെയ്യുന്നവൻ മാത്രമേ ബ്രാഹ്മണനാകയുള്ളൂ. ദമം, സ്വാദ്ധ്യായം, ആജ്ജവം, ഇന്ദ്രിയനിഗ്രഹം ഇത്രയുമാണ ബ്രാഹ്മണധമ്മം. അറിയുവാൻ പ്രയാസം കൂടിയതാണ ധമ്മം. സത്യത്തിലാണ് ധമ്മത്തിന്റെ നില്പു്. ഏററവും സൂക്ഷ്മമായിട്ടാണ ധമ്മത്തിന്റെ ഗതി. അതു പലപല രൂപത്തിൽ വെളിപ്പെടുന്നതുമുണ്ടു്. അങ്ങു ശുചിയും സ്വാദ്ധ്യായവാനുമാണെങ്കിലും അങ്ങേക്കു ധമ്മതത്വം അറികയില്ലെന്നാണ തോന്നുന്നതു്. പരമധമ്മം അങ്ങു ധരിച്ചിട്ടില്ലെങ്കിൽ, മിഥിലാപുരിയിൽ ചെന്നു ധമ്മവ്യാധനെ കാണുക. മാതാപിതാക്കളെ ശുശ്രൂഷിക്കുന്നതിൽ ബദ്ധശ്രദ്ധനാണ് ആ കശാപ്പുകാരൻ. സത്യവാദിയും ജിതേന്ദ്രിയനുമായ അദ്ദേഹം സവ്വധമ്മങ്ങളും അങ്ങയെ ഗ്രഹിപ്പിക്കും."

വലാകാദഹനത്തെപ്പററി അറിഞ്ഞു പറഞ്ഞ ആ സ്ത്രീയുടെ വാക്കു വിശ്വസിക്കയും, അവളുടെ ശോഭനധമ്മോക്തികളിൽ ശ്രദ്ധയുറപ്പിക്കയും ചെയ്തു കൌശികൻ വ്യാധനെ കാണുവാൻ മിഥിലയിലേക്കു പോയി.

ആ വ്യാധൻ കശാപ്പുതെരുവിൽ മൃഗമാംസം അറുത്തു വില്ക്കുന്നതു കൌശികൻ കണ്ടു. തന്നെ കാണുവാൻ കൌശികൻ ആഗതനായതറിഞ്ഞു് അദ്ദേഹത്തെ എതിരേററുകൊണ്ടു് ആ വ്യാധൻ അരികെ ചെന്നു.

"ആ പതിവ്രത നിയോഗിക്കയാലാണ് അങ്ങയുടെ ഈ വരവു് എന്നു ഞാൻ അറിഞ്ഞു."

ഇങ്ങിനെ വ്യാധൻ പറഞ്ഞതു കൌശികനു രണ്ടാമത്തെ അത്ഭുതമായി. അദ്ദേഹത്തെ വ്യാധൻ സ്വഗൃഹത്തിലേക്കു കൂട്ടിക്കൊണ്ടുപോയി യഥാർഹം സൽക്കരിച്ചു. അനന്തരം അവർതമ്മിൽ ധമ്മവിഷയമായി സംവാദമുണ്ടായി. അപ്പോൾ വ്യാധൻ പറഞ്ഞതിൽനിന്നു് ഏതാനും ചിലതു് ഇവിടെ കാണിക്കാം.

"പിതൃപൈതാമഹമായി, കുലോചിതമായി എനിക്കുള്ള കമ്മമാണ് ഈ കശാപ്പു തൊഴിൽ. പരമ്പരയായി വിധിവിഹിതമായ രീതിയിൽ എനിക്കുള്ള കമ്മത്തെ പരിപാലിച്ചുകൊണ്ടു് എന്റെ വൃദ്ധമാതാപിതാക്കളെ ഞാൻ സ്വപ്രയത്നത്താൽ ശുശ്രൂഷിച്ചുവരുന്നു. സത്യം പറകയും, അസൂയ വിടുകയും, യഥാശക്തി കൊടുക്കയും, അതിഥികൾ, ഭൃത്യന്മാർ എന്നിവരെ ഊട്ടിയതിൽപിന്നെ ഭുജിക്കയും ചെയ്തുകൊണ്ടാണ് എന്റെ ജീവിതം. ഞാൻ ദോഷത്തെ ചിന്തിക്കയാവട്ടെ, ദോഷം ചുമത്തുകയാവട്ടെ ചെയ്യാറില്ല. എന്റെ കുലത്തിൽ പൂവ്വികന്മാർ ചെയ്തുവന്ന കമ്മത്തെ ഞാൻ ശരിക്കു പിന്തുടരുന്നു."

"ഞാൻ ആചരിച്ചുവരുന്ന ഈ കമ്മം ഘോരമാണെന്നുള്ളതിനു സംശയമില്ല. എങ്കിലും എന്റെ ഈ കുലകമ്മത്തിൽ ഞാൻ അസ്വസ്ഥനായ്ത്തീരാറില്ല. മൃഗവധത്തിൽ ഞാനല്ല കത്താവു്. ഞാൻ ഇ

തിൽ കേവലം നിമിത്തം മാത്രമാണ്. ജീവികളെ കൊന്ന് അവയുടെ മാംസം ഞാൻ വിലയ്ക്കു കൊടുക്കയാണ് ചെയ്യുന്നത്. അന്യരുടെ ഭക്ഷണത്തിന് ഉപയോഗമായ്ത്തീരുകകൊണ്ട് അത് ആ ജീവികളെ സംബന്ധിച്ചിടത്തോളം ധർമ്മംതന്നെ. അതിഥികൾ, ഭൃത്യന്മാർ, പിതൃക്കൾ മുതലായവരുടെ പൂജനത്തിനും ആ മാംസം ഉതകുന്നുണ്ട്."

"ഓഷധികൾ, സസ്യങ്ങൾ, പശുക്കൾ, മൃഗപക്ഷികൾ എന്നിവ ലോകക്ക് ആദ്യമേ ഉണ്ടായ ആഹാരമാണെന്നു വേദത്തിൽ പറയുന്നു. ക്ഷമയേറിയ ഔശീനരശിബി സ്വന്തം മാംസം കൊടുത്തിട്ട് ദുർഗ്ഗമമായ സ്വർഗ്ഗത്തെ പ്രാപിക്കയുണ്ടായല്ലൊ. പണ്ടു രന്തിദേവരാജാവിന്റെ മടപ്പള്ളിയിൽ നാൾതോറും രണ്ടായിരം വീതം പശുക്കളെ കൊന്നുവരികയുണ്ടായി. ഇങ്ങിനെ മാംസാന്നം കൊടുത്തു വന്ന ആ രാജാവിന്ന് അതുലകീർത്തിയാണുണ്ടായത്. ചാതുർമ്മാസ്യത്തിൽ നിത്യം പശുവധം ചെയ്യാറുണ്ട്. അഗ്നികൾ മാംസകാമന്മാരാണെന്നു വേദം പറയുന്നു. യജ്ഞത്തിൽ ബ്രാഹ്മണർ പശുക്കളെ കൊല്ലുന്നതു സാധാരണമാണ്. മുനികൾ മാംസഭക്ഷണവിധി ഏർപ്പെടുത്തിക്കാണുന്നതുകൊണ്ടും അത് ആകാവുന്ന ആഹാരമാണെന്നു നിശ്ചയിക്കാം. ആർത്തവകാലത്ത് ഭാര്യയെ പ്രാപിക്കുന്നതായാൽ ബ്രാഹ്മണന്റെ ബ്രഹ്മചര്യത്തിന്നു ഹാനിയുണ്ടാവാത്തതുപോലെ, യജ്ഞീയമാംസം ഭുജിച്ചാൽ മാംസഭക്ഷണദോഷം ബാധിക്കയില്ലെന്നു ജ്ഞാനകർമ്മമാർഗ്ഗേണ വിധിച്ചുകാണുന്നു. ഘോരശാപാന്ധനായിട്ടാണെങ്കിലും സൌദാസരാജാവു മനുഷ്യമാംസംപോലും ഭക്ഷിക്കയുണ്ടായല്ലൊ. ഇതെല്ലാം നോക്കുമ്പോൾ മാംസഭക്ഷണത്തെ ആർക്കും വെറുത്തു തള്ളിക്കൂടാ എന്നാണ് എനിക്കു തോന്നുന്നത്."

"ഞാനാവട്ടെ, എന്റെ ധർമ്മമാണെന്ന് കരുതിക്കൊണ്ടാണ് ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നത്. പൂർവ്വികമായ ഈ ഉപജീവനമാർഗ്ഗത്തെ ഞാൻ പരിത്യജിക്കുന്നില്ല. സ്വകർമ്മത്തെ വെടിയുന്നത് അധർമ്മമാണ്. സ്വകർമ്മനിഷ്ഠതന്നെയാണു ധർമ്മം. വിധിവിഹിതമാണ് ഇക്കാണായ വിവിധകർമ്മങ്ങളെല്ലാം. ക്രൂരകർമ്മങ്ങൾ അനുഷ്ഠിക്കേണ്ടിവന്നാൽ, ശുഭകർമ്മങ്ങൾ ചെയ്യുന്നതിന്നും, പരാഭവത്തിൽനിന്നു മോചിക്കുന്നതിന്നും പ്രജ്ഞയോടെ വഴിനോക്കിക്കൊണ്ടിരിക്കേണ്ടതാണ്. ഞാൻ ദാനത്തിലും സത്യവാക്കിലും ഗുരുശുശ്രൂഷണത്തിലും വിപ്രപൂജനത്തിലും നിരതനായി ധർമ്മനിഷ്ഠയോടെയാണ് വർത്തിക്കുന്നത്. അഭിമാനമാവട്ടെ, അതിവാദമാവട്ടെ എന്നെ ബാധിച്ചിട്ടില്ല."

"എന്റെ കർമ്മം ക്രൂരമാണെങ്കിൽ, കൃഷി മുതലായ മററു തൊഴിലുകളും അങ്ങിനെതന്നെയല്ലയൊ? നിർദ്ദോഷമാണെന്നു കരുതുന്ന കൃഷിയിലും വലുതായ ഹിംസയില്ലയൊ? കരികൊണ്ട് ഉഴുമ്പോൾ ഭൂമിയിലെ എത്രയെത്ര ജീവികളെ കൊന്നുകളയുന്നു! നെല്ലു മുതലായ ധാന്യബീജങ്ങളെല്ലാം ജീവികൾതന്നെയല്ലയോ? പശുക്കളെ ആക്രമിച്ചു പിടിച്ച് കൊന്നു തിന്നുന്നതുപോലെ, വൃക്ഷങ്ങളേയും ഓഷധികളേയും ഛേദിക്കുന്നതും ഹിംസയല്ലയൊ! വൃക്ഷങ്ങളിലും ഫലങ്ങളിലും എത്രയെത്ര ജീവികൾ നിവസിക്കുന്നു? കുടിക്കുന്ന വെള്ളത്തിലും അസംഖ്യം ജീവികൾ ഇല്ലയൊ? പ്രാണികളെ തിന്നുകൊണ്ടു ജീവിക്കുന്ന പ്രാണികളെയാണ് നാം എങ്ങും കാണുന്നത്. മത്സ്യം മത്സ്യത്തെത്തന്നെ തിന്നുന്നു. ഇങ്ങിനെ അന്യോന്യം ഭക്ഷിച്ചുകൊണ്ടാണു പ്രാണികളുടെ ജീവിതം. ഇതെല്ലാം ഹിംസയല്ലയൊ? നാം നടക്കുമ്പോൾ ഭൂമിയിലെ അനേകായിരം ജീവികളെ ചവിട്ടിക്കൊല്ലാറുണ്ട്. ഇരിക്കുമ്പോഴും കിടക്കുമ്പോഴും അസംഖ്യം ജീവികളെ നാം നശിപ്പിക്കുന്നു. ഈ ആകാശവും ഭൂമിയുമെല്ലാം ആകമാനം ജീവികളെക്കൊണ്ടു നിറഞ്ഞാണു കിടക്കുന്നത്. നാം അറിയാതെ സദാ ഹിംസചെയ്തുകൊണ്ടുതന്നെ കഴിയുന്നു. അഹിംസയാണു പരമധർമ്മമെന്നു പൂർവ്വികന്മാർ ഘോഷിച്ചിട്ടുണ്ട്. എന്നാൽ, ഹിംസകൂടാതെ ജീവിക്കുന്നവനായി ഈ ലോകത്തിൽ ആരുണ്ട്? യത്നംകൊണ്ട് ഹിംസ കുറക്കാമെന്നല്ലാതെ, ഒട്ടും ഹിംസകൂടാതെ വർത്തിക്കുവാൻ ആർക്കും വയ്യാ."

"കുലീനന്മാരും ഗുണസമ്പന്നന്മാരുമായ പ്രമാണികൾ കൂടിയും നിർല്ലജ്ജം മഹാ ഘോരകർമ്മങ്ങൾ ചെയ്തുവരുന്നു. ലോകഗതി ആകപ്പാടെ പിഴച്ചിട്ടാണു കാണുന്നത്. മിത്രങ്ങൾ മിത്രങ്ങളേയും, അമിത്രങ്ങൾ അമിത്രങ്ങളേയും പഴിക്കുന്നു. വഴിപോലെ നടക്കുന്നവനെ ചേലോടെ ആദരിക്കുവാൻ ആരുമില്ല. സമൃദ്ധന്മാരായ ബാന്ധവന്മാരെ ബാന്ധവന്മാർ തന്നെ കൊണ്ടാടാറില്ല. പണ്ഡിതമാനികളായ മൂഢന്മാർ ഗുരുവിനെപ്പോലും നിന്ദിക്കുന്നു. ധർമ്മം അധർമ്മമായ്ത്തീർന്നു ലോകത്തിൽ പലതും താറുമാറായ്ത്തീർന്നിരിക്കുന്നു. ധർമ്മാധർമ്മങ്ങളെപ്പററി വളരെയെ

ല്ലാം പറഞ്ഞു തള്ളുന്നതുകൊണ്ടു ഫലമില്ല. സ്വകർമ്മനിഷ്ഠയാണു് ഉറപ്പായി വേണ്ടതു്. അതുള്ളവൻ മഹത്തായ യശസ്സ നേടും."

"ഉത്ഥാനശീലന്മാർ ധർമ്മംകൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടുമല്ല ജീവിക്കുന്നതു്. അവർ ശക്തിപോലെ അന്നം കൊടുക്കയും, നിരീക്ഷയോടും ധർമ്മനിഷ്ഠയോടും കൂടി വർത്തിക്കയും, സദ്വൃത്തങ്ങളേയും യഥാർഹം പൂജിക്കയും ചെയ്യുന്നു. ത്യാഗംകൊണ്ടല്ലാതെ മനുഷ്യനിൽ ഗുണത്തിനു നിലയില്ല. വെറുംവാക്കു പറയുക ഒരിക്കലും ചെയ്യരുതു്. അന്യൻ പ്രാർത്ഥിക്കുംമുമ്പേ അവന്നു് ഇഷ്ടം നടത്തിക്കൊടുക്കണം. കാമംകൊണ്ടോ, ഭയംകൊണ്ടോ, ദ്വേഷംകൊണ്ടോ ധർമ്മം കൈവിടരുതു്. പ്രിയത്തിൽ സന്തോഷിച്ചാർക്കുകയോ, അപ്രിയത്തിൽ സന്തപിച്ചു വാടുകയോ വേണ്ട. അർത്ഥസങ്കടത്തിൽ മോഹിച്ചു ധർമ്മത്തെ കെടുത്തുകൂടാ. ഏതൊരു കർമ്മം ചെയ്യേണ്ടതായി വരുന്നുവോ, അതു് അങ്ങിനെതന്നെ ചെയ്കയല്ലാതെ അതുപോലെയുള്ള മറ്റൊന്നു് തൽക്കാലം ചെയ്താൽ മതിയെന്നു് ഒരിക്കലും വിചാരിക്കരുതു്. ഏതൊന്നു് ശുഭമായി കാണുന്നുവോ അതിൽ മാത്രമായിക്കണം മനസ്സു ചെലുത്തുന്നതു്. എപ്പോഴും സാധുകർമ്മങ്ങളിൽ വർത്തിക്കയല്ലാതെ, പാപത്തിനു പ്രതിപാപം പോലും ചെയ്യരുതു്. പാപം ചെയ്യുവാൻ നോക്കുന്ന പാപി ആത്മഹതനാണു്. ധർമ്മമെന്നതു് ഇല്ലെന്നുവെച്ചു ശുചികളെ അവമാനിക്കുന്ന ദുഷ്ടന്മാരും, ധർമ്മത്തിൽ ശ്രദ്ധയില്ലാത്തവരും നിസ്സംശയം നശിക്കും. ഉലയെന്നതുപോലെ വീണ്ടും വീണ്ടും വീർത്തുകൊണ്ടിരിക്കുന്നതു പാപത്തിന്റെ ലക്ഷണമാണു്. ഗർവ്വിഷ്ഠന്മാരായ മൂഢന്മാരുടെ ചിന്തിതങ്ങളൊക്കെയും അന്തരാത്മാവു തെളിവായ്ത്തന്നെ കണ്ടുകൊണ്ടിരിക്കുന്നുണ്ടെന്നു് ഓർക്കണം. വെറും ആത്മപ്രശംസകൊണ്ടു് ലോകത്തിൽ ശോഭിക്കാമെന്നു മൂഢൻ കരുതേണ്ടാ. കൃതവിദ്യനാവട്ടെ, മലിനദേഹനായിരുന്നാൽതന്നെയും പ്രകാശിക്കാതിരിക്കയില്ല."

"എന്നാൽ, ആരെയും നിന്ദിക്കാതെയും, ആത്മപ്രശംസ ചെയ്യാതെയും ഗുണസമ്പന്നനായി പ്രശോഭിക്കുന്ന മനുഷ്യനെ ലോകത്തിലെങ്ങും കാണാറില്ല. ഏതെങ്കിലുമൊരു വിധത്തിൽ ആരും വികർമ്മത്തിൽ ഏർപ്പെട്ടുപോകുന്നു. ചെയ്തുപോയ വികർമ്മത്തെക്കുറിച്ചു സന്തപിക്കുവാൻ കഴിഞ്ഞാൽ അതു് നന്മയായി. ആ സന്താപത്താൽ പാപം വിട്ടൊഴിയും. പിന്നീട്ടു് ആ വികർമ്മത്തിൽ കൈയിടുവാൻ മനസ്സുണ്ടാകയില്ല. തക്കതായ പ്രതിവിധികൊണ്ടു പാപത്തെ നീക്കിയാൽ ധർമ്മം സുരക്ഷിതമാകും. താൻ ചെയ്ത പാപത്തെക്കുറിച്ചു് ഓർക്കാതിരിക്കുന്നവൻ, മുമ്പു ധർമ്മശീലനായിരുന്നാൽതന്നെയും, ഭാവിയിൽ നശിക്കാതിരിക്കയില്ല. പ്രമാദംകൊണ്ടാണു് പാപം പറ്റിയതെന്നിരിക്കിൽ അതിനെ ധർമ്മം നശിപ്പിക്കും. പാപം ചെയ്തിട്ടു് അതു താനല്ല ചെയ്തതെന്നു വാദിക്കുന്നവനെ ദേവന്മാരും അന്തരാത്മാവും കാണുന്നുണ്ടെന്നു് ഓർക്കേണ്ടതാണു്. അസൂയ വിട്ടു്, ശ്രദ്ധചേർന്നു് എപ്പോഴും ശുഭം ചെയ്യുവാൻ നോക്കണം. മുണ്ടിനുള്ള കീറലുകൾ തുന്നിക്കൂട്ടുന്നതുപോലെ, സാധുജനത്തിനുള്ള കോട്ടങ്ങൾ തീർത്തുകൊടുക്കയും വേണം. അങ്ങിനെയുള്ളവർ മുമ്പു വല്ല പാപവും ചെയ്തിട്ടുണ്ടെങ്കിൽതന്നെയും കല്യാണത്തെ പ്രാപിക്കാതിരിക്കയില്ല. കാറകന്ന തിങ്കളെന്നപോലെ അവൻ പാപങ്ങളിൽനിന്നു് ഒഴിഞ്ഞു തെളിയും. തമസ്സു നീക്കുന്ന സൂര്യനെപ്പോലെ അവൻ ഉദിച്ചുയരുകയും ചെയ്യും. പാപങ്ങൾക്കെല്ലാം അധിഷ്ഠാനം ലോഭമാണു്. അല്പജ്ഞന്മാരായ ലുബ്ധന്മാരിലാണു പാപം വിളയുന്നതു്. പുല്ലിനാൽ കിണറെന്നപോലെ, ധർമ്മരൂപമായ അധർമ്മംകൊണ്ടു് അവർ മൂടിനിൽക്കുന്നു. ഗുണങ്ങളുണ്ടെന്നു നടിക്കുവാനും, ധർമ്മത്തെക്കുറിച്ചു് പ്രലപിക്കുവാനും അവർക്കറിയാം. എന്നാൽ, ശിഷ്ടാചാരം അവർക്കാർക്കും അറിഞ്ഞുകൂടാ.

"കാമം, ക്രോധം, ദംഭം, ലോഭം, അനാർജ്ജവം എന്നിവയെ അകറ്റി സ്വധർമ്മത്തിൽത്തന്നെ സന്തുഷ്ടികൊള്ളുന്നവർ ശിഷ്ടസമ്മതന്മാരായ ശിഷ്ടന്മാരാണു്. അവർക്കു കാമിക്കത്തക്കതായി യാതൊന്നുമില്ല. ദാനം, സത്യം, അക്രോധം, ഗുരുശുശ്രൂഷണം എന്നിവ നാലും ശിഷ്ടാചാരത്തിൽ ഉൾപ്പെട്ടിരിക്കുന്നു. ഇവ കൂടാതെ, എല്ലാവിധത്തിലും ഉറപ്പോടുകൂടി ജീവിതവൃത്തി നേടുവാൻ സാധിക്കയില്ല. ശിഷ്ടാചാരങ്ങളോടുകൂടി ധർമ്മാർത്ഥദർശികൾക്കു് ജീവിതത്തെ സ്വേച്ഛപോലെ വിനിയോഗിക്കുവാൻ ശക്തിയുണ്ടു്. ബുദ്ധിയോഗത്താൽ ധർമ്മത്തെ ക്രമത്തിൽ നേടിക്കൊണ്ടുവന്നാൽ, വെൺപുടവയിൽ ചൊകപ്പു കേറുംപോലെ, മനുഷ്യനിൽ ശിഷ്ടാചാരംകൂടിക്കലരും. ആചാരമെന്നതു സജ്ജനധർമ്മമാണു്. സജ്ജനലക്ഷണം തന്നെ ആചാരമാണു്. ആചാരപ്രകൃതിപോലെ ഓരോ ജീവിയും ഫലം ഭുജിക്കുന്നു. മനസ്സിനടിമപ്പെട്ട പാപാത്മാവു കാമക്രോധാദിദോഷങ്ങളിൽ വീണുഴലും. ന്യായയുക്തമായ ആചാരമാണു ധർമ്മം. ദുരാചാര

മാണ് അധർമ്മം. ദുഷ്കരങ്ങളായ ആചാരങ്ങൾ പോലും യഥാവിധി അനുഷ്ഠിക്കുന്ന സ്വകർമ്മനിരതന്മാരായ മഹാസത്വന്മാരെ ഹിംസാദിദോഷങ്ങൾ ബാധിക്കയില്ല. പുരാതനവും ശാശ്വതവും നിത്യവുമായി ആശ്ചര്യം വളർത്തിക്കൊണ്ട് ആചാരം നിലകൊള്ളുന്നു. ധർമ്മാചാരത്തെ ധർമ്മംകൊണ്ടു കാണുന്ന പണ്ഡിതന്മാർ സ്വർഗ്ഗത്തെ പ്രാപിക്കും. സദാചാരദർശകന്മാർ ശുഭാശുഭകർമ്മങ്ങളുടെ ഫലങ്ങളിൽനിന്നു സുഖദുഃഖഗതിയെ ശരിയായി നിർണ്ണയിക്കുന്നു. അവർ ധർമ്മമാർഗ്ഗത്തിൽക്കൂടി എപ്പോഴും സസന്തോഷം സഞ്ചരിക്കുന്നു."

"അനന്തവും അതിസൂക്ഷ്മവുമായി ബഹുശാഖകളോടു കൂടിയാണു ധർമ്മത്തിന്റെ നില. പ്രാണാന്തത്തിലും വിവാഹത്തിലും സ്വന്തം ഗുണത്തിനായി അസത്യം പറയാമെന്നു വിധിച്ചിരിക്കുന്നു. അങ്ങിനെ, അസത്യം ചിലപ്പോൾ സത്യമായും, സത്യം ചിലപ്പോൾ അസത്യമായും ഭവിക്കും. ഭൂതഹിതം ഏതോ അതാണു സത്യം. അതുകൊണ്ടാണു ധർമ്മത്തിന്റെ ഗതി അതിസൂക്ഷ്മമാണെന്നു പറഞ്ഞതു്. എന്നാൽ, ശുഭകർമ്മം ചെയ്താലും അശുഭകർമ്മം ചെയ്താലും അതതിന്റെ ഫലം മനുഷ്യനു നിശ്ചയമായും ഭുജിക്കണം. താൻ ചെയ്ത ദുഷ്കർമ്മങ്ങളെ ഓർത്തറിയാത്ത മൂഢൻ വിഷമദശയെ പ്രാപിക്കുമ്പോൾ ദൈവത്തെ കഠിനമായി നിന്ദിക്കുന്നു. വഞ്ചകന്മാരും ചപലന്മാരും മൂഢന്മാരുമായ മനുഷ്യർ എപ്പോഴും സുഖദുഃഖങ്ങൾ മാറിമാറി ഏററുകൊണ്ടിരിക്കുന്നവരാണ്. അങ്ങിനെയുള്ളവരെ പ്രജ്ഞയേയോ പൌരുഷത്തിനൊ ഗുരുശിക്ഷയേയോ രക്ഷിക്കുവാൻ കഴികയില്ല. സ്വകർമ്മങ്ങൾ മനുഷ്യനെ എപ്പോഴും പിന്തുടരുന്നുണ്ട്. അതുകൊണ്ട്, പാപത്തെ നിശ്ശേഷം വർജ്ജിച്ച്, മനുഷ്യൻ പുണ്യകർമ്മങ്ങളിൽ ഏർപ്പെടേണ്ടതാണ്. അസൂയ വെടിഞ്ഞ്, കൃതജ്ഞതയോടെ ശുഭകർമ്മങ്ങൾ മാത്രം അനുഷ്ഠിക്കുന്ന മനുഷ്യൻ സുഖങ്ങളേയും ധർമ്മാർത്ഥങ്ങളേയും സ്വർഗ്ഗത്തെത്തന്നെയും പ്രാപിക്കും. ദാന്തനും, സംസ്കാരയുക്തനും, നിയതവ്രതനും ജിതേന്ദ്രിയനുമായ പ്രാജ്ഞൻ ഇഹത്തിലും പരത്തിലും ദുർല്ലഭമായ ജീവിതത്തിന്നു് ആളാകും. സജ്ജനധർമ്മത്തിൽ വർത്തിക്കയും, ശിഷ്ടക്രിയകൾ ആചരിക്കയും, പരന്മാർക്കു ക്ലേശകാരണമാവാത്ത സുവൃത്തികൾ കൈക്കൊള്ളുകയുമാണ് എപ്പോഴും നാം ചെയ്യേണ്ടതു്. കലർപ്പില്ലാത്ത സ്വധർമ്മംകൊണ്ടു ലോകത്തിൽ കർമ്മങ്ങൾ അനുഷ്ഠിക്കണം. പ്രാജ്ഞന്മാർ ധർമ്മത്തിൽ രമിക്കയും, ധർമ്മത്തിൽ ഉപജീവിക്കയും, ധർമ്മത്തിൽ ധനം നേടുകയും ചെയ്യുന്നു. ഗുണം നിറഞ്ഞിരിക്കുന്ന ധർമ്മമാണ് അവരുടെ ജീവിതത്തിന്നു് ആധാരം. ഇങ്ങിനെയുള്ള ധർമ്മാത്മാക്കൾ എപ്പൊഴും ചിത്തപ്രസാദത്തോടുകൂടിയാണു വർത്തിക്കുക. മിത്രജനത്തിനു സന്തോഷം വളർത്തുന്ന ആ ധർമ്മാത്മാവു് ഇഹത്തിലും പരത്തിലും ആനന്ദിക്കും. ധർമ്മഫലമായി ശബ്ദം, സ്പർശം, രൂപം, ഗന്ധം എന്നിവ ഇഷ്ടംപോലെ അനുഭവിച്ചു സുഖിച്ച് അവൻ പ്രഭാവപൂർണ്ണനായി വിളങ്ങും. എന്നാൽ, ഇത്തരം ധർമ്മഫലങ്ങൾ നേടുന്നതുകൊണ്ട് അവൻ സന്തുഷ്ടനാകയില്ല. അവൻ വൈരാഗ്യത്തെ പ്രാപിക്കുന്നതു വരേക്കും പ്രയത്നിക്കും. ലൌകികവിഷയങ്ങളിൽ അവൻ വിരക്തനായ്ത്തീർന്നാലും ധർമ്മത്തിൽനിന്നു് ഒരിക്കലും മാറുകയില്ല. എന്തും ദൈവവിധിപോലെ ഭവിക്കട്ടെ എന്നു് അടങ്ങിയിരിക്കാതെ, അവൻ ലോകം ക്ഷയാത്മകമാണെന്നുകണ്ടു സർവ്വത്തേയും ത്യജിക്കുന്നതിന്നും, ഉപായത്താൽ മോക്ഷത്തെ പ്രാപിക്കുന്നതിന്നും ശ്രമിക്കും."

"രൂപാദി വിഷയങ്ങളെ ഗ്രഹിക്കുവാനായി മനുഷ്യരിൽ മനസ്സ് ആദ്യംതന്നെ പ്രവർത്തിച്ചുതുടങ്ങുന്നു. അതു കാമക്രോധാദികളെ പ്രാപിച്ച് അവയെ സേവിക്കുന്നു. ഇഷ്ടംകൂടിയ രൂപഗന്ധാദികൾ കൈക്കൊണ്ടു രസിക്കുവാനായി മനസ്സ് എപ്പൊഴും പലപല കർമ്മങ്ങളിൽ ഏർപ്പെട്ടു പാടുപെടുകയും ചെയ്യുന്നു. മനസ്സിന്റെ ഗതിപോലെ ആദ്യം രാഗത്തിന്നും, പിന്നെ ദ്വേഷത്തിന്നും, അനന്തരം ലോഭത്തിന്നും, പിന്നീട് മോഹത്തിന്നും മനുഷ്യൻ വശഗനാകും. രാഗദ്വേഷങ്ങളാൽ ഹതനായി ലോഭത്തിന്നു് അടിമപ്പെടുന്ന മനുഷ്യനു ധർമ്മബുദ്ധിയുണ്ടാകയില്ല. അവൻ ധർമ്മം ആചരിക്കുന്നതായാൽത്തന്നെ, അതു ദംഭത്തോടുകൂടിയായിരിക്കും. കൌടില്യത്തോടുകൂടി അവൻ ധർമ്മം അനുഷ്ഠിക്കയും, കൌടില്യത്തോടുകൂടി അവൻ ധനം നേടുകയും ചെയ്യും. അങ്ങിനെ കൌടില്യത്തോടുകൂടി നേടിയ ധനത്തിലാണ് അവന്റെ ബുദ്ധി വിഹരിക്കുക. അതിൽനിന്ന് അവൻ പാപത്തിലേക്കു തിരിയുന്നു. അവനെ സുഹൃത്തുക്കളും പണ്ഡിതന്മാരും തടയുന്നതായാൽ, താൻ ശമദമാദിവേദമാർഗ്ഗങ്ങളിൽ ചരിക്കുന്നവനല്ലാതിരുന്നിട്ടും, താൻ വിഷയങ്ങളിൽ അസംഗനും ഉദാസീനനുമാണെന്നു വേദസംബന്ധമായ രീതിയിൽ അവൻ മറുപടി പറയും. രാഗദോഷത്തിൽ നിന്നു പാപം ചിന്തിക്കുക, പാപം പറയുക, പാപം ചെയ്യുക എന്നിങ്ങനെ മൂന്നുതരത്തിലുള്ള അധർമ്മം അവനെ പിടികൂടും. അധർമ്മത്തിൽ പ്രവർത്തിക്കുന്നവനിൽ സൽഗുണങ്ങളൊന്നും അവശേഷിക്കയില്ല. അവനുള്ള അതേതരം ശീലത്തോടുകൂടിയ പാപാത്മാക്കളാണ് അവന്റെ മിത്രങ്ങളായി വരിക. ഒടുവിൽ അവൻ ദുഃഖത്തിൽപ്പെട്ട് ഇഹത്തിലും പര

ത്തിലും നശിക്കും. ഇങ്ങിനെയാണ പാപാത്മാവിന്റെ ഗതി. പ്രജ്ഞയാൽ ഈ ദോഷങ്ങളെയെല്ലാം ആദ്യംതന്നെ കണ്ടു സൽപ്രയത്നങ്ങളിൽ ഏൎപ്പെട്ടു ബുദ്ധിയെ ധർമ്മത്തിൽത്തന്നെ ഉറപ്പിച്ചു നിൎത്തുന്നവനാണ പുണ്യാത്മാവു്."

"പഞ്ചഭൂതസംബന്ധമായ ധാതുക്കളാൽ ചരാചരാത്മകമായ ഈ ജഗത്തുമുഴുവനും ആവൃതമാണ്. ഇന്ദ്രിയങ്ങൾക്കു വിഷയമായുള്ളതു വ്യക്തവും, അങ്ങിനെയല്ലാത്തതു് അവ്യക്തവുമത്രെ. ശബ്ദാദികളെ ഗ്രഹിക്കുന്ന ഈ ഇന്ദ്രിയങ്ങളെ ദേഹി ഏററവും പാട്ടപെട്ടു നിഗ്രഹിക്കുമ്പോൾ, ആത്മാവു ലോകത്തിലെങ്ങും വ്യാപിച്ചിരിക്കുന്നതായും, ലോകം ആത്മാവിൽ അടങ്ങിയിരിക്കുന്നതായും കാണും. അങ്ങിനെയുള്ള പരാപരജ്ഞൻ പ്രാരബ്ധകൎമ്മങ്ങളാൽ ബദ്ധനായിരുന്നാലും, ഒരേആത്മാവാണ സൎവ്വജീവികളിലും കുടികൊള്ളുന്നതെന്നു് അറിയും. എപ്പോഴും എല്ലാനിലയിലും സൎവ്വഭൂതങ്ങളേയും തന്നിൽത്തന്നെ കാണുന്ന ആ ബ്രഹ്മഭൂതനെ പുണ്യപാപങ്ങളൊന്നും ബാധിക്കയില്ലാ. മായാത്മകമായ ക്ലേശത്തെ അതിലംഘിച്ചിട്ടുള്ള യോഗി ലോകത്തിൽത്തന്നെ വൎത്തിച്ചുകൊണ്ടു ജ്ഞാനമാൎഗ്ഗത്തിൽക്കൂടി പരമപുരുഷാൎത്ഥമായ മോക്ഷത്തെ പ്രാപിക്കും. സൎവ്വസിദ്ധികളുടേയും മൂലം തപസ്സാണ്. ഇന്ദ്രിയങ്ങളെ നിഗ്രഹിക്കുന്നതുകൊണ്ടല്ലാതെ മററുവിധത്തിൽ തപസ്സുണ്ടാകയില്ല. സ്വൎഗ്ഗമെന്നും നരകമെന്നും പറയുന്നതെല്ലാം ഈ ഇന്ദ്രിയങ്ങൾ തന്നെയാണ്. ഇന്ദ്രിയങ്ങളെ അടക്കിനിൎത്തിയാൽ സ്വൎഗ്ഗവും, അവയെ തുറന്നുവിട്ടാൽ നരകവുമായി. ഇന്ദ്രിയനിഗ്രഹമാണ് ആകെക്കൂടിയുള്ള യോഗവിധി. മനസ്സിനേയും ഇന്ദ്രിയങ്ങളേയും കീഴടക്കിനിൎത്തിയവനിൽ പാപമാവട്ടെ, അനൎത്ഥമാവട്ടെ ചേരുകയില്ല. ചരിച്ചുകൊണ്ടിരിക്കുന്ന ഇന്ദ്രിയങ്ങൾക്കു മനസ്സ് അധീനമായ്ത്തീരുന്നതായാൽ ആ മനസ്സു ബുദ്ധിയെ വഴിതെററിക്കും. അങ്ങിനെയാണ മനുഷ്യർ ഉഴലുന്നതു്."

"ഇന്ദ്രിയങ്ങളെ ജയിക്കുകകൊണ്ടാണ് എനിക്കുണ്ടായ സിദ്ധിയെല്ലാം. മാതാപിതാക്കളാണ് എന്റെ പരദൈവതം. ഞാൻ ഇവരെ പുഷ്പങ്ങളെക്കൊണ്ടും ഫലങ്ങളെക്കൊണ്ടും രത്നങ്ങളെക്കൊണ്ടും എപ്പോഴും സന്തോഷിപ്പിക്കും. പണ്ഡിതന്മാർ സ്തുതിക്കുന്ന ആ അഗ്നികളാണ് എനിക്കു് ഇവർ. യജ്ഞങ്ങളും ചതുൎവ്വേദങ്ങളുമെല്ലാം എനിക്കു് ഇവരാണ്. എന്റെ പ്രാണനും, എന്റെ ഭാൎയ്യയും, എന്റെ പുത്രനും, എന്റെ സുഹൃജ്ജനവും ഇവൎക്കുവേണ്ടിയാണ്. കളത്രപുത്രാദികളോടുകൂടി ഞാൻ ഇവരെ നിത്യം ശുശ്രൂഷിച്ചുവരുന്നു. ഇവരെ ഞാന്തന്നെ കുളിപ്പിക്കയും കാൽ കഴുകിക്കയും, ഇവൎക്കു ഞാന്തന്നെ ആഹാരം കൊടുക്കുകയും ചെയ്യുന്നു. ഞാൻ എപ്പോഴും ഇവൎക്കു് അനുകൂലമായിട്ടേ പറകയുള്ളു. ഒരിക്കലും വിപ്രിയം ചെയ്യുകയില്ല. എനിക്കു് അധൎമ്മമായാൽത്തന്നെയും ഇവൎക്കു ഞാൻ പ്രിയംതന്നെ ചെയ്യും. ഇതാണ ശ്രേഷ്ഠമായ ധൎമ്മമെന്നുവെച്ചു, മടിയോടുകൂടാതെ ഞാൻ ഇവരെ ശുശ്രൂഷിക്കുന്നു. മുമുക്ഷുവായ പുരുഷനു, പിതാവ്, മാതാവ്, അഗ്നി, ആത്മാവ്, ആചാൎയ്യൻ എന്നീ അഞ്ചുപേരാണ് ഗുരുക്കന്മാർ. ഇവരിൽ വഴിപോലെ വൎത്തിക്കുന്നവനു് അഗ്നികളെല്ലാം വിധേയങ്ങളായ്ത്തീരും. ഇതാണ ഗാൎഹസ്ഥ്യത്തിൽ വൎത്തിക്കുന്നവനുള്ള സനാതനധൎമ്മം. ഈ ധൎമ്മത്തെ ശരിയായി അനുഷ്ഠിക്കുകകൊണ്ടാണ ഞാൻ ഇങ്ങിനെ ദിവ്യചക്ഷുസ്സായതു്."

"ശാരീരികമായ ദുഃഖത്തെ ഔഷധത്താലെന്നപോലെ മാനസദുഃഖത്തെ പ്രജ്ഞയാൽ നശിപ്പിക്കണം. പുരുഷൻ കേവലം ബാലനെപ്പോലെയാകാതെ, വിജ്ഞാനംകൊണ്ടു സമൎത്ഥനാകുകയാണ വേണ്ടതു്. അനിഷ്ടം അണയുമ്പോഴും, ഇഷ്ടം അകലുമ്പോഴും അല്പബുദ്ധികളായ മനുഷ്യരെ മാനസദുഃഖം ബാധിക്കുന്നു. സുഖദുഃഖമോഹങ്ങൾ ജീവികളിൽ വന്നുചേൎന്നുകൊണ്ടും, വിട്ടുപോയിക്കൊണ്ടുമിരിക്കും. ഇതു സാധാരണമാകയാൽ ഇതിൽ ആൎക്കും ശോകസ്ഥാനത്തിന്നു് അവകാശമില്ല. അനിഷ്ടം ബാധിക്കുന്നതു കാണുമ്പോൾ അതിനെ മനുഷ്യൻ വെറുക്കുന്നു. എന്നിട്ടു, കഴിയുമെങ്കിൽ, അതിന്നു് മറുകൈചെയ്യുവാൻ ശ്രമിക്കുന്നു. ദുഃഖംകൊണ്ടു പരിതാപം മാത്രമല്ലാതെ മറെറാന്നും ഉണ്ടാകുവാനില്ല. സുഖത്തേയും ദുഃഖത്തേയും ഒരുപോലെ പരിത്യജിച്ചു ജ്ഞാനത്തിൽ മാത്രം തൃപ്തരാകുന്ന പണ്ഡിതന്മാരാണ് എപ്പോഴും സുഖിക്കുക. മൂഢന്മാൎക്കു് എന്നും അസന്തോഷമേയുള്ളു. പണ്ഡിതന്മാരിൽനിന്നു സന്തോഷം ഒഴിയുകയില്ല. ആ സന്തുഷ്ടി അന്തമില്ലാത്തതാണ്. എന്തുസംഭവിച്ചാലും അതിലെല്ലാം തുഷ്ടിയോടുകൂടി വൎത്തിക്കയെന്നതാണ പരമസുഖം. ജ്ഞാനമാൎഗ്ഗത്തെ പ്രാപിച്ചു പരമഗതിയെ കണ്ടവർ ഒരിക്കലും ദുഃഖിക്കയില്ല. വിഷാദമെന്നതു ഘോരവിഷമാകയാൽ അതിൽ ആരും മനസ്സു ചെലുത്തരുതു്. ബാലബുദ്ധിയായ മൂഢനെ ക്രുദ്ധസൎപ്പംപോലെ വിഷാദം നശിപ്പിക്കും. വിക്രമിക്കേണ്ടുന്ന കാലത്തു വിഷാദിച്ചുകൊണ്ടിരിക്കുന്ന തേജോഹീനൻ തീൎച്ചയായും പുരുഷാൎത്ഥത്തെ പ്രാപിക്കയില്ല. കൎമ്മം ചെയ്താൽ അതിനു ഫലംകാണുമെന്നതു നിശ്ചയമാണ്. വിഷാദിച്ചുകൊണ്ടിരിക്കയാണെങ്കിൽ മംഗളപ്രാപ്തിയുണ്ടാകയില്ലെന്നതും തീൎച്ചതന്നെ. ഇതറിയുന്നവൻ ദുഃഖംനേരിട്ടാൽ അതിൽനിന്നു മോചിക്കുവാനുള്ള ഉപായങ്ങൾ നോക്കുകയല്ലാതെ, വിഷാദിച്ചുകൊണ്ടിരിക്കയല്ലാ ചെയ്യേണ്ടതു്. ഈ തത്വം ഗ്രഹിച്ചിട്ടുള്ള ഞാൻ കാലപരിപാകത്തെ നോക്കിയിരിക്കുന്നതല്ലാതെ, ഒട്ടും വിഷാദിക്കാറില്ല."

ചെറുകഥ.

# അ:ജവിലാപം.

(എൻ. ജി. കർത്താ, പാണാവള്ളി.)

ഗീത! അംഗലാവണ്യത്തിന്റെ കോമളനീരാഴിയിൽ യൗവ്വനത്തിന്റെ പുതുപുഷ്പങ്ങൾ വിരിയാൻ തുടങ്ങിയിരിക്കുന്ന മനോഹാരിണിയായ ഒരു ബാലിക. ആ തരുലതാപംക്തിയുടെ അപ്പുറത്തായി കേൾക്കപ്പെട്ട മുരളീനാദാമൃതം അവളുടെ ഹൃദയത്തെ കോരിത്തരിപ്പിച്ചിരുന്നു; വികാരങ്ങളെ ഉണർത്തിവിട്ടു. അവൾ ഒരിക്കൽ സഖിയോടു പറഞ്ഞു:— "അവിടെ ഒരു ഗന്ധർവ്വനുണ്ട്."

സഖി ചിരിച്ചുകൊണ്ടുത്തരം നൽകി. "പക്ഷെ, ഒരു പിച്ചക്കാരൻ!"

സഖിയോടുകൂടെ ഗീത പലപ്പോഴും ആ വഴിയെ പോകാറുണ്ട്. അപ്പോഴെല്ലാം അവൾ ചെവിയോർത്തുനില്ക്കും. പൂംചിറകുകൾ വിരുത്തി പറന്നുകളിക്കുന്ന പക്ഷികളെ നോക്കിനില്ക്കും.

ഒരു നിശാമുഖത്തിൽ അവൾ ക്ഷേത്രത്തിൽ ഉത്സവം കാണ്മാൻ പോകയായിരുന്നു. വഴിയ്ക്ക്, അവിടെവച്ച് അന്നും അവൾ ആ നാദാമൃതം സ്പഷ്ടമായി ശ്രവിച്ചു. അവളുടെ മനസ്സ് ആ സംഗീതത്തിന്റെ കുളുർമയിൽ ജഡീഭൂതമായി. ആ മധുരനാദത്തിന്റെ ചിററലകൾക്ക് അവളുടെ ഹൃദയസ്പന്ദം താളം പിടിച്ചു. കരുണത്തിന്റെ കളിത്തടാകത്തിലെ ജലധാര അതിലൂടെ വാർന്നൊഴുകിയിരുന്നു. ഗീത ആനന്ദമത്തയായി സഖിയോടു പറഞ്ഞു. "ക്ഷേത്രത്തിലേക്കാൾ രമണീയമായ ഉത്സവം! എന്തിനു ക്ഷേത്രത്തിൽ പോകുന്നു!"

അവർ റോഡുവിട്ടു സാവധാനത്തിൽ തരുക്കളുടെ ഇടയിലേയ്ക്കിറങ്ങി. മന്ദവായുവിൽ വൃക്ഷങ്ങൾ ചാഞ്ചാടി. താരുകൾ താഴെയും താരകൾ മുകളിലും ആ ഗാനമാധുര്യത്തിൽ ലയിച്ചുനിന്നു. ചലദലാവലിയിൽ വീണ ചന്ദ്രിക, ഇടതൂർന്നുവളർന്നിരുന്ന പച്ചിലപ്പടർപ്പിലൂടെ മന്ദമന്ദം പൊയ്ക്കൊണ്ടിരുന്ന ഗീതയുടെ ശരീരമാസകലം വെള്ളിനാണയങ്ങൾ വാരിവിതറി. ഇളംപുൽക്കൂട്ടം അവളുടെ പാദപത്മങ്ങൾക്കു പരവതാനി വിരിച്ചു. അവളുടെ ആത്മാവ് ആ ചൈതന്യസദനത്തിലേയ്ക്കു മുററിവളർന്നതുപോലെ അവൾക്കു തോന്നി. അവൾ സഖിയുടെ കൈത്തലം പതുക്കെ ഒന്നമർത്തിക്കൊണ്ടു മന്ദമായി പറഞ്ഞു:— "ഇതൊരു വൃന്ദാവനംപോലെയിരിക്കുന്നല്ലോ."

സഖി പുഞ്ചിരിയോടെ ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു:— "അതാ, ഇവിടുത്തെ മുരളീധരൻ!"

ഗീതയുടെ ആത്മാവു ദ്രുതതരം തുടിച്ചു. അവൾ ഒരു മധുരസംഭ്രമത്തോടെ നോക്കിയപ്പോൾ— അതാ ഒരാൾ അടുത്തുവരുന്നു.

അവൾ സൂക്ഷിച്ചു നോക്കി. ആ പുഷ്പമണ്ഡലത്തിലെ നടുനായകം പോലെ തോന്നിച്ച ആ മനോഹരപുരുഷാകാരത്തിന്റെ കൈപ്പൂവിൽ അതാ ജഗന്മധുരമായ നാദഭാരതിയുടെ മണിക്കോവിൽ!—ആ മുരളീലത. അലിയാതെ വീണ നിലാവിൻകട്ടപോലെ ധവളകോമളമായ ഒരാട്ടിൻകിടാവ് അദ്ദേഹത്തിന്റെ പാദങ്ങൾക്കു ചുററും തുള്ളിച്ചാടിക്കളിക്കുന്നു. ഗീത കണ്ണുനിറയെക്കണ്ടു.

"ഈ ഏകാന്തസദനത്തിലെ അതിഥികൾക്കു ഹൃദയപൂർവ്വമായ സ്വാഗതം." അയാൾ കുശലം പറഞ്ഞു.

## II

"ഹാ" അടങ്ങിയ ആ ശബ്ദം ആ ചെറുമുറിയിൽ മന്ദമായി മാറെറാലിക്കൊണ്ടു. ഗീത സഖിയുടെ പിന്നിലായി ഒട്ടു മറഞ്ഞിരുന്നുകൊണ്ട് അയാളുടെ മുഖത്തിൽതന്നെ നോക്കിക്കൊണ്ടിരുന്നു. അയാൾ മന്ദസ്വരത്തിൽ തുടൎന്നു:— "ഹാ! എന്റെ പരിശുഷ്കമായ ചരിത്രത്തിൽ നിങ്ങൾ കൌതുകം പ്രദൎശിപ്പിക്കുന്നുവല്ലൊ. അതു് ഒരു ചെവിയിലും പെടാതെ എന്നോടുകൂടിത്തന്നെ മണ്ണടിഞ്ഞുപോകണമെന്നായിരുന്നു എന്റെ ആഗ്രഹം."

അദ്ദേഹത്തിന്റെ കണ്ണുകൾ അശ്രുപൂൎണ്ണങ്ങളായി. ആ കാഴ്ച ഗീതയുടെ ഹൃദയത്തെ വേദനിപ്പിച്ചു. അദ്ദേഹം ആത്മകഥ തുടൎന്നു:— "ബ്രാഹ്മണവംശജനായ എന്റെ അച്ഛൻ വലിയ വിദ്വാനും വൈദികനുമായിരുന്നു. വേദശാസ്ത്രങ്ങളുടെ അപാരസമുദ്രത്തിൽ—ആ ഗംഭീരങ്ങളായ തിരയടിയ്ക്കലുകൾക്കിടയിലൂടെ എന്നെയും നീന്തിക്കുവാൻ അദ്ദേഹം വളരെ പണിപ്പെട്ടു. എന്നാൽ ചെറുപ്പം മുതല്ക്കേ ഞാനതിനെ ഭയപ്പെട്ടു. എന്റെ ഹൃദയം സംഗീതത്തിലേയ്ക്കാണു കുതിച്ചിരുന്നതു്. അച്ഛന്റെ കണ്ണു തിരിഞ്ഞാൽ മതി, പുല്ലുഴലൂതിക്കൊണ്ടു നടക്കുകയായിരുന്നു എന്റെ പണി. അച്ഛനിതു സഹിച്ചില്ല. അദ്ദേഹം എന്നെ ശാസിച്ചു; പ്രഹരിച്ചു. പട്ടിണിയിട്ടു. ഞാൻ കീഴടങ്ങിയില്ല. വാസനയുടെ വജ്രപ്പശയിൽനിന്നും എന്നെ പറിച്ചെടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. അവസാനം—അതെന്റെ പന്ത്രണ്ടാമത്തെ വയസ്സിലായിരുന്നു—എനിക്കു പൊറുതിമുട്ടി, ഞാൻ ഗൃഹമുപേക്ഷിച്ചു! എന്റെ പ്രവൃത്തിയുടെ ഗൌരവമൊ ഭാവിഫലങ്ങളൊ അന്നെനിക്ക് അറിയാൻ കഴിഞ്ഞില്ല. സംഗീതത്തിന്റെ മാന്ത്രികശക്തിക്കധീനനായി, അതിന്റെ ചൊല്ലുകേട്ടു നടന്നു."
അദ്ദേഹത്തിന്റെ മുഖം ചുവന്നു. കണ്ണിൽ ജലം നിറഞ്ഞു. അതിന്റെ പ്രത്യാഘാതം ഗീതയുടെ മുഖത്തു തെളിഞ്ഞു കാണാമായിരുന്നു. അയാൾ ഗീതയുടെ മുഖത്തു ദൃഷ്ടിയുറപ്പിച്ചുകൊണ്ടു തുടൎന്നു:— "ആ മുഹൂൎത്തം ഒരു കാളസൎപ്പമായിരുന്നു. അതിന്റെ വിഷാഗ്നി എന്റെ ഭാവിഭാഗധേയത്തെ കരിച്ചുകളഞ്ഞു."

അയാൾ അല്പം ശാന്തമായ സ്വരത്തിൽ വീണ്ടും പറയാൻ തുടങ്ങി:— "അതെ, ഞാൻ അചിരേണ സംഗീതത്തിൽ വിദഗ്ദ്ധനായ ഒരാളുടെ വത്സശിഷ്യനായിത്തീൎന്നു. അന്നാണു ഞാൻ മുരളി അഭ്യസിച്ചതു്. പത്തുവൎഷം കഴിഞ്ഞു. ആ വൎഷങ്ങളുടെ ഓരോ നിമിഷവും സംഗീതത്തിന്റെ മായാവലയിൽ എന്നെ കുടുക്കുമ്പോൾ—എന്നിൽ അഭിനന്ദനങ്ങൾ പൂമഴ പെയ്യുമ്പോൾ—എന്റെ ഹൃദയം ദുഃഖത്തിന്റെ കുത്തിപ്പിടിയിൽ കിടന്നു പുളയുകയായിരുന്നു."

ഗീത ഒരു നിശ്വാസത്തോടെ തല തെല്ലു ചരിച്ചു. അവൾ കഥയിൽ ലീനചിത്തയായി കാണപ്പെട്ടു.

"കഷ്ടം! ഞാൻ തിരിച്ചുവന്നു. എനിക്കു സ്വാഗതമരുളാൻ അവിടെ ജീവിച്ചിരുന്നതു വൃദ്ധയായ ജനനി മാത്രമായിരുന്നു. ശിശുക്കളുടെ ഓമനസ്വരം കിലുകിലാ കിലുങ്ങിയിരുന്ന ഈ മുറികളിൽ മാതാവിന്റെ ഞരക്കവും ചുമയും മാത്രമായിരുന്നു ശുദ്ധശൂന്യതയോടു പോരാടിയിരുന്നതു്. എന്നാൽ—"

അയാൾ ശോകാവേശത്തോടുകൂടിയ ദൃഷ്ടികളാൽ ഗീതയെ ഒന്നു നോക്കിയിട്ടു ഗദ്ഗദസ്വരത്തിൽ പറഞ്ഞു:— "എന്നാൽ ഒരു മാസത്തിനുള്ളിൽ അവരും."

അയാൾ പൊട്ടിക്കരഞ്ഞു. അയാളുടെ പാദങ്ങളിൽ ചുരുണ്ടുകൂടിക്കിടന്നിരുന്ന ആട്ടിൻകുട്ടി ഒന്നു പിടഞ്ഞു. അയാൾ അതിന്റെ പുറം ഇടയ്ക്കിടെ തലോടിക്കൊണ്ട്, ഒരുമട്ടിൽ കഥയവസാനിപ്പിച്ചു.

## III

ഒരു സായംകാലം! അനുരക്തങ്ങളായ അഭ്രഖണ്ഡങ്ങൾ ആകാശത്തിന്റെ വക്ഷസ്സ്തടത്തിൽ സ്വൈരശയനം ചെയ്യുന്നു. പക്ഷികൾ 'മാരൻപാട്ടു' പാടിപ്പറന്നു തരുക്കളണയുന്നു. അപ്പോൾ ഗീത ആ ഏകാന്ത സദനത്തിലെ അതിഥിയായി വന്നു. അവൾ ആ പറവകളുടെ കളമൊഴികളാൽ ഉണൎത്തപ്പെട്ടതുപോലെ പെട്ടെന്നു പറഞ്ഞു:— "അപ്പോൾ അവിടുത്തെ ആ മുരളീസാരസ്വതം അല്പമൊന്നരുളി അനുഗ്രഹിക്കയില്ലെ! അതിന്റെ അമൃതപ്രവാഹത്തിൽ ഹാ! അന്നു ഞാൻ മുങ്ങിപ്പോയി."

അദ്ദേഹം മന്ദഹസിച്ചു. ഗീതയുടെ ബോധം ആ മന്ദഹാസത്തിൽതന്നെലയിച്ചു. തുടൎന്നു. അവിടെ നാദബ്രഹ്മത്തിന്റെ നിരതിശയമായ ഒരു സാക്ഷാൽക്കാരമുണ്ടായി. ആയിരമായിരം ആശ്ലേഷ

ങ്ങൾ അതിൽ അന്തർഭവിച്ചിരുന്നു. അസംഖ്യം വിരഹവേദനകൾ അതിൽ ഉൾത്തിങ്ങിയിരുന്നു. ആ ഗാനനിർഝരിണിയുടെ മധുരാവിർഭാവത്തിൽ മരവും ലതയും കല്ലും മണ്ണും ആകാശവും ഭൂമിയും എല്ലാം നിശ്ചലമായിപ്പോയി.

സദനവാടത്തിലെ പുഷ്പങ്ങളിൽനിന്നും സൌരഭം പൊഴിഞ്ഞു. നിർമ്മലനീലിമകോലുന്ന അംബരാന്തത്തിൽ തലകാണിച്ച കലേശലേഖയുടെ പൂങ്കവിൾത്തട്ടിൽ, എങ്ങനിന്നോ പാഞ്ഞുവന്ന ഒരു ശരന്മേഘപ്രകാണ്ഡം പ്രേമമുദ്ര സമർപ്പിച്ചുകൊണ്ട് ഓടി ഒളിച്ചു. ഗീതയുടെ അധരപല്ലവങ്ങൾക്കിടയിലൂടെ അതികൃശമായ ഒരു പുഞ്ചിരി സ്ഫുരിച്ചു. അവൾ അല്പംകൂടി അദ്ദേഹത്തിന്റെ അരികിലേയ്ക്കു് അടുത്തു. മന്ദഹാസമനോഹരമായ അദ്ദേഹത്തിന്റെ മുഖത്തു് അവൾ നിർന്നിമേഷയായി നോക്കിയിരുന്നു. പെട്ടെന്നവൾ കൈനീട്ടി. അയാളുടെ കൈവിരലുകൾ അവൾ മെല്ലെ ഗ്രഹിച്ചു. ഒരു സ്വപ്നദ്രഷ്ടാവിനെപ്പോലെ അവൾ അയാളുടെ വക്ഷസ്സിൽ അഭയം തേടി!

ആ നിശ്ചല നിശാമദ്ധ്യത്തിൽ, നിതാന്തശാന്തമായ ആ മധുരഭൂവിൽ, പ്രേമമഹാസിന്ധുവിന്റെ രണ്ടു പ്രവാഹങ്ങൾ പരസ്പരം ആലിംഗനത്തിലമർന്നു; ജ്ഞാനലോകത്തിന്റെ അതിർത്തിയെ ലംഘിച്ചു.

* * * * * *

ആ ഏകാന്ത സദനത്തിലെ മുരളീധരൻ ഗീതാനുധ്യാനത്തിൽ നിർവൃതിയാണ്ടു. അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഗീതയുടെ രൂപം തെളിനിലാവു വീശി. അവൾ ഒരു വെൺനെയ്തൽപൂങ്കുടമാണെങ്കിൽ, അയാളുടെ ഹൃദയം ഒരു സരസ്സായിരുന്നു. അവൾ ഒരു കമനീയ നിലാവാണെങ്കിൽ, അയാളുടെ ഹൃദയം നിരഭ്രശുഭ്രമായ ഗഗനതലമായിരുന്നു.

പല ദിവസവും അയാൾ ഗീതയുടെ രമ്യഹർമ്മ്യത്തിലേയ്ക്കു ക്ഷണിക്കപ്പെട്ടു. അഗ്രബന്ധമുലഞ്ഞ വെള്ളാമ്പലുകളിൽ പൂനിലാവിനെന്നപോലെ, അയാൾക്കവിടെ ആതിഥ്യം ലഭിച്ചുവന്നു. ചിലപ്പോൾ തുടർച്ചയായി അയാൾ അവളുടെ അതിഥിയായി അവിടെ പാർത്തു. ഈ സമാഗമങ്ങളുടെ മാദകശക്തിയാൽ അയാൾ മറ്റെല്ലാം മറന്നു. ഒരു ദിവസം ഗീതയുടെ മന്ദിരത്തിൽനിന്നും മടങ്ങി വന്നപ്പോൾ താൻ ഓമനയായി വളർത്തുന്ന ആട്ടിൻകുട്ടി ക്ഷീണിച്ചു പരവശമായി ദീനസ്വരം പുറപ്പെടുവിക്കുന്നതു് അയാൾ കേട്ടു. മൂന്നു ദിവസം അതു കതകടച്ചിരുന്ന ഒരു മുറിക്കുള്ളിൽ അകപ്പെട്ടു് ആഹാരമില്ലാതെ കഷ്ടപ്പെട്ടുവെന്നു അയാൾ കണ്ടു. അന്നോവരെ തന്റെ സ്നേഹവാത്സല്യാദികൾക്കു ഏകപാത്രമായിരുന്ന ആ സാധുമൃഗത്തിന്റെ ദയനീയാവസ്ഥ അയാളെ അല്പസമയം ഇരുത്തി ചിന്തിപ്പിച്ചു. തന്റെ അശ്രദ്ധയേയും വിചാരശൂന്യതയേയുംപറ്റി അയാൾ പശ്ചാത്തപിച്ചു. ആട്ടിൻകുട്ടിയെ പരിചരിക്കുന്നതിൽ അയാൾ ബദ്ധശ്രദ്ധനായി. ആട്ടിൻകിടാവിന്റെ സ്നേഹം വഴിയുന്ന നോട്ടങ്ങൾ അയാളെ സമാധാനിപ്പിച്ചു. അയാൾ അതിന്റെ പുറത്തു വാത്സല്യപൂർവ്വം തെരുപ്പിടിച്ചു. ഇത്രയും കാലം തന്റെ സഹചാരിയും സുഖദുഃഖങ്ങളിൽ ഭാഗഭാക്കും ആയി വർത്തിച്ചിരുന്ന ആട്ടിൻകുട്ടിയുടെ നേരെ ഇനിമേൽ ഇങ്ങനെയൊരു ഉദാസീനത സംഭവിക്കയില്ലെന്നു് അയാൾ മനസാ ശപഥം ചെയ്തു.

## IV

ആ കത്തു ഗീതയുടെ ഹർമ്മ്യത്തിൽ നിന്നാണെന്നു അയാൾക്കു മനസ്സിലായി. വികാരങ്ങളുടെ കോളിളക്കത്തിൽ വാടിത്തളർന്ന കൈകൾ, പലേ നിഷ്ഫലയത്നങ്ങൾ ചെയ്തതിനു ശേഷമേ അതു പൊട്ടിക്കുന്നതിനു സമർത്ഥങ്ങളായുള്ളു. വിടർന്നു് അക്ഷമങ്ങളായ കണ്ണുകളും, പ്രേമം നിഴലിക്കുന്ന പുഞ്ചിരിയും അതിന്റെ ഉള്ളിലെ മധുരസാധനത്തിലേക്കു വെമ്പി പാഞ്ഞു. അടിമുടി അമൃതമെന്നു വിശ്വസിച്ചു പാനം ചെയ്യാൻ കുതിച്ച ചേതന, അതാ! സ്തബ്ധമാകുന്നു. ദയനീയമായ ഒരു രോദനത്തോടെ അയാൾ നഷ്ടപ്രജ്ഞനായി അവിടെ മറിഞ്ഞുവീണു.

ഒരു ഭ്രാന്തനെപ്പോലെ ഉത്തരക്ഷണത്തിൽ അയാൾ ചാടി എഴുന്നേറ്റു. ആ കടലാസുകഷണത്തെ ഒരു ഭയങ്കരസാധനംപോലെ ദൂരെ എറിഞ്ഞു. പെട്ടെന്നുതന്നെ അതിനെ കടന്നെടുത്തുകൊണ്ടു സദനത്തിലേക്കു പാഞ്ഞു. സുന്ദരാംഗമായ ആ ആട്ടിൻകിടാവു് തുള്ളിച്ചാടിയെത്തി. അയാൾ ഭയങ്കരമായി നിലവിളിച്ചു; അതിനെ കാലുകൊണ്ടു ചിക്കി ദൂരെ എറിഞ്ഞു. അതു് ഒരു ദീനസ്വരം പുറപ്പെടുവിച്ചുകൊണ്ടു പാഞ്ഞൊളിച്ചു.

പുൽത്തറയിലൊരിടത്തു പിന്നോക്കം കൈകുത്തി ചാഞ്ഞിരുന്നുകൊണ്ടു് അയാൾ ആകാശത്തിലേയ്ക്കു തുറിച്ചുനോക്കി. കയ്യിലിരുന്ന എഴുത്തു് ഒന്നുകൂടി വായിക്കാനായി വിടുർത്തു. അല്പം കഴിഞ്ഞു വിറക്കുന്ന

# സ്പെയിൻയുദ്ധക്കളത്തിലെ ഇററലി.

(ഡി. പത്മനാഭനുണ്ണി എം. ഏ.)

ഭൂമിയിൽ പല അഗ്നിപർവ്വതങ്ങളുമുണ്ടെന്ന് ഗോളശാസ്ത്രവിജ്ഞാനികൾക്കു മാത്രമല്ല, സാധാരണ ജനങ്ങൾക്കും അറിവുള്ളതാണല്ലൊ. അവയിൽ ചിലതെല്ലാം സജീവങ്ങളും, മനുഷ്യദൃഷ്ടിക്കു വിഷയങ്ങളുമാണ്. ചില പർവ്വതങ്ങൾ സജീവങ്ങളാണെങ്കിലും മനുഷ്യർക്കു കാണാൻ സാധിക്കാതെ സമുദ്രഗർഭത്തിൽ നിമഗ്നമായിരിക്കുന്നു. ഈ അഗ്നിപർവ്വതങ്ങൾ കാലാകാലങ്ങളിൽ പൊട്ടി അഗ്നിജ്വാലകളും, ചൂടുപിടിച്ചുരുകിയ ദ്രാവകധാതുക്കളും, വിഷവായുക്കളും ഉദ്വമിക്കുന്നതു കൂടാതെ ഭൂകമ്പം, ജലപ്രളയം മുതലായവയ്ക്കും കാരണമായിത്തീരുന്നു. ഇവയിൽനിന്നും ലോകത്തിനുണ്ടാകുന്ന ആപത്ത് വളരെ വലുതാണെങ്കിലും പ്രാദേശികങ്ങളാണ്. എന്നാൽ ഭൂമിയുടെ ഉപരിഭാഗത്തുതന്നെ സ്ഥിതിചെയ്യുന്നതും, മനുഷ്യർക്കു കാണാമെങ്കിലും മനസ്സിലാക്കാൻ സാധിക്കാത്തതും, സർവ്വനാശകരവുമായ ചില അഗ്നിപർവ്വതങ്ങളുണ്ട്. ഏഷ്യയുടെ പടിഞ്ഞാറുഭാഗത്തും, കിഴക്കുഭാഗത്തും ഇപ്രകാരമുള്ള രണ്ട് അഗ്നിപർവ്വതങ്ങൾ സ്ഥിതിചെയ്യുന്നു. പടിഞ്ഞാറുഭാഗത്തുള്ളതു യൂറോപ്പുഭൂഖണ്ഡവും, കിഴക്കുഭാഗത്തുള്ളതു ജപ്പാൻ ദ്വീപുമാകുന്നു.

നമ്മുടെ പശ്ചിമഭാഗത്തുള്ള യൂറോപ്പുഭൂഖണ്ഡം അനേകകാലങ്ങളായി സജീവവും ബഹുമുഖവുമായ ഒരു അഗ്നിപർവ്വതമായിത്തന്നെ സ്ഥിതിചെയ്യുന്നു. അതിന്റെ ഏററവും ഭയങ്കരമായ പൊട്ടിത്തെറിക്കൽ കഴിഞ്ഞിട്ട് അധികനാളായിട്ടില്ല. അന്ന് അതിൽനിന്നും ഉൽഗളിച്ച അഗ്നിദ്രാവകം ലോകം മുഴുവൻ വ്യാപിച്ചു പ്രവഹിച്ചു. ഇന്നും ജനങ്ങളുടെ ഹൃദയത്തിൽനിന്നും അതിന്റെ ചൂടാറിക്കഴിഞ്ഞിട്ടില്ല. എങ്കിലും വീണ്ടും അത് ഒന്നുകൂടി പൊട്ടിത്തെറിക്കുമെന്നു ജനങ്ങൾ ഭയപ്പെട്ടുതുടങ്ങിയിരിക്കുന്നു. അവിടെ ആകാശമണ്ഡലം ധൂമാവൃതമായിത്തീർന്നിരിക്കുന്നു. അന്തർഭാഗത്തു നിന്നും മന്ദ്രഗംഭീരമായ മർമ്മരശബ്ദവും കേട്ടുതുടങ്ങിയിരിക്കുന്നു. ഇതിന്ന് ഇന്നു പ്രധാനങ്ങളായിക്കാണപ്പെടുന്ന മൂന്നു മുഖങ്ങളിൽ ഒന്നായ സ്പെയിനിൽ അഗ്നിജ്വാലതന്നെ പുറപ്പെട്ടു കഴിഞ്ഞു. മററു രണ്ടു മുഖങ്ങളായ ഇററലി, ജർമ്മനി ഇവയിൽ നിന്നും സ്പെയിനിലേക്ക് അന്തർവാഹിനി പ്രവഹിക്കുന്നതുകൊണ്ടായിരിക്കാം ഇപ്പോൾ അവിടങ്ങളിൽ പ്രത്യക്ഷമായി അഗ്നിജ്വാല പുറപ്പെടാതിരിക്കുന്നത്. എങ്കിലും അവ വളരെ നാളത്തേക്കു ശാന്തമായിരിക്കാൻ വഴി കാണുന്നില്ല.

യഥാർത്ഥത്തിൽ ഈ രണ്ടു രാജ്യങ്ങളും ആപല്ക്കരങ്ങളായ രണ്ടു കേന്ദ്രങ്ങളാണ്. ക്രൈസ്തവവർഷം 1919-ൽ അവസാനിച്ച ലോകമഹായുദ്ധത്തിൽ "സമാധാനത്തിനുവേണ്ടി പ്രഥമമായി പ്രയത്നിച്ച മഹാനുഭാവൻ" അമേരിക്കയിലെ പ്രസിഡണ്ടായിരുന്ന 'വിൽസ'നാണ്. തന്നിമിത്തം നാം അദ്ദേഹത്തെ വലിയ കാര്യങ്ങൾക്കു വേണ്ടി പ്രയത്നിച്ച് പ്രാപ്തിക്കുറവുമൂലം പരാജയത്തിനടിമപ്പെട്ട ആധുനികചരിത്രപുരുഷന്മാരിൽ പ്രഥമഗണനീയനായി വിചാരിച്ചുവരുന്നു. പ്രബലങ്ങളായ രാജ്യങ്ങൾ തമ്മിൽ ചെയ്തിട്ടുള്ള രഹസ്യങ്ങളായ ഉടമ്പടികൾ നശിപ്പിക്കുകയും, സമുദ്രമാർഗ്ഗങ്ങളിൽ ഒരുപോലെ സ്വാതന്ത്ര്യമനുവദിക്കുകയും മററും ചെയ്ത് ഭാവിയിൽ ഒരുകാലത്തും യുദ്ധമുണ്ടാകാതിരിക്കുന്നതിനു വേണ്ടതെല്ലാം പ്രസിഡൻറു വിൽസൺ ചെയ്തുവയ്ക്കുമെന്നു ലോകം ആശ്വസിച്ചിരുന്നു. ഫ്രാൻസിൽ അദ്ദേഹം കാലെടുത്തുവച്ചപ്പോൾ ജനങ്ങൾ ഭയഭക്തിബഹുമാനങ്ങളോടുകൂടി അദ്ദേഹത്തെ നമസ്കരിച്ചു സ്വാഗതം പറഞ്ഞു. തൊഴിലാളികൾ സന്തോഷാശ്രുക്കൾ പൊഴിക്കുകയും, അദ്ദേഹത്തിന്റെ കല്പനകളെ നിറവേററുന്നതിനുവേണ്ടി വെള്ളത്തിലും തീയിലും ചാടുന്നതിനു തയാറായിരിക്കുകയും ചെയ്തു. ഇററലിയിൽ അദ്ദേഹത്തിന്റെ നാമം ഒരു നവയുഗം പ്രത്യക്ഷപ്പെടുത്തുന്നതിനുള്ള പരിശുദ്ധമ

ന്ത്രമായി ഉച്ചരിക്കപ്പെട്ടുവന്നു. ജമ്മനി തന്റെ രക്ഷാമാൎഗ്ഗം മുഴുവനും പ്രസിഡൻറ് വിൽസനെ ആശ്രയിച്ചു നില്ക്കുന്നുവെന്നു വിശ്വസിച്ചു. പാവപ്പെട്ട മനുഷ്യൻ! സകല ജനങ്ങളേയും ആശാഭംഗപ്പെടുത്തി. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഉണ്ടായ ആ ഉടമ്പടി ഭൂഖണ്ഡം രണ്ടായി വിഭജിക്കുകയും, അവയിൽ ഒന്നു മനുഷ്യക്കെന്നും മററതു് ഇംഗ്ലീഷുമനുഷ്യക്കെന്നും എഴുതിപ്പതിക്കുകയുമാണ് ചെയ്തതു്.

യൂറോപ്പിൽ ആ ഉടമ്പടി തൃപ്തന്മാരെന്നും അതൃപ്തന്മാരെന്നും രണ്ടുതരം രാജ്യക്കാരെ ഉല്പാദിപ്പിച്ചു. ആ ഉടമ്പടി നിമിത്തം ലാഭം സിദ്ധിക്കുന്നതിനിടയായിട്ടുള്ള ബ്രിട്ടനും ഫ്രാൻസും അസ്ട്രോഹംഗേറിയാ പൊടിച്ചു വാൎത്തെടുത്തിട്ടുള്ള ചെറിയ നൂതനരാജ്യങ്ങളും തൃപ്തന്മാരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നു. പ്രത്യുത സ്വന്തരാജ്യവിഭാഗങ്ങൾ നഷ്ടപ്പെടുകയൊ, ചില നിബന്ധനകൾകൊണ്ടു സങ്കടപ്പെടുകയൊ ചെയ്യുന്നവരായ, ജമ്മനി, ഇററലി, ആസ്ത്രിയ, ബൾഗേറിയ മുതലായവർ അതൃപ്തന്മാരുടെ കൂട്ടത്തിലും ഉൾപ്പെടുന്നു. റഷ്യയുടെ ഒരു വലിയ ഭാഗം ഈ ഉടമ്പടി മൂലം നഷ്ടപ്പെട്ടുപോയെങ്കിലും, പുതിയ വ്യവസ്ഥകളെ സംരക്ഷിക്കുന്നതിലുള്ള താല്പര്യം നിമിത്തം, അവരും തൃപ്തന്മാരായിത്തീൎന്നു. ഇററലിക്ക് ആസ്ട്രോഹംഗേറിയായിൽ നിന്നും കുറെഭാഗം ലഭിച്ചെങ്കിലും അവർ കൂടുതൽ ആശിച്ചിരുന്നതുകൊണ്ടു് അതൃപ്തരായിബ്ഭവിച്ചു. യുദ്ധത്തിൽ ഇററലി ജമ്മനിയെ ഉപേക്ഷിച്ചു് ഐക്യകക്ഷികളോടു ചേൎന്നതു് 1915-ൽ ലണ്ടനിൽ വച്ചുണ്ടായ ഉടമ്പടിമൂലം ബ്രിട്ടനും ഫ്രാൻസുംകൂടി പലതും വാഗ്ദാനം ചെയ്തതുകൊണ്ടാണ്. ആ വാഗ്ദാനത്തിൽ ഉൾപെട്ട ഡാൽമിഷ്യൻതീരം സമാധാന ഉടമ്പടിപ്രകാരം യൂഗോസ്ലവിയാക്കാണ് ലഭിച്ചതു്. നേരെമറിച്ചു് ആസ്ത്രിയാക്കു പല നഷ്ടങ്ങളും സംഭവിച്ചെങ്കിലും ആ രാജ്യക്കാർ കിട്ടിയതുകൊണ്ടു് തൃപ്തിപ്പെട്ടിരിക്കുകയാണ്. അടുത്തകാലത്തെങ്ങും തല പൊക്കുമെന്നു തോന്നുന്നില്ല. 1912-ലെ ബാൾക്കാൻ യുദ്ധത്തിന്റെയും തദനന്തരമുണ്ടായ ലോകമഹായുദ്ധത്തിന്റെയും ഫലമായി ബൾഗേറിയായുടെ ഒരു വലിയ ഭാഗം അയൽരാജ്യങ്ങളെല്ലാംകൂടി പിടിച്ചുപറിച്ചെടുത്തെങ്കിലും, 'ആത്മദ്യേവ വിലീയന്തെ ദരിദ്രാണാം മനോരഥാഃ.' എന്നു പറഞ്ഞതുപോലെ, അവർ അടങ്ങിയൊതുങ്ങി കഴിഞ്ഞുകൂടുകയാണ്. ഹംഗറിക്ക് ആ ശാന്തത സിദ്ധിച്ചിട്ടില്ല. യുദ്ധത്തിന്റെ ഫലമായി അവൎക്കു് പകുതി രാജ്യവും ജനങ്ങളും നഷ്ടപ്പെട്ടു. ആ നഷ്ടം പരിഹരിക്കുന്നതിന് അവർ തീവ്രപ്രയത്നം ചെയ്യുന്നുമുണ്ട്. എങ്കിലും അവരുടെ സൈനികനിലയിൽ ഒട്ടും ഭയപ്പെടേണ്ടതില്ല.

അടുത്തകാലംവരെ റഷ്യയുടെ വിപുലമായ സന്നാഹം സൎവ്വൎക്കും ഭയങ്കരമായിരുന്നു. ലോകത്തിലെവിടേയും വിപ്ലവമുണ്ടാക്കുന്നതിനു റഷ്യ ഉററു പരിശ്രമിച്ചിരുന്നു. എന്നാൽ ഇന്നു് അവൾക്കു വലിയ മാററം സംഭവിച്ചു. ലനിൻ മരിച്ചുപോകയും, ട്രാട്സ്കി കാന്ദിശീകനായിത്തീരുകയും ചെയ്തതിനുശേഷം സ്റ്റാലിന്റെ നേതൃത്വത്തിൽ റഷ്യ സ്വരാജ്യാതിൎത്തികളിൽ സ്ഥിതിസമത്വം സ്ഥാപിക്കുന്നതിൽത്തന്നെ ബദ്ധശ്രദ്ധയായിരിക്കയാണ്. ജമ്മനിയുടെ ഔദ്ധത്യം അവളെ ഇതിലേക്കുതന്നെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. തന്നിമിത്തം യൂറോപ്യൻ അഗ്നിപൎവ്വതത്തിന്റെ കേന്ദ്രത്തിലുള്ള രണ്ടു മുഖങ്ങൾ ഇററലിയും, ജമ്മനിയുമാകുന്നു. ഈ രണ്ടു മുഖങ്ങളും നിൎജ്ജീവമാക്കി അഗ്നിപൎവ്വതം തന്നെ നിൎവ്വാണമാക്കിത്തീൎക്കുന്നതിനു ബ്രിട്ടനും, ഫ്രാൻസും, റഷ്യയും ഉററു പരിശ്രമിച്ചുവരുന്നു. അരങ്ങുകൾ മാറിമാറി വെക്കുന്നു. അടിയറവു് അടുത്തിട്ടില്ല. രംഗങ്ങൾ നവനവങ്ങളായിത്തീരുന്നു.

യൂറോപ്പിൽ, എന്നല്ല ലോകത്തിൽ എങ്ങും യുദ്ധമില്ലാതായിത്തീരുന്നതിനാണു സൎവ്വരാഷ്ട്രസഭ (The League of Nations) സ്ഥാപിച്ചതു്. അധികം താമസിക്കാതെ ആ സഭ വേട്ടയാടികിട്ടിയ കാട്ടുമൃഗങ്ങളെ പങ്കിട്ടു ഭക്ഷിക്കുന്നതിനായി ചുററുംകൂടിയിരിക്കുന്ന നായാട്ടുനായ്ക്കളുടെ സംഘമായി പരിണമിച്ചു. അടുത്തകാലംവരെ അവരുടെ മുറുമുറുപ്പു് കേൾക്കാമായിരുന്നു. എന്നാൽ ഇന്നു് അതു കേവലം നിശ്ശബ്ദമായിത്തീൎന്നുപോയിരിക്കുന്നു!

യൂറോപ്പിലെ അഭ്യന്തരകലഹങ്ങളുടെ സൂക്ഷ്മസ്വഭാവം മനസ്സിലാക്കണമെങ്കിൽ ഇററലിയുടേയും ജമ്മനിയുടേയും ഉദ്ദേശ്യമെന്താണെന്നു് ആദ്യമായി ധരിച്ചിരിക്കണം. 1922-ൽ മുസോലിനി നേതാവായിതീൎന്നതുമുതൽ സ്വരാജ്യസീമകളെ വൎദ്ധിപ്പിക്കുന്നതിനും, കഴിയുമെങ്കിൽ പ്രാചീനകാലത്തെപ്പോലെ ഒരു റോമാസാമ്രാജ്യം സ്ഥാപിക്കുന്നതിനും ഇററലിക്കു് അഭിനിവേശം ജനിച്ചു. എങ്കിലും രണ്ടുകൊല്ലത്തിനുമുമ്പുവരെ ആ ആഗ്രഹം എങ്ങനെയാണു സാധിപ്പിക്കേണ്ടതെന്നു് ഇററലിക്കുതന്നെ അറിഞ്ഞുകൂടായിരുന്നു. ഡാൽമേഷ്യൻതീരം കൈവശപ്പെടുത്തിയ യൂഗോസ്ലേവിയായോടു് ഇററലിക്കു് അസൂയയുണ്ട്. പ്രകൃത്യാ

സ്വരാജ്യത്തിൽ ഉൾപ്പെട്ട സാവോയ് (Savoy) നൈസ് (Nice) ഇവയും ഇററലിക്കാർ അധികം താമസിച്ചുവരുന്ന വടക്കേ ആഫ്രിക്കയിലെ ട്യൂനിഷ്യാദേശവും കഴ്സിക്കാദ്വീപും കൈവശംവച്ചിരിക്കുന്നതുകൊണ്ടു ഫ്റാൻസിനോട്ട് ഇററലിക്കു വിരോധമുണ്ടു്. ഇററലിയുടെ വകയായ മാൾട്ടാദ്വീപും കൈവശപ്പെടുത്തുകയും, ഫ്രാൻസിന്റെ ആനുകൂല്യത്തോടുകൂടി മദ്ധ്യധരണ്യാഴി ബ്രിട്ടീഷ്തടാകമാക്കിത്തീക്കുകയും ചെയ്ത ഇംഗ്ലണ്ടിനോടും ഇററലിക്കു വൈരമുണ്ടു്. ഫ്രാൻസിന്റെയും, ഇററലിയുടേയും അതിർത്തികളിൽ രണ്ടുകൂട്ടക്കാരും ബലിഷ്ഠങ്ങളും ഭയങ്കരങ്ങളുമായ കോട്ടകൾ കെട്ടി യുദ്ധസാമഗ്രികൾ നിറച്ചു സൈനികതാവളമുറപ്പിച്ചു. എന്നാൽ 1933-ൽ നാസിരാക്ഷസന്റെ ഭീമാകാരം ജമ്മനിയിൽ തലപൊക്കിയെഴുന്നേററപ്പോൾ യൂറോപ്പ് മുഴുവൻ പരിഭ്രമിച്ചു. സ്ഥിതിഗതികൾ ആകപ്പാടെ ഒന്നു മാറി. ഫ്രാൻസു ബ്രിട്ടന്റെ സഹായം അഭ്യത്ഥിച്ചു. പക്ഷെ ബ്രിട്ടൻ ഇളകിയില്ല. യൂറോപ്പ്ഖണ്ഡത്തിൽ ഫ്റാൻസിന്റെ പദവിയിൽ ബ്രിട്ടൻ അല്പം അസൂയാലുവായിരുന്നു. തന്നിമിത്തം ഫ്റാൻസ് ഇററലിയോടും, റഷ്യയോടും യോജിച്ചു. ഇററലിയുടെ സീമകളിൽ ഉണ്ടായിരുന്ന ഫ്റഞ്ചു സൈന്യങ്ങളെ ജമ്മനിയുടെ അതിർത്തിയിലേക്കു മാററി. ജമ്മനിയുടെ കിഴക്കുഭാഗത്തു് ഒരു ശത്രുവിനെ കാവലുമാക്കി. ഫ്റഞ്ചുനയം വിജയീഭവിച്ചു. ഇററലി തൃപ്തിപ്പെട്ടു. ഫ്റാൻസുമായി ഐകമത്യം സ്ഥാപിച്ചപ്പോൾ ഇററലിയുടെ വളച്ച് ഏതു വഴിക്കാണെന്നു തീച്ചപ്പെട്ടു. യൂറോപ്പിൽ സ്വരാജ്യം വദ്ധിപ്പിക്കണമെന്നുള്ള അവരുടെ ആശ നിലച്ചു. ആഫ്റിക്കയിൽ സ്വേച്ഛാനുസരണം പ്രവത്തിക്കുന്നതിന് അവർക്കു ഫ്റാൻസിന്റെ അനുമതിയും ലഭിച്ചു. ഫലം അബ്സീനിയാ പിടിച്ചുപറിക്കയായിരുന്നു.

ഇററിയുടെ ഈ കൊള്ളയിൽ ബ്രിട്ടൻ ആദ്യം ഒന്നു കണ്ണുചുമപ്പിക്കുകയും തല ഉയത്തുകയും ചെയ്തു. ആ നിലയിൽനിന്നും വളരെ വേഗത്തിൽ പിന്മാറിയെങ്കിലും പരസ്യമായി തലതാഴ്ത്തിയതിലുള്ള അവമാനം ബ്രിട്ടന്നു് അസഹ്യമായിത്തീന്നു. മദ്ധ്യധരണ്യാഴിയിലെ സങ്കേതങ്ങൾ ബലപ്പെടുത്തുവാൻ ബ്രിട്ടൻ തീച്ചയാക്കി, ഇതു് ഇററലിയുടെ മത്സരബുദ്ധിയെ വദ്ധിപ്പിച്ചു. യുദ്ധക്കപ്പലുകളും, വിമാനങ്ങളും വദ്ധിപ്പിച്ചു ബ്രിട്ടന്റെ അധികാരശക്തി കുറക്കുന്നതിന് ഇററലിയും തീച്ചപ്പെടുത്തി. ഈ മത്സരം നയോപായംകൊണ്ടു് ഒരിക്കലും അവസാനിക്കുകയില്ല. അതിൽ ഒരു ഭയങ്കരയുദ്ധവും, ആ യുദ്ധത്തിൽ ഒരു കക്ഷിയുടെ പരാജയവും അത്യാവശ്യമാണ്. അന്നുവരെ പുറമെ പലതും ഭാവിക്കും, പ്രസംഗിക്കും; പിറകിൽ സമരസന്നാഹങ്ങളും വദ്ധിപ്പിക്കും.

മദ്ധ്യധരണ്യാഴി സ്വാധികാരത്തിൽത്തന്നെ വെച്ചുകൊണ്ടിരിക്കുന്നതിനു ബ്രിട്ടന്റെ അത്യാശയാണു്, ഇററലി ഇപ്പോൾ സ്പെയിനിൽ പ്രവേശിച്ചിരിക്കുന്നതിനു കാരണം. അതു ഫാസിസത്തിനോടുള്ള അനുകമ്പകൊണ്ടോ, കമ്യൂണിസത്തോടുള്ള വിരോധംകൊണ്ടോ ആണെന്നു വിചാരിക്കുന്നതു് അബദ്ധമാകുന്നു. ഫ്റാങ്കൊവിന്റെ പരിശ്രമങ്ങളോടു് ഇററലിക്കനുകമ്പയുണ്ടു്. എന്നാൽ ഇപ്പോൾ ഇററലി സ്പെയിനിൽ പണവും ചോരയും പൊഴിക്കുന്നതു അവരുടെ സ്വാത്ഥലാഭത്തിനുവേണ്ടിത്തന്നെയാകുന്നു.

ഇത്രയൊക്കെയായാലും ഇന്നു് ബ്രിട്ടനോടെതിരിടുവാനുള്ള ശക്തി ഇററലിക്കില്ല. അബ്സീനിയൻ യുദ്ധത്തിനുശേഷം, ബ്രിട്ടന്റെ സൈനികബലം വദ്ധിപ്പിച്ചിട്ടുണ്ടെന്നുമാത്രമല്ലാ യുദ്ധമുണ്ടാകുന്നതായാൽ, ജിബ്രാൾട്ടറും, സൂവെസും ബ്രിട്ടന്റെ കൈവശത്തിലുള്ളതുകൊണ്ടു് ഇററലിയിലേക്കു് സാമാനങ്ങൾ ഇതരരാജ്യങ്ങളിൽ നിന്നും അയക്കാതെയും, അവരുടെ കപ്പലുകളെ പുറത്തേയ്ക്കു വിടാതേയും, കുപ്പിയിലിട്ടടച്ചതുപോലെ കുടുക്കിവയ്ക്കുന്നതിന് ബ്രിട്ടനു സാധിക്കും. ഇററലിക്കു്, ഇരുമ്പു്, കൽക്കരി, എണ്ണ, പഞ്ഞി മുതലായ സാധനങ്ങൾ പുറരാജ്യങ്ങളിൽനിന്നും, വിശേഷിച്ചു അമേരിക്കയിൽനിന്നും, ലഭിക്കാതെ തരമില്ല. ഇതു സാധിക്കാതെവന്നാൽ, ഇററലി പൊടിഞ്ഞു എന്നു മാത്രമല്ല, മാൾട്ട, സൈപ്രസ് എന്നീ സജ്ജീകൃതദ്വീപുകൾ ബ്രിട്ടീഷ്കാരുടെ കൈവശത്തിൽ ഇരിക്കുന്നതുകൊണ്ടു ഉത്തരാഫ്റിക്കയിൽനിന്നും ഇററിലിക്കു ലഭിക്കാവുന്ന സഹായങ്ങളെ നിശ്ശേഷം ഇല്ലാതാക്കുന്നതിനും അവരുടെ സുദീഘങ്ങളായ സമുദ്രതീരങ്ങളെ ആക്രമിക്കുന്നതിനും ബ്രിട്ടനു സാധിക്കുന്നതാണു്. ഇതിലൊന്നും ബ്രിട്ടനെ സ്പശിക്കുന്നതിനുപോലും ഇററലിക്കു സാധിക്കുകയുമില്ല. നേരെമറിച്ചു സ്പെയിൻ ഇററലിയോടു ചേരുന്ന പക്ഷം സംഗതികൾക്കൊക്കെ വലിയ വ്യ

ത്യാസം വരും. ഇററലിക്കു ബ്രിട്ടന്റെ ബലിഷ്ഠമായ ജിബ്രാൾട്ടർ നശിപ്പിക്കാം. അങ്ങനെ ചെയ്താൽ വാണിജ്യമാർഗ്ഗത്തെ സംബന്ധിച്ചിടത്തോളം സൂവേസ് തോട്ടം, മദ്ധ്യധരണ്യാഴിയും ബ്രിട്ടന് ഉപയോമില്ലാതാകും. കേപ്പുവഴിക്ക് ഇംഗ്ലണ്ടിലേക്കുള്ള മാർഗ്ഗവും അപ്പോൾ ഇററലിക്കു തടയുവാൻ സാധിക്കും. അററലാൻറിക്ക് ഭാഗങ്ങളിൽനിന്നും ഇറക്കുമതിചരക്കുകൾ സ്പെയിനിലിറക്കി ഇററലിക്കു കൊണ്ടുപോകാൻ കഴിയും. അങ്ങനെ എല്ലാ വിധത്തിലും ബ്രിട്ടനെ ഉപദ്രവിക്കുന്നതിന് ഇററലി ശക്തമായിത്തീരുന്നതാണ്. അതുകൊണ്ടു സ്പാനിഷ് യുദ്ധക്കളത്തിൽ ഇററലി ഇംഗ്ലണ്ടിനോടാണ് യുദ്ധംചെയ്യുന്നതു്. ലിബിയായിൽ ഈയിടെ വളരെ സൈന്യങ്ങളെ ഇറക്കീട്ടുള്ളതും അവിടെനിന്നും അലക്സാൻഡ്രിയാവരെ ഒരു മിലിറററിറോഡു നിർമ്മിച്ചിട്ടുള്ളതും, മദ്ധ്യധരണ്യാഴിയിൽ പലവിധത്തിലുള്ള കടൽകൊള്ളകൾ ചെയ്തുവരുന്നതും, ബ്രിട്ടന്റെ പത്തിരുപതു കപ്പലുകൾ മുക്കിക്കളഞ്ഞതും മററും ഈ ഉദ്ദേശത്തോടുകൂടി ഇററലി മനഃപൂർവം പ്രവർത്തിച്ചതാണ്. പക്ഷെ ഇപ്പോൾ നെഞ്ചത്തടിച്ചാലും ബ്രിട്ടൺ ചിരിക്കുകയേയുള്ളൂ. എത്രകാലത്തേക്ക്?

ഞങ്ങളുടെ പ്രധാനപ്പെട്ടതും ഫലത്തെ പരീക്ഷിച്ചറിഞ്ഞിട്ടുള്ളതും, ഭാരത മാസകലമുള്ള ഡാക്ടർമാരാൽ പ്രശംസിക്കപ്പെട്ടിട്ടുള്ളതുമായ ചില

— സിദ്ധൌഷധങ്ങൾ. —

"നവരത്ന ലിക്വിഡ്ഫൈലർസോൾ"

വാതപ്പനി, നീർവീഴ്ച, (മന്തു്) മുതലായ രോഗങ്ങൾക്കു ഒരു കൈകണ്ട സിദ്ധൌഷധം.

"നവരത്ന എലക്സിർസാലബ്കൊമ്പൌണ്ട്"

ധാതുക്ഷയത്തെ ഉന്മൂലനാശം ചെയ്തു, നവയൌവ്വനത്തേയും പുരുഷത്വത്തേയും ഉളവാക്കുന്ന ഏക സിദ്ധൌഷധം.

"നവരത്നബ്രഫികേശതൈലം"

തലമുടിയെ കാർമേഘംപോലെ കറുപ്പിച്ചു മാർദ്ദവത്തെ ഉളവാക്കുന്നതിലും, തലച്ചോറിന് കുളർമയും, വികാസവും പ്രദാനം ചെയ്യുന്നതിലും ഈ തൈലത്തിനുള്ള ഗുണങ്ങൾ സ്തുത്യർഹം തന്നെ.

നവരത്നഫാർമസി,
തപാൽപെട്ടി 68,
കൊച്ചി.

# ബ്രഹ്മസൃഷ്ടി.

(മഹാകവി ഉള്ളൂർ)


താഴെ ഉദ്ധരിക്കുന്നതു ബ്രഹ്മസൃഷ്ടിയുടെ അപൂൎണ്ണതയെ വിശദീകരിക്കുന്ന ഒരു പഴയ സംസ്കൃത ശ്ലോകമാകുന്നു.

സാന്തം കാന്തം വസന്തം, മദനമവപുഷം,
ദീപ്തിയാമാം ത്രിയാമാം,
രാകാമേകാം, വധൂനാം ഹൃദയമപദയം,
കല്പവൃക്ഷാൻ പരോക്ഷാൻ,
സ്വദ്ധാഭാജോ വിദഗ്ദ്ധാനപിയ, ഗുണവതാം
കല്പയന്നല്പമായുർ–
ബ്രഹ്മാജിഹ്മാന്തരാത്മാ, മുനിരിതിസകഥാ
കഥ്യതേ തഥ്യവാക്യൈഃ?

"ബ്രഹ്മാവു കാന്തിയോടുകൂടിയ വസന്തത്തിനെ സൃഷ്ടിച്ചു; എന്നാലോ? അതു വേഗത്തിൽ അവസാനിപ്പിച്ചു. മനുഷ്യരെ അദ്ദേഹം വളരെ സുഖപ്രദമായ ഗ്രീഷ്മൎത്തുവിലേക്കാണു നയിക്കുന്നതു്. കാമദേവനെ സൃഷ്ടിച്ചു; എങ്ങനെ? ശരീരമില്ലാതെ. അതൊരു വലിയ വൈകല്യമെന്നല്ലേ, പറയേണ്ടതു്? എല്ലാജഗത്തുകൾക്കും ധാത്രി എന്നു പ്രസിദ്ധയായ രാത്രിയെ സൃഷ്ടിച്ചു. എങ്ങനെ? രണ്ടുമൂന്നുയാമങ്ങളോടുകൂടിയതായിട്ടുമാത്രം. പ്രഥമയാമം കഴിയുന്നതിനുമുമ്പു ലോകം വിശ്രമിക്കാറില്ല; ചരമയാമത്തിന്റെ മദ്ധ്യത്തിലെങ്കിലും എഴുനേല്ക്കുകയും ചെയ്യുന്നു. ബാക്കിയുള്ള സമയം രണ്ടുമൂന്നുയാമങ്ങളിലധികം വരുന്നതല്ലല്ലോ. പൌൎണ്ണമാസിയെ സൃഷ്ടിച്ചു. എങ്ങനെ? ഏകയായിട്ടു്. ഒരു മാസത്തിൽ ഒരു വെളുത്തവാവു മാത്രമല്ലേ, നമുക്കു കിട്ടുന്നുള്ളു? സ്ത്രീകളുടെ ഹൃദയത്തെ സൃഷ്ടിച്ചു? എങ്ങനെ? നിൎദ്ദയമായിട്ടു്. മററുള്ള അവയവങ്ങളെല്ലാം മൃദുലങ്ങളായ പുഷ്പങ്ങളെക്കൊണ്ടും ഹൃദയംമാത്രം കരിങ്കല്ലുകൊണ്ടും നിൎമ്മിച്ചതാണെന്നു സ്ത്രീകളെപ്പററി ചില കവികൾ പ്രസ്താവിച്ചിട്ടുണ്ടു്. കല്പവൃക്ഷങ്ങളെ സൃഷ്ടിച്ചു. എങ്ങനെ? മനുഷ്യൎക്കു കാണ്മാൻ നിവൃത്തിയില്ലാത്ത വിധത്തിൽ. അവ ക്ഷീരസമുദ്രത്തിൽ നിന്നു് ആവിൎഭവിച്ച ക്ഷണത്തിൽ പൊന്തിയതു സ്വൎഗ്ഗത്തിലേക്കാണു്. ആ വൃക്ഷങ്ങൾ സൎവ്വകാമപ്രദങ്ങളെന്നു പുരാണങ്ങൾ ഘോഷിക്കുന്നു. പക്ഷെ അവയെക്കൊണ്ടു മനുഷ്യൎക്കെന്താണു് ലാഭം? കണ്ടിട്ടുവേണ്ടേ അവയോടു വല്ലതും യാചിക്കാൻ? യാചിച്ചിട്ടുവേണ്ടേ അവ വല്ലതും തരാൻ? കലാകുശലന്മാരെ സൃഷ്ടിച്ചു. എങ്ങനെ? പരസ്പരം സ്വദ്ധാലുക്കളായിട്ടു്. ഒരുത്തന്റെ ഗുണങ്ങളെ മറെറാരുത്തൻ അപലപിക്കും; അതുപോലെ മറിച്ചും. അങ്ങനെ മിഥോമത്സരത്തിനല്ലാതെ കലാപോഷണത്തിനു് അവൎക്കു സമയമില്ല. അവിടുന്നു ചില ഗുണവാന്മാരെയും സൃഷ്ടിക്കും. എന്നാലോ? അവൎക്കു് അപ്പോൾതന്നെ അല്പായുസ്സും നല്കും. അവരുടെ ഗുണങ്ങൾ വികസിച്ചുതുടങ്ങുമ്പൊഴേക്കും അവർ പ്രയാണം ചെയ്യുന്നതു പരലോകത്തേക്കാണു്. അവരെക്കൊണ്ടും ഭൂമിക്കു് ഒരു ലാഭവുമില്ല. ഇങ്ങനെയെല്ലാം ഉള്ള ബ്രഹ്മാവിന്റെ സൃഷ്ടിവൈചിത്ര്യം പരിശോധിച്ചാൽ അദ്ദേഹം ഋജുഹൃദയനല്ലെന്നു് ആൎക്കും ബോധപ്പെടുന്നതാണു്. താനെന്തെങ്കിലും മനുഷ്യൎക്കുപകാരമായി ചെയ്യു എന്നു വരികയും വേണം; അതിന്റെ ഫലം അവർ അനുഭവിക്കുകമയുരുതു്. ആ ഉദ്ദേശം സാധിക്കുന്നതിനു് ആ വക്രബുദ്ധി കല്പിച്ചുകൂട്ടി ചെയ്യുന്ന ചില കൃത്യമവിദ്യകൾക്കു് ഉദാഹരണങ്ങളാണു് ഇവിടെ പ്രസ്താവിച്ചതു്. അദ്ദേഹത്തേയും മഹൎഷിയെന്നു സത്യവചസ്സുകളായ ആപ്തന്മാർ വൎണ്ണിക്കുന്നുവല്ലോ. അതു് എങ്ങിനെ യുക്തിയുക്തമാകും?" ഇതെല്ലാമാണു കവിയുടെ വിവക്ഷ.

"പ്രായേണ സാമഗ്ര്യ വിധൌ ഗുണാനാം
പരാങ്മുഖീവിശ്വസൃജഃ പ്രവൃത്തിഃ"
എല്ലാംതികഞ്ഞിട്ടൊരു വസ്തുപോലും
തീണ്ടാർമകൻ ഹന്ത! ചമച്ചതുണ്ടോ?

എന്ന കാളിദാസോക്തിയുടെ അൎത്ഥവും ഇതുതന്നെയാകുന്നു.



# The Balavilasom Ayurvedic Pharmacy.

ബാലാവിലാസം

## ആയുൎവ്വേദ ഔഷധശാല.

ആയുൎവ്വേദഔഷധങ്ങൾ ഉണ്ടാക്കുകയും, വിതരണം ചെയ്കയും, വില്ക്കുകയും ചെയ്യുന്ന മലയാളത്തിലെ ഏകസ്ഥാപനം.

ഹെഡാഫീസ്,
വടക്കൻ പറവൂർ P. O.

ബ്രാഞ്ച്,
കുത്ത്യതോട്, ചേൎത്തല.

നിത്യാരോഗ്യത്തെ കൊടുക്കുന്നതും, ബലിഷ്ഠമായ ശരീരത്തെ പ്രദാനം ചെയ്യുന്നതും, അക്ഷയമായ യൗവ്വനത്തെ നിലനിൎത്തുന്നതുമായ ഒരു ഉത്തമഔഷധം നിങ്ങൾക്കാവശ്യമുണ്ടോ?
മറെറവിടെ തിരഞ്ഞാലും ഈ സൎവ്വലോകചിന്താമണിയെ ലഭിക്കുന്നതല്ല.
അതു് എവിടെ കിട്ടുമെന്നു ഞങ്ങളോടു ചോദിക്കുക! ഉടൻ സ്വാധീനമാകും!

ആസ്വാദ്യതയുള്ള ഈ ഔഷധം രസായനകല്പമായ ഞങ്ങളുടെ "ആയുൎവ്വിൻ" എന്ന ഔഷധം മാത്രമാകുന്നു.

| നിങ്ങളുടെ ദീനത്തിന്റെ ഒരു വിവരണം ഞങ്ങളെ എഴുതി അറിയിക്കുക. | **ആയുൎവ്വിൻ.** | ഞങ്ങൾ ഉതകിയതും ഒരിക്കലും തെററിപ്പോകാത്തതുമായ ഔഷധങ്ങളെ നിശ്ചയിച്ചയക്കാം. |
|---|---|---|

ഇംഗ്ലീഷ് ഡാക്ടർമാരുടേയും, യൂനാനി, ചിന്താർമണി, അഷ്ടവൈദ്യം ഇവകളിൽ പഴമപരിചയമുള്ള വൈദ്യന്മാരുടേയും മററും പ്രശംസാപത്രങ്ങൾ ലഭിച്ചിട്ടുള്ളതാകുന്നു "ആയുൎവ്വിൻ."
ഇതു മാനസികശക്തിയെ ദൃഢീകരിക്കും; പുരുഷത്വത്തെ നിലനിൎത്തും; ദീൎഘജീവിതത്തെ കൊടുക്കും; രക്തത്തെ ശുദ്ധീകരിക്കും; വീൎയ്യത്തെയും ബലത്തെയും പ്രദാനം ചെയ്യും.

### SOOTHIKABALA

"സൂതികാബലാ"

പ്രസവാനന്തരമുണ്ടാകാവുന്ന ആലസ്യം, രക്തപ്രവാഹം, പനി, ഗ്രഹണി, അവയവങ്ങൾക്കുള്ള ക്ഷീണം, എന്നുവേണ്ടാ മററു സകല വൈകല്യങ്ങളേയും മാററുന്നതിനും മുലപ്പാലിന്റെ ഗുണത്തേയും അളവിനേയും വദ്ധിപ്പിച്ച് ശിശുക്കളെ ആരോഗ്യദൃഢഗാത്രരാക്കുന്നതിനും മററും പററിയ ഏക ഉത്തമഔഷധം. പ്രസവിച്ച ദിവസം മുതൽ കൂടുതൽ നാല്പത്തി ഔഷധസേവകൊണ്ടു് നഷ്ടപ്പെട്ടുപോയ യൗവ്വനം, സൗന്ദൎയ്യം മുതലായവയെ വീണ്ടെടുക്കാവുന്നതാണ്.

മാത്ര:- ½ ഔ: മുതൽ 1 ഔ: വരെ ഭക്ഷണത്തിനു മുൻപ്.

Price 1—0—0

### "വത്സലാ"

പരിശോധനയിലും പരീക്ഷണത്തിലും ശിശുക്കളുടെ ഉററ ബന്ധുവെന്നു തെളിഞ്ഞിരിക്കുന്ന ഞങ്ങളുടെ വത്സലാ ശിശുക്കൾക്കുണ്ടാകുന്ന രോഗസമൂഹങ്ങളെ ഇല്ലായ്മ ചെയ്യുന്നു. ദഹനക്ഷയം, ശൂല, വയററിളക്കം, വിര, ചുമ, വിളൎച്ച മുതലായ ഏതു രോഗങ്ങളേയും ഇതു് അല്പദിവസത്തിനുള്ളിൽ കളയും.

The Balavilasom Ayurvedic Pharmacy,
KUTHIATODE & N. PARUR, Travancore.

K. R. VAIDIAR & T. K. A. VAIDIAR.

ചേർത്തല താലൂക്ക്

# പരസ്പരസഹായ ബാങ്ക്, (ക്ലിപ്തം) നമ്പർ 1051,

തുറവൂർ.

സ്ഥിരനിക്ഷേപങ്ങൾക്ക പലിശ 5%

ഏററവും ഉറപ്പും മതിപ്പും ഉള്ളതും ചേർത്തല താലൂക്കിലുള്ള പരസ്പരസഹായസംഘങ്ങൾക്ക് ധനസഹായം ചെയ്യുന്നതുമായ ഈ സഹകരണസ്ഥാപനത്തിൽ പണം നിക്ഷേപിച്ച് സുരക്ഷിതമാക്കുക. സഹകാരികളുടെ ഡിപ്പാസിററുകൾക്ക് പ്രാധാന്യം നൾകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് എഴുതി ചോദിക്കുക.

| | |
|---|---|
| അധികൃതമൂലധനം | ഒരു ലക്ഷം രൂപാ. |
| വാഗ്ദത്തമൂലധനം | 35450 രൂപാ. |
| പിരിഞ്ഞ മൂലധനം | 28515 രൂപാ. |
| നിക്ഷേപങ്ങൾ | 57209 രൂപാ 11 ച. 9 കാശ്. |

സേവിംഗ്സ് നിക്ഷേപങ്ങൾക്ക പലിശ 4%

സെക്രട്ടറി,

ചേർത്തല താലൂക്ക പരസ്പരസഹായബാങ്ക്, (ക്ലിപ്തം) നമ്പർ 1051, തുറവൂർ.

# PURCHASE YOUR PIECE-GOODS

FROM

# WHITE HALL.

THE SILK PALACE,

BROADWAY, **ERNAKULAM.**

*For Everything* **NEW & FASHIONABLE IN PIECE-GOODS**

## WHITE HALL.

*Prop: K. M. Syed Mohammed Rawther.*